# ധനധൂർത്ത്രാഷ്ട്രീയവും രൂക്ഷധനപ്രതിസന്ധിയും

## കേരള സർക്കാരിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള പഠനം

ബി. എ. പ്രകാശ്

Malayalam
**Dhanadhurthurashtreeyavum**
**Rukshadhanapradhisandhiyum**
by
**B.A. Prakash**

*First Edition :* April 2017
Copies : 1000

*Typesetting & Printing*
Akshara Offset, Vanchiyoor
Thiruvananthapuram - 35

*Cover design :* Bhattathiri

*Published by*
**B.A. Prakash**
BNRA 164A, Kowdiar
Thiruvananthapuram - 695 003

© Rights reserved

*Distribution*
**Current Books, Thrissur - 680 001, Kerala**
e-mail: currentbooksthrissur@gmail.com
ISBN : **978-93-86429-05-6**

Price . ₹ 250

# ധനധൂർത്ത്രാഷ്ട്രീയവും രൂക്ഷധനപ്രതിസന്ധിയും

**കേരള സർക്കാരിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള പഠനം**

**ബി. എ. പ്രകാശ്**

വിതരണം

**കറന്റ് ബുക്സ്, തൃശൂർ**

## ബി.എ. പ്രകാശ് (ബി. ആൽവിൻ പ്രകാശ്)

1948 ആഗസ്റ്റ് 5നു തിരുവനന്തപുരത്ത് മുട്ടയ്ക്കാടിൽ ശ്രീ. ബൻസൺ, ശ്രീമതി മേഴ്സി എന്നിവരുടെ മൂത്ത പുത്രനായി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം വെങ്ങാനൂർ ബോയ്സ് ഹൈസ്കൂളിൽ. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദ, ബിരുദാനന്തര പഠനം നടത്തി. തുടർന്ന് കേരള സർവ്വകലാശാലയിൽ നിന്ന് പി.എച്ച്.ഡി. നേടി. 1976-ൽ കാലിക്കറ്റ് സർവ്വകലാശാലയുടെ സാമ്പത്തിക ശാസ്ത്ര വകുപ്പിൽ (ജോൺ മത്തായി സെന്റർ, തൃശൂർ) അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. പിൽക്കാലത്ത് വകുപ്പു മേധാവിയും പ്രൊഫസറുമായി. പ്രഗത്ഭ യുവസാമൂഹ്യ ശാസ്ത്രജ്ഞർക്കുള്ള "യംഗ് സോഷ്യൽ സയന്റിസ്റ്റ് ഫെലോ" (1980-82), "കരിയർ അവാർഡ്" (1986-89) എന്നിവ നേടി. ഈ അഞ്ചു വർഷക്കാലത്ത് തിരുവനന്തപുരം സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിൽ കേരള സാമ്പത്തിക വിഷയങ്ങളിൽ ഗവേഷണം നടത്തി. 1999ൽ കേരള സർവ്വകലാശാലയിലെ സാമ്പത്തിക ശാസ്ത്ര വിഭാഗത്തിൽ പ്രൊഫസറായി നിയമിതനായ അദ്ദേഹം ആ വകുപ്പിൽ അവസാന അഞ്ചു വർഷക്കാലം വകുപ്പുമേധാവിയായി പ്രവർത്തിച്ചശേഷം 2008ൽ വിരമിച്ചു. കാലിക്കറ്റ്, കേരള സർവ്വകലാശാലകളിലെ ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ 'കേരള ഇക്കോണമി' എന്ന വിഷയം പുതുതായി ചേർക്കുന്നതിനും, അതിനുള്ള സിലബസ് തയ്യാറാക്കുന്നതിനും, പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചതിലും പ്രധാന പങ്കു വഹിച്ചത് ഡോ. പ്രകാശാണ്. സംസ്ഥാന സർക്കാർ, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവയുടെ പതിനൊന്ന് കമ്മിറ്റി/വിദഗ്ദ്ധപഠന സമിതികളിൽ അംഗമായിരുന്നിട്ടുണ്ട്. ഇതിനുപുറമെ കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യു കമ്മിറ്റി (2012-14) അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷൻ (2015-16) എന്നിവയുടെ അദ്ധ്യക്ഷനുമായിരുന്നിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരത്തെ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റ് സ്റ്റഡീസിലെ പ്രൊഫസറാണ്.

കഴിഞ്ഞ നാലു ദശാബ്ദകാലമായി സാമ്പത്തിക വിഷയങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ നടത്തുന്നു. സാമ്പത്തി വികസനം, സാമ്പത്തിക നയങ്ങൾ, കാർഷിക വികസനം, തൊഴിലില്ലായ്മ, ദാരിദ്ര്യം, ഗൾഫ് കുടിയേറ്റം, ധനകാര്യം, വികേന്ദ്രീകൃതാസൂത്രണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഒട്ടനവധി ഗവേഷണ പ്രബന്ധങ്ങൾ, ഗവേഷണ പ്രോജക്ട് റിപ്പോർട്ടുകൾ, പഠന റിപ്പോർട്ടുകൾ, ലേഖനങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ എഡിറ്റ് ചെയ്തു പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ താഴെ പറയുന്നു.

* The Indian Economy since 1991: Economic Reforms and Performance (Revised Edition, Pearson, 2012.
* The Indian Economy since 1991: Economic Reforms and Performance, (Pearson, 2009).
* Kerala’s Economic Development: Performance and Problems in the Post-Liberalisation Period. (Sage, 2004).
* Kerala’s Economic Development: Issues and Problems. (Sage, 1999).
* Kerala’s Economy: Performance, Problems, Prospects. (Sage, 1994).
* Kerala’s Development Issues in the New Millennium. (Serials, 2008).
* Indian Migration to the Middle East: Trends, Patterns and Socio-Economic Impacts. (Spell Bound, 1998).
* കേരളത്തിലെ ദാരിദ്ര്യം: സവിശേഷതകളും നിർമ്മാർജ്ജന പദ്ധതികളും, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റ് സ്റ്റഡീസ് (2012).

# ഉള്ളടക്കം

## ആമുഖം


1. **ആമുഖം - പേജ് 11**

   ആമുഖം - പ്രതിപാദിക്കുന്ന വിഷയങ്ങൾ - പഠനത്തിന്റെ പ്രസക്തി - പബ്ലിക് ഫിനാൻസ് സൈദ്ധാന്തിക കാര്യങ്ങൾ - സർക്കാരിന്റെ ധനകാര്യത്തിൽ വന്ന മാറ്റങ്ങൾ - ധനകാര്യ പഠനത്തിന് ഉപയോഗിക്കുന്ന സൂചികകൾ.

2. **ധനധൂർത്ത് രാഷ്ട്രീയം - പേജ് 25**

   ധനധൂർത്ത് രാഷ്ട്രീയം - ബ്യൂറോക്രസി വികസനം - വോട്ടർ പ്രീണന ധനരാഷ്ട്രീയം - സമ്മർദ്ദഗ്രൂപ്പ് പ്രീണന രാഷ്ട്രീയം - ധനധൂർത്തുകൾ - ശമ്പള പരിഷ്കരണ രാഷ്ട്രീയം - എയ്ഡഡ് വിദ്യാഭ്യാസ രാഷ്ട്രീയം - ബി.പി.എൽ രാഷ്ട്രീയം - പൊതുമേഖലാ മുതലെടുപ്പ് രാഷ്ട്രീയം - വികസനപദ്ധതികൾ പ്രചരണത്തിനുവേണ്ടി - ഉപസംഹാരം.

3. **സംസ്ഥാന സർക്കാരിന്റെ ധനപ്രതിസന്ധി - പേജ് 49**

   1980കളിലെ ധനപ്രതിസന്ധി - 1990കളിലെ ധനപ്രതിസന്ധി - 2001ലെ ധവളപത്രം - ധനപ്രതിസന്ധി 2001നുശേഷം - 2011ലെ ധവളപത്രം - ധനപ്രതിസന്ധി 2011 മുതൽ 2016വരെ - 2016ലെ ധവളപത്രം - ധവളപത്രം ഒരു വിലയിരുത്തൽ - ഉപസംഹാരം.

4. **സംസ്ഥാന സർക്കാരിന്റെ വരവ് - പേജ് 73**

   ധനനയം - സംസ്ഥാന സർക്കാരിന്റെ മൊത്തം വരവ് - തനത് നികുതി വരവ് - വിൽപ്പന മൂല്യവർദ്ധിത നികുതി - മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും - സംസ്ഥാന എക്സൈസ് - വാഹന നികുതി - മറ്റു നികുതി വരവ് - പ്രധാന നികുതിയേതര വരവുകൾ - മറ്റു നികുതിയേതര വരവ് - നികുതി കുടിശ്ശികകൾ - കേന്ദ്രനികുതി വിഹിതവും ഗ്രാന്റുകളും - ഉപസംഹാരം

5. **സംസ്ഥാന സർക്കാരിന്റെ ചെലവ് - പേജ് 125**

   മൊത്തം ചെലവ്: പ്ലാൻ, നോൺപ്ലാൻ - മൊത്തം ചെലവ്: ജനറൽ, സോഷ്യൽ, ഇക്കണോമിക് സർവ്വീസുകൾ - സർക്കാർ ജീവനക്കാരുടെ ശമ്പളം - പെൻഷൻ ചെലവ് - ശമ്പള പെൻഷൻ ചെലവ് - സ്വകാര്യ

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ടീച്ചിംഗ് ഗ്രാന്റ് – വിദ്യാഭ്യാസ ചെലവ് – പലിശ – പ്രാദേശിക സർക്കാരുകൾക്ക് നൽകിയ തുക – സാമൂഹിക സുരക്ഷ പെൻഷൻ ചെലവ് – ഓഫീസ്, യാത്ര, വാഹന ചെലവുകൾ – ബ്യൂറോക്രസി വികസനം – മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് – വകുപ്പ് വിഭജന ധൂർത്ത് – പബ്ലിക് സർവ്വീസ് കമ്മിഷൻ – ജനപ്രതിനിധികൾക്ക് പരിധിയില്ലാത്ത ആനുകൂല്യങ്ങൾ – മോശമായ വികസന പ്രോജക്ടുകളുടെ നടത്തിപ്പ് – ഉപസംഹാരം.

**6. പൊതുകടം – പേജ് 204**

പൊതുകടം : പ്രധാനയിനങ്ങൾ – ആഭ്യന്തരകടം – കേന്ദ്രസർക്കാർ വായ്പകളും മുൻകൂറുകളും – ലഘുസമ്പാദ്യങ്ങളും പ്രോവിഡന്റ് ഫണ്ടും – പലിശ നിരക്ക് – വായ്പ തിരിച്ചടവ് – വായ്പ ബാദ്ധ്യതകൾ – പൊതുമേഖലാ സ്ഥാപനങ്ങൾക്കു നൽകിയ വായ്പകൾ – പൊതു വായ്പ സൂചികകൾ – ഉപസംഹാരം.

**7. ധനസ്ഥിതി: മറ്റു സംസ്ഥാനങ്ങളുമായുള്ള താരതമ്യം – പേജ് 223**

സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളുടെ അടിസ്ഥാന വിവരങ്ങൾ – റവന്യു കമ്മിയും ധനകമ്മിയും – റവന്യു വരവ് – റവന്യു ചെലവ് – ശമ്പള ചെലവ് – പെൻഷൻ ചെലവ് – പൊതു കട ബാദ്ധ്യത – വികസന ചെലവ് – അടിസ്ഥാന ഘടകങ്ങൾക്കുള്ള ചെലവ് – ഉപസംഹാരം.

**8. സംഗ്രഹവും നിർദ്ദേശങ്ങളും – പേജ് 256**

സംഗ്രഹം – ധനധൂർത്ത് രാഷ്ട്രീയം – ധനപ്രതിസന്ധി സ്വഭാവം, വ്യാപ്തി – സംസ്ഥാന സർക്കാരിന്റെ വരവ് – സംസ്ഥാന സർക്കാരിന്റെ ചെലവ് – പൊതുകടം – ധനസ്ഥിതി: മറ്റു സംസ്ഥാനങ്ങളുമായുള്ള താരതമ്യം – നിർദ്ദേശങ്ങൾ – ധനധൂർത്ത് രാഷ്ട്രീയം അവസാനിപ്പിക്കുക – റവന്യു കമ്മിയും ധനകമ്മിയും കുറയ്ക്കുക – തനത് വരവ് വർദ്ധിപ്പിക്കുക – നോൺ പ്ലാൻ റവന്യു ചെലവ് കുറയ്ക്കുക – വായ്പ വികസനത്തിന്.

**അനുബന്ധം ഒന്ന് ചുരുക്കൽ (Abbreviations)**

**അനുബന്ധം രണ്ട് നിഘണ്ടു (Glossary)**

**അനുബന്ധം മൂന്ന് ചാർട്ടുകൾ**

**ഗ്രന്ഥസൂചിക (Bibliography)**

# ആമുഖം

സംസ്ഥാന സർക്കാർ ഇപ്പോൾ രൂക്ഷമായ ധനപ്രതിസന്ധിയിലാണ്. ഈ നിലയ്ക്കാണ് ധനസ്ഥിതി മുന്നോട്ടു പോകുന്നതെങ്കിൽ 2021-ാമാണ്ടോടുകൂടി നിത്യനിദാന ചെലവുകൾക്കുപോലും പണമില്ലാതെ ശമ്പളം, പെൻഷൻ, സാമൂഹ്യ സുരക്ഷ പെൻഷൻ എന്നിവ പോലും മുടങ്ങുന്ന പരിതാപകരമായ സ്ഥിതി ഉണ്ടാകുമെന്ന് 2016ലെ ധവളപത്രം പറയുന്നു. ഈ പഠനത്തിൽ സംസ്ഥാന സർക്കാരിന്റെ ധനപ്രതിസന്ധിയുടെ സ്വഭാവം, വ്യാപ്തി, കാരണങ്ങൾ എന്നിവ പരിശോധിക്കുകയും, ഇത് പരിഹരിക്കാൻ ചില നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്യുന്നു. സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന ധനപ്രതിസന്ധിക്ക് മൂന്നു ദശാബ്ദകാലത്തെ പഴക്കമുണ്ട്. സംസ്ഥാനത്ത് കാലാകാലങ്ങളിൽ അധികാരത്തിൽ ഇരുന്ന സർക്കാരുകളുടെ ധനധൂർത്ത് രാഷ്ട്രീയവും, ധനനയങ്ങളും, മോശമായ ധനകാര്യ മാനേജ്മെന്റുമാണ് സംസ്ഥാനത്തെ ഈ ദുഃസ്ഥിതിയിലേക്ക് എത്തിച്ചത് എന്ന വാദമാണ് ഇവിടെ അവതരിപ്പിക്കുന്നത്. സർക്കാരിന്റെ വരവും കടമെടുത്ത തുകയും ഭരണം മെച്ചപ്പെടുത്തുന്നതിനും, ജനങ്ങളുടെ ക്ഷേമത്തിനും, നാടിന്റെ വികസനത്തിനും ചെലവാക്കുന്നതിനുപകരം രാഷ്ട്രീയ അധികാരം നിലനിർത്താനും രാഷ്ട്രീയ നേട്ടങ്ങൾ നേടാനും, ബ്യൂറോക്രസി, സമ്മർദ്ദ ഗ്രൂപ്പുകൾ, രാഷ്ട്രീയ മുന്നണികൾ എന്നിവയുടെ നിക്ഷിപ്ത താൽപര്യങ്ങൾ സംരക്ഷിക്കാനും, ഭരണവർഗ്ഗത്തിന്റെ ആഡംബരത്തിനും ധൂർത്തിനും ചെലവാക്കുന്നതിനെ ധനധൂർത്ത് എന്നു പറയാം.

രാഷ്ട്രീയ അതിപ്രസരംമൂലം ധനപ്രതിസന്ധിയെക്കുറിച്ച് ഗൗരവവും വസ്തുനിഷ്ഠവുമായ പൊതു ചർച്ചകൾ നടക്കുന്നില്ല. ദൃശ്യമാധ്യമങ്ങളിലും, പത്രമാധ്യമങ്ങളിലും നടക്കുന്ന ചർച്ചകളുടെ പൊതു സ്വഭാവം ആരോപണ പ്രത്യാരോപണങ്ങളാണ്. തങ്ങളുടെ ഭരണകാലത്ത് ധനസ്ഥിതി വളരെ മെച്ചമായിരുന്നുവെന്ന് ഒരു കൂട്ടരും അതു ശരിയല്ലെന്ന് മറ്റൊരു കൂട്ടരും പരസ്പരം പറയുന്നു. ഇത്തരം സംവാദങ്ങളിൽ യഥാർത്ഥ പ്രശ്നം ചർച്ച ചെയ്യാതെ പോകുന്നു. 2016ലെ ധവളപത്രവും, രൂക്ഷമായ ധനപ്രതിസന്ധികളുടെ യഥാർത്ഥ കാരണങ്ങൾ ചർച്ച ചെയ്യുന്നതിനുപകരം ഇതിന്റെ

ഉത്തരവാദിത്വം മുൻ സർക്കാരിൽ ആരോപിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ഈ രാഷ്ട്രീയ അതിപ്രസരം വിട്ട് ധനപ്രതിസന്ധിയുടെ യഥാർത്ഥ കാരണങ്ങൾ, സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക എന്ന സമീപനമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്.

സംസ്ഥാന സർക്കാരിന്റെ ധനപ്രതിസന്ധി പല നിലയ്ക്കും വളരെ പ്രധാനപ്പെട്ട വിഷയമാണെങ്കിലും ഈ വിഷയത്തിൽ ഗൗരവമായ ഗവേഷണങ്ങളോ, പഠനങ്ങളോ, സംസ്ഥാനത്തെ ഗവേഷണ സ്ഥാപനങ്ങളിലോ, സർവ്വകലാശാലകളിലോ നടക്കുന്നില്ല. ഈ വിഷയത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഗവേഷണ പ്രബന്ധങ്ങളും പുസ്തകങ്ങളും വിരളമാണ്. ഇതു മൂലം സാമ്പത്തിക ശാസ്ത്ര വിദ്യാർത്ഥികൾ, ധനം, ആസൂത്രണം, വികസനം എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ, പ്രാദേശിക സർക്കാരിലെ ഉദ്യോഗസ്ഥർ, മന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ, ജനപ്രതിനിധികൾ, ട്രേഡ് യൂണിയൻ നേതാക്കൾ, പൊതുജനങ്ങൾ തുടങ്ങിയവർക്ക് സംസ്ഥാന ധനകാര്യത്തെപ്പറ്റി അറിവു നേടാൻ പറ്റിയ പുസ്തകങ്ങളുടെ അഭാവം ഉണ്ട്. സംസ്ഥാനത്ത് ധനധൂർത്ത് രാഷ്ട്രീയവും, ധനനയങ്ങളും മാറ്റമില്ലാതെ തുടർന്നുപോകുന്നതിനുള്ള ഒരു പ്രധാന കാരണം സർക്കാരിന്റെ ധനപ്രതിസന്ധി ചർച്ച ചെയ്യുന്ന പ്രസിദ്ധീകരണങ്ങളുടെ അഭാവമാണ്.

കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി, അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷൻ എന്നിവയുടെ അദ്ധ്യക്ഷനായി പ്രവർത്തിച്ചപ്പോൾ നേടിയ അറിവും, അനുഭവവും ഈ ഗ്രന്ഥം രചിക്കുന്നതിന് എന്നെ വളരെ സഹായിച്ചിട്ടുണ്ട്. ഈ പഠനത്തിനാവശ്യമായ ഗവേഷണ സഹായം നൽകിയത് ഡോ. ജെറി ആൽവിനാണ്. ഇതിലെ സ്ഥിതിവിവര കണക്കുകൾ വിശകലനം ചെയ്യുകയും മറ്റു സഹായങ്ങൾ നൽകുകയും ചെയ്തത് സർവ്വശ്രീ രാജ്മാധവ് കാർത്തിക് നായർ, എം. ദീപു ദാസ്, ബിജിൽ ബാബു. ആർ എന്നിവരാണ്. ഈ പുസ്തകത്തിന്റെ ഡി.റ്റി.പി. ഭംഗിയായി ചെയ്തത് വഴുതക്കാട് ലൗലി കമ്മ്യൂണിക്കേഷനിലെ ശ്രീമതി ബിന്ദുവാണ്. മേൽപ്പറഞ്ഞ എല്ലാവരോടുമുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥം സമഗ്രമാണെന്നോ, ഇതിനു പോരായ്മകൾ ഇല്ലെന്നോ ഞാൻ അവകാശപ്പെടുന്നില്ല. ഈ പുസ്തകത്തെക്കുറിച്ചുള്ള അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു.

കവടിയാർ **ബി.എ. പ്രകാശ്**

2017 ഏപ്രിൽ 2

# അദ്ധ്യായം ഒന്ന്

# ആമുഖം

"സംസ്ഥാനത്ത് കാലാകാലങ്ങളിൽ അധികാരത്തിൽ ഇരുന്ന സർക്കാരുകളുടെ ധനധൂർത്ത് രാഷ്ട്രീയം, മോശമായ ധനകാര്യ മാനേജ് മെന്റ് എന്നിവ മൂലം സംസ്ഥാന സർക്കാർ സമ്പൂർണ്ണമായ ധനകാര്യ തകർച്ചയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. ഈ നിലയ്ക്കാണ് ധനസ്ഥിതി മുന്നോട്ട് പോകുന്നതെങ്കിൽ 2021-ാമാണ്ടോടുകൂടി നിത്യനിദാന ചെലവു കൾക്കുപോലും പണമില്ലാതെ ശമ്പളം, പെൻഷൻ, വായ്പ തിരിച്ചടവ്, സാമൂഹിക സുരക്ഷ പെൻഷനുകൾ എന്നിവ പോലും മുടങ്ങുന്ന പരി താപകരമായ സ്ഥിതി ഉണ്ടാകുമെന്ന് 2016ലെ ധവളപത്രം പ്രവചിക്കുന്നു".

സംസ്ഥാന സർക്കാർ ഇന്ന് അഭിമുഖീകരിക്കുന്ന രൂക്ഷമായ ധനപ്ര തിസന്ധി ഒന്നോ രണ്ടോ വർഷംകൊണ്ടോ ഏതെങ്കിലുമൊരു സർക്കാ രിന്റെ കാലത്തോ ഉണ്ടായതല്ല. സംസ്ഥാനത്ത് അധികാരത്തിലിരുന്ന പല സർക്കാരുകളും ഇത് ഒരു താൽക്കാലിക പ്രശ്നമെന്ന നിലയിലാണ് കൈകാര്യം ചെയ്തിരുന്നത്. എന്നാൽ ഇത് സംസ്ഥാന ധനരംഗത്തെ അടിസ്ഥാനപരവും സ്ഥായിയുമായ പ്രശ്നവുമാണെന്നാണ് സ്ഥിതിവി വര കണക്കുകൾ കാണിക്കുന്നത്. 1980 ദശാബ്ദ കാലത്തെ ആദ്യ പകുതി യിൽ ധനപ്രതിസന്ധി രൂപപ്പെടുകയും രണ്ടാം പകുതിയിൽ മോശമായ നിലയിലേക്ക് എത്തുകയും ചെയ്തു. 1990കളുടെ ആദ്യ പകുതിയിലും ധനപ്രതിസന്ധി തുടർന്നു. എന്നാൽ ധനകാര്യനില ഒരു തകർച്ചയിലേക്കു നീങ്ങിയത് 1998-2001 കാലഘട്ടത്തിലാണ്. അതെത്തുടർന്ന് 2001-ൽ സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള ആദ്യ ധവളപത്രം പ്രസിദ്ധീകരിച്ചു. സർക്കാരിന് ധനപ്രതിസന്ധിയിൽ നിന്നു കരകയറാൻ

കഴിയുമോ എന്ന പ്രതീക്ഷപോലും അന്ന് ധവളപത്രം തയ്യാറാക്കിയവർക്ക് ഉണ്ടായിരുന്നില്ല. അത്രയ്ക്ക് മോശമായിരുന്നു ധനസ്ഥിതി. 2001-ൽ അധികാരത്തിൽ വന്ന ആന്റണി സർക്കാർ വർഷങ്ങൾ നീണ്ടുനിന്ന കടുത്ത ചെലവു ചുരുക്കൽ നടപടികളും വരുമാന വർദ്ധന നടപടികളും വഴി സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ ശ്രമങ്ങൾ നടത്തി. എന്നാൽ ധനകാര്യസ്ഥിതി മെച്ചപ്പെടുത്താൻ ഇത്തരത്തിലുള്ള ജാഗ്രത പിന്നെ ഉണ്ടായില്ല. മാത്രവുമല്ല തങ്ങളുടെ സർക്കാരിന്റെ ഭരണകാലത്ത് ധനസ്ഥിതി തകരാതെ നോക്കണം എന്ന സങ്കുചിതമായ ധനരാഷ്ട്രീയമാണ് സർക്കാരുകൾ അനുവർത്തിച്ചുപോന്നത്. മെച്ചമായ ധനസ്ഥിതി സംസ്ഥാനത്തിന്റെ ഭരണ നടത്തിപ്പിനും അടിസ്ഥാന ഘടകവികസനത്തിനും പൊതുവിലെ വികസനത്തിനും ജനക്ഷേമത്തിനും അനിവാര്യമായ ഘടകമെന്ന കാഴ്ചപ്പാട് സർക്കാരുകൾക്കുണ്ടായിരുന്നില്ല. ധനപ്രതിസന്ധി ഒരു അടിസ്ഥാന പ്രശ്നമാണെന്ന് കണ്ട് ധനനയത്തിൽ കാതലായ മാറ്റങ്ങൾ വരുത്താൻ സംസ്ഥാനത്ത് അധികാരത്തിലിരുന്ന സർക്കാരുകൾക്കു അറിവോ, പ്രാപ്തിയോ, ഇച്ഛാശക്തിയോ, താൽപര്യമോ ഉണ്ടായിരുന്നില്ല. തൻമൂലം ധനപ്രതിസന്ധി ഒരിക്കലും അവസാനിക്കാത്ത ഒന്നായി തുടരുന്നു.

2011ലും 2016ലും ഓരോ ധവളപത്രം പ്രസിദ്ധീകരിച്ച് ധനപ്രതിസന്ധിയുടെ സ്വഭാവവും വ്യാപ്തിയും കാരണങ്ങളും സർക്കാരുകൾ അവതരിപ്പിച്ചിട്ടുണ്ട്. 2011ൽ അധികാരത്തിൽ വന്ന യു.ഡി.എഫ് സർക്കാർ പ്രസിദ്ധീകരിച്ച ധവളപത്രം അനുസരിച്ച് സംസ്ഥാന സർക്കാർ കടക്കെണിയിലാണ്. ധനപ്രതിസന്ധി പരിഹരിക്കാൻ തുടർച്ചയായി വായ്പയെ ആശ്രയിക്കുന്നതിനാൽ സംസ്ഥാനം കടക്കെണിയിലായി. ഇന്ത്യയിലെ ഏറ്റവും ഉയർന്ന തോതിലുള്ള കടബാധ്യതയുള്ള മൂന്നു സംസ്ഥാനങ്ങളിൽ ഒന്നായി കേരളം മാറി. 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാർ പ്രസിദ്ധീകരിച്ച ധവളപത്രമനുസരിച്ച് സംസ്ഥാനം അതിരൂക്ഷമായ ധനപ്രതിസന്ധിയിലാണ്. വായ്പ എടുക്കാൻ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള പരിധിയിലുള്ള മുഴുവൻ വായ്പയും എടുത്താലും നിത്യനിദാന ചെലവുകൾ നിറവേറ്റാൻ മാത്രമേ തികയൂ. ധനപ്രതിസന്ധിമൂലം അടിസ്ഥാനഘടക മേഖലയിലും, പൊതുസർവീസ് രംഗത്തും മൂലധനനിക്ഷേപത്തിനും പണമില്ല. വാർഷികപദ്ധതികളും മറ്റു വികസന പദ്ധതികളും വെട്ടിച്ചുരുക്കേണ്ടിവരുന്നു. അടിസ്ഥാനഘടകങ്ങളുടെ പൊതു നിക്ഷേപത്തിന്റെ കാര്യത്തിൽ കേരളം വളരെ പിന്നോക്കം നിൽക്കുന്നു. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളുടെ പൊതു നിക്ഷേപ നിരക്കിന്റെ ഏതാണ്ട് പകുതി മാത്ര

മാണ് സ്വാതന്ത്ര്യാനന്തര കാലത്തെ കേരളത്തിലെ പൊതു നിക്ഷേപം. ദരിദ്രജനവിഭാഗങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളും ഫണ്ടുകളും കുറയുന്നു. ഈ നിലയ്ക്കാണ് ധനസ്ഥിതി മുന്നോട്ടു പോകുന്നതെങ്കിൽ 2017-18ൽ സംസ്ഥാന സർക്കാർ സമ്പൂർണ്ണ ധനകാര്യത്തകർച്ചയിലേക്കും, അരാജകത്വത്തിലേക്കും നീങ്ങും. 2021ഓടെ നിത്യനിദാന ചെലവുകൾക്കുപോലും പണമില്ലാതെ സാമൂഹ്യ സുരക്ഷാ പെൻഷൻ, ശമ്പളം, പെൻഷൻ, വായ്പ തിരിച്ചടവ് എന്നിവ പോലും മുടങ്ങുന്ന ഭയാനകമായ സ്ഥിതി ഉണ്ടാവുമെന്ന് ധവളപത്രം പ്രവചിക്കുന്നു.

സംസ്ഥാനത്ത് നിലനിൽക്കുന്ന രൂക്ഷ ധനപ്രതിസന്ധി സർക്കാരിന്റെ ഭരണം, വികസനം, സാമൂഹ്യ ക്ഷേമം തുടങ്ങിയ എല്ലാ രംഗങ്ങളിലെയും പ്രവർത്തനങ്ങളെ തളർത്തുകയും, അരാജകത്വത്തിലേക്ക് നയിക്കാനും ഇടയാക്കും. ജീവനക്കാർക്ക് ശമ്പളമൊഴിച്ച് മറ്റൊന്നിനും പണമില്ലാത്ത അവസ്ഥ സൃഷ്ടിക്കപ്പെടുന്നതിനാൽ സംസ്ഥാന ഭരണം സ്തംഭനാവസ്ഥയിലേക്ക് നീങ്ങും. മെച്ചമായ ജനജീവിതത്തിന് അവശ്യ ഘടകങ്ങളായ കുടിവെള്ള വിതരണം, വൈദ്യുതി, റോഡുകൾ, പാലങ്ങൾ, ജലഗതാഗത സൗകര്യങ്ങൾ, പോർട്ടുകൾ, നഗരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയ്ക്ക് ധനപ്രതിസന്ധി മൂലം വികസനമുരടിപ്പ് അനുഭവപ്പെടും. സംസ്ഥാന രൂപീകരണത്തിനുശേഷം പണിത കെട്ടിടങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ, പാലങ്ങൾ, റോഡുകൾ തുടങ്ങിയവ പുതുക്കി പണിയാൻ പണമില്ലാതെ ജീർണ്ണാവസ്ഥയിലേക്ക് നീങ്ങും. സർക്കാർ നൽകുന്ന പൊതു സർവീസുകളായ പൊതുജനാരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവയ്ക്ക് പണമില്ലാത്ത അവസ്ഥയുണ്ടാകും. വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകുന്ന സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പെൻഷൻ വിതരണവും തകരാനിടയുണ്ട്. ഇപ്പോൾ തന്നെ കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്ക് പ്രതിമാസ ശമ്പളവും, വിരമിച്ചവർക്ക് പെൻഷനും നൽകാൻ സ്ഥാപനത്തിന്റെ ആസ്തികൾ പണയം വച്ച് വായ്പ എടുക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. ചുരുക്കത്തിൽ രൂക്ഷമാകുന്ന ധനപ്രതിസന്ധി മൂലം, കേരളം കഴിഞ്ഞ ആറു ദശാബ്ദക്കാലമായി ഭരണ, സാമൂഹ്യ, സാമ്പത്തിക രംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങളിൽ നിന്ന് പിന്നോക്കം പോകാൻ ഇടയാക്കും. ഈ പശ്ചാത്തലത്തിലാണ് ഈ പഠനം നടത്തുന്നത്. ഇതിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ താഴെപ്പറയുന്നു.

## പ്രതിപാദിക്കുന്ന വിഷയങ്ങൾ

1. സംസ്ഥാനത്തെ സർക്കാരുകൾ അനുവർത്തിച്ചുവരുന്ന ധനധൂർത്ത്രാഷ്ട്രീയവും ധനനയങ്ങളും.
2. ധനപ്രതിസന്ധിയുടെ സ്വഭാവം, വ്യാപ്തി, കാരണങ്ങൾ.
3. സർക്കാരിന്റെ വരവ്, ചെലവ് ഇനങ്ങളും അവയെ സ്വാധീനിക്കുന്ന ഘടകങ്ങളും.
4. പൊതു കടം.
5. ധനസ്ഥിതി: മറ്റു സംസ്ഥാനങ്ങളുമായുള്ള താരതമ്യം.
6. സംഗ്രഹവും നിർദ്ദേശങ്ങളും.

## സ്ഥിതിവിവര കണക്കുകൾ

ഈ പഠനത്തിന് പ്രധാനമായും ഉപയോഗിച്ചിരിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ (സി.എ.ജി)യുടെ സംസ്ഥാന ധനസ്ഥിതിയെക്കുറിച്ചുള്ള റിപ്പോർട്ടുകളും സ്ഥിതിവിവര കണക്കുകളുമാണ്. ഇതിനുപുറമെ സംസ്ഥാന സർക്കാരിന്റെ ബജറ്റ് രേഖകൾ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ സംസ്ഥാനങ്ങളുടെ ധനകാര്യ സ്ഥിതിവിവരക്കണക്കുകൾ, കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യു കമ്മിറ്റിയുടെ (കെ.പി.ഇ.ആർ.സി) റിപ്പോർട്ടുകൾ തുടങ്ങിയവയാണ്. ആധികാരികമായ ധനകാര്യ സ്ഥിതിവിവരക്കണക്കുകൾ നൽകാൻ പ്രത്യേകം ശ്രദ്ധ പുലർത്തിയിട്ടുണ്ട്.

## ഈ പഠനത്തിന്റെ പ്രസക്തി

കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകളുടെ ധനകാര്യങ്ങളെക്കുറിച്ചുള്ള പഠനം പബ്ലിക് ഫിനാൻസ് എന്ന വിഷയത്തിൽ വരുന്നതാണ്. സംസ്ഥാനത്ത് ഈ വിഷയത്തിൽ കാര്യമായ ഗവേഷണമോ, പഠനങ്ങളോ നടക്കുന്നില്ല എന്നത് ഗൗരവകരമായ പ്രശ്നമാണ്. ഈ വിഷയത്തിൽ പ്രാവീണ്യം നേടിയ സാമ്പത്തിക ശാസ്ത്രജ്ഞർ, ഗവേഷണ സ്ഥാപനങ്ങളിലും സർവകലാശാലാ വകുപ്പുകളിലും കോളേജുകളിലും മറ്റും ഇല്ലാത്തത് ഒരു പ്രധാന കാരണമാണ്. തന്മൂലം ഈ വിഷയത്തിൽ ഗവേഷണ പ്രബന്ധങ്ങളുടെയും, പഠന റിപ്പോർട്ടുകളുടെയും, പുസ്തകങ്ങളുടെയും അഭാവമുണ്ട്. അതിനാൽ ബിരുദ ബിരുദാനന്തരതലത്തിലുള്ള സാമ്പത്തിക ശാസ്ത്രവിദ്യാർത്ഥികൾക്കുപോലും ഈ വിഷയത്തിൽ വേണ്ട അറിവു നേടാൻ കഴിയുന്നില്ല. ധനം, ആസൂത്രണം, വികസനം എന്നിവ

യുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വിവിധ വകുപ്പുകൾ, പ്രാദേശിക സർക്കാർ സ്ഥാപനങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ് തുടങ്ങിയ വയിലെ ഉദ്യോഗസ്ഥർക്ക് ഈ വിഷയം വേണ്ടവിധം പഠിക്കാൻ പുസ്തകങ്ങളില്ല. സംസ്ഥാന സർക്കാരിന്റെ ധനഭരണവുമായി ബന്ധപ്പെട്ടു പ്രസിദ്ധീകരിക്കുന്ന സി.എ.ജി. റിപ്പോർട്ടുകൾ, പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യു കമ്മിറ്റി റിപ്പോർട്ടുകൾ, ധവളപത്രങ്ങൾ തുടങ്ങിയവയാണ് ധനസ്ഥിതിയെ വിശകലനം ചെയ്യുന്ന റിപ്പോർട്ടുകൾ.

സംസ്ഥാനത്തെ ധനനയങ്ങൾ, വികസന പദ്ധതികൾ എന്നിവയുടെ രൂപീകരണത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നത് രാഷ്ട്രീയ നേതാക്കൾ, സർക്കാർ ജീവനക്കാർ, അദ്ധ്യാപക സംഘടനകൾ, ട്രേഡ് യൂണിയൻ നേതാക്കൾ, സമ്മർദ്ദ ഗ്രൂപ്പുകളുടെ നേതാക്കൾ, എം.എൽ.എ.മാർ, പ്രാദേശിക സർക്കാരുകളിലെ ജനപ്രതിനിധികൾ, സാമൂഹ്യ സംഘടനാ നേതാക്കൾ, ബ്യൂറോക്രസി തുടങ്ങിയവരാണ്. രാഷ്ട്രീയ നേതാക്കളായ മന്ത്രിമാരാണ് ധനനയവും ഓരോ ഇനത്തിലുള്ള വരവുചെലവുകളും തീരുമാനിക്കുന്നത്. മുകളിൽ പറഞ്ഞ വിഭാഗത്തിലുള്ളവരിൽ ഒരു ചെറിയ ശതമാനം പേർക്കെ സംസ്ഥാനത്തെ ധനകാര്യങ്ങളെക്കുറിച്ചും, ധനസ്ഥിതി മോശമായാൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും അറിവുള്ളൂ. ഈ ലേഖകന്റെ അഭിപ്രായത്തിൽ മുകളിൽ പറഞ്ഞ വിഭാഗക്കാരിൽ ഭൂരിഭാഗംപേർക്കും ധനകാര്യങ്ങളെപ്പറ്റി വ്യക്തമായ ഒരു രൂപവുമില്ല. സർക്കാർ പ്രസ്സിൽ കറൻസിനോട്ട് അച്ചടിച്ച് അവ ചാക്കിൽ കെട്ടി ട്രഷറികളിൽ കൊണ്ടുവന്ന് വിതരണം ചെയ്യുന്ന ഒരു ഏർപ്പാടാണ് ധനകാര്യം എന്നു ചിലർ കരുതുന്നു. ജനങ്ങളിൽ നിന്ന് പിരിക്കുന്ന ഫീസുകൾ, യൂസർ ചാർജ്ജുകൾ, നികുതികൾ, കേന്ദ്ര സർക്കാർ നികുതി വിഹിതം, ഗ്രാന്റുകൾ കടം വാങ്ങി കിട്ടുന്ന തുക ഇവ ഉപയോഗിച്ചാണ് സർക്കാരിന്റെ ചെലവുകൾ നടത്തുന്നതെന്ന കാഴ്ചപ്പാട് പൊതുവിൽ ഇല്ല. സംസ്ഥാന ധനകാര്യത്തെപ്പറ്റിയുള്ള പഠനങ്ങളും പുസ്തകങ്ങളും ഇല്ലാത്തത് ഈ സ്ഥിതിക്ക് ഒരു പ്രധാന കാരണമാണ്.

സംസ്ഥാനത്തെ വിവിധ വിഭാഗം ജനങ്ങൾ സർക്കാരിന്റെ ധനസ്ഥിതിയെക്കുറിച്ച് ആകുലപ്പെടാറുണ്ട്. പലയിനം സബ്സിഡി ലഭിക്കുന്നവർ, കർഷകർ, പരമ്പരാഗത വ്യവസായ തൊഴിലാളികൾ, സാമൂഹ്യ ക്ഷേമ പെൻഷൻ ലഭിക്കുന്നവർ, സർക്കാർ ഇതര സ്ഥാപനങ്ങളായ കെ.എസ്.ആർ.റ്റി.സി, സർവ്വകലാശാലകൾ എന്നിവയിലെ പെൻഷൻകാർ, കുടിശ്ശിക ലഭിക്കേണ്ട കരാറുകാർ, വീടു വയ്ക്കാൻ ആനുകൂല്യത്തിനുവേണ്ടി കാത്തി

രിക്കുന്നവർ, വിദ്യാഭ്യാസ ആനുകൂല്യം കിട്ടുന്നവർ, സ്വന്തം ഭൂമി സർക്കാർ ഏറ്റെടുത്തവർ, പി.എസ്.സി. ലിസ്റ്റിൽ ജോലിക്കുവേണ്ടി കാത്തിരിക്കുന്നവർ തുടങ്ങിയവർ. ധനസ്ഥിതി മോശമാകുമ്പോഴുള്ള അവസ്ഥ തങ്ങളെയാണ് ഏറ്റവും ദോഷമായി ബാധിക്കുന്നതെന്ന് കരുതുന്നു. എന്നാൽ ധനസ്ഥിതിയെക്കുറിച്ച് അറിയാനും മാർഗ്ഗങ്ങളില്ല. പത്ര, ദൃശ്യമാധ്യമങ്ങൾ വളരെ പ്രാധാന്യത്തോടെ വാർത്ത നൽകുന്ന ഒരു വിഷയമാണ് ധനകാര്യ പ്രതിസന്ധി. ധനകാര്യ വിഷയങ്ങളിലും, ധനനയങ്ങളിലും പൊതുജന അഭിപ്രായ രൂപീകരണമുണ്ടാകുന്നത് മാധ്യമങ്ങൾ വഴിയാണ്. എന്നാൽ മാധ്യമ പ്രവർത്തകരിൽ ഒരു ചെറിയ ശതമാനമൊഴിച്ച് ബാക്കിയുള്ളവർക്ക് ധനകാര്യങ്ങളെക്കുറിച്ച് കാര്യമായ ധാരണയില്ല. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതിയും ധനകാര്യങ്ങളെക്കുറിച്ചും സാധാരണക്കാർക്ക് മനസ്സിലാവാൻ കഴിയുന്ന തരത്തിലുള്ള പ്രസിദ്ധീകരണങ്ങളുടെ അഭാവമാണ്. സംസ്ഥാനത്തിന്റെ ധനകാര്യ പ്രശ്നങ്ങൾ അറിയാനും പഠിക്കാനും പുസ്തകങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ ധനകാര്യങ്ങളെക്കുറിച്ചുള്ള പൊതു കാഴ്ചപ്പാടുകൾ വ്യത്യസ്തമാകുമായിരുന്നു എന്നു ഞാൻ കരുതുന്നു. ഈ പുസ്തകം മലയാളത്തിൽത്തന്നെ എഴുതാൻ എന്നെ പ്രേരിപ്പിച്ച ഘടകവും ഇതാണ്. രാഷ്ട്രീയ രംഗത്തു പ്രവർത്തിക്കുന്നവർക്കും ജനപ്രതിനിധികൾക്കും ധനഭരണ വകുപ്പുകളിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കും ധനകാര്യത്തെപ്പറ്റിയുള്ള അറിവ് അവരുടെ പ്രവർത്തനത്തിന് അനിവാര്യമാണ്.

## പബ്ലിക് ഫിനാൻസ്: സൈദ്ധാന്തിക കാര്യങ്ങൾ

സാമ്പത്തിക ശാസ്ത്രത്തിന്റെ ഒരു ശാഖയാണ് പൊതു ധനവിനിമയ ശാസ്ത്രം അഥവാ, ‘‘പബ്ലിക് ഫിനാൻസ്’’. ഈ വിഷയത്തിൽ പഠന വിധേയമാക്കുന്നത് താഴെപ്പറയുന്ന കാര്യങ്ങളാണ്. (1) പബ്ലിക് അഥവാ വിവിധ തലങ്ങളിലുള്ള സർക്കാരുകളുടെ ധനകാര്യം. അതായത് കേന്ദ്ര, സംസ്ഥാന പ്രാദേശിക സർക്കാരുകൾ (2) ഓരോ തലത്തിലുമുള്ള സർക്കാരുകളുടെ ചുമതലകൾ വിഭിന്നമാണ്. ഈ ചുമതലകൾ നിർവഹിക്കാൻ നികുതിയായും നികുതി ഇതര ഇനമായും വായ്പയായും ധനം സംഭരിക്കുക. (3) സർക്കാരിന്റെ ചുമതലകൾ (രാജ്യസുരക്ഷ, ഭരണം, വികസനം, സാമൂഹ്യസുരക്ഷ തുടങ്ങിയവ) നിറവേറ്റാൻ പണം ചെലവഴിക്കുക. ഇത്തരം ചെലവുകളെ പലതരത്തിൽ വിഭജിക്കാം. ഉദാഹരണം റവന്യൂ (Revenue), മൂലധനം (Capital), പ്ലാൻ, നോൺ പ്ലാൻ, ഡവലപ്മെന്റ്, നോൺ ഡവലപ്മെന്റ് തുടങ്ങിയവ. (4) സർക്കാരിന്റെ ധനനയങ്ങൾ പ്രത്യേകിച്ച്

നികുതി, ചെലവ് എന്നിവ ജനങ്ങളുടെ ക്ഷേമത്തേയും സമ്പദ്ഘടനയെയും എങ്ങനെ ബാധിക്കുന്നു. ഒരു പുതിയ നികുതി അല്ലെങ്കിൽ ചെലവിനം നടപ്പാക്കുന്നതുമൂലം ആർക്ക് ഗുണമുണ്ടാകുന്നു അല്ലെങ്കിൽ ദോഷമുണ്ടാകുന്നു. (5) ഒരു രാജ്യത്തിലെ വിവിധ തലങ്ങളിലുള്ള സർക്കാരുകൾ തമ്മിലുള്ള ധനകാര്യബന്ധങ്ങളും ഇടപെടലുകളും. ഉദാഹരണം: കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശകളനുസരിച്ച് കേന്ദ്ര സർക്കാർ നികുതി വരുമാനത്തിൽനിന്ന് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന വിഹിതം, മറ്റു ഗ്രാന്റുകളും, ധനസഹായവും വായ്പയും. സംസ്ഥാന സർക്കാരുകളുടെ നികുതി വരുമാനത്തിൽ നിന്ന് സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ പ്രാദേശിക സർക്കാരുകൾക്കു ലഭിക്കുന്ന വിഹിതം, മറ്റു ഗ്രാന്റുകളും, ധനസഹായവും, വായ്പയും. (6) ധനഭരണവുമായി ബന്ധപ്പെട്ട സംവിധാനങ്ങളും പ്രവർത്തനങ്ങളും. നികുതി, നികുതി ഇതര ഇനങ്ങൾ പിരിക്കാനുള്ള വകുപ്പുകൾ, നിയമങ്ങൾ, നടപടി ക്രമങ്ങൾ, ചെലവ് നടത്താനുള്ള നിയമങ്ങളും നടപടി ക്രമങ്ങളും അതുപോലെ കടം വാങ്ങാനുള്ള നടപടിക്രമങ്ങൾ, ബജറ്റ് രൂപീകരണവും നിയമസഭയുടെ അംഗീകാരം വാങ്ങൽ, ബജറ്റിനുപുറത്തുള്ള പൊതു ചെലവുകൾ ചെയ്യാനുള്ള നടപടിക്രമങ്ങൾ, സർക്കാർ വരവ് ചെലവുകളെക്കുറിച്ചുള്ള ഓഡിറ്റിംഗ്, ധനകാര്യ രേഖകളുടെ സൂക്ഷിപ്പ് തുടങ്ങിയവ.

## സർക്കാരുകളുടെ ധനകാര്യത്തിൽ വന്ന മാറ്റങ്ങൾ

പ്രാചീനകാലത്ത് രാജ്യത്തിന്റെ ഭരണനിർവഹണത്തിനുള്ള വരവ് ചെലവ് കാര്യങ്ങളെയാണ് പൊതു ധനകാര്യം എന്ന് വിളിച്ചിരുന്നത്. രാജ്യഭരണം നടത്താൻ ആവശ്യമായ ധനം വിവിധ നികുതികൾ വഴിയായും ഫീസുകളായും പിരിച്ചെടുത്തിരുന്നു. ഭരണം നടത്തുന്നവരുടെ താൽപര്യത്തിനനുസരിച്ച് പണം ചെലവാക്കിയിരുന്നു. ഇതൊക്കെ തീരുമാനിച്ചിരുന്നത് രാജാക്കന്മാരോ ഫ്യൂഡൽ പ്രഭുക്കളോ, നാട്ടുപ്രമാണിമാരോ, ഏകാധിപതികളോ, മറ്റു ഭരണാധിപന്മാരോ ആയിരുന്നു. രാജ്യത്തെ ശത്രുക്കളിൽ നിന്നുള്ള ആക്രമണത്തിൽനിന്ന് രക്ഷിക്കുക എന്നതായിരുന്നു മുഖ്യ ചുമതല. ഭരണത്തിനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കുക, ഉദ്യോഗസ്ഥരെ നിയമിക്കുക, ക്രമസമാധാന പരിപാലനത്തിന് പോലീസ്, കോടതി തുടങ്ങിയവ സൃഷ്ടിക്കുക എന്നിവയായിരുന്നു മറ്റു പ്രധാന ചുമതലകൾ. എന്നാൽ സാമൂഹ്യ സാമ്പത്തിക മാറ്റങ്ങൾ, സാങ്കേതിക പുരോഗതി, ജനങ്ങളുടെ കുടിയേറ്റം, നഗരവൽക്കരണം തുടങ്ങിയ മാറ്റങ്ങൾ ഉണ്ടായപ്പോൾ പൊതു സേവനങ്ങളുടെയും, ഉത്പന്നങ്ങളുടെയും ആവശ്യം വർദ്ധിച്ചു.

ഒരു മുതലാളിത്ത കമ്പോളവ്യവസ്ഥിതി നിലനിന്നിരുന്ന രാജ്യത്ത് സ്വകാര്യ വ്യക്തികൾ ഇത്തരം സർവ്വീസുകളും, ഉത്പന്നങ്ങളും ഉണ്ടാക്കാനുള്ള താൽപര്യം കാണിക്കാൻ സാധ്യതയില്ല. കാരണം ഇവ പൊതുസ്വഭാവ മുള്ളതും ഒരു വ്യക്തിയുടെ നിയന്ത്രണത്തിൽ വരാത്ത പൊതു സർവീ സുകളുമാണ്. ഉദാഹരണം റോഡ്. ഒരു വ്യക്തിക്ക് സ്വന്തം ഭൂമിയിൽ സ്വകാര്യ റോഡ് നിർമ്മിക്കാം. എന്നാൽ ഒരു പ്രദേശത്തെ റോഡ് സ്വന്തം താൽപ ര്യത്തിനനുസരിച്ച് നിർമ്മിക്കാനോ അതിൽനിന്ന് ലാഭം നേടാനോ കഴി യുകയില്ല. കാരണം അതൊരു പൊതു ആസ്തിയാണ്. ഗതാഗത ആവശ്യം വർദ്ധിച്ചപ്പോൾ റോഡുകൾ, പാലങ്ങൾ, പോർട്ടുകൾ, ലൈറ്റ് ഹൗസുകൾ തുടങ്ങിയ പൊതു ഗതാഗത സൗകര്യങ്ങൾ സർക്കാരുകൾ സൃഷ്ടിക്കാൻ തുടങ്ങി.

സാങ്കേതിക രംഗത്ത് പുതിയ കണ്ടുപിടിത്തങ്ങൾ വന്നതോടെ വീണ്ടും പൊതു സർവീസുകളുടെ ആവശ്യത്തിൽ തുടർച്ചയായുള്ള വർദ്ധ നവുണ്ടായി. മോട്ടോർ വാഹനത്തിന്റെ കണ്ടുപിടിത്തം ഗതാഗതരംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിച്ചു. ഇതുമൂലം വൻതോതിൽ ആധുനിക റോഡുകൾ സൃഷ്ടിക്കാൻ സർക്കാരുകൾ നിർബന്ധിതരായി. റയിൽവേ, വൈദ്യുതി, ടെലിഫോൺ എന്നിവയുടെ കണ്ടുപിടിത്തവും സർക്കാരുക ളുടെ ചുമതലകൾ വർദ്ധിപ്പിക്കുന്നതിന് ഇടയാക്കി. നഗരവൽക്കരണംമൂലം പുതിയ നഗരങ്ങൾ ഉണ്ടായപ്പോൾ അവിടെ അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, അഴുക്കു നിർമ്മാർജ്ജനം, റോഡുകൾ, അഗ്നി ശമന പ്രവർത്തനങ്ങൾ തുടങ്ങിയവയും സർക്കാരുകളുടെ ഉത്തരവാദി ത്വമായി മാറി.

ഇരുപതാം നൂറ്റാണ്ടിൽ രാഷ്ട്രീയരംഗത്തുവന്ന മാറ്റങ്ങളും സർക്കാ രുകളുടെ ധനകാര്യ രംഗത്തുള്ള ഉത്തരവാദിത്വം വർദ്ധിപ്പിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഭാഗത്ത് കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ നിലവിൽ വന്നതോടെ സർക്കാരുകളുടെ സാമ്പത്തിക ചുമതലകളെക്കുറിച്ചുള്ള കാഴ്ചപ്പാടുക ളിൽ വലിയ മാറ്റം വന്നു. സ്വകാര്യമേഖലയുടെ സ്ഥാനത്ത് പൊതു മേഖല വന്നു. എല്ലാ സാമ്പത്തിക മേഖലയിലും ആസൂത്രിതവികസനം വന്നു. കമ്പോളം, സാധനങ്ങളുടെ വില നിശ്ചയിച്ച സ്ഥാനത്ത് സർക്കാർ വില നിശ്ചയിക്കാൻ തുടങ്ങി. ആസൂത്രണ വികസനം വഴി സാമ്പത്തിക വിക സനം നേടാമെന്ന കാഴ്ചപ്പാട് രൂപപ്പെട്ടു. 1930കളിലെ ആഗോള സാമ്പ ത്തിക തകർച്ച മുതലാളിത്ത രാജ്യങ്ങളിലെ സർക്കാരുകളുടെ ധനകാര്യ ചുമതലകളിൽ വലിയ മാറ്റം വരുത്തി. സാമ്പത്തിക മാന്ദ്യം നിലനിൽക്കുന്ന

അവസരത്തിൽ വൻതോതിൽ പൊതുപണം സാമ്പത്തിക മേഖലകളിൽ ചെലവഴിച്ച് മാന്ദ്യത്തിൽ നിന്നു സമ്പദ്ഘടനയെ കരകയറ്റുക എന്ന ആശയത്തിന് വലിയ പ്രചാരം ലഭിച്ചു. 20-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ കൊളോണിയൻ ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളും മറ്റു അവികസിത രാജ്യങ്ങളും വികസനത്തിനുവേണ്ടി ആസൂത്രണ പദ്ധതികൾ നടപ്പിലാക്കിയതോടെ സർക്കാരുകളുടെ പ്രവർത്തന മേഖലകളിൽ വലിയ മാറ്റം ഉണ്ടായി. 2008ലെ അമേരിക്കയിലെ ബാങ്കുകളുടെയും ധനകാര്യ സ്ഥാപനങ്ങളുടെയും, സ്റ്റോക്ക് മാർക്കറ്റുകളുടെയും തകർച്ചയെ തുടർന്ന് രാജ്യങ്ങൾ രൂക്ഷമായ സാമ്പത്തിക മാന്ദ്യത്തിലേക്കു നീങ്ങി. ഇതിനും പരിഹാരമായി നിർദ്ദേശിച്ചത് സർക്കാരുകളുടെ കമ്പോള ഇടപെടലുകളാണ്. ചുരുക്കത്തിൽ ഒന്നര നൂറ്റാണ്ടിനു മുൻപ് മുതലാളിത്ത കമ്പോള വ്യവസ്ഥിതി നിലനിന്നിരുന്ന ഒരു രാജ്യത്തിലെ സർക്കാരിന്റെ ചുമതലകളും ഇന്നത്തെ ചുമതലകളും തമ്മിൽ വലിയ അന്തരമുണ്ട്. ഈ മാറ്റം സർക്കാരുകളുടെ ധനകാര്യ ഘടനയിലും വരവുചെലവിനങ്ങളിലും ഉത്തരവാദിത്തങ്ങളിലും പ്രവർത്തനങ്ങളിലും വൻ തോതിൽ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

ഇന്ന് മുതലാളിത്ത രാജ്യങ്ങളെ മുതലാളിത്ത സ്വഭാവം മാത്രമുള്ള രാജ്യങ്ങളാണെന്നു പറയാൻ കഴിയില്ല. ഇവ പൊതുമേഖലയ്ക്ക് വലിയ പങ്കുള്ള മിശ്രസമ്പദ്ഘടനകളായി (Mixed economy) മാറിയിരിക്കുന്നു. ഏറ്റവും വലിയ മുതലാളിത്ത രാജ്യമെന്ന് പറയുന്ന അമേരിക്കയിൽ (യു.എസ്.എ) സർക്കാരുകളുടെ മൊത്തം ചെലവ് (ഫെഡറൽ, സംസ്ഥാനം, പ്രാദേശികം) 2008-ൽ ദേശീയ വരുമാനത്തിന്റെ (ജി.ഡി.പി) 35 ശതമാനമാണ്. മിക്ക യൂറോപ്യൻ രാജ്യങ്ങളും അമേരിക്കയെക്കാൾ മിശ്രസമ്പദ്ഘടനകളാണ്. 2008-ൽ ഓർഗനൈസേഷൻ ഓഫ് ഇക്കണോമിക് കോ-ഓപ്പറേഷൻ ആന്റ് ഡവലപ്മെന്റ് (ഒ.ഇ.സി.ഡി) രാജ്യങ്ങൾ 26 എണ്ണമാണ്. ഇവയിൽ 18 രാജ്യങ്ങളിലെയും സർക്കാരുകളുടെ ചെലവ് ആ രാജ്യങ്ങളിലെ ദേശീയ വരുമാനത്തിന്റെ (ജി.ഡി.പി) 40 ശതമാനത്തിലധികമാണ്. ഡെൻമാർക്ക്, ഫ്രാൻസ്, സ്വീഡൻ എന്നീ രാജ്യങ്ങളിലെ സർക്കാരുകളുടെ ചെലവ് ആ രാജ്യങ്ങളിലെ ദേശീയ വരുമാനത്തിന്റെ 50 ശതമാനത്തിലധികമാണ്.

അടുത്തതായി ഇന്ത്യയിൽ കേന്ദ്ര സർക്കാരിന്റെയും, കേരളത്തിൽ സംസ്ഥാന സർക്കാരിന്റെയും ധനകാര്യ മേഖലയുടെ വലിപ്പം പരിശോധിക്കാം. ഇന്ത്യ സോഷ്യലിസം ലക്ഷ്യം വച്ച് സാമ്പത്തിക നയങ്ങൾ ആവി

ഷ്കരിച്ചു വികസനം നടത്തിയെങ്കിലും നമ്മുടെ മിശ്രസമ്പദ്ഘടനയുടെ വലിപ്പം വികസിത മുതലാളിത്ത രാജ്യങ്ങളെ അപേക്ഷിച്ച് ചെറുതാണ്. 2014-15-ൽ കേന്ദ്ര സർക്കാരിന്റെ മൊത്തം ചെലവ് ഇന്ത്യയുടെ ദേശീയ വരുമാനത്തിന്റെ 13.2 ശതമാനമാണ്. ഇതിൽ സംസ്ഥാനങ്ങളുടെയും പ്രാദേശിക സർക്കാരുകളുടെയും ബജറ്റിലുള്ള ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ല. ഇതുകൂടി ഉൾപ്പെടുത്തിയാലും ഇന്ത്യയിലെ സർക്കാരുകളുടെ (കേന്ദ്രം, സംസ്ഥാനം, പ്രാദേശികം) മൊത്തം ചെലവ് ജി.ഡി.പി.യുടെ 20 ശതമാനത്തിൽ താഴെയാവാനെ സാധ്യതയുള്ളു. അതായത് നമ്മുടെ രാജ്യത്തെ കേന്ദ്ര, സംസ്ഥാന, പ്രാദേശിക സർക്കാരുകളുടെ മൊത്തം പ്രതിവർഷ ചെലവ് ദേശീയ വരുമാനത്തിന്റെ അഞ്ചിൽ ഒന്നിൽ താഴെയാണ്. 2014-15ലെ സംസ്ഥാന സർക്കാരിന്റെ മൊത്തം ചെലവ് സംസ്ഥാന വരുമാനത്തിന്റെ (ജി.എസ്.ഡി.പി) 17 ശതമാനമാണ്.

## ധനകാര്യ പഠനത്തിന് ഉപയോഗിക്കുന്ന ചില പ്രധാന സൂചികകൾ

### റവന്യുകമ്മി

റവന്യു കമ്മി = റവന്യു വരവ് - റവന്യു ചെലവ്

സംസ്ഥാന സർക്കാരിന്റെ നികുതികളിൽ നിന്നുള്ള വരുമാനം, ഫീസുകളും മറ്റിനങ്ങളും ഉൾപ്പെടുന്ന നികുതി വരുമാനം, കേന്ദ്ര ധനകാര്യ കമ്മിഷൻ ശുപാർശകൾ അനുസരിച്ച് ലഭിക്കുന്ന കേന്ദ്ര നികുതി വിഹിതം, കേന്ദ്ര സർക്കാർ ഗ്രാന്റുകൾ, സഹായങ്ങൾ എന്നിവയാണ് റവന്യു വരവ്. സംസ്ഥാന സർക്കാരിന്റെ നിത്യനിദാന ചെലവുകളായ ശമ്പളം, പെൻഷൻ, സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ടീച്ചിംഗ് ഗ്രാന്റ്, പലിശ, സബ്സിഡികൾ, ഭരണച്ചെലവുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർവ്വകലാശാലകൾക്കും മറ്റും നൽകുന്ന ഗ്രാന്റുകൾ, സാമൂഹിക സുരക്ഷ പെൻഷൻ തുടങ്ങിയവയ്ക്കുവേണ്ടി ചെലവാക്കുന്ന തുക എന്നിവയാണ് റവന്യു ചെലവ്.

### റവന്യു കമ്മി ജി.എസ്.ഡി.പി. അനുപാതം

റവന്യുകമ്മി സംസ്ഥാന മൊത്ത ആഭ്യന്തര വരുമാനത്തിന്റെ (ജി.എസ്.ഡി.പി) വിഹിതമായി കണക്കാക്കുന്ന അനുപാതമാണ്. ഇത് ശതമാനത്തിൽ കണക്കാക്കുന്നു.

### റവന്യു കമ്മി റവന്യു ചെലവ് അനുപാതം

റവന്യുകമ്മി മൊത്ത റവന്യു ചെലവിന്റെ വിഹിതം (ശതമാനം).

ഇത് നിത്യനിദാന ചെലവുകൾ നടത്താൻ എത്ര കമ്മിയുണ്ട് അഥവാ എത്ര കടം വാങ്ങേണ്ടിവരും എന്നതിന്റെ സൂചികയാണ്.

### ധനകമ്മി

ധനകമ്മി = സഞ്ചിതനിധിയിൽ വരുന്ന മൊത്തം ചെലവ് (റവന്യു + മൂലധനം) – മൊത്തം വരവ് (കടം വാങ്ങിയത് ഒഴിച്ച്)

നിത്യനിദാന ചെലവുകളായ റവന്യു ചെലവും മൂലധന നിക്ഷേപത്തിനു ചെലവാക്കുന്ന മൂലധന ചെലവും ചേരുന്നതാണ് മൊത്തം ചെലവ്. ഈ തുകയും കടം വാങ്ങിയതൊഴിച്ചുള്ള വരുമാനവും തമ്മിലുള്ള വ്യത്യാസമാണ് ധനകമ്മി.

### ധനകമ്മി ജി.എസ്.ഡി.പി. അനുപാതം

ധനകമ്മി സംസ്ഥാന മൊത്ത ആഭ്യന്തര വരുമാനത്തിന്റെ (ജി.എസ്. ഡി.പി) വിഹിതമായി കണക്കാക്കുന്ന അനുപാതമാണ്. ഇത് ശതമാനത്തിൽ കണക്കാക്കുന്നു.

### ധനകമ്മി മൊത്തം ചെലവ് അനുപാതം

ധനകമ്മി മൊത്തം ചെലവിന്റെ വിഹിതം (ശതമാനം). ഇത് മൊത്തം ചെലവ് നടത്താൻ എത്രത്തോളം കടം വാങ്ങുന്നു എന്നതിന്റെ സൂചികയാണ്.

### പൊതുകടം ജി.എസ്.ഡി.പി. അനുപാതം (ശതമാനം)

എത്രത്തോളം പൊതുകടം ഒരു സർക്കാരിന് വാങ്ങാം എന്നതിന് ഉപയോഗിക്കുന്ന സൂചികയാണിത്. ഇവിടെ സർക്കാരിന് എടുക്കാവുന്ന മൊത്തം പൊതുകടത്തിന്റെ തുകയും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര വരുമാനവുമായി (ജി.എസ്.ഡി.പി) തമ്മിൽ ബന്ധപ്പെടുത്തിയിരിക്കുന്നു. വലുപ്പമുള്ള സമ്പദ്ഘടനയ്ക്ക് കൂടുതൽ വായ്പ വാങ്ങാനുള്ള കഴിവുണ്ടെന്ന സാമ്പത്തിക തത്ത്വത്തിന്റെ അടിസ്ഥാനത്തിലാണ്. സാമ്പത്തിക വളർച്ചാനിരക്ക് വർദ്ധിക്കുകയും സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങളുടെയും സർവീസുകളുടെയും മൊത്തം വരുമാനം വർദ്ധിക്കുകയും ചെയ്യുന്നതനുസരിച്ച് കൂടുതൽ തുക വായ്പ സർക്കാരിനെടുക്കാം. മറിച്ച് സാമ്പത്തിക മാന്ദ്യമുണ്ടാവുകയും വളർച്ച മുരടിക്കുകയുമാണെങ്കിൽ എടുക്കാവുന്ന വായ്പ തുകയിൽ കുറവുണ്ടാകും.

### മറ്റു സൂചികകൾ

കേരളത്തിന്റെ ധനസ്ഥിതി മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുവാൻ താഴെ പറയുന്ന സൂചികകളും ഉപയോഗിച്ചിട്ടുണ്ട്.

1. റവന്യു വരവ് ജി.എസ്.ഡി.പി. അനുപാതം
2. തനത് നികുതി വരവ് ജി.എസ്.ഡി.പി. അനുപാതം.
3. തനത് നികുതിയേതര വരവ് ജി.എസ്.ഡി.പി. അനുപാതം.
4. കേന്ദ്ര വരവ് ജി.എസ്.ഡി.പി. അനുപാതം.
5. റവന്യു ചെലവ് ജി.എസ്.ഡി.പി. അനുപാതം.
6. പലിശ ചെലവ് ജി.എസ്.ഡി.പി. അനുപാതം.
7. പെൻഷൻ ചെലവ് ജി.എസ്.ഡി.പി. അനുപാതം.
8. വികസന ചെലവ് ജി.എസ്.ഡി.പി. അനുപാതം.
9. മൂലധന ചെലവ് ജി.എസ്.ഡി.പി. അനുപാതം.

## സർക്കാർ ധനകാര്യ കണക്കുകളുടെ ഘടന

ഭരണഘടനയനുസരിച്ച് സർക്കാരിന്റെ വരവ് ചെലവ് കണക്കുകളെ മൂന്നു വിഭാഗമായി തിരിക്കാം.

1) സഞ്ചിതനിധി (Consolidated fund)
2) കണ്ടിജൻസി ഫണ്ട്
3) പബ്ലിക് അക്കൗണ്ട്

### 1. സഞ്ചിതനിധി

സഞ്ചിതനിധിയിൽ റവന്യു, മൂലധനം, കടം എന്നിവ സംബന്ധിച്ച എല്ലാ സർക്കാർ ഇടപാടുകളും ഉൾപ്പെടുന്നു. റവന്യു വിഭാഗത്തിൽ നികുതിയിനത്തിനുള്ള വരവിനെയും മറ്റു വരവുകളെയും അതിൽനിന്നുള്ള ചെലവുകളെയും കുറിച്ച് പ്രസ്താവിക്കുന്നു. ആയതിന്റെ പരിണതഫലം തന്നാണ്ടത്തെ റവന്യു അക്കൗണ്ട് മിച്ചമാണോ കമ്മിയാണോ എന്ന് കാണിക്കുന്നു. മൂലധന വിഭാഗത്തിൽ സ്ഥായിയായ സ്വഭാവമുള്ള സ്പഷ്ടമായ ആസ്തികൾ വർദ്ധിപ്പിക്കുകയോ ആവർത്തന ബാധ്യതകൾ കുറയ്ക്കുകയോ ചെയ്യുന്ന വരവ്-ചെലവ് കണക്കുകളെപ്പറ്റി പറയുന്നു. മൂന്നാമത്തെ വിഭാഗമായ കടത്തിൽ, മാർക്കറ്റ് വായ്പകളും, കേന്ദ്ര സർക്കാർ വായ്പകളും, മുൻകൂറുകളും, സംസ്ഥാന സർക്കാർ നൽകുന്ന വായ്പകളും, മുൻകൂറുകളും അടങ്ങുന്ന ഇടപാടുകൾ പ്രസ്താവിക്കുന്നു.

### 2. കണ്ടിജൻസി ഫണ്ട്

നിയമസഭയുടെ അംഗീകാരമില്ലാതെ സംസ്ഥാന സർക്കാരിനു പൊതുഖജനാവിൽ നിന്ന് ഒരു രൂപാപോലും ചെലവഴിക്കാനുള്ള അധികാരമില്ല. നീട്ടിവയ്ക്കാൻ കഴിയാത്തതും അടിയന്തര സ്വഭാവത്തോടുകൂടിയതുമായ

ആകസ്മിക ചെലവ് നേരിടാനായി നിയമം മൂലം 'മുൻപണം' എന്ന നിലയിൽ ഒരു കണ്ടിജൻസി ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. നൂറുകോടി രൂപയോളം ഉള്ള ഈ ഫണ്ട് സംസ്ഥാന ഗവർണറുടെ അധീനതയിലാണ്. ഈ ഫണ്ടിൽ നിന്ന് ചെലവാക്കുന്ന ഏതൊരു തുകയും നിയമസഭയുടെ അംഗീകാരത്തോടുകൂടി കിട്ടുന്ന ഉപധനാഭ്യർത്ഥനകൊണ്ട് നികത്തേണ്ടതാണ്.

### 3. പബ്ലിക് അക്കൗണ്ട്

സർക്കാർ ഒരു ബാങ്കർ എന്ന നിലയിൽ പ്രവർത്തിക്കുകയും വാങ്ങിയ പണം മടക്കിക്കൊടുക്കാനുള്ള ബാധ്യത വഹിക്കുകയും കൊടുത്ത പണം വസൂലാക്കാൻ അവകാശമുണ്ടായിരിക്കുകയും ചെയ്യുന്ന ഇടപാടുകൾ 'പബ്ലിക് അക്കൗണ്ട്' എന്നതിൽപ്പെടുന്നു.

പബ്ലിക് അക്കൗണ്ടിൽ താഴെപ്പറയുന്ന വിഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. 1) ലഘു സമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ട് മുതലായവ. 2) റിസർവ് ഫണ്ടുകൾ, 3) നിക്ഷേപങ്ങളും മുൻകൂറുകളും 4) സസ്പെൻസും പലവകയും 5) പണമടയ്ക്കൽ.

സർക്കാരിന്റെ ധനകാര്യ കണക്കുകളുടെ ഘടന കാണിക്കുന്ന ചാർട്ട് 1.1ൽ കൊടുത്തിട്ടുണ്ട്.

### വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്

സംസ്ഥാനത്തെ വരവുചെലവുകളുടെ എസ്റ്റിമേറ്റുകൾ സംബന്ധിച്ച് നിയമസഭയുടെ മുമ്പാകെ വയ്ക്കുന്ന സ്റ്റേറ്റുമെന്റിനെയാണ് വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് അല്ലെങ്കിൽ ബഡ്ജറ്റ് എന്നുപറയുന്ന്. മുൻവർഷത്തിലും നടപ്പുവർഷത്തിലും വരാൻ പോകുന്ന വർഷത്തിലും ഉള്ള സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ ഇടപാടുകളും ഈ സ്റ്റേറ്റുമെന്റിൽ ഉൾപ്പെടുന്നു.

## ചാർട്ട് 1.1
## സർക്കാർ ധനകാര്യ കണക്കുകളുടെ ഘടന



## അദ്ധ്യായം രണ്ട്

# ധനധൂർത്ത്രാഷ്ട്രീയം

"ജനങ്ങളുടെ നികുതിപണം ധൂർത്തടിക്കുന്ന, ജനക്ഷേമ, വികസനവിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്ന, സമ്മർദ്ദ ഗ്രൂപ്പുകളുടെയും രാഷ്ട്രീയ മുന്നണികളുടെയും നിക്ഷിപ്ത താൽപര്യം സംരക്ഷിക്കുന്ന, വോട്ടർ പ്രീണനവും ബ്യൂറോക്രസി വികസനത്തിനും മുൻഗണന നൽകുന്ന, പ്രചരണത്തിനുവേണ്ടി വികസനം പറയുന്ന ധനധൂർത്ത് രാഷ്ട്രീയത്തിൽ അടിസ്ഥാനമായ ധനനയം സംസ്ഥാന സർക്കാരിനെ നിത്യധനകാര്യ പ്രതിസന്ധിയിൽ എത്തിക്കുകയും കേരളത്തിന്റെ സാമ്പത്തിക വികസനത്തെ തളർത്തുകയും ചെയ്യുന്നു".

ഒരു സർക്കാരിന്റെ ഭരണ, വികസന, ക്ഷേമ പ്രവർത്തനങ്ങളുടെ വ്യാപ്തിയും ഗുണനിലവാരവും നിർണ്ണയിക്കുന്ന പ്രധാന ഘടകം ഈ ഇനങ്ങൾക്കുവേണ്ടി ചെലവാക്കാനുള്ള ധനലഭ്യതയാണ്. ഈ ധനലഭ്യത സർക്കാരിന്റെ പൊതുവിലുള്ള ധനസ്ഥിതിയുമായും അനുവർത്തിക്കുന്ന ധനനയവുമായും ബന്ധപ്പെട്ടിരിക്കുന്നു. രാഷ്ട്രീയ പാർട്ടികൾക്ക് പ്രാധാന്യമുള്ള നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിയിൽ ധനനയങ്ങൾ രൂപീകരിക്കുന്നത് രാഷ്ട്രീയ പാർട്ടികളും മുന്നണികളും അനുവർത്തിക്കുന്ന ധനരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിലാണ്. ഈ അധ്യായത്തിൽ കേരളത്തിൽ അനുവർത്തിക്കുന്ന ധനരാഷ്ട്രീയം വിശകലനം ചെയ്യുകയാണ്.

ഒരു സർക്കാരിന്റെ ധനസ്ഥിതി മെച്ചമാക്കുകയോ മോശമാക്കുകയോ ചെയ്യുന്നതിന്റെ പ്രധാന ഘടകം ആ സർക്കാർ അനുവർത്തിക്കുന്ന ധനനയവും അവയുടെ കാര്യക്ഷമമായ നടത്തിപ്പുമാണ്. ആധിപത്യമുള്ള

സ്വകാര്യമേഖലയും, വലിപ്പം കുറഞ്ഞ പൊതുമേഖലയും ചേർന്നുള്ള മിശ്ര സമ്പദ്ഘടനയാണ് (Mixed Economy) ഇന്ത്യയുടേത്. മുതലാളിത്ത കമ്പോള വ്യവസ്ഥിതിയുടെ ചട്ടക്കൂടിലാണ് സമ്പദ്ഘടന പ്രവർത്തിക്കുന്നത്. കമ്പോള വ്യവസ്ഥിതിയുടെ സുഗമമായ പ്രവർത്തനത്തിന് അനുകൂല അന്തരീക്ഷം സൃഷ്ടിക്കുക, വിലകയറ്റം നിയന്ത്രിക്കുക, നിക്ഷേപം, ഉത്പാദനം, ഉപഭോഗം എന്നിവ പ്രോത്സാഹിപ്പിക്കുക, സാമ്പത്തിക രംഗത്ത് സുസ്ഥിരത കൈവരിക്കുക എന്നിവയാണ് ധനനയത്തിന്റെ ലക്ഷ്യം. ഇതോടൊപ്പം കമ്പോള ഇടപെടൽ നടത്തുകയും പൊതുനിക്ഷേപം വഴി പൊതു ഉത്പന്നങ്ങളും സർവ്വീസുകളും സൃഷ്ടിക്കുകയും ചെയ്യുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവരുടെ ബജറ്റുകളിലൂടെ കേന്ദ്ര ധനകാര്യ നയവും, സംസ്ഥാനനയവും പ്രഖ്യാപിക്കുന്നു. കേന്ദ്ര സർക്കാരിന്റെ വിവിധ നികുതി നിർദ്ദേശങ്ങൾ, ചെലവിനങ്ങൾ, സബ്സിഡികൾ, വായ്പാ പദ്ധതികൾ തുടങ്ങിയവ വഴി ദേശീയ സമ്പദ്ഘടനയിൽ സ്വാധീനം ചെലുത്താൻ കഴിയുന്നു. എന്നാൽ സംസ്ഥാന ധനകാര്യ നയങ്ങളുടെ സ്വാധീനം പ്രതിഫലിക്കുന്നത് പ്രാദേശിക സമ്പദ്ഘടനയിലാണ്. സാമ്പത്തിക സുസ്ഥിരതയും വികസനവും നേടുക എന്നതിനെക്കാൾ വോട്ടർമാരെ സ്വാധീനിച്ച് തെരഞ്ഞെടുപ്പിൽ വിജയിച്ച് അധികാരത്തിലെത്താൻ സഹായകരമായ ജനപ്രീണന ധനനയങ്ങളാണ് പൊതുവിൽ സർക്കാരുകൾ അനുവർത്തിക്കുന്നത്. ജനാധിപത്യ വ്യവസ്ഥിതി നിലനിൽക്കുന്ന നമ്മുടെ നാട്ടിൽ ചെറുതും വലുതുമായ ഒട്ടനവധി വിഭാഗങ്ങൾ, സമ്മർദ്ദഗ്രൂപ്പുകൾ, രാഷ്ട്രീയ പാർട്ടികൾക്ക് ധനസഹായം നൽകുന്നവർ തുടങ്ങിയവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാതെ രാഷ്ട്രീയ പാർട്ടികൾക്കോ രാഷ്ട്രീയ മുന്നണികൾക്കോ അധികാരത്തിൽ വരാനോ അധികാരം നിലനിർത്തുവാനോ കഴിയില്ല. തന്മൂലം ഈ കൂട്ടരെ തൃപ്തിപ്പെടുത്താൻ സഹായകരമെന്ന് രാഷ്ട്രീയ പാർട്ടികൾ കരുതുന്ന ധനരാഷ്ട്രീയമാണ് അവർ അനുവർത്തിക്കുന്നത്. ധനനയവും മറ്റും സാമ്പത്തിക നയങ്ങളും അധികാരത്തിൽ വരുന്ന സർക്കാരുകൾ രൂപീകരിക്കുന്നതും നടപ്പിലാക്കുന്നതും ഈ ധനരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിലാണ്.

## ധനധൂർത്ത്രാഷ്ട്രീയം

ധനധൂർത്ത് രാഷ്ട്രീയത്തിന് താഴെ പറയുന്ന നിർവചനം നൽകാം. ഒരു സർക്കാർ ജനങ്ങളിൽ നിന്ന് നികുതിയായും മറ്റിനങ്ങളായും പിരിക്കുന്ന തുകയും, മറ്റു വരുമാനങ്ങളും കടമെടുക്കുന്ന തുകയും ഭരണം മെച്ചപ്പെടുത്തുന്നതിനും, ജനങ്ങളുടെ ക്ഷേമത്തിനും, നാടിന്റെ വികസന

ത്തിനും ചെലവാക്കുന്നതിനുപകരം രാഷ്ട്രീയ അധികാരം നിലനിർത്താനും, രാഷ്ട്രീയ നേട്ടങ്ങൾ നേടാനും, ബ്യൂറോക്രസി, സമ്മർദ്ദ ഗ്രൂപ്പുകൾ, രാഷ്ട്രീയ മുന്നണികൾ എന്നിവയുടെ നിക്ഷിപ്ത താൽപര്യങ്ങൾ സംരക്ഷിക്കാനും ഭരണവർഗ്ഗത്തിന്റെ ആഡംബരത്തിനും ധൂർത്തിനും ചെലവാക്കുന്നതിനെ ധനധൂർത്ത് എന്നു പറയാം. ഈ ധനധൂർത്ത് രാഷ്ട്രീയത്തിൽ സാധാരണ ജനങ്ങളുടെ ക്ഷേമത്തിനും നാടിന്റെ വികസനത്തിനുമുള്ള ധനവിനിയോഗം അവഗണിക്കുകയും രാഷ്ട്രീയ നേതാക്കൾ, മന്ത്രിമാർ തുടങ്ങിയവരുടെ വ്യക്തി താൽപര്യങ്ങൾ, രാഷ്ട്രീയ താൽപ്പര്യങ്ങൾ, സമ്മർദ്ദ ഗ്രൂപ്പുകളുടെ താൽപര്യങ്ങൾ, ഭരണവർഗ്ഗത്തിന്റെ ആഡംബരം, ധൂർത്ത് എന്നിവയ്ക്ക് പ്രഥമ പരിഗണന നൽകുകയും ചെയ്യുന്നു.

കേരളത്തിൽ രാഷ്ട്രീയ പാർട്ടികളും രാഷ്ട്രീയ മുന്നണികളും പൊതുവിൽ അനുവർത്തിച്ചുവരുന്ന ധനരാഷ്ട്രീയ ഘടകങ്ങൾ പലതാണ്. അവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നു.

1. ബ്യൂറോക്രസി വികസനം
2. വോട്ടർ പ്രീണന ധനരാഷ്ട്രീയം
3. സമ്മർദ്ദ ഗ്രൂപ്പു പ്രീണന രാഷ്ട്രീയം
4. ധനധൂർത്തുകൾ.
5. ശമ്പള പരിഷ്കരണ രാഷ്ട്രീയം
6. എയ്ഡഡ് വിദ്യാഭ്യാസ രാഷ്ട്രീയം
7. ബി.പി.എൽ. രാഷ്ട്രീയം
8. പൊതുമേഖലാ മുതലെടുപ്പ് രാഷ്ട്രീയം
9. വികസന പദ്ധതികൾ പ്രചരണത്തിന്.

### 1. ബ്യൂറോക്രസി വികസനം

ബ്യൂറോക്രസി വികസനം നടപ്പിലാക്കുന്നത് പല മാർഗ്ഗങ്ങളിലൂടെയാണ്. (1) വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കണമെന്ന് പറഞ്ഞ് പരമാവധി തസ്തികകൾ സൃഷ്ടിക്കുക. (2) ഒരു ഫയൽ തീർപ്പാക്കുന്നതിന് ഒട്ടനവധി തലത്തിൽ ഉദ്യോഗസ്ഥരെ കാണണമെന്നു പറയുക. ഇതിനുവേണ്ടി ഒട്ടനവധി അനാവശ്യ തസ്തികകൾ നിലനിർത്തുക. (3) ഒരു ഉദ്യോഗസ്ഥന് രണ്ടോ മൂന്നോ വർഷം കൂടുമ്പോൾ ഉയർന്ന ഗ്രേഡോ, പ്രൊമോഷനോ നൽകുക. (4) സർക്കാർ വകുപ്പുകളെ വിഭജിച്ച് ചെറിയ ചെറിയ പുതിയ വകുപ്പുകൾ സൃഷ്ടിക്കുക. പുതിയ ഡയറക്ടർ, മറ്റു ഉന്നത തസ്തികകൾ എന്നിവ സൃഷ്ടിക്കുക.

(5) ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷനായി മറ്റു വകുപ്പുകളിലേക്ക് മാറ്റി പുതിയ തസ്തികകൾ സൃഷ്ടിക്കുക. (6) തസ്തികകളുടെ പേരുമാറ്റി ഉയർന്ന ശമ്പള സ്കെയിൽ നൽകുക. (7) ഉദ്യോഗസ്ഥരെ ലീവ് എടുപ്പിച്ച്, റിട്ടയർ ചെയ്യാൻ ചെറിയ കാലയളവുള്ളവർക്ക് പ്രമോഷൻ നൽകുക. കൂടുതൽ പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹരാക്കുക. (8) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുക. അനർഹമായ ആനുകൂല്യങ്ങൾ നൽകുക. (9) ഓഫീസ് വൃത്തിയാക്കൽ, പൂന്തോട്ട പരിപാലനം, സെക്യൂരിറ്റി, വാഹനം ഓടിക്കൽ തുടങ്ങിയ ജോലികൾ പുറംകരാർ വ്യവസ്ഥയിൽ നൽകുന്നതിനുപകരം സ്ഥിര ജീവനക്കാരെ നിയമിക്കുക. (10) ജീവനക്കാർക്ക് ശമ്പളം നൽകാൻ വേണ്ടി മാത്രം അനാവശ്യമായ ഒട്ടനവധി തസ്തികകളും, എസ്റ്റാബ്ളിഷ്മെന്റുകളും, ആഫീസുകളും, സ്ഥാപനങ്ങളും നിലനിർത്തുക. (11) സംസ്ഥാനത്തെ രാഷ്ട്രീയ പാർട്ടികളുടെ ഏറ്റവും പ്രധാന രാഷ്ട്രീയ പ്രവർത്തനം തങ്ങളുടെ ഭരണകാലത്ത് തങ്ങളുടെ ആളുകളെ പരമാവധി സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമിക്കുകയാണ്. ഇതിനുവേണ്ടി ധനബാധ്യത പരിഗണിക്കാതെ അനാവശ്യമായി അനേകം തസ്തികകൾ സൃഷ്ടിക്കുകയും സ്ഥാപനങ്ങൾ തുടങ്ങുകയും ചെയ്യുന്നു.

വൻ ധനബാദ്ധ്യത സൃഷ്ടിക്കുന്ന അനാവശ്യമായ ബ്യൂറോക്രസി വികസനത്തിനുള്ള ഒരു പ്രധാന കാരണം കഴിഞ്ഞ ഏഴു ദശാബ്ദകാലത്ത് നമ്മുടെ രാജ്യത്തും സംസ്ഥാനത്തിലും അനുവർത്തിച്ചുവന്ന രാഷ്ട്രീയ സിദ്ധാന്തങ്ങളും സാമ്പത്തിക നയങ്ങളുമാണ്. ഇന്ത്യക്കു സ്വാതന്ത്ര്യം നേടിയ കാലഘട്ടത്തെ ജനങ്ങളുടെ പൊതുവിലുള്ള സ്ഥിതിയും രാഷ്ട്രീയ കാഴ്ചപ്പാടുകളും വികസന സ്വപ്നങ്ങളും ഇന്നത്തേതിൽ നിന്നു വളരെ വ്യത്യസ്തമായിരുന്നു. കൊളോണിയൽ ഭരണവും ചൂഷണവും ആണ് ദാരിദ്ര്യത്തിനും പിന്നോക്കാവസ്ഥയ്ക്കും പ്രധാന കാരണമെന്ന് വിശ്വസിച്ചിരുന്നു. ദരിദ്ര ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും ത്വരിതഗതിയിലുള്ള സാമ്പത്തിക വളർച്ചയ്ക്കും വികസനത്തിനും മുതലാളിത്ത കമ്പോള വ്യവസ്ഥിതി യോജിച്ചതല്ല എന്ന് പൊതുവിൽ കരുതിയിരുന്നു. ഈ സാഹചര്യത്തിൽ സോഷ്യലിസം നേടുക എന്നത് ദേശീയ ലക്ഷ്യമായി പ്രഖ്യാപിച്ചിരുന്നു. സോവിയറ്റ് യൂണിയൻ മോഡൽ കേന്ദ്രീകൃത ആസൂത്രണ പദ്ധതികൾ വഴിയും, പൊതുമേഖല, വികസനത്തിലൂടെയും കടുത്ത കമ്പോള നിയന്ത്രണ നടപടികളിലൂടെയും, മിശ്ര സമ്പദ്ഘടന സൃഷ്ടിച്ചും, സാമ്പത്തിക വികസനവും ജനങ്ങളുടെ ജീവിതനിലവാരവും

മെച്ചപ്പെടുത്താമെന്ന് വിശ്വസിച്ചിരുന്നു. സർക്കാർ പണം മുടക്കി, സർക്കാർ സംവിധാനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും സൃഷ്ടിച്ചും, ആസൂത്രണ പദ്ധതികൾ വഴി സാമ്പത്തിക വികസനം നേടാമെന്ന തന്ത്രവുമാണ് ദേശീയതലത്തിൽ അനുവർത്തിച്ചിരുന്നത്.

കേരളത്തിൽ ഒരു വിഭാഗം രാഷ്ട്രീയ പാർട്ടികൾ കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങളിൽ വിശ്വസിച്ചിരുന്നു. തന്മൂലം കേന്ദ്രസർക്കാർ അനുവർത്തിച്ചിരുന്ന നയങ്ങളെക്കാൾ കടുത്ത മുതലാളിത്ത വിരുദ്ധ നയങ്ങളാണ് കേരളത്തിൽ അനുവർത്തിച്ചുവന്നത്. അടിസ്ഥാന ഘടകങ്ങളായ റോഡുകൾ, കുടിവെള്ളം, വൈദ്യുതി, വാർത്താവിനിമയം തുടങ്ങിയവ പൊതുമേഖലയിൽ മാത്രം മതി എന്ന നയം അനുവർത്തിച്ചു. കാർഷിക, വ്യവസായ, സേവന മേഖലകളുടെ വികസനത്തിന് ഒട്ടനവധി സർക്കാർ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും തുടങ്ങി. ഭക്ഷ്യവിതരണം, ഭവനനിർമ്മാണം, ഉപഭോഗവസ്തുക്കളുടെ നിർമ്മാണം എന്നിവയ്ക്കുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി. ഇത് ബ്യൂറോക്രസിയുടെ വികസനത്തിലും സർക്കാർ, അർദ്ധസർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയിലും വൻതോതിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചു. പിൽക്കാലത്ത് പ്രവർത്തനമില്ലാത്ത അനാവശ്യ സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്ന ജീർണ്ണിച്ച സ്ഥാപനങ്ങളായി ഇവയിൽ നല്ലൊരു ഭാഗവും മാറി. ഈ വികസന തന്ത്രത്തിൽ ജനങ്ങളുടെ സർഗ്ഗശക്തി, മൂലധനം, കഴിവ്, സാങ്കേതിക അറിവ് എന്നിവ ഉപയോഗിച്ച് ഉത്പാദനം നടത്തുന്നതിനോ തൊഴിൽ സൃഷ്ടിക്കുന്നതിനോ കാര്യമായ പരിഗണനയുണ്ടായിരുന്നില്ല. സ്വകാര്യ നിക്ഷേപത്തെയും ഉത്പാദനത്തേയും ചൂഷണം നടത്തുന്ന മുതലാളിത്ത പ്രക്രിയായി ചില രാഷ്ട്രീയ പാർട്ടികൾ കണ്ടു.

1991നു ശേഷം പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള ഉദാരവൽക്കരണ സാമ്പത്തിക നയങ്ങൾ ദേശീയ തലത്തിൽ നടപ്പിലാക്കി. എന്നാൽ ഇതനുസരിച്ചുള്ള സാമ്പത്തിക നയമാറ്റങ്ങൾ കേരളത്തിൽ നടപ്പിലാക്കുന്നത് ഒരു വിഭാഗം രാഷ്ട്രീയ പാർട്ടികൾ ശക്തമായി എതിർത്തിരുന്നു. ബ്യൂറോക്രസി വികസനമാണ് സോഷ്യലിസം എന്ന് ഒരു വിഭാഗം കരുതുന്നതുകൊണ്ട് സംസ്ഥാന സർക്കാരിന് വൻ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന ജീർണ്ണിച്ച ബ്യൂറോക്രാറ്റിക് സംവിധാനങ്ങൾ, വകുപ്പുകൾ, സ്ഥാപനങ്ങൾ, നഷ്ടത്തിൽ നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി വൻതോതിൽ പണം സർക്കാർ ചെലവാക്കുന്നു. ഇതോടൊപ്പം വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയിലെ അധിക

ജീവനക്കാർ, കുട്ടികളില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ തുടങ്ങിയ അധിക ജീവനക്കാരെയും നിലനിർത്തുന്നു. കമ്പോളാനുകൂല നയങ്ങളാണോ അതോ വിരുദ്ധ നയങ്ങളാണോ സ്വീകരിക്കേണ്ടത്, അല്ലെങ്കിൽ കമ്പോള ഇടപെടൽ ഏത് മേഖലകളിൽ എതു തരത്തിൽ വേണം എന്ന കാര്യത്തിൽ കടുത്ത ആശയക്കുഴപ്പം ഇടതു രാഷ്ട്രീയ പാർട്ടികളിൽ നിലനിൽക്കുന്നതുമൂലം കാലഘട്ടത്തിന് യോജിച്ചതോ പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നതോ, ആയ ധനനയങ്ങളോ സാമ്പത്തിക നയങ്ങളോ രൂപീകരിക്കാൻ അവർക്ക് കഴിയുന്നില്ല.

## 2. വോട്ടർ പ്രീണന ധനരാഷ്ട്രീയം

ജനാധിപത്യ വ്യവസ്ഥിതി നിലനിൽക്കുന്ന നമ്മുടെ നാട്ടിലെ രാഷ്ട്രീയ പാർട്ടികളുടെയും രാഷ്ട്രീയ പ്രവർത്തനത്തിന്റെയും പ്രധാന ലക്ഷ്യം തെരഞ്ഞെടുപ്പിലൂടെ ജനപ്രതിനിധിയായി പ്രാദേശിക, സംസ്ഥാന, കേന്ദ്ര സർക്കാരുകളിൽ അധികാരത്തിൽ എത്തുക എന്നതാണ്. തെരെഞ്ഞെടുപ്പിൽ വോട്ടർമാരെയും അവർ ഉൾപ്പെടുന്ന വിവിധ വിഭാഗങ്ങളെയും സ്വാധീനിക്കാൻ സഹായകരമായ നയങ്ങൾ, വാഗ്ദാനങ്ങൾ എന്നിവയാണ് രാഷ്ട്രീയ പാർട്ടികൾ അവതരിപ്പിക്കുന്നത്. സർക്കാർ ഈടാക്കുന്ന ഫീസുകൾ, യൂസർ ചർജ്ജുകൾ, നികുതികൾ തുടങ്ങിയവ കുറയ്ക്കുമെന്നോ ഇളവു നൽകുമെന്നോ, ഇല്ലാതാക്കുമെന്നോ പ്രഖ്യാപിക്കുന്നു. നികുതികളും ഫീസുകളും മറ്റും കാലാനുസരണം വർദ്ധിപ്പിക്കാതിരിക്കുക അഥവാ വർദ്ധിപ്പിച്ചാൽ ജനവിരുദ്ധമെന്ന് പറഞ്ഞ് സമരങ്ങൾ നടത്തുക എന്നിവ പതിവാണ്. സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കർഷകർ, മത്സ്യബന്ധനത്തിലേർപ്പെടുന്നവർ, പരമ്പരാഗത വ്യവസായം നടത്തുന്നവർ തുടങ്ങിയവർക്ക് പണമായും അല്ലാതെയുമുള്ള സബ്സിഡികൾ നൽകുമെന്ന് പ്രഖ്യാപിക്കുന്നു. സൗജന്യമായി വീട്, അരിയും ഭക്ഷ്യധാന്യങ്ങളും, വസ്ത്രം, ഇന്ധനം, ടി.വി., ഫ്രിഡ്ജ് തുടങ്ങിയ വീട്ടുപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങിയവ നൽകുമെന്ന പ്രഖ്യാപനങ്ങൾ, സൗജന്യ ആരോഗ്യ, വിദ്യാഭ്യാസ, പുനരധിവാസ പദ്ധതികളും മറ്റു ക്ഷേമ പദ്ധതികളും ഓരോ രാഷ്ട്രീയ മുന്നണികളും മത്സരിച്ച് തെരെഞ്ഞെടുപ്പ് സമയത്ത് പ്രഖ്യാപിക്കുന്നു. ഇത്തരം ആനുകൂല്യവിതരണ പദ്ധതികൾക്ക് സർക്കാരിന് ധനസ്ഥിതിയുണ്ടോയെന്നോ, ഇത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചോ രാഷ്ട്രീയ പാർട്ടികൾക്കോ നേതാക്കൾക്കോ മന്ത്രിമാർക്കോ ഒരു വേവലാതിയുമില്ല. ധനസ്ഥിതി തകർന്ന് നാടും ജനങ്ങളും വഴിയാധാരമായാലും തങ്ങൾക്ക് തെരഞ്ഞെടുപ്പിൽ ജയിച്ച് അധികാരത്തിൽ വരണമെന്ന ഒറ്റ മുദ്രാവാക്യമേ അവർക്കുള്ളു.

## 3. സമ്മർദ്ദ ഗ്രൂപ്പു പ്രീണനരാഷ്ട്രീയം

കേരളത്തിലെ രാഷ്ട്രീയ രംഗത്തെ പ്രധാന മുദ്രാവാക്യം "സംഘടിക്കുക, സമരം ചെയ്യുക, അവകാശങ്ങൾ നേടിയെടുക്കുക" എന്നതാണ്. ഈ അവകാശങ്ങൾ നേടിയെടുക്കുക എന്നത് സർക്കാരിൽനിന്ന് സാമ്പത്തിക സ്വഭാവമുള്ള അവകാശങ്ങൾ നേടലാണ്. സെക്രട്ടറിയേറ്റ് പടിക്കൽ നടത്തുന്ന സമരങ്ങളിൽ 90 ശതമാനവും സർക്കാരിൽനിന്ന് സാമ്പത്തിക ആനുകൂല്യങ്ങൾ നേടാൻ വേണ്ടിയിട്ടുള്ളതാണ്. രാഷ്ട്രീയ പാർട്ടികളുടെ ഭൂരിപക്ഷം സമര പ്രക്ഷോഭണ പരിപാടികളുടെ ലക്ഷ്യവും സർക്കാരിൽ നിന്ന് ഓരോ തരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ വിവിധ വിഭാഗം ജനങ്ങൾക്കു നേടിക്കൊടുക്കലാണ്. എന്തു നേടാനും സംഘടനകളും സമരവും വേണ്ടിവരുന്ന സാഹചര്യത്തിൽ എല്ലാ രംഗങ്ങളിലും ചെറുതും വലുതുമായ നിരവധി സംഘടനകൾ ഉണ്ടായി. ജാതി, മത, സാമൂഹ്യ സംഘടനകൾ സംസ്ഥാനത്തെ ശക്തരായ സമ്മർദ്ദ ഗ്രൂപ്പുകളാണ്. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സൗജന്യമായി സർക്കാർ ഭൂമി, സബ്സിഡികൾ, ഗ്രാന്റുകൾ, മറ്റു ധനസഹായങ്ങൾ, തങ്ങളുടെ ജാതിയിൽപ്പെട്ടവർക്ക് ജോലി സംവരണം തുടങ്ങിയവ സമ്മർദ്ദ തന്ത്രം വഴി ഇവർ നേടിയെടുക്കുന്നു.

രാഷ്ട്രീയ പാർട്ടികളുടെ ഘടകങ്ങളായി പ്രവർത്തിക്കുന്ന ട്രേഡ് യൂണിയനുകളാണ് മറ്റൊരു വിഭാഗം സമ്മർദ്ദ ഗ്രൂപ്പുകൾ. തൊഴിലാളികളുടെ താൽപര്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന സ്വതന്ത്ര തൊഴിലാളി യൂണിയനുകൾ കേരളത്തിലില്ല. സർക്കാർ ജീവനക്കാർ, സ്വകാര്യ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർ, സർവ്വകലാശാലകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് രാഷ്ട്രീയ പാർട്ടികളുടെ പിൻബലമുള്ള ശക്തമായ ട്രേഡ് യൂണിയനുകളുണ്ട്. തങ്ങളുടെ ശമ്പള, പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ പരമാവധി നേടാനും, എല്ലാ സർവീസ് താൽപര്യങ്ങൾ സംരക്ഷിക്കാനുമുള്ള രാഷ്ട്രീയ സ്വാധീനം ഇവർക്കുണ്ട്. ധന വിനിയോഗത്തിൽ സംസ്ഥാനത്ത് അധികാരത്തിലിരുന്ന സർക്കാരുകൾ ജനങ്ങളുടെ ക്ഷേമത്തിനും നാടിന്റെ വികസനത്തെക്കാൾ സർക്കാർ ജീവനക്കാരുടെ താൽപര്യങ്ങൾക്ക് മുൻഗണന നൽകിയ ചരിത്രമേ കേരളത്തിലുള്ളു.

വിദ്യാർത്ഥികളെ നല്ല പൗരന്മാരായി വാർത്തെടുക്കുന്നതിനെക്കാൾ തങ്ങളുടെ രാഷ്ട്രീയ പാർട്ടികളുടെ അണികളാക്കുകയാണല്ലോ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമായി നമ്മുടെ രാഷ്ട്രീയ പാർട്ടികൾ കാണുന്നത്.

വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുടെ സാമ്പത്തിക നില പരിഗണിക്കാതെ ഫീസ് ആനുകൂല്യങ്ങൾ, ബസ് യാത്രക്കുള്ള സൗജന്യനിരക്ക്, മറ്റു ആനുകൂല്യങ്ങൾ നൽകുന്നതാണ് കീഴ്വഴക്കം. പ്ലസ്ടുവരെയുള്ള വിദ്യാഭ്യാസം സൗജന്യമാണ്. അതിനു മുകളിലുള്ള കോഴ്സുകളായ ഡിഗ്രി, പ്രൊഫഷണൽ ഡിഗ്രികൾ, ഡിപ്ലോമകൾ തുടങ്ങിയവയ്ക്ക് സർക്കാർ എയ്ഡഡ് മേഖലകളിലെ ഫീസ് നിരക്കുകളിൽ കഴിഞ്ഞ ആറു ദശാബ്ദ കാലത്ത് കാര്യമായ വർദ്ധനം വരുത്തിയിട്ടില്ല. തുച്ഛമായ ഫീസ്നിരക്കാണ് നിലവിലുള്ളത്. ഇത്തരം കോഴ്സുകൾക്ക് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എത്ര ഉയർന്ന ഫീസും മറ്റു കോഴകളും വാങ്ങിയാലും പ്രശ്നമില്ലെന്നും എന്നാൽ സർക്കാർ എയ്ഡഡ് മേഖലകളിൽ ഫീസ് തുച്ഛമായ നിരക്കിലായിരിക്കണമെന്നതാണ് സർക്കാരുകളുടെ നയം. ഫീസുകൾ തുച്ഛമായതിനാലും വേണ്ടത്ര മറ്റു വരുമാനങ്ങൾ ഇല്ലാത്തതുമൂലവും പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കാൻ കഴിയാതെ ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജീർണ്ണാവസ്ഥയിലേക്കു നീങ്ങുന്നു. ഇതുമൂലം ഉന്നത വിദ്യാഭ്യാസ നിലവാരം മോശമായിക്കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമായി കേരളം മാറുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രണ്ടാമത്തെ പ്രധാന നികുതി വരുമാനം പ്രൊഫഷൻ ടാക്സിൽ നിന്നാണ് ലഭിക്കുന്നത്. 1988നുശേഷം ഈ നികുതിയുടെ ഉയർന്ന പരിധിയിൽ മാറ്റം വരാത്തതുമൂലം തുച്ഛമായ നികുതിയാണ് നിലവിലുള്ളത്. കേരളത്തിൽ ഇതിനുശേഷം ആറു ശമ്പള പരിഷ്കരണങ്ങൾ നടപ്പിലാക്കുകയും ശമ്പള നിരക്കിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. ഈ കുറഞ്ഞ നിരക്കിലുള്ള നികുതിപോലും പ്രാദേശിക സർക്കാരുകൾക്കു നൽകാൻ ഒരു വിഭാഗം പേർ തയ്യാറാകുന്നില്ല. ഒരു വിഭാഗം വക്കീലന്മാർ, മറ്റു പ്രൊഫഷണലുകൾ, ട്രാൻസ്പോർട്ടു മേഖലയിലെ തൊഴിലാളികൾ, സ്വയംതൊഴിൽ ചെയ്യുന്നവർ തുടങ്ങിയവർ ഈ തൊഴിൽ നികുതി നൽകാൻ തയ്യാറാകുന്നില്ല. ഈ കൂട്ടർ പ്രാദേശിക സർക്കാരുകളെ വെല്ലുവിളിക്കുന്നു. ഈ നികുതി ഈടാക്കാൻ നടപ്പിലാക്കേണ്ട റവന്യു റിക്കവറി നടപടികളുടെ സങ്കീർണ്ണതയും നിയമപ്രശ്നങ്ങളും കണക്കിലെടുത്ത് പല പ്രാദേശിക സർക്കാരുകളും റവന്യു റിക്കവറി നടപടികൾ വേണ്ടെന്നു വയ്ക്കുന്നു.

വ്യാപാരി വ്യവസായി സംഘടനകളാണ് മറ്റൊരു പ്രബല വിഭാഗം സമ്മർദ്ദഗ്രൂപ്പുകൾ. തങ്ങൾ നടത്തുന്ന കച്ചവടത്തിന് ഉപഭോക്താവിന് ബില്ലു നൽകുകയും പിരിച്ചെടുക്കുന്ന വിൽപ്പന നികുതിയും വാറ്റും കൃത്യ

മായി സർക്കാരിന് നൽകുകയും ചെയ്യണമെന്ന പതിവ് വ്യാപാരികൾക്കില്ല. വിൽപ്പന നടത്തുമ്പോൾ ബില്ലുകൾ നൽകാതെ നികുതി വെട്ടിക്കുക, നികുതി പിരിവ് നടത്താതിരിക്കുക, പിരിക്കുന്ന നികുതി അടയ്ക്കാതിരിക്കുക, കൃത്യമായ കണക്കുകൾ പരിശോധനയ്ക്ക് നൽകാതിരിക്കുക എന്നിവ വ്യാപകമാണ്. ഒരു വ്യാപാരം നടക്കുമ്പോൾ ഉപഭോക്താവിന് നിയമപരമായി നൽകേണ്ട ബില്ല് നൽകാൻ ഭൂരിപക്ഷം വ്യാപാരികളും തയ്യാറാകുന്നില്ല. സ്വർണ്ണ വ്യാപാരം നടത്തുന്നവരിൽ ബഹുഭൂരിപക്ഷവും ബില്ലുകൾ നൽകുന്നില്ല. വിൽപ്പന നികുതി ഉദ്യോഗസ്ഥരെ കടപരിശോധനയോ മറ്റു പരിശോധനകളോ നടത്തുന്നത് സംഘടിത ശക്തിമൂലം വ്യാപാരികൾ അനുവദിക്കുന്നില്ല. ഈ ശക്തരായ സമ്മർദ്ദ ഗ്രൂപ്പുകൾക്കു മുമ്പിൽ തലകുനിച്ചു നിൽക്കാനേ സർക്കാരിനു കഴിയുന്നുള്ളു.

വൻതോതിൽ സർക്കാർ ഭൂമിയും വനഭൂമിയും പാട്ടത്തിനു നൽകിയിട്ടുണ്ട്. പാട്ടക്കാലാവധി കഴിഞ്ഞാലും ഈ വിഭാഗക്കാരുടെ സമ്മർദ്ദം മൂലം ഭൂമി തിരിച്ചെടുക്കാതിരിക്കുന്ന പ്രവണത വ്യാപകമാണ്. സർക്കാർ ഭൂമി പ്രത്യേകിച്ച് നഗരങ്ങളുടെ കേന്ദ്രഭാഗത്തു സ്ഥിതിചെയ്യുന്ന ക്ലബ്ബുകൾ, രാഷ്ട്രീയ സംഘടനകൾ, സാമൂഹ്യ സംഘടനകൾ തുടങ്ങിയവർക്ക് പ്രതിവർഷം നൽകേണ്ട പാട്ടത്തുക നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇക്കൂട്ടരുടെ സമ്മർദ്ദംമൂലം പാട്ടത്തുകയും കുടിശ്ശികയും പിരിക്കാറില്ല. എത്ര വലിയ കുടിശ്ശികയുണ്ടായാലും അവയ്ക്ക് സ്റ്റേ നൽകുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ക്വാറികൾ, മണൽ, പാറ തുടങ്ങിയവ ഖനനം ചെയ്യുന്നവർ, മെറ്റൽ, എം.സാൻഡ് എന്നിവ ഉത്പാദിപ്പിക്കുന്നവരിൽ നല്ലൊരു ഭാഗവും അനധികൃതമായി പ്രവർത്തിക്കുന്നതും സർക്കാരിനു നൽകേണ്ട ഫീസുകളും മറ്റു നികുതികളും നൽകാത്തവരുമാണ്. മണൽവാരൽ സംഘങ്ങൾ യഥേഷ്ടം പുഴകളിൽ നിന്നും മറ്റു സ്ഥലങ്ങളിൽ നിന്നും മണൽ ഖനനം ചെയ്യുന്നു. ഇത്തരത്തിലുള്ള ക്വാറി, മണ്ണ്, മണൽ ഖനനം, അവയുടെ ഗതാഗതം എന്നിവ പല സ്ഥലങ്ങളിലും നിയന്ത്രിക്കുന്നത് പ്രാദേശിക തലത്തിലുള്ള മാഫിയകളാണ്. പ്രാദേശിക സർക്കാരുകളും നിയമപാലന സംവിധാനങ്ങളും ഇതിനു കൂട്ടുനിൽക്കുന്നു.

ചുരുക്കത്തിൽ സമ്മർദ്ദ ഗ്രൂപ്പുകൾക്കു സാമ്പത്തിക നേട്ടം നേടാൻ സഹായകരവും സംസ്ഥാന സർക്കാരിന് വൻ സാമ്പത്തിക നഷ്ടം സൃഷ്ടിക്കുന്ന നടപടികൾ പൊതുവിൽ സർക്കാരുകൾ സ്വീകരിക്കുന്നു. നിയമാനുസരണം നൽകേണ്ട നികുതി, നികുതിയേതര വരുമാനങ്ങൾ നൽകാത്ത സമ്മർദ്ദ ഗ്രൂപ്പുകളുടെ മേൽ കർശന നടപടികൾ സ്വീകരിക്കാനും സർക്കാരുകൾ വിമുഖത കാട്ടുന്നു.

## 4. ധനധൂർത്തുകൾ

സർക്കാരിന്റെ വിവിധ വകുപ്പുകൾ നികുതിയായും ഫീസായും മറ്റും പിരിക്കുന്ന തുകയും കേന്ദ്രസർക്കാരിന്റെ നികുതിവിഹിതമായും ഗ്രാന്റു കളായും ലഭിക്കുന്ന തുകയും കടം എടുത്ത തുകയുമാണ് സർക്കാരിന്റെ വരുമാന മാർഗ്ഗങ്ങൾ. സർക്കാർ സ്വരൂപിക്കുന്ന ഈ ധനം സൂക്ഷ്മതയോടെ ചെലവാക്കേണ്ടതാണെന്ന കാഴ്ചപ്പാട് പൊതുവിൽ അധികാര സ്ഥാന ങ്ങളിലിരിക്കുന്ന രാഷ്ട്രീയ നേതാക്കൾ, അവരുടെ അനുയായികൾ, എം. എൽ.എമാർ, സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങിയ വിഭാഗങ്ങൾക്കില്ല. പബ്ലിക് എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ അദ്ധ്യക്ഷനായിരിക്കുമ്പോൾ ഒട്ടനവധി സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സർവ്വ കലാശാലകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ഉയർന്ന ഉദ്യോഗസ്ഥരുമായി അവരുടെ വകുപ്പുകളിലെ വരവ്, ചെലവ്, പദ്ധതി നടത്തിപ്പ് തുടങ്ങിയവ യെപ്പറ്റി വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. അവരിൽ ചിലരുടെ പ്രതി കരണം കേട്ടാൽ സർക്കാരിന്റെ ധനസ്ഥിതിയെക്കുറിച്ച് തെറ്റായ ധാരണ യാണുള്ളതെന്ന് കാണാം. കറൻസി നോട്ടുകൾ സർക്കാർ പ്രസ്സിൽ അച്ച ടിച്ച് ചാക്കിൽ കെട്ടി ലോറിയിൽ ട്രഷറിയിൽ എത്തിച്ച് വിതരണം ചെയ്യുന്ന സംവിധാനമാണ് ധനഭരണമെന്ന് ചിലർ കരുതുന്നു.

സർക്കാർ ധനം സ്വരൂപിക്കുന്നതിന്റെ പ്രയാസങ്ങളെപ്പറ്റി ധാരണയി ല്ലാത്തതിനാൽ ഈ ധനം തങ്ങളുടെ വ്യക്തി താൽപര്യങ്ങളും രാഷ്ട്രീയ താൽപര്യങ്ങളും സംരക്ഷിക്കാൻ വേണ്ടി ചെലവാക്കാം എന്ന കാഴ്ചപ്പാട് പൊതുവിൽ വ്യാപകമാണ്. പണം അനാവശ്യ കാര്യങ്ങൾക്ക് ചെലവാക്കാ തിരിക്കുക, അനാവശ്യ ചെലവുകൾ ചുരുക്കുക, ഭാവിയിൽ വൻ സാമ്പത്തിക ബാധ്യതയുള്ള കാര്യങ്ങളിൽ സൂക്ഷ്മമായ തീരുമാനങ്ങൾ എടുക്കുക തുടങ്ങി മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിന്റെ ആവശ്യം മന്ത്രിമാരും വകുപ്പുകളും സ്വീകരിക്കുന്നില്ല. തൻമൂലം വളരെ കഷ്ടപ്പെട്ട് സ്വരൂപിക്കുന്ന പൊതുധനം ധൂർത്തടിച്ച് ചെലവാക്കുന്ന പ്രവണത വ്യാപകമാണ്. ആഡം ബര ഓഫീസുകൾ, ആഡംബര കാറുകൾ, അനാവശ്യ വിദേശ യാത്രകൾ, പെരുപ്പിച്ച് കാണിക്കുന്ന യാത്ര-ചികിത്സാ ബില്ലുകൾ, സ്വകാര്യ ആവശ്യ ങ്ങൾക്ക് കീഴ്ജീവനക്കാരെയും സർക്കാർ വാഹനങ്ങളെയും ഉപയോഗി ക്കുന്ന പ്രവണത, സ്വകാര്യ ലാഭത്തിന് വേണ്ടി സർക്കാരിന് ലഭിക്കേണ്ട നികുതികളും ഫീസുകളും പിരിക്കാതിരിക്കുക, സർക്കാർ വസ്തുക്കളുടെ ദുരുപയോഗം, സാമ്പത്തിക അഴിമതി തുടങ്ങിയവ വ്യാപകമാണ്. ഈ ധനധൂർത്ത് സർക്കാരിന്റെ എല്ലാ പ്രവർത്തന മേഖലകളിലും കാണാം.

കേന്ദ്രമന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം ശരാശരി 15 ആണ്. എന്നാൽ സംസ്ഥാനത്തിലെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം ഈ അടുത്തകാലംവരെ 30 ആയിരുന്നു. പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്തവർക്ക് രണ്ടു വർഷം സർവീസ് തികഞ്ഞാൽ ജീവിതകാലം മുഴുവൻ പ്രതിമാസ പെൻഷൻ നൽകാൻ വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥ ഉപയോഗിച്ച് ചില മന്ത്രിമാർ രണ്ടു വർഷം തികയുമ്പോൾ മുൻ സ്റ്റാഫിനെ മാറ്റി പുതിയവരെ നിയമിക്കുന്നു.

ഉദ്യോഗാർത്ഥികളുടെ യോഗ്യതയും കഴിവും പ്രാപ്തിയും വിലയിരുത്തി മികച്ച ഉദ്യോഗസ്ഥരെ സർക്കാർ സർവീസിലേക്ക് തെരെഞ്ഞെടുക്കുന്ന ഒരു സ്ഥാപനമാണ് സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മിഷൻ (പി.എസ്.സി). ഈ കമ്മിഷനിൽ അംഗങ്ങളായി നിയമിക്കപ്പെടുന്നവർക്ക് ഈ മേഖലയിൽ പ്രാഗൽഭ്യം വേണം. എന്നാൽ നമ്മുടെ നാട്ടിൽ ഈ നിയമനത്തിന് പ്രത്യേക യോഗ്യത ആവശ്യമില്ല. ആർക്കും കമ്മിഷൻ അംഗമാകാം. രാഷ്ട്രീയ നേതാക്കളെയും ട്രേഡ് യൂണിയൻ നേതാക്കളെയും പുനരധിവസിപ്പിക്കാനുമുള്ള ഒരു പുനരധിവാസ കേന്ദ്രമായിട്ടാണ് ഇതിനെ നമ്മുടെ സർക്കാരുകൾ കാണുന്നത്. 2016–ൽ കേരളത്തിൽ 21 മുഴുവൻ സമയ അംഗങ്ങൾ കമ്മിഷനിലുണ്ടായിരുന്നു. ഒരംഗത്തിന് ഔദ്യോഗിക വീട്, വാഹനം, ആറു വർഷം സേവനം നടത്തിക്കഴിഞ്ഞാൽ ജീവിതകാലം മുഴുവൻ പ്രതിമാസ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കും. ഒരു കമ്മിഷൻ അംഗം എന്നത് വൻ സാമ്പത്തിക ബാധ്യതയാണ് സൃഷ്ടിക്കുന്നത്. ഈ ധനധൂർത്തിന്റെ വ്യാപ്തിയറിയണമെങ്കിൽ മറ്റു സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മിഷനുകളുമായി കേരള പി.എസ്.സി.യുടെ വലിപ്പം താരതമ്യപ്പെടുത്തണം. മദ്ധ്യപ്രദേശ് പി.എസ്.സിക്ക് ചെയർമാൻ ഉൾപ്പെടെ മൂന്നു അംഗങ്ങൾ മാത്രമാണുള്ളത്. മഹാരാഷ്ട്രയിൽ അഞ്ചുപേർ മാത്രമെയുള്ളു. ആസ്സാം, ബീഹാർ, ഒഡിഷ, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ ചെയർമാൻ അടക്കം ആറ് അംഗങ്ങൾ മാത്രമേയുള്ളു. കേന്ദ്ര സർക്കാർ സർവീസിലെ മുഴുവൻ നിയമനങ്ങൾ നടത്തുന്ന യൂണിയൻ പി.എസ്.സിയിൽ ചെയർമാൻ അടക്കം പതിനൊന്ന് അംഗങ്ങളാണുള്ളത്. കേരളത്തെപ്പോലെ ഇത്രയധികം മുഴുവൻ സമയ പി.എസ്.സി. അംഗങ്ങളെ നിയമിച്ചു ധനധൂർത്ത് നടത്തുന്ന സംസ്ഥാനം ഇന്ത്യയിലില്ല.

സർക്കാരിന്റെ ധനധൂർത്ത് നടക്കുന്ന ഒരു മേഖലയാണ് സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റു അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവയിലെ പ്രധാ

നപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാതല ഉദ്യഗസ്ഥർ തുടങ്ങിയവർക്ക് ഔദ്യോഗിക യാത്രയ്ക്ക് സർക്കാർ വാഹനം നൽകാറുണ്ട്. ഏറ്റവും കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്ന വകുപ്പുകളാണ് പോലീസ്, വനം എന്നിവ. 1990വരെ അംബാസിഡർ കാറുകളും ജീപ്പുകളുമാണ് പൊതുവിൽ സർക്കാർ വാഹനങ്ങളായി ഉപയോഗിച്ചിരുന്നത്. 1980കളിൽ മന്ത്രിമാർ, വിദേശകാറുകൾ പ്രത്യേകിച്ച് ബെൻസ് കാർ ഉപയോഗിക്കുന്നതിനെതിരെ പ്രതിപക്ഷ പാർട്ടികൾ പ്രക്ഷോഭണം നടത്തിയിരുന്നു. ബെൻസുകാർ മുതലാളിത്ത ഫ്യൂഡൽ വ്യവസ്ഥിതിയുടെ പ്രതീകമായാണ് ചില രാഷ്ട്രീയ പാർട്ടികൾ കണ്ടിരുന്നത്. 1990കൾക്കുശേഷം സർക്കാർ വാഹന ഉപയോഗത്തിൽ വലിയ മാറ്റം വന്നു. ഒന്ന്, സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും വലിയ തോതിൽ വാഹനം വാങ്ങാനും ഉപയോഗിക്കാനും തുടങ്ങി. രണ്ട്, ആഡംബര കാറുകൾ വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങി. ഇപ്പോൾ മന്ത്രിമാർ ആഡംബരക്കാറായ ടൊയോട്ട ഇനോവ കാർ ഉപയോഗിക്കുന്നു. ജില്ലാതലം മുതൽ സംസ്ഥാനതലംവരെ പിടിപാടുള്ള ഉദ്യോഗസ്ഥരും ഇതേ കാർ ഉപയോഗിക്കുന്നു. രാഷ്ട്രീയ സ്വാധീനമുള്ള ഉദ്യോഗസ്ഥർ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റു അർദ്ധ സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവരും ഇത്തരം കാർ ഉപയോഗിക്കുന്നു. മൂന്ന്, ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഇല്ല. ഉണ്ടെങ്കിൽ തന്നെ അവ പാലിക്കപ്പെടുന്നില്ല. ഇത് പരിശോധിക്കാനുള്ള സംവിധാനങ്ങളില്ല. നാല്, ഔദ്യോഗിക വാഹനം സ്വകാര്യാവശ്യങ്ങൾക്കു വേണ്ടി ദുരുപയോഗം ചെയ്യുന്ന പ്രവണത കൂടി വരുന്നു. ഭൂരിഭാഗം വാഹനങ്ങളും ദുരുപയോഗം ചെയ്യുന്നു. സർക്കാർ വാഹനം സർക്കാർ ചെലവിൽ സ്വകാര്യാവശ്യത്തിന് ഉപയോഗിക്കാനുള്ളതെന്ന് പൊതുവിൽ കരുതപ്പെടുന്നു. അഞ്ച്, സർക്കാർ പണം മുടക്കി വാഹനം വാങ്ങി ഡ്രൈവറെ നിയമിച്ച് മെയിന്റിനൻസും നടത്തി ഓടിക്കുന്നതിനുപകരം കാർ വാടകയ്ക്ക് എടുക്കുന്ന രീതിയാണ് കേന്ദ്ര സർക്കാരും പൊതു മേഖലാ ബാങ്കുകളും ഇപ്പോൾ അനുവർത്തിക്കുന്നത്. ഈ രീതിയിലേക്ക് മാറാൻ സംസ്ഥാന സർക്കാർ തയ്യാറായിട്ടില്ല. സർക്കാർ വാഹനം ആഡംബരത്തിനും പ്രതാപം കാണിക്കാനും ധൂർത്തടിക്കാനുമുള്ള ഒന്നായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഈ ധൂർത്ത് സംസ്ഥാന ട്രഷറിയ്ക്ക് വൻ ധനബാധ്യത സൃഷ്ടിക്കുന്ന കാര്യമാണെന്ന് ആരും കാണുന്നില്ല.

ചില വിഭാഗക്കാർക്ക് പരിധിയില്ലാത്ത ആനുകൂല്യവിതരണം നൽകലാണ് മറ്റൊരു ധനധൂർത്ത്. എം.എൽ.എ മാർക്കും മുൻ എം.എൽഎ.

മാർക്കും ചികിത്സയ്ക്ക് പരിധിയില്ലാതെ പണം ചെലവാക്കാൻ വ്യവസ്ഥ യുണ്ട്. ഈ പഴുത് ഉപയോഗിച്ച് നമ്മുടെ നാട്ടിലെ ഒരു ജനപ്രതിനിധി 1.9 കോടി രൂപ ചികിത്സാ ചെലവായി പറ്റിയ ഉദാഹരണമുണ്ട്. മുൻ എം.എൽ. എമാർക്ക് പരിധിയില്ലാതെ കെ.എസ്.ആർ.റ്റി.സി ബസ്സിൽ യാത്ര ചെയ്യാം. സർക്കാർ അഥിതി മന്ദിരങ്ങളിൽ മുൻ മന്ത്രിമാർക്കും മറ്റു ചില വിഭാഗ ക്കാർക്കും സൗജന്യ താമസം അനുവദിച്ചിട്ടുണ്ട്. നമ്മുടെ നാട്ടിൽ ഒരിക്കൽ ഒരു ജനപ്രതിനിധിയായി കഴിഞ്ഞാൽ ജീവിതകാലം മുഴുവൻ പരിധിയി ല്ലാത്ത പല ആനുകൂല്യങ്ങളും നേടാം എന്ന ഫ്യൂഡൽ രീതി നിലനിൽക്കുന്നു. ഒരു ജനപ്രതിനിധിക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് നീതി കരണമുണ്ട്. പക്ഷെ ജനങ്ങളുടെ നികുതിപണം ഉപയോഗിച്ച് പരിധിയി ല്ലാതെ ധനബാധ്യത വരുത്തുന്ന ആനുകൂല്യങ്ങൾ നൽകുന്നത് പകൽ കൊള്ളയാണ്. ഇത്തരത്തിലുള്ള ഒട്ടനവധി ആനുകൂല്യങ്ങൾ സർക്കാർ ഉദ്യോഗസ്ഥർക്കും നൽകുന്നു. ഉദാഹരണം സർക്കാർ അഥിതി മന്ദിര ത്തിലെ താമസത്തിന് തുച്ഛമായ നിരക്ക്, ഉദ്യോഗസ്ഥന്മാർക്ക് താമസി ക്കാൻ നൽകുന്ന സർക്കാർ ഉടമസ്ഥതയിലുള്ള വീടുകൾ, ഫ്ളാറ്റുകൾക്കും വളരെ തുച്ഛമായ വാടകയേ ഈടാക്കുന്നുള്ളു. കമ്പോളനിരക്കിലുള്ള വാടകനിരക്കിന്റെ അഞ്ചിൽ ഒന്നുപോലും വാടകയായി വാങ്ങുന്നില്ല. ലഭി ക്കുന്ന വാടക പ്രസ്തുത കെട്ടിടത്തിന്റെ മെയിന്റിനൻസ് നടത്താൻപോലും തികയാറില്ല. സർക്കാർ പദവികളിൽ എത്തിയാൽ പൊതു പണം ധൂർത്ത ടിക്കുക എന്നത് നമ്മുടെ നാട്ടിലെ ആചാരമായി മാറിയിരിക്കുന്നു.

നമ്മുടെ സർവകലാശാലകളിൽ വലിയ ഭരണസമിതി (സിൻഡിക്കേറ്റ്) ഉണ്ടെങ്കിലെ സർവകലാശാല ഭരണം നടത്താൻ കഴിയൂ എന്നാണ് നമ്മുടെ രാഷ്ട്രീയ നിലപാട്. അഫിലിയേറ്റ് കോളേജുകൾ ഉള്ള പൊതു സർവകലാശാലകളിലെ ഇപ്പോഴത്തെ സിൻഡിക്കേറ്റ് അംഗങ്ങളുടെ എണ്ണം 23 പേരാണ്. സിൻഡിക്കേറ്റ് എന്നത് തങ്ങളുടെ രാഷ്ട്രീയ പാർട്ടികളു ടെയും ട്രേഡ് യൂണിയൻ നേതാക്കൾക്കും സ്ഥാനം നൽകാനുള്ള ഒരു സംവിധാനമായാണ് കാണുന്നത്. ഈ സിൻഡിക്കേറ്റ് രൂപീകരണത്തിൽ സർവകലാശാലകളുടെ അക്കാദമിക് പ്രവർത്തനങ്ങൾക്കും ഗവേഷണ പ്രവർത്തനങ്ങൾക്കും ഒരു പരിഗണനയുമില്ല. സിൻഡിക്കേറ്റ് മാസത്തിൽ ഒരിക്കൽ യോഗം ചേരാൻ മാത്രമുള്ളതല്ല. സിൻഡിക്കേറ്റിന് ഒട്ടനവധി ഉപസമിതികളുണ്ട്. ഈ സമിതികൾ തുടർച്ചയായി സമ്മേളിക്കുന്നു, യോഗം ചേരുന്നു, പരിശോധനകൾ നടത്തുന്നു. ഗവേഷണ വിദ്യാർത്ഥി കളുടെ അഡ്മിഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കു പോലും പ്രത്യേക

സിൻഡിക്കേറ്റ് സമിതി ഉണ്ട്. കോളേജ് അധ്യാപകരായ ചില സിൻഡിക്കേറ്റ് അംഗങ്ങൾ തങ്ങളുടെ കോളേജിൽ ഒരു മാസം ഒരു ദിവസം പോലും പോകാതെ സിൻഡിക്കേറ്റ് പരിപാടികളുമായി കഴിയുന്നു. ചില സർവകലാശാലകളിലെ ഗസ്റ്റ് ഹൗസിൽ സിൻഡിക്കേറ്റ് അംഗങ്ങൾ ഓഫീസ് സ്ഥാപിച്ച് സർവകലാശാല ഭരണത്തിൽ ഇടപെടുന്നു. സർവകലാശാല ഭരണത്തിന് നേതൃത്വം നൽകാൻ വൈസ് ചാൻസലറും പ്രോ വൈസ് ചാൻസലറിനും ഒരു വലിയ പട മുഴുവൻ സമയ ഉദ്യോഗസ്ഥരും ഉള്ള സ്ഥാപനത്തിന്റെ സ്ഥിതിയാണ് ഇത്. നമ്മുടെ സർവകലാശാലകളിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം മോശമാകുകയും പരിതാപകരമായ നിലയിൽ എത്തിയതിന്റെയും പ്രധാന ഉത്തരവാദി ഈ സിൻഡിക്കേറ്റ് രാഷ്ട്രീയമാണ്. ഇത്ര വലിപ്പത്തിലുള്ള സിൻഡിക്കേറ്റ് ഉണ്ടാക്കിയിരിക്കുന്നത് തന്നെ ധനധൂർത്ത് നടത്തി സർവകലാശാലകളെ മുടിക്കാനാണ്. സർവകലാശാലകളുടെ പ്രവർത്തനാവശ്യമായ ഫണ്ടുകളുടെ നല്ലൊരു ശതമാനവും ലഭിക്കുന്നത് സർക്കാർ നൽകുന്ന ഗ്രാന്റുകൾ വഴിയാണ്.

### 5. ശമ്പള പരിഷ്കരണ രാഷ്ട്രീയം

സംസ്ഥാന സർക്കാരിന്റെ ഏറ്റവും വലിയ ചെലവിനമാണ് സർക്കാർ ജീവനക്കാരുടെ ശമ്പളവും റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരുടെ പെൻഷനും. 2014-15-ൽ മൊത്തം റവന്യു ചെലവിന്റെ 46 ശതമാനവും ചെലവാക്കിയത് ശമ്പളത്തിനും പെൻഷനുമാണ്. ശമ്പള-പെൻഷൻ വർദ്ധനം സർക്കാരിനു പുറമെ സ്വയംഭരണ സ്ഥാപനങ്ങൾ, പ്രാദേശിക സർക്കാരുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ചെലവുകളിൽ വലിയ വർദ്ധനം വരുത്തുന്നു. കാരണം സംസ്ഥാന സർക്കാരിന്റെ ശമ്പള-പെൻഷൻ സമ്പ്രദായങ്ങളും പരിഷ്കാരങ്ങളുമാണ് ഇക്കൂട്ടരും അനുവർത്തിക്കുന്നത്. ജീവനക്കാർ സർക്കാരിന്റെ ഭാഗം തന്നെയായതിനാൽ അവർക്ക് സർക്കാരിൽ വലിയ സ്വാധീനമുണ്ട്. മാത്രവുമല്ല സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും സംഘടനകൾ സംസ്ഥാനത്തെ മുഖ്യ രാഷ്ട്രീയ പാർട്ടികളുടെ ട്രേഡ് യൂണിയൻ വിഭാഗമായി പ്രവർത്തിക്കുന്നു. ഓരോ പുതിയ സർക്കാർ അധികാരത്തിൽ വരുമ്പോഴും തങ്ങളുടെ സംഘടനയിലെ ജീവനക്കാരെ വിവിധ വകുപ്പുകളിലെ താക്കോൽ സ്ഥാനത്ത് നിയമിച്ച് ഭരണം നടത്തുന്ന രീതിയും നിലവിലുണ്ട്. ജീവനക്കാർ തൊഴിലാളികളാണെന്നും അവർക്ക് അർഹതപ്പെട്ട വേതന വർദ്ധനം നടത്തണമെന്നതുമാണ് രാഷ്ട്രീയ പാർട്ടിക

ളുടെ നയം. തന്മൂലം കേന്ദ്രസർക്കാർ ഡി.എ നിരക്കിൽ മാറ്റം വരുത്തുന്ന തനുസരിച്ച് സംസ്ഥാന ജീവനക്കാർക്കും ഡി.എ. വർദ്ധിപ്പിക്കുന്നു. സംസ്ഥാന ഭരണത്തിൽ ഏറ്റവും വേഗം തീരുമാനമെടുക്കുന്ന വിഷയവും ഡി.എ. വർദ്ധനം നടപ്പിലാക്കുന്നതാണ്. പ്രതിവർഷം ശരാശരി രണ്ടു ഡി. എ. വർദ്ധനം നടപ്പിലാക്കുന്നു. അഞ്ചു വർഷത്തിലൊരിക്കൽ ശമ്പള പരി ഷ്കരണം നടപ്പിലാക്കുന്ന പതിവ് കേരളത്തിലുണ്ട്. 1980കളുടെ രണ്ടാം പകുതി മുതൽ 2016വരെയുള്ള സംസ്ഥാനത്തിന്റെ ധനസ്ഥിതി പരിശോ ധിച്ചാൽ അഞ്ചു വർഷത്തിലൊരിക്കൽ നടത്തുന്ന ശമ്പള പെൻഷൻ പരി ഷ്കാരവും വർഷത്തിൽ രണ്ടു പ്രാവശ്യം വർദ്ധിപ്പിക്കുന്ന ഡി.എ. നിര ക്കുമാണ് ധനപ്രതിസന്ധിയുടെ അടിസ്ഥാന കാരണമെന്നു കാണാം. സംസ്ഥാനത്തിന്റെ ധനസ്ഥിതി പരിഗണിച്ച് കേന്ദ്രസർക്കാർ നടത്തുന്ന തുപോലെ പത്തുവർഷത്തിലൊരിക്കൽ ശമ്പള പരിഷ്കാരം നടത്താൻ ഭരണത്തിലും പ്രതിപക്ഷത്തിലുമുള്ള രാഷ്ട്രീയ പാർട്ടികൾ തയ്യാറല്ല. 2011ലും 2016ലും സർക്കാരുകളുടെ അവസാനകാലത്ത് തെരഞ്ഞെടുപ്പിനു തൊട്ടുമുൻപാണ് ശമ്പള പെൻഷൻ വർദ്ധനം നടപ്പിലാക്കിയത്. അടുത്തു വരുന്ന സർക്കാർ ഈ ശമ്പള വർദ്ധനമൂലം സൃഷ്ടിക്കപ്പെടുന്ന ധനപ്രതി സന്ധിയിൽ കുരുങ്ങി കിടക്കട്ടെ എന്നതാണ് ലക്ഷ്യം. സംസ്ഥാനത്തിന്റെ ധനസ്ഥിതിക്ക് താങ്ങാൻ കഴിയാത്ത സാമ്പത്തിക ഭാരം വരുത്തുന്ന സർ ക്കാരുകളുടെ ഈ ധനധൂർത്ത്രാഷ്ട്രീയം ജനങ്ങൾ തള്ളിക്കളഞ്ഞ ചരിത്ര മാണ് നമ്മുടെ മുമ്പിലുള്ളത്. ശമ്പള-പെൻഷൻ പരിഷ്കരണം നടത്തി യശേഷം തെരഞ്ഞെടുപ്പിനെ നേരിട്ട ഈ സർക്കാരുകളെ ജനം പരാജയ പ്പെടുത്തി. കേന്ദ്ര സർക്കാർ ശമ്പള-പെൻഷൻ പരിഷ്കരണം നടത്തുന്ന തുപോലെ പത്തു വർഷത്തിലൊരിക്കൽ പരിഷ്കരണം നടത്തിയാലെ സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചമാക്കൂ എന്ന സംസ്ഥാന പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യു കമ്മിറ്റികളുടെ നിർദ്ദേശം അംഗീകരിക്കാൻ സംസ്ഥാന സർക്കാരുകൾ തയ്യാറായിട്ടില്ല. ശമ്പള പരിഷ്കരണം അഞ്ചു വർഷത്തിൽ ഒരിക്കലോ പത്തു വർഷത്തിലൊരിക്കലോ നടത്തണം എന്ന കാര്യത്തിൽ ജനഹിതം അറിയാൻ ഒരു റഫറണ്ടം നടത്തേണ്ടതാണ്.

### 6. എയ്ഡഡ് വിദ്യാഭ്യാസ രാഷ്ട്രീയം

സംസ്ഥാന സർക്കാരിന്റെ ചെലവിനങ്ങളിൽ രണ്ടാമത്തെ ഏറ്റവും വലിയ ഇനം സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ടീച്ചിംഗ് ഗ്രാന്റാണ്. (സ്കൂളുകൾ, പ്ലസ്ടു സ്കൂളുകൾ, ആർട്ട് ആന്റ് സയൻസ് കോളേ ജുകൾ, മറ്റു സ്ഥാപനങ്ങൾ) ഈ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ, അന

ദ്ധ്യാപകർ ഉൾപ്പെടുന്ന ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്കു നൽകുന്ന നിരക്കിൽ ശമ്പളവും മറ്റു ആനുകൂല്യങ്ങളും റിട്ടയർ ചെയ്തവർക്ക് പെൻഷനും നൽകുന്നു. 2014ൽ ട്രഷറി വഴി ശമ്പളം വാങ്ങുന്ന സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം 1,42,564 ആണ്. അഥവാ മൊത്തം ജീവനക്കാരുടെ 28 ശതമാനം. 2012–13ൽ സർക്കാരിന്റെ മൊത്തം ശമ്പള ചെലവിന്റെ 32 ശതമാനവും ചെലവിട്ടത് സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുവേണ്ടിയാണ്.

സർക്കാരാണ് ശമ്പളം നൽകുന്നതെങ്കിലും ജീവനക്കാരെ നിയമിക്കുന്നത് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. സർക്കാർ ജീവനക്കാർക്കു ലഭിക്കുന്ന നിരക്കിൽ ശമ്പളവും പെൻഷനും മറ്റു ആനുകൂല്യങ്ങളും ലഭിക്കുന്നതുമൂലം ഈ മേഖലയിൽ ജോലി ലഭിക്കാൻ വൻ തുക കോഴയായി സ്വകാര്യ സ്ഥാപനങ്ങൾ വാങ്ങുന്നു. എന്നാൽ ഇവർക്കു സർക്കാർ ജീവനക്കാരുടെ സർവീസ് നിബന്ധനകൾ ബാധകമല്ല. തെരഞ്ഞെടുപ്പിൽ മത്സരിക്കാനും രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കാനും സ്വാതന്ത്ര്യമുണ്ട്. പ്ലസ്ടു, കോളേജുകൾ എന്നിവയിലെ മാനേജ്മെന്റ് സീറ്റിൽ അഡ്മിഷനുവേണ്ടി കുട്ടികളിൽ നിന്നും വലിയ തുക കോഴ വാങ്ങുന്നു. ചുരുക്കത്തിൽ സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസം ഏറ്റവും ലാഭമുള്ള ഒരു വൻ ബിസിനസ്സായി മാറിയിരിക്കുന്നു. ഈ മേഖലയിൽ പുതിയ ബാച്ചുകളും സ്ഥാപനങ്ങളും തുടങ്ങാൻ സമ്മർദ്ദഗ്രൂപ്പുകൾ വലിയ സ്വാധീനം സർക്കാരുകളിൽ ചെലുത്തുന്നു. ഈ സ്ഥാപനങ്ങൾ ശക്തരായ മത, ജാതി, സാമൂഹ്യ സംഘടനകളോ വ്യക്തികളോ ആണ് നടത്തുന്നത്. ഈ കൂട്ടർക്ക് തെരഞ്ഞെടുപ്പിൽ സ്വാധീനം ചെലുത്താൻ കഴിയുമെന്ന് രാഷ്ട്രീയ പാർട്ടികൾ കരുതുന്നു. തന്മൂലം ഈ വിഭാഗങ്ങൾക്ക് കൂടുതൽ സ്ഥാപനങ്ങളും ബാച്ചുകളും സർക്കാരുകൾ അനുവദിച്ചു നൽകുന്നു. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പ്രധാന ചെലവ് ശമ്പളയിനത്തിനുള്ളതായതിനാൽ പുതുതായി തുടങ്ങുന്ന ഓരോ സ്ഥാപനത്തിന്റെയും ബാച്ചിന്റെയും ധനബാധ്യത ആ സ്ഥാപനം നിലനിൽക്കുന്ന കാലത്തോളം തുടരും. ഓരോ വർഷവും വൻ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്ന ഒരു പ്രസ്ഥാനമാണ് എയ്ഡഡ് വിദ്യാഭ്യാസ മേഖല.

ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വേണ്ടത്ര കുട്ടികളില്ലെങ്കിലും അവയെ നിലനിർത്തുക, അധികമുള്ള അദ്ധ്യാപകരെ പിരിച്ചുവിടാതെ ശമ്പളം കൊടുക്കുക, അൺ എക്കണോമിക് സ്കൂളുകളിലെ വിരമിച്ച തസ്തികകളിൽ പുതിയ നിയമനം നടത്താൻ അനുവദിച്ച് സ്ഥാപനത്തിന്

വൻതുക കോഴ വാങ്ങാൻ സൗകര്യം നൽകുക, തുടങ്ങിയവ എയ്ഡഡ് വിദ്യാഭ്യാസ നയമായി സർക്കാരുകൾ അനുവർത്തിക്കുന്നു. കഴിഞ്ഞ ആറു ദശാബ്ദക്കാലത്ത് ജനസംഖ്യാ വർദ്ധന നിരക്കിൽ ഗണ്യമായ കുറവുണ്ടായതുമൂലം കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായി. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം മോശമെന്നു കരുതി സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികളെ ചേർക്കാൻ മാതാപിതാക്കൾ താൽപര്യപ്പെടുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. സ്വകാര്യ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ നിക്ഷേപകർ തയ്യാറുമാണ്. ഇതൊന്നും പരിഗണിക്കാതെ സർക്കാരിന്റെ ട്രഷറി മുടിക്കുന്ന പുതിയ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും പുതിയ ബാച്ചുകളും സർക്കാരുകൾ തുടങ്ങാൻ അനുമതി നൽകുന്നു. സ്വകാര്യ എയ്ഡഡ് സ്കൂളുകളിൽ വേണ്ടത്ര വിദ്യാർത്ഥികൾ ഇല്ലാത്ത അൺ എക്കണോമിക് സ്കൂളുകളുടെ എണ്ണം തുടർച്ചയായി വർദ്ധിക്കുന്നു. 2004-05ൽ മൊത്തം സ്വകാര്യ എയ്ഡഡ് സ്കൂളുകളിൽ 19 ശതമാനം അൺ എക്കണോമിക് ആയിരുന്നത് 2013-14ൽ 40 ശതമാനമായി വർദ്ധിച്ചു. ഈ സ്കൂളുകളിലെ ആയിരക്കണക്കിന് അധിക അദ്ധ്യാപകർക്ക് വെറുതെ ശമ്പളം നൽകുന്നു. മാത്രമല്ല പ്രതിവർഷം വൻ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്ന എയ്ഡഡ് പ്ലസ്ടു സ്കൂളുകളും തുടങ്ങാൻ അനുമതി നൽകുന്നു. കഴിഞ്ഞ ചില വർഷങ്ങൾക്കുള്ളിൽ 167 എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾക്കും പത്ത് ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കും നിലവിലുള്ള സ്ഥാപനങ്ങളിൽ ഒട്ടനവധി പുതിയ ബാച്ചുകളും സൃഷ്ടിച്ചു. സമ്മർദ്ദ ഗ്രൂപ്പുകളെ തൃപ്തിപ്പെടുത്താൻ വേണ്ടി സർക്കാരിന്റെ പരിമിതമായ വിഭവങ്ങൾ വാരി എറിയുന്ന ഈ നടപടി സർക്കാരിന്റെ തുടർച്ചയായ ധനപ്രതിസന്ധിയ്ക്കുള്ള ഒരു പ്രധാന കാരണമാണ്.

## 7. ബി.പി.എൽ രാഷ്ട്രീയം

ബി.പി.എൽ (Below Povery line) എന്നാൽ ദാരിദ്ര്യ രേഖയ്ക്കു താഴെ ജീവിതനിലവാരവും ഉപഭോഗവുമുള്ള ദരിദ്രരാണ്. ദരിദ്രരെയും അല്ലാത്തവരെയും തമ്മിൽ വേർതിരിക്കുന്ന ഒരു രേഖയാണിത്. ലോകത്ത് അവതരിപ്പിക്കപ്പെട്ടിട്ടുള്ള രാഷ്ട്രീയ സിദ്ധാന്തങ്ങളുടെയും പ്രധാന വിഷയം ദാരിദ്ര്യമാണ്. ദരിദ്രരെ സമ്പന്നരാക്കാനുള്ള രാഷ്ട്രീയ പ്രവർത്തനമാണ് രാഷ്ട്രീയ പാർട്ടികൾ ലോകമെമ്പാടും നടത്തിക്കൊണ്ടിരിക്കുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജനമാണ് നമ്മുടെ ദേശീയ ലക്ഷ്യവും. എന്നാൽ കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെ പ്രധാന പരിപാടി എ.പി.എൽ (Above poverty line)

ആയവരെ ബി.പി.എൽ ആക്കുകയാണ്. ബി.പി.എൽ. കുടുംബങ്ങളിലെ അംഗങ്ങൾക്ക് സൗജന്യ നിരക്കിൽ റേഷൻ അരിയും മറ്റു ഭക്ഷ്യധാന്യങ്ങൾ, സൗജന്യ ആരോഗ്യ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, സൗജന്യ വീട്, വീടു വയ്ക്കാൻ ഭൂമി, പ്രതിമാസ സാമൂഹ്യ സുരക്ഷ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാണ്. സൗജന്യമായോ കുറഞ്ഞ നിരക്കിലോ ഇത് നൽകുക എന്നാൽ സംസ്ഥാന സർക്കാർ ഇതിന്റെ ധനബാദ്ധ്യത ഏറ്റെടുക്കുന്നുവെന്നാണ്. ബി.പി.എൽ മാനദണ്ഡങ്ങളനുസരിച്ച് അർഹതയില്ലാത്ത വലിയ വിഭാഗം പേർക്ക് രാഷ്ട്രീയ പരിഗണനയുടെ അടിസ്ഥാനത്തിൽ ബി.പി.എൽ ആക്കുന്ന പ്രവണത വളരെ വ്യാപകമാണ്. രാഷ്ട്രീയ ഇടപെടൽ ഉപയോഗിച്ച് ഒരു കുടുംബത്തെ ബി.പി.എൽ ആക്കി മാറ്റുക എന്നത് വലിയ നേട്ടമായി പ്രാദേശിക രാഷ്ട്രീയ നേതാക്കൾ കരുതുന്നു.

കേന്ദ്ര ആസൂത്രണ കമ്മിഷന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് 2012–ൽ കേരളത്തിൽ 23.9 ലക്ഷം പേർ അഥവാ, ജനസംഖ്യയുടെ 7.1 ശതമാനം പേർ ദാരിദ്ര്യരേഖക്കു താഴെയുള്ളവരാണ്. എന്നാൽ കേരളത്തിൽ 2016 -ലുള്ള 82.60 ലക്ഷം റേഷൻ കാർഡുകളിൽ 25 ശതമാനവും ബി.പി.എൽ കാർഡുകളാണ്. അതായത് 25 ശതമാനം കുടുംബങ്ങൾ അഥവാ 82.88 ലക്ഷം ജനങ്ങൾ ദരിദ്രരാണ്. ഇവർ ബി.പി.എൽ ആനുകൂല്യങ്ങൾക്ക് അർഹരാണ്. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 2012ൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകൾ 1.29 ലക്ഷമാണ്. ഇതിൽ 52 ശതമാനവും ബി.പി.എൽ റേഷൻ കാർഡിനു വേണ്ടിയുള്ള അപേക്ഷകളായിരുന്നു. ദരിദ്രജനങ്ങളുടെ കഴിവുകൾ വികസിപ്പിച്ചും, തൊഴിൽ വരുമാന സാധ്യതകൾ വർധിപ്പിച്ചും, സാമ്പത്തിക നില ഉയർത്തിയും, സ്വന്തം കാലിൽ നിൽക്കാൻ ജനങ്ങളെ പ്രാപ്തമാക്കുന്നതിനുപകരം ബി.പി.എൽ ആനുകൂല്യങ്ങൾ നൽകി നിഷ്ക്രിയരാക്കി നിത്യ ദാരിദ്ര്യത്തിൽ നിലനിർത്തുന്നതാണ് തങ്ങൾക്ക് രാഷ്ട്രീയ നേട്ടമുണ്ടാക്കുന്ന നടപടിയെന്ന് രാഷ്ട്രീയ പാർട്ടികൾ കരുതുന്നു. ദാരിദ്ര്യം മാറി ധനസ്ഥിതി മെച്ചപ്പെടുമ്പോൾ രാഷ്ട്രീയ നേതാക്കളോടുള്ള ആശ്രിതത്വം കുറയുന്ന സാമൂഹ്യമാറ്റം ഉണ്ടാകാറുണ്ട്. ഇത്തരത്തിലുള്ള മാറ്റം വരുന്നതിൽ പൊതുവിൽ രാഷ്ട്രീയ പാർട്ടികൾക്കു താൽപര്യമില്ല.

## 8) പൊതുമേഖലാ മുതലെടുപ്പ് രാഷ്ട്രീയം

വ്യവസായ വികസനത്തിനും മെച്ചമായ തൊഴിൽ അവസരങ്ങൾ പൊതു സർവീസുകൾ, ഉത്പന്നങ്ങൾ എന്നിവ സൃഷ്ടിക്കുന്നതിന് പൊതു മേഖലാ സ്ഥാപനങ്ങൾക്ക് സുപ്രധാന പങ്കാണുള്ളത്. എന്നാൽ കഴിഞ്ഞ

ആറു ദശാബ്ദക്കാലത്ത് സംസ്ഥാനത്ത് മൂലധന നിക്ഷേപമായും വായ്പ യായും മറ്റു ആനുകൂല്യങ്ങളായും വൻതുക നൽകിയിട്ടും ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. സി.എ.ജി. റിപ്പോർട്ടനുസ രിച്ച് 2015 മാർച്ചിൽ സംസ്ഥാനത്ത് 126 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ഇവയിൽ 107 കമ്പനികളും 4 സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനും പ്രവർത്തിക്കു ന്നതും മറ്റു 15 എണ്ണം പ്രവർത്തനം നിലച്ചതുമാണ്. കാർഷികം, ധനകാര്യം, അടിസ്ഥാന ഘടകം, വ്യവസായം, വൈദ്യുതി, സർവീസ് എന്നീ മേഖല കളിലാണ് പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2014-15ൽ അമ്പതു സ്ഥാപനങ്ങൾ 498 കോടി രൂപ ലാഭം നേടിയപ്പോൾ 53 എണ്ണം 890 കോടി രൂപയുടെ നഷ്ടം വരുത്തി. നഷ്ടത്തിൽ നടക്കുന്ന സ്ഥാപന ങ്ങളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനാണ് (കെ.എസ്.ആർ.റ്റി.സി.). 2015-16ലെ നഷ്ടം 508 കോടി രൂപ. ഈ സ്ഥാപനത്തിന്റെ ഇതുവരെയുള്ള മൊത്തം നഷ്ടം 3026 കോടിയാണ്. ജീവനക്കാർക്ക് പ്രതിമാസം ശമ്പളവും റിട്ടയർ ചെയ്തവർക്ക് പെൻഷനും നൽകാൻ ഈ സ്ഥാപനം കടം വാങ്ങുകയും സംസ്ഥാന സർക്കാരിന്റെ ധനസഹായത്തേയും ആശ്രയിക്കുന്ന പരിതാ പകരമായ സ്ഥിതിയിൽ എത്തിനിൽക്കുന്നു.

1950കളിൽ മുതലാളിത്ത വ്യവസ്ഥിതിയിൽ നിന്ന് സോഷ്യലിസ്റ്റ് വ്യവ സ്ഥിതിയിലേക്കുള്ള മാറ്റത്തിന്റെ ആദ്യഘട്ടമായാണ് പൊതുമേഖലാ സ്ഥാപനങ്ങളെ രാഷ്ട്രീയ പാർട്ടികൾ കണ്ടത്. എന്നാൽ കഴിഞ്ഞ ആറു ദശാബ്ദക്കാലത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം പരി ശോധിച്ചാൽ ഈ സ്ഥാപനങ്ങൾ മുന്നോട്ടു പോകുന്നതിനുപകരം പിന്നോട്ടു പോകുന്നതായി കാണാം. കേരളത്തിന്റെ രാഷ്ട്രീയ കാലാവസ്ഥയിൽ ഈ സ്ഥാപനങ്ങൾ തളരുകയാണ്. പ്രവർത്തനം മെച്ചമാക്കി ലാഭം നേടാൻ ഈ സ്ഥാപനങ്ങൾക്കു കഴിയുന്നില്ല. തുടർച്ചയായുള്ള നഷ്ടം ഈ സ്ഥാപ നങ്ങളുടെ സാമ്പത്തിക അടിത്തറ തകർത്തിരിക്കുന്നു. സംസ്ഥാന സർക്കാർ വായ്പയായി ഈ സ്ഥാപനങ്ങൾക്കു നൽകുന്ന തുകയുടെ പലിശപോലും തിരിച്ചടയ്ക്കുന്നില്ല. പല പൊതുമേഖലാ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരിന് നൽകേണ്ട നികുതികളോ, വാടകകളോ മറ്റും കൊടുക്കേണ്ട തുകകളോ അടയ്ക്കുന്നില്ല. സർക്കാർ ഗ്യാരന്റിയിൽ ബാങ്കുകളിൽ നിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കേണ്ട ബാദ്ധ്യത സർക്കാർ ഏറ്റെടുക്കേണ്ട അവസ്ഥയിലുമാണ്.

പൊതുമേഖലാ സ്ഥാപനങ്ങളെ കാര്യക്ഷമവും ലാഭകരമായും നടത്താൻ കേരളത്തിൽ കഴിഞ്ഞ ആറു ദശാബ്ദകാലത്ത് അധികാരത്തിലിരുന്ന സർക്കാരുകൾ വേണ്ടത്ര പ്രാധാന്യം നൽകിയിരുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളെ, അധികാരത്തിലിരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ താൽപര്യത്തിനുവേണ്ടി ഉപയോഗിക്കേണ്ട ഉപകരണങ്ങളായിട്ടാണ് പൊതുവിൽ കണ്ടിരുന്നത്. പൊതുമേഖലാ സ്ഥാപനത്തിന്റെ ജീവനക്കാരെ തങ്ങളുടെ ട്രേഡ്‌യൂണിയനിലേക്കു കൊണ്ടുവരാൻ വഴിവിട്ടു നടപടികൾ സ്വീകരിക്കുക, സ്ഥാപനത്തിന്റെ എല്ലാ തരത്തിലുമുള്ള പ്രവർത്തനത്തിൽ ഇടപെട്ട് സ്വകാര്യ സാമ്പത്തികനേട്ടം ഉണ്ടാക്കുക, രാഷ്ട്രീയ നേട്ടമുണ്ടാക്കുക എന്നിവയ്ക്കാണ് അവർ മുൻഗണന നൽകിയത്. കാര്യക്ഷമത വർദ്ധിപ്പിക്കാനും കമ്പോളത്തിൽ വിറ്റഴിക്കാൻ പറ്റിയ ഉത്പന്നങ്ങളും സർവീസുകളും ഉത്പാദിപ്പിക്കാനും, ആധുനിക സാങ്കേതിക വിദ്യയിലേക്കു മാറാനും, ചെലവുകൾ ചുരുക്കാനും, ലാഭം നേടാനും വേണ്ട ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായില്ല. ഈ സ്ഥാപനങ്ങൾ നടത്തികൊണ്ടുപോകാൻ കഴിവുള്ള പ്രൊഫഷണൽ മാനേജർമാരെ നിയമിക്കാനും സർക്കാരുകൾ ശ്രമിച്ചില്ല. രാഷ്ട്രീയക്കാർക്കും, സാധാരണ സർവീസിലുള്ളവർക്കും പോലീസ് ഓഫീസർമാർക്കും ഈ സ്ഥാപനങ്ങളുടെ നടത്തിപ്പ് ഏൽപ്പിച്ചു. രാഷ്ട്രീയക്കാരെ ഈ സ്ഥാപനങ്ങളുടെ ചെയർമാൻ പദവിയിലും മറ്റു സുപ്രധാന സ്ഥാനങ്ങളിലും നിയമിച്ചു രാഷ്ട്രീയ താൽപര്യങ്ങൾക്കു വിധേയമാക്കി. രാഷ്ട്രീയരംഗത്തുനിന്നു പല കാരണങ്ങളാൽ പിൻതള്ളപ്പെടുന്നവരെ പുനരധിവസിപ്പിക്കാനുള്ള സ്ഥാപനങ്ങളായി ഇവ മാറി. തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ സീറ്റു ലഭിക്കാത്തവർ, പ്രായാധിക്യം മൂലം സജീവ രാഷ്ട്രീയത്തിൽ നിന്ന് ഒഴിവാക്കിയവർ, നിയമസഭയിൽ ഒരു എം.എൽ.എ പോലും ഇല്ലാത്ത രാഷ്ട്രീയ പാർട്ടി നേതാക്കൾ, പാർട്ടിസ്ഥാനങ്ങളിൽ നിന്ന് ഒഴിവാക്കിയവർ തുടങ്ങിയവരെ പുനരധിവസിപ്പിക്കാനുള്ള സ്ഥാപനങ്ങളായി ഇവ മാറി. ഭരണമുന്നണിയിലെ മന്ത്രിമാരുടെ വകുപ്പുകൾ വീതം വയ്ക്കുന്നതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളെയും രാഷ്ട്രീയ പാർട്ടികൾ വീതം വയ്ക്കുന്നു. ഈ സാഹചര്യത്തിൽ രാഷ്ട്രീയ ഇടപെടൽ നടത്തി നശിപ്പിക്കേണ്ട സ്ഥാപനങ്ങളായി ഇവ മാറിക്കൊണ്ടിരിക്കുന്നു.

### 9) വികസന പദ്ധതികൾ പ്രചരണത്തിനുവേണ്ടി

കഴിഞ്ഞ ആറു ദശാബ്ദകാലത്ത് കേരളത്തിലെ വികസന കാഴ്ചപ്പാടുകളിൽ വലിയ മാറ്റം വന്നിരിക്കുന്നു. സംസ്ഥാന രൂപീകരണത്തിനു

ശേഷമുള്ള ആദ്യ മൂന്നു ദശാബ്ദങ്ങളിൽ (1956 മുതൽ 1986വരെ) അടിസ്ഥാന ഘടക വികസനത്തിന് മുന്തിയ പരിഗണന നൽകി വികസനം നേടുക എന്ന നയത്തിന് ഏറ്റവും ഉയർന്ന പരിഗണനയുണ്ടായിരുന്നു. റോഡുകൾ, പാലങ്ങൾ, മറ്റു ഗതാഗത മാർഗ്ഗങ്ങൾ, വൈദ്യുതി, കുടിവെള്ള വിതരണം, പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവകലാശാലകൾ, ആശുപത്രികൾ, അണക്കെട്ടുകൾ, ജലസേചനം, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് വലിയ പ്രാധാന്യം സംസ്ഥാന സർക്കാരിന്റെ ബജറ്റിലെ വാർഷിക പദ്ധതികളിൽ ഉണ്ടായിരുന്നു. സർക്കാരിന്റെ വിഭവങ്ങൾ പരിമിതമായിരുന്നുവെങ്കിലും അതിൽനിന്ന് ഒരു ഭാഗം ഉപയോഗിച്ചും, കടം വാങ്ങിയും, കേന്ദ്രപദ്ധതി സഹായവും ചേർത്ത് വാർഷിക പദ്ധതിക്കു പണം കണ്ടെത്തിയിരുന്നു. ഇന്നു സംസ്ഥാനത്തുള്ള ഏതാണ്ട് എല്ലാ അടിസ്ഥാന ഘടകങ്ങളും സൃഷ്ടിക്കപ്പെട്ടത് ഈ കാലഘട്ടത്തിലാണ്. രാഷ്ട്രീയ നേതാക്കൾ, എം.എൽ.എമാർ, മന്ത്രിമാർ തുടങ്ങിയവർ വാർഷിക പദ്ധതികൾക്ക് വലിയ പ്രാധാന്യം നൽകിയിരുന്നു. ശമ്പളം, പെൻഷൻ, മറ്റു നിത്യനിദാന ചെലവുകൾ എന്നിവ കുറവായിരുന്നതിനാൽ വികസനത്തിനു നീക്കിവയ്ക്കാൻ പണമുണ്ടായിരുന്നു.

ഈ സ്ഥിതിയിൽ പിൽക്കാലത്തു വലിയ മാറ്റം വന്നു. 1980കളുടെ രണ്ടാം പകുതിയോടുകൂടി ധനപ്രതിസന്ധി വർദ്ധിക്കാൻ തുടങ്ങി. നിത്യനിദാന ചെലവുകൾക്കുപോലും പണം ഇല്ലാത്ത അവസ്ഥയിലായി. 1998–2001 കാലത്തെ ധനതകർച്ചയെതുടർന്ന് വികസന പദ്ധതികൾക്ക് പണം ഇല്ലാത്ത അവസ്ഥയുണ്ടായി. വർദ്ധിച്ചുവരുന്ന നിത്യനിദാന ചെലവുകൾ, ശമ്പളം, പെൻഷൻ എന്നീ ചെലവുകൾ വെട്ടിക്കുറയ്ക്കാൻ തുടങ്ങി. 2016 ആയപ്പോൾ ധനപ്രതിസന്ധി സംസ്ഥാന വികസനത്തെ തളർത്തുന്ന നിലയിലേക്ക് എത്തി. സംസ്ഥാന രൂപീകരണത്തിനുശേഷമുള്ള ആറു ദശാബ്ദ കാലത്തെ ചരിത്രത്തിൽ ആദ്യമായി വികസനത്തിനു പണം ബജറ്റിൽ ഇല്ലാത്ത പരിതാപകരമായ സ്ഥിതിയിൽ ധനസ്ഥിതി എത്തിച്ചേർന്നു.

സംസ്ഥാന രൂപീകരണത്തിനുശേഷമുള്ള വാർഷിക പദ്ധതികൾ, വൻകിട പ്രോജക്ടുകളുടെ നടത്തിപ്പ്, മൂലധന ചെലവ് എന്നിവ പരിശോധിച്ചാൽ നിത്യനിദാന ചെലവുകൾ (ശമ്പളം, പെൻഷൻ, ടീച്ചിംഗ് ഗ്രാന്റ്, പലിശ തുടങ്ങിയവ) കുറവായിരുന്ന കാലഘട്ടത്തിൽ കൂടുതൽ വിഭവങ്ങൾ വികസനത്തിനുവേണ്ടി ചെലവാക്കിയിരുന്നു. ഇതുമൂലം അടിസ്ഥാന ഘടകവികസനത്തിൽ സംസ്ഥാനം വളരെ മുന്നോട്ടു പോയി. എന്നാൽ നിത്യനിദാന ചെലവുകൾ കുതിച്ചുയർന്നപ്പോൾ ഏറ്റവും വലിയ വെട്ടി

ചുരുക്കൽ വന്നത് വികസന ചെലവിലാണ്. ചുരുക്കത്തിൽ സർക്കാരിന്റെ ധനവിനിയോഗത്തിൽ, വികസനത്തിനു കാര്യമായ സ്ഥാനം ഇല്ലാത്ത അവസ്ഥയിലേക്കു കേരളം നീങ്ങുന്നു.

വികസനം വിട്ട് ആനുകൂല്യ വിതരണമാണ് തെരെഞ്ഞെടുപ്പിൽ വിജയിക്കാൻ നല്ലതെന്ന് രാഷ്ട്രീയ നേതൃത്വം കരുതാൻ തുടങ്ങി. വികസന പദ്ധതികൾ നടത്തിയിരുന്ന ഭരണ സംവിധാനങ്ങൾ ജീർണ്ണതയിലായി. വികസന പദ്ധതികൾ തെരെഞ്ഞെടുപ്പ് കാലത്തോ, ബജറ്റ് അവതരിപ്പിക്കുമ്പോഴോ, പ്രചരണത്തിനോ, പരസ്യത്തിനോ വേണ്ടി പറയുന്ന സ്ഥിതിയിൽ കാര്യങ്ങൾ എത്തി. ഒരു വൻകിട വികസന പദ്ധതിയും കാര്യക്ഷമമായി രൂപീകരിക്കാനോ, സമയബന്ധിതമായി നടത്താനോ ഉള്ളതാണെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരോ, വകുപ്പു മേധാവിയോ, മന്ത്രിയോ കാണാത്ത അവസ്ഥയുണ്ടായി. വഴിപാടു നടത്തുന്നതുപോലെ ഭൂരിഭാഗം വികസന പദ്ധതികളും നടത്തുന്നു. വികസന പ്രോജക്ടുകളുടെ പരിതാപകരമായ നടത്തിപ്പിന്റെ ഒരു ചിത്രം 2014-15ലെ സി.എ.ജിയുടെ റിപ്പോർട്ടിൽ നൽകിയിട്ടുണ്ട്. പൂർത്തീകരിക്കാൻ നിശ്ചയിച്ച സമയത്ത് പൂർത്തീകരിക്കാൻ കഴിയാത്ത ഒരു കോടി രൂപയ്ക്കുമേൽ പ്രോജക്ട് തുകയുള്ള 236 പ്രോജക്ടുകളുടെ പട്ടിക ഈ റിപ്പോർട്ടിലുണ്ട് (CAG, Finance Accounts 2014-15, Vol. II). ചുരുക്കത്തിൽ വികസന പ്രോജക്ടുകൾ നടപ്പിലാക്കാനുള്ളതല്ല മറിച്ച് പ്രചരണത്തിനോ പരസ്യത്തിനോ ഉപയോഗിക്കാനുള്ള ഒരു രേഖയായി രൂപം മാറിയിരിക്കുന്നു.

## ഉപസംഹാരം

മുകളിൽ നടത്തിയ ധനധൂർത്ത്രാഷ്ട്രീയത്തെക്കുറിച്ചുള്ള വിശകലനം ഉപസംഹരിക്കാം. (1) ഒരു സർക്കാർ ജനങ്ങളിൽ നിന്ന് നികുതിയായും മറ്റിനങ്ങളിലും പിരിക്കുന്ന തുകയും മറ്റു വരുമാനങ്ങളും കടമെടുക്കുന്ന തുകയും ഭരണം മെച്ചപ്പെടുത്തുന്നതിനും, ജനങ്ങളുടെ ക്ഷേമത്തിനും, നാടിന്റെ വികസനത്തിനും ചെലവാക്കുന്നതിനുപകരം രാഷ്ട്രീയ അധികാരം നിലനിർത്താനും, രാഷ്ട്രീയ നേട്ടങ്ങൾ നേടാനും, ബ്യൂറോക്രസി, സമ്മർദ്ദഗ്രൂപ്പുകൾ, രാഷ്ട്രീയ മുന്നണികൾ എന്നിവയുടെ നിക്ഷിപ്ത താൽപര്യങ്ങൾ സംരക്ഷിക്കാനും ഭരണവർഗ്ഗത്തിന്റെ ആഡംബരത്തിനും ധൂർത്തിനും ചെലവാക്കുന്നതിനെ ധനധൂർത്ത് എന്നു പറയാം. (2) ജനക്ഷേമത്തിനും നാടിന്റെ വികസനത്തിനും ചെലവാക്കേണ്ട വിഭവങ്ങളിൽ നല്ലൊരു പങ്കും ബ്യൂറോക്രസി വികസനത്തിലൂടെ സർക്കാർ ജീവനക്കാരും മറ്റു സമ്മർദ്ദ ഗ്രൂപ്പുകളും തട്ടിയെടുക്കുന്നു. (3) ഒരുവശത്ത് വോട്ടർ പ്രീണന

ധനരാഷ്ട്രീയം സർക്കാരിന്റെ വരുമാന സ്രോതസ്സുകൾ (നികുതികളും നികുതിയേതരയിനങ്ങളും) വർദ്ധിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നു. എന്നാൽ മറുവശത്ത് ആനുകൂല്യ വിതരണ പരിപാടികളും ധനധൂർത്തും നിത്യനിദാന ചെലവുകൾ അനിയന്ത്രിതമായി വർദ്ധിപ്പിച്ച് അവസാനിക്കാത്ത ധനപ്രതിസന്ധി സൃഷ്ടിക്കുന്നു. (4) സംസ്ഥാനത്ത് അധികാരത്തിലിരുന്ന സർക്കാരുകൾ സമ്മർദ്ദ ഗ്രൂപ്പുകൾക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ സഹായകരവും, സർക്കാരിന് ധനനഷ്ടം സൃഷ്ടിക്കുന്ന നടപടികളാണ് പൊതുവിൽ സ്വീകരിക്കുന്നത്. സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെ സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, നികുതി നൽകുന്ന പല വിഭാഗക്കാർ, വ്യാപാരി വ്യവസായി സംഘടനകൾ, ജാതി മത, സാമൂഹ്യ സംഘടനകൾ, സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നവർ, സർക്കാർ ഭൂമിയും വന ഭൂമിയും പാട്ടത്തിനെടുക്കുന്നവർ, മണൽ, മണ്ണ്, പാറ തുടങ്ങിയവ ഖനനം ചെയ്യുന്നവർ തുടങ്ങിയവർ സമ്മർദ്ദ ഗ്രൂപ്പുകളിൽ ഉൾപ്പെടുന്നു. (5) സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഫണ്ടു കൊണ്ടു പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവയിലെ ഉദ്യോഗസ്ഥർ, മേധാവികൾ തുടങ്ങിയവർ പൊതു പണം ധൂർത്തടിച്ചു ചെലവാക്കുന്ന പ്രവണത വ്യാപകമാണ്. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ അമിത വലിപ്പം, വൻ വലിപ്പമുള്ള പബ്ലിക് സർവീസ് കമ്മിഷൻ, സർവ്വകലാശാല സിൻഡിക്കേറ്റുകൾ, മറ്റു സർക്കാർ സമിതികൾ, ഔദ്യോഗിക ആഡംബര കാറുകൾ, സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം, ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നൽകുന്ന പരിധിയില്ലാത്ത ആനുകൂല്യങ്ങൾ വസൂലാക്കുന്ന തുച്ഛമായ യൂസർ ചാർജുകൾ തുടങ്ങിയവ ഇതിനുള്ള ചില ഉദാഹരണങ്ങളാണ്. (6) കേന്ദ്ര സർക്കാർ പത്തു വർഷത്തിലൊരിക്കൽ ശമ്പളവും പെൻഷനും പരിഷ്ക്കരിക്കുമ്പോൾ രാഷ്ട്രീയ പാർട്ടികളുടെ ഘടകങ്ങളായുള്ള സംസ്ഥാന ജീവനക്കാരുടെ ട്രേഡ് യൂണിയനുകളെ തൃപ്തിപ്പെടുത്താൻ സംസ്ഥാനത്ത് അഞ്ചു വർഷത്തിലൊരിക്കൽ പരിഷ്കരിക്കുന്നു. ഇതിനുപുറമെ പ്രതിവർഷം ശരാശരി രണ്ട് ഡി.എ വർദ്ധനവും നടപ്പിലാക്കുന്നു. (7) സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒരു ധനപരിധിയും നോക്കാതെ സർക്കാർ പുതിയ ബാച്ചുകൾ, സ്ഥാപനങ്ങൾ തുടങ്ങിയവ അനുവദിക്കുന്നു. (8) ലോകത്തെമ്പാടുമുള്ള രാഷ്ട്രീയ പാർട്ടികൾ ദരിദ്രനെ സമ്പത്തുള്ളവനാക്കാനുള്ള രാഷ്ട്രീയ പ്രവർത്തനമാണ് നടത്തുന്നത്.

എന്നാൽ കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെ പ്രധാന പ്രവർത്തനം ജനങ്ങളെ ദരിദ്രനാക്കി (ബി.പി.എൽ) സർക്കാർ ധനസഹായ വിതരണ മാണ്. (9) കാര്യക്ഷമവും ലാഭകരമായും നടത്തേണ്ട സ്ഥാപനങ്ങളാണ് പൊതുമേഖലാ സ്ഥാപനങ്ങളെന്ന് രാഷ്ട്രീയ പാർട്ടികളോ, ട്രേഡ് യൂണി യനുകളോ, സർക്കാരോ കാണുന്നില്ല. അധികാരത്തിലിരിക്കുന്ന പാർട്ടി യുടെ രാഷ്ട്രീയ താൽപര്യങ്ങളും സ്ഥാപനത്തിന്റെ തലപ്പത്തിരിക്കുന്ന വരുടെ വ്യക്തിതാൽപര്യങ്ങളും നേടാനുള്ള ഉപകരണമായാണ് ഇവയെ കാണുന്നത്. (10) സംസ്ഥാനത്തെ വാർഷിക പദ്ധതിയും മറ്റു വികസന പദ്ധതികളും കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കേണ്ട താണെന്ന് ഇതിന് ഉത്തരവാദപ്പെട്ടവർ (വകുപ്പിലെ ഉദ്യോഗസ്ഥർ, വകുപ്പു മേധാവി, വകുപ്പു മന്ത്രി) കാണുന്നില്ല. തെരഞ്ഞെടുപ്പു കാലത്തും, ബജറ്റ് അവതരണ സമയത്തും, പ്രചരണത്തിനോ പരസ്യത്തിനോ വേണ്ടി പറയാ നുള്ള ഒരു വിഷയമായാണ് സർക്കാർ, രാഷ്ട്രീയ പാർട്ടികൾ, മന്ത്രിമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ വാർഷിക പദ്ധതികളെ കാണുന്നത്.

## അദ്ധ്യായം മൂന്ന്

# സംസ്ഥാന സർക്കാരിന്റെ ധനപ്രതിസന്ധി

"കഴിഞ്ഞ മൂന്നു ദശാബ്ദക്കാലമായി സംസ്ഥാന സർക്കാർ തുടർച്ചയായി ധനപ്രതിസന്ധിയിലാണ്. വേലിയേറ്റം ഉണ്ടാകുന്നതുപോലെ ചിലപ്പോൾ അതിരൂക്ഷവും മറ്റു സമയത്ത് രൂക്ഷത കുറഞ്ഞ പ്രതിഭാസമായി ഇതു നിലനിൽക്കുന്നു. മൂന്നു ദശാബ്ദക്കാലം പഴക്കമുള്ള ഈ പ്രതിസന്ധിക്ക് പല കാരണങ്ങളുണ്ടെങ്കിലും മൂലകാരണം അഞ്ചു വർഷത്തിലൊരിക്കലുള്ള ശമ്പള പെൻഷൻ പരിഷ്കരണവും വർഷത്തിൽ രണ്ടു തവണയുള്ള ഡി.എ. വർദ്ധനവുമാണ്''.

കഴിഞ്ഞ മൂന്നു ദശാബ്ദക്കാലത്ത് സംസ്ഥാനം ധനപ്രതിസന്ധിയിലായിരുന്നു. ഈ കാലയളവിലെ ചില വർഷങ്ങളിൽ ധനപ്രതിസന്ധിയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ടെങ്കിലും പൊതുവിൽ ധനപ്രതിസന്ധിയിലായിരുന്നു. 1980 കളിലെ ആദ്യ പകുതിയിൽ ധനപ്രതിസന്ധി രൂപപ്പെടുകയും രണ്ടാം പകുതിയിൽ മോശമായ നിലയിലേക്ക് എത്തുകയും ചെയ്തു. എന്നാൽ ധനകാര്യനില തകർച്ചയിലേക്ക് നീങ്ങിയത് 1998–2001 കാലഘട്ടത്തിലാണ്. 2001ലെ ധവളപത്രം സംസ്ഥാന സർക്കാർ അഭിമുഖീകരിച്ച ധനപ്രതിസന്ധിയുടെ ഒരു രൂപം നൽകുന്നു. ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശാബ്ദകാലത്ത് ധനപ്രതിസന്ധിയിൽ കുറെ മാറ്റമുണ്ടായെങ്കിലും ധനപ്രതിസന്ധി തുടർന്നു. വീണ്ടും ധവളപത്രങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. 2011ൽ അധികാരത്തിൽ വന്ന യു.ഡി.എഫ് സർക്കാർ പ്രസിദ്ധീകരിച്ച ധവളപത്രമനുസരിച്ച് സംസ്ഥാനം ധനപ്രതിസന്ധിയിലും കടക്കെണിയിലുമാണ്. 2016ൽ അധികാരത്തിൽ വന്ന എൽ.

ഡി.എഫ് സർക്കാർ പ്രസിദ്ധീകരിച്ച ധവളപത്രമനുസരിച്ച് സംസ്ഥാനം അതിരൂക്ഷമായ ധനപ്രതിസന്ധിയിലാണ്. ഈ നിലയ്ക്കാണ് ധനസ്ഥിതി മുന്നോട്ടു പോകുന്നതെങ്കിൽ 2017-18ൽ സംസ്ഥാന സർക്കാർ സമ്പൂർണ്ണ ധനകാര്യ തകർച്ചയിലേക്കു നീങ്ങും എന്നു ധവളപത്രം പ്രവചിക്കുന്നു. ഈ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിന്റെ 1980കളിലെ ആദ്യം മുതൽ 2016വരെയുള്ള കാലഘട്ടത്തെ ധനപ്രതിസന്ധിയുടെ സ്വഭാവവും വ്യാപ്തിയും കാരണങ്ങളും പരിശോധിക്കുകയാണ് ഈ അദ്ധ്യായത്തിൽ.

## 1980കളിലെ ധനപ്രതിസന്ധി

സംസ്ഥാന സർക്കാർ ധനപ്രതിസന്ധിയിലേക്കു നീങ്ങുന്നത് 1980കളിലാണ്. അതുവരെ സർക്കാരിന്റെ ധനസ്ഥിതി പൊതുവിൽ മെച്ചമായിരുന്നു. റവന്യു വരവും ചെലവും തമ്മിലുള്ള അന്തരം വളരെ കുറവോ അതോ റവന്യു മിച്ചമോ ഉള്ള സ്ഥിതിയുണ്ടായിരുന്നു. ഇതിന്റെ അർത്ഥം നിത്യ നിദാന ചെലവുകൾ അഥവാ റവന്യു ചെലവുകൾ നിറവേറ്റാൻ വേണ്ടി കാര്യമായ കടം എടുക്കേണ്ട സ്ഥിതി ഇല്ലായിരുന്നു എന്നതാണ്. 1977-78 മുതൽ 1989-90വരെയുള്ള റവന്യു കമ്മി/മിച്ചം, റവന്യു ചെലവ്, റവന്യു കമ്മിചെലവ് അനുപാതം, റവന്യു കമ്മി ജി.ഡി.പി. അനുപാതം എന്നിവ പട്ടിക 3.1ൽ നൽകിയിട്ടുണ്ട്. എന്നാൽ 1983-84നുശേഷം ഈ സ്ഥിതിയിൽ മാറ്റമുണ്ടായി. റവന്യുകമ്മി തുടർച്ചയായി വർദ്ധിക്കുന്ന സാഹചര്യമുണ്ടായി. 1980കളുടെ അവസാന നാലു വർഷങ്ങളിൽ റവന്യുകമ്മി റവന്യു ചെലവിന്റെ ഏതാണ്ട് 10 ശതമാനമായി ഉയർന്നു. കമ്മി നികത്താൻ തുടർച്ചയായി കടം വാങ്ങേണ്ട സ്ഥിതി സംജാതമായതോടെ സർക്കാർ ധനപ്രതിസന്ധിയിലായി. 1980കളിലെ ധനകാര്യ പ്രതിസന്ധിയെക്കുറിച്ച് നടത്തിയ പഠനം അന്നത്തെ ധനപ്രതിസന്ധിയെക്കുറിച്ച് വ്യക്തമായ ഒരു രൂപം നൽകുന്നു. (ആർ. രാമലിംഗം അയ്യർ, കെഎൻ. കുറുപ്പ് 1992).

1980കളിലെ രണ്ടാം പകുതിയിൽ സംസ്ഥാന സർക്കാരിനെ ധനപ്രതിസന്ധിയിലേക്കു നയിച്ച വരവ് ചെലവ് ഇനങ്ങളിലുള്ള കാരണങ്ങൾ പരിശോധിക്കാം. സർക്കാരിന്റെ പ്രധാന തനതു വരുമാനങ്ങളായ സംസ്ഥാന നികുതി, നികുതി ഇതര വരുമാനങ്ങളിലെ വർദ്ധനയുടെ നിരക്ക് കുറഞ്ഞതാണ് ധനപ്രതിസന്ധിയുടെ ഒരു പ്രധാന കാരണം. ഇതിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്. (1) 1980കളിൽ സംസ്ഥാന സമ്പദ്ഘടനയുടെ വളർച്ചാനിരക്ക് കുറഞ്ഞ തോതിലായിരുന്നു. 1980-85 കാലഘട്ടത്തിൽ വാർഷിക ശരാശരി വളർച്ചാനിരക്ക് 1.13 ശതമാനവും 1985-90ൽ 3.59 ശതമാനവുമായിരുന്നു. (DES, 2010).

## പട്ടിക 3.1
## 1978 മുതൽ 1990വരെയുള്ള റവന്യു മിച്ചവും/കമ്മിയും

| വർഷം | റവന്യു മിച്ചം/കമ്മി (രൂപ കോടി) | റവന്യു ചെലവ് (രൂപ കോടി) | റവന്യു മിച്ചം/കമ്മി റവന്യു ചെലവ് അനുപാതം (ശതമാനം) | റവന്യു മിച്ചം/കമ്മി ജി.എസ്.ഡി.പി അനുപാതം (ശതമാനം) |
|---|---|---|---|---|
| 1977-78 | 29 | 416 | 7.0 | 0.7 |
| 1978-79 | 43 | 479 | 9.0 | 0.9 |
| 1979-80 | 58 | 534 | 10.9 | 1.1 |
| 1980-81 | -26 | 668 | -3.9 | -0.4 |
| 1981-82 | 96 | 755 | 12.7 | 1.5 |
| 1982-83 | 27 | 783 | 3.4 | 0.4 |
| 1983-84 | -57 | 992 | -5.7 | -0.7 |
| 1984-85 | -13 | 1139 | -1.1 | -0.1 |
| 1985-86 | -73 | 1445 | -5.1 | -0.7 |
| 1986-87 | -151 | 1655 | -9.1 | -1.3 |
| 1987-88 | -194 | 1781 | -10.9 | -1.5 |
| 1988-89 | -140 | 2028 | -8.0 | -1.0 |
| 1989-90 | -188 | 2266 | -10.9 | -1.2 |

*Source:* Ramalingom Aiyar and K.N. Kurup, 1992
(-) സൂചിപ്പിക്കുന്നത് കമ്മി.

ഇത് പരോക്ഷ നികുതിവരുമാനത്തെ പ്രതികൂലമായി ബാധിച്ചു. (2) 1970 കളെ അപേക്ഷിച്ച് 1980കളിൽ സംസ്ഥാനത്തിന്റെ പ്രധാന നികുതിവരുമാന വർദ്ധനം നിരക്കിൽ കുറവുണ്ടായി. വിൽപ്പന നികുതിയുടെ വാർഷിക വർദ്ധനം 16.5 ശതമാനത്തിൽ നിന്ന് 15.4 ശതമാനമായും, സംസ്ഥാന എക്സൈസ് 16.8 ശതമാനത്തിൽനിന്ന് 10.5 ശതമാനമായും, മോട്ടോർ വാഹന നികുതി വരുമാനം 18 ശതമാനത്തിൽ നിന്ന് 16.6 ശതമാനമായും കുറഞ്ഞു. (3) സംസ്ഥാന നികുതി വരുമാനത്തിന്റെ 60 ശതമാനത്തോളം വിഹിതം വരുന്ന വിൽപ്പന നികുതി വരുമാനവും മുരടിച്ചു നിന്നു. ഈ നികുതി പിരിവ് കാര്യക്ഷമമാക്കാനും കഴിഞ്ഞില്ല. 1990–91

ആയപ്പോൾ സെയിൽ ടാക്സ് കുടിശ്ശിക 262 കോടി രൂപയായി ഉയർന്നു. ഇതിൽ പകുതിയോളവും പിരിച്ചെടുക്കാൻ കഴിയാത്തവയായിരുന്നു. (4) ഭൂമിയുടെയും മറ്റു ആസ്തികളുടേയും വില കുറച്ചു കാണിച്ച് രജിസ്ട്രേഷൻ നടത്തുന്ന പ്രവണത വ്യാപകമായിരുന്നതിനാൽ സ്റ്റാമ്പ്, രജിസ്ട്രേഷൻ ഇനത്തിലെ വരുമാനവും കുറഞ്ഞതായിരുന്നു. എന്നാൽ ഭൂമിയ്ക്ക് സർക്കാർ ന്യായവില നിശ്ചയിച്ചതുമൂലം 1987–88നുശേഷം ഈ ഇനത്തിലുള്ള വരുമാനത്തിൽ വർദ്ധനയുണ്ടായി. (5) ഫീസുകൾ, യുസർ ചാർജ്ജുകൾ, പലിശ ഇനത്തിലുള്ള വരുമാനം, വന ഉത്പന്നങ്ങളിൽ നിന്നുള്ള വരുമാനം എന്നിവയാണ് പ്രധാന നികുതി ഇതര വരുമാനങ്ങൾ. വിദ്യാഭ്യാസ ആരോഗ്യ സർവീസുകളുടെ ഫീസുകൾ വളരെ തുച്ഛമായതുമൂലം ഈ ഇനത്തിലുള്ള വരുമാനം കാര്യമായി വർദ്ധിച്ചില്ല. സർക്കാരിനു ലഭിക്കേണ്ട പലിശ ഇനത്തിലുള്ള വരുമാനവും ഫലപ്രദമായി പിരിക്കാൻ സർക്കാരിനു കഴിഞ്ഞില്ല. കേന്ദ്രസർക്കാർ നടപ്പിലാക്കിയ വനസംരക്ഷണ നിയന്ത്രണങ്ങൾ വനത്തിൽ നിന്നു ലഭിക്കുന്ന വരുമാനവും കുറയ്ക്കാൻ ഇടയാക്കി. (6) സംസ്ഥാനം സാമൂഹ്യക്ഷേമ വികസനത്തിനു (ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ) വേണ്ടി ഖജനാവിൽ നിന്നു കാര്യമായ തുക ചെലവഴിച്ചിരുന്നു. ഇതിനു പ്രത്യേക പരിഗണന കേന്ദ്ര ധനകാര്യ കമ്മിഷനും ആസൂത്രണ കമ്മിഷനും നൽകാതിരുന്നതുമൂലം സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രനികുതി വിഹിതവും പദ്ധതിഗ്രാന്റും ലഭിക്കാത്ത അവസ്ഥയും ഉണ്ടായി. (7) സംസ്ഥാനത്തെ ഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളും തുടർച്ചയായ നഷ്ടത്തിലായിരുന്നതുമൂലം സർക്കാരിനു ലഭിക്കേണ്ട ലാഭത്തിന്റെ വിഹിതം, ഡിവിഡന്റ്, വായ്പനൽകിയ തുകയ്ക്കുള്ള പലിശ എന്നിവ ലഭിക്കാത്ത സ്ഥിതിയുണ്ടാക്കി. ഇതിനു പുറമെ ഈ സ്ഥാപനങ്ങൾ നൽകേണ്ട നികുതികളും കുടിശ്ശികയായി മാറി. 1990 മാർച്ചിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി വായ്പയായും നിക്ഷേപവുമായി 874 കോടി നൽകിയെങ്കിലും (നിക്ഷേപവും 377 കോടി + വായ്പ 497 കോടി) സർക്കാരിനു ലഭിച്ച ഡിവിഡന്റ് 1989–90ൽ 1.33 കോടിയായിരുന്നു. 1990 മാർച്ചുവരെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തനഷ്ടം 514 കോടിയാണ്. (8) ഇതിന്റെയെല്ലാം ഫലമായി സംസ്ഥാനത്തിന്റെ വാർഷിക ശരാശരി റവന്യു വരുമാന വർദ്ധനം 1980കളിൽ 13.7 ശതമാനമായിരുന്നു. ഇത് വാർഷിക ശരാശരി റവന്യു ചെലവായ 15.5 ശതമാനം ചെലവിന് തികയാത്ത അവസ്ഥയും റവന്യു കമ്മി വർദ്ധനവിനും ഇടയാക്കി.

ധനപ്രതിസന്ധിയിലേക്കു നയിച്ച ചെലവിനങ്ങളുടെ കാരണങ്ങൾ അടുത്തതായി പരിശോധിക്കാം. (1) റവന്യു വരവിനെക്കാൾ ഉയർന്ന തോതിലുള്ള റവന്യു ചെലവ് പ്രത്യേകിച്ച് ശമ്പളം, പെൻഷൻ ഇനത്തിലുള്ളതാണ്, 1980കളിലെ ധനപ്രതിസന്ധിയുടെ മൂലകാരണം. (2) 1980 ദശാബ്ദക്കാലത്ത് നാലും അഞ്ചും സംസ്ഥാന ശമ്പള കമ്മിഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ രണ്ടു ശമ്പള പരിഷ്കരണം ജൂലൈ 1983 (നടപ്പിലാക്കിയ വർഷം 1985-86ൽ), ജൂലൈ 1988 (നടപ്പിലാക്കിയ വർഷം 1989 -90ൽ) മുതലും നടപ്പിലാക്കി. ഇതുമൂലം ശമ്പള ഇനത്തിലുള്ള ചെലവ് 1984-85ൽ 495 കോടിയായിരുന്നത് 1990-91ൽ 1683 കോടിയായി വർദ്ധിച്ചു. വർദ്ധനം 240 ശതമാനം. ഇത് 1980കളിലെ അവസാന നാലുവർഷങ്ങളിൽ ധനകമ്മി അഭൂതപൂർവമായി വർദ്ധിപ്പിക്കാൻ ഇടയാക്കി. (3) സർക്കാർ ജീവനക്കാർക്കു പുറമെ സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പെൻഷൻ നൽകുന്നത് പെൻഷൻ ഇനത്തിലുള്ള ചെലവ് വൻതോതിൽ വർധിപ്പിച്ചു. 1980കളുടെ ഒടുവിൽ പെൻഷൻ ചെലവ് റവന്യു ചെലവിന്റെ 10 ശതമാനത്തോളമായി. ഇത് ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഏറ്റവും ഉയർന്ന പെൻഷൻ ചെലവ് നിരക്കായി മാറി. കുറഞ്ഞ വിരമിക്കൽ പ്രായം (55 വയസ്) ഉയർന്ന ആയുർദൈർഘ്യം, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിരമിച്ചവർക്കും പെൻഷൻ എന്നിവ പെൻഷൻ ചെലവ് വർദ്ധിപ്പിച്ചു. (4) പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി തുടങ്ങിയ താൽക്കാലികമായ എസ്റ്റാബ്ളിഷ്മെന്റുകളും ജീവനക്കാരും പദ്ധതി കഴിയുമ്പോൾ നോൺപ്ലാൻ ആയി മാറുന്ന രീതി, പുതുതായി സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും തുടങ്ങുക, സ്വകാര്യ എയ്ഡഡ് മേഖലയിൽ പുതിയ സ്ഥാപനങ്ങളും ബാച്ചുകളും അനുവദിക്കുക തുടങ്ങിയവമൂലം ട്രഷറിയിൽ നിന്നു നേരിട്ടു ശമ്പളം നൽകുന്ന സർക്കാർ ജീവനക്കാരുടെയും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ എണ്ണത്തിലും ഗണ്യമായ വർദ്ധനയുണ്ടായി. 1980 മുതൽ 1988വരെയുള്ള കാലഘട്ടത്തിൽ സർക്കാർ ജീവനക്കാരുടെ എണ്ണം 25 ശതമാനവും സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം 16 ശതമാനവും വർദ്ധിച്ചു.

(5) സർക്കാരിന്റെ ധനസ്ഥിതിക്കു താങ്ങാൻ കഴിയാത്ത വിദ്യാഭ്യാസ ചെലവാണ് മറ്റൊന്ന്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ (സ്കൂളുകൾ, ആർട്ട് ആന്റ് സയൻസ് കോളേജുകൾ, പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ) സർക്കാർ മേഖലയിലും സ്വകാര്യ എയ്ഡഡ് മേഖല

യിലും മാത്രം മതി എന്ന നയമാണ് അനുവർത്തിച്ചുപോന്നത്. ഇതു മൂലം സ്വകാര്യ നിക്ഷേപം വിദ്യാഭ്യാസ മേഖലയിൽ നിരോധിക്കപ്പെട്ടു. കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് പ്രൊഫഷണലും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തുടങ്ങാത്ത അവസ്ഥയുണ്ടായി. ഈ രംഗത്ത് മത്സരം ഇല്ലാതായതോടെ വിദ്യാഭ്യാസ നിലവാരം മോശമായി. ഉന്നതവിദ്യാഭ്യാസത്തിന് മലയാളികൾ മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയും ഉണ്ടായി. അധ്യാപകരുടെ നിയമനത്തിനും കുട്ടികളുടെ അഡ്മിഷനും (പ്ലസ്ടു, ബിരുദ, ബിരുദാനന്തര മാനേജ്മെന്റ് സീറ്റുകൾക്ക്) വൻതോതിൽ കോഴ വാങ്ങുന്ന ഏറ്റവും വലിയ ലാഭം കൊയ്യുന്ന മേഖലയായി എയ്ഡഡ് വിദ്യാഭ്യാസ മേഖല മാറി. പിൽക്കാലത്ത് രാഷ്ട്രീയ പാർട്ടികളും, സാമൂഹ്യസംഘടനകളും, ശക്തരായ സമ്മർദ്ദഗ്രൂപ്പുകളും സംസ്ഥാന ട്രഷറിയെ കൊള്ളയടിക്കുന്ന ഒരു പ്രസ്ഥാനമായി എയ്ഡഡ് മേഖല മാറി. 1980കളുടെ ആദ്യം ജോലിയില്ലാത്ത 5000ത്തോളം പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്ക് ശമ്പളം നൽകുന്ന സ്ഥിതിയും ഉണ്ടായി. 1984ൽ സംസ്ഥാനത്തെ വിദ്യാഭ്യാസവും തൊഴിലും പഠിക്കാൻ നിയോഗിച്ച ഹൈലവൽ കമ്മിറ്റി, സംസ്ഥാന ധനസ്ഥിതിക്കു താങ്ങാൻ കഴിയാത്ത വിദ്യാഭ്യാസ സംവിധാനമാണ് നിലവിലുള്ളതെന്ന് അഭിപ്രായപ്പെട്ടു.

(6) കടബാധ്യതയുടെ ഗണ്യമായ വർദ്ധനയും തന്മൂലമുള്ള വായ്പ തിരിച്ചടവും, പലിശ ബാദ്ധ്യതകളിലെ വർദ്ധനവും ധനപ്രതിസന്ധിയിലേക്കു നയിച്ച ഒരു കാരണമാണ്. 1980കളിലെ ഒന്നാം പകുതിയിൽ മൊത്തം റവന്യു ചെലവിന്റെ 9 ശതമാനം പലിശയും, കടബാദ്ധ്യത തീർക്കാനും ചെലവാക്കിയിരുന്നത് രണ്ടാം പകുതിയിൽ 22.6 ശതമാനമായി വർദ്ധിച്ചു.

## 1990കളിലെ ധനപ്രതിസന്ധി

1990കളിലെ ധനസ്ഥിതിയെക്കുറിച്ചുള്ള സ്ഥിതിവിവരകണക്ക് - റവന്യുകമ്മി, റവന്യുചെലവ്, റവന്യു കമ്മി റവന്യു ചെലവ് അനുപാതം, റവന്യു കമ്മി ജി.എസ്.ഡി.പി. അനുപാതം എന്നിവ പട്ടിക 3.2ൽ ലഭ്യമാണ്. 1980കളിലെ ധനപ്രതിസന്ധി 1990കളിലെ ആദ്യ രണ്ടു വർഷങ്ങളിലും തുടർന്നു. എന്നാൽ തുടർന്നുള്ള അഞ്ചു വർഷങ്ങളിൽ റവന്യുകമ്മി കുറഞ്ഞ തോതിലായിരുന്നു. 1997-98ൽ ആ സ്ഥിതിയിൽ മാറ്റം വരുകയും സംസ്ഥാന സർക്കാർ വീണ്ടും രൂക്ഷമായ ധനപ്രതിസന്ധിയിലേക്കും നീങ്ങി. 1999-2000 വർഷം ധനകാര്യ തകർച്ചയുടെ വർഷമായിരുന്നു. റവന്യു ചെലവിൽ റവന്യു കമ്മിയുടെ വിഹിതം 31 ശതമാനംവരെ ഉയർന്നു. റവന്യു

കമ്മി ഇത്രയും വർദ്ധിക്കാനുള്ള പ്രധാന കാരണം സംസ്ഥാനത്തിന്റെ പ്രധാന ചെലവിനങ്ങളായ പലിശ, പെൻഷൻ, ശമ്പളം എന്നീ ഇനങ്ങളിൽപ്പെട്ട ചെലവ് കുതിച്ചുയർന്നതാണ്.

സർക്കാരിന്റെ മൊത്തം വരവും (കടം വാങ്ങിയതൊഴിച്ച്) ചെലവും തമ്മിലുള്ള വ്യത്യാസമാണ് ധനകമ്മി. വരവും ചെലവും തമ്മിലുള്ള വിടവ് നികത്താൻ വേണ്ടത് വായ്പയാണ്. ധനകമ്മി വർദ്ധിക്കുക എന്നതിന്റെ അർത്ഥം ചെലവ് നിറവേറ്റാൻ കൂടുതൽ വായ്പയെ ആശ്രയിക്കേണ്ടിവരുന്നുവെന്നാണ്. വായ്പയെടുക്കുന്ന തുക അടിസ്ഥാന ഘടകവികസനത്തിനോ, മൂലധന നിക്ഷേപത്തിനോ, വാർഷിക പദ്ധതി നടത്തിപ്പിനോ ആണ് ചെലവഴിക്കുന്നതെങ്കിൽ അത് ഗുണകരമാണ് അഥവാ വികസനോന്മുഖമാണ്.

**പട്ടിക. 3.2**
**1990കളിലെ റവന്യൂകമ്മി**

| വർഷം | റവന്യൂ കമ്മി (രൂപ കോടി) | റവന്യൂ ചെലവ് (രൂപ കോടി) | റവന്യൂ കമ്മി റവന്യൂ ചെലവ് അനുപാതം (ശതമാനം) | റവന്യൂ കമ്മി ജി.എസ്.ഡി.പി അനുപാതം (ശതമാനം) |
|---|---|---|---|---|
| 1990–91 | 422 | 2825 | 14.9 | 2.3 |
| 1991–92 | 364 | 3216 | 11.3 | 1.6 |
| 1992–93 | 337 | 3656 | 9.2 | 1.3 |
| 1993–94 | 371 | 4293 | 8.6 | 1.3 |
| 1994–95 | 400 | 5066 | 7.9 | 1.1 |
| 1995–96 | 402 | 5826 | 6.9 | 0.9 |
| 1996–97 | 643 | 6788 | 9.5 | 1.3 |
| 1997–98 | 1123 | 8241 | 13.6 | 2.1 |
| 1998–99 | 2030 | 9228 | 22.0 | 3.3 |
| 1999–2000 | 3624 | 11566 | 31.3 | 5.2 |
| 2000–01 | 3147 | 11878 | 26.5 | 4.3 |

*Source:* GOK 2001: White paper on State Finances;
DES 2010, GSDP of Kerala from 1970-71 to 2008-09

എന്നാൽ വായ്പ വാങ്ങുന്നത് റവന്യു ചെലവ് അഥവാ നിത്യനിദാന ചെലവുകൾക്കാണെങ്കിൽ അത് ദോഷകരമാണ് അല്ലെങ്കിൽ പാപ്പരാകുന്നതിന്റെ ലക്ഷണമാണ്.

1990കളിലെ മൊത്തം ധനകമ്മി, മൊത്തം ചെലവ്, ധനകമ്മി മൊത്തം ചെലവ് അനുപാതം, ധനകമ്മി ജി.എസ്.ഡി.പി. അനുപാതം എന്നിവ പട്ടിക 3.3ൽ നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ധനകമ്മിയുടെ കാര്യത്തിലും റവന്യുകമ്മിക്ക് സമാനമായ മാറ്റമാണ് ഉണ്ടായിട്ടുള്ളത്. 1990-91ൽ മൊത്തം ചെലവിന്റെ 26 ശതമാനം കമ്മിയാണ് അഥവാ കടം വാങ്ങിയാണ് ചെലവാക്കിയത്. തുടർന്നുള്ള വർഷങ്ങളിൽ ഒരു വർഷം ഒഴിച്ച് മറ്റെല്ലാ വർഷങ്ങളിലും ധനകമ്മി 20 ശതമാനത്തിനു മുകളിലായിരുന്നു. 1998-2001 കാലഘട്ടത്തിൽ ധനകമ്മി 30 ശതമാനത്തിലധികമായി ഉയർന്നു. സംസ്ഥാന സർക്കാർ ധനകാര്യതകർച്ചയിലേക്കു നീങ്ങിയ കാലഘട്ടമായിരുന്നു അത്. ഈ കാലയളവിൽ പൊതു കടത്തിലും വൻ വർദ്ധനയുണ്ടായതായി കാണാം (പട്ടിക 3.4). ധനകാര്യത്തകർച്ചയെ തുടർന്ന് 2001ൽ സംസ്ഥാന സർക്കാർ ധവളപത്രം പ്രസിദ്ധീകരിച്ചു. ഈ ധവളപത്രം 1990കളിലെ അവസാന വർഷങ്ങളിലെ ധനസ്ഥിതിയും ധനകാര്യ തകർച്ചയുടെ കാരണങ്ങളെക്കുറിച്ചും വ്യക്തമായ രൂപം നൽകുന്നു.

**പട്ടിക. 3.3**

**1990കളിലെ ധനകമ്മി**

| വർഷം | ധനകമ്മി (രൂപ കോടി) | മൊത്തം ചെലവ് (രൂപ കോടി) | ധനകമ്മി മൊത്തം ചെലവ് അനുപാതം (ശതമാനം) | ധനകമ്മി ജി.എസ്.ഡി.പി അനുപാതം (ശതമാനം) |
|---|---|---|---|---|
| 1990-91 | 797 | 3081 | 25.9 | 4.3 |
| 1991-92 | 803 | 3502 | 22.9 | 3.6 |
| 1992-93 | 732 | 3934 | 18.6 | 2.8 |
| 1993-94 | 935 | 4656 | 20.1 | 3.2 |
| 1994-95 | 1109 | 5512 | 20.1 | 3.2 |
| 1995-96 | 1303 | 6389 | 20.4 | 3.1 |
| 1996-97 | 1542 | 7411 | 20.8 | 3.2 |
| 1997-98 | 2414 | 8980 | 26.9 | 4.4 |
| 1998-99 | 3012 | 9880 | 30.5 | 4.8 |
| 1999-2000 | 4533 | 12214 | 37.1 | 6.6 |
| 2000-01 | 3878 | 12726 | 30.5 | 5.3 |

*Source:* Same as Table 3.2

**പട്ടിക 3.4**
**1990കളിലെ പൊതുകടം**

| വർഷം | പൊതുകടം (രൂപ കോടി) | വർദ്ധനം (രൂപ കോടി) | പൊതുകടം ജി.എസ്.ഡി.പി അനുപാതം (ശതമാനം) |
|---|---|---|---|
| 1990-91 | 4717 | - | 25.4 |
| 1991-92 | 5467 | 15.9 | 24.3 |
| 1992-93 | 6297 | 15.2 | 24.3 |
| 1993-94 | 7199 | 14.3 | 24.8 |
| 1994-95 | 8821 | 22.5 | 25.2 |
| 1995-96 | 10114 | 14.7 | 23.8 |
| 1996-97 | 11421 | 12.9 | 23.4 |
| 1997-98 | 12868 | 12.7 | 23.5 |
| 1998-99 | 15700 | 22.0 | 25.2 |
| 1999-2000 | 20176 | 28.5 | 29.2 |
| 2000-01 | 23919 | 18.6 | 32.9 |

*Source:* Same as Table 3. 2

### 2001ലെ ധവളപത്രം

സമ്പൂർണ്ണമായ ധനകാര്യ തകർച്ചയുടെ ചിത്രമാണ് ധവളപത്രം അവതരിപ്പിക്കുന്നത്. ധവളപത്രത്തിലെ ചില പരാമർശങ്ങൾ താഴെ നൽകുന്നു. (1) സംസ്ഥാന ചരിത്രത്തിൽ ആദ്യമായി സർക്കാർ നൽകിയ ചെക്കുകൾ ട്രഷറിയിൽ മാറാത്ത അവസ്ഥയുണ്ടായി. ചെക്കുകൾ നൽകി ആറുമാസം കഴിഞ്ഞിട്ടും പണം നൽകാൻ കഴിയാത്ത സാഹചര്യത്തിൽ ഇവ വീണ്ടും പുതുക്കി നൽകുന്ന സ്ഥിതിയുണ്ടായി. (2) വാർദ്ധക്യകാല പെൻഷൻ, മറ്റു സാമൂഹ്യ സുരക്ഷ പെൻഷൻ, ദുർബല ജനവിഭാഗങ്ങൾക്കു വീടുപണിയാനുള്ള വായ്പകൾ, എസ്.സി, എസ്.റ്റി വിഭാഗം വിദ്യാർത്ഥികൾക്കു നൽകിയിരുന്ന പഠനസഹായം, സർക്കാർ വകുപ്പുകൾക്ക് സാധനങ്ങൾ നൽകിയ വകയിലുള്ള തുക, പൊതുമരാമത്ത് പണി നടത്തിയ തുക തുടങ്ങിയവ നൽകാൻ പണമില്ലാത്ത അവസ്ഥയുണ്ടായി (3) സർക്കാരിൽ നിന്നു ലഭിക്കേണ്ട തുക കിട്ടാത്തതിലുണ്ടായ കേസുകളിൽ കോടതികൾ സർക്കാർ വസ്തുക്കളും വാഹനങ്ങളും ജപ്തി ചെയ്യാൻ ഉത്തരവിടുന്നത്

പതിവായി. (4) സർക്കാർ സർവീസിൽ നിന്ന് പിരിയുന്ന ജീവനക്കാർക്ക് റിട്ടയർമെന്റ് പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ എപ്പോൾ കിട്ടുമെന്നു പറയാൻ കഴിയാത്ത അവസ്ഥയുണ്ടായി. (5) സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പണം ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും അതനുസരിച്ചുള്ള ബില്ലുകൾ ട്രഷറി അംഗീകരിക്കാത്ത സ്ഥിതിയുണ്ടായി. (6) സർക്കാർ ജീവനക്കാർക്കുപോലും തങ്ങൾക്ക് വരുന്ന മാസങ്ങളിൽ ശമ്പളം ലഭിക്കുമോ എന്ന ആശങ്ക ഉളവാക്കുന്ന തരത്തിൽ ധനസ്ഥിതി മോശമായി (7) സർക്കാർ ഓഫീസുകൾ, പോലീസ് സ്റ്റേഷൻ തുടങ്ങിയവയ്ക്ക് സ്റ്റേഷനറി വാങ്ങാനോ, ടെലിഫോൺ ബില്ല് അടയ്ക്കാനോ, വാഹനത്തിന് ഇന്ധനം വാങ്ങാനോ, കത്ത് അയയ്ക്കാൻ സ്റ്റാമ്പ് വാങ്ങാനോ പണമില്ലാത്ത പരിതാപകരമായ സ്ഥിതിയുണ്ടായി. ഇത് ഭരണസ്തംഭനത്തിനു തന്നെ വഴിയൊരുക്കി. (8) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഡി.എ. കുടിശ്ശികമാത്രം 548 കോടി രൂപ ഉണ്ടായിരുന്നു. (9) സർക്കാർ അടിയന്തിരമായി പല വിഭാഗക്കാർക്കും കൊടുക്കേണ്ട കുടിശ്ശിക തുക 3477 കോടി രൂപയാണെന്നും ഇതിന് പണമില്ലാത്ത സ്ഥിതിയിലായിരുന്നുവെന്നും ധവളപത്രം പറയുന്നു. (കോൺട്രാക്ടർമാർ, പ്ലസ്ടു ബാദ്ധ്യത, ഡി.എ. കുടിശ്ശിക, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബാദ്ധ്യത, ഹൃസ്വകാല വായ്പ തിരിച്ചടവ്, ആശുപത്രികളിൽ മരുന്നു വാങ്ങിയത് തുടങ്ങിയവ) (10) സർക്കാരിന്റെ നിത്യനിദാന ചെലവുകളായ ശമ്പളം, പെൻഷൻ, പലിശ തുടങ്ങിയവ നിറവേറ്റാൻ പോലും കടം വാങ്ങുന്ന സ്ഥിതിയാണുണ്ടായിരുന്നത്.

ധനപ്രതിസന്ധിക്കു താഴെപറയുന്ന കാരണങ്ങളാണ് ധവളപത്രം ചൂണ്ടിക്കാണിച്ചിട്ടുള്ളത്. (1) സർക്കാരിനു താങ്ങാൻ കഴിയാത്ത റവന്യു കമ്മിക്കും അതു നികത്താനായി വൻതോതിൽ കടം വാങ്ങലും (2) മൂലധനം വാർഷിക പദ്ധതികൾ എന്നിവയിലെ ചെലവുകൾ വെട്ടിക്കുറച്ചു കൊണ്ട് നിത്യനിദാനചെലവുകൾക്ക് പണം കണ്ടത്തേണ്ട സ്ഥിതി. (3) 1990കളുടെ രണ്ടാം പകുതിയിൽ വിൽപ്പന നികുതി, സംസ്ഥാന എക്സൈസ്, മോട്ടോർ വാഹന നികുതി എന്നിവയുടെ വളർച്ചാനിരക്കിൽ വന്ന കുറവ്, 1990കളിലെ രണ്ടാം പകുതിയിൽ സംസ്ഥാനം അഭിമുഖീകരിച്ച സാമ്പത്തിക മാന്ദ്യം, കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ്, ഗൾഫിൽ നിന്നുള്ള മടങ്ങിവരവ് എന്നിവയും നികുതി വരുമാനം ഗണ്യമായി കുറയ്ക്കാൻ ഇടയാക്കിയിട്ടുണ്ട്. (4) നികുതി ഇതര വരുമാനമായ ഫീസുകൾ, യൂസർചാർജ് തുടങ്ങിയവയുടെ വരുമാന വർദ്ധനയിൽ കുറവ്.

തുച്ഛമായ ഫീസുകളാണ് വിദ്യാഭ്യാസ ആരോഗ്യമേഖലകളിൽ ചുമത്തിയിരുന്നത്. ചില ഫീസുകൾ 30 വർഷത്തിനിടെ മാറ്റമില്ലാതെ തുടരുന്നു. (5) ഭൂരിഭാഗം പൊതു മേഖലാ സ്ഥാപനങ്ങളും തുടർച്ചയായ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നു. ഇതുമൂലം സർക്കാരിനു ലഭിക്കേണ്ട ലാഭവിഹിതം, പലിശ തിരിച്ചടവ്, നികുതികൾ എന്നിവ ലഭിക്കാത്ത അവസ്ഥ. പൊതുമേഖലാ സ്ഥാപനങ്ങൾ വാങ്ങുന്ന വായ്പകളും പൊതുവിൽ തിരിച്ചടയ്ക്കാറില്ല. (6) കേന്ദ്ര സർക്കാരിൽ നിന്നു ലഭിക്കുന്ന ലോണുകൾ, മറ്റു അഡ്വാൻസുകൾ, ഗ്രാന്റുകൾ എന്നിവയിൽ വന്ന കുറവ്. (7) സംസ്ഥാനത്തിന്റെ ധനലഭ്യത കണക്കിലെടുക്കാതെ രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി നിശ്ചയിക്കുന്ന ഉയർന്ന പദ്ധതിവിഹിതവും അതു സർക്കാർ വകുപ്പുകളിൽ സൃഷ്ടിക്കുന്ന അരാജകത്വവും. ബജറ്റിൽ പണം കണ്ടുകൊണ്ടു തുടങ്ങുന്ന പ്രോജക്ടുകൾ പണമില്ലാതെ പകുതി വഴിയിൽ നിൽക്കുന്നു. (8) വാർഷികപദ്ധതിക്കുവേണ്ടിയുള്ള വിഭവങ്ങളും, കടം എടുക്കുന്ന തുകയും പദ്ധതിക്കു ചെലവാക്കാതെ നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നു. (9) നിത്യനിദാന ചെലവുകൾക്കു പണം കണ്ടെത്താൻ സഹകരണ സ്ഥാപനങ്ങൾ, വെൽഫയർ ബോർഡുകൾ തുടങ്ങിയവയിൽ നിന്നു ഹൃസ്വകാല വായ്പ വാങ്ങേണ്ടിവന്നു.

ചെലവിനത്തിൽ താഴെപ്പറയുന്ന ഇനങ്ങളാണ് ധനതകർച്ചയ്ക്കിടയാക്കിയത്. (1) നിത്യനിദാനചെലവുകൾ അനിയന്ത്രിതമായി വർദ്ധിച്ചതാണ് റവന്യുകമ്മിയുടെ വർദ്ധനവിനും ധനതകർച്ചയ്ക്കുമുള്ള അടിസ്ഥാന കാരണം. ഈ വിഭാഗം ചെലവുകൾ നിയന്ത്രിക്കുന്നതിന് സർക്കാരുകൾ പരാജയപ്പെട്ടു. (2) അഞ്ചുവർഷത്തിൽ ഒരിക്കൽ നടത്തുന്ന ശമ്പള പെൻഷൻ പരിഷ്കരണങ്ങളും അതു സൃഷ്ടിക്കുന്ന ധനബാദ്ധ്യതയും സംസ്ഥാന ട്രഷറിക്കു താങ്ങാൻ കഴിയുന്നതല്ല. 1996-97ലെ ശമ്പള പരിഷ്കരണം വലിയ സാമ്പത്തിക ബാദ്ധ്യത സൃഷ്ടിച്ചു. മാത്രവുമല്ല കേന്ദ്ര സർക്കാർ ജീവനക്കാർക്ക് ഡി.എ. വർദ്ധിപ്പിക്കുന്നതനുസരിച്ച് സംസ്ഥാന ജീവനക്കാരുടെ ഡി.എയും വർദ്ധിപ്പിക്കുന്നു. ഈ ഇനങ്ങളിലുള്ള ചെലവ് നിറവേറ്റാൻ കടം വാങ്ങേണ്ടിവന്നു. (3) കടബാദ്ധ്യതയിലെ വർദ്ധനവുമൂലം പലിശയും വായ്പാതുകയും തിരിച്ചടയ്ക്കാനുള്ള ബാധ്യതയും വർദ്ധിച്ചു. (4) വിഭവങ്ങൾ കണക്കിലെടുക്കാതെ പെരുപ്പിച്ച വാർഷിക പദ്ധതികൾ നടപ്പിലാക്കുന്നത് രൂക്ഷപ്രശ്നങ്ങളും അരാജകത്വവും സൃഷ്ടിക്കുന്നു. പൂർത്തിയാകാത്ത പ്രോജക്ടുകളുടെ എണ്ണം കൂടുന്നു. പൂർത്തീ

കരണത്തിന്റെ ചെലവ് ആദ്യ എസ്റ്റിമേറ്റുകളെക്കാൾ വർദ്ധിക്കുന്നു. (5) നിത്യ നിദാന ചെലവുകൾ നടത്തിക്കൊണ്ടുപോകാൻ മൂലധനചെലവുകളും മെയിന്റിനൻസ് ചെലവുകളും വെട്ടിക്കുറയ്ക്കാൻ നിർബന്ധിതമായി. മെയിന്റിനൻസ് ചെലവ് റവന്യു ചെലവിന്റെ മൂന്നു ശതമാനമായി കുറഞ്ഞു. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, വാഹനങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവ മെയിന്റിനൻസ് ഇല്ലാതെ നശിക്കുന്ന അവസ്ഥയുണ്ടായി.

## ധനപ്രതിസന്ധി 2001നുശേഷം

1998-2001 കാലഘട്ടത്തെ ധനകാര്യ തകർച്ചയ്ക്കുശേഷമുള്ള ധനസ്ഥിതിയാണ് ഈ ഭാഗത്തിൽ ചർച്ച ചെയ്യുന്നത്. ധനകാര്യ തകർച്ചയെത്തുടർന്ന് അധികാരത്തിൽ വന്ന എ.കെ. ആന്റണി സർക്കാർ ധനപ്രതിസന്ധി പരിഹരിക്കാൻ ശക്തമായ നടപടികൾ സ്വീകരിച്ചു. സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സർക്കാർ സർവീസുകൾക്കുള്ള ഫീസുകൾ, വൈദ്യുതി നിരക്ക്, ചില നികുതികൾ എന്നിവ വർദ്ധിപ്പിച്ചു. ഭരണചെലവ് കുറയ്ക്കാൻ ചില കടുത്ത നടപടികളും സ്വീകരിച്ചു. അധികമുള്ള ജീവനക്കാരെ കുറയ്ക്കുക, ജോലിയില്ലാത്ത പ്രൊട്ടക്ടറ്റഡ് അദ്ധ്യാപകരുടെ ശമ്പളം പകുതിയായി കുറയ്ക്കുക, പുതുതായി സർവീസിൽ പ്രവേശിക്കുന്നവർക്കു കോൺട്രിബ്യൂട്ടറി പെൻഷൻ നൽകുക, പുതുതായി നിയമിക്കുന്നവർക്ക് രണ്ടു വർഷത്തേക്ക് അടിസ്ഥാന ശമ്പളം മാത്രം നൽകുക, പ്ലസ്ടു അദ്ധ്യാപകരുടെ കുടിശ്ശിക ഗസ്റ്റ് ലക്ചറന്മാരുടെ നിരക്കിൽ നൽകുക, പെൻഷൻ കമ്മ്യൂട്ടേഷൻ ആനുകൂല്യം കുറയ്ക്കുക, റിട്ടയർമെന്റ് ചെയ്യുന്നവരൊഴിച്ച് മറ്റ് ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം നിർത്തലാക്കുക, ഒരു വർഷത്തേക്ക് ഭവനനിർമ്മാണ വായ്പകൾ കൊടുക്കാതിരിക്കുക, ഡയസ്നോൺ കർശനമാക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു. ഈ നടപടികൾമൂലം സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടാൻ തുടങ്ങി. എങ്കിലും ധനതകർച്ചയുടെ ആഘാതം ഏതാണ്ട് അഞ്ചുവർഷക്കാലം നിലനിന്നു. 2000-01 മുതൽ 2004-05വരെയുള്ള കാലഘട്ടത്തിൽ റവന്യുകമ്മി റവന്യുചെലവിന്റെ 21 മുതൽ 28 ശതമാനംവരെയായിരുന്നു. റവന്യുകമ്മി ജി.എസ്.ഡി.പി. അനുപാതവും വളരെ ഉയർന്നതായിരുന്നു. (പട്ടിക 3.5).

**പട്ടിക. 3.5**
**2001നു ശേഷമുള്ള റവന്യൂ കമ്മി**

| വർഷം | റവന്യൂ കമ്മി (രൂപ കോടി) | റവന്യൂ കമ്മി റവന്യൂ ചെലവ് അനുപാതം (ശതമാനം) | റവന്യൂ കമ്മി ജി.എസ്.ഡി.പി അനുപാതം (ശതമാനം) |
|---|---|---|---|
| 2000–01 | 3147 | 26.5 | 4.3 |
| 2001–02 | 2606 | 22.3 | 3.3 |
| 2002–03 | 4122 | 27.9 | 4.7 |
| 2003–04 | 3680 | 23.7 | 3.8 |
| 2004–05 | 3669 | 21.4 | 3.1 |
| 2005–06 | 3129 | 17.0 | 2.3 |
| 2006–07 | 2638 | 12.7 | 1.7 |
| 2007–08 | 3785 | 15.2 | 2.1 |
| 2008–09 | 3712 | 13.1 | 1.8 |
| 2009–10 | 5023 | 16.1 | 2.2 |
| 2010–11 | 3674 | 10.6 | 1.3 |
| 2011–12 | 8035 | 17.4 | 2.6 |
| 2012–13 | 9352 | 17.5 | 2.7 |
| 2013–14 | 11309 | 18.7 | 2.9 |
| 2014–15 | 13796 | 19.2 | 3.1 |
| 2015–16 | 10814 | 13.2 | 1.9* |

* Based on provisional GSDP

*Source:* i) Report of the CAG on State Finances for the years 2011 to 2015.
ii) White paper on State Finances 2011.
iii) GOK, 2016, Revised Budget 2016-17 at a glance.

ഈ കാലയളവിൽ ധനകമ്മിയും വളരെ ഉയർന്ന നിരക്കിലായിരുന്നു. അഞ്ചു വർഷങ്ങളിൽ മൂന്നു വർഷവും ധനകമ്മി മൊത്തം ചെലവിന്റെ 31 മുതൽ 32 ശതമാനം വരെയായിരുന്നു. ധനകമ്മി ജി.എസ്.ഡി.പി. അനുപാതവും വളരെ ഉയർന്നതായിരുന്നു. (പട്ടിക 3.6).

**പട്ടിക. 3.6**
**2001നു ശേഷമുള്ള ധനകമ്മി**

| വർഷം | ധനകമ്മി (രൂപ കോടി) | ധനകമ്മി മൊത്തം ചെലവ് അനുപാതം (ശതമാനം) | ധനകമ്മി ജി.എസ്.ഡി.പി അനുപാതം (ശതമാനം) |
|---|---|---|---|
| 2000–01 | 3878 | 31.1 | 5.3 |
| 2001–02 | 3269 | 26.7 | 4.2 |
| 2002–03 | 4987 | 31.9 | 5.7 |
| 2003–04 | 5539 | 31.9 | 5.7 |
| 2004–05 | 4452 | 24.7 | 3.7 |
| 2005–06 | 4182 | 21.4 | 3.1 |
| 2006–07 | 3822 | 17.3 | 2.5 |
| 2007–08 | 6100 | 22.4 | 3.5 |
| 2008–09 | 6346 | 20.5 | 3.1 |
| 2009–10 | 7872 | 23.1 | 3.4 |
| 2010–11 | 7731 | 19.9 | 2.9 |
| 2011–12 | 12815 | 25.2 | 4.1 |
| 2012–13 | 15002 | 25.3 | 4.3 |
| 2013–14 | 16944 | 25.5 | 4.3 |
| 2014–15 | 18642 | 24.2 | 4.1 |
| 2015–16 | 17715 | 19.9 | 3.0* |

* Based on provisional GSDP
*Source:* Same as Table 3.5

റവന്യൂ, ധനകമ്മികൾ നികത്താൻ കടത്തെ ആശ്രയിക്കേണ്ടിവന്നതുമൂലം പൊതുകടവും ഗണ്യമായി വർദ്ധിച്ചു. (പട്ടിക 3.7).

**പട്ടിക. 3.7**
**2001നു ശേഷമുള്ള പൊതുകടം**

| വർഷം | പൊതുകടം (രൂപ കോടി) | വർദ്ധനം (ശതമാനം) | പൊതുകടം ജി.എസ്.ഡി.പി അനുപാതം (ശതമാനം) |
|---|---|---|---|
| 2000-01 | 23919 | - | 32.9 |
| 2001-02 | 26950 | 12.7 | 34.6 |
| 2002-03 | 31060 | 15.3 | 35.7 |
| 2003-04 | 37452 | 20.6 | 38.7 |
| 2004-05 | 41878 | 11.8 | 35.1 |
| 2005-06 | 45929 | 9.7 | 33.5 |
| 2006-07 | 49875 | 8.6 | 32.4 |
| 2007-08 | 55410 | 11.1 | 31.6 |
| 2008-09 | 63300 | 14.2 | 31.5 |
| 2009-10 | 70969 | 12.1 | 30.8 |
| 2010-11 | 78673 | 10.9 | 31.2 |
| 2011-12 | 89418 | 13.7 | 29.8 |
| 2012-13 | 103561 | 15.8 | 31.2 |
| 2013-14 | 119009 | 14.9 | 31.3 |
| 2014-15 | 135440 | 13.8 | 31.4 |

*Source:* Same as Table 3.5

2006 മുതൽ 2011വരെയുള്ള എൽ.ഡി.എഫ് സർക്കാരിന്റെ കാലത്തും ധനപ്രതിസന്ധി തുടർന്നു. എന്നാൽ മുമ്പ് (2001 മുതൽ 2006വരെ) ഉണ്ടായിരുന്ന ധനപ്രതിസന്ധിയുടെ അത്ര രൂക്ഷമായിരുന്നില്ല ഈ കാലഘട്ടത്തെ പ്രതിസന്ധി. റവന്യു കമ്മി, മൊത്തം റവന്യു ചെലവിന്റെ 11 മുതൽ 16 ശതമാനംവരെയായിരുന്നു. ധനകമ്മിയും ഒരു വർഷമൊഴിച്ച് മറ്റു നാലു വർഷങ്ങളിലും മൊത്തം ചെലവിന്റെ 21 ശതമാനം മുതൽ 23 ശതമാനം വരെയായിരുന്നു. പൊതുകടവും ഉയർന്ന തോതിലായിരുന്നു. പൊതുകടം

ജി.എസ്.ഡി.പി. അനുപാതം 30.8 ശതമാനം മുതൽ 33.5 ശതമാനമായിരുന്നു (പട്ടിക 3.5, 3.6, 3.7). ഈ സർക്കാരിനെയും ധനപ്രതിസന്ധിയിലാക്കിയ പ്രധാന ഘടകം 2006 മുതൽ നടപ്പിലാക്കിയ ശമ്പള പെൻഷൻ പരിഷ്കാരമാണ്. ശമ്പളം, പെൻഷൻ, പലിശ, മറ്റു നിത്യനിദാന ചെലവുകൾ എന്നിവ നിറവേറ്റാൻ വേണ്ട വരുമാനമില്ലാത്തതിനാൽ കടം വാങ്ങേണ്ട സ്ഥിതിയിലായിരുന്നു സർക്കാർ.

പണമില്ലാത്തതിനാൽ ബജറ്റിൽ പാസ്സാക്കിയ തുക മുഴുവനും ചെലവാക്കാൻ കഴിയാത്ത സ്ഥിതിയിലായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് 2006-07ൽ നിയമസഭ പാസാക്കിയ ബജറ്റ് തുകയുടെ 23 ശതമാനവും ചെലവാക്കിയില്ല. 2007-08ൽ 14 ശതമാനവും 2008-09ൽ 17 ശതമാനവും തുക ചെലവാക്കിയില്ല. ചെലവുകൾ വെട്ടിച്ചുരുക്കിയാണ് ധനപ്രതിസന്ധി പരിഹരിച്ചത്. വാർഷിക പദ്ധതി തുകയിലും വൻ വെട്ടിക്കുറച്ചിൽ നടത്തേണ്ടിവന്നു. 2006-07ൽ വാർഷികപദ്ധതിയുടെ 56 ശതമാനമേ ചെലവാക്കാൻ കഴിഞ്ഞുള്ളു. 2007-08ൽ വാർഷികപദ്ധതിയുടെ 70 ശതമാനവും 2008-09ൽ 73ശതമാനവും ചെലവാക്കി (എ.ജി, അക്കൗണ്ട്സ് അറ്റ്.എ. ഗ്ലാൻസ് 2006-07 മുതൽ 2008-09) ഇത്തരത്തിൽ വാർഷിക പദ്ധതി വെട്ടിക്കുറവ് വരുത്തിയാണ് ധനപ്രതിസന്ധി തരണം ചെയ്തത്.

ആഗോളമാന്ദ്യ പ്രതിസന്ധി സൃഷ്ടിച്ച സാമ്പത്തികമാന്ദ്യം മറികടക്കാൻ 2009-10ലെ ബജറ്റിൽ രണ്ടുവർഷംകൊണ്ട് നടപ്പിലാക്കാനുള്ള 10,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ചു. അടിസ്ഥാനഘടകങ്ങളായ കുടിവെള്ള വിതരണം, ജലസേചനം, പൊതുമരാമത്ത് പണികൾ, ഇ.എം.എസ്. ഭവനപദ്ധതി, വ്യവസായം, ഐ.റ്റി, ടൂറിസം തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടത്. എന്നാൽ പണമില്ലാത്തതിനാൽ ഇതിനുവേണ്ടി കാര്യമായി ഒന്നും ചെലവാക്കിയില്ല.

അന്നത്തെ സംസ്ഥാനത്തെ നികുതി വരുമാനത്തിൽ 40 ശതമാനവും ചോരുന്നുവെന്നാണ് ധനമന്ത്രിയുടെ അഭിപ്രായം. പക്ഷെ ഇത് പരിഹരിക്കാൻ സർക്കാരിനു കഴിഞ്ഞില്ല. സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള 2008-09ലെ സി.എ.ജി. റിപ്പോർട്ട് ധനകാര്യ മാനേജ്മെന്റ് വളരെ മോശമാണെന്നാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. റവന്യു കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച, മൂലധനചെലവ് കുറഞ്ഞുവരുന്നു, മോശമായ ധനനിയന്ത്രണം, മോശമായ പദ്ധതി നടത്തിപ്പ് തുടങ്ങിയവ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. 2009 മാർച്ചുവരെ 12 വകുപ്പുകൾ പിരിച്ചെടുക്കേണ്ട റവന്യു കുടിശ്ശിക 9466 കോടിയായിരുന്നു. സാധനങ്ങൾ വാങ്ങുന്ന

ബില്ലിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ''ലക്കിവാറ്റ് ലോട്ടറി'' വിൽപ്പന നികുതി പിരിവ് വർദ്ധിപ്പിക്കാൻ സഹായിച്ചില്ല. ഡാമുകളിൽനിന്ന് മണൽ വാരി പണം ഉണ്ടാക്കാനുള്ള പദ്ധതിയും പരാജയപ്പെട്ടു.

## 2011ലെ ധവളപത്രം

2011ൽ അധികാരത്തിൽ വന്ന യു.ഡി.എഫ് സർക്കാർ പ്രസിദ്ധീകരിച്ച ധവളപത്രം അനുസരിച്ച് സംസ്ഥാന സർക്കാർ ധനപ്രതിസന്ധിയിലും കടക്കെണിയിലുമാണ്. സർക്കാർ അടിയന്തിരമായി കൊടുത്തുതീർക്കേണ്ട 2155 കോടി രൂപയുടെ ബാധ്യതയുണ്ടെന്നും അതിനു പണമില്ലാത്ത അവസ്ഥയിലാണെന്നും ധവളപത്രം പറയുന്നു. ശമ്പള, പെൻഷൻ കുടിശ്ശിക 800 കോടി, കരാറുകാർക്കു നൽകേണ്ട കുടിശ്ശിക 425 കോടി, സാമൂഹ്യ ക്ഷേമ പെൻഷൻ കുടിശ്ശിക 200 കോടി, ഭക്ഷ്യസബ്സിഡി കുടിശ്ശിക 266 കോടി, നെൽസംഭരണത്തിനും മറ്റും നൽകേണ്ട കുടിശ്ശിക 125 കോടി, ഭൂമി ഏറ്റെടുക്കുന്നതിന് നൽകേണ്ട 100 കോടി തുടങ്ങിയവയാണ് അവ. 2009-10ലെ റവന്യുകമ്മി മൊത്തം റവന്യുചെലവിന്റെ 16 ശതമാനവും ധനകമ്മി മൊത്തം ചെലവിന്റെ 23 ശതമാനവുമാണ്. ഈ കമ്മി നികത്താൻ കടം വാങ്ങുന്നതുമൂലം സർക്കാർ രൂക്ഷമായ പ്രതിസന്ധിയിലായി.

ശമ്പളം, പെൻഷൻ, പലിശ, മറ്റു ഭരണ ചെലവുകൾ ഉൾപ്പെട്ട നിത്യനിദാന ചെലവുകളുടെ വൻ വർദ്ധനയാണ് ധനപ്രതിസന്ധിയുടെ അടിസ്ഥാന പ്രശ്നം. 2010-11ൽ നടപ്പിലാക്കിയതും 2009 ജൂലൈ മുതൽ മുൻകാല പ്രാബല്യം നൽകിയതുമായ ശമ്പള പരിഷ്കാരം സർക്കാരിന്റെ ധനസ്ഥിതി മോശമാക്കി. ശമ്പള, പെൻഷൻ പരിഷ്കരണവും, ഡി.എ നിരക്കിൽ വന്ന വർദ്ധനവും മൂലം ശമ്പള, പെൻഷൻ ഇനത്തിലുള്ള ചെലവ് 2010-11ൽ 16945 കോടിയായിരുന്നത് 2011-12ൽ 24929 കോടിയായി വർദ്ധിച്ചു. അതായത് ഈ രണ്ട് ഇനങ്ങളിലെ ഒരു വർഷത്തെ വർദ്ധനം 7984 കോടി രൂപ അഥവാ 47 ശതമാനമായിരുന്നു. ധനപ്രതിസന്ധിമൂലം അടിസ്ഥാന ഘടകവികസനം, മൂലധന നിക്ഷേപം, വാർഷിക പദ്ധതികൾ എന്നിവയ്ക്കുള്ള തുക വെട്ടിക്കുറയ്ക്കാൻ നിർബന്ധിതമായി. സമ്പദ്ഘടനയുടെ അടിത്തറ സൃഷ്ടിക്കുന്ന മൂലധന നിക്ഷേപം ഗണ്യമായി കുറഞ്ഞു.

ധനപ്രതിസന്ധി പരിഹരിക്കാൻ തുടർച്ചയായി വായ്പയെ ആശ്രയിക്കുന്നതിനാൽ സംസ്ഥാനത്ത് പൊതുകടം തുടർച്ചയായി വർദ്ധിച്ചു പൊതുകടം 2004-05ൽ 41878 കോടി രൂപയായിരുന്നത് 2009-10ൽ 70969 കോടിയായി വർദ്ധിച്ചു. പുതുതായി എടുക്കുന്ന കടം മുൻപുള്ള കടബാദ്ധ്യതയും പലിശയും തീർത്തുകഴിഞ്ഞാൽ കാര്യമായ മിച്ചമില്ലാത്ത അവ

സ്ഥയിലായി. ഇത് സംസ്ഥാനം കടക്കെണിയിലായതിന്റെ സൂചനയാണെന്നും ഇതിന് ഉത്തരവാദി എൽ.ഡി.എഫ് സർക്കാരിന്റെ മോശം ധന മാനേജ്മെന്റാണെന്നും ധവളപത്രം പറയുന്നു. 2009-10ലെ സി.എ.ജിയുടെ റിപ്പോർട്ടനുസരിച്ച് ഇന്ത്യയിൽ മൂന്നു സംസ്ഥാനങ്ങളാണ് വളരെ ഉയർന്ന കടബാദ്ധ്യതയുള്ളത്. അവ കേരളം, പശ്ചിമ ബംഗാൾ, പഞ്ചാബ് എന്നിവയാണ്. ഈ സംസ്ഥാനങ്ങളിലെ കടബാദ്ധ്യത ധന ആസ്തികളെക്കാൾ ഇരട്ടിയിലധികമാണ്.

## ധനപ്രതിസന്ധി 2011 മുതൽ 2016വരെ

2011 മുതൽ 2016വരെയുള്ള യു.ഡി.എഫ് സർക്കാരിന്റെ കാലത്തും സംസ്ഥാനം ധനപ്രതിസന്ധിയിലായിരുന്നു. മുൻ എൽ.ഡി.എഫ് സർക്കാരിന്റെ അവസാന വർഷത്തിൽ നടപ്പിലാക്കിയ ശമ്പള പെൻഷൻ പരിഷ്കാരവും അതിന് 2009 ജൂലൈ മുതൽ മുൻകാല പ്രാബല്യം നൽകിയതുമൂലമുള്ള കുടിശ്ശിക ബാദ്ധ്യതയും സംസ്ഥാന ട്രഷറിക്കു താങ്ങാൻ കഴിയാത്തതായിരുന്നു. ഓരോ അഞ്ചു വർഷവും സംസ്ഥാനത്തിന്റെ ധനസ്ഥിതി പരിഗണിക്കാതെ നടപ്പിലാക്കുന്ന ശമ്പള പെൻഷൻ പരിഷ്കാരം സംസ്ഥാനത്തെ നിത്യ ധനപ്രതിസന്ധിയിലേക്ക് നയിച്ചിരിക്കുന്നു. മറ്റു നിത്യനിദാന ചെലവുകളുടെയും വൻ വർദ്ധനം നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. കുതിച്ചുയരുന്ന ചെലവുകൾക്കനുപാതികമായി സർക്കാരിന്റെ തനത് നികുതി വരുമാനത്തിൽ വർദ്ധനയുണ്ടായില്ല. മാത്രവുമല്ല നികുതി വർദ്ധനനിരക്ക് കുറഞ്ഞുവരുന്ന സ്ഥിതിയും ഉണ്ടാക്കി. 2013 മുതൽ 2016 വരെ സംസ്ഥാന സമ്പദ്ഘടനയുടെ വിവിധ മേഖലകളിൽ നിലനിന്ന സാമ്പത്തിക മാന്ദ്യം (റബ്ബർ വിലയിടിവ് മറ്റു കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ്, നിർമ്മാണരംഗത്തെ സ്തംഭനാവസ്ഥ, റിയൽ എസ്റ്റേറ്റ് മേഖലയിലെ സ്തംഭനാവസ്ഥ, ഗൾഫ് കുടിയേറ്റക്കാരുടെ മടങ്ങിവരവ് തുടങ്ങിയവ) നികുതി വരുമാനം കുറയുന്നതിന് കാരണമായിട്ടുണ്ട്. 2011-16 കാലഘട്ടത്തിൽ റവന്യു കമ്മിയും ഉയർന്നതായിരുന്നു. അതായത് മൊത്തം റവന്യു ചെലവിന്റെ 13 മുതൽ 19 ശതമാനംവരെ. സംസ്ഥാന ഫിസ്ക്കൽ റസ്പോൺസിബിലിറ്റി ആക്ടിന്റെ (കെ.എഫ്.ആർ.ആക്ട്) മാനദണ്ഡങ്ങളനുസരിച്ച് റവന്യു കമ്മിയും ധനകമ്മിയും കുറയ്ക്കുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടു. യു.ഡി.എഫ് സർക്കാർ 2016 ഏപ്രിൽ മുതൽ ശമ്പള പെൻഷൻ പരിഷ്കരണം നടപ്പിലാക്കി. ഇത് സൃഷ്ടിക്കുന്ന അധിക ധന ബാധ്യത സംസ്ഥാനത്തെ കരകയറാൻ കഴിയാത്ത ധനപ്രതിസന്ധിയിലേക്ക് നയിക്കും എന്നതിനു സംശയമില്ല.

പൊതുകടം, ജി.എസ്.ഡി.പി അനുപാതത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ യു.ഡി.എഫ് സർക്കാരിന്റെ കാലത്തെ പൊതുകടം മുൻ സർക്കാരിനെക്കാൾ താരതമ്യേന മെച്ചമായിരുന്നുവെന്നു കാണാം. 2012 മുതൽ 2015വരെയുള്ള നാലു വർഷങ്ങളിൽ ഒരു വർഷമൊഴിച്ച് കടസൂചിക കെ.എഫ്.ആർ. ആക്ടിന്റെ പരിധിയിലായിരുന്നു. സംസ്ഥാന ധനപ്രതിസന്ധിയെക്കുറിച്ച് വ്യത്യസ്തമായ നിലപാടാണ് 2016ൽ പുതുതായി അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാരിനുള്ളത്. ഈ സർക്കാർ പുറത്തിറക്കിയ ധവളപത്രത്തിലെ നിഗമനങ്ങൾ അടുത്തതായി പരിശോധിക്കാം.

## 2016ലെ ധവളപത്രം

സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതിയെക്കുറിച്ച് ധവളപത്രത്തിൽ പറയുന്ന കാര്യങ്ങൾ താഴെ പറയുന്നവയാണ്. (1) സർക്കാർ അതിരൂക്ഷമായ ധനപ്രതിസന്ധിയിലാണ്. വായ്പ എടുക്കാൻ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള പരിധിയിലുള്ള മുഴുവൻ വായ്പയും എടുത്താലും നിത്യനിദാനചെലവുകൾ നിറവേറ്റാൻ മാത്രമെ തികയു. (2) ധനപ്രതിസന്ധിമൂലം സർക്കാർ മൂലധനനിക്ഷേപം നടത്തേണ്ട പൊതു സർവീസുകൾ (ആരോഗ്യം, വിദ്യാഭ്യാസം) അടിസ്ഥാന ഘടകങ്ങളായ റോഡ്, പാലങ്ങൾ, കുടിവെള്ളം, വൈദ്യുതി തുടങ്ങിയവയ്ക്ക് പണം ഇല്ലാത്ത അവസ്ഥയാണ്. ഇതുമൂലം വികസനരംഗത്ത് കേരളം പിന്നോട്ട് പോയി. (3) പണമില്ലാത്തതിനാൽ വാർഷിക പദ്ധതികൾ വെട്ടിക്കുറയ്ക്കാൻ നിർബന്ധിതമാകുന്നു. കഴിഞ്ഞ മൂന്നു വർഷമായി (2013–16) സംസ്ഥാന നിയമസഭ അംഗീകരിച്ച വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയ സ്കീമുകളുടെ പദ്ധതി ചെലവ് 60–70 ശതമാനം വരെയാണ്. (4) ധനപ്രതിസന്ധിമൂലം ദരിദ്രജന വിഭാഗങ്ങൾക്കും പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്കും ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളും ഫണ്ടുകളും കുറയുന്നതിന് ഇടയാക്കി. (5) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ (2013–16) സംസ്ഥാന സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച ബജറ്റുകളിലെ വരവും ചെലവുകണക്കുകൾ യാഥാർത്ഥ്യങ്ങളോടു പൊരുത്തപ്പെടുന്നവയല്ല. അവ പൊതുവിൽ പെരുപ്പിച്ച കണക്കുകളാണ്. കഴിഞ്ഞ രണ്ടുവർഷം അധിക വിഭവ സമാഹാരമായി ലക്ഷ്യമിട്ടിരുന്നതിന്റെ 75 ശതമാനം മാത്രമേ നേടാൻ കഴിഞ്ഞിട്ടുള്ളു. ബജറ്റിലെ കണക്കുകൾ യാഥാർത്ഥ്യത്തിനു നിരക്കാത്ത കണക്കുകളായി മാറി. (6) വിഭവങ്ങളുടെ ലഭ്യത കണക്കിലെടുക്കാതെ വാർഷികപദ്ധതി തുക പ്രതിവർഷം 10–15 ശതമാനം വർദ്ധിപ്പിക്കുന്നു. പദ്ധതികൾ വരുമാനവുമായി ബന്ധമില്ലാത്ത പെരുപ്പിച്ച പദ്ധതികളാണ്. ഇത് പദ്ധതി നടത്തിപ്പിന്റെ താളം തെറ്റിച്ചു.

(7) സർക്കാർ അടിയന്തിരമായി കൊടുത്തു തീർക്കേണ്ട ബാദ്ധ്യതകൾ 10628 കോടി രൂപയാണ്. ഇതിൽ കോൺട്രാക്ടർമാർക്കു നൽകേണ്ട കുടിശ്ശിക, തിരിച്ചു നൽകേണ്ട ഡിപ്പോസിറ്റുകൾ, സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക, വെയ്സ് ആൻഡ് മീൻസ് തുക തുടങ്ങിയ കുടിശ്ശികകൾ നൽകാൻ 6302 കോടി രൂപ വേണം. ഇതിനു പുറമെ റോഡ് പ്രോജക്ടുകൾ, ബജറ്റിനു പുറമെ നൽകിയ അനുമതികൾ, സർക്കാർ ജീവനക്കാർക്കു പുറമെയുള്ള ശമ്പളപരിഷ്കരണ കുടിശ്ശിക, നെൽസംഭരണം, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവയ്ക്കുള്ള ബാദ്ധ്യതകൾ 4326 കോടി രൂപയാണ്. (8) കേരള ഫിസ്കൽ റസ്പോൺസിബിലിറ്റി ആക്ടിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് റവന്യുകമ്മിയും ധനകമ്മിയും കുറച്ചുകൊണ്ടുവന്ന് ധനസ്ഥിതി മെച്ചമാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു.

(9) നിത്യനിദാന ചെലവുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വൻ വർദ്ധനം ധനപ്രതിസന്ധി രൂക്ഷമാക്കി. ചെലവുകൾ നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. (10) വാണിജ്യനികുതികളുടെ വരുമാന വർദ്ധന നിരക്കിൽ വന്ന കുറവ് പ്രതിസന്ധിക്കു കാരണമായി. 2012ൽ നികുതി നിരക്കിന്റെ വാർഷിക വർദ്ധനം 19.6 ശതമാനമായിരുന്നത് 2016ൽ 10.1 ശതമാനമായി കുറഞ്ഞു. സംസ്ഥാനത്തിന്റെ വളർച്ചാ നിരക്കിനേക്കാൾ നികുതി നിരക്കിലെ വരുമാനം കുറയാൻ കാരണം നികുതി പിരിവിലെ അനാസ്ഥയും, കെടുകാര്യസ്ഥതയും, അഴിമതിയുമാണ്. (11) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ സർക്കാർ അലംഭാവം കാണിച്ചു. 2014-15ൽ ഉണ്ടായിരുന്ന 13020 കോടി നികുതി കുടിശ്ശികയിൽ 60 ശതമാനവും യാതൊരു വിധ തർക്കങ്ങളോ തടസ്സങ്ങളോ ഉള്ളതായിരുന്നില്ല. (12) സെയിൽ ടാക്സ്, വാറ്റ് തുടങ്ങിയ നികുതികൾ യഥാസമയം പിരിക്കുന്നതിന് തടസ്സമായി സർക്കാർ സ്റ്റേ നൽകി. 2011-2016 കാലഘട്ടത്തിൽ 440 കോടി രൂപയുടെ സ്റ്റേ അനുവദിച്ചു. (13) കേന്ദ്രസർക്കാരിൽ നിന്നു നികുതി വിഹിതമായും ഗ്രാന്റായും ലഭിക്കുന്ന തുകയിൽ വൻ വർദ്ധനവുണ്ടായിട്ടും ധനസ്ഥിതി മെച്ചമായില്ല. 2014ൽ 11,607 കോടി രൂപ ലഭിച്ച സ്ഥാനത്ത് 2015-ൽ 15434 കോടിയും 2016-ൽ 21600 കോടിയും ലഭിച്ചു. 2015ൽ വർദ്ധനം 33 ശതമാനവും 2016ൽ 40 ശതമാനവുമാണ്. (14) ഈ നിലയ്ക്കാണ് ധനസ്ഥിതി മുന്നോട്ടു പോകുന്നതെങ്കിൽ 2017-18ൽ സംസ്ഥാന സർക്കാർ സമ്പൂർണ്ണ ധനകാര്യ തകർച്ചയിലേക്കും സാമ്പത്തിക അരാജകത്വത്തിലേക്കും നീങ്ങും. 2021 ആകുമ്പോൾ നിത്യനിദാന ചെലവുകൾക്കുപോലും പണമില്ലാതെ തകർന്നു തരിപ്പണമാകും. സാമൂഹ്യ പെൻഷൻ, ശമ്പളം, പെൻഷൻ വായ്പാ തിരിച്ചടവ് എന്നിവ പോലും മുടങ്ങുന്ന ഭയാനകമായ സ്ഥിതി ഉണ്ടാകും.

ഈ ധനപ്രതിസന്ധിക്ക് ധവളപത്രം ചൂണ്ടിക്കാണിക്കുന്നത് രണ്ടു കാരണങ്ങളാണ്. ഒന്ന്, സർക്കാരിന്റെ തനത് നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിൽ വന്ന പരാജയം. രണ്ട്, കുതിച്ചുയരുന്ന റവന്യു ചെലവുകൾ നിയന്ത്രിക്കുന്നതിൽ വന്ന വീഴ്ച. സർക്കാരിന്റെ തനത് വരുമാനം കാര്യമായി വർദ്ധിയ്ക്കാത്തതിന്റെ കാരണങ്ങൾ താഴെ പറയുന്നവയാണ്. 2011-16 കാലഘട്ടത്തിൽ നികുതിപിരിവ് നടത്തുന്ന വകുപ്പുകളുടെ മോശമായ പ്രവർത്തനം, നികുതിപിരിവ് തടസ്സപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ സ്റ്റേകൾ, നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നിയമ നടപടികൾ സ്വീകരിക്കുന്നതിൽ വന്ന വീഴ്ച, ബജറ്റിൽ പ്രഖ്യാപിച്ച അധിക വിഭവസമാഹരണം നടത്തുന്നതിൽ വന്ന പരാജയം, ചില വിഭാഗം നികുതിദായകർക്ക് നൽകിയ പ്രത്യേക ആനുകൂല്യങ്ങൾ, നികുതി പിരിവിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കാൻ കഴിയാത്തത് തുടങ്ങിയവയാണ്.

റവന്യു ചെലവുകളിൽ വൻ വർദ്ധനയുണ്ടായതിന്റെ കാരണങ്ങൾ താഴെ പറയുന്നവയാണ്. വിഭവങ്ങളും ബജറ്റ് മാനദണ്ഡങ്ങളും പരിഗണിക്കാതെ പ്രഖ്യാപിക്കുന്ന സ്കീമുകൾ, വിഭവങ്ങളുടെ പിൻബലമില്ലാതെ പെരുപ്പിച്ച വാർഷിക പദ്ധതികൾ, ബജറ്റിൽ പ്രഖ്യാപിച്ച അധിക വിഭവ സമാഹരണം ബോധപൂർവ്വം നടപ്പിലാക്കാതിരിക്കൽ, പദ്ധതി ഇതര റവന്യു ചെലവുകളിൽ വന്ന വൻ വർദ്ധനം, റവന്യു ചെലവുകൾ നിയന്ത്രിക്കാത്ത ധനനയം തുടങ്ങിയവയാണ്.

## ധവളപത്രം: ഒരു വിലയിരുത്തൽ

ഈ ധവളപത്രം സംസ്ഥാന സർക്കാർ ഇന്ന് അഭിമുഖീകരിക്കുന്ന ധനപ്രതിസന്ധിയുടെ സ്വഭാവവും, വ്യാപ്തിയുടെയും വ്യക്തമായ ചിത്രം നൽകുന്നു. ഈ നിലയ്ക്കാണ് ധനസ്ഥിതി മുന്നോട്ടു പോകുന്നുവെങ്കിൽ 2017-18ൽ സംസ്ഥാന സർക്കാർ സമ്പൂർണ്ണ ധനകാര്യ തകർച്ചയിലേക്കും സാമ്പത്തിക അരാജകത്വത്തിലേക്കും നീങ്ങാൻ സാധ്യതയുണ്ടെന്നുള്ള പ്രവചനവും യാഥാർത്ഥ്യങ്ങൾക്കു നിരക്കുന്നതാണ്. സർക്കാരിന്റെ റവന്യു ചെലവുകളിൽ ഉണ്ടായ അനിയന്ത്രിതമായ വൻ വർദ്ധനയും തനത് നികുതി, നികുതിയേതര വരുമാനത്തിൽ വന്ന വീഴ്ചയുമാണ് ധനപ്രതിസന്ധിക്കു കാരണമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. മുൻ ധവളപത്രങ്ങളെക്കാൾ പ്രൊഫഷണൽ സമീപനവും ധനസ്ഥിതി വിവര കണക്കുകളും ധവളപത്രത്തിലുണ്ട്. എന്നാൽ ഈ ധവളപത്രത്തിന്റെ ഏറ്റവും വലിയ ന്യൂനത ഇതിലെ രാഷ്ട്രീയ അതിപ്രസരമാണ്. മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് (2006-2011വരെ) ധനസ്ഥിതിയും ധന മാനേജ്മെന്റും മെച്ചമായിരുന്നു

വെന്നും യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് (2011-16വരെ) വളരെ മോശമായിരുന്നുവെന്നും സ്ഥാപിക്കുക എന്ന ഒറ്റ ലക്ഷ്യത്തോടെയാണ് ഓരോ പട്ടികകൾ തയ്യാറാക്കിയതും പ്രസ്താവനകളും നടത്തിയിട്ടുമുള്ളത്. സങ്കുചിത രാഷ്ട്രീയ താൽപര്യത്തിനതീതമായി സർക്കാരിന്റെ ധനസ്ഥിതി വസ്തുനിഷ്ടമായി വിലയിരുത്തുന്നതിൽ ധവളപത്രം പരാജയപ്പെട്ടു. ധനപ്രതിസന്ധിയുടെ അടിസ്ഥാനകാരണങ്ങൾ കണ്ടെത്താനും ശ്രമം നടന്നില്ല. 1980കളുടെ രണ്ടാം പകുതി മുതൽ 2016വരെയുള്ള സംസ്ഥാനത്തിന്റെ ധനസ്ഥിതി പരിശോധിച്ചാൽ അഞ്ചു വർഷത്തിൽ ഒരിക്കൽ നടത്തുന്ന ശമ്പള പെൻഷൻ പരിഷ്കരണവും വർഷത്തിൽ രണ്ടു പ്രാവശ്യം വർദ്ധിപ്പിക്കുന്ന ഡി.എ. നിരക്കുമാണ് ധനപ്രതിസന്ധിയുടെ അടിസ്ഥാന കാരണമെന്നു കാണാൻ കഴിയും. ധനരാഷ്ട്രീയത്തിന്റെ അതിപ്രസരം മൂലം ഇതാണ് കാരണമെന്നു പറയാൻ പോലും ധവളപത്രത്തിന് കഴിഞ്ഞിട്ടില്ല. ശമ്പളം, പെൻഷൻ, പലിശ എന്നീ ചെലവുകളിൽ തൊടാതെ മറ്റു ചെലവുകളിൽ ചെറിയ നിയന്ത്രണം ഏർപ്പെടുത്തിയും നികുതി പിരിവ് മെച്ചപ്പെടുത്തിയും ധനസ്ഥിതി മെച്ചമാക്കാമെന്ന നിർദ്ദേശമാണ് ധവളപത്രം മുന്നോട്ടു വയ്ക്കുന്നത്. ഈ നയം കഴിഞ്ഞ മൂന്നര ദശാബ്ദക്കാലമായി തുടരുന്ന ധനപ്രതിസന്ധിക്ക് പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് സംസ്ഥാനത്തിന്റെ അനുഭവം. സംസ്ഥാനത്തെ ജനങ്ങളുടെ ക്ഷേമവും വികസനവും സർക്കാരിന്റെ സാമ്പത്തിക ഭദ്രതയും മറന്നുകൊണ്ട് ഭരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ രാഷ്ട്രീയ താൽപര്യങ്ങൾക്കു മാത്രം മുൻഗണന നൽകുന്ന നയം നിരാശാജനകമാണ്.

## ഉപസംഹാരം

ധനപ്രതിസന്ധിയെക്കുറിച്ചുള്ള വിശകലനം ഉപസംഹരിക്കാം. (1) സംസ്ഥാന സർക്കാർ അതിരൂക്ഷമായ ധനപ്രതിസന്ധിയിലാണ്. മുഴുവൻ റവന്യു വരവും, കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള പരിധിയിലുള്ള മുഴുവൻ വായ്പയും എടുത്താലും നിത്യനിദാന ചെലവുകൾ നിറവേറ്റാൻ മാത്രമേ തികയൂ. ഈ നിലയ്ക്കാണ് മുന്നോട്ടു പോകുന്നതെങ്കിൽ 2017-18ൽ സംസ്ഥാനം സമ്പൂർണ്ണ ധനകാര്യതകർച്ചയിലേക്കും, അരാജകത്വതതിലേക്കും നീങ്ങാൻ സാധ്യതയുണ്ടെന്ന് 2016ലെ ധവളപത്രം പറയുന്നു. (2) ധനപ്രതിസന്ധി ഒരു താൽക്കാലിക പ്രശ്നമോ ഒരു സർക്കാരിന്റെ കാലത്തോ ഉണ്ടായതല്ല. പ്രതിസന്ധിയിൽ ഏറ്റക്കുറച്ചിൽ ഉണ്ടായിട്ടുണ്ടെങ്കിലും സർക്കാർ കഴിഞ്ഞ മൂന്നു ദശാബ്ദകാലത്ത് തുടർച്ചയായി ധനപ്രതിസന്ധിയിലായിരുന്നു. (3) ഈ നിത്യധന പ്രതിസന്ധിക്കു കാരണം

സംസ്ഥാനത്ത് അധികാരത്തിലിരുന്ന സർക്കാരുകൾ അനുവർത്തിച്ച ധന ധൂർത്ത് രാഷ്ട്രീയവും ധനനയങ്ങളുമാണ്. (4) ധനപ്രതിസന്ധിമൂലം നിത്യ നിദാന ചെലവുകൾക്ക് പണം കണ്ടെത്താൻ വാർഷിക പദ്ധതി, മൂലധന നിക്ഷേപം എന്നിവയിലെ ചെലവ് വെട്ടിക്കുറച്ചിരുന്നു. ഇതുമൂലം ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ പൊതുസർവീസുകൾ, അടിസ്ഥാന ഘടകങ്ങ ളായ റോഡ്, പാലങ്ങൾ, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ രംഗങ്ങളിൽ കേരളം പിന്നോട്ടു പോയി. (5) അന്ധമായ ധനധൂർത്ത് രാഷ്ട്രീയം അനു വർത്തിക്കുന്നതുമൂലം വിലക്കയറ്റത്തിനും സാമ്പത്തിക മാറ്റങ്ങൾക്കുമ നുസരിച്ച് കാലാകാലങ്ങളിൽ തനത് നികുതി, നികുതിയേതര ഇനങ്ങൾ എന്നിവയുടെ നിരക്കിൽ വർദ്ധനം വരുത്തുന്നില്ല. ഇതുമൂലം ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ പൊതു സർവീസുകൾ, അടിസ്ഥാന ഘടകങ്ങളായ റോഡ്, പാലങ്ങൾ, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ രംഗങ്ങളിൽ കേരളം പിന്നോട്ടു പോയി. (5) അന്ധമായ ധനധൂർത്ത് രാഷ്ട്രീയം അനുവർത്തി ക്കുന്നതുമൂലം വിലക്കയറ്റത്തിനും സാമ്പത്തിക മാറ്റങ്ങൾക്കുമനുസരിച്ച് കാലാകാലങ്ങളിൽ തനത് നികുതി, നികുതിയേതര ഇനങ്ങൾ എന്നിവ യുടെ നിരക്കിൽ വർദ്ധനം വരുത്തുന്നില്ല. ഇതുമൂലം ദീർഘകാലം നിര ക്കുകൾ മാറ്റമില്ലാതെ നിലനിന്നു. (6) മോശമായ നികുതി പിരിവ്, അഴിമതി, സർക്കാർ സ്റ്റേകൾ, കുടിശ്ശിക പിരിച്ചെടുക്കുന്നതിലെ അനാസ്ഥ, നികുതി പിരിവിന് ഐ.റ്റി. സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിൽ വന്ന പരാജയം തുടങ്ങിയവ നികുതിവരുമാന വളർച്ച മുരടിപ്പിച്ചു. (7) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ഉയർന്ന നിരക്കിലാകുമ്പോൾ തനതു വരുമാനം വർദ്ധിക്കുകയും മാന്ദ്യകാലത്ത് വളർച്ച കുറയുമ്പോൾ വരുമാനം കുറയു കയും ചെയ്യുന്ന പ്രവണത പൊതുവിൽ ദൃശ്യമായിരുന്നു. (8) ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളും തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചി രുന്നതുമൂലം സർക്കാരിനു ലഭിക്കേണ്ട ലാഭവിഹിതം, പലിശ തിരിച്ചടവ്, നികുതികൾ എന്നിവ ലഭിക്കാത്ത അവസ്ഥയിലായിരുന്നു. സർക്കാർ കട മെടുത്ത് നൽകിയിരുന്ന വായ്പകളും തിരിച്ചടയ്ക്കാറില്ല. (9) ധനലഭ്യത കണക്കിലെടുക്കാതെ രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി നിശ്ചയിക്കുന്ന ഉയർന്ന തുകയ്ക്കുള്ള പദ്ധതി അരാജകത്വം സൃഷ്ടിക്കുന്നു. മാത്രമല്ല ബജറ്റിൽ പണം കണ്ടുകൊണ്ടു തുടങ്ങുന്ന പ്രോജക്ടുകൾ പണമില്ലാതെ പകുതി വഴിയിൽ നിൽക്കുന്നു. (10) ഒരു ഭാഗത്ത് റവന്യു വരുമാനം മന്ദ ഗതിയിൽ വർദ്ധിക്കുമ്പോൾ മറുഭാഗത്ത് റവന്യു ചെലവ് ഒരു നിയന്ത്രണ വുമില്ലാതെ കുതിച്ചുയരുന്നു. റവന്യു ചെലവുകളായ ശമ്പളം, പെൻഷൻ, പലിശ, സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ടീച്ചിംഗ്

ഗ്രാന്റ്, സബ്സിഡികൾ, ഗ്രാന്റുകൾ, ഭരണചെലവുകൾ, നഷ്ടത്തിൽ നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള സഹായം, സാമൂഹ്യ സുരക്ഷാ പെൻഷൻ തുടങ്ങിയവയിൽ തുടർച്ചയായി വൻതോതിൽ വർദ്ധനയുണ്ടാകുന്നു. (11) രാഷ്ട്രീയ പാർട്ടികളുടെയും ശക്തരായ സമ്മർദ്ദ ഗ്രൂപ്പുകളുടെയും നിക്ഷിപ്ത താൽപര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി പല റവന്യൂ ചെലവുകളിലും നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാരുകൾ തയ്യാറായിട്ടില്ല. തന്മൂലം പദ്ധതിയേതര നിത്യനിദാന ചെലവുകൾ ഒരു നിയന്ത്രണവുമില്ലാതെ കുതിച്ചുയർന്നു. (12) കഴിഞ്ഞ മൂന്നു ദശാബ്ദകാലത്തെ ധനപ്രതിസന്ധിയുടെ കാരണങ്ങൾ പരിശോധിച്ചാൽ അഞ്ചു വർഷത്തിലൊരിക്കൽ നടത്തുന്ന ശമ്പള, പെൻഷൻ പരിഷ്കാരവും, വർഷത്തിൽ ശരാശരി നടത്തുന്ന രണ്ടു ഡി.എ. വർദ്ധനവും മൂലം സൃഷ്ടിക്കുന്ന വൻ ധനബാദ്ധ്യതയാണ് പ്രതിസന്ധിയുടെ അടിസ്ഥാന കാരണമെന്നു കാണാം. (13) സർക്കാരിന്റെ ധനസ്ഥിതി പരിഗണിക്കാതെ സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വൻ ധനബാധ്യതയുണ്ടാക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നു. അനാവശ്യമായി പുതിയ സ്ഥാപനങ്ങൾ, ബാച്ചുകൾ അനുവദിക്കുക, ജോലിയില്ലാത്ത അദ്ധ്യാപകർക്ക് ശമ്പളം നൽകുക, കുട്ടികൾ ഇല്ലാത്ത സ്കൂളുകൾ നിലനിർത്തുക, പുതിയ നിയമനങ്ങൾ നടത്താൻ അനുവാദം നൽകുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നു. (14) വിഭവങ്ങളുടെ പിൻബലമില്ലാതെ പ്രചരണത്തിനുവേണ്ടി വലിയ വാർഷിക പദ്ധതികൾ പ്രഖ്യാപിക്കുക, നഷ്ടത്തിൽ നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനസഹായവും വായ്പയും നൽകുക, അംഗീകരിച്ച ബജറ്റിനുപുറത്ത് ചെലവേറിയ പ്രോജക്ടുകൾ പ്രഖ്യാപിക്കുക തുടങ്ങിയ നടപടികളും ധനപ്രതിസന്ധിക്കുള്ള കാരണങ്ങളാണ്. (15) സർക്കാരിന്റെ ധനസ്ഥിതിക്കു താങ്ങാൻ കഴിയാത്ത വിദ്യാഭ്യാസ ചെലവാണ് മറ്റൊന്ന്. 2001വരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ മേഖലയിലും സ്വകാര്യ എയ്ഡഡ് മേഖലയിലും മാത്രം മതി എന്ന നയമാണ് അനുവർത്തിച്ചുവന്നത്. (16) കടബാദ്ധ്യതയുടെ ഗണ്യമായ വർദ്ധനവും തന്മൂലമുള്ള വായ്പ തിരിച്ചടവ്, പലിശ ബാദ്ധ്യതയിലെ വർദ്ധനം എന്നിവയും ധനപ്രതിസന്ധിയുള്ള ഒരു കാരണമാണ്. (17) ധനകാര്യങ്ങളിൽ തീരുമാനങ്ങളെടുക്കുന്ന മന്ത്രിമാർ, എം.എൽ.എ.മാർ, രാഷ്ട്രീയ നേതാക്കൾ, ട്രേഡ് യൂണിയൻ നേതാക്കൾ, പ്രാദേശിക സർക്കാരുകളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ ധനരാഷ്ട്രീയവും, ധനകാര്യങ്ങളിലുള്ള അജ്ഞതയും ധനസ്ഥിതി മെച്ചമാക്കാൻ തടസ്സമായി നിന്നിരുന്നു.

## അദ്ധ്യായം നാല്

# സംസ്ഥാന സർക്കാരിന്റെ വരവ്

"കാലാകാലങ്ങളിൽ വിലക്കയറ്റത്തിനും മറ്റു സാമ്പത്തിക മാറ്റ ങ്ങൾക്കുമനുസരിച്ച് സർക്കാരിന്റെ നികുതികൾ, ഫീസുകൾ, യൂസർ ചാർ ജുകൾ തുടങ്ങിയവയിൽ മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്ന താണ് സാമ്പത്തിക ശാസ്ത്രതത്വം. എന്നാൽ വരവിനങ്ങളിൽ കാലാകാ ലങ്ങളിൽ വർദ്ധനയോ മാറ്റങ്ങളോ വരുത്തുന്നത് ജനവിരുദ്ധമാണെന്നു രാഷ്ട്രീയ പാർട്ടികൾ കരുതുന്നു. തെരഞ്ഞെടുപ്പിൽ വിജയിച്ച് അധികാരം നേടാനും അധികാരത്തിൽ തുടരാനും ഇത് അനിവാര്യമാണെന്ന് അവർ വിശ്വസിക്കുന്നു. തന്മൂലം നികുതി, നികുതിയേതര ഇനങ്ങളിലെ നിരക്ക് വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കുക എന്നത് അടഞ്ഞ അദ്ധ്യായമായാണ് സർക്കാരുകൾ കാണുന്നത്".

### 1. ധനനയം

സംസ്ഥാനത്തെ ജനങ്ങളിൽ വലിയൊരു വിഭാഗവും ദാരിദ്രരരായ തുകൊണ്ട് ജനങ്ങൾക്ക് ഭാരമുണ്ടാക്കുന്ന നികുതികൾ, ഫീസുകൾ, യൂസർ ചാർജുകൾ എന്നിവ കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്നത് ജന വിരുദ്ധമാണെന്ന് രാഷ്ട്രീയ പാർട്ടികളും സർക്കാരുകളും കരുതുന്നു. തൻമൂലം ഫീസുകൾ, യൂസർ ചാർജുകൾ, നികുതികൾ എന്നിവ വിലക്ക യറ്റത്തിനും സാമ്പത്തിക മാറ്റങ്ങൾക്കുമനുസരിച്ച് വർദ്ധിപ്പിക്കാതിരിക്കുന്ന ധനനയമാണ് പൊതുവിൽ സർക്കാരുകൾ അനുവർത്തിക്കുന്നത്. ഇതി നൊരു ചരിത്രപശ്ചാത്തലമുണ്ട്. സംസ്ഥാന രൂപീകരണകാലത്ത് (1956) കേരളത്തിലെ മൊത്തം ജനങ്ങളിൽ നാലിൽ മൂന്നിലധികം പേരും ദരിദ്ര

രരായിരുന്നുവെന്ന് ലഭ്യമായ വിവരങ്ങൾ സൂചിപ്പിക്കുന്നു. ആസൂത്രണ കമ്മിഷന്റെ ദാരിദ്ര്യരേഖ നിർവചനം അനുസരിച്ച് 1973-74ൽ കേരളത്തിലെ മൊത്തം ജനസംഖ്യയിൽ 60 ശതമാനം പേരും ദരിദ്രരായിരുന്നു. കമ്മ്യൂണിസ്റ്റ്, സോഷ്യലിസ്റ്റ്, രാഷ്ട്രീയ സിദ്ധാന്തങ്ങളിൽ രാഷ്ട്രീയ പാർട്ടികൾ തീവ്രമായി വിശ്വസിച്ചിരുന്ന കാലമായിരുന്നു അന്ന്. ജനങ്ങളിൽ നിന്ന് പിരിക്കുന്ന നികുതികൾ, ഫീസുകൾ, യൂസർ ചാർജുകൾ തുടങ്ങിയവ പരമാവധി കുറയ്ക്കുക എന്നതാണ് ജനക്ഷേമത്തിന് അനിവാര്യമെന്ന് വിശ്വസിച്ചിരുന്നു. തൻമൂലം സർക്കാർ നൽകുന്ന പൊതു സർവീസുകളായ വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, വൈദ്യുതി, മറ്റു പൊതു സേവനങ്ങൾ എന്നിവയ്ക്ക് വളരെ കുറഞ്ഞ നിരക്കുകളാണ് ഈടാക്കിയിരുന്നത്. ഈ നിരക്കുകൾ ഇത്തരത്തിലുള്ള സേവനങ്ങൾ നൽകുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ നിരക്കുകളേക്കാൾ വളരെ കുറഞ്ഞതായിരുന്നു. സർക്കാർ നൽകുന്ന സർവീസുകളും വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളും മറ്റും സൗജന്യമായോ തുച്ഛമായ നിരക്കിലോ നൽകണമെന്നത് രാഷ്ട്രീയ പാർട്ടികളുടെ ധനസിദ്ധാന്തമായി മാറി. സംസ്ഥാനത്തെ ദരിദ്രരുടെ വിഹിതത്തിൽ വൻതോതിലുള്ള കുറവുണ്ടായെങ്കിലും ഈ ധനസിദ്ധാന്തത്തിൽ മാറ്റമുണ്ടായില്ല. 1973-74ൽ കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ 60 ശതമാനമായിരുന്നത് 2011-12ൽ 7 ശതമാനമായി കുറഞ്ഞു.

പൊതുമേഖലാ സ്ഥാപനങ്ങൾ കാര്യക്ഷമതയോടെ, ലാഭകരമായോ സർക്കാർ സഹായമില്ലാതെയോ പ്രവർത്തിക്കേണ്ടതാണെന്ന് സ്ഥാപനങ്ങളോ, തൊഴിലാളി യൂണിയനുകളോ, സർക്കാരോ കാണുന്നില്ല. ഒരു സർക്കാരാശുപത്രി പോലെയാണ് വാണിജ്യ സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ നടത്തുന്നത്. സർക്കാർ പണം മുടക്കി പൊതുമേഖല സ്ഥാപനം തുടങ്ങുന്നു. പ്രവർത്തനച്ചെലവിന് പണമില്ലെങ്കിൽ സർക്കാർ നൽകുന്നു. സ്ഥാപനത്തിനാവശ്യമായ തുക സർക്കാർ കടമെടുത്തു നൽകുന്നു. സ്ഥാപനം എത്ര നഷ്ടം വരുത്തിയാലും അത് നികത്താനുള്ള ബാധ്യത സർക്കാരിനാണന്ന് പൊതുവിൽ കരുതപ്പെടുന്നു. ഇത്തരത്തിലുള്ള ധന ധൂർത്ത് കാരണം ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളും സംസ്ഥാന ഖജനാവിന് നിത്യസാമ്പത്തിക ബാധ്യത വരുത്തുന്ന സ്ഥാപനങ്ങളായി മാറിയിരിക്കുന്നു. തുടർച്ചയായി വൻനഷ്ടം വരുത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കാനും സർക്കാരുകൾ തയ്യാറല്ല.

സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും വരുത്തുന്ന കുടിശ്ശിക ബാധ്യതകൾ സർക്കാരിന്റെ വരവിനെ പ്രതികൂലമായി ബാധിക്കുന്ന ഒരു ഘടകമാണ്. ഒരു സർക്കാർ വകുപ്പോ പൊതുമേഖലാ സ്ഥാപനമോ മറ്റു വകുപ്പുകൾക്ക് നൽകേണ്ട ഫീസുകൾ, യൂസർ ചാർജുകൾ, നികുതി, വാടക തുടങ്ങിയവ യഥാസമയം നൽകാറില്ല. സർക്കാർ വകുപ്പുകളിലും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും ഉപയോഗിച്ച കുടിവെള്ളത്തിന് പണം നൽകാത്തതുമൂലം വാട്ടർ അതോരിറ്റി ധനപ്രതിസന്ധിയിലാക്കുന്നു. സർക്കാരിന് ലഭിക്കേണ്ട കുടിശ്ശിക തുക പരിശോധിച്ചാൽ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവ സർക്കാരിന് യഥാസമയം നൽകേണ്ട ഫീസുകൾ, യൂസർ ചാർജ്, നികുതികൾ, വാടക, ഭൂമിക്കരം തുടങ്ങിയവ നൽകുന്നതിൽ അനാസ്ഥ കാണിക്കുന്നതായി കാണാം.

ചുരുക്കത്തിൽ സംസ്ഥാന സർക്കാരിനു ലഭിക്കേണ്ട തനത് നികുതി, നികുതിയേതര ഇനങ്ങൾ എന്നിവയിൽ കാലാകാലങ്ങളിൽ മാറ്റം വരുത്തി വരവ് വർദ്ധിപ്പിക്കുന്നതിന് സർക്കാരുകൾ അനുവർത്തിച്ചുവരുന്ന ധനനയത്തിൽ യാതൊരു സ്ഥാനവുമില്ല. തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ ശക്തമാക്കാനും അഴിമതി വിമുക്തമാക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കാനും കഴിയുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിന് ലാഭവിഹിതം തരുന്ന സ്ഥാപനങ്ങളിൽ നിന്ന് വൻ സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്ന സ്ഥാപനങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഇതിൽ മാറ്റം വരുത്താൻ സ്ഥാപനങ്ങളോ സർക്കാരോ കാര്യമായ ശ്രമങ്ങൾ നടത്തുന്നില്ല. സർക്കാരിനു ലഭിക്കേണ്ട നികുതി, നികുതിയേതര ഇനങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിലും ധനനയം മുൻഗണന നൽകുന്നില്ല. പൊതുവിൽ തനതുവരുമാനങ്ങൾ സ്വരൂപിക്കുന്നതിൽ മുൻഗണനയില്ലാത്ത ധനനയമാണ് സർക്കാരുകൾ അനുവർത്തിക്കുന്നത്.

## 2. സംസ്ഥാന സർക്കാരിന്റെ മൊത്തം വരവ്

സംസ്ഥാന സർക്കാരിന്റെ മൊത്തം വരവിനെ മൂലധനം, റവന്യു എന്നീ രണ്ട് വിഭാഗങ്ങളായി തരംതിരിക്കാം. മൂലധന വിഭാഗത്തിൽ വരുന്നത് വിവിധ സ്രോതസ്സുകളിൽ നിന്ന് കടമെടുക്കുന്ന തുകയും സർക്കാർ നൽകിയ വായ്പകളുടെ തിരിച്ചടവും മറ്റ് മൂലധന വരവുകളുമാണ്. റവന്യൂ വരവ്, പ്രധാനമായും നാല് ഇനങ്ങൾ ഉൾപ്പെട്ടതാണ്. അവ തനത്

നികുതി, നികുതിയേതര ഇനങ്ങൾ, കേന്ദ്രനികുതി വിഹിതം, ഗ്രാന്റുകൾ എന്നിവയാണ്. സംസ്ഥാന സർക്കാരിന്റെ വരവ് ഘടന ചാർട്ട് 4.1ൽ നൽകിയിട്ടുണ്ട്. റവന്യു വരവ് ഘടന ചാർട്ട് 4.2ൽ കൊടുത്തിട്ടുണ്ട്

## ചാർട്ട് 4.1
## സംസ്ഥാന സർക്കാരിന്റെ വരവ് ഘടന




## ചാർട്ട് 4.2
## റവന്യൂ വരവ് ഘടന



## പട്ടിക 4.1
## സഞ്ചിതനിധിയിൽ വരുന്ന മൊത്തം വരവ്

| വർഷം | മൊത്തം റവന്യൂ വരവ് | വായ്പ യല്ലാത്ത വരവ് (മൂലധനം) | വായ്പയായ വരവ് (മൂലധനം) | മൊത്തം വരവ് (2+3+4) | വായ്പ വരവ് മൊത്തം വരവ് അനുപാതം (ശതമാനം) | മൊത്തം വരവ് വർദ്ധനം (ശതമാനം) |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 2000-01 | 8731 | 117 | 2156 | 11004 | 19.6 | - |
| 2001-02 | 9056 | 55 | 2792 | 11903 | 23.4 | 8.2 |
| 2002-03 | 10634 | 81 | 3966 | 14681 | 27.0 | 23.3 |
| 2003-04 | 11815 | 73 | 6992 | 18880 | 37.0 | 28.6 |
| 2004-05 | 13500 | 95 | 6596 | 20191 | 32.7 | 6.9 |
| 2005-06 | 15295 | 52 | 5823 | 21170 | 27.5 | 4.8 |
| 2006-07 | 18187 | 68 | 5336 | 23591 | 22.6 | 11.4 |
| 2007-08 | 21107 | 53 | 5644 | 26804 | 21.1 | 13.6 |
| 2008-09 | 24512 | 45 | 6921 | 31478 | 22.0 | 17.4 |
| 2009-10 | 26109 | 87 | 6616 | 32812 | 20.2 | 4.2 |
| 2010-11 | 30991 | 69 | 7189 | 38249 | 18.8 | 16.6 |
| 2011-12 | 38010 | 71 | 9799 | 47880 | 20.5 | 25.2 |
| 2012-13 | 44137 | 89 | 13261 | 57487 | 23.1 | 20.1 |
| 2013-14 | 49177 | 123 | 14461 | 63761 | 22.7 | 10.9 |
| 2014-15 | 57950 | 152 | 18509 | 76611 | 24.2 | 20.2 |
| 2015-16 | 71020 | 225 | 17615 | 88860 | 19.8 | 16.0 |

*Source:* Report of the CAG on State Finances for the years 2011 to 2015;
White Paper on State Finances 2011 and 2016;
Revised Budget 2016-17 at a glance

സർക്കാരിന്റെ മൊത്തം വരവ് 2000-01ൽ 11004 കോടിയായിരുന്നത് 2015-16ൽ 88860 കോടിയായി വർദ്ധിച്ചു. പട്ടിക 4.1ൽ സർക്കാരിന്റെ സഞ്ചിത നിധിയിൽ കഴിഞ്ഞ പതിനാറ് വർഷത്തെ റവന്യൂ മൂലധന വരുമാനങ്ങൾ

ഉൾപ്പെടെ മൊത്തം വരവ്, വാർഷിക വളർച്ചാ നിരക്ക് എന്നിവ നൽകിയിട്ടുണ്ട്. ഈ തുകയിൽ പബ്ലിക് അക്കൗണ്ട് വിഭാഗങ്ങളിൽ നിന്ന് ലഭിച്ച തുക ഉൾപ്പെടുത്തിയിട്ടില്ല.

സർക്കാരിന്റെ മൊത്തം വരവിന്റെ ശരാശരി വാർഷിക വർദ്ധനം 2000-01 മുതൽ 2005-06വരെ 14.36 ശതമാനവും, 2006-07 മുതൽ 2010-11 വരെ 12.64 ശതമാനവും, 2010-11 മുതൽ 2015-16 വരെ 18.48 ശതമാനവുമായിരുന്നു. ഈ മൂന്നു കാലഘട്ടത്തിൽ ഏറ്റവും ഉയർന്ന തോതിൽ കടം വാങ്ങിയിരുന്നത് 2000ത്തിലെ ധനകാര്യ തകർച്ചയ്ക്ക് ശേഷമുള്ള കാലഘട്ടത്തിലാണ്. 2000-01നു ശേഷം ഏറ്റവും ഉയർന്ന നിരക്കിൽ കടം എടുത്ത വർഷം 2003-04 ആണ്. മൊത്തം വരുമാനത്തിന്റെ 37 ശതമാനവും കടം വാങ്ങിയതായിരുന്നു.

അടുത്തതായി റവന്യുവരവ് പരിശോധിക്കാം. പട്ടിക 4.2ൽ 2000-01 മുതലുള്ള തനത് നികുതിയിതര ഇനങ്ങൾ, കേന്ദ്രവിഹിതം, ഗ്രാന്റുകൾ എന്നിവ ഉൾപ്പെട്ട റവന്യൂ വരവുകൾ നൽകിയിട്ടുണ്ട്. 2000-01ൽ മൊത്തം റവന്യൂവരവ് 8731 കോടിയായിരുന്നത് 2015-16ൽ 71020 കോടിയായി വർദ്ധിച്ചു. മൊത്തം റവന്യൂ വരുമാനം 2011-12നുശേഷം സംസ്ഥാന ജി.ഡി.പി.യുടെ 12.1 മുതൽ 12.8 ശതമാനംവരെയായിരുന്നു. റവന്യൂ ജി.ഡി.പി. അനുപാതത്തിൽ കാര്യമായ വ്യത്യാസം വരാത്തത് റവന്യൂ വരുമാനം ഒരേ തോതിൽ നിൽക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. പട്ടിക 4.3ൽ ഈ നാലിനം റവന്യൂവരവിന്റെ വാർഷിക വർദ്ധന നിരക്ക് നൽകിയിട്ടുണ്ട്. മൊത്തം റവന്യൂ വരുമാനത്തിൽ പല വർഷങ്ങളിലും ഏറ്റക്കുറച്ചിൽ ഉണ്ടായിട്ടുണ്ട്. ഏറ്റവും കുറഞ്ഞ വർദ്ധനവുണ്ടായത് 2001-02ലാണ്. വർദ്ധനം 3.7 ശതമാനം. എന്നാൽ വരുമാനത്തിൽ വലിയ കുറവുണ്ടായ മറ്റൊരു വർഷം 2009-10 ആണ്. 2008ലെ ആഗോള സാമ്പത്തിക മാന്ദ്യം മൂലമാണ് ഈ കുറവുണ്ടായിട്ടുള്ളത്. മാന്ദ്യംമൂലം സർക്കാരിന്റെ തനത് നികുതി വരുമാനത്തിൽ കുറവുണ്ടായി. 2013-14ൽ സംസ്ഥാനത്ത് അനുഭവപ്പെട്ട സാമ്പത്തിക മാന്ദ്യവും തനത് നികുതി വർദ്ധന ഗണ്യമായി കുറയ്ക്കാൻ ഇടയാക്കിയിട്ടുണ്ട്. നികുതിയേതര വരുമാന വളർച്ചാനിരക്കും ചില വർഷങ്ങളിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കേന്ദ്രനികുതി വിഹിതമായി ലഭിക്കുന്ന തുകയിലും വലിയ ഏറ്റക്കുറച്ചിൽ ഉണ്ടായിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച ഗ്രാന്റുകൾ പല വർഷങ്ങളിലും മുൻവർഷം ലഭിച്ചതിനെക്കാൾ കുറവായിരുന്നു.

## പട്ടിക 4.2
## മൊത്തം റവന്യൂവരവ് (രൂപ കോടി)

| വർഷം | തനത് നികുതി | നികുതി യേതര വരവ് | കേന്ദ്ര നികുതി വിഹിതം | കേന്ദ്ര ഗ്രാന്റുകൾ | മൊത്തം റവന്യൂ വരവ് | റവന്യൂ വരവ് ജി.എസ്.ഡി.പി അനുപാതം (ശതമാനം) |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 2000-01 | 5867 | 655 | 1589 | 620 | 8731 | 12.5 |
| 2001-02 | 5923 | 543 | 1612 | 978 | 9056 | 12.5 |
| 2002-03 | 7303 | 678 | 1715 | 938 | 10634 | 12.3 |
| 2003-04 | 8089 | 807 | 2012 | 907 | 11815 | 12.3 |
| 2004-05 | 8963 | 819 | 2405 | 1313 | 13500 | 12.6 |
| 2005-06 | 9779 | 937 | 2518 | 2061 | 15295 | 12.9 |
| 2006-07 | 11942 | 938 | 3212 | 2095 | 18187 | 13.7 |
| 2007-08 | 13669 | 1210 | 4052 | 2176 | 21107 | 14.2 |
| 2008-09 | 15990 | 1559 | 4276 | 2687 | 24512 | 12.1 |
| 2009-10 | 17625 | 1852 | 4399 | 2233 | 26109 | 11.3 |
| 2010-11 | 21722 | 1931 | 5142 | 2196 | 30991 | 11.5 |
| 2011-12 | 25719 | 2592 | 5990 | 3709 | 38010 | 12.1 |
| 2012-13 | 30077 | 4198 | 6841 | 3021 | 44137 | 12.1 |
| 2013-14 | 31995 | 5575 | 7469 | 4138 | 49177 | 12.4 |
| 2014-15 | 35232 | 7284 | 7926 | 7508 | 57950 | 12.8 |
| 2015-16 | 39882 | 8911 | 13122 | 9105 | 71020 | 12.1 |

*Source:* Same as Table 4.1

## പട്ടിക 4.3
## റവന്യൂ വരവ് വർദ്ധന നിരക്ക് (ശതമാനം)

| വർഷം | തനത് നികുതി | നികുതി യേതര ഇനങ്ങൾ | കേന്ദ്ര നികുതി വിഹിതം | കേന്ദ്ര ഗ്രാന്റുകൾ | മൊത്തം റവന്യൂ വരവ് |
|---|---|---|---|---|---|
| 2001-02 | 1.0 | -17.1 | 1.4 | 57.7 | 3.7 |
| 2002-03 | 23.3 | 24.9 | 6.4 | -4.1 | 17.4 |
| 2003-04 | 10.7 | 19.0 | 17.3 | -3.3 | 11.1 |
| 2004-05 | 10.8 | 1.5 | 19.5 | 44.7 | 14.3 |
| 2005-06 | 9.1 | 14.4 | 4.7 | 19.2 | 13.3 |
| 2006-07 | 22.1 | 0.1 | 27.5 | 1.6 | 18.9 |
| 2007-08 | 14.4 | 28.9 | 26.1 | 3.8 | 16.1 |
| 2008-09 | 16.9 | 28.8 | 5.5 | 23.4 | 16.1 |
| 2009-10 | 10.2 | 18.7 | 2.8 | -16.9 | 6.5 |
| 2010-11 | 23.2 | 4.2 | 16.8 | -1.6 | 18.7 |
| 2011-12 | 18.4 | 34.2 | 16.4 | 68.9 | 22.6 |
| 2012-13 | 16.9 | 61.9 | 14.2 | -18.5 | 16.1 |
| 2013-14 | 6.4 | 32.8 | 9.2 | 37.0 | 11.4 |
| 2014-15 | 10.1 | 30.7 | 6.1 | 81.4 | 17.8 |
| 2015-16 | 13.2 | 22.3 | 65.6 | 21.3 | 22.6 |

*Source:* Based on Table 4.2

2001നുശേഷം സംസ്ഥാനത്ത് അധികാരത്തിലിരുന്ന മൂന്നു സർക്കാരുകളുടെ കാലഘട്ടത്തിലെ റവന്യൂ വരുമാനത്തിന്റെ ഗതി പരിശോധിക്കാം. (പട്ടിക 4.4). 2001-2006ലെ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് മൊത്തം വാർഷിക ശരാശരി റവന്യു വർദ്ധനം 11.96 ശതമാനമായിരുന്നു. തനത് നികുതിയുടെ ശരാശരി വാർഷിക വർദ്ധനം 10.98 ശതമാനവും നികുതി യേതരയിനങ്ങൾ 8.54 ശതമാനവും, കേന്ദ്രനികുതി വിഹിതം 9.86 ശതമാനവും, ഗ്രാന്റുകൾ 22.84 ശതമാനവുമായിരുന്നു. തുടർന്ന് അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് മൊത്തം റവന്യു വരുമാന

ത്തിന്റെ വാർഷിക ശരാശരി വർദ്ധനം 15.2 ശതമാനമായി വർദ്ധിച്ചു. കേന്ദ്ര ഗ്രാന്റുകൾ ഒഴികെ മറ്റെല്ലായിനങ്ങളിലും വാർഷിക ശരാശരി വർദ്ധനം ഉയർന്ന തോതിലായിരുന്നു. തനത് നികുതി വരുമാനത്തിൽ വന്ന ഗണ്യ മായ വർദ്ധനയാണ് റവന്യുവരുമാനം മെച്ചപ്പെടുത്താൻ സഹായിച്ചത്. 2011 മുതൽ 2016വരെയുള്ള യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് മൊത്തം റവന്യു വരുമാനത്തിന്റെ വാർഷിക ശരാശരി വർദ്ധനം മുൻ സർക്കാരി നെക്കാൾ ഉയർന്നതായിരുന്നു. അതായത് 18.1 ശതമാനം. തനത് നികുതി വരുമാനങ്ങളിൽ മുൻ സർക്കാരിനെ അപേക്ഷിച്ച് കുറഞ്ഞ വരുമാന വർദ്ധ നവാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ നികുതിയേതര വരുമാനം, കേന്ദ്ര നികുതി വിഹിതം, ഗ്രാന്റുകൾ എന്നിവയിൽ മുൻ സർക്കാരിനെക്കാൾ ഉയർന്ന വരുമാന വർദ്ധനനിരക്ക് നേടാൻ കഴിഞ്ഞു.

**പട്ടിക 4.4**

**റവന്യൂ വരവിന്റെ വാർഷിക ശരാശരി വർദ്ധനം (ശതമാനം)**

| കാലഘട്ടം | തനത് നികുതി | നികുതി യേതര വരവ് | കേന്ദ്ര നികുതി വിഹിതം | കേന്ദ്ര ഗ്രാന്റുകൾ | മൊത്തം റവന്യു വരവ് |
|---|---|---|---|---|---|
| 2001-02 - 2005-06 | 10.98 | 8.54 | 9.86 | 22.84 | 11.96 |
| 2006-07 - 2010-11 | 17.36 | 16.14 | 15.74 | 2.06 | 15.26 |
| 2011-12 - 2015-16 | 13.00 | 36.38 | 22.30 | 38.02 | 18.10 |

*Source:* Based on Table 4.3

2001നുശേഷമുള്ള കാലഘട്ടത്തിൽ റവന്യൂ വരുമാന ഘടനയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. (പട്ടിക 4.5). ഒന്ന്. സർക്കാരിന്റെ തനത് നികുതി വരുമാനത്തിന്റെ വിഹിതത്തിൽ 21-ാം നൂറ്റാണ്ടിന്റെ ആദ്യ ദശാ ബ്ദകാലത്ത് വർദ്ധനവുണ്ടായെങ്കിലും പിന്നീട് ഗണ്യമായി കുറഞ്ഞു. 2010-11ൽ മൊത്തം നികുതി വരുമാനത്തിൽ തനത് നികുതിയുടെ വിഹിതം 70 ശതമാനമായിരുന്നത് 2015-16 ൽ 56 ശതമാനമായി കുറഞ്ഞു. സർക്കാ രിന്റെ ഏറ്റവും പ്രധാന വരവായ തനതു നികുതി വരുമാനത്തിൽ വന്ന ഗണ്യമായ ഈ കുറവ് ധനസ്ഥിതിയുടെ മോശമായ ചിത്രമാണ് നൽകു ന്നത്. രണ്ട്. നികുതിയേതര വരുമാനത്തിൽ 2011നുശേഷം ഗണ്യമായ വർദ്ധ നവുണ്ടായിട്ടുണ്ട്. മൂന്ന്. കേന്ദ്രനികുതി വിഹിതത്തിൽ കുറവുണ്ടായിട്ടുണ്ട്. നാല്. കേന്ദ്ര സർക്കാർ ഗ്രാന്റുകളുടെ കാര്യത്തിൽ വിഹിതം കുറയുകയും വർദ്ധിക്കുകയും ചെയ്യുന്ന പ്രവണത ദൃശ്യമായി. ചുരുക്കത്തിൽ തനത്

നികുതി വിഹിതം ഗണ്യമായി കുറയുകയും കേന്ദ്രനികുതി വിഹിതത്തിൽ മാറ്റമില്ലാത്തവസ്ഥയും നികുതിയേതര വരുമാനങ്ങളിലും അതുപോലെ ഗ്രാന്റുകളിലും കാര്യമായ വർദ്ധനയുണ്ടായ ഘടനാമാറ്റമാണ് റവന്യൂ വരുമാനത്തിൽ ഉണ്ടായിട്ടുള്ളത്.

**പട്ടിക 4.5**

**റവന്യൂ വരവ് ഘടന (ശതമാനം)**

| വർഷം | തനത് നികുതി | നികുതി യേതര ഇനങ്ങൾ | കേന്ദ്ര നികുതി വിഹിതം | കേന്ദ്ര ഗ്രാന്റുകൾ | മൊത്തം റവന്യൂ വരവ് |
|---|---|---|---|---|---|
| 2000-01 | 67.2 | 7.5 | 18.2 | 7.1 | 100 |
| 2005-06 | 63.9 | 6.1 | 16.5 | 13.5 | 100 |
| 2010-11 | 70.1 | 6.2 | 16.6 | 7.1 | 100 |
| 2015-16 | 56.2 | 12.5 | 18.5 | 12.8 | 100 |

*Source:* Based on Table 4.2

റവന്യൂ വരവ് സൂചികകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ റവന്യൂ വരവ് പരിശോധിക്കാം. പട്ടിക 4.6ൽ 2000-2001ലെയും അതിനുശേഷമുള്ള റവന്യൂവരവ് സൂചികകൾ നൽകിയിട്ടുണ്ട്. 2000-01ൽ തനത് നികുതി ജി.എസ്.ഡി.പി. അനുപാതം വളരെ ഉയർന്നതായിരുന്നു (9.2 ശതമാനം). എന്നാൽ പിൽക്കാലത്ത് ഈ അനുപാതം കുറയുന്ന പ്രവണതയാണുണ്ടായത്. ഈ കുറവ് തനത് നികുതി വരുമാനത്തിന്റെ മോശമാകുന്ന പിരിവിനെയാണ് സൂചിപ്പിക്കുന്നത്. സംസ്ഥാനത്തെ നിത്യ ധനപ്രതിസന്ധിയിലാക്കിയ ഒരു പ്രധാന കാരണവും തനത് നികുതി വർദ്ധനവിൽ വന്ന ഈ കുറവാണ്. തനത് നികുതിയേതര അനുപാതവും കുറയുന്ന ഒരു പ്രവണതയാണ് ഉണ്ടായത്. ഇത് നികുതിയേതര വരുമാനങ്ങളും കാലനുസാരണം വർദ്ധിപ്പിക്കുന്നതിലുള്ള പരാജയമാണ് സൂചിപ്പിക്കുന്നത്. എന്നാൽ കേന്ദ്രവിഹിതം ജി.എസ്.ഡി.പി. അനുപാതം കാര്യമായ മാറ്റമില്ലാതെ നിലനിന്നു.

## 3. തനത് നികുതി വരവ്

സർക്കാരിന്റെ പ്രധാന തനത് നികുതി വരുമാനങ്ങൾ അഞ്ചിനങ്ങളാണ്. (1) വിൽപ്പന മൂല്യവർദ്ധിത നികുതി (2) മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും (3) സംസ്ഥാന എക്സൈസ് (4) വാഹന നികുതി (5) മറ്റു നികുതി

**പട്ടിക 4.6**

**റവന്യൂ വരവ് സൂചികകൾ**

| വർഷം | തനത് നികുതി ജി.എസ്.ഡി.പി. അനുപാതം (ശതമാനം) | തനത് നികുതിയേതര ജി.എസ്.ഡി.പി. അനുപാതം (ശതമാനം) | കേന്ദ്ര വിഹിതം (നികുതി വിഹിതം + ഗ്രാന്റുകൾ) ജി.എസ്.ഡി.പി അനുപാതം (ശതമാനം) |
|---|---|---|---|
| 2000-01 | 9.2 | 1.0 | 3.5 |
| 2006-07 | 7.8 | 0.6 | 3.5 |
| 2010-11 | 8.2 | 0.7 | 2.8 |
| 2014-15 | 7.8 | 1.6 | 3.4 |

*Source:* Reports of CAG on State Finances for the years 2011 to 2015.

കൾ. ഈ നികുതികളിൽ 2000-01 മുതൽ 2015-16വരെയുള്ള കാലഘട്ടത്തുണ്ടായ വർദ്ധനം, മൂന്നു സർക്കാരുകളുടെ കാലത്തെ നികുതി വർദ്ധനം, നികുതി ഘടനയിലുണ്ടായ മാറ്റം, നികുതിവർദ്ധനയെ സ്വാധീനിച്ച ഘടകങ്ങൾ തുടങ്ങിയവ ഈ ഭാഗത്തിൽ പരിശോധിക്കുന്നു പട്ടിക 4.7ൽ 2001 മുതൽ 2016വരെയുള്ള ഓരോ സാമ്പത്തിക വർഷവും ഓരോ നികുതിയിനത്തിലും ലഭിച്ച തുക നൽകിയിട്ടുണ്ട്.

## വിൽപ്പന, മൂല്യവർദ്ധിത നികുതി

വിൽപ്പന നികുതി പ്രധാനമായും നാല് പ്രധാന വിഭാഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒന്ന്, കേന്ദ്രവിൽപ്പന നികുതിയിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനന്തര വ്യാപാരമോ വാണിജ്യമോ നടക്കുന്നതിനിടയിൽ വിൽപ്പന സംബന്ധിച്ചു പിരിച്ചെടുക്കുന്ന നികുതി. രണ്ട്. ജനറൽ സെയിൽ ടാക്സ് ആക്ട് പ്രകാരമുള്ള സംസ്ഥാന വിൽപ്പന നികുതി. മൂന്ന്. 2005 ഏപ്രിൽ ഒന്നാം തീയതി മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിയ മൂല്യവർദ്ധിത നികുതി (വാറ്റ്) അനുസരിച്ചുള്ള വരുമാനങ്ങൾ. നാല്. കേരള പേപ്പർ ലോട്ടറി നികുതിയിൻമേലുള്ള വരവ്, മറ്റു വരവുകൾ മുതലായവയാണ്.

വിൽപ്പന, വാറ്റ് നികുതികളുടെ 2000-01നുശേഷമുള്ള 15 വർഷത്തെ വാർഷിക വളർച്ചാനിരക്ക് പട്ടിക 4.8ൽ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് സാമ്പത്തികമാന്ദ്യം നിലവിലുണ്ടായിരുന്ന വർഷങ്ങളിൽ ഈ നികുതി

**പട്ടിക 4.7**

**തനത് നികുതി വരവിനങ്ങൾ (രൂപ കോടി)**

| വർഷം | വിൽപ്പന നികുതി, വാറ്റ് | മുദ്ര പത്രങ്ങളും രജിസ് ട്രേഷൻ ഫീസും | സംസ്ഥാന എക്സൈസ് | വാഹന നികുതി | മറ്റു നികുതികൾ | മൊത്തം തനത് നികുതി |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 2000-01 | 4344 | 341 | 689 | 395 | 101 | 5870 |
| 2001-02 | 4440 | 394 | 541 | 452 | 96 | 5923 |
| 2002-03 | 5343 | 487 | 663 | 513 | 297 | 7303 |
| 2003-04 | 5991 | 550 | 656 | 586 | 306 | 8089 |
| 2004-05 | 6701 | 775 | 746 | 610 | 131 | 8963 |
| 2005-06 | 7038 | 1101 | 841 | 629 | 170 | 9779 |
| 2006-07 | 8563 | 1520 | 953 | 708 | 198 | 11942 |
| 2007-08 | 9372 | 2028 | 1169 | 853 | 247 | 13669 |
| 2008-09 | 11377 | 2003 | 1398 | 937 | 275 | 15990 |
| 2009-10 | 12771 | 1896 | 1515 | 1131 | 312 | 17625 |
| 2010-11 | 15833 | 2552 | 1700 | 1331 | 306 | 21722 |
| 2011-12 | 18939 | 2987 | 1883 | 1587 | 323 | 25719 |
| 2012-13 | 22511 | 2938 | 2314 | 1925 | 389 | 30077 |
| 2013-14 | 24885 | 2593 | 1942 | 2161 | 414 | 31995 |
| 2014-15 | 27908 | 2659 | 1777 | 2365 | 523 | 35232 |
| 2015-16 | 31193 | 3040 | 2086 | 2837 | 726 | 39882 |

Source: Same as Table 4.1

യുടെ വർദ്ധനവിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. 2001-02ൽ സംസ്ഥാനം രൂക്ഷമായ ധനപ്രതിസന്ധി അനുഭവിച്ച കാലത്തെ വളർച്ചാനിരക്ക് 2.2 ശതമാനമാണ്. 2005 ഏപ്രിൽ മുതൽ മൂല്യവർദ്ധിത നികുതി (വാറ്റ്) നടപ്പിലാക്കിയ ആദ്യ വർഷവും നികുതിവരവിൽ ഗണ്യമായ കുറവുണ്ടായി.

2007-08ലെ ആഗോള സാമ്പത്തിക മാന്ദ്യമുണ്ടായ വർഷത്തിലും 2013-14 നുശേഷം സംസ്ഥാനം സാമ്പത്തികമാന്ദ്യത്തിലായ കാലത്തും ഈ നികുതിയുടെ വർദ്ധനവിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. കഴിഞ്ഞ 15 വർഷക്കാലത്ത് സംസ്ഥാനത്ത് അധികാരത്തിലിരുന്ന മൂന്നു സർക്കാരുകളുടെ കാലത്തെ വിൽപ്പന, വാറ്റ് നികുതികളിലെ വാർഷിക ശരാശരി വർദ്ധനം പട്ടിക 4.9ൽ നൽകിയിട്ടുണ്ട്. ഇതിൽനിന്ന് 2006 മുതൽ 2011വരെ സംസ്ഥാനത്ത് അധികാരത്തിലിരുന്ന സർക്കാരിന്റെ കാലത്താണ് ഈ നികുതിയിൽ ഉയർന്ന വരുമാനം നേടിയതെന്നു കാണാം.

2001നുശേഷം സംസ്ഥാന തനതു നികുതിയിൽ വന്ന ഘടനാപരമായ മാറ്റം പട്ടിക 4.10ൽ നൽകിയിട്ടുണ്ട്. മൊത്തം തനതു നികുതിയിൽ വിൽപ്പന, വാറ്റ് നികുതികളുടെ വിഹിതം 2000-01ൽ 74 ശതമാനമായിരുന്നു. ഇതിൽ കഴിഞ്ഞ ദശകത്തിൽ കുറവുണ്ടായി. എന്നാൽ 2011നുശേഷം ഈ നികുതിയുടെ വിഹിതത്തിൽ വർദ്ധനം ഉണ്ടായിട്ടുണ്ട്. ഇതിനെ ആരോഗ്യകരമായ മാറ്റമായി കാണാം.

വിൽപ്പന, വാറ്റ് നികുതിയിൽ നിന്ന് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന ഉത്പന്നങ്ങളുടെ ഇനങ്ങൾ അടങ്ങിയ പട്ടിക 4.11ൽ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നികുതി ലഭിക്കുന്ന ഉത്പന്നം ഇന്ത്യൻ നിർമ്മിത വിദേശമദ്യമാണ്. പെട്രോളിയം ഉത്പന്നങ്ങൾ രണ്ടാം സ്ഥാനത്തും, മോട്ടോർ വാഹനങ്ങൾ മൂന്നാം സ്ഥാനത്തും, സിമെന്റ് നാലാം സ്ഥാനത്തും, ജൂവലറി അഞ്ചാം സ്ഥാനത്തും, മരുന്നുകൾ ആറാം സ്ഥാനത്തുമാണ്. നിർമ്മാണ സാമഗ്രികളായ അയൺ & സ്റ്റീൽ, ഇലക്ട്രിക്കൽ ഉത്പന്നങ്ങൾ, പെയിന്റ്, തടി, ടൈൽസ്, സാനിട്ടറിവെയർ എന്നിവയും കൂടുതൽ നികുതി ലഭിക്കുന്ന ഉത്പന്നങ്ങളാണ്. റബ്ബർ, ചിക്കൻ, ടയർ & ട്യൂബ്സ്, കെമിക്കൽസ്, സോപ്പ്, പാചകം ചെയ്ത ആഹാരം എന്നിവയും മറ്റു പ്രധാന ഇനങ്ങളാണ്. ഉത്പന്നങ്ങളിൽ നിന്നുള്ള നികുതിയിൽ ഏറ്റവും കൂടുതൽ നികുതി വർദ്ധനം 2008-09 മുതൽ 2013-14വരെ ഉണ്ടായിട്ടുള്ളത് ഇലക്ട്രോണിക്സ് ഉത്പന്നം, മോട്ടോർ വെഹിക്കിൾസ്, ജുവലറി, തടി, ടൈൽസ്, പെയിന്റ്, സാനിട്ടറിവെയർ എന്നിവയിലാണ്.

വിൽപ്പന, വാറ്റ് നികുതികളിൽ നിന്ന് സംസ്ഥാന സർക്കാരിന് 2014-15ൽ ലഭിച്ച വരവ് 27908.33 കോടി രൂപയാണ്. പട്ടിക 4.12ൽ വിവിധ ഇനങ്ങളിൽ നിന്ന് നികുതിയായി ലഭിക്കുന്ന വരവിന്റെ കണക്ക് നൽകിയിട്ടുണ്ട്. മൊത്തം ലഭിച്ച തുകയിൽ ഭൂരിഭാഗവും ലഭിച്ചത് മൂല്യവർദ്ധിത നികുതിയിൽ നിന്നാണ് (52.3 ശതമാനം). സംസ്ഥാന വിൽപ്പന നികുതിയിൽ നിന്ന്

## പട്ടിക 4.8

## തനത് നികുതി വരവ് വർദ്ധനനിരക്ക് (ശതമാനം)

| വർഷം | വിൽപ്പന, നികുതി, വാറ്റ് | മുദ്ര പത്രങ്ങളും രജിസ് ട്രേഷൻ ഫീസും | സംസ്ഥാന എക്സൈസ് | വാഹന നികുതി | മറ്റു നികുതികൾ | മൊത്തം തനത് നികുതി |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 2001–02 | 2.2 | 15.5 | –21.5 | 14.4 | –4.9 | 0.9 |
| 2002–03 | 20.3 | 23.6 | 22.6 | 13.5 | 209.3 | 23.3 |
| 2003–04 | 12.1 | 12.9 | –1.1 | 14.2 | 3.0 | 10.8 |
| 2004–05 | 11.8 | 40.9 | 13.7 | 4.1 | –57.2 | 10.8 |
| 2005–06 | 5.0 | 42.1 | 12.7 | 3.1 | 29.8 | 9.1 |
| 2006–07 | 21.6 | 38.0 | 13.3 | 12.5 | 16.4 | 22.1 |
| 2007–08 | 9.4 | 33.4 | 22.6 | 20.4 | 24.7 | 14.4 |
| 2008–09 | 21.3 | –1.2 | 19.5 | 9.8 | 11.3 | 16.9 |
| 2009–10 | 12.2 | –5.3 | 8.3 | 20.7 | 13.4 | 10.2 |
| 2010–11 | 23.9 | 34.6 | 12.2 | 17.6 | –1.9 | 23.2 |
| 2011–12 | 19.6 | 17.0 | 10.7 | 19.2 | 5.5 | 18.4 |
| 2012–13 | 18.8 | –1.6 | 22.8 | 21.3 | 20.4 | 16.9 |
| 2013–14 | 10.5 | –11.7 | –16.1 | 12.3 | 6.4 | 6.4 |
| 2014–15 | 12.1 | 2.5 | –8.5 | 9.4 | 26.3 | 10.1 |
| 2015–16 | 11.8 | 14.3 | 17.4 | 20.0 | 38.8 | 13.2 |

*Source:* Based on Table 4.7

### പട്ടിക 4.9

### തനത് നികുതി വരവിന്റെ വാർഷിക ശരാശരി വർദ്ധനം (ശതമാനം)

| കാലഘട്ടം | വിൽപ്പന നികുതി, വാറ്റ് | മുദ്ര പത്രങ്ങളും രജിസ് ട്രേഷൻ ഫീസും | സംസ്ഥാന എക്സൈസ് | വാഹന നികുതി | മറ്റു നികുതി കൾ | മൊത്തം തനത് നികുതി |
|---|---|---|---|---|---|---|
| 2001-02 - 2005-06 | 10.28 | 27.00 | 5.28 | 9.86 | 36.00 | 10.98 |
| 2006-07 - 2010-11 | 17.68 | 19.90 | 15.18 | 16.20 | 12.78 | 17.36 |
| 2011-12 - 2015-16 | 14.56 | 4.10 | 5.26 | 16.44 | 19.48 | 13.00 |

*Source:* Based on Table 4.8

### പട്ടിക 4.10

### തനത് നികുതി വരുമാനഘടന (ശതമാനം)

| വർഷം | വിൽപ്പന നികുതി, വാറ്റ് | മുദ്ര പത്രങ്ങളും രജിസ് ട്രേഷൻ ഫീസും | സംസ്ഥാന എക്സൈസ് | വാഹന നികുതി | മറ്റു നികുതി കൾ | മൊത്തം തനത് നികുതി |
|---|---|---|---|---|---|---|
| 2000-01 | 74.0 | 5.8 | 11.7 | 6.7 | 1.7 | 100 |
| 2005-06 | 72.0 | 11.3 | 8.6 | 6.4 | 1.7 | 100 |
| 2010-11 | 72.9 | 11.7 | 7.8 | 6.1 | 1.4 | 100 |
| 2015-16 | 78.2 | 7.6 | 5.2 | 7.1 | 1.8 | 100 |

*Source:* Based on Table 4.7

45.2 ശതമാനവും കേന്ദ്ര വിൽപ്പന നികുതിയിൽ നിന്ന് 1.6 ശതമാനവും മറ്റു വരവുകളിൽ നിന്ന് 0.7 ശതമാനം തുകയും ലഭിച്ചു.

വിൽപ്പന നികുതി പിരിച്ചെടുക്കാൻ വലിയ സാധ്യതകൾ സംസ്ഥാനത്തുണ്ടായിരുന്നിട്ടും അവ പിരിച്ചെടുക്കുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടുവെന്ന് ഒരു പഠനം ചൂണ്ടിക്കാണിക്കുന്നു. 1973 മുതൽ 2001വരെയുള്ള കാലഘട്ടത്തിൽ പിരിച്ചെടുക്കാൻ സാധ്യതയുണ്ടായിരുന്ന വിൽപ്പന നികുതിയിൽ 35 ശതമാനം പിരിച്ചെടുത്തില്ല എന്ന നിഗമനത്തിൽ പഠനം എത്തിച്ചേർന്നു. (രാഖി പി.ബി, 2003).

## പട്ടിക 4.11
## വിൽപ്പന നികുതി പ്രധാന കച്ചവട ഇനങ്ങൾ

| ക്രമ നം. | കച്ചവടയിനങ്ങൾ | 2008-09ലെ നികുതി (രൂപ കോടി) | 2013-14ലെ നികുതി (രൂപ കോടി) | വർദ്ധനം (ശതമാനം) | റാങ്ക് | 2013-14ലെ വിഹിതം (ശതമാനം) |
|---|---|---|---|---|---|---|
| 1. | ബിസ്കറ്റ് | 22.96 | 58.24 | 153.4 | 20 | 0.32 |
| 2. | കശുവണ്ടി | 24.70 | 40.55 | 64.2 | 22 | 0.22 |
| 3. | സിമന്റ് | 471.62 | 877.96 | 86.2 | 4 | 4.85 |
| 4. | കെമിക്കൽസ് | 40.53 | 85.48 | 110.9 | 17 | 0.47 |
| 5. | കുക്കുഡ് ഫുഡ് | 38.48 | 73.57 | 91.2 | 19 | 0.41 |
| 6. | ഇലക്ട്രിക്കൽ സാധനങ്ങൾ | 95.39 | 254.62 | 166.9 | 11 | 1.41 |
| 7. | ഇലക്ട്രോണിക് സാധനങ്ങൾ | 42.42 | 186.30 | 339.2 | 12 | 1.03 |
| 8. | വിദേശമദ്യം (ഇന്ത്യൻ നിർമ്മിതം) | 2503.77 | 5830.12 | 132.9 | 1 | 32.18 |
| 9. | ഇരുമ്പ്, ഉരുക്ക് | 133.10 | 308.79 | 132.0 | 10 | 1.7 |
| 10. | ആഭരണം | 143.51 | 471.53 | 228.6 | 5 | 2.6 |
| 11. | മരുന്നുകൾ | 142.22 | 368.42 | 159.0 | 6 | 2.03 |
| 12. | മോട്ടോർ വാഹനങ്ങൾ | 712.94 | 2446.88 | 243.2 | 3 | 13.51 |
| 13. | പെട്രോളിയം ഉത്പന്നങ്ങൾ | 2670.01 | 5158.64 | 93.2 | 2 | 28.47 |
| 14. | പെയിന്റ് | 109.54 | 309.74 | 182.8 | 9 | 1.71 |
| 15. | റബ്ബർ | 162.47 | 349.28 | 115.0 | 7 | 1.93 |
| 16. | സോപ്പ് | 50.43 | 85.24 | 69.0 | 18 | 0.47 |
| 17. | ടയറും ട്യൂബും | 38.30 | 104.26 | 172.2 | 16 | 0.58 |
| 18. | ആഡംബര നികുതി | 95.79 | 180.73 | 88.7 | 14 | 1.00 |

| | | | | | | |
|---|---|---|---|---|---|---|
| 19. | കോഴി | 99.62 | 178.40 | 79.1 | 15 | 0.98 |
| 20. | തടി | 58.43 | 181.26 | 210.2 | 13 | 1.00 |
| 21. | ടൈൽസ് | 116.99 | 348.58 | 198.0 | 8 | 1.92 |
| 22. | സാനിറ്ററി വെയർ | 16.38 | 46.51 | 183.9 | 21 | 0.26 |

*Source:* KPERC, Third Committe, Fourth Report (2013-14), Government of Kerala.

വിൽപ്പന, വാറ്റ് നികുതി വരുമാനത്തെ സ്വാധീനിച്ച ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1) ഈ നികുതി പരോക്ഷ നികുതിയായതിനാൽ സംസ്ഥാനത്തിലും രാജ്യത്തിലുമുള്ള സാമ്പത്തിക മാറ്റങ്ങൾക്കനുസരിച്ച് (ഉയർന്ന സാമ്പത്തിക വളർച്ച, മാന്ദ്യം) നികുതി വരുമാനത്തിൽ ഏറ്റക്കുറച്ചിലുണ്ടായിട്ടുണ്ട്. (2) പെട്രോളിയം ഉത്പന്നങ്ങളുടെ വിലയിലെ ഏറ്റക്കുറച്ചിൽ നികുതി വരുമാനത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടാക്കിയ മറ്റൊരു പ്രധാന ഘടകമാണ്. 2010–11ൽ വിൽപ്പന, വാറ്റ് നികുതിയിൽ ഏറ്റവും ഉയർന്ന വളർച്ചയുണ്ടാക്കിയതിനുള്ള പ്രധാന കാരണം പെട്രോളിയം ഉത്പന്നങ്ങളിൽ വന്ന വില വർദ്ധനവാണ്. (3) വാറ്റ് നികുതി സമ്പ്രദായത്തിൽ വലിയ വിഭാഗം കച്ചവടക്കാരെ നികുതി രജിസ്ട്രേഷൻ സംവിധാനത്തിൽ കൊണ്ടുവരാൻ കഴിയാത്തത് വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഭൂരിഭാഗം കച്ചവടക്കാരെയും നികുതി രജിസ്ട്രേഷൻ സംവിധാനത്തിൽ കൊണ്ടുവരാൻ കഴിഞ്ഞില്ല. (4) ഒരു വർഷം നടക്കുന്ന വ്യാപാരത്തിന്റെ കൃത്യമായ കണക്ക് വ്യാപാരികൾ നൽകാറില്ല. ഇത് പരിശോധിക്കാനും ഫലപ്രദമായ സംവിധാനങ്ങളില്ല. (5) പൊതുമരാമത്ത് പണികൾ ചെയ്യുന്ന കരാറുകാർ വാറ്റിൽ രജിസ്ട്രേഷൻ ചെയ്യാത്തത് നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. (6) യഥാർത്ഥത്തിൽ അസസ് ചെയ്യേണ്ട വാറ്റ് നികുതിയുടെ ഒരു ഭാഗം മാത്രമേ അസസ് ചെയ്യുന്നുള്ളൂ. (7) ഐ.റ്റി. സംവിധാനം വഴി വ്യാപാരികളിൽ നിന്ന് റിട്ടേൺ വാങ്ങുന്നുവെങ്കിലും അതും യഥാർത്ഥത്തിൽ നടന്ന വിൽപ്പനയുമായി പരിശോധിക്കാൻ സംവിധാനങ്ങളില്ല. (8) റോഡ് മാർഗ്ഗങ്ങൾക്കു പുറമെ റയിൽവേ, വിമാനത്താവളങ്ങൾ വഴിയുള്ള ചരക്കു ഗതാഗതവും അതിലെ നികുതി അസസ് ചെയ്യാനും ഫലപ്രദമായ സംവിധാനങ്ങളില്ല. (9) കച്ചവടക്കാർ ശക്തമായ സംഘടനയുള്ളവരും ഉദ്യോഗസ്ഥന്മാരുടെ സ്റ്റോക്ക്, കടപരിശോധന എന്നിവ ബലം പ്രയോഗിച്ച് തടസ്സപ്പെടുത്തുന്നവരുമാണ്. കട പരിശോധനകൾ പലപ്പോഴും സംഘട്ടനത്തിലേക്ക് നീങ്ങുന്ന സാഹചര്യമുള്ളതുമൂലം സ്റ്റോക്ക് പരിശോ

ധനകളിൽ നിന്ന് നികുതി ഉദ്യോഗസ്ഥർ പിൻമാറുന്നു. (10) ചെക്ക്പോസ്റ്റു കളിൽ ചരക്ക് വാഹനങ്ങളെ പരിശോധിക്കാൻ ആധുനിക സംവിധാന ങ്ങളില്ലാത്തതും ചെക്ക് പോസ്റ്റുകൾ ഒഴിവാക്കാൻ ഇടറോഡുകൾ ഉള്ളതു മൂലവും കാര്യമായ നികുതിചോർച്ച ചെക്ക്പോസ്റ്റുകൾ വഴി ഉണ്ടാകുന്നു. മാത്രവുമല്ല ചെക്ക് പോസ്റ്റുകൾ അഴിമതി കേന്ദ്രങ്ങളാണെന്ന് പരക്കെ ആക്ഷേപവുമുണ്ട്. (11) നികുതി കുടിശ്ശികകൾ കൃത്യമായി പിരിച്ചെടു ക്കുന്നതിലെ ബന്ധപ്പെട്ട വകുപ്പുകളുടെ വീഴ്ചകൾ, സർക്കാർ നൽകുന്ന സ്റ്റേകൾ, കോടതികളും അപ്പലേറ്റ് ബോഡികളും നൽകിയ സ്റ്റേകൾ മാറ്റു ന്നതിന് ഫലപ്രദമായ നിയമനടപടികൾ സ്വീകരിക്കാത്തതും, കേന്ദ്ര-സം സ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ നികുതി കുടിശ്ശിക യഥാസമയം അടയ്ക്കാത്തതും, നികുതി വരവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. (12) ഈ കാരണങ്ങളാലും മറ്റും പിരിച്ചെടുക്കാൻ സാധ്യതയുള്ള വിൽപ്പന, വാറ്റ് നികുതികളിൽ മൂന്നിലൊന്നിലധികം വിഹിതം പിരിച്ചെടുക്കാൻ കഴിയാത്ത അവസ്ഥ സംസ്ഥാനത്ത് നിലനിൽക്കുന്നു.

## മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും

മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസിലും ഉൾപ്പെടുന്നത് മൂന്ന് പ്രധാന വിഭാഗങ്ങളാണ്. ഒന്ന്, മുദ്രപ്പത്രങ്ങൾ - കോടതി സംബന്ധിച്ചുള്ള ത്. രണ്ട്, മുദ്രപ്പത്രങ്ങൾ - കോടതി സംബന്ധിച്ചിട്ടുള്ളതല്ലാത്തത്. മൂന്ന്, രജിസ്ട്രേഷൻ ഫീസ്. ഒന്നാമത്തെ വിഭാഗത്തിൽ വരുന്നത് മൂന്ന് ഇനങ്ങ ളാണ്. 1. മുദപ്പത്രങ്ങളായി (സ്റ്റാമ്പുകൾ) ഈടാക്കുന്ന കോർട്ട് ഫീസ്. 2) ജുഡി ഷ്യലും, റവന്യുവും കോടതികളിൽ കക്ഷികൾക്കു വേണ്ടി പ്രമാണങ്ങൾ പകർത്തി എഴുതുന്നതിനുള്ള മുദ്രപ്പത്രങ്ങൾ. 3) കോർട്ട് ഫീസ് പ്രകാരവും വ്യവഹാര നിർണ്ണയ ആക്ടുകൾ പ്രകാരവും ചുമത്തുന്ന പിഴയും ശിക്ഷയും തുടങ്ങിയതും. രണ്ടാമത്തെ വിഭാഗത്തിൽ വരുന്നത് പ്രധാനമായും മൂന്ന് ഇനങ്ങളാണ്. 1) റവന്യൂ പ്രോമിസറി നോട്ടുകൾ, കോവുപത്രങ്ങൾ, ക്രെഡിറ്റു പത്രങ്ങൾ, ഓഹരികളുടെയും ഡിബഞ്ചർ കടപ്പത്രങ്ങൾ തുടങ്ങി മുദ്രപ്പ ത്രത്തിൽ നിന്നുള്ള വരവ്. 2) സ്റ്റാമ്പുകൾ പതിക്കുന്നതിനോ, മുദ്രകുത്തു ന്നതിനോ, മറ്റു സ്റ്റാമ്പുകളുടെ ആവശ്യത്തിനോയുള്ളത്. 3) മറ്റു വരവു കൾ. മൂന്നാമത്തെ വിഭാഗമായ രജിസ്ട്രേഷൻ ഫീസിൽ രണ്ട് ഇനങ്ങളാ ണുള്ളത്. 1) പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ്. 2) മറ്റു വര വുകളായ രജിസ്റ്ററുകൾ തെരയുന്നതിനുള്ള ഫീസ്, ചിട്ടീസ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ചിട്ടികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ്, മുക്ത്യാർ, നാമപത്രങ്ങൾ സാക്ഷ്യപ്പെടുത്തുന്ന ഫീസ് തുടങ്ങിയവയാണ്.

**പട്ടിക 4.12**

**2014-15ലെ വിൽപ്പന, മൂല്യവർദ്ധിത നികുതിവരവ്**

| | ഇനങ്ങൾ | രൂപ (കോടി) | ശതമാനം |
|---|---|---|---|
| 1. | കേന്ദ്ര വിൽപ്പന നികുതി | 464.43 | 1.7 |
| 2. | സംസ്ഥാന വിൽപ്പന നികുതി | 12638.25 | 45.3 |
| 3. | മൂല്യവർദ്ധിത (വാറ്റ്) നികുതി | 14605.72 | 52.3 |
| 4. | മറ്റു വരവുകൾ | 199.92 | 0.7 |
| | ആകെ | 27908.32 | 100.00 |

*Source:* GOK, 2016, Explanatory Memorandum on the Budget for 2016-17

മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസിനത്തിലുമുള്ള വരവ് 2000-01ൽ 341 കോടി രൂപയായിരുന്നത് 2010-11ൽ 2552 കോടിയായും 2015-16ൽ 3040 കോടിയായും വർദ്ധിച്ചു (പട്ടിക 4.7). സംസ്ഥാനത്തെ റിയൽ എസ്റ്റേറ്റ്, നിർമ്മാണ മേഖലകളിലെ വളർച്ചയും തളർച്ചയുമനുസരിച്ച് ഈ ഇനത്തിനുള്ള വരുമാനത്തിൽ ഏറ്റക്കുറച്ചിലുണ്ടാകാറുണ്ട്. സംസ്ഥാന സമ്പദ്ഘടനയിൽ സാമ്പത്തികമാന്ദ്യം അനുഭവപ്പെട്ട കാലത്ത് ഈ ഇനത്തിലെ വരുമാനത്തിൽ ഗണ്യമായ ഇടിവുണ്ടായിട്ടുണ്ടെന്നു കാണാം. 2008ലെ ആഗോള സാമ്പത്തിക മാന്ദ്യത്തെ തുടർന്നുള്ള രണ്ടു വർഷക്കാലം ഈ ഇനത്തിലുള്ള വരവിൽ ഗണ്യമായ കുറവുണ്ടായി. റബ്ബറിന്റെയും നാണ്യവിളകളുടെയും വിലയിടിവ്, നിർമ്മാണ മേഖലയിലും റിയൽ എസ്റ്റേറ്റ് രംഗത്തും മാന്ദ്യം നിലനിന്നിരുന്ന 2012-13, 2013-14 വർഷങ്ങളിൽ ഈ ഇനത്തിലെ വരവിൽ കുറവുണ്ടായി (പട്ടിക 4.8). കഴിഞ്ഞ മൂന്നു സർക്കാരുകളുടെ കാലത്തെ വർദ്ധനം പരിശോധിച്ചാൽ 2001-2006 വരെയുള്ള യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് പ്രതിവർഷ ശരാശരി വർദ്ധന നിരക്ക് 27 ശതമാനമായിരുന്നു. എന്നാൽ അടുത്തുവന്ന എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് (2006-11) 19.9 ശതമാനമായും തുടർന്നുള്ള യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് (2011-16) 4.1 ശതമാനമായും കുറഞ്ഞു (പട്ടിക 4.9). മുദ്രപ്പത്രത്തിനും രജിസ്ട്രേഷൻ ഫീസിലും ചില വിഭാഗങ്ങൾക്ക് പ്രത്യേക ഇളവ് കഴിഞ്ഞ യു.ഡി.എഫ് സർക്കാർ അനുവദിച്ചതും ഈ ഇനത്തിലുള്ള വരുമാനം കുറയാൻ ഇടയാക്കിയ ഒരു കാരണമാണ്. ക്രയവിക്രയങ്ങൾക്കു വേണ്ടി സർക്കാർ നിശ്ചയിക്കുന്ന ഭൂമിയുടെ ന്യായ വില കമ്പോള മാറ്റങ്ങൾക്കനുസരിച്ച് കാലാകാലങ്ങളിൽ മാറ്റം വരുത്താത്തതും ഈ ഇന

ങ്ങളിലുള്ള വരുമാനം കുറയ്ക്കാൻ ഇടയാക്കിയിട്ടുണ്ട്. ഈ തരത്തിലുള്ള മാറ്റങ്ങൾ കാരണം സംസ്ഥാന തനത് നികുതി വരുമാനത്തിൽ ഈ ഇന ത്തിലുള്ള വരവിന്റെ വിഹിതം 2011–16 കാലഘട്ടത്തിൽ ഗണ്യമായി കുറഞ്ഞു. (പട്ടിക 4.10).

2014–15ലെ വിവിധ ഇനങ്ങളിൽ ലഭ്യമാകുന്ന മുദ്രപ്പത്ര രജിസ്ട്രേ ഷൻ ഫീസ് വരുമാനം പട്ടിക 4.13ൽ നൽകിയിട്ടുണ്ട്. വസ്തുവകകളുടെ കൈമാറ്റത്തിനു വേണ്ടിയുള്ള മുദ്രപ്പത്ര വിൽപ്പനയിൽ നിന്നാണ് മുദ്രപ്പ ത്രങ്ങളും രജിസ്ട്രേഷൻ ഫീസ് ഇനത്തിലുള്ള വരുമാനത്തിന്റെ സിംഹ ഭാഗവും ലഭിക്കുന്നത് (61.4 ശതമാനം). നാലിൽ ഒന്നിലധികം വരുമാനം ലഭിക്കുന്നത് പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസിൽ നിന്നാണ് (25.7 ശതമാനം). മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ലഭിച്ച മൊത്തം തുകയിൽ 3.7 ശതമാനം കോടതി സംബന്ധിച്ച കോർട്ട് ഫീസ്, മുദ്രപ്പത്രവിൽപ്പന എന്നീ ഇനങ്ങൾ അനുസരിച്ചുള്ളതാണ്.

**പട്ടിക 4.13**

**2014–15ലെ മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും**

| | ഇനങ്ങൾ | രൂപ (കോടി) | ശതമാനം |
|---|---|---|---|
| 1. | മുദ്രപ്പത്രങ്ങൾ – കോടതി സംബന്ധിച്ചുള്ളത് | 98.19 | 3.7 |
| 2. | മുദ്രപ്പത്രങ്ങൾ – കോടതി സംബന്ധിച്ചുള്ള തല്ലാത്തത്. | | |
| | 1. മുദ്രപ്പത്ര വിൽപ്പന | 1633.31 | 61.4 |
| | 2. മുദ്രകുത്തുന്ന പ്രമാണങ്ങളിൻമേലുള്ള മുദ്രവില | 157.00 | 5.9 |
| | 3. മറ്റു വരവുകൾ | 6.06 | 0.2 |
| 3. | രജിസ്ട്രേഷൻ ഫീസ് | | |
| | 1. പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ് | 683.76 | 25.7 |
| | 2. മറ്റു വരവുകൾ | 80.69 | 3.0 |
| | ആകെ തുക | 2659.01 | 100.00 |

*Source:* Same as Table 4.12

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസിനത്തിലും ലഭിച്ച വരുമാനത്തെ സ്വാധീനിച്ച പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്. 1) കാലാകാലങ്ങളിൽ ഭൂമിയുടെ ന്യായവില സർക്കാർ പുതുക്കി നിശ്ചയിക്കാത്തതു മൂലം ഈ ഇനങ്ങളിലെ വരുമാനത്തിൽ കാര്യമായ വർദ്ധനയുണ്ടാകുന്നില്ല. (2) രജിസ്ട്രേഷൻ നടത്തുന്ന വസ്തുവകകളിലെ വില കുറച്ചുകാണിക്കുന്നത് വ്യാപകമാണ്. ഈ മേഖലയിൽ വൻ അഴിമതി നടക്കുന്നതുമൂലം വരുമാനത്തിൽ വലിയ ചോർച്ചയുണ്ടാകുന്നു. (3) കമ്പനികൾ, സ്റ്റോക്ക് എക്സേഞ്ചുകൾ തുടങ്ങിയവ നടത്തുന്ന ഇടപാടുകൾ പരിശോധിക്കാൻ രജിസ്ട്രേഷൻ വകുപ്പിന് ഫലപ്രദമായ സംവിധാനങ്ങളില്ല. (4) വിലകുറച്ചു കാണിച്ച് നടത്തുന്ന ആധാരങ്ങൾ പരിശോധിക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിന് കൃത്യമായ സംവിധാനങ്ങളില്ല. (5) വസ്തു കൈമാറ്റം നടത്തുന്ന പല വിഭാഗം പേർക്കും പ്രത്യേക ഇളവുകൾ നൽകിയത് വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കുടുംബങ്ങളിലെ അംഗങ്ങൾ നടത്തുന്ന വസ്തു കൈമാറ്റങ്ങൾക്കും വിൽപ്പനയുടെ പരിധിയിൽ വരാത്ത വസ്തു കൈമാറ്റങ്ങൾക്കും പ്രത്യേക ഇളവുകൾ അനുവദിച്ചിരുന്നു. (6) റിയൽ എസ്റ്റേറ്റ് രംഗത്തെ വളർച്ചയും തളർച്ചയും ഈ ഇനങ്ങളിലുള്ള വരുമാനത്തിൽ പല വർഷങ്ങളിലും ഏറ്റക്കുറച്ചിൽ വരുത്തിയിട്ടുണ്ട്.

## സംസ്ഥാന എക്സൈസ്

സംസ്ഥാന എക്സൈസ് നികുതി പ്രധാനമായും അഞ്ച് വിഭാഗങ്ങളിൽ നിന്നാണ് പിരിച്ചെടുക്കുന്നത്. ഒന്ന്. വിദേശ മദ്യങ്ങളും ചാരായവും. രണ്ട്, പുളിപ്പിച്ച നാടൻ മദ്യം. മൂന്ന്, യവമദ്യങ്ങൾ. നാല്, പിഴകളും കണ്ടുകെട്ടലും. അഞ്ച്, മറ്റുവരവുകൾ. ഈ നികുതിയിൽ നിന്നു ലഭിക്കുന്ന വരുമാനം 2000–01ൽ 689 കോടി രൂപയായിരുന്നത് 2010–11ൽ 1700 കോടിയായും 2015–16ൽ 2086 കോടിയായും വർദ്ധിച്ചു (പട്ടിക 4.7). സാധാരണഗതിയിൽ ഈ നികുതി ഉയർന്ന വർദ്ധനയാണ് രേഖപ്പെടുത്തേണ്ടത്. എന്നാൽ വിൽപ്പന, മൂല്യവർദ്ധിത നികുതിയുടെ നിരക്കിനെക്കാൾ കുറഞ്ഞ വാർഷിക വർദ്ധനയാണ് ഈ നികുതിയിൽ ഉണ്ടായത് (പട്ടിക 4.8). ഇന്ത്യൻ നിർമ്മിത വിദേശമദ്യങ്ങളുടെ നികുതി തുടരെ വർദ്ധിപ്പിക്കുന്ന ഒരു നയം പൊതുവിൽ സർക്കാരുകൾ അനുവർത്തിച്ചിരുന്നു. ഇത് ഈ മേഖലയിൽ അനധികൃത മദ്യ കച്ചവടവും കരിഞ്ചന്തയും വ്യാജമദ്യ വിൽപ്പനയും വ്യാപകമാക്കാൻ ഇടയാക്കിയിട്ടുണ്ട്.

2003–04ൽ നടപ്പിലാക്കിയ ചാരായവർജ്ജനം ഈ നികുതി വരുമാനത്തിൽ വൻ ഇടിവുണ്ടാക്കിയിട്ടുണ്ട്. 2008ലെ സാമ്പത്തിക മാന്ദ്യവും

നികുതി നിരക്കിന്റെ വർദ്ധനവിൽ കുറവുണ്ടാക്കിയിട്ടുണ്ട്. 2013നുശേഷം സംസ്ഥാനത്ത് അനുഭവപ്പെട്ട സാമ്പത്തിക മാന്ദ്യവും ഈ നികുതിവരുമാനത്തിന്റെ ഇടിവിന് കാരണമാണ്. കഴിഞ്ഞ മൂന്നു സർക്കാരുകളുടെ കാലത്തെ വാർഷിക ശരാശരി വർദ്ധനം പരിശോധിച്ചാൽ 2006–2011വരെയുള്ള എൽ.ഡി.എഫ് സർക്കാരിന്റെ കാലത്താണ് ഉയർന്ന വർദ്ധനവുണ്ടായതെന്നു കാണാം (പട്ടിക 4.9). 2000–01ൽ സർക്കാരിന്റെ മൊത്തം തനത് നികുതി വരുമാനത്തിൽ എക്സൈസ് ഇനത്തിലുള്ള വരവ് 11.7 ശതമാനമായിരുന്നു (പട്ടിക 4.10). എന്നാൽ ഇതിനുശേഷമുള്ള പതിനഞ്ചു വർഷക്കാലത്തിൽ ഈ ഇനത്തിലുള്ള നികുതി വരുമാന വിഹിതം തുടർച്ചയായി കുറഞ്ഞു. ഇത് ഈ നികുതിയുടെ പ്രാധാന്യം കുറയുന്ന മാറ്റത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. 2015–16ൽ ഈ നികുതിയുടെ വിഹിതം മൊത്തം തനത് നികുതി വരുമാനത്തിന്റെ 5.2 ശതമാനമാണ്.

2014–15ലെ സംസ്ഥാന എക്സൈസ് നികുതി ഇനങ്ങളിലുള്ള വരവ് പട്ടിക 4.14ൽ കൊടുത്തിട്ടുണ്ട്. മൊത്തം നികുതിവരവായ 1777 കോടി രൂപയിൽ 92 ശതമാനവും ഇന്ത്യൻ നിർമ്മിത വിദേശമദ്യം, ചാരായം എന്നിവയിൽ നിന്നാണ് ലഭിക്കുന്നത്. യവമദ്യങ്ങൾ, പുളിപ്പിച്ച നാടൻ മദ്യം എന്നിവയിൽ നിന്ന് അഞ്ചു ശതമാനത്തോളം വരുമാനം ലഭിക്കുന്നു. പിഴകൾ, കണ്ടുകെട്ടലുകൾ, ചാരായം ചേർന്ന ഔഷധങ്ങൾ തുടങ്ങിയവയിൽ നിന്ന് ബാക്കി മൂന്നു ശതമാനം വരുമാനവും ലഭിക്കുന്നു.

**പട്ടിക 4.14**
**2014–15ലെ സംസ്ഥാന എക്സൈസ് നികുതി വരവ്**

| | ഇനങ്ങൾ | രൂപ (കോടി) | ശതമാനം |
|---|---|---|---|
| 1. | പുളിപ്പിച്ച നാടൻ മദ്യം | 37.84 | 2.1 |
| 2. | യവ മദ്യങ്ങൾ | 52.68 | 2.9 |
| 3. | വിദേശ മദ്യങ്ങളും ചാരായവും | 1641.96 | 92.4 |
| 4. | പിഴകളും കണ്ടുകെട്ടലും | 12.15 | 0.7 |
| 5. | മറ്റു വരവുകൾ | 32.79 | 1.8 |
| | ആകെ | 1777.42 | 100.00 |

*Source:* Same as Table 4.12

## വാഹന നികുതി

വാഹന നികുതി പ്രധാനമായും മൂന്ന് വിഭാഗങ്ങളിൽ നിന്നാണ് പിരിച്ചെടുക്കുന്നത്. ഒന്ന്, സംസ്ഥാന മോട്ടോർ വാഹന നികുതി ആക്ട് പ്രകാര

മുള്ള വരവുകൾ. രണ്ട്, ഇന്ത്യൻ മോട്ടോർ വാഹന ആക്ടുപ്രകാരം താഴെ പറയുന്ന ഏഴിനങ്ങളിലുള്ള വരവുകൾ. (1) മോട്ടോർ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിനുമുള്ള ഫീസ്. (2) വ്യാപാര സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള ഫീസ്. (3) ഡ്രൈവിങ്ങ് ലൈസൻസിനുള്ള ഫീസ്. (4) വാഹനങ്ങൾക്ക് പെർമിറ്റ് നൽകുന്നതിനും പുതുക്കുന്നതിനും മറ്റുമുള്ള ഫീസ്. (5) വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ബാഡ്ജുകൾ നൽകുന്നതിനുള്ള പരിശോധന ഫീസ്. (6) കണ്ടക്ടർമാരുടെ സർട്ടിഫിക്കറ്റുകൾ, ബാഡ്ജുകൾ ഇവയ്ക്കുള്ള ഫീസ് (7) വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഫീസ് എന്നിവയാണ്. മൂന്ന്, മറ്റു വരവിനങ്ങൾ.

സംസ്ഥാനത്തെ വാഹന നികുതിയിൽ നിന്നുള്ള വരുമാനത്തിൽ തുടർച്ചയായ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാന സമ്പദ്ഘടനയിൽ തുടർച്ചയായി ഉയർന്ന വളർച്ച രേഖപ്പെടുത്തുന്ന ഒരു മേഖലയാണ് മോട്ടോർ വാഹന ഗതാഗതം. പൊതുയാത്ര വാഹനങ്ങളേക്കാൾ സ്വകാര്യ ഇരുചക്രവാഹനങ്ങളുടെയും കാറുകളുടെയും എണ്ണത്തിൽ തുടർച്ചയായി വർദ്ധനയുണ്ടാകുന്നു. തന്മൂലം മോട്ടോർ വാഹന നികുതിയിനത്തിലും മറ്റു ഫീസുകളായും ലഭിക്കുന്ന തുകയിലും വർദ്ധനയുണ്ടാകുന്നു. വാഹനനികുതി 2000–01ൽ 395 കോടി രൂപയായിരുന്നത് 2010–11ൽ 1331 കോടിയും 2015–16ൽ 2837 കോടി രൂപയായും വർദ്ധിച്ചു (പട്ടിക 4.7). സംസ്ഥാനത്തെ സാമ്പത്തിക വളർച്ചയുടെ ഏറ്റക്കുറച്ചിലനുസരിച്ച് ഈ നികുതിയുടെ വരുമാനത്തിൽ ഏറ്റക്കുറച്ചിൽ ഉണ്ടായിട്ടുണ്ട്. 2008ലെ ആഗോള സാമ്പത്തിക മാന്ദ്യകാലത്തും 2013നുശേഷമുള്ള മാന്ദ്യകാലത്തും ഈ നികുതിയുടെ വാർഷിക വളർച്ചയിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട് (പട്ടിക 4.8).

കഴിഞ്ഞ മൂന്നു സർക്കാരുകളുടെ കാലത്തും ഈ നികുതിയുടെ വാർഷിക ശരാശരി വളർച്ചാനിരക്ക് തുടരെ വർദ്ധിക്കുന്ന പ്രവണതയാണ് ഉണ്ടായിട്ടുള്ളത് (പട്ടിക 4.9). 2011നുശേഷമുള്ള കാലഘട്ടത്തിൽ പ്രധാന നികുതികളായ വിൽപ്പന, മൂല്യവർദ്ധിത നികുതി, സ്റ്റാമ്പുകളും രജിസ്ട്രേഷനും, എക്സൈസ് എന്നിവയെക്കാൾ ഉയർന്ന വാർഷിക ശരാശരി വർദ്ധനയാണ് ഈ നികുതിയിൽ ഉണ്ടായിട്ടുള്ളത്. സർക്കാരിന്റെ മൊത്തം തനതു നികുതി വരുമാനത്തിൽ ഈ നികുതിയുടെ വിഹിതത്തിലും വർദ്ധനയുണ്ടായിട്ടുണ്ട് (പട്ടിക 4.10). 2014–15ൽ ഈ നികുതിയിനത്തിൽ ലഭിക്കുന്ന മൊത്തം വരുമാനത്തിന്റെ 90 ശതമാനവും മോട്ടോർ വാഹനനികുതിയിൽ നിന്നാണ് ലഭിച്ചത്. ഫീസുകളായും മറ്റും ലഭിച്ചത് മൊത്തം വരുമാനത്തിന്റെ 10 ശതമാനമാണ്.

ഈ നികുതിയിനത്തിൽ തുടർച്ചയായ വർദ്ധനവിനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്. (1) സംസ്ഥാന സമ്പദ്ഘടനയിൽ തുടർച്ചയായി വളർച്ചയുണ്ടാകുന്ന ഒരു മേഖലയാണ് മോട്ടോർ വാഹന ഗതാഗതം. (2) ഇടത്തരക്കാരുടെ സാമ്പത്തിക സ്ഥിതി മെച്ചമാക്കുന്നതുമൂലം പൊതുയാത്ര വാഹനങ്ങളിൽ നിന്ന് സ്വകാര്യയാത്രാ വാഹനങ്ങളിലേക്കുള്ള മാറ്റം വന്നു കൊണ്ടിരിക്കുന്നു. (3) ഇത്തരത്തിലുള്ള സാമ്പത്തിക മാറ്റം പുതിയ ഇരുചക്ര മോട്ടോർ വാഹനങ്ങളുടെയും, ഓട്ടോറിക്ഷകളുടെയും, കാറുകളുടെയും തുടർച്ചയായ വർദ്ധനയുണ്ടാക്കുന്നു. തൻമൂലം വാഹന നികുതിയിൽ തുടർച്ചയായ വർദ്ധനയുണ്ടാകുന്നു. (4) വാഹന രജിസ്ട്രേഷൻ സമയത്തു തന്നെ മുൻകൂറായി ഈ നികുതി ഒറ്റത്തവണയിൽ പിരിക്കുന്നതുകൊണ്ട് നികുതി ചോർച്ചയും കുറവാണ്.

## മറ്റു നികുതിവരവ്

സംസ്ഥാന സർക്കാർ പിരിക്കുന്ന മറ്റു നികുതികളാണ് കാർഷികാദായ നികുതി, ഭൂനികുതി, ആഡംബര നികുതി, വിനോദ നികുതി, വിദ്യുച്ഛക്തിയിൻമേലുള്ള നികുതി, സ്ഥാവര വസ്തുവിൻമേലുള്ള നികുതി എന്നിവ. ഈ ഇനങ്ങളിലെ നികുതി വരവ് 2000-01ൽ 101 കോടി രൂപയായിരുന്നത് 2010-11ൽ 306 കോടി രൂപയായും 2014-15ൽ 523 കോടിയായും വർദ്ധിച്ചു (പട്ടിക 4.7). സംസ്ഥാന സമ്പദ്ഘടനയിൽ അനുഭവപ്പെടുന്ന വളർച്ചയും തളർച്ചയും ഈ നികുതിയിനങ്ങളുടെ വരുമാനത്തിലും പ്രതിഫലിച്ചിട്ടുണ്ട്. 2008ലെ ആഗോള സാമ്പത്തിക തകർച്ചയ്ക്ക് ശേഷവും 2013-14ലെ സാമ്പത്തിക മാന്ദ്യകാലഘട്ടത്തിലും ഈ ഇനത്തിലുള്ള നികുതി വരവിൽ ഗണ്യമായ കുറവ് അനുഭവപ്പെട്ടു (പട്ടിക 4.8). കഴിഞ്ഞ മൂന്നു സർക്കാരുകളുടെ കാലത്തെ ഈ നികുതിയിനങ്ങളിലെ ശരാശരി വാർഷിക വർദ്ധനം പരിശോധിച്ചാൽ 2001-06വരെയുള്ള യുഡി.എഫ് സർക്കാരിന്റെ കാലത്താണ് ഏറ്റവും ഉയർന്ന നിരക്കിൽ വർദ്ധനയുണ്ടായതെന്നു കാണാം. സംസ്ഥാന സർക്കാരിന്റെ മൊത്തം തനതു നികുതി വരുമാനത്തിന്റെ 1.8 ശതമാനം ഈ നികുതികളുടെ വിഹിതമാണ്.

2014-15ൽ ഈ ഇനത്തിലുള്ള ഓരോ നികുതിയിനത്തിൽ നിന്നു ലഭിച്ച തുകയും അതിന്റെ വിഹിതവും പട്ടിക 4.15ൽ കൊടുത്തിട്ടുണ്ട്. കാർഷികാദായ നികുതി പ്രധാനമായും മൂന്ന് വിഭാഗങ്ങളിലാണ് ഉൾപ്പെട്ടിട്ടുള്ളത്. കാർഷികാദായത്തിൻമേൽ ചുമത്തുന്ന നികുതികൾ, കാർഷികാദായത്തിന്മേൽ ചുമത്താവുന്ന സർചാർജ്ജ്, കാർഷികാദായത്തിൻമേലുള്ള മറ്റു പലവക വരവുകൾ. മറ്റു നികുതിയിനങ്ങളിൽ ഈ നികുതിയുടെ വിഹിതം 1.6 ശതമാനമാണ്.

## പട്ടിക 4.15
## 2014–15ലെ മറ്റു നികുതി വരവ്

| | ഇനങ്ങൾ | രൂപ (കോടി) | ശതമാനം |
|---|---|---|---|
| 1. | കാർഷികാദായ നികുതി | 8.60 | 1.6 |
| 2. | ഭൂനികുതി | 139.03 | 26.6 |
| 3. | ലക്ഷ്വറി ടാക്സ് (ആഡംബര നികുതി) | 212.38 | 40.6 |
| 4. | വിനോദ നികുതി | 0.59 | 0.1 |
| 5. | വിദ്യുച്ഛക്തിയിൻമേലുള്ള നികുതി | 48.71 | 9.3 |
| 6. | സ്ഥാവര വസ്തുവിൻമേലുള്ള നികുതി | 113.45 | 21.7 |
| | ആകെ | 522.76 | 100.0 |

*Source:* Same as Table 4.12

ഭൂനികുതിയിൽ ഭൂവുടമയുടെ കൈവശമുള്ള മൊത്തം ഭൂമിയിൽ ഏർപ്പെടുത്തുന്ന ഭൂമികരം, പ്ലാന്റേഷൻ നികുതി, തരിശുഭൂമി വിറ്റുകിട്ടുന്ന വരവ്, മറ്റു വരവിനങ്ങൾ എന്നിവ ഉൾപ്പെടുന്നു. മൊത്തം ഭൂനികുതിയിൽ 40 ശതമാനം ഭൂമികരവും 1.29 ശതമാനം തരിശുഭൂമി വിറ്റുകിട്ടുന്ന തുകയും, 30 ശതമാനം മറ്റു വരവിനങ്ങളും, ഒരു ശതമാനം പ്ലാന്റേഷൻ നികുതിയുമാണ്. 2014–15ൽ 139 കോടി രൂപയാണ് ഈ നികുതിഹെഡിൽ പിരിച്ചുകിട്ടിയത്.

ആഡംബര ഹോട്ടലുകളിലും ലോഡ്ജുകളിൻമേലും ചുമത്തിയിരിക്കുന്ന നികുതിയാണ് ലക്ഷ്വറി ടാക്സ്. 2014–15ൽ ഈ നികുതിയിനത്തിൽ 212.38 കോടി രൂപ ലഭിച്ചു. ഇത് മറ്റു നികുതി വരുമാനത്തിന്റെ 40.6 ശതമാനമാണ്. മറ്റു നികുതി വിഭാഗത്തിൽ ഏറ്റവും കൂടുതൽ നികുതി വിഹിതം ലഭിക്കുന്ന നികുതിയും ഇതാണ്. വിനോദങ്ങളിൻമേലുള്ള അധിക നികുതിയും പ്രദർശന നികുതിയിൻമേലുള്ള സർചാർജുമാണ് വിനോദ നികുതിയിലെ വരുമാനം. ഈ ഇനത്തിലെ വരുമാനം 59 ലക്ഷം രൂപ മാത്രമാണ്.

വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളുമാണ് മറ്റൊരിനം. ഇവ ഇലക്ട്രിസിറ്റി ഉപയോഗിക്കുന്നതിൻമേലും വിൽപ്പനയിൻമേലുള്ള നികുതികൾ, ഇന്ത്യൻ ഇലക്ട്രിസിറ്റി നിയമപ്രകാരമുള്ള ഫീസ്, സിനിമാശാലകളിലെ വൈദ്യുത പരിശോധനയ്ക്കുള്ള ഫീസ്, മീറ്റർ പരിശോധന ഫീസ് തുടങ്ങിയവയാണ്. ഈ ഇനത്തിൽ 2014–15ൽ സർക്കാരിനു ലഭിച്ച

നികുതി 48.71 കോടിയാണ്. ഈ നികുതി വരുമാനം മറ്റു നികുതിയിനങ്ങളിൽ ലഭിക്കുന്ന മൊത്തം തുകയുടെ 9.3 ശതമാനമാണ്.

കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിൻമേലുള്ള നികുതിയാണ് മറ്റൊരിനം. പുതുതായി പണിയുന്ന വീടുകൾക്കും കെട്ടിടങ്ങൾക്കും റവന്യു വകുപ്പ് ഒറ്റതവണ പിരിക്കുന്ന നികുതിയാണിത്. 2014-15ൽ ഈ നികുതിയിൽ നിന്ന് സർക്കാരിനു ലഭിച്ച വരവ് 113.45 കോടി രൂപയാണ്. ഇത് മറ്റു നികുതി വരുമാനത്തിന്റ 22 ശതമാനമാണ്.

മുകളിൽ പരിശോധിച്ച മറ്റു നികുതി വരുമാനത്തെ സ്വാധീനിച്ച ഘടകങ്ങൾ താഴെ പറയുന്നു. 1) ഭൂനികുതിയുടെ നിരക്കുകളിൽ കാര്യമായ മാറ്റം വരുത്താത്തുമൂലം ഈ നികുതിയിനത്തിൽ വലിയ വർദ്ധനയുണ്ടായില്ല. സംസ്ഥാന സർക്കാർ നൽകുന്ന സ്റ്റേകൾ, കോടതികളുടെയും അപ്പലേറ്റ് അതോറിറ്റിയുടെ സ്റ്റേകൾ എന്നിവമൂലം ഗണ്യമായ തുക കുടിശ്ശികയായി പിരിച്ചുകിട്ടാനുണ്ട്. (2) സ്ഥാവര വസ്തുവിൻമേലുള്ള നികുതി അഥവാ ബിൽഡിംഗ് ടാക്സ് പിരിച്ചെടുക്കുന്നതിലും വീഴ്ചയുണ്ടായി. പുതുതായി പണി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ മുഴുവൻ വിവരങ്ങൾ ശേഖരിക്കാനും നികുതി പിരിക്കുന്നതിനും റവന്യു വകുപ്പിന് കഴിഞ്ഞില്ല. മാത്രമല്ല ബിൽഡിംഗ് ടാക്സിന്റെ നിർണ്ണയത്തിൽ യഥാർത്ഥ വിലയെക്കാൾ കുറഞ്ഞ വിലയാണ് നികുതി കണക്കാക്കാൻ പൊതുവിൽ ഉപയോഗിച്ചിരിക്കുന്നത്. ഈ നികുതിയിൽ ഉൾപ്പെടുന്നതും പുതിയ കെട്ടിടങ്ങളിൽ ചുമത്തുന്ന ലക്ഷ്വറി നികുതിയും പിരിച്ചെടുക്കുന്നതിൽ പരാജയപ്പെട്ടു. (3) വൈദ്യുതി ഉപയോഗിക്കുന്നതിലും വിൽപ്പനയിലും സർക്കാർ നികുതി ചുമത്തിയിട്ടുണ്ട്. വൈദ്യുതി ബില്ലിൽ ഉൾപ്പെട്ടതാണ് ഈ നികുതി. ഈ നികുതി സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡാണ് പിരിക്കുന്നതെങ്കിലും അത് കൃത്യമായി സർക്കാരിലേക്ക് അടയ്ക്കുന്നില്ല. ഇത് തെറ്റായ നടപടിയെന്ന് സി.എ.ജി. പല പ്രാവശ്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഈ നികുതി പിരിക്കുന്നുണ്ടെങ്കിലും അവ സർക്കാരിലേക്ക് യഥാസമയം അടയ്ക്കുന്നില്ലെന്ന് സി.എ.ജി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

തനത് നികുതി വരുമാനത്തെക്കുറിച്ച് മുകളിൽ നടത്തിയ വിശകലനം ഉപസംഹരിക്കാം. (1) സംസ്ഥാന സർക്കാരിന്റെ പ്രധാന നികുതി വരുമാനങ്ങൾ പരോക്ഷ നികുതികളായതുകൊണ്ട് സാമ്പത്തികരംഗത്തെ ഉയർച്ച താഴ്ചകൾ (Boom and Depression) അനുസരിച്ച് നികുതി വരുമാനത്തിൽ വ്യതിയാനങ്ങൾ വന്നതായി കാണാം. (2) സാമ്പത്തിക വളർച്ചാ നിരക്ക് ഉയർന്ന വർഷങ്ങളിൽ നികുതി വളർച്ചയുടെ തോത് ഉയർന്നും

മാന്ദ്യകാലത്ത് കുറയുന്ന പ്രവണതയും ദൃശ്യമായി. 2011നുശേഷമുള്ള പല വർഷങ്ങളിലും നികുതി വർദ്ധന തോത് ഗണ്യമായി കുറഞ്ഞതിന്റെ പ്രധാന കാരണം സംസ്ഥാന സമ്പദ്ഘടനയിൽ അനുഭവപ്പെട്ട മാന്ദ്യമാണ്. (3) വിലക്കയറ്റത്തിന്റെ അടിസ്ഥാനത്തിലോ മറ്റ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലോ നികുതി നിരക്കുകൾ കാലാകാലം വർദ്ധിപ്പിക്കാത്തത് നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. (4) മോശമായ നികുതി പിരിവ്, നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിലുള്ള അലംഭാവം, നികുതിപിരിവിന് നൽകിയിരിക്കുന്ന സ്റ്റേകൾ, ചില നികുതികൾ നൽകിയ പ്രത്യേക ഇളവുകൾ എന്നിവയും നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിച്ചിട്ടുണ്ട്. (5) 2001നു ശേഷമുള്ള മൂന്നു സർക്കാരുകളുടെ കാലത്ത് നികുതി പിരിവിൽ ഏറ്റവും ഉയർന്ന വളർച്ചാനിരക്ക് കൈവരിച്ചത് എൽ. ഡി.എഫ് സർക്കാരിന്റെ കാലത്താണ്. വാർഷിക ശരാശരി നികുതി വളർച്ചാ നിരക്കിന്റെ അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കിയിട്ടുള്ളത്.

## 4. പ്രധാന നികുതിയേതര വരവുകൾ

നികുതിയേതര വരവിനെ അഞ്ചു വിഭാഗങ്ങളായി തിരിക്കാം. പലിശ വരവിനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മറ്റും ലഭിക്കുന്ന ലാഭവും ലാഭവിഹിതവും, സർക്കാർ നടത്തുന്ന ലോട്ടറിയിൽ നിന്നുള്ള വരവ്, വനം വകുപ്പിൽ നിന്നുള്ള വരവ്, മറ്റിനങ്ങൾ. സംസ്ഥാന സർക്കാരിന്റെ മൊത്തം റവന്യു വരുമാനത്തിന്റെ നികുതിയേതരയിനം 12.5 ശതമാനമായാണ് കണക്കാക്കുന്നത്. എന്നാൽ സർക്കാർ ലോട്ടറി ടിക്കറ്റ് വിറ്റു കിട്ടുന്ന തുക മുഴുവനും ലോട്ടറി വരുമാനമായി കാണിച്ചിരിക്കുന്നതുമൂലമാണ് നികുതിയേതര വരുമാനം ഇത്രയും ഉയർന്ന തുകയായി കാണിക്കുന്നത്. ലോട്ടറി നടത്താനുള്ള ഭരണചെലവ്, സമ്മാനതുക, ഏജന്റുമാർക്ക് നൽകുന്ന കമ്മിഷൻ എന്നിവ കഴിച്ചാൽ കിട്ടുന്ന ബാക്കി (തനി) തുകയാണ് ശരിക്കും വരുമാനമായി കാണേണ്ടത്. പട്ടിക 4.16ൽ 2001 മുതൽ 2015വരെയുള്ള ഓരോ സാമ്പത്തിക വർഷവും ഓരോ നികുതിയേതരയിനത്തിലും ലഭിച്ച തുക നൽകിയിട്ടുണ്ട്.

## പലിശ വരവിനങ്ങൾ

പലിശ ഇനത്തിലുള്ള വരവിനങ്ങളിൽ താഴെ പറയുന്ന ഏഴിനങ്ങളാണ്. (1) വാണിജ്യപരമായ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള എല്ലാ പലിശ വരവുകളും (ജലഗതാഗത ഡിപ്പാർട്ടുമെന്റ്, പി.ഡബ്ലിയൂ.ഡി, എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്, ചില ജലസേചന പദ്ധതി

## പട്ടിക 4.16

## നികുതിയേതര വരവിനങ്ങൾ (രൂപ കോടി)

| വർഷം | പലിശ | ലാഭ വിഹിതം | സംസ്ഥാന ഭാഗ്യക്കുറി | വനം വകുപ്പ് | മറ്റിനം | മൊത്തം വരവ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 2000-01 | 37 | 13 | - | 141 | 468 | 659 |
| 2001-02 | 31 | 5 | - | 114 | 393 | 543 |
| 2002-03 | 36 | 10 | - | 150 | 485 | 681 |
| 2003-04 | 32 | 20 | - | 187 | 568 | 807 |
| 2004-05 | 41 | 29 | - | 200 | 549 | 819 |
| 2005-06 | 46 | 18 | - | 190 | 683 | 937 |
| 2006-07 | 45 | 30 | 143 | 175 | 547 | 940 |
| 2007-08 | 70 | 29 | 194 | 155 | 770 | 1218 |
| 2008-09 | 51 | 35 | 420 | 191 | 862 | 1559 |
| 2009-10 | 153 | 27 | 624 * | 273 | 775 | 1852 |
| 2010-11 | 172 | 75 | 571 * | 274 | 839 | 1931 |
| 2011-12 | 136 | 67 | 1283 * | 221 | 885 | 2592 |
| 2012-13 | 172 | 48 | 2674 * | 237 | 1067 | 4198 |
| 2013-14 | 149 | 101 | 3796 * | 330 | 1199 | 5575 |
| 2014-15 | 102 | 74 | 5445 * | 300 | 1363 | 7284 |
| 2015-16 | - | - | - | - | - | 8911 |

*Source:* Same as Table 4.1
* ഭാഗ്യക്കുറി ടിക്കറ്റ് വിറ്റുകിട്ടുന്ന തുക

കൾ, ടെക്സ്റ്റ് ബുക്ക് പ്രസിദ്ധീകരണം, വനം വകുപ്പ് മുതലായവ) ഇവ കളിലുള്ള ലാഭനഷ്ടം കണക്കാക്കുന്നതിന് മുടക്കിയ മൂലധനത്തിൻമേൽ പലിശ ചുമത്തുന്നു. ഈ കണക്കിനങ്ങൾ തമ്മിലുള്ള തട്ടിക്കിഴിക്കലായ തുകൊണ്ട് പൊതുചെലവിനെ ഇത് ഒട്ടുംതന്നെ ബാധിക്കുന്നില്ല. (2) കർഷ കർക്ക് നൽകുന്ന വിവിധയിനം വായ്പകളിൽ നിന്നുള്ള പലിശ വരവ്. (3) ക്യാഷ് ബാലൻസ് നിക്ഷേപങ്ങളിൻമേലുള്ള പലിശ. (4) കേരള

സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്, കേരള ഫിനാൻഷ്യൽ കോർപ്പറേഷനും, ഗവൺമെന്റ് കമ്പനികൾ, മറ്റു സ്വകാര്യ സ്ഥാപനങ്ങളായ പ്രൈവറ്റ് ഇലക്ട്രിക്കൽ അണ്ടർടേക്കിംഗ്, വ്യവസായ സ്ഥാപനങ്ങൾ മുതലായവയ്ക്ക് ഗവൺമെന്റിൽ നിന്നും നൽകുന്ന വായ്പകൾക്ക് ലഭിക്കുന്ന പലിശ (5) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ വായ്പകളിൽ നിന്ന് ലഭിക്കുന്ന പലിശ (6) സഹകരണ സംഘങ്ങൾക്ക് നൽകുന്ന വായ്പകളിൻമേലുള്ള പലിശ. (7) ഹൗസിംഗ്, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഗ്രാമ ചെറുകിട വ്യവസായങ്ങൾ, സർക്കാർ ഉദ്യോഗസ്ഥൻമാർ, ദേവസ്വം ബോർഡ്, മറ്റു പലവക വായ്പകൾ എന്നീ ഇനങ്ങളിൽനിന്നു ലഭിക്കുന്ന പലിശ.

പലിശയിനത്തിലെ വരവ് 2000–01ൽ 37 കോടി രൂപയായിരുന്നത് 2010–11ൽ 172 കോടിയായും 2014–15ൽ 102 കോടിയായും മാറി (പട്ടിക 4.16). 2001നുശേഷം ഈ ഇനത്തിലുള്ള വരവിന്റെ ഗതി പരിശോധിച്ചാൽ ഏഴു വർഷങ്ങളിലും വരവിൽ ഇടിവ് വന്നതായി കാണാം (പട്ടിക 4.17). സർക്കാരിനു ലഭിക്കേണ്ട പലിശ യഥാസമയം പിരിച്ചെടുക്കാൻ വരുത്തിയ വീഴ്ചയാണ് ഇത് കാണിക്കുന്നത്. കഴിഞ്ഞ മൂന്നു സർക്കാരുകളുടെ കാലത്ത്, പലിശയിനത്തിനുള്ള വാർഷിക ശരാശരി വരവ് പരിശോധിച്ചാൽ ഉയർന്ന നിരക്കിൽ വരുമാനം ലഭിച്ചത് 2006 മുതൽ 2011വരെയുള്ള എൽ.ഡി.എഫ് സർക്കാരിന്റെ കാലത്താണ് (പട്ടിക 4.18). മൊത്തം നികുതിയേതര വരവിൽ പലിശയിനത്തിലുള്ള വരവിന്റെ വിഹിതം 2014–15ൽ 1.4 ശതമാനമായിരുന്നു (പട്ടിക 4.19).

അടുത്തതായി പലിശ വരവ് ഏതെല്ലാം ഇനത്തിലാണ് ലഭിക്കുന്നതെന്ന് പരിശോധിക്കാം. 2014–15ലെ പലിശയിനത്തിൽ ലഭിച്ച മൊത്തം തുകയും ഓരോയിനത്തിലും ലഭിച്ച തുകയും പട്ടിക 4.20ൽ നൽകിയിട്ടുണ്ട്. ക്യാഷ് ബാലൻസ് നിക്ഷേപങ്ങളിൻമേലുള്ള പലിശയിൽ നിന്നാണ് ഏറ്റവും വലിയ വിഹിതം ലഭിച്ചത് (43.2 ശതമാനം). വാണിജ്യപരമായ ഡിപ്പാർട്ടുമെന്റ് സ്ഥാപനങ്ങൾ, സഹകരണ സംഘങ്ങളിൽ നിന്നുള്ള പലിശ എന്നിവയാണ് മറ്റു പ്രധാന പലിശയിനങ്ങൾ. സർക്കാരിന് പലിശയിനത്തിൽ ലഭിക്കേണ്ട തുക പിരിച്ചെടുക്കുന്നതിലുള്ള അനാസ്ഥയാണ് പൊതുവിൽ പ്രകടമാകുന്നത്.

**പട്ടിക 4.17**

**നികുതിയേതര വരവ് വർദ്ധന നിരക്ക് (ശതമാനം)**

| വർഷം | പലിശ | ലാഭ വിഹിതം | സംസ്ഥാന ഭാഗ്യക്കുറി | വനം വകുപ്പ് | മറ്റിനം | മൊത്തം വരവ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 2001-02 | -16.2 | -61.5 | - | -19.1 | -16.0 | -17.6 |
| 2002-03 | 16.1 | 100.0 | - | 31.6 | 23.4 | 25.4 |
| 2003-04 | -11.1 | 100.0 | - | 24.7 | 17.1 | 18.5 |
| 2004-05 | 28.1 | 45.0 | - | 7.0 | -3.3 | 1.5 |
| 2005-06 | 12.2 | -37.9 | - | -5.0 | 24.4 | 14.4 |
| 2006-07 | -2.2 | 66.7 | - | -7.9 | -19.9 | 0.3 |
| 2007-08 | 55.6 | -3.3 | 35.7 | -11.4 | 40.8 | 29.6 |
| 2008-09 | -27.1 | 20.7 | 116.5 | 23.2 | 11.9 | 28.0 |
| 2009-10 | 200.0 | -22.9 | 48.6 | 42.9 | -10.1 | 18.8 |
| 2010-11 | 12.4 | 177.8 | -8.5 | 0.4 | 8.3 | 4.3 |
| 2011-12 | -20.9 | -10.7 | 124.7 | -19.3 | 5.5 | 34.2 |
| 2012-13 | 26.5 | -28.4 | 108.4 | 7.2 | 20.6 | 62.0 |
| 2013-14 | -13.4 | 110.4 | 42.0 | 39.2 | 12.4 | 32.8 |
| 2014-15 | -31.5 | -26.7 | 43.4 | -9.1 | 13.7 | 30.7 |
| 2015-16 | - | - | - | - | - | 22.3 |

*Source:* Based on Table 4.16

**പട്ടിക 4.18**

**നികുതിയേതര വരവിന്റെ വാർഷിക ശരാശരി വർദ്ധനം (ശതമാനം)**

| കാലഘട്ടം | പലിശ | ലാഭ വിഹിതം | സംസ്ഥാന ഭാഗ്യക്കുറി | വനം വകുപ്പ് | മറ്റിനം | മൊത്തം വരവ് |
|---|---|---|---|---|---|---|
| 2001-02 - 2005-06 | 5.82 | 29.12 | - | 7.84 | 9.12 | 8.44 |
| 2006-07 - 2010-11 | 47.74 | 47.8 | 48.08 | 9.44 | 6.2 | 16.2 |
| 2011-12 - 2014-15 | -9.83 | 11.15 | 79.63 | 4.50 | 13.05 | 39.93 |

*Source:* Based on Table 4.17

**പട്ടിക 4.19**

**നികുതിയേതര വരവ് ഘടന (ശതമാനം)**

| വർഷം | പലിശ | ലാഭ വിഹിതം | സംസ്ഥാന ഭാഗ്യക്കുറി | വനം വകുപ്പ് | മറ്റിനം | മൊത്തം വരവ് |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 2000-01 | 5.6 | 2.0 | - | 21.4 | 71.0 | 100 |
| 2005-06 | 4.9 | 1.9 | - | 20.3 | 72.9 | 100 |
| 2010-11 | 8.9 | 3.9 | 29.6 | 14.2 | 43.4 | 100 |
| 2014-15 | 1.4 | 1.0 | 74.8 | 4.1 | 18.7 | 100 |

*Source:* Based on Table 4.16

**പട്ടിക 4.20**

**2014-15ലെ പലിശ വരവിനങ്ങൾ**

| ക്രമ നം. | ഇനങ്ങൾ | 2014-15 (രൂപ കോടി) | ശതമാനം |
|---|---|---|---|
| 1. | വാണിജ്യപരമായ ഡിപ്പാർട്ടുമെന്റൽ സ്ഥാപനങ്ങളിൽ നിന്നുള്ളവ | 14.17 | 13.9 |
| 2. | കർഷകരിൽ നിന്നുള്ള പലിശ | 2.41 | 2.3 |
| 3. | ക്യാഷ് ബാലൻസ് നിക്ഷേപങ്ങളിൻ മേലുള്ള പലിശ | 44.16 | 43.2 |
| 4. | പൊതുമേഖലകളിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ളവ | 3.46 | 3.4 |
| 5. | തദ്ദേശഭരണ സമിതികളിൽ നിന്നുള്ളവ | 0.25 | 0.2 |
| 6. | സഹകരണ സംഘങ്ങളിൽ നിന്നുള്ള പലിശ | 7.73 | 7.6 |
| 7. | മറ്റു വരവുകൾ | 29.96 | 29.3 |
| | ആകെ | 102.14 | 100.00 |

*Source:* GOK, 2016, Explanatory Memorandum on the Budget for 2016-17

## ലാഭവും ലാഭവിഹിതവും

സ്വയംഭരണ അധികാരമുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും, സ്വകാര്യ സ്ഥാപനങ്ങളിലും സർക്കാരിന്റെ മുതൽ മുടക്കിന് കിട്ടുന്ന ലാഭവും ലാഭവിഹിതവുമാണിത്. സംസ്ഥാനത്ത് മാർച്ച് 2015ൽ പ്രവർത്തനം നട ത്തിയിരുന്ന 111 പൊതുമേഖലാ സ്ഥാപനങ്ങളും പ്രവർത്തനം നിലച്ച 15 സ്ഥാപനങ്ങളുമുണ്ട്. ഈ സ്ഥാപനങ്ങളിലെല്ലാമായി സർക്കാർ മൂലധന നിക്ഷേപമായി ദീർഘകാല വായ്പയായി നൽകിയിട്ടുള്ളത് 19933 കോടി രൂപയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുകയാണ്. ഏറ്റവുമൊടുവിൽ ലഭ്യമായ കണ ക്കനുസരിച്ച് പ്രതിവർഷം 53 പൊതുമേഖലാ സ്ഥാപനങ്ങൾ 890 കോടി രൂപ നഷ്ടം വരുത്തിയപ്പോൾ 50 പൊതുമേഖലാ സ്ഥാപനങ്ങൾ 498 കോടി രൂപ ലാഭം നേടി. (സി.എ.ജി 2016) ചില പൊതുമേഖലാ സ്ഥാപനങ്ങൾ പ്രതിവർഷം വൻ നഷ്ടം സഹിച്ചാണ് പ്രവർത്തിക്കുന്നത്. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി) 508 കോടി രൂപയും, കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷൻ 128 കോടി രൂപയും, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ 89 കോടി രൂപയും നഷ്ടം വരുത്തി. കെ.എസ്.ആർ.ടി.സിയുടെ 2015-16വരെയുള്ള മൊത്തം നഷ്ടം 3026 കോടി രൂപയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മോശ മായ പ്രവർത്തനം മൂലം സർക്കാരിന് ലഭിക്കേണ്ട ലാഭവിഹിതം സർക്കാർ കൊടുത്ത വായ്പയ്ക്കുള്ള പലിശ, സർക്കാരിനു ലഭിക്കേണ്ട നികുതി കൾ തുടങ്ങിയവ ലഭിക്കുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ നില നിർത്തുന്നതിന് സർക്കാർ ധനസഹായമായും പിരിഞ്ഞ് കിട്ടാത്ത വായ്പ യായും വൻതുക പ്രതിവർഷം ചിലവാക്കേണ്ട സ്ഥിതിയാണ്. ഈ സാഹ ചര്യത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വളരെ തുച്ഛമായ തുക മാത്രമേ ലാഭവിഹിതമായി ലഭിക്കുന്നുള്ളു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭവിഹിതമായി 2000-01ൽ സർക്കാരിനു ലഭിച്ചത് 13 കോടി രൂപയായിരുന്നു. പത്തുവർഷം കഴിഞ്ഞ പ്പോൾ ഇത് 75 കോടിയായി വർദ്ധിച്ചു. 2014-15ൽ ഈ ഇനത്തിൽ സർക്കാ രിന് ലഭിച്ചത് 74 കോടി രൂപയാണ് (പട്ടിക 4.16). 2001നുശേഷം ഈ ഇന ത്തിലുള്ള വരവിന്റെ ഗതി പരിശോധിച്ചാൽ ഏഴു വർഷങ്ങളിൽ ഈ വര വിൽ ഗണ്യമായ ഇടിവ് ഉണ്ടായതായി കാണാം (പട്ടിക 4.17) കഴിഞ്ഞ മൂന്നു സർക്കാരുകളുടെ കാലത്ത് ലാഭവിഹിതമായി ലഭിച്ച തുകയുടെ വാർഷിക ശരാശരി വർദ്ധനം പരിശോധിച്ചാൽ ഉയർന്ന നിരക്കിൽ വരു മാനം ലഭിച്ചത് 2006-11വരെയുള്ള എൽ.ഡി.എഫ് സർക്കാരിന്റെ കാല

ത്താണ് (പട്ടിക 4.18). മൊത്തം നികുതിയേതര വരുമാനത്തിൽ ലാഭവിഹിതത്തിന്റെ വരവിന്റെ വിഹിതം 2014-15ൽ ഒരു ശതമാനമാണ് (പട്ടിക 4.19). ഈ ഇനത്തിലുള്ള വരവിന്റെ വിഹിതത്തിൽ വന്ന കുറവ് പൊതുമേഖലാ സ്ഥാപനങ്ങളുടെ അനാരോഗ്യകരമായ ധനസ്ഥിതിയെയാണ് സൂചിപ്പിക്കുന്നത്. 2014-15ൽ ലാഭവിഹിതമായി ലഭിച്ച 74 കോടി രൂപയിൽ 61 ശതമാനവും പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭവിഹിതമായും, 39 ശതമാനം മറ്റു സ്ഥാപനങ്ങളിൽ നിന്നുള്ള ലാഭവിഹിതവുമായാണ് ലഭിച്ചിട്ടുള്ളത്.

## ഭാഗ്യക്കുറിയിൽ നിന്നുള്ള വരവ്

സംസ്ഥാന സർക്കാർ നേരിട്ടു നടത്തുന്ന പേപ്പർ ലോട്ടറിയിൽ നിന്നുള്ള വരവ് ഒരു പ്രധാന നികുതിയേതര വരവാണ്. 2010-11നുശേഷം ഈ ഇനത്തിലുള്ള വരവിൽ അഭൂതപൂർവ്വമായ വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. സർക്കാരിന്റെ നികുതിയേതര വരുമാനത്തിന്റെ 75 ശതമാനവും ഈ ഇനത്തിൽ നിന്നുള്ള വരവായാണ് സ്ഥിതിവിവര കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പക്ഷെ ഈ വരുമാനം മുഴുവനും തനി (നെറ്റ്) വരുമാനമാണെന്ന് പറയാൻ കഴിയില്ല. ഭാഗ്യക്കുറിയിലെ ടിക്കറ്റ് വിറ്റ് കിട്ടുന്ന മൊത്തം തുകയാണ് ഭാഗ്യക്കുറി വരുമാനമായി കാണിച്ചിരിക്കുന്നത്. എന്നാൽ ഭാഗ്യക്കുറി നടത്തുന്നതിനുവേണ്ടി മാത്രം ഒരു വകുപ്പ് സൃഷ്ടിച്ചിട്ടുണ്ട്. അതിന് എസ്റ്റാബ്ലിഷ്മെന്റ് ചെലവുണ്ട്. ഭാഗ്യക്കുറി ടിക്കറ്റ് വിൽക്കുന്ന ഏജന്റുമാർക്ക് കമ്മിഷനായി ഒരു വലിയ തുക ചെലവാകുന്നു. ഭാഗ്യക്കുറി ലഭിച്ച ടിക്കറ്റിന്റെ സമ്മാനത്തുക നൽകേണ്ടതുണ്ട്. ഇതെല്ലാം കഴിച്ചാൽ കിട്ടുന്ന തുകയാണ് സർക്കാരിന്റെ തനിവരുമാനം.

പട്ടിക 4.21ൽ ഭാഗ്യക്കുറി ടിക്കറ്റ് വിറ്റുകിട്ടുന്ന തുകയും ഭാഗ്യക്കുറി നടത്താൻ വേണ്ടി ചെലവാക്കുന്ന തുകയും മിച്ചമുള്ള തുകയും നൽകിയിട്ടുണ്ട്. ഭാഗ്യക്കുറി ടിക്കറ്റ് വിറ്റുകിട്ടുന്ന തുകയിൽ ചെലവു കഴിച്ചാൽ ശരാശരി കിട്ടുന്നത് ഏതാണ്ട് 24 ശതമാനം മാത്രമാണ്. 2014-15ൽ ഭാഗ്യക്കുറി ടിക്കറ്റ് വിറ്റുകിട്ടിയത് 5445 കോടി രൂപയാണെങ്കിലും ഭാഗ്യക്കുറി നടത്തുന്നതിനുള്ള ചെലവ് കഴിച്ച് ലഭിച്ചത് 1186 കോടിയാണ്. ഇത് മൊത്തം വരവിന്റെ 22 ശതമാനമെ വരൂ നികുതിയേതര ഇനങ്ങളിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഏറ്റവും വലിയ വർദ്ധനം ഉണ്ടായിട്ടുള്ളത് ഭാഗ്യക്കുറിയിൽ നിന്നാണ്. മറ്റു നികുതിയേതരയിനങ്ങളിലെ വരവ് മുരടിച്ചു നിൽക്കുമ്പോൾ സർക്കാർ ഭാഗ്യക്കുറിയിൽ നിന്നുള്ള വരവിനു വൻ വർദ്ധനയുണ്ടായത് ശ്രദ്ധേയമായ നേട്ടമാണ്. 2011 മുതൽ 2015വരെയുള്ള യു.ഡി.എഫ് സർക്കാരിന്റെ കാലത്താണ് ഈ ഇനം വരുമാനത്തിന്റെ ശരാശരി വാർഷിക വരുമാനത്തിൽ വൻ വർദ്ധനയുണ്ടായത് (പട്ടിക 4.18).

## പട്ടിക 4.21

## സംസ്ഥാന ഭാഗ്യക്കുറി മൊത്തവരവും ചെലവുകഴിച്ചുള്ള തുകയും

| വർഷം | ടിക്കറ്റ് വിറ്റ് കിട്ടുന്ന വരവ് (രൂപ) കോടി) | ചെലവ് (രൂപ കോടി) | | | മൊത്തം | ബാക്കി തുക | ബാക്കി മൊത്ത വരുമാന അനുപാതം (ശതമാനം) |
|---|---|---|---|---|---|---|---|
| | | സമ്മാന തുക | ഏജന്റു മാർക്കുള്ള കമ്മിഷൻ | എസ്റ്റാബ്ലിഷ് മെന്റ് | | | |
| 2010-11 | 571 | 191 | 217 | 49 | 457 | 114 | 19.9 |
| 2011-12 | 1283 | 363 | 415 | 98 | 876 | 407 | 31.7 |
| 2012-13 | 2674 | 926 | 891 | 163 | 1980 | 694 | 25.9 |
| 2013-14 | 3796 | 1516 | 1256 | 211 | 2983 | 813 | 21.4 |
| 2014-15 | 5445 | 2186 | 1793 | 280 | 4259 | 1186 | 21.8 |

*Source:* CAG Reports on Revenue Sector from 2011 to 2015.

## വനവകുപ്പിൽ നിന്നുള്ള വരവ്

വനം വകുപ്പിന്റെ കീഴിലുള്ള വനത്തിൽ നിന്നുള്ള തടി, മറ്റു വനവിഭവങ്ങൾ, പിടിച്ചെടുക്കുന്ന വനവിഭവങ്ങൾ, വനഭൂമി പാട്ടത്തിനു നൽകിയ വകയിൽ ലഭിക്കുന്ന തുക തുടങ്ങിയവയാണ് വനം വകുപ്പിന് ലഭിക്കുന്ന വരവ്. 2001നു മുൻപുള്ള കാലഘട്ടത്തിൽ ഈ ഇനത്തിലുള്ള വരവ് ഏറ്റവും പ്രധാന നികുതിയേതര വരുമാനമായിരുന്നു. എന്നാൽ 2001നുശേഷം ഈ സ്ഥിതിയിൽ വ്യത്യാസം വന്നു. ഈ ഇനത്തിലെ വരുമാനം 2000-01ൽ 141 കോടിയായിരുന്നത് 2010-11ൽ 274 കോടിയായും 2014-15ൽ 300 കോടിയായും വർദ്ധിച്ചു (പട്ടിക 4.16). 2001നുശേഷം ആറു വർഷങ്ങളിൽ ഈ ഇനത്തിലുള്ള വരുമാനത്തിൽ ഇടിവുണ്ടായി (പട്ടിക 4.17). കഴിഞ്ഞ മൂന്നു സർക്കാരുകളുടെ കാലത്ത് വനത്തിൽ നിന്നുള്ള വാർഷിക ശരാശരി വരവ് നോക്കിയാൽ ഏറ്റവും ഉയർന്ന നിരക്കിൽ വരവുണ്ടായത് എൽ.ഡി.എഫ് സർക്കാരിന്റെ കാലത്താണ് (പട്ടിക 4.18). മൊത്തം നികുതിയേതര വരുമാനത്തിൽ ഈ ഇനത്തിലുള്ള വരവിന്റെ വിഹിതം തുടർച്ചയായി കുറഞ്ഞു വരുന്ന പ്രവണതാണുള്ളത് (പട്ടിക 4.19). ഇത് വനത്തിൽ നിന്നുള്ള വിഭവങ്ങൾ യഥാസമയം ശേഖരിക്കുന്നതിന്റെയും, വിൽക്കുന്നതിന്റെയും വീഴ്ചയാണ് സൂചിപ്പിക്കുന്നത്. വനത്തിൽ നിന്ന് ഭൂമി പാട്ടത്തിനെടുത്ത പൊതുമേഖലാ സ്ഥാപനങ്ങളും മറ്റും പാട്ടതുക യഥാസമയം നൽകാത്തതും പാട്ടതുക നിരക്കിൽ വർദ്ധനം വരുത്താത്തതും വരവ് മോശമാ

ക്കാൻ കാരണമായിട്ടുണ്ട്. 2014-15ൽ വനത്തിൽ നിന്നു ലഭിച്ച നികുതിയേതര വരുമാനത്തിൽ 96 ശതമാനവും തടിയുടെയും മറ്റു വനവിഭവങ്ങളുടെ വിൽപ്പനയിൽ നിന്നും ബാക്കി 4 ശതമാനം മറ്റു വരവുകളിൽ നിന്നുമാണ് ലഭിച്ചത്.

## മറ്റു നികുതിയേതര വരവ്

പലിശ വരവ്, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ലാഭവിഹിതം, ഭാഗ്യക്കുറിയിൽ നിന്നുള്ള വരവ്, വനം വകുപ്പിൽ നിന്നും ലഭിക്കുന്ന വരവ് എന്നിവയ്ക്കു പുറമെയുള്ളതാണ് മറ്റു നികുതിയേതര വരവ്. അവയെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. സർക്കാർ ഭരണ വകുപ്പുകൾക്കു ലഭിക്കുന്ന ഫീസുകൾ, വിദ്യാഭ്യാസ ആരോഗ്യ സർവീസുകൾക്കു വേണ്ടിയുള്ള ഫീസുകൾ, യൂസർ ചാർജുകൾ, സർക്കാർ വകുപ്പുകളിൽ നിന്നും വാങ്ങുന്ന സാധനങ്ങളുടെയും വില, വാടക തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഈ ഇനത്തിലുള്ള വരുമാനം 2000-2001ൽ 468 കോടിയായിരുന്നത് 2010-11ൽ 839 കോടിയായും 2014-15ൽ 1363 കോടിയായും വർദ്ധിച്ചു. 2001നുശേഷം ഈ ഇനങ്ങളിലെ വാർഷിക വരുമാന വളർച്ചയിൽ വലിയ ഏറ്റക്കുറച്ചിലുണ്ടായിട്ടുണ്ട്. നാലു വർഷങ്ങളിൽ ഈ ഇനത്തിൽ ലഭിച്ച തുകയിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. (പട്ടിക 4.17). ഈ ഇനം നികുതിയേതരയിനങ്ങളുടെ ഫീസുകളുടെയും യൂസർ ചാർജുകളുടെയും നിരക്കിൽ കാലാകാലം വർദ്ധനം വരുത്താത്തതാണ് വരുമാന വർദ്ധനം മുരടിച്ച് നിൽക്കുന്നതിന്റെ പ്രധാന കാരണം. 2004 ഫെബ്രുവരിയിൽ ചില ഫീസുകളും മറ്റും 10 ശതമാനം വർദ്ധിപ്പിച്ചു. ചിലയിനത്തിൽ ചെറിയ വർദ്ധനം 2007ലും 2012ലും വരുത്തി. എന്നാൽ ഭൂരിഭാഗം നികുതിയേതര ഇനങ്ങളിലും 2001നുശേഷം നിരക്കുവർദ്ധന നടപ്പാക്കിയിട്ടില്ല. എന്നാൽ 2013ൽ ഇവയുടെ നിരക്കുകളിൽ വർദ്ധനം വരുത്തി. കഴിഞ്ഞ മൂന്നു സർക്കാരുകളുടെ കാലത്തെ ഈ ഇനങ്ങളുടെ വാർഷിക ശരാശരി വർദ്ധനം പരിശോധിച്ചാൽ 2011 മുതൽ 2015വരെയുള്ള യു.ഡി.എഫ് സർക്കാരിന്റെ കാലത്താണ് ഉയർന്ന വർദ്ധനം രേഖപ്പെടുത്തിയതെന്നു കാണാം (പട്ടിക 4.18). ഇതിനു കാരണം 2013ൽ നടപ്പാക്കിയ നിരക്കു വർദ്ധനയാണ്. മൊത്തം നികുതിയേതര വരുമാനത്തിൽ ഈ ഇനത്തിലുള്ള വിഹിതം കുറയുന്ന പ്രവണതയാണ് 2006നുശേഷം ഉണ്ടായിട്ടുള്ളത് (പട്ടിക 4.9).

മറ്റു നികുതിയേതര വരുമാനം ഏതെല്ലാം ഇനങ്ങളിൽ നിന്നു ലഭിക്കുന്നുവെന്ന് പരിശോധിക്കാം. 2014-15ൽ മറ്റു നികുതിയേതരയിനങ്ങളിലെ മൊത്തവരവ് 1363 കോടി രൂപയാണ്. ഏതെല്ലാം ഇനങ്ങളിൽ നിന്നാണ് ഇവ ലഭിക്കുന്നുവെന്ന് കാണിക്കുന്ന കണക്ക് പട്ടിക 4.22ൽ നൽകിയിട്ടുണ്ട്.

സാമൂഹിക സേവനങ്ങൾ, ഭരണപരമായ സർവ്വീസുകൾ, പലവകയിനങ്ങൾ, സഹകരണം, വൈദ്യസഹായവും പൊതുജനാരോഗ്യവും, ഇരുമ്പേതര ഘനനവും ധാതുവ്യവസായവും, പോലീസ്, റോഡുകളും പാലങ്ങളും, മറ്റു പൊതു സാമ്പത്തിക സർവ്വീസുകൾ എന്നിവയാണ് പ്രധാനയിനങ്ങൾ.

**പട്ടിക 4.22**

**2014–15ലെ മറ്റു നികുതിയേതര വരവ്**

| ക്രമ നം. | ഇനങ്ങൾ | 2014–15 (രൂപ കോടി) | ശതമാനം |
|---|---|---|---|
| 1. | പോലീസ് | 44.81 | 3.3 |
| 2. | സ്റ്റേഷനറിയും അച്ചടിയും | 21.02 | 1.5 |
| 3. | ഭരണപരമായ മറ്റു സർവ്വീസുകൾ | 226.26 | 16.6 |
| 4. | പെൻഷനും മറ്റു റിട്ടയർമെന്റ് ആനുകൂല്യങ്ങൾ | 60.63 | 4.4 |
| 5. | പലവക (സംസ്ഥാന ഭാഗ്യക്കുറി ഒഴികെ) | 155.30 | 11.4 |
| 6. | സാമൂഹ്യ സേവനങ്ങൾ | 246.41 | 18.1 |
| 7. | നഗര ആരോഗ്യ സേവനങ്ങൾ | 96.28 | 7.1 |
| 8. | വൈദ്യശാസ്ത്ര വിദ്യാഭ്യാസം, പരിശീലനം | 27.92 | 2.0 |
| 9. | തൊഴിലും തൊഴിൽ സൗകര്യവും | 20.67 | 1.5 |
| 10. | സാമൂഹിക സുരക്ഷിതത്വവും ക്ഷേമവും | 13.58 | 1.0 |
| 11. | ധാന്യവിളകൾ | 15.03 | 1.1 |
| 12. | മത്സ്യബന്ധനം | 13.57 | 1.0 |
| 13. | സഹകരണം | 121.41 | 8.9 |
| 14. | ഇരുമ്പേതര ഖനനവും ധാതു വ്യവസായവും | 79.53 | 5.8 |
| 15. | തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും | 45.31 | 3.3 |
| 16. | റോഡുകളും പാലങ്ങളും | 43.42 | 3.2 |
| 17. | മറ്റ് പൊതുസാമ്പത്തിക സർവ്വീസുകൾ | 41.49 | 3.0 |
| 18. | മറ്റു നികുതിയേതരയിനങ്ങൾ | 90.36 | 6.6 |
| | ആകെ | 1363.00 | 100.0 |

*Source:* Same as Table 4.20

## സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസുകൾ

സാമൂഹിക സേവനങ്ങൾ എന്ന ഹെഡിൽ ലഭിക്കുന്ന തുക പ്രാഥമിക വിദ്യാഭ്യാസം, സെക്കന്ററി വിദ്യാഭ്യാസം, സർവ്വകലാശാലാ വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, പുരാവസ്തു ഗവേഷണവും കാഴ്ചബംഗ്ലാവുകളും തുടങ്ങിയവയിൽ നിന്നുള്ള ഫീസുകൾ, മറ്റു വരുമാനങ്ങൾ, യൂസർ ചാർജുകൾ എന്നിവയിൽ നിന്നാണ്. പ്രൈമറി സ്കൂളുകൾ, അപ്പർ പ്രൈമറി സ്കൂളുകൾ എന്നിവയിൽ നിന്നും ലഭിക്കുന്ന എല്ലാ വരുമാനങ്ങളുമാണ് പ്രാഥമിക വിദ്യാഭ്യാസയിനത്തിലെ വരുമാനം. ഈ ഇനത്തിൽ 2014-15ൽ ലഭിച്ചത് 34.88 കോടി രൂപയാണ്. പരീക്ഷ ഫീസ്, മറ്റു ഫീസുകൾ, പുസ്തകങ്ങൾ വിറ്റതിലെ വരവുകൾ, പ്രവേശന ഫീസ്, സർക്കാർ ട്രെയിനിംഗ് കോളേജുകളിലെ ഫീസുകൾ തുടങ്ങിയവയാണ് സെക്കന്ററി വിദ്യാഭ്യാസയിനത്തിൽ നിന്നുള്ള വരുമാനം. 2014-15ൽ ഈ ഇനത്തിലെ വരുമാനം 123.27 കോടിയാണ്. സർവ്വകലാശാലാ വിദ്യാഭ്യാസ വരവിനങ്ങൾ - സർക്കാർ കോളേജുകൾ, സർക്കാരിതര കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ എന്നിവയിൽ നിന്നുള്ള ട്യൂഷൻ ഫീസുകൾ മറ്റു ഫീസുകൾ എന്നിവയിൽ നിന്നാണ്. ഈ ഇനത്തിലെ വരുമാനം 2014-15ൽ 44.89 കോടി രൂപയാണ്. സർക്കാർ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നായി ട്യൂഷൻ ഫീസും മറ്റു ഫീസുകളും മറ്റു വരവുകളുമായി 2014 -15ൽ ലഭിച്ചത് 33.49 കോടി രൂപയാണ്. പുരാവസ്തു ഗവേഷണവും കാഴ്ച ബംഗ്ലാവുകളിൽ നിന്നും ലഭിച്ചത് 8.20 കോടിയാണ്.

സർക്കാരിന് ഒട്ടനവധി വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടെങ്കിലും ഇതിൽ നിന്നും ലഭിക്കുന്ന ഫീസുകൾ വളരെ ചെറിയ തുകയാണ്. ഇതിന് പ്രധാന കാരണം ഫീസുകളിൽ ദശാബ്ദങ്ങളായി മാറ്റമില്ലാതെ തുടരുന്നതുമൂലമാണ്. പ്രൊഫഷണൽ കോളേജുകൾ ഒഴിച്ച് മറ്റെല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ട്യൂഷൻ ഫീസായി പിരിച്ചെടുക്കുന്ന തുക വളരെ ചെറിയ തുകയാണ്. തന്മൂലം സർക്കാർ സ്കൂളുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിലെ ഫീസും സ്വകാര്യ മേഖലയിലെ ഫീസും തമ്മിൽ വലിയ അന്തരമുണ്ട്. ഫീസ് വർദ്ധനം വരുത്തിയാൽ വിദ്യാർത്ഥികൾ സമരങ്ങളും പ്രക്ഷോഭങ്ങളും നടത്തും എന്നാണ് സർക്കാരുകളുടെ നിലപാട്. എന്നാൽ സ്വകാര്യ പ്രൊഫഷണൽ കോളേജുകളിൽ വർഷംതോറും ട്യൂഷൻ ഫീസ് വർദ്ധിപ്പിക്കാനും അതുപോലെ വൻതുക മറ്റിനങ്ങളിൽ പിരിക്കാനും സർക്കാർ അനുവദിക്കുന്നുണ്ട്. സർക്കാർ നൽകുന്ന ഇത്തരം സർവീസുകൾ സൗജ

ന്യമായോ അതോ വളരെ തുച്ഛമായ യൂസർ ചാർജ് വാങ്ങിയാൽ മതി യെന്നോയുള്ള വികലമായ കാഴ്ചപ്പാടാണ് സർക്കാരുകൾക്കുള്ളത്. തന്മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങ ൾക്ക് പണമില്ലാത്തതുകൊണ്ട് നിലവാരം കുറഞ്ഞ വിദ്യാഭ്യാസ സൗകര്യമെ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നൽകാൻ കഴിയുന്നുള്ളു. അതു പോലെ തന്നെ സർക്കാർ നടത്തുന്ന മൃഗശാലകളിലെയും കാഴ്ചബംഗ്ലാ വുകളിലെയും വരവ് വളരെ ചെറിയ തുകയാണ് (8.20 കോടി). സ്വകാര്യ അമ്യൂസ്മെന്റ് പാർക്കുകളിൽ നിന്ന് ഉയർന്ന ചാർജ് ഈടാക്കുമ്പോൾ സർക്കാർ മൃഗശാലകളിൽ നിന്ന് തുച്ഛമായ ചാർജേ ഈടാക്കുന്നുള്ളു.

## ഭരണപരമായ സർവ്വീസുകളും മറ്റു പലവകകളും

നീതിനിർവഹണം, തെരഞ്ഞെടുപ്പുകൾ, മറ്റു സർവ്വീസുകൾ എന്നി വയാണ് ഭരണപരമായ സർവ്വീസുകൾ എന്ന ഹെഡിൽ വരുന്നത്. നീതി നിർവഹണത്തിന്റെ ഭാഗമായുള്ള പിഴയും, കണ്ടുകെട്ടലും, സേവനങ്ങൾ ക്കുള്ള ഫീസും, മറ്റു വരവുകളും ഒരിനമാണ്. ഈ ഇനത്തിൽ 2014-15ൽ 116.36 കോടി ലഭിച്ചിട്ടുണ്ട്. തെരെഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഫീസുകൾ, പിഴകൾ, മറ്റു വരവുകൾ എന്നിവയിൽ നിന്ന് 2014-15ൽ ലഭിച്ചത് 11.62 കോടി രൂപയാണ്. സ്ഫോടനവസ്തു ആക്ട് പ്രകാരമുള്ള വരവുകൾ, അഗ്നിശമനവും നിയന്ത്രണവും, സർക്കാർ ഓഡിറ്റ് ഫീസ്, മറ്റു വരവു കൾ എന്നിവയിൽ നിന്നുള്ള ഫീസുകൾ തുടങ്ങിയവ (98.28 കോടി). സർക്കാർ ഒട്ടനവധി ഗസ്റ്റ്ഹൗസുകളും സർക്കാർ ഹോസ്റ്റലുകളും നട ത്തുന്നുവെങ്കിലും അതിൽനിന്നും ലഭിക്കുന്നത് വെറും 3 ലക്ഷം രൂപ മാത്രമാണ്.

സംസ്ഥാന ഭാഗ്യക്കുറി ഒഴിച്ചുള്ള മറ്റിനങ്ങളാണ് പലവക പൊതുസേ വനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അവകാശപ്പെടാത്ത നിക്ഷേപ ങ്ങൾ, ഭൂമിയുടെയും വസ്തുവിന്റെയും വിൽപ്പന, ഗ്യാരന്റി ഫീസ്, മറ്റു വരവുകൾ എന്നീയിനത്തിൽ 155.30 കോടി രൂപ 2014-15ൽ ലഭിച്ചിട്ടുണ്ട്. വിവിധ സ്ഥാപനങ്ങൾക്ക് ധനസഹായ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനായി സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. ഈ ഗ്യാരന്റി ഇട പാടുകളിൽ നിന്നും ലഭിക്കുന്ന വരുമാനമാണ് ഗ്യാരന്റി ഫീസ്.

## സഹകരണം

നികുതിയേതര വരുമാനത്തിലെ ഒരു പ്രധാനയിനം സഹകരണ വകു പ്പിലെ നികുതിയേതര വരുമാനമാണ്. സഹകരണ സംഘങ്ങളുടെയും

കേന്ദ്ര ബാങ്കുകളുടെയും കണക്കുകൾ ഓഡിറ്റ് ചെയ്യുന്ന ഫീസിനത്തിലും മറ്റും 2014-15ൽ 15.67 കോടി രൂപ ലഭിച്ചു. ഡിമാന്റ് നോട്ടീസ് ഫീസ്, വിധി നടത്തിപ്പ് ചെലവ്, മറ്റു ചെലവുകൾ, സഹകരണ സ്ഥാപനങ്ങളിൽ നിന്ന് നിയമിക്കുന്ന ഓഡിറ്റർമാരുടെ ശമ്പളവും അലവൻസും വകയിൽ ഈടാക്കുന്ന അംശദാനവും തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന വരവ് 105.74 കോടി രൂപയാണ്. മൊത്തം വരവ് 121.41 കോടി രൂപയാണ്.

## നഗര ആരോഗ്യ സേവനങ്ങളും വൈദ്യശാസ്ത്ര വിദ്യാഭ്യാസവും

നഗരങ്ങളിൽ ആരോഗ്യ സേവനങ്ങളിൽ നിന്നുള്ള വരവ് നാലിനങ്ങളാണ്. (1) രോഗികളിൽ നിന്നുള്ള വരവ് (2) ഇ.എസ്.ഐ. പദ്ധതിയനുസരിച്ച് ലഭിക്കുന്ന തുക (3) മെഡിക്കൽ സ്റ്റോർ ഡിപ്പോകളിലെ വരവ് (4) മറ്റിനങ്ങൾ. 2014-15ൽ ഈ ഇനങ്ങളിൽ നിന്ന് 2.11 കോടി, 93.52 കോടി, 6 ലക്ഷം, 58 ലക്ഷം രൂപ എന്നിവയാണ് യഥാക്രമം ലഭിച്ചത്. നഗരങ്ങളിലെ അലോപ്പതി ആശുപത്രികളിൽ നിന്നും ഡിസ്പെൻസറികളിൽ നിന്നുമായി രോഗികളിൽ നിന്ന് ഫീസായി പിരിക്കുന്ന തുക തുച്ഛമാണ് (2.11 കോടി). ആശുപത്രികളിലെ ബി.പി.എൽ കുടുംബങ്ങളിലെ അംഗങ്ങൾക്ക് ചികിത്സ സൗജന്യമാണ്. എന്നാൽ ചികിത്സ ചെലവ് വഹിക്കാൻ കഴിയുന്നവരിൽ നിന്നുപോലും വളരെ തുച്ഛമായ ഫീസാണ് സർക്കാർ ഈടാക്കുന്നത്. ധനപ്രതിസന്ധി മൂലം സർക്കാർ ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ ശോചനീയമായ അവസ്ഥയിലാണ് ഇത്തരം നയങ്ങൾ അനുവർത്തിക്കുന്നത്.

വൈദ്യശാസ്ത്ര വിദ്യാഭ്യാസത്തിന് ട്യൂഷൻ ഫീസായും മറ്റിനങ്ങളിലായും കിട്ടുന്ന വരവും വളരെ ചെറിയ തുകയാണ്. 2014-15ൽ ആയുർവേദ, ഹോമിയോപ്പതി, യുനാനി, അലോപ്പതി എന്നീ മെഡിക്കൽ കോളേജുകളിൽ നിന്ന് ഫീസായും മറ്റു വരുമാനമായും ലഭിച്ച തുക 27.92 കോടിയാണ്. ആയുർവേദ കോളേജുകളിൽ നിന്ന് വിവിധ ഫീസിനത്തിൽ ലഭിച്ച തുക 1.92 കോടി രൂപയും, ഹോമിയോപ്പതി കോളേജുകളിൽ നിന്ന് 32 ലക്ഷം രൂപയുമാണ്. അലോപ്പതി മെഡിക്കൽ കോളേജുകളിൽ നിന്നു ലഭിച്ചത് 21.19 കോടിയാണ്. മെഡിക്കൽ വിദ്യാഭ്യാസ ചെലവുമായി ഒരു ബന്ധവുമില്ലാത്ത തുച്ഛമായ ഫീസ് നിരക്കാണ് സർക്കാർ നടപ്പിലാക്കിയിരിക്കുന്നത്. സർക്കാർ കോളേജുകളിലെയും സ്വകാര്യ മെഡിക്കൽ കോളേജുകളിലെയും ഫീസുകൾ തമ്മിൽ വമ്പിച്ച വ്യത്യാസമുണ്ട്. സർക്കാർ തുടർച്ചയായി ധനപ്രതിസന്ധി അഭിമുഖീകരിക്കുന്നതുമൂലം മെഡിക്കൽ കോളേജുകളുടെ തൃപ്തികരമായ നടത്തിപ്പിനു വേണ്ട അടിസ്ഥാന ഘട

കങ്ങൾ, അധ്യാപകർ, ജീവനക്കാർ, ആവർത്തന ചെലവുകൾക്കു വേണ്ട പണം എന്നിവ നൽകാൻ കഴിയുന്നില്ല. സർക്കാർ ജില്ലാതലത്തിൽ തുടങ്ങിയ പല അലോപ്പതി മെഡിക്കൽ കോളേജുകളിലും വേണ്ടത്ര അധ്യാപകരോ, ഭൗതിക സാഹചര്യമോ, ഉപകരണങ്ങളോ ഇല്ലാത്തതുമൂലം പ്രവർത്തനം നിർത്തിവയ്ക്കാൻ മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചിരിക്കുന്നു.

## മറ്റിനങ്ങൾ

മുകളിൽ ചർച്ച ചെയ്തതിനു പുറമെയുള്ള പ്രധാന നികുതിയേതര ഇനങ്ങൾ താഴെ പറയുന്നു. (1) പോലീസ് വകുപ്പിനു ലഭിക്കുന്ന ഫീസുകൾ, പിഴകൾ, കണ്ടുകെട്ടലുകൾ, മറ്റു ഗവൺമെന്റുകൾക്കു നൽകുന്ന പോലീസ് സഹായം, സർക്കാർ വകുപ്പുകൾ, ദേശസാൽകൃത ബാങ്കുകൾ, സ്വകാര്യ കമ്പനികൾ, വ്യക്തികൾക്കു നൽകുന്ന സഹായത്തിനുള്ള പ്രതിഫലം തുടങ്ങിയവ (44.81 കോടി) (2) സ്റ്റേഷനറി, ഗസറ്റ് വിൽപ്പന, അച്ചടിയിൽ നിന്നുള്ള വിൽപ്പന, മറ്റു വരവുകൾ എന്നിവയിൽ നിന്ന് 21 കോടി വരവുണ്ട്. (3) പെൻഷനും മറ്റു റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്കുമായുള്ള അംശാദായങ്ങളും വസൂലാക്കലുകളും (60.63 കോടി രൂപ) (4) തൊഴിൽ വകുപ്പിനു ഫാക്ടറി ആക്ട് പ്രകാരം വസൂലാക്കുന്ന ഫീസ്, മറ്റു തൊഴിൽ നിയമങ്ങളനുസരിച്ചുള്ള ഫീസ്, മറ്റു ഫീസുകൾ, മറ്റു വരുമാനങ്ങൾ (20.67 കോടി). (5) ഇൻഷ്വറൻസ് കോർപ്പറേഷനിൽ നിന്നുള്ള വരവുകൾ, മറ്റു ക്ഷേമ പദ്ധതികളിൽ നിന്നുള്ള വരവുകളും മറ്റും (13.58 കോടി). (6) കൃഷിത്തോട്ടങ്ങൾ, സസ്യ സംരക്ഷണ സർവ്വീസുകൾ, നാണ്യവിളകൾ, തോട്ടകൃഷി തുടങ്ങിയ ധാന്യവിള വരവ് (15.03 കോടി). (7) മത്സ്യബന്ധന വകുപ്പിന് ഉപകരണങ്ങളുടെ പാട്ടം/വാടക, മത്സ്യം മത്സ്യക്കുഞ്ഞുങ്ങളുടെ വിൽപ്പന, മറ്റു വരവുകളിൽ ലഭിക്കുന്ന വരവ് (13.57 കോടി). (8) ഇരുമ്പേതര ഖനനവും ധാതു വ്യവസായങ്ങളുടെ കൺസഷൻ ഫീസും, റോയൽറ്റികളും മറ്റു വരവുകളും, മോണോസൈറ്റ്, ഇൽമനൈറ്റ് മുതലായവ ഖനനം ചെയ്യുന്ന വകയിൽ ഭൂഗർഭ വകുപ്പ് പിരിച്ചെടുക്കുന്ന റോയൽറ്റിയാണ് പ്രധാന വരുമാനം (79.53 കോടി). (9) ചെറുകിട തുറമുഖങ്ങളിൽ നിന്നുമുള്ള സർവ്വെ ഫീസ്, പൈലറ്റേജ് ഫീസ്, കയറ്റുമതി ഇറക്കുമതിയിനങ്ങളിൽ നിന്നുള്ള വരവുകൾ, ടഗ്ഗ് ചാർജ്ജുകൾ തുടങ്ങിയവ (45.31 കോടി). (10) റോഡുകളുടെയും പാലങ്ങളിലെ ഇനത്തിലെ പ്രധാന വരുമാനം നാഷണൽ ഹൈവേയ്ക്ക് വേണ്ടിയുള്ള ചെലവ് കേന്ദ്ര സർക്കാരിൽ നിന്ന് വസൂലാക്കുന്നതാണ്. ഇതിനു പുറമെ റോഡ് ചുങ്കത്തിൽ നിന്നും ചെറിയ തുക ലഭിക്കുന്നു. (43.42 കോടി). (11) മറ്റു പൊതു സാമ്പത്തിക സർവ്വീസുകൾ,

അളവുകളുടെയും തൂക്കങ്ങളുടെയും മുദ്രണത്തിനുള്ള ഫീസ്, 1932ലെ ഇന്ത്യൻ കൂട്ടുകച്ചവട നിയന്ത്രണ നിയമമനുസരിച്ചുള്ള ഫീസുകൾ, കേരള ഭൂപരിഷ്കരണ നിയമപ്രകാരമുള്ള വരവുകളും മറ്റും ഉൾപ്പെടുന്നു (41.49 കോടി).

## വരുമാന വർദ്ധനയ്ക്ക് വലിയ സാധ്യതയുള്ള ഇനങ്ങൾ

വരുമാന വർദ്ധനയ്ക്ക് വലിയ സാധ്യതയുള്ള ഇനങ്ങളും വകുപ്പുകളും, അവയിൽ നിന്ന് 2014-15ൽ ലഭിച്ച തുകയും താഴെ കൊടുക്കുന്നു.

1) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഫീസും മറ്റു വരവുകളും (2.46 കോടി).
2) പൊതുമരാമത്ത് വകുപ്പ് - ഓഫീസ് കെട്ടിടങ്ങൾ, റെസ്റ്റ് ഹൗസുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെയും ഉപകരണങ്ങളുടെയും വാടക, യന്ത്രോപകരണങ്ങളുടെ വാടക, സെന്റേജ് ചാർജ്ജുകൾ, ലാപ്സായ നിക്ഷേപങ്ങൾ, പിഴയും കണ്ടുകെട്ടലുകളും, ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന തുടങ്ങിയവ (5.80 കോടി)
3) നഗരങ്ങളിലെ സർക്കാർ അലോപ്പതി ആശുപത്രികളിലെ ചികിത്സാ ഫീസ് (2.11 കോടി).
4) ഉന്നതവിദ്യാഭ്യാസം - സർക്കാർ കോളേജുകൾ, സർക്കാരേതര കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ എന്നിവയിലെ ട്യൂഷൻ ഫീസുകളും മറ്റു ഫീസുകളും (44.89 കോടി).
5) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ട്യൂഷൻ ഫീസും മറ്റു ഫീസുകളും (10.31 കോടി).
6) പുരാവസ്തു ഗവേഷണവും, മൃഗശാലകൾ, കാഴ്ചബംഗ്ലാവുകളും (8.20 കോടി).
7) സർക്കാർ വക വാസഭവനങ്ങൾക്ക് (സർക്കാർ ക്വാർട്ടേഴ്സ്) ജീവനക്കാർ നൽകുന്ന വാടക (1.72 കോടി).
8) 28 വൻകിട ജലസേചന പദ്ധതികളിൽ നിന്നുള്ള വരുമാനം (3.86 കോടി).
9) 22 ഇടത്തരം ജലസേചന പദ്ധതിയിൽ നിന്നുള്ള വരുമാനം (5.59 കോടി).
10) ചെറുകിട ജലസേചന പദ്ധതികൾ (4.71 കോടി).
11) വിനോദ സഞ്ചാരം (7.48 കോടി).

നികുതിയേതര വരുമാനത്തെക്കുറിച്ച് മുകളിൽ നടത്തിയ വിശകലനം ഉപസംഹരിക്കാം. നികുതിയേതര വരുമാനങ്ങളുടെ കാര്യത്തിൽ സർക്കാർ

ഭാഗ്യക്കുറിയൊഴിച്ച് മറ്റിനങ്ങളുടെ വരുമാനം തൃപ്തികരമാണെന്നു പറയാൻ കഴിയില്ല. കേരളത്തിൽ അധികാരത്തിലിരുന്ന സർക്കാരുകൾ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യമായ മുൻഗണനയോ പ്രാധാന്യമോ നൽകിയിട്ടില്ല. വിലക്കയറ്റത്തിനനുസരിച്ചും സാമ്പത്തിക മാറ്റങ്ങൾക്കനുസരിച്ചും കാലാകാലങ്ങളിൽ നിരക്കുകൾ വർദ്ധിപ്പിക്കുക എന്ന കാഴ്ചപ്പാട് ഇല്ലായിരുന്നു. തന്മൂലം സർക്കാർ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും നൽകുന്ന ആരോഗ്യ വിദ്യാഭ്യാസ സർവ്വീസുകളുടെയും മറ്റും ഫീസ് നിരക്കിൽ വലിയ അന്തരമുണ്ട്. തുച്ഛമായ ഫീസുകളും യൂസർ ചാർജും ഈടാക്കുന്നതുമൂലം സ്ഥാപനങ്ങൾക്ക് മെച്ചമായ സേവനങ്ങൾ നൽകുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ പോലും പണമില്ലാത്ത സ്ഥിതിയിലാണ്. ഇപ്പോൾ നിലവിലുള്ള ഭൂരി ഭാഗം ഫീസുകളും വളരെ കുറഞ്ഞ നിരക്കിലുള്ളതാണ്. നികുതിയേതര വരുമാനങ്ങളുടെ നിരക്കിൽ വർദ്ധനം വരുത്തുന്നതിന് ഒരു ദശാബ്ദക്കാലത്തിലധികം കാത്തിരിക്കുന്നതിനു പകരം മൂന്നു വർഷത്തിലൊരിക്കൽ ചെറിയ തോതിൽ വർദ്ധനം വരുത്തുന്നത് അഭികാമ്യമായിരിക്കും. ആരോഗ്യ-വിദ്യാഭ്യാസ സേവനങ്ങൾക്കും മറ്റു പൊതു സർവ്വീസുകൾക്കു വേണ്ടി പിരിക്കുന്ന ഫീസുകളുടെ ഒരു വിഹിതം ആ സ്ഥാപനങ്ങളിലെ അടിസ്ഥാന ഘടകവികസനത്തിനും സർവ്വീസുകൾ മെച്ചമാക്കുന്നതിനും വേണ്ടി ഉപയോഗിക്കാൻ പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

## 5. നികുതി കുടിശ്ശികകകൾ

നികുതി, നികുതിയേതര ഇനങ്ങളിൽ നിന്ന് സർക്കാരിന് ഓരോ സാമ്പത്തിക വർഷം ലഭിക്കേണ്ട വരവ് മുഴുവനും അതേ വർഷം തന്നെ പിരിച്ചെടുക്കാൻ പല കാരണങ്ങൾ കൊണ്ട് സർക്കാരുകൾക്കു കഴിയാറില്ല. പെരുകുന്ന കുടിശ്ശിക സർക്കാരിന്റെ മോശമായ ധനഭരണത്തെയും ധന മാനേജ്മെന്റിന്റെയും സൂചികയാണ്. 2011ൽ നികുതി, നികുതിയേതര ഇനങ്ങളിലെ കുടിശ്ശിക 5358 കോടി രൂപയായിരുന്നത് 2015ൽ 10436 കോടിയായി വർദ്ധിച്ചു. പട്ടിക 4.23ൽ നികുതി, നികുതിയേതര ഇനത്തിലെ 2011 മുതൽ 2015വരെയുള്ള കുടിശ്ശിക തുക, അഞ്ചു വർഷത്തിലധികമായി തുടരുന്ന കുടിശ്ശിക തുക, അവയുടെ ശതമാനം എന്നിവ നൽകിയിട്ടുണ്ട്. 2012, 2013 എന്നീ വർഷങ്ങളിൽ മൊത്തം കുടിശ്ശിക തുകയിൽ മൂന്നിലൊന്നിലധികവും അഞ്ചു വർഷത്തിലധികം കുടിശ്ശികയായി തുടരുന്നതാണ്.

അടുത്തതായി കുടിശ്ശിക ഏതെല്ലാം നികുതി, നികുതിയേതര ഇനങ്ങളിൽപ്പെട്ടതാണെന്നു പരിശോധിക്കാം. കുടിശ്ശിക തുകയുടെ ഇനം തിരി

**പട്ടിക 4.23**

**നികുതി, നികുതിയേതര കുടിശ്ശിക തുക (രൂപ കോടി)**

| വർഷം (മാർച്ചിൽ) | കുടിശ്ശിക തുക | അഞ്ചു വർഷത്തി ലധികമായ കുടിശ്ശിക | അഞ്ചു വർഷത്തി ലധികമായ കുടിശ്ശിക (ശതമാനം) |
|---|---|---|---|
| 2011 | 5358 | 1679 | 31.3 |
| 2012 | 10273 | 3768 | 36.7 |
| 2013 | 12244 | 4389 | 35.8 |
| 2014 | 7530 * | 415 * | 5.5 * |
| 2015 | 10436 | 1872 | 17.9 |

*Source:* Reports of CAG on revenue receipts for the years 2011 to 2015

* അഞ്ചു വകുപ്പുകളുടെ മാത്രം കുടിശ്ശിക

**പട്ടിക 4.24**

**നികുതി, നികുതിയേതര കുടിശ്ശിക തുക (രൂപ കോടി)**

| ക്രമ നം. | ഇനങ്ങൾ | 2011 മാർച്ച് | വിഹിതം (ശതമാനം) | 2015 മാർച്ച് | വിഹിതം (ശതമാനം) |
|---|---|---|---|---|---|
| 1. | വിൽപ്പന, വാറ്റ് നികുതി | 4962 | 92.6 | 6398 | 61.3 |
| 2. | ഭൂനികുതി | – | – | 2057 | 19.7 |
| 3. | വാഹന നികുതി | – | – | 1279 | 12.3 |
| 4. | വനം വകുപ്പ് | 185 | 3.5 | 412 | 3.9 |
| 5. | എക്സൈസ് | – | – | 194 | 1.9 |
| 6. | ഓഡിറ്റ് ഫീസ് | 115 | 2.1 | 36 | 0.3 |
| 7. | സ്റ്റേഷനറിയും അച്ചടിയും | 13 | 0.2 | 58 | 0.6 |
| 8. | പോലീസ് | 82 | 1.5 | – | – |
| 9. | മറ്റിനം | 1 | 0.0 | 2 | 0.0 |
| | ആകെ | 5358 | 100 | 10436 | 100 |

*Source:* Reports of CAG on revenue receipts for the years 2011 to 2015

ച്ചിട്ടുള്ള കണക്ക് പട്ടിക 4.24ൽ നിന്ന് ലഭ്യമാണ്. 2011 മാർച്ചിൽ സർക്കാരിനു ലഭിക്കേണ്ട മൊത്തം കുടിശ്ശിക തുകയിൽ 93 ശതമാനവും വിൽപ്പന നികുതി, വാറ്റ് എന്നിവയിൽ ഉൾപ്പെട്ടതാണ്. മൊത്തം കുടിശ്ശിക തുകയിൽ മറ്റിനങ്ങളായ വനം വകുപ്പിലെ കുടിശ്ശിക 3.5 ശതമാനവും, സർക്കാർ ഓഡിറ്റ് ഫീസ് കുടിശ്ശിക 2.1 ശതമാനവും, പോലീസ് വകുപ്പിന്റേത് 1.5 ശതമാനവുമായിരുന്നു. എന്നാൽ 2015 ആയപ്പോൾ കുടിശ്ശികയുള്ള ഇനങ്ങളിൽ ഗണ്യമായ വർദ്ധനയുണ്ടായി. വിൽപ്പന നികുതിക്കു പുറമെ റവന്യൂ വകുപ്പ്, പിരിച്ചെടുക്കേണ്ട ഭൂമിക്കരം, വാഹന നികുതി, എക്സൈസ് എന്നിവയിലും വലിയ തുക കുടിശ്ശികയായി.  വനം വകുപ്പിനു ലഭിക്കേണ്ട കുടിശ്ശിക തുകയിലും വലിയ വർദ്ധനയുണ്ടായി.

സി.എ.ജി. നികുതി, നികുതിയേതര കുടിശ്ശികകൾ പരിശോധിക്കുകയും വർദ്ധനവിനുള്ള കാരണങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്.

വിൽപ്പന നികുതി കുടിശ്ശികയായി 2015ൽ ലഭിക്കേണ്ട 6398 കോടി രൂപയിൽ 23 ശതമാനവും അഞ്ചു വർഷത്തിലധികം കുടിശ്ശികയായിട്ടുള്ളതാണ്. മൊത്തം കുടിശ്ശിക തുകയിൽ 20 ശതമാനത്തോളം തുക കോടതികളും സർക്കാരുകളും നൽകിയ 'സ്റ്റേ'കൾ മൂലമാണ്. മൊത്തം നികുതി കുടിശ്ശികകളിൽ 57 ശതമാനവും സ്വകാര്യ വ്യക്തികളും, സ്ഥാപനങ്ങളും നൽകാനുള്ളതാണ്.  കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ മൊത്തം കുടിശ്ശികയുടെ 37 ശതമാനവും, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ 3 ശതമാനവും, സർക്കാർ വകുപ്പുകൾ 2 ശതമാനവുമാണ് നൽകേണ്ടത്. 2011 മുതൽ 2016വരെയുള്ള കാലത്ത് സർക്കാർ തുടർച്ചയായി നൽകിയ നികുതി 'സ്റ്റേ'കൾ കുടിശ്ശിക വർദ്ധനവിന്റെ ഒരു പ്രധാന കാരണമാണെന്ന് 2016ലെ ധവളപത്രം പറയുന്നു.

ഭൂനികുതിയിൽ 2015ൽ 2057 കോടി രൂപയുടെ കുടിശ്ശികയാണ് പിരിച്ച് കിട്ടാനുള്ളത്. ഇതിൽ 96 ശതമാനവും കോടതികൾ, സംസ്ഥാന സർക്കാർ, അപ്പലേറ്റ് അതോറിറ്റികൾ എന്നിവർ നൽകിയിരിക്കുന്ന സ്റ്റേ മൂലമാണ് പിരിക്കാൻ കഴിയാത്തത്. ഇത്തരം 'സ്റ്റേ'കൾ മാറ്റിക്കിട്ടാൻ വേണ്ട നിയമ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പ് താൽപര്യം കാണിക്കാത്തതും കുടിശ്ശിക പിരിവ് മോശമാക്കാൻ ഇടയാക്കിയിട്ടുണ്ട്. അതുപോലെ റവന്യൂ റിക്കവറി നടപടികൾ ഫലപ്രദമായി സ്വീകരിക്കാത്തതും റവന്യൂ കുടിശ്ശിക വർദ്ധിപ്പിച്ചിട്ടുണ്ട്.

മോട്ടോർ വാഹന നികുതിയിനത്തിൽ പിരിച്ചു കിട്ടേണ്ടത് 1279 കോടി രൂപയാണ്. ഇതിൽ 77 ശതമാനവും കുടിശ്ശിക വരുത്തിയിരിക്കുന്നത്

കെ.എസ്.ആർ.ടി.സിയാണ്. സ്വകാര്യ വ്യക്തികളും സ്വകാര്യ സ്ഥാപന ങ്ങളും നൽകേണ്ടത് മൊത്തം കുടിശ്ശികയുടെ 23 ശതമാനമാണ്. ഈ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നത് കോടതിയുടെയോ സർക്കാരി ന്റെയോ കാര്യമായ സ്റ്റേ ഇല്ല എങ്കിലും ഇത് പിരിച്ചെടുക്കുന്നതിൽ സർ ക്കാർ പരാജയപ്പെട്ടു. നികുതിയടയ്ക്കാൻ വേണ്ട ധനസ്ഥിതി കെ.എസ്. ആർ.ടി.സിക്ക് ഇല്ലാത്തതും ഇതിനു കാരണമായി.

വനം വകുപ്പിന്റെ പ്രധാന വരവിനങ്ങളാണ് തടി വിൽപ്പന, തേക്ക് മരങ്ങളുടേയും കഴകളുടെയും വിൽപ്പന, പാട്ടകരം, സെന്റേജ് ചാർജ്ജ് തുടങ്ങിയവ. വനം വകുപ്പിന് ലഭിക്കേണ്ട മൊത്തം കുടിശ്ശികയായ 412 കോടി രൂപയിൽ 95 ശതമാനവും നൽകേണ്ടത് സംസ്ഥാന പൊതുമേ ഖലാ സ്ഥാപനങ്ങളാണ്. അഞ്ചു ശതമാനം കുടിശ്ശിക വ്യക്തികളും സ്വകാര്യ സ്ഥാപനങ്ങളും നൽകുവാനുള്ളു. വനഭൂമി പൊതുമേഖലാ സ്ഥാപനങ്ങ ൾക്ക് പാട്ടത്തിന് നൽകിയ വകയിൽ ലഭിക്കേണ്ട പാട്ടകരമാണ് ഒരു പ്രധാന കുടിശ്ശികയിനം. പൊതുമേഖലാ സ്ഥാപനങ്ങൾ വനം വകുപ്പിന് നൽകേണ്ട കുടിശ്ശിക നൽകാത്തതാണ് ഈ കുടിശ്ശിക വർദ്ധനവിന്റെ പ്രധാന കാരണം.

എക്സൈസ് വകുപ്പിന് ലഭിക്കേണ്ട കുടിശ്ശിക തുകയായ 194 കോടി യുടെ ഏതാണ്ട് മുഴുവൻ തുകയും നൽകേണ്ടത് സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളുമാണ്. ഇവയിൽ 8 ശതമാനത്തിനു മാത്രമേ കോടതികളിലും മറ്റും 'സ്റ്റേ' നിലവിലുള്ളു. പക്ഷെ ഈ കുടിശ്ശിക പിരിച്ചെടുക്കാൻ ഫല പ്രദമായ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ വകുപ്പിന് കഴി ഞ്ഞിട്ടില്ല. ഇത് നികുതി പിരിവിലെ അനാസ്ഥയാണ് കാണിക്കുന്നത്.

മുകളിൽ പ്രതിപാദിച്ചതിൽ നിന്ന് കോടതികളും അപ്പലേറ്റ് ബോഡി കളും കൊടുത്തിരിക്കുന്ന 'സ്റ്റേ'കളും അവയ്ക്കെതിരെ ഫലപ്രദമായ നട പടികൾ സ്വീകരിക്കുന്നതിനുള്ള പരാജയവും കുടിശ്ശിക വർദ്ധിക്കുന്നതിന്റെ ഒരു പ്രധാന കാരണമാണ്. നികുതി പിരിവിന് സർക്കാർ നൽകിയിരി ക്കുന്ന 'സ്റ്റേ'കൾ നികുതി കുടിശ്ശിക വർദ്ധിപ്പിക്കുന്നതിന്റെ മറ്റൊരു പ്രധാന കാരണമാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ യഥാസമയം കുടി ശ്ശിക അടയ്ക്കുന്നതിൽ വലിയ വിഴ്ച കാണിക്കുന്നു. ബന്ധപ്പെട്ട വകു പ്പുകളുടെ അനാസ്ഥയും കെടുകാര്യസ്ഥതയും കുടിശ്ശിക പിരിവിന് മോശ മാകാനുള്ള മറ്റൊരു പ്രധാന കാരണമാണ്. തങ്ങളും സർക്കാരിന്റെ ഭാഗ മാണെന്നും അതിനാൽ സർക്കാർ വകുപ്പുകൾക്ക് കൊടുക്കേണ്ട കുടി ശ്ശിക യഥാസമയം നൽകിയില്ലെങ്കിലും കുഴപ്പമില്ല എന്ന നിലപാടാണ് അവർക്കുള്ളത്.

## 6. കേന്ദ്രനികുതി വിഹിതവും ഗ്രാന്റുകളും

കേന്ദ്ര സർക്കാരിൽ നിന്ന് മൂന്നു തരത്തിലുള്ള വരവാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. ഒന്ന്, കേന്ദ്ര ധനകാര്യ കമ്മിഷൻ ശുപാർശകളനുസരിച്ചുള്ള കേന്ദ്രനികുതി വിഹിതവും മറ്റു പ്രത്യേക ഗ്രാന്റുകളും. മറ്റു പ്രത്യേക ഗ്രാന്റുകളിൽ നോൺ പ്ലാൻ റവന്യു കമ്മി ഗ്രാന്റ്, പ്രാദേശിക സർക്കാരുകൾക്കുള്ള ഗ്രാന്റ്, ദുരിതാശ്വാസ സഹായ ഗ്രാന്റ്, പ്രത്യേക മേഖല ഗ്രാന്റ്, സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക ഗ്രാന്റ് എന്നിവ ഉൾപ്പെടുന്നു. രണ്ട്, വാർഷിക പദ്ധതികൾക്ക് വേണ്ടിയുള്ള പ്ലാൻ ഗ്രാന്റ്. ഇതിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഗ്രാന്റും ഉൾപ്പെടുന്നു. ആസൂത്രണ കമ്മിഷൻ നിർത്തലാക്കിയതുമൂലം വാർഷികപദ്ധതി ഗ്രാന്റ് നൽകുന്ന കാര്യത്തിൽ അനിശ്ചിതത്വം ഉണ്ടായിട്ടുണ്ട്. മൂന്ന്, നോൺ പ്ലാൻ ഇനത്തിലുള്ള മറ്റു ഗ്രാന്റുകളും, സഹായങ്ങളും. കേന്ദ്രസർക്കാരിൽ നിന്നു സംസ്ഥാനങ്ങൾക്കു ലഭിക്കുന്ന മൊത്തം വരവിൽ ഏതാണ്ട് മൂന്നിൽ രണ്ടും കേന്ദ്ര ധനകാര്യ കമ്മിഷൻ ശുപാർശകൾക്കനുസരിച്ച് ലഭിക്കുന്നവയാണ്.

ഇന്ത്യൻ ഭരണഘടനയനുസരിച്ച് സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകേണ്ട കേന്ദ്ര നികുതി വിഹിതവും മറ്റു ഗ്രാന്റുകളും നിശ്ചയിക്കുന്നത് ഓരോ അഞ്ചു വർഷം കൂടുമ്പോഴും നിയമിക്കുന്ന കേന്ദ്ര ധനകാര്യ കമ്മിഷനാണ്. സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട നികുതി വിഹിതം ധനകാര്യ കമ്മിഷൻ തീരുമാനിക്കുന്നത് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. കഴിഞ്ഞ രണ്ടു ധനകാര്യ കമ്മിഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിച്ച ഫോർമുല പട്ടിക 4.25ൽ കൊടുത്തിട്ടുണ്ട്. പതിനാലാം ധനകാര്യ കമ്മിഷൻ അഞ്ചു മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നികുതി വിഭജന ഫോർമുല തയ്യാറാക്കിയിട്ടുള്ളത്. അവ താഴെ പറയുന്നു.

ഒന്ന്, 1971ൽ ഓരോ സംസ്ഥാനത്തിനും ഉണ്ടായിരുന്ന മൊത്തം ജനസംഖ്യയ്ക്ക് 17.5 ശതമാനം വെയിറ്റേജാണ് കമ്മിഷൻ നൽകിയത്. രണ്ട്, 1971നു ശേഷം സംസ്ഥാനങ്ങളുടെ ജനസംഖ്യയിൽ വന്ന മാറ്റം ഉൾക്കൊള്ളിക്കാൻ വേണ്ടിയാണ് 2011ലെ ജനസംഖ്യയ്ക്ക് 10 ശതമാനം വെയിറ്റേജ് നൽകിയിട്ടുള്ളത്. മൂന്ന്, മൂന്നു വർഷക്കാലത്തെ ശരാശരി പ്രതിശീർഷക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വരുമാന വ്യത്യാസം കണക്കാക്കിയിട്ടുള്ളത്. ഈ വരുമാന വ്യത്യാസം ഏറ്റവും ഉയർന്ന പ്രതിശീർഷക വരുമാനമുള്ള ഹരിയാന സംസ്ഥാനത്തിന്റെ പ്രതിശീർഷക വരുമാനമായിട്ടാണ് ഓരോ സംസ്ഥാനത്തെയും താരതമ്യപ്പെടുത്തിയത്. ഈ മാനദണ്ഡത്തിന് 50 ശതമാനം വെയിറ്റേജ് നൽകിയിട്ടുണ്ട്. നാല്, ഓരോ

സംസ്ഥാനത്തിന്റെയും വിസ്തീർണ്ണത്തിന് 15 ശതമാനം വെയിറ്റേജാണ് നൽകിയിട്ടുള്ളത്. അഞ്ച്, വനസംരക്ഷണത്തിന് പ്രത്യേക ഊന്നൽ നൽകി വനഭൂമിയുടെ വിസ്തീർണ്ണത്തിന് 7.5 ശതമാനം വെയിറ്റേജ് നൽകിയിട്ടുണ്ട്. കഴിഞ്ഞ രണ്ടു ധനകാര്യ കമ്മിഷനുകളുടെ ഫോർമുല പരിശോധിച്ചാൽ മൂൻ ധനകാര്യ കമ്മിഷനെക്കാളും വ്യത്യസ്തമായ മാനദണ്ഡങ്ങളാണ് പതിനാലാം ധനകാര്യ കമ്മിഷൻ നികുതി വിഹിതം നിശ്ചയിക്കാൻ ഉപയോഗിച്ചിട്ടുള്ളതെന്ന് കാണാം.

അടുത്തതായി ഓരോ ധനകാര്യ കമ്മിഷനും മൊത്തം കേന്ദ്രനികുതിയിൽ സംസ്ഥാനങ്ങൾക്കുവേണ്ടി നീക്കിവച്ച വിഹിതം പരിശോധിക്കാം. പട്ടിക 4.26ൽ കഴിഞ്ഞ നാല് ധനകാര്യ കമ്മിഷനുകൾ മൊത്തം കേന്ദ്ര നികുതിയിൽ സംസ്ഥാനങ്ങൾക്ക് നീക്കിവച്ച വിഹിതം നൽകിയിട്ടുണ്ട്. പതിനൊന്നാം ധനകാര്യ കമ്മിഷൻ സംസ്ഥാനങ്ങളുടെ മൊത്തം വിഹിതമായി നിശ്ചയിച്ചത് 29.5 ശതമാനമാണ്. തുടർന്നുള്ള പന്ത്രണ്ടാം ധനകാര്യ കമ്മിഷൻ 30.5 ശതമാനവും പതിമൂന്നാം ധനകാര്യ കമ്മിഷൻ 32 ശതമാനമായി നിശ്ചയിച്ചു. മുൻ ധനകാര്യ കമ്മിഷനെക്കാൾ വ്യത്യസ്തമായ നിലപാടാണ് പതിനാലാം ധനകാര്യ കമ്മിഷൻ സ്വീകരിച്ചത്. കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തേക്ക് നൽകേണ്ട നികുതി വിഹിതം പല നിബന്ധനകൾക്ക് വിധേയമായി കൊടുക്കുന്നതിന് പകരം നിബന്ധനകളില്ലാതെ കൊടുക്കുന്നതാണ് സംസ്ഥാനങ്ങളുടെ ധനകാര്യനില മെച്ചപ്പെടുത്താനും അവർക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകാനും നല്ലതെന്ന് കമ്മിഷൻ കരുതി. ഈ കാഴ്ചപ്പാടുമൂലം പതിനാലാം ധനകാര്യ കമ്മിഷൻ മൊത്തം കേന്ദ്ര നികുതി യിൽ നിന്ന് (നികുതി പിരിവിനുള്ള ചെലവ് കഴിച്ച്) 42 ശതമാനം സംസ്ഥാനങ്ങളുടെ വിഹിതമായി നിശ്ചയിച്ചു. ധനകാര്യ കമ്മിഷനുകളുടെ ചരിത്രത്തിൽ തന്നെ ഏറ്റവും ഉയർന്ന വിഹിതമാണിത്.

കഴിഞ്ഞ നാല് ധനകാര്യ കമ്മിഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ കേരളത്തിന് ലഭിക്കുന്ന വിഹിതം പരിശോധിക്കാം. കേന്ദ്രനികുതി വിഹിതവും മറ്റു ഗ്രാന്റുകളായും സംസ്ഥാനങ്ങൾക്കു നൽകുന്ന മൊത്തം തുകയിൽ 2.83 ശതമാനമാണ് കേരളത്തിന്റെ വിഹിതമായി പതിനൊന്നാം ധനകാര്യ കമ്മിഷൻ നിശ്ചയിച്ചത്. തുടർന്നുള്ള പന്ത്രണ്ട്, പതിമൂന്ന് ധനകാര്യ കമ്മിഷനുകൾ കേരളത്തിന്റെ വിഹിതത്തിൽ കുറഞ്ഞ നിരക്കാണ് ശുപാർശ ചെയ്തത്. എന്നാൽ മുൻ കമ്മിഷനെക്കാൾ ചെറിയ വർദ്ധനം പതിനാലാം ധനകാര്യ കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. (2.5 ശതമാനം). പട്ടിക 4.27ൽ കഴിഞ്ഞ നാല് ധനകാര്യ കമ്മിഷന്റെ കാലത്ത് സംസ്ഥാനത്തിന് ലഭിച്ച വിഹിതം നൽകിയിട്ടുണ്ട്.

### പട്ടിക 4.25

### കേന്ദ്ര ധനകാര്യ കമ്മിഷൻ കേന്ദ്രനികുതി വിഹിതം വീതിക്കാനുപയോഗിച്ച ഫോർമുല

| ഇനം | വെയിറ്റേജ് (ശതമാനം) | |
|---|---|---|
| | 13–ാം കമ്മിഷൻ | 14–ാം കമ്മിഷൻ |
| ജനസംഖ്യ (1971) | 25 | 17.5 |
| ജനസംഖ്യ (2011) | 0 | 10 |
| ഫിസ്കൽ കപ്പാസിറ്റി/ ഇൻകം ഡിസ്റ്റൻസ് | 47.5 | 50 |
| വിസ്തീർണ്ണം (ഏരിയ) | 10 | 15 |
| വനഭൂമി വിസ്തീർണ്ണം | 0 | 7.5 |
| ധന അച്ചടക്കം | 17.5 | 0 |
| മൊത്തം | 100.0 | 100.0 |

*Source:* GOI, Reports of 13th and 14th Finance Commission

### പട്ടിക 4.26

### കേന്ദ്രനികുതിയിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം (ശതമാനം)

| ധനകാര്യ കമ്മിഷൻ | സംസ്ഥാനങ്ങൾക്കു നൽകിയ വിഹിതം (ശതമാനം) |
|---|---|
| 11–ാം ധനകാര്യ കമ്മിഷൻ (2000–2005) | 29.5 |
| 12–ാം ധനകാര്യ കമ്മിഷൻ (2005–2010) | 30.5 |
| 13–ാം ധനകാര്യ കമ്മിഷൻ (2010–2015) | 32.0 |
| 14–ാം ധനകാര്യ കമ്മിഷൻ (2015–2020) | 42.0 |

*Source:* Same as Table 4.25

**പട്ടിക 4.27**

**കേരളത്തിനു ലഭിച്ച വിഹിതം (കേന്ദ്രനികുതി + ഗ്രാന്റുകൾ) ശതമാനം**

| ധനകാര്യ കമ്മിഷൻ | മൊത്തം തുകയിൽ കേരളത്തിന്റെ വിഹിതം (ശതമാനം) | വ്യത്യാസം |
|---|---|---|
| 11-ാം ധനകാര്യ കമ്മിഷൻ (2000-2005) | 2.83 | - |
| 12-ാം ധനകാര്യ കമ്മിഷൻ (2005-2010) | 2.59 | (-) 0.24 |
| 13-ാം ധനകാര്യ കമ്മിഷൻ (2010-2015) | 2.34 | (-) 0.25 |
| 14-ാം ധനകാര്യ കമ്മിഷൻ (2015-2020) | 2.50 | (+) 0.16 |

*Source:* Same as Table 4.25

കേന്ദ്ര ധനകാര്യ കമ്മിഷൻ ശുപാർശകളനുസരിച്ച് മൂന്ന് ധനകാര്യ കമ്മിഷന്റെ കാലത്ത് കേരളത്തിന് ലഭിച്ച കേന്ദ്രനികുതി വിഹിതവും ഗ്രാന്റുകളും പട്ടിക 4.28ൽ നൽകിയിട്ടുണ്ട്. പതിനൊന്നാം ധനകാര്യ കമ്മിഷന്റെ കാലത്ത് കേന്ദ്രനികുതി വിഹിതത്തിന് പുറമെ പ്രത്യേക പ്രശ്നങ്ങൾക്കുള്ള ഗ്രാന്റ്, അപ്ഗ്രഡേഷൻ ഗ്രാന്റ്, പ്രാദേശിക സർക്കാരുകൾക്കുള്ള ഗ്രാന്റ്, ദുരിതാശ്വാസ ഗ്രാന്റുകൾ എന്നിവയും ലഭിച്ചിട്ടുണ്ട്. പ്രതിവർഷം ശരാശരി 2463 കോടി രൂപയാണ് പതിനൊന്നാം ധനകാര്യ കമ്മിഷന്റെ കാലത്ത് കേരളത്തിന് ലഭിച്ചത്. പന്ത്രണ്ടാം ധനകാര്യ കമ്മിഷന്റെ കാലത്ത് നോൺ പ്ലാൻ റവന്യു കമ്മി ഗ്രാന്റുകൂടി ലഭിച്ചിട്ടുണ്ട്. പന്ത്രണ്ടാം ധനകാര്യ കമ്മിഷന്റെ കാലത്ത് പ്രതിവർഷം ശരാശരി 3921 കോടി രൂപയാണ് സംസ്ഥാനത്തിന് ലഭിച്ചത്. പതിമൂന്നാം കമ്മിഷന്റെ കാലത്ത് നോൺ പ്ലാൻ റവന്യു കമ്മി ഗ്രാന്റിന് കേരളത്തിന് അർഹതയുണ്ടായിരുന്നില്ല. മുൻ ധനകാര്യ കമ്മിഷന്റെ കാലത്തെക്കാളും ഉയർന്ന തുകയാണ് പ്രതിവർഷം സംസ്ഥാനത്തിന് പതിമൂന്നാം ധനകാര്യ കമ്മിഷന്റെ കാലത്ത് ലഭിച്ചത്. ഈ ധനകാര്യ കമ്മിഷന്റെ കാലത്ത് പ്രതിവർഷം ശരാശരി ലഭിച്ച തുക 8065 കോടി രൂപയായിരുന്നു.

## പട്ടിക 4.28

## കേന്ദ്ര ധനകാര്യ കമ്മിഷൻ: കേന്ദ്രനികുതി വിഹിതവും ഗ്രാന്റുകളും (രൂപ കോടി)

| | ഇനം | 11-ാം കമ്മിഷൻ (2000-05) | 12-ാം കമ്മിഷൻ (2005-10) | 13-ാം കമ്മിഷൻ (2010-15) |
|---|---|---|---|---|
| 1. | കേന്ദ്ര നികുതി വിഹിതം | 11504.00 (93.4) | 16353.21 (83.4) | 33954.30 (84.2) |
| 2. | നോൺ പ്ലാൻ റവന്യു കമ്മി ഗ്രാന്റ് | (0) | 470.37 (2.4) | (0) |
| 3. | പ്രത്യേക പ്രശ്നങ്ങൾക്കുള്ള ഗ്രാന്റ് | 50.00 (0.4) | 500.00 (2.5) | 1500.00 (3.7) |
| 4. | അപ്ഗ്രഡേഷൻ ഗ്രാന്റ് | 79.14 (0.6) | 795.82 (4.1) | 1632.20 (4.1) |
| 5. | പ്രാദേശിക സർക്കാരുകൾക്കുള്ള ഗ്രാന്റ് | 405.00 (3.3) | 1134.00 (5.8) | 2676.10 (6.6) |
| 6. | ദുരിതാശ്വാസ ഗ്രാന്റുകൾ | 279.00 (2.3) | 354.32 (1.8) | 563.20 (1.4) |
| 7. | മൊത്തം ഗ്രാന്റുകൾ (2 മുതൽ 6 വരെ) | 813.00 (6.6) | 3254.51 (16.6) | 6371.50 (15.8) |
| 8. | മൊത്തം നികുതി വിഹിതവും ഗ്രാന്റുകളും (1+7) | 12317.00 (100.0) | 19607.72 (100.0) | 40325.80 (100.00) |
| | **പ്രതിവർഷം (ശരാശരി)** | **2463.4** | **3921.54** | **8065.16** |

ബ്രാക്കറ്റിൽ ഓരോയിനത്തിന്റെയും വിഹിതം ശതമാനത്തിൽ കാണിക്കുന്നു.

*Source:* GOK, 2013, Memorandum presented to 14th FC

പതിനാലാം ധനകാര്യ കമ്മിഷന്റെ കാലത്ത് സംസ്ഥാനത്തിന് ഏറ്റവും ഉയർന്ന വിഹിതമാണ് ലഭിക്കുക. ഇതിനുള്ള ഒരു കാരണം പതിനാലാം ധനകാര്യ കമ്മിഷൻ മൂന്നു വർഷത്തേക്ക് റവന്യൂ കമ്മി ധനസഹായ മായി 9519 കോടി രൂപ ശുപാർശ ചെയ്തതാണ്. ഇതോടൊപ്പം ഗ്രാമീണ പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്തു കൾക്ക് 3616 കോടി രൂപയും, നഗരപ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2931 കോടി രൂപയും ബേസിക്ക് ഗ്രാന്റായി ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന് പുറമെ ഗ്രാമപഞ്ചായത്തുകൾക്ക് 402 കോടി രൂപയും, മുനിസിപ്പൽ കോർപ്പറേഷനും മുൻസിപ്പാലിറ്റികൾക്കും 733 കോടി രൂപയും പ്രവർത്തന മികവ് ഗ്രാന്റായി ശുപാർശ ചെയ്തിട്ടുണ്ട്.

## ഉപസംഹാരം

മുകളിൽ നടത്തിയ സർക്കാരിന്റെ വരവിനെക്കുറിച്ചുള്ള വിശകലനം ഉപസംഹരിക്കാം. (1) സംസ്ഥാന സർക്കാരുകൾ അനുവർത്തിച്ച് വരുന്ന ധനനയത്തിൽ തനതുനികുതികൾ, നികുതിയേതര ഇനങ്ങൾ എന്നിവ യുടെ നിരക്കുകൾ കാലാനുസരണം മാറ്റാനോ നികുതി പിരിവ് സമ്പ്രദാ യവും സംവിധാനങ്ങളും കാര്യക്ഷമമാക്കാനോ, കുടിശ്ശിക യഥാസമയം പിരിച്ചെടുക്കാനോ കാര്യമായ പരിഗണനയുണ്ടായിരുന്നില്ല. (2) സംസ്ഥാന സർക്കാരിനെ നിത്യധനകാര്യ പ്രതിസന്ധിയിലാക്കിയ ഒരു പ്രധാന കാരണം തനത് നികുതിയേതര ഇനങ്ങളിൽ കാര്യമായ വർദ്ധനം വരാത്തതാണ്. നികുതി നിരക്കുകൾ കാലാകാലം വർദ്ധിപ്പിക്കാത്തത്, മോശമായ നികുതി പിരിവ്, നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അലംഭാവം, നികുതി പിരിവ് തടസ്സപ്പെടുത്തുന്ന 'സ്റ്റേ'കൾ, ചില നികുതിയിനങ്ങൾക്ക് നൽകി യിരിക്കുന്ന പ്രത്യേക ആനുകൂല്യങ്ങൾ തുടങ്ങിയവ നികുതിവരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. (3) സംസ്ഥാന സർക്കാരിന്റെ പ്രധാന നികുതി വരുമാനങ്ങൾ പരോക്ഷനികുതികളായതുകൊണ്ട് സംസ്ഥാന സാമ്പത്തികരംഗത്തെ ഉയർച്ച താഴ്ചകൾ അനുസരിച്ച് നികുതി വരുമാന വളർച്ചയിൽ വലിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. (4) നികുതിയേ തര വരുമാനത്തിന്റെ കാര്യത്തിൽ സർക്കാർ ഭാഗ്യക്കുറിയൊഴിച്ച് മറ്റിന ങ്ങളുടെ വരുമാനം ഒട്ടും തൃപ്തികരമല്ല. ഇപ്പോൾ വിവിധ സർക്കാർ വകു പ്പുകൾ പിരിക്കുന്ന ഭൂരിഭാഗം ഫീസുകളും യൂസർ ചാർജുകളും വളരെ കുറഞ്ഞ നിരക്കിലുള്ളതാണ്. പലയിനം ഫീസുകളും യൂസർ ചാർജുക ളുടെയും നിരക്ക് ദശാബ്ദങ്ങളായി കാര്യമായ മാറ്റമില്ലാതെ തുടരുന്നു. (5) നഷ്ടത്തിലും കെടുകാര്യസ്ഥിതിയിലും പ്രവർത്തിക്കുകയും സർക്കാ രിന് തുടർച്ചയായി സാമ്പത്തിക ബാധ്യത സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന തുമായ പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനോ അവ നിർത്തലാക്കാനോ സർക്കാരുകൾ താൽപര്യം കാണിച്ചിട്ടില്ല. (6) നികുതി, നികുതിയേതര കുടിശ്ശികകൾ പിരിച്ചെടുക്കാനായിട്ടുള്ള അനാസ്ഥ, അനാവശ്യമായ സർക്കാർ സ്റ്റേകൾ, കോടതികളും അപ്പലേറ്റ് ബോഡി കളും നൽകിയ 'സ്റ്റേ'കൾ മാറ്റുന്നതിനും മറ്റും നിയമ നടപടികൾ സ്വീക രിക്കുന്നതിൽ വന്ന വീഴ്ചയും, സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും നൽകേണ്ട തുകകൾ യഥാസമയം നൽകാതിരിക്കുന്നതും കുടിശ്ശിക വർദ്ധിപ്പിക്കുന്നു. (7) കേന്ദ്ര ധനകാര്യ കമ്മിഷനുകൾ അനു വർത്തിച്ച് വന്നിരിക്കുന്ന നികുതി വിഭജന മാനദണ്ഡങ്ങൾ പൊതുവിൽ

കേരളത്തിന് അനുകൂലമല്ല. എന്നാൽ പതിനാലാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ മൂലം കേരളത്തിന് മെച്ചമായ അവാർഡാണ് ലഭിക്കുക. കേന്ദ്ര നികുതി വിഹിതത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം 42 ശതമാന മായി വർദ്ധിപ്പിച്ചത്, കേരളത്തിന്റെ നികുതി വിഹിതത്തിൽ വന്ന ചെറിയ വർദ്ധനം, റവന്യു കമ്മി നികത്താനായി 3 വർഷം നൽകുന്ന പ്രത്യേക ഗ്രാന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റിലെ വർദ്ധനം എന്നിവ സംസ്ഥാനത്തിന് ലഭിച്ച വിഹിതത്തിലും തുകയിലും വർദ്ധനവുണ്ടാക്കും.

## അദ്ധ്യായം അഞ്ച്

# സംസ്ഥാന സർക്കാരിന്റെ ചെലവ്

"സംസ്ഥാന സർക്കാരിന്റെ നിത്യനിദാന ചെലവുകളുടെ വർദ്ധനം അമ്പരപ്പിക്കുന്നതാണ്. കഴിഞ്ഞ പത്തു വർഷക്കാലത്ത് രണ്ടു വർഷമൊഴിച്ച് മറ്റെല്ലാ വർഷവും സർക്കാരിന്റെ മൊത്തം റവന്യൂ വരുമാനം പദ്ധതിയേതര നിത്യനിദാന ചെലവുകൾ (നോൺ പ്ലാൻ റവന്യൂ ചെലവ്) നിറവേറ്റാൻ പോലും തികഞ്ഞിരുന്നില്ല. കുതിച്ചുയരുന്ന നിത്യനിദാന ചെലവുകൾ നിറവേറ്റാൻ നിത്യവും കടം വാങ്ങുകയും മൂലധന ചെലവ് വെട്ടിക്കുറയ്ക്കുകയും ചെയ്യുന്ന അതിഗുരുതരമായ ധനപ്രതിസന്ധിയിൽ സംസ്ഥാനം എത്തിനിൽക്കുന്നു''.

സർക്കാരിന്റെ ചെലവ് കണക്കുകൾ രണ്ടു തരത്തിലുണ്ട്. ഒന്ന്, മൊത്തം ചെലവിനെ മൂന്നു ഇനങ്ങളായി തിരിക്കാം. (1) റവന്യൂ, (2) മൂലധനം (3) വായ്പകളും മുൻകൂറുകളും. സർക്കാരിന്റെ നിത്യനിദാന ചെലവുകൾക്കുവേണ്ടി ചെലവാക്കുന്നതാണ് റവന്യൂ ചെലവ്. എന്നാൽ മൂലധന ചെലവ് സ്ഥിരമായ ആസ്തികൾ സൃഷ്ടിക്കാനും, നിലവിലുള്ള ആസ്തികൾ അറ്റകുറ്റപണി നടത്തുകയോ പുതുക്കുകയോ ചെയ്യാനും, ബാദ്ധ്യതകൾ തീർക്കാനുമുള്ളതുമാണ്. റവന്യൂ ചെലവിനെ വീണ്ടും രണ്ടായി തിരിക്കാം. (1) പ്ലാൻ (2) നോൺ പ്ലാൻ. പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന വാർഷിക പദ്ധതിയിലെ ചെലവുകളെയാണ് പ്ലാൻ ചെലവ് എന്നുപറയുന്നത്. നോൺ പ്ലാൻ ചെലവ് പ്രധാനമായും സർക്കാരിന്റെ ശമ്പളം, പെൻഷൻ, പലിശ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നൽകുന്ന ടീച്ചിംഗ് ഗ്രാന്റ്, ഭരണ നടത്തിപ്പ്, സബ്സിഡികൾ, തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റും നൽകുന്ന ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷൻ തുടങ്ങിയ ഇനങ്ങളാണ്. ചാർട്ട് 5.1ൽ മൊത്തം ചെലവിന്റെ (പ്ലാൻ, നോൺ പ്ലാൻ) ഘടന നൽകിയിട്ടുണ്ട്.

**ചാർട്ട് 5.1**

**മൊത്തം ചെലവ്: പ്ലാൻ, നോൺ പ്ലാൻ**




രണ്ടാമത്തെ ചെലവ് കണക്കിൽ റവന്യു ചെലവുകളെ നാല് മേഖലകളായി തിരിച്ചിരിക്കുന്നു. (1) ജനറൽ സർവ്വീസ് (2) സോഷ്യൽ സർവ്വീസ് (3) ഇക്കണോമിക് സർവ്വീസ്, (4) ഗ്രാന്റുകളും സഹായങ്ങളും. മൂലധന ചെലവിനെ മൂന്നു മേഖലകളായി തിരിച്ചിരിക്കുന്നു. (1) ജനറൽ സർവ്വീസ് (2) സോഷ്യൽ സർവ്വീസ് (3) ഇക്കണോമിക് സർവ്വീസ്. ഭരണ സ്ഥാപനങ്ങൾ, നികുതികളും മറ്റു വരുമാനങ്ങളുടെയും പിരിവ്, പൊതുഭരണം, നിയമപരിപാലനം, പോലീസ്, ജയിൽ, പെൻഷൻ, മറ്റു പൊതു സർവീസുകൾ, തുടങ്ങിയവ ഉൾപ്പെടുന്നതാണ് ജനറൽ സർവ്വീസ്. സോഷ്യൽ സർവ്വീസിൽ താഴെപ്പറയുന്ന സേവനയിനങ്ങളാണ് ഉൾപ്പെടുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, ഭവന നിർമ്മാണം, നഗരവികസനം, എസ്.സി & എസ്.റ്റി, പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമം, തൊഴിൽ, സാമൂഹിക സുരക്ഷ പദ്ധതികൾ, മറ്റു സാമൂഹ്യ സേവനങ്ങൾ. സാമ്പത്തിക സർവ്വീസുകളിൽ ഉൾപ്പെടുന്നവ താഴെ പറയുന്നവയാണ്. കൃഷിയും അനുബന്ധ മേഖലകളും, ഗ്രാമവികസനം, ജലസേചനം, വൈദ്യുതി, ഊർജ്ജം,

വ്യവസായം, ഗതാഗതം, സയൻസ് & ടെക്നോളജി, മറ്റു സാമ്പത്തിക സർവ്വീസുകൾ. ചാർട്ട് 5.2ൽ മൊത്തം ചെലവിന്റെ (ജനറൽ, സോഷ്യൽ, ഇക്കണോമിക് സർവ്വീസ്) ഘടന നൽകിയിട്ടുണ്ട്.

**ചാർട്ട് 5.2**
**മൊത്തം ചെലവ്: ജനറൽ, സോഷ്യൽ, ഇക്കണോമിക് സർവ്വീസുകൾ**




## 1) മൊത്തം ചെലവ്: പ്ലാൻ, നോൺപ്ലാൻ

സംസ്ഥാന സർക്കാരിന്റെ മൊത്തം ചെലവ് 2000-01ൽ 12,726 കോടി രൂപയായിരുന്നത് 2010-11ൽ 38,791 കോടിയായും 2014-15ൽ 76744 കോടിയായും വർദ്ധിച്ചു. മൊത്തം ചെലവ് എന്നത് റവന്യൂ, മൂലധനം എന്നീയിനങ്ങൾ ഉൾപ്പെട്ടതാണ്. പട്ടിക 5.1ൽ 2000-01നുശേഷമുള്ള മൊത്തം ചെലവ്, റവന്യൂ, മൂലധന ചെലവുകൾ, വായ്പകളും അഡ്വാൻസുകളും എന്നിവ നൽകിയിട്ടുണ്ട്. 2001ലെ ധനകാര്യ തകർച്ചയെ തുടർന്നു നടപ്പിലാക്കിയ ചെലവു ചുരുക്കൽ നടപടികൾമൂലം റവന്യൂ ചെലവിൽ ഒരു വർഷം (2001-02) കുറവ് വന്നതൊഴിച്ചാൽ ഈ ഇനത്തിലുള്ള ചെലവിൽ തുടർച്ചയായ വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. ശമ്പള-പെൻഷൻ പരിഷ്കാരം നടപ്പിലാക്കുന്ന വർഷങ്ങളിൽ റവന്യൂ ചെലവിൽ വൻ വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. മൊത്തം ചെലവിലും മറ്റു ചെലവിനങ്ങളിലും ഉണ്ടായ വാർഷിക വർദ്ധനം പട്ടിക 5.2ൽ ലഭ്യമാണ്. എന്നാൽ സ്ഥിരമായ ആസ്തികൾ സൃഷ്ടിക്കുകയും നിലവിലെ ആസ്തികൾ പുതുക്കുന്നതിനുവേണ്ടിയും ചെലവാക്കുന്ന മൂലധന ചെലവിന്റെ വർദ്ധനയിൽ വലിയ വ്യതിയാനം വന്ന

തായി കാണാം. മൂന്നു വർഷങ്ങളിൽ ഈ ഇനത്തിലുള്ള ചെലവിൽ ഇടിവുണ്ടായി. സർക്കാർ വായ്പകളായും അഡ്വാൻസായും നൽകിയ തുകയിൽ പല വർഷങ്ങളിലും ഇടിവുണ്ടായതായി കാണാം. മൊത്തം ചെലവിൽ 90 ശതമാനത്തിലധികവും റവന്യൂ ചെലവായതിനാൽ ഈ ഇനത്തിലുള്ള ചെലവിലെ വ്യത്യാസമാണ് മൊത്തം ചെലവിനെ നിർണ്ണയിക്കുന്നത് (പട്ടിക 5.3).

**പട്ടിക 5.1**

**മൊത്തം ചെലവ് (രൂപ കോടി)**

| വർഷം | റവന്യു ചെലവ് | മൂലധന ചെലവ് | വായ്പകളും അഡ്വാൻസുകളും | മൊത്തം ചെലവ് |
|---|---|---|---|---|
| 2000-01 | 11878 | 848 * | - | 12726 |
| 2001-02 | 11662 | 718 * | - | 12380 |
| 2002-03 | 14756 | 949 * | - | 15705 |
| 2003-04 | 15495 | 1932 * | - | 17427 |
| 2004-05 | 17169 | 878 * | - | 18047 |
| 2005-06 | 18424 | 1104 * | - | 19528 |
| 2006-07 | 20825 | 903 | 349 | 22077 |
| 2007-08 | 24892 | 1475 | 893 | 27260 |
| 2008-09 | 28224 | 1696 | 984 | 30904 |
| 2009-10 | 31132 | 2059 | 877 | 34068 |
| 2010-11 | 34665 | 3364 | 762 | 38791 |
| 2011-12 | 46045 | 3853 | 998 | 50986 |
| 2012-13 | 53489 | 4603 | 1136 | 59228 |
| 2013-14 | 60486 | 4294 | 1464 | 66244 |
| 2014-15 | 71746 | 4255 | 743 | 76744 |

* വായ്പകളും അഡ്വാൻസുകളും ഉൾപ്പെടെ

*Source:* CAG Report on State finances 2011 - 2015
White paper on state finances 2011
GOK, Revised Budget 2016-17, at a glance

## പട്ടിക 5.2

## മൊത്തം ചെലവ് വർദ്ധനം (ശതമാനം)

| വർഷം | റവന്യൂ ചെലവ് (%) | മൂലധന ചെലവ് (%) | വായ്പകളും അഡ്വാൻസുകളും | മൊത്തം ചെലവ് (%) |
|---|---|---|---|---|
| 2000-01 | - | - | - | - |
| 2001-02 | -1.8 | 15.3* | - | -2.7 |
| 2002-03 | 26.5 | 32.2* | - | 26.9 |
| 2003-04 | 5.0 | 103.6* | - | 11.0 |
| 2004-05 | 10.8 | -54.5* | - | 3.6 |
| 2005-06 | 7.3 | 25.7* | - | 8.2 |
| 2006-07 | 13.0 | 18.28 | - | 13.1 |
| 2007-08 | 19.5 | 63.3 | 140.4 | 23.5 |
| 2008-09 | 13.4 | 15.0 | 10.2 | 13.4 |
| 2009-10 | 10.3 | 21.4 | -10.9 | 10.2 |
| 2010-11 | 11.3 | 63.4 | -13.1 | 13.9 |
| 2011-12 | 32.8 | 14.5 | 30.9 | 31.2 |
| 2012-13 | 16.2 | 19.5 | 13.8 | 16.4 |
| 2013-14 | 13.1 | -6.7 | 28.9 | 11.8 |
| 2014-15 | 18.6 | -0.9 | -49.2 | 15.9 |

* വായ്പകളും അഡ്വാൻസുകളും ഉൾപ്പെടെ

## പട്ടിക 5.3

## മൊത്തം ചെലവ് ഘടന (ശതമാനം)

| വർഷം | റവന്യൂ ചെലവ് | മൂലധന ചെലവ് | വായ്പകരം മുൻകൂറുകളും | മൊത്തം ചെലവ് |
|---|---|---|---|---|
| 2000-01 | 93.3 | 6.7 | - | 100.00 |
| 2005-06 | 94.3 | 5.7 | - | 100.00 |
| 2010-11 | 89.4 | 8.7 | 1.9 | 100.00 |
| 2014-15 | 93.5 | 5.5 | 1.0 | 100.00 |

## റവന്യൂ ചെലവ്

റവന്യൂ ചെലവ് സർക്കാരിന്റെ നിത്യനിദാനാവശ്യങ്ങൾ നിറവേറ്റാൻ വേണ്ടിയുള്ള ചെലവാണ്. എന്നാൽ ഈ വിഭാഗത്തിൽപ്പെടുന്ന ഒരു ചെറിയ വിഭാഗം ചെലവുകൾ (പ്ലാൻ) ഒഴിച്ച് ബാക്കിയുള്ളതെല്ലാം നോൺപ്ലാൻ ഇനത്തിലുള്ള നിത്യനിദാന ചെലവുകളാണ്. സർക്കാർ വകുപ്പുകളുടെ ഭരണനടത്തിപ്പുമായി ബന്ധപ്പെട്ട എതാണ്ട് എല്ലാ ചെലവുകളും റവന്യൂ നോൺ പ്ലാൻ ചെലവിൽ ഉൾപ്പെട്ടതാണ്. സർക്കാർ ജീവനക്കാരുടെ ശമ്പളം, റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും, സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നൽകുന്ന ടീച്ചിംഗ് ഗ്രാന്റ്, പലിശ, സബ്സിഡികൾ, സർവ്വകലാശാല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് നൽകുന്ന ഗ്രാന്റുകൾ തുടങ്ങിയവ റവന്യൂ ചെലവിൽ ഉൾപ്പെടുന്നു. പൊതു സർവ്വീസുകളായ വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവയുടെ നടത്തിപ്പിന് ജീവനക്കാർ വേണ്ടതുമൂലം ഈ രംഗത്തെ സിംഹഭാഗം ചെലവും ജീവനക്കാരുടെ ശമ്പളമിനത്തിലുള്ളതാണ്. എന്നാൽ ഭരണവകുപ്പിൽ ഇ-ഗവേണൻസ്, ഭരണ പരിഷ്കാര നടപടികൾ സ്വീകരിച്ചാൽ, ഭരണമികവ് കൂട്ടാനും ജീവനക്കാരുടെ എണ്ണം ഗണ്യമായി കുറയ്ക്കാനും സാധ്യതയുണ്ട്. റവന്യൂ ചെലവിൽ ഒരു ചെറിയ വിഭാഗത്തെ വാർഷിക പദ്ധതി അഥവാ പ്ലാൻ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## നോൺ പ്ലാൻ റവന്യു ചെലവ് (എൻ.പി.ആർ.ഇ)

നോൺ പ്ലാൻ റവന്യൂ ചെലവ് ഒരു സർക്കാരിന്റെ പദ്ധതിയേതര അഥവാ വികസനേതര ചെലവിന്റെ സൂചികയാണ്. മൊത്തം ചെലവിൽ നിന്ന് നോൺപ്ലാൻ റവന്യു ചെലവ്, വായ്പ തിരിച്ചടവ് എന്നിവ കഴിച്ചുള്ള തുക യാണ് പദ്ധതികൾക്കും മൂലധന നിക്ഷേപത്തിനും വേണ്ടി ചെലവാക്കുന്ന തുക. വികസനത്തിനും മൂലധന നിക്ഷേപത്തിനും മുൻഗണന നൽകുന്ന സർക്കാരുകൾ നോൺ പ്ലാൻ റവന്യൂ ചെലവ് വിഹിതം കുറച്ചുകൊണ്ടുവ രാൻ ശ്രമിക്കും. 2002-03നുശേഷമുള്ള കേരളത്തിന്റെ റവന്യൂ ചെലവിന്റെ ഗതി പരിശോധിച്ചാൽ നോൺപ്ലാൻ ചെലവിന്റെ വർദ്ധനയിൽ ഗണ്യമായ ഏറ്റക്കുറച്ചിലുകളുള്ളതായി കാണാം. ശമ്പള പെൻഷൻ പരിഷ്കാരങ്ങൾ നടത്തുന്ന സാമ്പത്തിക വർഷങ്ങളിൽ നോൺപ്ലാൻ റവന്യൂ ചെലവ് കുതി ച്ചുയരുന്ന പ്രവണത ദൃശ്യമാണ്. പട്ടിക 5.4ൽ 2002-2003നുശേഷമുള്ള റവന്യൂ പ്ലാൻ, നോൺപ്ലാൻ ചെലവ് തുകയും വാർഷിക വർദ്ധനയും നൽകിയി ട്ടുണ്ട്. 2006-07ൽ ശമ്പള പരിഷ്കാരം നടപ്പിലാക്കിയപ്പോഴും തുടർന്നുള്ള

വർഷം പെൻഷൻ വർദ്ധന ആനുകൂല്യങ്ങൾ നൽകിയതുമൂലവും വാർഷിക നോൺ പ്ലാൻ റവന്യൂ ചെലവ് ഗണ്യമായി ഉയർന്നു. 2011-12ലെ ശമ്പള-പെൻഷൻ പരിഷ്കരണ ബാധ്യത മൂലം റവന്യൂ നോൺ പ്ലാൻ ചെലവ് 33.6 ശതമാനം വർദ്ധിച്ചു. ശമ്പള-പെൻഷൻ പരിഷ്കരണ ബാധ്യതകൾ ഇല്ലാത്ത വർഷങ്ങളിലും ഈ ഇനത്തിലുള്ള ചെലവിന്റെ പ്രതിവർഷ വർദ്ധനം ഏതാണ്ട് 15 ശതമാനത്തിനടുത്താണ്. മൊത്തം റവന്യൂ ചെലവിൽ 85 ശതമാനവും ചെലവാക്കുന്നത് നോൺ പ്ലാൻ ഇനത്തിലാണ് (പട്ടിക 5.5).

പട്ടിക 5.6ൽ നോൺ പ്ലാൻ റവന്യൂ ചെലവ് നിർവ്വഹണ സൂചികകൾ നൽകിയിട്ടുണ്ട്. നോൺ പ്ലാൻ റവന്യൂ നിർവ്വഹണ സൂചികകളുടെ അടിസ്ഥാനത്തിൽ ഈ ഇനത്തിലുള്ള ചെലവ് വിലയിരുത്തിയാൽ താഴെപ്പറയുന്ന നിഗമനങ്ങളിലെത്താം. ഒന്ന്, എൻ.പി.ആർ.ഇ, ജി.എസ്.ഡി.പി അനുപാതം 2001ലെ ധനതകർച്ചയ്ക്കു ശേഷമുള്ള കാലത്ത് 13.5 ശതമാനമായിരുന്നു. ഈ അനുപാതത്തിൽ 2004-05നുശേഷം കുറവുണ്ടായ പ്രവണത ദൃശ്യമായി. എന്നാൽ 2011-12നുശേഷം ഈ അനുപാതത്തിൽ വീണ്ടും വർദ്ധനയുണ്ടായി. 2002-03 കാലഘട്ടത്തിൽ നിലനിന്ന നിരക്കിലേക്ക് ഇപ്പോൾ ഇത് വർദ്ധിച്ചിരിക്കുന്നു. രണ്ട്, മൊത്തം ചെലവിന്റെ 80 ശതമാനവും എൻ.പി.ആർ.ഇ ഇനങ്ങൾക്കു വേണ്ടി ചെലവാക്കുന്നു. 2002-03 കാലത്തിൽ 74.5 ശതമാനം ചെലവാക്കിയ സ്ഥാനത്താണ് ഈ ചെലവ്. ഇതിന്റെ അർത്ഥം പദ്ധതികൾക്കും, മൂലധന നിക്ഷേപത്തിനും ചെലവാക്കുന്ന തുകയുടെ വിഹിതം കുറയുന്നുവെന്നാണ്. പദ്ധതിക്കും മൂലധന നിക്ഷേപത്തിനുമുള്ള പണം വെട്ടിച്ചുരുക്കി നിത്യനിദാന ചെലവുകൾക്കു ഉപയോഗിക്കുന്ന അനാരോഗ്യകരമായ മാറ്റമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മൂന്ന്, എൻ.പി.ആർ.ഇ. ചെലവ് സർക്കാരിന്റെ തനത് നികുതി, നികുതിയേതരയിനങ്ങൾ, കേന്ദ്രനികുതി വിഹിതം, കേന്ദ്ര ഗ്രാന്റുകൾ ഉൾപ്പെട്ട റവന്യൂ വരവിനെക്കാൾ ഉയർന്ന തുകയാണെന്നുള്ളത് ഞെട്ടിപ്പിക്കുന്ന കാര്യമാണ്. 2002-03 മുതൽ 2014-15വരെയുള്ള കാലത്ത്, രണ്ടു വർഷമൊഴിച്ച് മറ്റെല്ലാ വർഷത്തിലും നോൺ പ്ലാൻ റവന്യൂ ചെലവ് റവന്യൂ വരുമാനത്തെക്കാൾ കൂടിയ തുകയാണ്. ഇതിന്റെ അർത്ഥം സർക്കാരിന്റെ മൊത്തം റവന്യൂ വരുമാനം ചെലവാക്കിയാലും നിത്യനിദാന ചെലവുകൾ നിറവേറ്റാൻ കഴിയാത്ത സാഹചര്യത്തിലാണ്. മാത്രവുമല്ല നിത്യനിദാന ചെലവുകൾ നിറവേറ്റാൻ കടം വാങ്ങേണ്ട സ്ഥിതിയിൽ സംസ്ഥാന സർക്കാർ എത്തിനിൽക്കുന്ന വളരെ പരിതാപകരമായ അവസ്ഥയിലാണ്.

## പട്ടിക 5.4

## റവന്യൂ ചെലവ്: പ്ലാൻ, നോൺപ്ലാൻ

| വർഷം | പ്ലാൻ (രൂപ കോടി) | നോൺപ്ലാൻ (രൂപ കോടി) | വർദ്ധനം (ശതമാനം) | |
|---|---|---|---|---|
| | | | പ്ലാൻ (%) | നോൺപ്ലാൻ (%) |
| 2002-03 | 3054 | 11702 | - | - |
| 2003-04 | 2394 | 13101 | -21.6 | 12.0 |
| 2004-05 | 3106 | 14063 | 29.7 | 7.3 |
| 2005-06 | 3223 | 15201 | 3.8 | 8.1 |
| 2006-07 | 2309 | 18516 | -28.4 | 21.8 |
| 2007-08 | 2277 | 22615 | -1.4 | 22.1 |
| 2008-09 | 3212 | 25012 | 41.1 | 10.6 |
| 2009-10 | 4179 | 26953 | 30.1 | 7.8 |
| 2010-11 | 4196 | 30469 | 0.4 | 13.0 |
| 2011-12 | 5327 | 40718 | 26.9 | 33.6 |
| 2012-13 | 6849 | 46640 | 28.6 | 14.5 |
| 2013-14 | 7074 | 53412 | 3.3 | 14.5 |
| 2014-15 | 10282 | 61464 | 45.3 | 15.1 |

*Source:* same as Table 5.1

## പട്ടിക 5.5

## റവന്യൂ ചെലവ് ഘടന: പ്ലാൻ, നോൺപ്ലാൻ

| വർഷം | പ്ലാൻ (%) | നോൺപ്ലാൻ (%) | മൊത്തം |
|---|---|---|---|
| 2002-03 | 20.7 | 79.3 | 100.00 |
| 2005-06 | 17.5 | 82.5 | 100.00 |
| 2010-11 | 12.1 | 87.9 | 100.00 |
| 2014-15 | 14.3 | 85.7 | 100.00 |

**പട്ടിക 5.6**

**നോൺ പ്ലാൻ റവന്യൂ ചെലവ് (എൻ.പി.ആർ.ഇ): നിർവഹണ സൂചികകൾ**

| വർഷം | എൻ.പി.ആർ.ഇ ജി.എസ്.ഡി.പി. അനുപാതം (%) | എൻ.പി.ആർ.ഇ മൊത്തം ചെലവ് അനുപാതം (%) | എൻ.പി.ആർ.ഇ റവന്യൂ വരവ് അനുപാതം (%) |
|---|---|---|---|
| 2002-03 | 13.5 | 74.5 | 110.0 |
| 2003-04 | 13.5 | 75.2 | 110.9 |
| 2004-05 | 11.8 | 77.9 | 104.2 |
| 2005-06 | 11.1 | 78.0 | 99.4 |
| 2006-07 | 12.0 | 83.9 | 101.8 |
| 2007-08 | 12.9 | 83.0 | 107.1 |
| 2008-09 | 12.3 | 80.9 | 102.0 |
| 2009-10 | 11.6 | 79.1 | 103.2 |
| 2010-11 | 11.6 | 78.5 | 98.3 |
| 2011-12 | 13.0 | 80.0 | 107.1 |
| 2012-13 | 13.4 | 78.7 | 105.7 |
| 2013-14 | 13.5 | 80.6 | 108.6 |
| 2014-15 | 13.6 | 80.1 | 106.1 |

*Source:* CAG Report on State finances 2011 to 2015.

## മൂലധന ചെലവ്

ഒരു സമ്പദ്ഘടനയുടെ സാമ്പത്തിക അടിത്തറ അടിസ്ഥാനഘടക വികസനത്തിലൂടെയാണ് സൃഷ്ടിക്കുന്നത്. ഇത് സൃഷ്ടിക്കാനുള്ള ഉത്തരവാദിത്വം സർക്കാരിന്റേതാണ്. റോഡുകൾ, പാലങ്ങൾ, ജലഗതാഗതസംവിധാനങ്ങൾ, പോർട്ടുകൾ, കുടിവെള്ളം, വൈദ്യുതി, അണക്കെട്ടുകൾ, നഗരങ്ങളിലെ ആധുനിക ഗതാഗത സംവിധാനങ്ങളും മറ്റ് അടിസ്ഥാന ഘടകങ്ങളും, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് വൻതോതിൽ മൂലധന നിക്ഷേപം ആവശ്യമാണ്. കഴിഞ്ഞ ആറ് ദശാബ്ദകാലത്ത് പണിത പാലങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ, മറ്റ്

ആസ്തികൾ തുടങ്ങിയവ കാലപഴക്കം മൂലം ഉപയോഗശൂന്യമായി ക്കൊണ്ടിരിക്കുന്നു. ഇതിനുപകരം പുതിയ ആസ്തികളും സൃഷ്ടിക്കേണ്ട തുണ്ട്. ജനസംഖ്യ വർദ്ധനം ജനങ്ങളുടെ സാമ്പത്തിക നില, കാലഘട്ട ത്തിന്റെ മാറ്റങ്ങൾ തുടങ്ങിയവമൂലം അടിസ്ഥാന ഘടകങ്ങളുടെ ആവശ്യ ങ്ങൾ വർദ്ധിക്കുന്നു. സാങ്കേതിക രംഗത്തെ പുതിയ കണ്ടുപിടുത്തങ്ങൾക്ക നുസരിച്ച് പുതിയ അടിസ്ഥാനഘടകങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. എന്നാൽ ധനപ്രതിസന്ധി രൂക്ഷമായതുമൂലം ഏറ്റവും അവഗണിക്കപ്പെ ടുന്ന ഒരു മേഖല അടിസ്ഥാന ഘടക വികസന രംഗമാണ്. സംസ്ഥാനത്ത് റയിൽവേ വികസനം, ദേശീയ പാത വികസനം തുടങ്ങി കേന്ദ്ര സർക്കാ രിന്റെ പരിധിയിൽ വരുന്ന പലയിനങ്ങളുടെയും മുഴുവൻ ചെലവും മുൻപ് കേന്ദ്ര സർക്കാർ വഹിച്ചിരുന്നു. എന്നാൽ ഇപ്പോൾ ഈ രംഗത്തെ നിക്ഷേ പത്തിലും സംസ്ഥാന സർക്കാർ ഒരു വിഹിതം നൽകേണ്ട സാഹചര്യമാണ്.

സംസ്ഥാന സർക്കാരിന്റെ മൊത്തം ചെലവിൽ എതാണ്ട് 7 ശതമാനം തുക മാത്രമേ മൂലധനയിനത്തിന് ചെലവാക്കുന്നുള്ളു. ഈ മൂലധന ചെലവ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന പ്ലാനും വാർഷിക പദ്ധതിക്ക് പുറത്തുള്ള നോൺ പ്ലാൻ ഇനത്തിലും ചെലവാക്കുന്നു. പട്ടിക 5.7ൽ 2006-07 മുതൽ 2015-16വരെയുള്ള പ്ലാൻ, നോൺപ്ലാൻ ഇനത്തിലുള്ള ചെലവ് നൽകിയിട്ടുണ്ട്. പ്ലാൻ മൂലധന ചെലവ് 2006-07ൽ 886 കോടി രൂപയായി രുന്നത് 2011-12ൽ 3398 കോടിയായും 2015-16ൽ 5107 കോടിയായും വർദ്ധിച്ചു. 2011-12ന് ശേഷമുള്ള മൂന്നു വർഷങ്ങളിൽ ഈ ഇനത്തിലുള്ള ചെലവിൽ കാര്യമായ വർദ്ധനയുണ്ടായില്ല. 2014-15ൽ മൂലധന ചെലവിന്റെ 91 ശത മാനവും പ്ലാൻ ഇനത്തിലാണ് ചെലവാക്കിയത് (പട്ടിക 5.8).

നോൺ പ്ലാൻ മൂലധന ചെലവായി ചെലവാക്കിയത് വളരെ ചെറിയ തുകയാണ്. കഴിഞ്ഞ പത്ത് വർഷക്കാലത്ത് ഈ ഇനത്തിലുള്ള ചെല വിൽ ഇടിവാണ് ഉണ്ടായിട്ടുള്ളത്. സർക്കാർ വകുപ്പുകളിൽ ഉപകരണ ങ്ങൾ വാങ്ങാനും ഉപകരണങ്ങൾ നന്നാക്കാനും മറ്റ് അത്യാവശ്യ റിപ്പയർ പണി നടത്താനുമാണ് ഈ ഇനത്തിലുള്ള തുക ചെലവാക്കുന്നത്. മൊത്തം മൂലധന ചെലവിന്റെ 9 ശതമാനമാണ് നോൺപ്ലാൻ മൂലധന ചെലവായി 2014-15ൽ ചെലവാക്കിയത്.

അടുത്തതായി ചില സൂചികകളുടെ അടിസ്ഥാനത്തിൽ മൊത്തം ചെലവിനെ വിലയിരുത്താം. പട്ടിക 5.9ൽ മൊത്തം ചെലവിനെ വിലയിരു ത്താൻ ഉപയോഗിച്ച സൂചികകൾ നൽകിയിട്ടുണ്ട്. ഒന്ന് സംസ്ഥാനത്തിന്റെ ആഭ്യന്തര മൊത്ത വരുമാനത്തിൽ (ജി.എസ്.ഡി.പി) സർക്കാരിന്റെ

## പട്ടിക 5.7

## മൂലധന ചെലവ്: പ്ലാൻ, നോൺ പ്ലാൻ

| വർഷം | പ്ലാൻ (രൂപ കോടി) | നോൺപ്ലാൻ (രൂപ കോടി) | വർദ്ധനം (ശതമാനം) | |
|---|---|---|---|---|
| | | | പ്ലാൻ (%) | നോൺ പ്ലാൻ (%) |
| 2006-07 | 886 | 17 | - | - |
| 2007-08 | 1452 | 23 | 63.9 | 35.3 |
| 2008-09 | 1671 | 25 | 15.1 | 8.7 |
| 2009-10 | 1902 | 157 | 21.4 | 528.0 |
| 2010-11 | 2766 | 598 | 45.4 | 280.9 |
| 2011-12 | 3398 | 455 | 22.8 | -23.9 |
| 2012-13 | 3466 | 1137 | 2.0 | 149.9 |
| 2013-14 | 3497 | 797 | 0.8 | -29.9 |
| 2014-15 | 3881 | 374 | 11.0 | -53.1 |

*Source:* Table 5.1

## പട്ടിക 5.8

## മൂലധന ചെലവ് ഘടന: പ്ലാൻ, നോൺപ്ലാൻ

| വർഷം | പ്ലാൻ (%) | നോൺപ്ലാൻ (%) | മൊത്തം |
|---|---|---|---|
| 2006-07 | 98.1 | 1.9 | 100.00 |
| 2010-11 | 82.2 | 17.8 | 100.00 |
| 2014-15 | 91.2 | 8.8 | 100.00 |

മൊത്തം ചെലവ് വിഹിതമാണ് ഒരു സൂചിക. 2000-2001 മുതൽ 2003-04 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാന ആഭ്യന്തര മൊത്ത വരുമാനത്തിന്റെ ഏതാണ്ട് 18 ശതമാനം തുക സർക്കാർ ചെലവഴിച്ചിരുന്നു. ഇത് പിൽക്കാലത്ത് കുറഞ്ഞ് 14.4 ശതമാനമായി. കഴിഞ്ഞ പതിനൊന്ന് വർഷങ്ങളായി 18 ശതമാനത്തെക്കാൾ കുറഞ്ഞ വിഹിതമാണ് സർക്കാരിന്റെ മൊത്തം ചെലവ്. സംസ്ഥാന ആഭ്യന്തര മൊത്ത വരുമാനത്തിന്റെ വളർച്ചയുടെ അനുപാതത്തിലെങ്കിലും സർക്കാരിന്റെ വരവിനങ്ങൾ വളർച്ചയുണ്ടാകാത്തതാണ് ഇതിന്റെ കാരണം. ജി.എസ്.ഡി.പി.യിലെ വളർച്ചയ്ക്ക് അനു

സരിച്ച് സംസ്ഥാന ബജറ്റിന്റെ വലിപ്പം നിലനിർത്താൻ കഴിയാത്ത സാഹചര്യം വികസന മുരടിപ്പിനെയാണ് സൂചിപ്പിക്കുന്നത്.

രണ്ട്, റവന്യു വരവും മൊത്തം ചെലവും തമ്മിലുള്ള അന്തരം അഥവാ കമ്മിയാണ് അടുത്ത സൂചിക. 2001ൽ ധനതകർച്ച നേരിട്ട വർഷം മൊത്തം റവന്യൂ വരവ് മൊത്തം ചെലവിന്റെ 69 ശതമാനമായിരുന്നു. ഇതിന്റെ അർത്ഥം മൊത്തം ചെലവിന്റെ 31 ശതമാനവും വായ്പയെ ആശ്രയിച്ചുവെന്നാണ്. പിൽക്കാലത്ത് ഇത് 18 മുതൽ 20 ശതമാനംവരെയായി കുറഞ്ഞു. 2010–11ൽ വായ്പയുടെ ആശ്രയം 20 ശതമാനമായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഇത് ഏതാണ്ട് 25 ശതമാനമായി വർദ്ധിച്ചു. ബജറ്റിലെ മൊത്തം ചെലവിന്റെ നാലിൽ ഒന്നോളം കടം വാങ്ങുന്നത് വാർഷികപദ്ധതികൾക്കോ മറ്റു വികസന പദ്ധതികൾക്കോ വേണ്ടിയോ അല്ല. ഇതിൽ നല്ലൊരു പങ്കും ചെലവാക്കുന്നത് നിത്യനിദാന ചെലവുകൾക്കു വേണ്ടിയാണ്. സർക്കാരിന്റെ റവന്യൂ വരുമാനം നോൺപ്ലാൻ റവന്യൂ ചെലവുകൾ നിറവേറ്റാൻ പോലും തികയാത്ത അവസ്ഥയിലാണെന്ന് കഴിഞ്ഞ ഭാഗത്ത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. (പട്ടിക 5.6).

മൂന്ന്, മൊത്തം ചെലവിൽ റവന്യൂ ചെലവിന്റെ വിഹിതമാണ് മറ്റൊരു സൂചിക. പട്ടിക 5.9ൽ ഉള്ള ഭൂരിഭാഗം വർഷങ്ങളിലും റവന്യൂ ചെലവ് മൊത്തം ചെലവിന്റെ 90 മുതൽ 94 ശതമാനംവരെയായിരുന്നു. അതായത് മൊത്തം ചെലവിൽ റവന്യൂ ചെലവ് കഴിച്ച് മൂലധന ചെലവിന് (വായ്പ തിരിച്ചടവ് കഴിച്ച്) ചെലവാക്കിയിരുന്നത് വളരെ തുച്ഛമായ തുകയായിരുന്നു. 2011–12നുശേഷം 90.5 മുതൽ 93.5 ശതമാനം തുകയും റവന്യൂ ചെലവിന് വേണ്ടിയാണ് ഉപയോഗിച്ചിരുന്നത്.

നാലാമതായി പരിശോധിക്കുന്നത് മൂലധന ചെലവിനെയാണ്. ഇത് രണ്ടു വിഭാഗത്തിലുണ്ട്. ഒന്ന്, സർക്കാരിന്റെ പ്ലാൻ, നോൺപ്ലാൻ വിഭാഗത്തിലെ മൂലധന ചെലവ്. രണ്ട്, സർക്കാർ ഉദ്യോഗസ്ഥർക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണ സംഘങ്ങൾക്കും നൽകുന്ന വായ്പകൾ. സർക്കാർ നൽകുന്ന വായ്പകളെല്ലാം മൂലധന ചെലവായി കാണാൻ കഴിയില്ല. അതുകൊണ്ട് വായ്പകളും അഡ്വാൻസുകളും ഒഴിച്ചുള്ളതാണ് മൂലധന നിക്ഷേപമായി പട്ടിക 5.9ൽ കണക്കാക്കിയിട്ടുള്ളത്. വളരെ തുച്ഛമായ തുകയാണ് മൂലധന ചെലവിനത്തിലുള്ളത്. 2007 മുതൽ 2011വരെയുള്ള കാലത്ത് മൊത്തം ചെലവിൽ മൂലധന ചെലവിന്റെ വിഹിതം തുടർച്ചയായി വർദ്ധിച്ചു. എന്നാൽ പിൽക്കാലത്ത് ഇതിൽ തുടർച്ചയായി കുറവുണ്ടായി. 2010–11ൽ മൂലധന ചെലവിന്റെ വിഹിതം 8.7 ശതമാനമായിരുന്നത്

2014–15ൽ 5.5 ശതമാനമായി കുറഞ്ഞു. തുടർച്ചയായ ധനപ്രതിസന്ധി യുടെ ഏറ്റവും വലിയ പ്രത്യാഘാതം മൂലധന ചെലവിന്റെ വിഹിതത്തിൽ വന്ന ഇടിവാണ്. ഈ മാറ്റം സംസ്ഥാന സമ്പദ്ഘടനയുടെ അടിത്ത റയെതന്നെ ദുർബലപ്പെടുത്തുന്നു.

**പട്ടിക 5.9**

**മൊത്ത ചെലവ്: നിർവ്വഹണ സൂചികകൾ**

| വർഷം | മൊത്തം ചെലവ് ജി.എസ്.ഡി.പി. അനുപാതം (%) | റവന്യൂ വരവ് മൊത്തം ചെലവ് അനുപാതം (%) | റവന്യൂ വരവ് മൊത്തം ചെലവ് അനുപാതം (%) | മൂലധന ചെലവ് മൊത്തം ചെലവ് അനുപാതം (%) |
|---|---|---|---|---|
| 2000–01 | 18.2 | 68.6 | 93.3 | – |
| 2001–02 | 17.1 | 73.2 | 74.3 | – |
| 2002–03 | 18.2 | 67.7 | 94.0 | – |
| 2003–04 | 18.2 | 67.8 | 88.9 | – |
| 2004–05 | 16.9 | 74.8 | 95.1 | – |
| 2005–06 | 16.4 | 78.3 | 94.3 | – |
| 2006–07 | 14.4 | 82.4 | 94.3 | 4.1 |
| 2007–08 | 15.6 | 77.4 | 91.3 | 5.4 |
| 2008–09 | 15.2 | 79.3 | 91.3 | 5.5 |
| 2009–10 | 14.7 | 76.6 | 91.4 | 6.0 |
| 2010–11 | 14.4 | 79.9 | 89.4 | 8.7 |
| 2011–12 | 16.1 | 74.7 | 90.5 | 7.6 |
| 2012–13 | 16.3 | 74.5 | 90.3 | 7.8 |
| 2013–14 | 16.7 | 74.2 | 91.3 | 6.5 |
| 2014–15 | 17.0 | 75.5 | 93.5 | 5.5 |

*Source:* Same as Table 5.6

**2. മൊത്തം ചെലവ്: ജനറൽ, സോഷ്യൽ, ഇക്കണോമിക് സർവ്വീസുകൾ**

ചാർട്ട് 5.2ൽ നൽകിയിരിക്കുന്ന മൊത്തം ചെലവ് ഘടനയുടെ അടി സ്ഥാനത്തിലുള്ള വിശകലനമാണ് ഈ ഭാഗത്ത് നടത്തുന്നത്. മൊത്തം

ചെലവിനെ റവന്യൂ, മൂലധനം എന്ന് രണ്ടായി തിരിക്കുന്നു. റവന്യു ചെലവിനെ വീണ്ടും നാലിനങ്ങളായി തിരിക്കുന്നു. ജനറൽ, സോഷ്യൽ, ഇക്കണോമിക് സർവ്വീസുകൾ, ഗ്രാന്റുകൾ അതുപോലെ മൂലധന ചെലവ് ജനറൽ, സോഷ്യൽ, ഇക്കണോമിക് എന്നീ വിഭാഗങ്ങളായി തരം തിരിക്കുന്നു.

## റവന്യു ചെലവ്: ജനറൽ, സോഷ്യൽ, ഇക്കണോമിക് സർവ്വീസുകൾ

ചെലവുകൾ ഏതെല്ലാം മേഖലകളുടെയും സർവ്വീസുകൾക്കും വേണ്ടിയാണ് ഉപയോഗിക്കുന്നത് എന്ന് വിശകലനം നടത്താൻ ഇത്തരത്തിലുള്ള കണക്കുകൾ ആവശ്യമാണ്. ജനറൽ സർവ്വീസിൽ താഴെപ്പറയുന്ന ചെലവുകൾ ഉൾപ്പെടുന്നു. നിയമസഭ, ഗവർണ്ണറുടെ ഓഫീസ്, മന്ത്രിസഭ, നിയമപരിപാലനം, തെരഞ്ഞെടുപ്പ്, നികുതി പിരിവ്, പൊതുഭരണം, ജില്ലാ ഭരണം, പോലീസ്, ജയിൽ, മരാമത്തു പണികൾ, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, പലിശ, മറ്റു സേവനങ്ങൾ. സോഷ്യൽ സർവ്വീസിൽ ഉൾപ്പെടുന്ന ചെലവിനങ്ങൾ താഴെ പറയുന്നവയാണ്. ജനറൽ വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, സ്പോർട്സ്, പൊതുജനാരോഗ്യം, കുടിവെള്ള വിതരണം, ഭവന നിർമ്മാണം, നഗരവികസനം, ഇൻഫർമേഷൻ, എസ്.സി., എസ്.റ്റി, പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമം, തൊഴിൽ സാമൂഹിക ക്ഷേമം, മറ്റു പൊതു സർവ്വീസുകൾ.

സാമ്പത്തിക സർവ്വീസുകളിൽ ഉൾപ്പെടുന്ന ചെലവിനങ്ങൾ താഴെ പറയുന്നു. കൃഷി, മൃഗസംരക്ഷണം, ഡയറി വികസനം, മത്സ്യബന്ധനം, വനവും വന്യ ജീവികളും, ഭക്ഷ്യം, കാർഷിക ഗവേഷണം, സഹകരണം, ഗ്രാമീണ വികസനം, ഗ്രാമവികസന പദ്ധതികൾ, വൻകിട-ചെറുകിട ജലസേചന പദ്ധതികൾ, വൈദ്യുതി, ഊർജ്ജം, ചെറുകിട വ്യവസായങ്ങൾ, വൻകിട വ്യവസായങ്ങൾ, ഐ.റ്റി, തുറമുഖങ്ങൾ, റോഡ്, പാലങ്ങൾ, റോഡ് ഗതാഗതം, ജലഗതാഗതം, സയൻസും സാങ്കേതിക വിദ്യയും, പരിസ്ഥിതി സംരക്ഷണം, സെൻസസ്, സ്ഥിതിവിവര കണക്കുകൾ. ഈ വിഭാഗത്തിലെ നാലാമത്തെയിനം ഗ്രാന്റുകളും വായ്പകളും മുൻകൂറുകളുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റുകൾ, സർക്കാർ ഉദ്യോഗസ്ഥർക്കും മറ്റും നൽകുന്ന വായ്പകൾ, മറ്റു മുൻകൂറുകൾ തുടങ്ങിയവയാണ്.

പട്ടിക 5.10ൽ 2006-07നുശേഷമുള്ള റവന്യൂ വിഭാഗത്തിൽ വരുന്ന ജനറൽ, സോഷ്യൽ, ഇക്കണോമിക് സർവ്വീസുകൾ, ഗ്രാന്റുകൾ എന്നിവയുടെ തുകയും വർദ്ധനയും നൽകിയിട്ടുണ്ട്. ജനറൽ സർവ്വീസിലെ

ചെലവ് 2006-07ൽ 9723 കോടിയായിരുന്നത് 2014-15ൽ 31433 കോടിയായി വർദ്ധിച്ചു. ഈ ഇനത്തിലുള്ള ചെലവ് നിർണ്ണയിക്കുന്നത് ഭരണ വകുപ്പുകളുടെ ഉദ്യോഗസ്ഥന്മാരുടെ എണ്ണവും പലിശ ചെലവും പെൻഷൻ ചെലവുമാണ്. ഭരണചെലവുകളായ ഓഫീസ് നടത്തിപ്പ്, ശമ്പളം, സ്റ്റേഷനറിയും മറ്റിനങ്ങളും, ഉപകരണങ്ങൾ, യാത്ര, വാഹനം തുടങ്ങിയവും ഈ ചെലവിൽ ഉൾപ്പെടുന്നു. ശമ്പളവും പെൻഷനും ഏറ്റവും വലിയ ചെലവായതുകൊണ്ട് അഞ്ച് വർഷത്തിലൊരിക്കൽ നടപ്പിലാക്കുന്ന ശമ്പള-പെൻഷൻ പരിഷ്കരണവും വർഷത്തിൽ ശരാശരി രണ്ട് പ്രാവശ്യം നടപ്പിലാക്കുന്ന ഡി.എ. വർദ്ധനവും ഈ ചെലവിൽ വൻ വർദ്ധനയുണ്ടാക്കുന്നു. മൊത്തം റവന്യൂ ചെലവിൽ ജനറൽ സർവ്വീസുകളുടെ വിഹിതം 44 മുതൽ 47 ശതമാനംവരെയാണ്. (പട്ടിക 5.11).

സോഷ്യൽ സർവ്വീസ് ചെലവുകൾ നിർണ്ണയിക്കുന്നതിന്റെ പ്രധാന ഘടകം ഉദ്യോഗസ്ഥന്മാരുടെ എണ്ണമാണ്. പൊതുസേവനങ്ങളായ പൊതുജനാരോഗ്യം, വിദ്യാഭ്യാസം എന്നിവയുടെ പ്രധാന ചെലവിനം ശമ്പള ചെലവാണ്. എസ്.സി & എസ്.റ്റി, പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമപദ്ധതികളും സാമൂഹിക സുരക്ഷ പെൻഷൻ പദ്ധതികളും ഈ ഇനത്തിലുള്ള ചെലവിൽ ഉൾപ്പെടുന്നു. റവന്യൂ വിഭാഗത്തിലുള്ള സോഷ്യൽ സർവ്വീസ് ചെലവ് 2006-07ൽ 6478 കോടി രൂപയായിരുന്നത് 2014-15ൽ 23718 കോടിയായി വർദ്ധിച്ചു. അഞ്ചു വർഷത്തിലൊരിക്കൽ നടപ്പിലാക്കുന്ന ശമ്പള പരിഷ്കാരങ്ങൾ ഈ ഇനത്തിലുള്ള ചെലവിൽ ഗണ്യമായ വർദ്ധനയുണ്ടാക്കുന്നു. 2007-08നുശേഷം ഈ ഇനത്തിലുള്ള ചെലവിന്റെ വാർഷിക വർദ്ധനം 11 മുതൽ 34 ശതമാനംവരെയായിരുന്നു. മൊത്തം റവന്യൂ ചെലവിന്റെ മൂന്നിൽ ഒന്നോളം തുക ചെലവാക്കുന്നത് സോഷ്യൽ സർവ്വീസിനുവേണ്ടിയാണ്. (പട്ടിക 5.11).

ഇക്കണോമിക് സർവ്വീസുകളുടെ റവന്യൂ ചെലവ് ജനറൽ, സോഷ്യൽ സർവ്വീസുകളെക്കാൾ വളരെ കുറഞ്ഞ തുകയാണ്. മറ്റു സർവ്വീസുകളെക്കാൾ കൂടുതൽ മൂലധന നിക്ഷേപമാവശ്യമുള്ള സർവ്വീസും ഇതാണ്. ഈ ഇനത്തിൽ ചെലവ് 2006-07ൽ 2712 കോടി രൂപയായിരുന്നത് 2014-15ൽ 10197 കോടി രൂപയായി വർദ്ധിച്ചു. ഈ ഇനത്തിലുള്ള ചെലവിന്റെ വാർഷിക വർദ്ധന നിരക്കിൽ വൻ അന്തരമുള്ളതായി കാണാം. മൂന്ന് വർഷങ്ങളിൽ ഈ ഇനത്തിലുള്ള ചെലവ് 1.5 മുതൽ 3.9 ശതമാനം വരെയായിരുന്നു. എന്നാൽ മറ്റു നാല് വർഷങ്ങളിൽ ഈ ചെലവിന്റെ വാർഷിക വർദ്ധനം 27 മുതൽ 37 ശതമാനംവരെ രേഖപ്പെടുത്തി. ശമ്പള പരിഷ്കാരങ്ങൾ

**പട്ടിക 5.10**

## റവന്യൂ ചെലവ്: ജനറൽ, സോഷ്യൽ, ഇക്കണോമിക് സർവ്വീസുകൾ, ഗ്രാന്റുകൾ

| വർഷം | ജനറൽ സർവ്വീസ് | സോഷ്യൽ സർവ്വീസ് | ഇക്കണോമിക് സർവ്വീസ് | ഗ്രാന്റുകൾ | മൊത്തം |
|---|---|---|---|---|---|
| 1) | തുക (രൂപ കോടി) | | | | |
| 2006-07 | 9723 | 6478 | 2712 | 1912 | 20825 |
| 2007-08 | 12184 | 7790 | 2819 | 2099 | 24892 |
| 2008-09 | 12667 | 9363 | 3929 | 2265 | 28224 |
| 2009-10 | 13935 | 10467 | 4241 | 2489 | 31132 |
| 2010-11 | 15418 | 12111 | 4358 | 2778 | 34665 |
| 2011-12 | 20300 | 16224 | 6132 | 3389 | 46045 |
| 2012-13 | 22787 | 18878 | 7808 | 4016 | 53489 |
| 2013-14 | 26605 | 20980 | 7929 | 4972 | 60486 |
| 2014-15 | 31433 | 23718 | 10197 | 6398 | 71746 |
| 2) | വളർച്ചാ നിരക്ക് (ശതമാനം) | | | | |
| 2006-07 | - | - | - | - | - |
| 2007-08 | 25.3 | 20.2 | 3.9 | 9.8 | 19.5 |
| 2008-09 | 3.9 | 20.2 | 39.4 | 7.9 | 13.4 |
| 2009-10 | 10.0 | 11.8 | 7.9 | 9.9 | 10.3 |
| 2010-11 | 10.6 | 15.7 | 2.7 | 11.6 | 11.3 |
| 2011-12 | 31.7 | 33.9 | 40.7 | 22.0 | 32.8 |
| 2012-13 | 12.2 | 16.3 | 27.3 | 18.5 | 16.2 |
| 2013-14 | 16.7 | 11.1 | 1.5 | 23.8 | 13.1 |
| 2014-15 | 18.1 | 13.1 | 28.6 | 28.7 | 18.6 |

*Source:* Same as Table 5.1

### പട്ടിക 5.11

### റവന്യൂ ചെലവ് ഘടന: ജനറൽ, സോഷ്യൽ, ഇക്കണോമിക് സർവ്വീസുകൾ, ഗ്രാന്റുകൾ (%)

| വർഷം | ജനറൽ സർവ്വീസ് | സോഷ്യൽ സർവ്വീസ് | ഇക്കണോമിക് സർവ്വീസ് | ഗ്രാന്റുകൾ | മൊത്തം |
|---|---|---|---|---|---|
| 2006-07 | 46.7 | 31.1 | 13.0 | 9.2 | 100.00 |
| 2010-11 | 44.5 | 34.9 | 12.6 | 8.0 | 100.00 |
| 2014-15 | 43.8 | 33.1 | 14.2 | 8.9 | 100.00 |

ഈ ചെലവിനത്തിൽ ഏറ്റവും വലിയ വർദ്ധനം വരുത്തിയ ഘടകമാണ്. മൊത്തം റവന്യൂ ചെലവിന്റെ 13 മുതൽ 14 ശതമാനം വരെ, തുക ഇക്കണോമിക് സർവ്വീസിനുവേണ്ടി ചെലവാക്കിയിട്ടുണ്ട്.

റവന്യൂ ചെലവിന്റെ നാലാമത്തെയിനം സർക്കാർ നൽകുന്ന ഗ്രാന്റുകളും വായ്പകളും മുൻകൂറുകളുമാണ്. ഈ ഇനത്തിലെ ചെലവ് 2006-07ൽ 1912 കോടി രൂപയായിരുന്നത് 2014-15ൽ 6398 കോടിയായി ഉയർന്നു. ഈ ഇനത്തിലുള്ള ചെലവിൽ പൊതുവിൽ തുടർച്ചയായ വാർഷിക വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. 2013-14, 2014-15 എന്നീ വർഷങ്ങളിൽ ഏറ്റവും ഉയർന്ന വാർഷിക വർദ്ധനം രേഖപ്പെടുത്തിയത് ഈ ഇനത്തിലാണ്. മൊത്തം റവന്യൂ ചെലവിന്റെ ഏതാണ്ട് 9 ശതമാനം ഇതിനുവേണ്ടി ചെലവാക്കുന്നു.

## മൂലധന ചെലവ്: ജനറൽ, സോഷ്യൽ, ഇക്കണോമിക് സർവ്വീസുകൾ

മൊത്തം ചെലവിൽ ഒരു ചെറിയ വിഹിതം മാത്രമാണ് മൂലധന ചെലവ്. 2014-15ൽ മൊത്തം ചെലവിൽ മൂലധന ചെലവിന്റെ വിഹിതം 5.5 ശതമാനമാണ്. സംസ്ഥാന ധനപ്രതിസന്ധി മൂലം ഏറ്റവും രൂക്ഷമായ പ്രശ്നം നേരിടുന്ന രംഗവും മൂലധന നിക്ഷേപമാണ്. ധനപ്രതിസന്ധിമൂലം സാമ്പത്തിക വികസനത്തിന് വേണ്ട അടിസ്ഥാന ഘടകങ്ങൾക്ക് നിക്ഷേപം നടത്താനാവശ്യമായ പണമില്ലാത്ത അവസ്ഥയാണ്. പട്ടിക 5.12ൽ 2006-07ന് ശേഷമുള്ള മൂലധന വിഭാഗത്തിൽ വരുന്ന ജനറൽ, സോഷ്യൽ, ഇക്കണോമിക് എന്നിവയുടെ വാർഷിക ചെലവും വാർഷിക

വർധനയും നൽകിയിട്ടുണ്ട്. ജനറൽ സർവ്വീസിൽ വളരെ തുച്ഛമായ തുക യാണ് മൂലധന ചെലവ്. 2006-07ൽ 40 കോടി രൂപയായിരുന്നത് 2014-15ൽ 135 കോടിയായി വർധിച്ചു.

ജനറൽ വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, കുടിവെള്ള വിത രണം, പൊതുജനാരോഗ്യം, നഗരവികസനം തുടങ്ങിയവ ഉൾപ്പെടുന്ന സോഷ്യൽ സർവ്വീസ് മേഖലയുടെ മൂലധന നിക്ഷേപവും ചെറിയ തുക യാണ്. ഈ ഇനത്തിൽ മൂലധന ചെലവ് 2006-07ൽ 116 കോടി രൂപയായി രുന്നത് 2014-15ൽ 875 കോടിയായി വർദ്ധിച്ചു. ഈ മേഖലയിൽ മൂല ധനക്ഷാമം മൂലം വിദ്യാഭ്യാസം, പൊതുജനാരോഗ്യം, കുടിവെള്ള വിതര ണം തുടങ്ങിയ പൊതു സർവ്വീസുകൾ ആവശ്യാനുസരണം വർദ്ധിപ്പി ക്കുന്നതിന് തടസ്സം സൃഷ്ടിച്ചു. പൊതു സർവ്വീസുകളുടെ ഗുണനിലവാരം മോശമാക്കുന്നതിനുള്ള ഒരു പ്രധാന കാരണവും ഇതാണ്.

അടുത്തതായി ഇക്കണോമിക് സർവ്വീസുകളിലെ മൂലധന ചെലവ് പരിശോധിക്കാം. സമ്പദ്ഘടനയുടെ അടിത്തറയായ പ്രധാന അടിസ്ഥാന ഘടകങ്ങളും സാമ്പത്തിക മേഖലയും ഇക്കണോമിക് സർവീസിൽ ഉൾപ്പെടുന്നതാണ്. റോഡ്, പാലങ്ങൾ, റോഡുഗതാഗതം, ജലഗതാഗതം, വൈദ്യുതി, ഊർജം, തുറമുഖങ്ങൾ, വൻകിട, ചെറുകിട ജലസേചന പദ്ധ തികൾ പരിസ്ഥിതി സംരക്ഷണം തുടങ്ങിയ അടിസ്ഥാന ഘടകങ്ങൾ ഈ സർവ്വീസിൽ ഉൾപ്പെടുന്നു. ഇതിനു പുറമെ ഉത്പാദന മേഖലകളായ കൃഷി, മൃഗസംരക്ഷണം, ഡയറി വികസനം, മത്സ്യബന്ധനം, ഭക്ഷ്യ ഉത്പാദനം, ചെറുകിട, വൻകിട വ്യവസായങ്ങൾ, ഊർജ്ജം തുടങ്ങിയവയും ഈ സർ വ്വീസിൽ ഉൾപ്പെടുന്നു. ഈ മേഖലകളിലെ വളർച്ച, വികസനം, തൊഴിൽ എന്നിവ നിർണ്ണയിക്കുന്നതിന്റെ നിർണ്ണായകമായ ഘടകം മൂലധന നിക്ഷേ പമാണ്.

ഈ സർവ്വീസുകളുടെ മൂലധന ചെലവ് 2006-07ൽ 747 കോടി രൂപ യായിരുന്നത് 2014-15ൽ 3245 കോടിയായി വർദ്ധിച്ചു. 2006-07നുശേഷമുള്ള ആറു വർഷങ്ങളിൽ ഈ ചെലവിൽ വർദ്ധനയുണ്ടായി. എന്നാൽ 2013-14, 2014-15 വർഷങ്ങളിൽ ആ ചെലവിൽ ഇടിവ് ഉണ്ടായതായി കാണാം. മൊത്തം മൂലധന നിക്ഷേപത്തിൽ 76 ശതമാനവും ഇക്കണോമിക് സർവ്വീ സുകൾക്കാണ് ചെലവാക്കുന്നത് (പട്ടിക 5.13).

## പട്ടിക 5.12
## മൂലധന ചെലവ്: ജനറൽ, സോഷ്യൽ, ഇക്കണോമിക് സർവ്വീസുകൾ

| വർഷം | ജനറൽ സർവ്വീസ് | സോഷ്യൽ സർവ്വീസ് | ഇക്കണോമിക് സർവ്വീസ് | മൊത്തം |
|---|---|---|---|---|
| 1) | തുക (രൂപ കോടി) | | | |
| 2006-07 | 40 | 116 | 747 | 903 |
| 2007-08 | 57 | 135 | 1283 | 1475 |
| 2008-09 | 53 | 291 | 1352 | 1696 |
| 2009-10 | 67 | 363 | 1629 | 2059 |
| 2010-11 | 119 | 479 | 2766 | 3364 |
| 2011-12 | 162 | 595 | 3096 | 3853 |
| 2012-13 | 147 | 562 | 3894 | 4603 |
| 2013-14 | 148 | 617 | 3529 | 4294 |
| 2014-15 | 135 | 875 | 3245 | 4255 |
| 2) | വളർച്ചാനിരക്ക് (ശതമാനം) | | | |
| 2006-07 | - | - | - | - |
| 2007-08 | 42.5 | 16.4 | 71.7 | 63.3 |
| 2008-09 | -7.0 | 115.5 | 5.4 | 14.9 |
| 2009-10 | 26.4 | 24.7 | 20.5 | 21.4 |
| 2010-11 | 77.6 | 31.9 | 69.8 | 63.4 |
| 2011-12 | 36.1 | 24.2 | 11.9 | 14.5 |
| 2012-13 | -9.3 | -5.5 | 25.8 | 45.4 |
| 2013-14 | 0.7 | 9.8 | -9.4 | -6.7 |
| 2014-15 | 8.8 | 41.8 | -8.0 | -0.9 |

*Source:* Same as Table 5.1

ഇക്കണോമിക് സർവീസുകളുടെ മൂലധന ചെലവ് ഏതു മേഖലകളിലാണ് ചെലവാക്കിയതെന്ന് പരിശോധിക്കുകയുണ്ടായി. പട്ടിക 5.14ൽ 2010-11ലെയും 2014-15ലെയും ഇക്കണോമിക് സർവ്വീസിലെ മൂലധന ചെല

വിനങ്ങൾ നൽകിയിട്ടുണ്ട്. 2010-11ലെ മൊത്തം മൂലധന ചെലവിൽ പകുതിയും (51 ശതമാനം) ചെലവാക്കിയത് റോഡുകൾക്കും പാലങ്ങൾക്കും വേണ്ടിയാണ്. വ്യവസായങ്ങൾക്കുവേണ്ടി 13 ശതമാനവും സഹകരണ മേഖലയ്ക്ക് 7.6 ശതമാനവും ജലസേചനത്തിന് 6.8 ശതമാനവും തുറമുഖങ്ങൾക്ക് വേണ്ടി 5.5 ശതമാനവും, വെള്ളപ്പൊക്ക നിയന്ത്രണത്തിന് 3.8 ശതമാനവും ചെലവാക്കി. വൈദ്യുതി, ഊർജം, നഗരവികസനം, കുടിവെള്ള വിതരണം തുടങ്ങിയവയ്ക്ക് കാര്യമായ തുക ചെലവാക്കിയില്ല. 2014-15ലും മൂലധന ചെലവിന്റെ ഘടനയിൽ വലിയ മാറ്റമുണ്ടായില്ല എന്ന് കാണാം. മൊത്തം മൂലധന ചെലവിൽ ഏതാണ്ട് 57 ശതമാനവും റോഡ്, പാലങ്ങൾ, മറ്റു ഗതാഗത സർവീസുകൾക്കും വേണ്ടി ചെലവാക്കി. തുറമുഖങ്ങൾ, വ്യവസായം, ജലസേചനം, സഹകരണം തുടങ്ങിയവയ്ക്കു വേണ്ടി ചെലവാക്കിയ തുകയിലും ഗണ്യമായ കുറവുണ്ടായി. വർദ്ധന ഉണ്ടായ മേഖലകൾ ഗ്രാമ വികസന പദ്ധതികൾ, ഗതാഗത സർവ്വീസുകൾ, ടൂറിസം, മറ്റിനങ്ങൾ എന്നിവയാണ്. സമ്പദ്ഘടനയിലെ സുപ്രധാനമായ പല മേഖലകളിലും കാര്യമായ മൂലധന നിക്ഷേപം നടത്താൻ പണമില്ലാത്ത അവസ്ഥയിലാണ് സർക്കാർ. നഗരവികസനം, വൈദ്യുതി, ഊർജ്ജം, ജലഗതാഗതം, തുറമുഖങ്ങൾ, കുടിവെള്ള പദ്ധതികൾ, മത്സ്യബന്ധനം, മലയോരവികസനം, ആധുനിക വ്യവസായങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയ്ക്കു വേണ്ടി ചെലവാക്കാൻ പണം ഉണ്ടായിരുന്നില്ല.

എല്ലാ സാമ്പത്തിക മേഖലകളിലും മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംസ്ഥാനത്ത് സാമ്പത്തികരംഗത്ത് മുന്നോട്ടു പോകണമെങ്കിൽ വൻതോതിലുള്ള മൂലധന നിക്ഷേപം അനിവാര്യമാണ്. അനിയന്ത്രിതമായി കുതിച്ചുയരുന്ന നിത്യനിദാന ചെലവുകൾ നടത്താൻ മൂലധന ചെലവ് വെട്ടിക്കുറയ്ക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഇക്കണോമിക് സർവ്വീസുകളുടെ മൂലധന ചെലവിൽ കുറവു വന്നുകൊണ്ടിരിക്കുകയാണ്. ഇതുമൂലം നിലവിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിനും പുതിയ ആസ്തികൾ സൃഷ്ടിക്കുന്നതിനും പണമില്ലാത്ത അതിഗുരുതരമായ സ്ഥിതിയിൽ സംസ്ഥാനം എത്തിനിൽക്കുന്നു. ഈ സ്ഥിതിവിശേഷം സംസ്ഥാനത്തെ സാമ്പത്തിക മേഖലകളുടെ മുരടിപ്പിലേക്കും തളർച്ചയിലേക്കും നയിച്ചുകൊണ്ടിരിക്കുന്നു.

മുകളിൽ നടത്തിയ വിശകലനം ഉപസംഹരിക്കാം. സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര റവന്യൂ ചെലവ് അഥവാ നിത്യനിദാന ചെല

### പട്ടിക 5.13
### മൂലധന ചെലവ് ഘടന: ജനറൽ, സോഷ്യൽ, ഇക്കണോമിക് സർവ്വീസുകൾ (%)

| വർഷം | ജനറൽ സർവ്വീസ് | സോഷ്യൽ സർവ്വീസ് | ഇക്കണോമിക് സർവ്വീസ് | മൊത്തം |
|---|---|---|---|---|
| 2006-07 | 4.4 | 12.8 | 82.7 | 100.00 |
| 2010-11 | 3.5 | 14.2 | 82.2 | 100.00 |
| 2014-15 | 3.2 | 20.6 | 76.2 | 100.00 |

### പട്ടിക 5.14
### ഇക്കണോമിക് സർവ്വീസിലെ മൂലധന ചെലവ്

| | ഇനങ്ങൾ | 2010-11 | | 2014-15 | | |
|---|---|---|---|---|---|---|
| | | രൂപ കോടി | വിഹിതം ശതമാനം | രൂപ കോടി | വിഹിതം ശതമാനം | വർദ്ധനം (ശതമാനം) |
| 1. | മത്സ്യബന്ധനം | 84 | 3.0 | 124 | 3.8 | 47.6 |
| 2. | സഹകരണം | 211 | 7.6 | 133 | 4.1 | -37.0 |
| 3. | ഗ്രാമവികസന പദ്ധതികൾ | 22 | 0.8 | 218 | 6.7 | 890.0 |
| 4. | ജലസേചനം | 188 | 6.8 | 152 | 4.7 | -19.1 |
| 5. | വെള്ളപ്പൊക്ക നിവാരണം | 105 | 3.8 | 119 | 3.7 | 13.3 |
| 6. | വ്യവസായം | 364 | 13.2 | 260 | 8.0 | -28.6 |
| 7. | തുറമുഖങ്ങൾ | 152 | 5.5 | 48 | 1.5 | -68.4 |
| 8. | റോഡ്, പാലങ്ങൾ | 1408 | 50.9 | 1477 | 45.5 | 4.9 |
| 9. | ഗതാഗത സർവ്വീസ് | 89 | 3.2 | 379 | 11.7 | 325.8 |
| 10. | വിനോദസഞ്ചാരം | 35 | 1.3 | 134 | 4.1 | 282.9 |
| 11. | മറ്റിനങ്ങൾ | 108 | 3.9 | 201 | 6.2 | 86.1 |
| 12. | മൊത്തം | 2766 | 100.0 | 3245 | 100.0 | 17.3 |

*Source:* CAG (2011): Finance Account 2010-11, Vol. I;
CAG (2015): Finance Accounts 2014-15, Vol.I

വുകൾ ഒരു നിയന്ത്രണവുമില്ലാതെ കുതിച്ചുയരുന്നു. 2002-03 മുതൽ 2014-15 വരെയുള്ള പതിമൂന്നു വർഷങ്ങളിൽ രണ്ടു വർഷമൊഴിച്ച് മറ്റെല്ലാ വർഷങ്ങളിലും നോൺപ്ലാൻ റവന്യൂ ചെലവ് നിറവേറ്റാൻ പണമില്ലാത്തതുമൂലം തുടർച്ചയായി വായ്പ എടുത്ത തുകയെ ആശ്രയിക്കേണ്ടിവന്നു. മാത്രമല്ല, സർക്കാരിന്റെ മൊത്തം ചെലവിന്റെ നാലിലൊന്നും നിറവേറ്റാൻ കടം വാങ്ങുന്ന സ്ഥിതിയിലാണ്. നിത്യനിദാന ചെലവുകൾ നിറവേറ്റാൻ പണം ഇല്ലാത്തതുമൂലം മൂലധന ചെലവ് വെട്ടിക്കുറയ്ക്കുന്നു. ധനധൂർത്ത് രാഷ്ട്രീയത്തിലടിസ്ഥാനമായ ധനനയങ്ങൾ സർക്കാരുകൾ അനുവർത്തിക്കുന്നതുമൂലം അനാവശ്യ ചെലവുകൾ ധനധൂർത്ത്, സമ്മർദ്ദ ഗ്രൂപ്പുകൾക്ക് സർക്കാർ വരുമാനം വീതം വയ്ക്കൽ തുടങ്ങിയവ നിയന്ത്രിച്ച് ചെലവ് ചുരുക്കാൻ സർക്കാരുകൾ തയ്യാറല്ല. ഇതുമൂലം സാമ്പത്തിക സർവ്വീസുകളുടെ മൂലധന ചെലവിൽ തുടർച്ചയായി ഇടിവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറയായ അടിസ്ഥാന ഘടകങ്ങളുടെ മുരടിപ്പിലേക്ക് നയിക്കുന്നു. മൂലധന നിക്ഷേപകുറവുമൂലമുള്ള ഈ തകർച്ച സംസ്ഥാനത്തിന്റെ കാർഷിക, വ്യവസായ, സേവന മേഖലകളിലെ സ്വകാര്യ മൂലധന നിക്ഷേപത്തേയും ഉത്പാദനത്തേയും തളർത്തും എന്നതിനു സംശയമില്ല.

## പ്രധാന ചെലവിനങ്ങൾ

### 3) സർക്കാർ ജീവനക്കാരുടെ ശമ്പളം

സംസ്ഥാന സർക്കാരിന്റെ ഏറ്റവും വലിയ ചെലവിനം സർക്കാർ ജീവനക്കാർക്കു നൽകുന്ന ശമ്പളമാണ്. സർക്കാർ ജീവനക്കാർ എന്ന നിർവചനത്തിൽ വരുന്നത് സർക്കാർ വകുപ്പുകളിലെ ജീവനക്കാരും, കോടതികളിലെ ജീവനക്കാരും, സർക്കാർ ശമ്പളം നൽകുന്ന സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുമാണ്. ഇവർക്ക് സർക്കാർ ഫണ്ടിൽ നിന്ന് ശമ്പളം ട്രഷറി വഴി നൽകുന്നു. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർവകലാശാലകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ തുടങ്ങിയവർ ഇതിൽ ഉൾപ്പെടുന്നില്ല. അവർക്ക് ശമ്പളം നൽകുന്നത് അതാതു സ്ഥാപനങ്ങളുടെ ഫണ്ടുകളിൽ നിന്നും സർക്കാർ നൽകുന്ന ഗ്രാന്റുകളിൽ നിന്നുമാണ്. ട്രഷറി വഴി ശമ്പളം നൽകുന്ന സർക്കാർ ജീവനക്കാരുടെ എണ്ണം 2012 മാർച്ചിൽ 502, 675 ആയിരുന്നത് 2016 മാർച്ചിൽ 508, 808 ആയി വർദ്ധിച്ചു (പട്ടിക5.15). സർക്കാർ സ്ഥിരം ജീവനക്കാർ, നിശ്ചിത തുക ശമ്പളം വാങ്ങുന്ന താൽക്കാലിക ജീവനക്കാർ, ആൾ ഇന്ത്യ സർവ്വീസിലുള്ളവർ, യു.ജി.സി. ശമ്പള

## പട്ടിക 5.15
## സംസ്ഥാന സർക്കാർ ജീവനക്കാരുടെ എണ്ണം

| | വിഭാഗം | മാർച്ച് 2012 (എണ്ണം) | മാർച്ച് 2016 (എണ്ണം) | വർദ്ധനം (%) | 2016ലെ ജീവനക്കാരുടെ വിഹിതം (%) |
|---|---|---|---|---|---|
| 1. | സംസ്ഥാന സർക്കാർ | 485757 | 489398 | 0.7 | 96.2 |
| 2. | നിശ്ചിത ശമ്പളം | 592 | 1896 | 220.3 | 0.4 |
| 3. | ആൾ ഇന്ത്യ സർവ്വീസ് | 197 | 301 | 52.8 | 0.1 |
| 4. | യു.ജി.സി. | 13544 | 13563 | 0.1 | 2.6 |
| 5. | എ.ഐ.സി.റ്റി.ഇ | 1877 | 3022 | 61.0 | 0.6 |
| 6. | കോടതി | 525 | 529 | 0.8 | 0.1 |
| 7. | മറ്റിനം | 183 | 99 | -45.9 | 0.0 |
| | മൊത്തം | 502675 | 508808 | 1.2 | 100.0 |

സ്കെയിൽ അനുസരിച്ച് ശമ്പളം ലഭിക്കുന്ന കോളേജ് അദ്ധ്യാപകർ, എ.ഐ.സി.റ്റി. ഇ ശമ്പളം സ്കെയിൽ അനുസരിച്ച് ശമ്പളം വാങ്ങുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ, കോടതികളിലെ ജഡ്ജിമാരും മറ്റും ഇതിൽ ഉൾപ്പെടുന്നു. മൊത്തം സർക്കാർ ജീവനക്കാരിൽ 96 ശതമാനവും സംസ്ഥാന സർക്കാർ വകുപ്പുകളിലെ ജീവനക്കാരാണ്.

സർക്കാർ ജീവനക്കാർ ഏതു വകുപ്പുകളിൽ ജോലി ചെയ്യുന്നുവരാണെന്ന് പരിശോധിക്കാം. 2016-17ലെ സംസ്ഥാന ബജറ്റ് അനുസരിച്ച് സർക്കാർ ജീവനക്കാർ 114 വകുപ്പുകളിൽ ഉൾപ്പെട്ടവരാണ്. എന്നാൽ ഇതിലെ പല വകുപ്പുകളും വളരെ ചെറിയ വകുപ്പുകളോ ഉപവകുപ്പുകളോ ആണ്. പട്ടിക 5.16ൽ ഏറ്റവും കൂടുതൽ സർക്കാർ ജീവനക്കാരുള്ള 20 വകുപ്പുകളിലെ ജീവനക്കാരുടെ എണ്ണം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മൊത്തം സർക്കാർ ജീവനക്കാരിൽ മൂന്നിൽ ഒന്ന് പൊതു വിദ്യാഭ്യാസ വകുപ്പിലാണ്. ജീവനക്കാരുടെ എണ്ണത്തിൽ രണ്ടാം സ്ഥാനത്തുള്ളത് പോലീസ് വകുപ്പും. മൂന്നാം സ്ഥാനത്ത് പൊതുജനാരോഗ്യ വകുപ്പുമാണ്.

ജീവനക്കാരുടെ എണ്ണത്തിൽ ഗണ്യമായ വിഹിതം ഉള്ള മറ്റു വകുപ്പുകൾ ഹയർ സെക്കണ്ടറി, കോളേജ് വിദ്യാഭ്യാസം, റവന്യൂ വകുപ്പ്, ജുഡിഷ്യൽ സർവ്വീസ്, മെഡിക്കൽ വിദ്യാഭ്യാസം, കൃഷി, പൊതുമരാമത്ത്, സാങ്കേതിക വിദ്യാഭ്യാസം, ജലവിഭവം, വനം, മൃഗസംരക്ഷണം, വൊക്കേഷണൽ ഹയർ സെക്കന്ററി, സെക്രട്ടറിയേറ്റ് എന്നിവയാണ്.

അടുത്തതായി ശമ്പള ചെലവിൽ 1981നുശേഷം ഉണ്ടായ വർദ്ധനം, റവന്യൂ ചെലവിൽ ശമ്പള ചെലവിന്റെ പങ്ക്, ശമ്പള ചെലവ് വർദ്ധനം, റവന്യൂ കമ്മിയുമായുള്ള ബന്ധം എന്നിവ പരിശോധിക്കാം. കുതിച്ചുയരുന്ന ശമ്പള ചെലവാണ് റവന്യൂ കമ്മി വർദ്ധിപ്പിക്കാനും നിത്യനിദാന ചെലവുകൾക്ക് കടം വാങ്ങാൻ നിർബന്ധിതമായ സ്ഥിതി സംജാതമാക്കിയിട്ടുള്ളത്. ഓരോ അഞ്ചു വർഷവും ശമ്പളവും പെൻഷനും പരിഷ്കരിക്കുന്നതും വർഷത്തിൽ ശരാശരി രണ്ടു തവണ ഡി.എ. നിരക്കുകളിൽ വർദ്ധന വരുത്തുന്നതുമൂലമാണിത്. 1983നു ശേഷം സംസ്ഥാന സർക്കാർ ഏഴ് ശമ്പള പരിഷ്കാരം നടപ്പിലാക്കി. 1983നുശേഷം നടപ്പിലാക്കിയ ശമ്പള പരിഷ്കരണവും തന്മൂലം ഏറ്റവും കുറഞ്ഞ ശമ്പള സ്കെയിലിലും ഉയർന്ന ശമ്പള സ്കെയിലിലും വന്ന മാറ്റങ്ങൾ പട്ടിക 5.17ൽ നൽകിയിട്ടുണ്ട്. ഓരോ ശമ്പള പരിഷ്കരണം മൂലം ഉണ്ടാകുന്ന അധിക ബാധ്യത റവന്യൂ ചെലവിൽ ഗണ്യമായ വർദ്ധനം സൃഷ്ടിക്കുന്നു. തന്മൂലം റവന്യൂ കമ്മി വർദ്ധിക്കുകയും റവന്യൂ ചെലവ് നിറവേറ്റാൻ കൂടുതൽ കടം വാങ്ങേണ്ട സ്ഥിതിയും സംജാതമാകുന്നു. തുടരെ തുടരെയുള്ള ശമ്പള പരിഷ്കരണം മൂലം ശമ്പള സ്കെയിലിൽ വലിയ മാറ്റം വരുന്നു എന്ന് പട്ടികയിൽ നിന്ന് കാണാം. 2004 മുതൽ 2014വരെയുള്ള പത്തു വർഷ കാലയളവിൽ മൂന്നു ശമ്പള പരിഷ്കരണങ്ങൾ നടപ്പിലാക്കി. സംസ്ഥാന സർക്കാരിൽ നിലവിലുള്ള ഏറ്റവും കുറഞ്ഞ സ്കെയിലിലെ അടിസ്ഥാന ശമ്പളം 2004ൽ 4510 രൂപായായിരുന്നത് 2014ൽ 16500 ആയി വർദ്ധിച്ചു. ഏറ്റവും ഉയർന്ന സ്കെയിലിലെ അടിസ്ഥാന ശമ്പളം ഇക്കാലത്ത് 26600ൽ നിന്ന് 93000 ആയി വർദ്ധിച്ചു. പത്തു വർഷത്തിനുള്ളിൽ അടിസ്ഥാന ശമ്പളത്തിലെ വർദ്ധനം മൂന്നിരട്ടിയിലധികമായി വർദ്ധിച്ചുവെന്നു കാണാം. അടിസ്ഥാന ശമ്പളത്തിനു പുറമെ ഡി.എ., വീട്ടുവാടക തുടങ്ങിയവയും ചേർന്നതാണ് മൊത്തം പ്രതിമാസം ശമ്പളം. ശമ്പള പരിഷ്കാരത്തിനു പുറമെ കേന്ദ്ര ഡി.എ. നിരക്കിൽ പ്രതിവർഷം രണ്ടു ഡി.എ. വർദ്ധന നൽകുന്നതും ശമ്പള ചെലവ് കുതിച്ചുയരാൻ ഇടയാക്കിയിട്ടുണ്ട്.

## പട്ടിക 5.16
## കൂടുതൽ ജീവനക്കാരുള്ള വകുപ്പുകൾ, മാർച്ച് 2016

| | വകുപ്പിന്റെ പേര് | ജീവനക്കാരുടെ എണ്ണം | വിഹിതം (ശതമാനം) |
|---|---|---|---|
| 1. | ജനറൽ വിദ്യാഭ്യാസം | 169691 | 33.35 |
| 2. | പോലീസ് | 58113 | 11.42 |
| 3. | പൊതുജനാരോഗ്യം | 35932 | 7.06 |
| 4. | ഹയർ സെക്കന്ററി | 29094 | 5.71 |
| 5. | കോളേജ് വിദ്യാഭ്യാസം | 22364 | 4.40 |
| 6. | ഭൂനികുതി | 16794 | 3.30 |
| 7. | കോടതി സർവ്വീസ് | 13341 | 2.62 |
| 8. | മെഡിക്കൽ വിദ്യാഭ്യാസം | 13115 | 2.58 |
| 9. | കൃഷി | 9237 | 1.82 |
| 10. | പൊതുമരാമത്ത് | 8675 | 1.70 |
| 11. | സാങ്കേതിക വിദ്യാഭ്യാസം | 8825 | 1.73 |
| 12. | ജലവിഭവം | 8070 | 1.59 |
| 13. | വനം | 6741 | 1.32 |
| 14. | മൃഗസംരക്ഷണം | 7052 | 1.39 |
| 15. | വൊക്കേഷണൽ എച്ച്.എസ് | 6409 | 1.26 |
| 16. | സെക്രട്ടറിയേറ്റ് | 5324 | 1.04 |
| 17. | പഞ്ചായത്ത് | 1109 | 0.22 |
| 18. | ഗ്രാമവികസനം | 4915 | 0.97 |
| 19. | എക്സൈസ് | 4979 | 0.98 |
| 20. | കൊമേഴ്സ്യൽ ടാക്സ് | 4720 | 0.93 |
| 21. | മറ്റിനം | 74308 | 14.60 |
| | മൊത്തം | 508808 | 100.00 |

*Source:* GOK (2016), Appendix I (Details of Staff), Kerala Budget 2016-17

**പട്ടിക 5.17**

**ശമ്പള പരിഷ്കരണം: ഏറ്റവും കുറഞ്ഞതും ഉയർന്ന ശമ്പള സ്കെയിൽ**

| നടപ്പിലാക്കിയ തീയതി | ഏറ്റവും കുറഞ്ഞ സ്കെയിൽ |
|---|---|
| 1.7.1983 | 550 (10–15) 800 |
| 1.7.1988 | 750 (10–25) 1025 |
| 1.3.1992 | 775 (12–20) 1065 |
| 1.3.1997 | 2610 (60–70) 3680 |
| 1.7.2004 | 4510 (120–150) 6230 |
| 1.7.2009 | 8500 (230 – 330) 13210 |
| 1.7.2014* | 16500 – 35700 |
| | ഏറ്റവും ഉയർന്ന സ്കെയിൽ |
| 1.7.1983 | 3700 – 125 – 4200 |
| 1.7.1988 | 4435 – 170 – 5785 |
| 1.3.1992 | 5100 – 150 – 6300 |
| 1.3.1997 | 16300 – 450 – 19900 |
| 1.7.2004 | 26600 – 650 – 33750 |
| 1.7.2009 | 48640 (1100 – 1200) 59840 |
| 1.7.2014* | 93000 – 120000 |

* Implemented on 20.01.2016.

*Source:* Same as Table 5.16

ഓരോ ശമ്പള വർദ്ധനമൂലമുള്ള അധിക ബാധ്യത റവന്യൂ ചെലവിൽ ഗണ്യമായ വർദ്ധനം വരുത്തുകയും റവന്യൂ കമ്മി വർദ്ധിപ്പിക്കുന്നതിനും ഇടയാക്കുന്നു. പട്ടിക 5.18ൽ 1981 മുതൽ 2001വരെയുള്ള ശമ്പളം, ശമ്പള വർദ്ധനം, റവന്യൂ ചെലവ്, റവന്യൂ ചെലവിൽ ശമ്പളത്തിന്റെ വിഹിതം, റവന്യൂ കമ്മി, റവന്യൂ ചെലവ് അനുപാതം എന്നിവ നൽകിയിട്ടുണ്ട്. ഓരോ ശമ്പള പരിഷ്കാരവും റവന്യൂ ചെലവ് വർദ്ധിപ്പിക്കുകയും റവന്യൂ കമ്മി കൂട്ടുകയും ചെയ്യുന്നു. 1983ലെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് 1985–86ലാണ്. ഇതുമൂലം ശമ്പളയിനത്തിലുണ്ടായ വാർഷിക വർദ്ധനം 26 ശതമാനമാണ്. ഇതുമൂലം റവന്യൂ ചെലവിലും റവന്യൂ കമ്മിയിലും ഗണ്യമായ വർദ്ധനയുണ്ടായി. 1989–90ൽ പ്രാബല്യത്തിൽ വന്ന ശമ്പള

## പട്ടിക 5.18

## ശമ്പള ചെലവ്: 1980–81 മുതൽ 2000–01 വരെ

| വർഷം | ശമ്പളം (രൂപ കോടി) | വർദ്ധനം (ശതമാനം) | റവന്യൂ ചെലവ് (രൂപ കോടി) | റവന്യൂചെലവിൽ ശമ്പളത്തിന്റെ വിഹിതം (ശതമാനം) | റവന്യൂ കമ്മി റവന്യൂ ചെലവ് അനുപാതം (ശതമാനം) |
|---|---|---|---|---|---|
| 1980 – 81 | 296 | – | 668 | 44.3 | 4.0 |
| 1981 – 82 | 328 | 10.8 | 754 | 43.5 | −12.7 |
| 1982 – 83 | 384 | 17.1 | 783 | 49.0 | −3.4 |
| 1983 – 84 | 455 | 18.5 | 992 | 45.9 | 5.8 |
| 1984 – 85 | 504 | 10.8 | 1139 | 44.2 | 1.2 |
| 1985 – 86 | 635 | 26.0 | 1445 | 43.9 | 5.1 |
| 1986 – 87 | 740 | 16.5 | 1655 | 44.7 | 9.1 |
| 1987 – 88 | 805 | 8.8 | 1781 | 45.2 | 10.9 |
| 1988 – 89 | 922 | 14.5 | 2061 | 44.7 | 7.9 |
| 1989 – 90 | 1356 | 47.1 | 2298 | 59.0 | 10.9 |
| 1990 – 91 | 1683 | 24.1 | 2825 | 59.6 | 14.9 |
| 1991 – 92 | 1384 | −17.8 | 3216 | 43.0 | 11.3 |
| 1992 – 93 | 1419 | 2.5 | 3656 | 38.8 | 9.2 |
| 1993 – 94 | 1836 | 29.4 | 4293 | 42.8 | 8.6 |
| 1994 – 95 | 2194 | 19.5 | 5066 | 43.3 | 7.9 |
| 1995 – 96 | 2230 | 1.6 | 5826 | 38.3 | 6.9 |
| 1996 – 97 | 2617 | 17.3 | 6788 | 38.6 | 9.5 |
| 1997 – 98 | 2803 | 7.1 | 8241 | 34.0 | 13.6 |
| 1998 – 99 | 3255 | 16.1 | 9228 | 35.3 | 22.0 |
| 1999 – 2000 | 4503 | 38.3 | 11566 | 38.9 | 31.3 |
| 2000 – 01 | 4451 | −1.1 | 11878 | 37.5 | 26.5 |

*Source:* GOK 2001, White paper on State Finances 2001.

പരിഷ്കരണംമൂലം ശമ്പള ചെലവിലുള്ള വാർഷിക വർദ്ധനം 47 ശതമാനമായിരുന്നു. ഇതുമൂലം റവന്യൂ ചെലവിൽ ശമ്പളത്തിന്റെ വിഹിതം 59 ശതമാനമായി ഉയർന്നു. റവന്യു കമ്മി, റവന്യു ചെലവ് അനുപാതം ഏതാണ്ട് 11 ശതമാനമായി ഉയർന്നു. ശമ്പള പരിഷ്കരണം മൂലം 1993-94ലെ ശമ്പള വർദ്ധനം 29 ശതമാനമായും വർദ്ധിച്ചു. 1998-2011 കാലഘട്ടത്തെ സംസ്ഥാനത്തെ ധനതകർച്ചയുടെ മൂലകാരണം 1999-2000ൽ നടപ്പിലാക്കിയ ശമ്പള പരിഷ്കാരം മൂലമാണ്. ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമൂലം ശമ്പള ചെലവ് 38 ശതമാനമായി വർദ്ധിച്ചു. ഇത് റവന്യൂ ചെലവിൽ വൻ വർദ്ധനം വരുത്തുകയും റവന്യൂ കമ്മി റവന്യു ചെലവ് അനുപാതം 31 ശതമാനമായി വർദ്ധിക്കുകയും ചെയ്തു. 1981നുശേഷം ഇതുവരെയുള്ള കാലഘട്ടത്തിൽ ഏറ്റവും ഉയർന്ന അനുപാതം രേഖപ്പെടുത്തിയത് ഈ വർഷമാണ്. ഇതിന്റെ അർത്ഥം ശമ്പളം ഉൾപ്പെടുന്ന നിത്യനിദാന ചെലവുകൾ അഥവാ റവന്യൂ ചെലവ് നിറവേറ്റാൻ എതാണ്ട് മൂന്നിൽ ഒന്നും കടം വാങ്ങേണ്ട സ്ഥിതിയുണ്ടായി എന്നതാണ്.

അടുത്തതായി 2001നുശേഷമുള്ള ശമ്പള പരിഷ്കാരം സൃഷ്ടിച്ച ശമ്പള ചെലവ് പരിശോധിക്കാം.

പട്ടിക 5.19ൽ 2001നു ശേഷമുള്ള ശമ്പളം, ശമ്പള വർദ്ധനം, റവന്യൂ ചെലവിൽ ശമ്പളത്തിന്റെ വിഹിതം, റവന്യൂ കമ്മി, റവന്യൂ ചെലവ് അനുപാതം എന്നിവ നൽകിയിട്ടുണ്ട്. 2004ൽ നടപ്പിലാക്കിയ ശമ്പള പരിഷ്കരണം മൂലം 2006-07, 2007-08, 2008-09 എന്നീ വർഷങ്ങളിൽ ശമ്പള ചെലവിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. റവന്യൂ ചെലവിൽ ശമ്പളയിനത്തിലുള്ള ചെലവ് ഏതാണ്ട് 32 ശതമാനമായിരുന്നു. 2009ലെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയതുമൂലം ശമ്പളയിനത്തിലുള്ള വാർഷിക ചെലവിലുള്ള വർദ്ധനം 2011-12ൽ 45 ശതമാനമായി വർദ്ധിച്ചു. റവന്യൂ ചെലവിൽ ശമ്പളത്തിന്റെ വിഹിതവും റവന്യൂ കമ്മിയും ഗണ്യമായി വർദ്ധിച്ചു. 2014 മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കിയ ശമ്പള പരിഷ്കരണം പ്രഖ്യാപിച്ചത് ജനുവരി 2016ലായിരുന്നു. ഈ ശമ്പള പരിഷ്കാരത്തിന്റെ കുടിശ്ശികയും മറ്റു സാമ്പത്തിക ബാധ്യതയും 2015-16 മുതലുള്ള മൂന്നു വർഷങ്ങളിൽ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പ്രതിവർഷം ഏതാണ്ട് 8300 കോടി രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന ഈ ശമ്പള പരിഷ്കരണം സംസ്ഥാനത്തിന്റെ ധനപ്രതിസന്ധിയെ ധനകാര്യ തകർച്ചയിലേക്ക് നയിക്കാൻ ഇടയാക്കും.

**പട്ടിക 5.19**

**ശമ്പള ചെലവ്: 2001നുശേഷം**

| വർഷം | ശമ്പളം (രൂപ കോടി) | വർദ്ധനം (ശതമാനം) | ശമ്പള-റവന്യൂ ചെലവ് അനുപാതം (ശതമാനം) | റവന്യൂ കമ്മി റവന്യൂ ചെലവ് അനുപാതം (ശതമാനം) |
|---|---|---|---|---|
| 2000 - 01 | 4451 | - | 37.5 | 26.5 |
| 2001 - 02 | 4164 | -6.4 | 35.7 | 22.3 |
| 2002 - 03 | 4250 | 2.1 | 28.8 | 27.9 |
| 2003 - 04 | 5120 | 20.5 | 33.0 | 23.7 |
| 2004 - 05 | 5410 | 5.7 | 31.5 | 21.4 |
| 2005 - 06 | 5678 | 5.0 | 30.8 | 17.0 |
| 2006 - 07 | 6638 | 16.9 | 31.9 | 12.7 |
| 2007 - 08 | 7757 | 16.9 | 31.2 | 15.2 |
| 2008 - 09 | 9146 | 17.9 | 32.4 | 13.1 |
| 2009 - 10 | 9894 | 8.2 | 31.8 | 16.1 |
| 2010 - 11 | 11178 | 13.0 | 32.2 | 10.6 |
| 2011 - 12 | 16229 | 45.2 | 35.2 | 17.4 |
| 2012 - 13 | 17505 | 7.9 | 32.7 | 17.5 |
| 2013 - 14 | 19554 | 11.7 | 32.3 | 18.7 |
| 2014 - 15 | 21621 | 10.6 | 30.1 | 19.2 |

*Source:* Same as Table 51.

## കേന്ദ്ര നിരക്കിൽ ഡി.എ

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കേന്ദ്ര നിരക്കിൽ ഡി.എ. വർദ്ധന നൽകുന്നത് ഗൗരവമായ ക്രമക്കേടും അനാവശ്യ അധിക ചെലവുമാണ്. പത്ത് വർഷത്തിലൊരിക്കൽ കേന്ദ്രത്തിൽ നടത്തുന്ന ശമ്പള പരിഷ്കരണത്തിലൂടെ തിട്ടപ്പെടുത്തുന്ന അടിസ്ഥാന ശമ്പളത്തിനാണ് കേന്ദ്ര സർക്കാർ ഡി.എ. നൽകുന്നത്. എന്നാൽ ഇത് കേരളത്തിൽ അഞ്ചു വർഷത്തിലൊരിക്കൽ തിട്ടപ്പെടുത്തുന്ന അടിസ്ഥാന ശമ്പളത്തിനാണ് നൽകു

ന്നത്. അതുകൊണ്ട് പത്തു വർഷത്തിലൊരിക്കൽ മാത്രം ശമ്പള പരിഷ്കരണം നടത്തുന്നവർക്ക് മാത്രം അർഹതപ്പെട്ട വർദ്ധനം അതിനു അർഹതയില്ലാത്ത കേരളത്തിലെ ജീവനക്കാർക്ക് ലഭിക്കുന്നു. ഇതിന് ഒരു നീതീകരണവും ഇല്ല. സാമാന്യ നീതിയനുസരിച്ച് കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന ഡി.എ വർദ്ധന നിരക്കിന്റെ പകുതിക്ക് മാത്രമെ സംസ്ഥാന ജീവനക്കാർക്ക് അർഹതയുള്ളു. അതുകൊണ്ട് കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന ഡി.എ. വർദ്ധന നിരക്കിന്റെ പകുതി നിരക്ക് മാത്രം സംസ്ഥാനത്ത് നടപ്പിലാക്കുകയാണ് വേണ്ടത്.

ശമ്പള ചെലവ് കുതിച്ചുയരാനുള്ള മറ്റു കാരണങ്ങൾ താഴെ പറയുന്നവയാണ്. (1) സർക്കാർ ജീവനക്കാർക്ക് പ്രൊമോഷൻ കിട്ടാൻ വേണ്ടി സൃഷ്ടിച്ചിരിക്കുന്ന പ്രൊമോഷൻ ഗ്രേഡുകൾ, തസ്തികകൾ തുടങ്ങിയവ. ഒരാൾ സംസ്ഥാന സർവ്വീസിൽ ക്ലാർക്കായി പ്രവേശിച്ചു കഴിഞ്ഞാൽ പത്തുവർഷം കൊണ്ട് പല ഉയർന്ന ഗ്രേഡുകളിലും പ്രൊമോഷൻ നൽകുന്ന രീതിയാണ് നിലവിലുള്ളത്. കേന്ദ്ര സർക്കാർ സെക്രട്ടറിയേറ്റിൽ ഒരു ക്ലാർക്കായി സർവ്വീസിൽ കയറുന്ന ഒരാൾ ഒരു സെക്ഷൻ ഓഫീസറോ, ഒരു ജൂനിയർ ഓഫീസാറായോ ആയി മുപ്പത്തഞ്ചു വർഷത്തെ സർവ്വീസ് കഴിഞ്ഞു വിരമിക്കുന്നു. എന്നാൽ സംസ്ഥാന സെക്രട്ടറിയേറ്റിൽ ക്ലാർക്കായി സർവ്വീസിൽ കയറുന്ന ആൾ സെക്ഷൻ ഓഫീസിനു മുകളിലുള്ള അണ്ടർ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അഡിഷണൽ സെക്രട്ടറി എന്നീ ഉയർന്ന തസ്തികകളിൽവരെ 30 വർഷകാലത്തെ സർവ്വീസിൽ എത്താൻ കഴിയുന്നു. അനാവശ്യമായ ഒട്ടനവധി ഗ്രേഡുകൾ, പ്രൊമോഷൻ തസ്തികകൾ നൽകി ശമ്പളം കൂട്ടിക്കൊടുക്കുക എന്നതാണ് ഇതിന്റെ പുറകിലുള്ള ധനരാഷ്ട്രീയം. ജീവനക്കാരുടെ സംഘടനകൾ സംസ്ഥാനം ഭരിക്കുന്ന പ്രധാന രാഷ്ട്രീയ പാർട്ടികളുടെ ഉപസംഘടനകളായതുമൂലം ഇത്തരത്തിലുള്ള അനർഹമായ പ്രൊമോഷൻ സാധ്യതകളിൽ മാറ്റമില്ലാതെ നിലനിർത്താനും അവർക്കു കഴിയുന്നു.

2) സർക്കാർ എല്ലാ വകുപ്പുകളിലും കഴിഞ്ഞ കുറെ വർഷങ്ങളായി ഐ.റ്റി. സാങ്കേതിക വിദ്യയും ഇ-ഗവേണൻസും നടപ്പിലാക്കിവരുന്നു. ഇതുമൂലം ഭരണവകുപ്പുകളിലെ ജീവനക്കാരുടെ എണ്ണം ഗണ്യമായി കുറയേണ്ടതാണ്. എന്നാൽ ഇ-ഗവേണൻസ് ഒരുവശത്ത് നടപ്പിലാക്കുകയും മറുവശത്ത് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുന്ന അനാരോഗ്യകരമായ സ്ഥിതിയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. കമ്പ്യൂട്ടറോ മറ്റു ആധുനിക ഭരണ രീതികളോ ഇല്ലാതിരുന്ന പഴയ കാലത്തെ ഓഫീസ്

നടത്തിപ്പിന് നിശ്ചയിച്ച സ്റ്റാഫ് പാറ്റേണാണ് ഇ-ഗവേണൻസ് നിലവിൽ വന്നിട്ടും അനുവർത്തിക്കുന്നത്. ദേശസാൽകൃത ബാങ്കുകളിലും കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലും ഇ-ഗവേണൻസ് നടപ്പിലാക്കിയതുമൂലം ജീവനക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി. ഓഫീസ് പ്രവർത്തന ശൈലിയിലും വലിയ മാറ്റം വന്നു. എന്നാൽ അത്തരത്തിലുള്ള മാറ്റമുണ്ടാകാത്തതുമൂലം പല വകുപ്പുകളിലും ആവശ്യത്തിലധികം പേർ നിലനിൽക്കുന്നു.

3) താൽക്കാലിക ആവശ്യങ്ങൾക്കു വേണ്ടി രൂപീകരിച്ച് എസ്റ്റബ്ളിഷ്മെന്റുകളിലെ ജീവനക്കാരെ ആവശ്യം കഴിഞ്ഞാലും നിലനിർത്തുന്ന പ്രവണതയാണ് മറ്റൊന്ന്. പദ്ധതികളും പ്രോജക്ടുകളും നടപ്പിലാക്കുന്നതിന് താൽക്കാലിക എസ്റ്റാബ്ളിഷ്മെന്റുകൾ സൃഷ്ടിക്കാറുണ്ട്. ഇത്തരം താൽക്കാലിക പ്രോജക്ടുകളിലെ ജീവനക്കാരെ പിരിച്ചുവിടാതെ നിലനിർത്തുന്ന രീതി പൊതുവിൽ അനുവർത്തിക്കുന്നു. താൽക്കാലിക ആവശ്യങ്ങൾക്കുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ആളുകളെ നിയമിക്കാറുണ്ട്. ഇത്തരം താൽക്കാലിക ജീവനക്കാരെയും പിരിച്ചുവിടാതെ നിലനിർത്തി സ്ഥിര ജീവനക്കാരാക്കുന്ന നടപടികളും തുടരുന്നു. പ്രോജക്ട് നടത്തിപ്പിനുവേണ്ടി താൽക്കാലികമായി തുടങ്ങിയതും, പദ്ധതി പൂർത്തിയാക്കിയതിനുശേഷവും നിലനിൽക്കുന്ന പ്രവർത്തനം നിലച്ച ഓഫീസുകളിൽ 33,061 താൽക്കാലിക അധിക ജീവനക്കാരെ ശമ്പളം കൊടുത്തു നിലനിർത്തിയിരിക്കുന്നതായി പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി കണ്ടെത്തി (കെ.പി.ഇ.ആർസി. 2014, മൂന്നാം റിപ്പോർട്ട്).

4) സംസ്ഥാനത്തെ സർക്കാർ സ്കൂളിലും സർക്കാർ ശമ്പളം നൽകുന്ന സ്വകാര്യ എയ്ഡഡ് സ്കൂളുകളിലും ആവശ്യത്തിലധികം അധ്യാപകരുണ്ട്. ജനസംഖ്യാ വർദ്ധന നിരക്കിലുള്ള കുറവ്, സർക്കാർ, എയ്ഡഡ് സ്കൂളുകളുടെ മോശമായ പ്രവർത്തനം, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവിർഭാവം, ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള മാറ്റം, കുട്ടികൾക്ക് മെച്ചമായ വിദ്യാഭ്യാസം നൽകണമെന്ന മാതാപിതാക്കളുടെ താൽപര്യം തുടങ്ങിയവമൂലം സർക്കാർ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വേണ്ടത്ര കുട്ടികളെ കിട്ടാത്ത അവസ്ഥയുണ്ട്. ഇതുമൂലം വളരെയധികം അധ്യാപകർ ജോലിയില്ലാത്ത അധ്യാപകരായി. ഈ അധ്യാപകരെ പിരിച്ചു വിടുകയോ, റിട്ടയർമെന്റ് വേക്കൻസികളിൽ നിയമിക്കുകയോ, പുനഃക്രമീകരിക്കുകയോ, അധ്യാപകർ കുറവുള്ള സ്കൂളുകളിലേക്ക് മാറ്റി നിയമിക്കുകയോ ചെയ്യാൻ ഈ രംഗത്തെ ശക്തമായ സമ്മർദ്ദ

ഗ്രൂപ്പുകളുടെ സമ്മർദ്ദംമൂലം സർക്കാരുകൾ തയ്യാറല്ല. തന്മൂലം ജോലി യൊന്നും ചെയ്യാത്ത അധ്യാപകരെയും "പ്രൊട്ടക്റ്റഡ്" എന്ന പേരു നൽകി ശമ്പളം നൽകുന്നു.

## 4) പെൻഷൻ ചെലവ്

സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും, സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങളും പ്രതിമാസ പെൻഷനും നൽകുന്ന പെൻഷൻ സമ്പ്ര ദായം അഥവാ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി നിലവിലുണ്ട്. ഈ പെൻഷൻ സമ്പ്രദായത്തിൽ മാറ്റം വരുത്തി കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി ഏപ്രിൽ 2013 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതുവരെ സർവ്വീസിൽ ചേർന്ന എല്ലാ ജീവന ക്കാർക്കും പെൻഷന് അർഹതയുണ്ട്. പെൻഷൻ ലഭിക്കുന്ന വ്യക്തി മരണ പ്പെട്ടാൽ പ്രസ്തുത വ്യക്തിയുടെ ആശ്രിതർക്ക് (ഭാര്യ, ഭർത്താവ്, കുട്ടികൾ) ഫാമിലി പെൻഷന് അർഹതയുണ്ട്. ഇതിനുപുറമെ മുൻ എം.എൽ.എ മാർ സ്വാതന്ത്ര്യ സമര സേനാനികൾ, കല-സാഹിത്യ രംഗങ്ങളിൽ പ്രവർ ത്തിച്ചവർ തുടങ്ങിയവർക്കും പ്രതിമാസ പെൻഷൻ നൽകുന്നു. പട്ടിക 5.20ൽ വിവിധ പെൻഷൻ ലഭിക്കുന്ന വിഭാഗക്കാരുടെ സ്ഥിതിവിവര കണ

**പട്ടിക 5.20**

**പെൻഷൻ വാങ്ങുന്നവരുടെ എണ്ണം**

| വർഷം | സർവീസ് | ഫാമിലി | മറ്റുവിഭാഗം | മൊത്തം | വർദ്ധനം (ശതമാനം) |
|---|---|---|---|---|---|
| 2007 | 235034 | 94816 | 105978 | 435828 | - |
| 2008 | 249594 | 87795 | 103662 | 441011 | 1.18 |
| 2009 | 245553 | 87896 | 95833 | 429282 | -2.65 |
| 2010 | 237644 | 87617 | 100813 | 426074 | -0.74 |
| 2011 | 251548 | 88810 | 98396 | 438754 | 2.97 |
| 2012 | 237780 | 93015 | 128637 | 459432 | 4.71 |
| 2013 | 287551 | 83722 | 97768 | 469041 | 2.09 |
| 2014 | 264790 | 92554 | 121432 | 478776 | 2.08 |

*Source:* CAG, Finance Accounts Vol. II, various years.

ക്കുകൾ നൽകിയിട്ടുണ്ട്. പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം 2007ൽ 435828 ആയിരുന്നത് 2014ൽ 478776 ആയി വർദ്ധിച്ചു. 2014ലെ മൊത്തം പെൻഷൻകാരിൽ 55 ശതമാനം സർവ്വീസ് പെൻഷൻകാരും 19 ശതമാനം ഫാമിലി പെൻഷൻകാരും 26 ശതാനം മറ്റു വിഭാഗത്തിൽപ്പെടുന്നവരുമാണ്.

പെൻഷൻ ചെലവുകളെ പ്രധാനമായും അഞ്ചിനങ്ങളായി തരം തിരിക്കാം. ഒന്ന്, പ്രതിമാസ പെൻഷൻ അഥവാ റിട്ടയർമെന്റ് അലവൻസ്. രണ്ട്, റിട്ട

**പട്ടിക 5.21**

**പെൻഷൻ ചെലവ്: ഇനംതിരിച്ച് (രൂപ കോടി)**

| | ഇനങ്ങൾ | 2009-10 | 2014-15 | വർദ്ധനം (ശതമാനം) | 2014-15ലെ വിഹിതം (%) |
|---|---|---|---|---|---|
| 1. | റിട്ടയർമെന്റ് അലവൻസ് | 2913.34 | 6154.18 | 111.2 | 54.7 |
| 2. | പെൻഷൻ കമ്മ്യൂട്ടേഷൻ | 225.81 | 820.72 | 263.5 | 7.3 |
| 3. | മറ്റു പെൻഷൻ അലവൻസുകൾ | 0.26 | 0.70 | 169.2 | 0.0 |
| 4. | ഗ്രാറ്റുവിറ്റി | 226.48 | 735.23 | 224.6 | 6.5 |
| 5. | ഫാമിലി പെൻഷൻ | 487.97 | 1226.79 | 151.4 | 10.9 |
| 6. | പെൻഷൻ നൽകാനുള്ള വിഹിതം | 0.09 | 0.19 | 111.1 | 0.0 |
| 7. | പ്രോവിഡന്റ് ഫണ്ട് | 0.02 | 0.05 | 150.0 | 0.0 |
| 8. | എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർ | 727.77 | 1870.08 | 157.0 | 16.6 |
| 9. | മുൻ എം.എൽ.എ. മാർക്കുള്ള പെൻഷൻ | 11.42 | 18.16 | 59.0 | 0.2 |
| 10. | ലീവ് എൻക്യാഷ്മെന്റ് | 55.73 | 252.03 | 352.2 | 2.2 |
| 11. | മറ്റു പെൻഷൻ | 1.03 | 1.47 | 42.7 | 0.0 |
| 12. | മറ്റു ചെലവുകൾ | 55.59 | 154.80 | 178.5 | 1.4 |
| 13. | റിക്കവറികൾ | 0.00 | -378 | - | 0.0 |
| | മൊത്തം | 4705.50 | 11252.66 | 139.1 | 100.0 |

*Source:* Same as Table 5.14

**പട്ടിക 5.22**

**പെൻഷൻ ചെലവ്: 1980-81 മുതൽ 2000-01വരെ**

| വർഷം | പെൻഷൻ (രൂപ കോടി) | വർദ്ധനം (ശതമാനം) | റവന്യൂ ചെലവിൽ പെൻഷന്റെ വിഹിതം (ശതമാനം) |
|---|---|---|---|
| 1980-81 | 32 | - | 4.8 |
| 1981-82 | 44 | 37.5 | 5.8 |
| 1982-83 | 55 | 25.0 | 7.0 |
| 1983-84 | 64 | 16.4 | 6.4 |
| 1984-85 | 76 | 18.8 | 6.7 |
| 1985-86 | 103 | 35.5 | 7.1 |
| 1986-87 | 172 | 67.0 | 10.4 |
| 1987-88 | 183 | 6.4 | 10.2 |
| 1988-89 | 186 | 1.6 | 9.0 |
| 1989-90 | 210 | 12.9 | 9.1 |
| 1990-91 | 293 | 39.5 | 10.4 |
| 1991-92 | 339 | 15.7 | 10.5 |
| 1992-93 | 372 | 9.7 | 10.2 |
| 1993-94 | 465 | 25.0 | 10.8 |
| 1994-95 | 565 | 21.5 | 11.1 |
| 1995-96 | 717 | 26.9 | 12.3 |
| 1996-97 | 754 | 5.2 | 11.1 |
| 1997-98 | 913 | 21.1 | 11.1 |
| 1998-99 | 1154 | 26.4 | 12.5 |
| 1999-2000 | 1808 | 56.7 | 15.6 |
| 2000-01 | 1929 | 6.7 | 16.2 |

*Source:* GOK, 2001, White paper on State finances 2001.

യർമെന്റ് ആനുകൂല്യങ്ങളായ പെൻഷൻ കമ്മ്യൂട്ടേഷൻ, ലീവ് എൻക്യാഷ്മെന്റ്, ഗ്രാറ്റുവിറ്റി തുടങ്ങിയവ. മൂന്ന്, ഫാമിലി പെൻഷൻ. നാല്, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ. അഞ്ച്, മറ്റിനം. പെൻഷൻ ഇനംതിരിച്ചുള്ള ചെലവ് പട്ടിക 5.21ൽ നൽകിയിട്ടുണ്ട്. 2014-15ലെ മൊത്തം പെൻഷൻ ചെലവിൽ 55 ശതമാനവും സർക്കാർ

സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്ത ജീവനക്കാരുടെ പ്രതിമാസ പെൻഷനാണ്. മൊത്തം പെൻഷൻ ചെലവിൽ 17 ശതമാനം ചെലവാക്കുന്നത് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് റിട്ടയർ ചെയ്ത ജീവനക്കാർക്കു വേണ്ടിയാണ്. റിട്ടയർമെന്റ് ആനുകൂല്യങ്ങളായ പെൻഷൻ കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി, ലീവ് എൻക്യാഷ്മെന്റ് എന്നിവയ്ക്കുവേണ്ടി 16 ശതമാനം ചെലവാക്കുന്നു. ഫാമിലി പെൻഷന് മൊത്തം ചെലവിന്റെ 11 ശതമാനത്തോളമാണ് 2009-10, 2014-15 കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ വർദ്ധനം വന്നിരിക്കുന്ന ചെലവിനങ്ങൾ, ലീവ് എൻക്യാഷ്മെന്റ്, പെൻഷൻ കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി, ഫാമിലി പെൻഷൻ, എയ്ഡഡ് മേഖലയിലെ ജീവനക്കാരുടെ പെൻഷൻ എന്നിവയാണ്.

ശമ്പള പരിഷ്കരണത്തോടൊപ്പം അഞ്ചു വർഷത്തിലൊരിക്കൽ പെൻഷനും പരിഷ്കരിക്കുന്നതുമൂലം പെൻഷൻ ചെലവും തുടർച്ചയായി വർദ്ധിക്കുന്നു. ഈ ഭാഗത്ത് 1981നുശേഷം പെൻഷൻ ചെലവിൽ വന്ന വർദ്ധനം പരിശോധിക്കുന്നു. പട്ടിക 5.22ൽ 1981 മുതൽ 2001വരെയുള്ള വാർഷിക പെൻഷൻ ചെലവും മറ്റു സൂചികകളും നൽകിയിട്ടുണ്ട്.

ശമ്പളം, ഡി.എ. എന്നിവയിൽ വർദ്ധനം നടപ്പിലാക്കുന്നതിനനുസരിച്ച് പെൻഷൻ ചെലവ് വർദ്ധിക്കുന്നു. ശമ്പള പരിഷ്കാരം മൂലം ശമ്പളത്തിൽ ഗണ്യമായ വർദ്ധനം വന്ന അതെ വർഷങ്ങളിൽ പെൻഷൻ ചെലവിലും ഗണ്യമായ വർദ്ധനം വന്നിട്ടുണ്ട്. 1986-87ൽ 67 ശതമാനവും 1990-91ൽ 39.5 ശതമാനവും 1999-2000ൽ 56.7 ശതമാനവും വർദ്ധനയുണ്ടായി. 1981-2001 വരെയുള്ള പെൻഷൻ ചെലവ് പരിശോധിച്ചാൽ ശമ്പള വർദ്ധനവിനെക്കാൾ ഉയർന്ന നിരക്കിലുള്ള വർദ്ധനയാണ് പെൻഷൻ ചെലവിൽ വന്നിട്ടുള്ളതെന്ന് കാണാം. മറ്റൊരു ശ്രദ്ധേയമായ മാറ്റം മൊത്തം റവന്യൂ ചെലവിൽ പെൻഷൻ ചെലവ് വിഹിതത്തിൽ വന്നിട്ടുള്ള വർദ്ധനയാണ്. 1980-81ൽ മൊത്തം റവന്യൂ ചെലവിൽ പെൻഷന്റെ വിഹിതം 4.8 ശതമാനായിരുന്നത് 1990-91ൽ 10.4 ശതമാനമായും 2000-2001ൽ 16.6 ശതമാനമായും വർദ്ധിച്ചു. റവന്യൂ ചെലവിനങ്ങളിൽ ഏറ്റവും ഉയർന്ന വർദ്ധനയുള്ള ചെലവിനമായി പെൻഷൻ മാറി.

അടുത്തതായി 2001നുശേഷമുള്ള പെൻഷൻ ചെലവിൽ വന്നിട്ടുള്ള വർദ്ധനം പരിശോധിക്കാം. 2001നുശേഷവും പെൻഷൻ ചെലവിൽ ഗണ്യമായ വർദ്ധനയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ശമ്പള പരിഷ്കരണം നടപ്പിലാക്കിയ വർഷങ്ങളിൽ പെൻഷന്റെ ചെലവിലും ഗണ്യമായ വർദ്ധ

**പട്ടിക 5.23**

**പെൻഷൻ ചെലവ്**

| വർഷം | പെൻഷൻ (രൂപ കോടി) | വർദ്ധനം (ശതമാനം) | റവന്യൂ ചെലവിന്റെ വിഹിതം (ശതമാനം) |
|---|---|---|---|
| 2000-01 | 1929 | - | 16.2 |
| 2001-02 | 1838 | -4.7 | 15.8 |
| 2002-03 | 2283 | 24.2 | 15.5 |
| 2003-04 | 2409 | 5.5 | 15.5 |
| 2004-05 | 2601 | 8.0 | 15.1 |
| 2005-06 | 2861 | 10.0 | 15.5 |
| 2006-07 | 3295 | 15.2 | 15.8 |
| 2007-08 | 4925 | 49.5 | 19.8 |
| 2008-09 | 4686 | -4.9 | 16.6 |
| 2009-10 | 4706 | 0.4 | 15.1 |
| 2010-11 | 5767 | 22.5 | 16.6 |
| 2011-12 | 8700 | 50.9 | 18.9 |
| 2012-13 | 8867 | 1.9 | 16.6 |
| 2013-14 | 9971 | 12.5 | 16.5 |
| 2014-15 | 11253 | 12.9 | 15.7 |

*Source:* Same as Table 5.1

നയുണ്ടായിട്ടുണ്ട്. പട്ടിക 5.23ൽ 2001നു ശേഷമുള്ള വാർഷിക പെൻഷൻ ചെലവും വാർഷിക വർദ്ധനയും റവന്യൂ ചെലവ് അനുപാതവും നൽകിയിട്ടുണ്ട്. 2007-08ൽ ശമ്പള പരിഷ്കാരത്തിന്റെ ഭാഗമായി നടത്തിയ പെൻഷൻ പരിഷ്കരണം മൂലം പെൻഷൻ ചെലവ് 49.5 ശതമാനമായി വർദ്ധിച്ചു. 2011-12ലെ പെൻഷൻ പരിഷ്കാരത്തെ തുടർന്ന് പെൻഷൻ 51 ശതമാനം വർദ്ധിച്ചു. 2001 മുതൽ 2015വരെയുള്ള കാലഘട്ടത്തിൽ റവന്യൂ ചെലവിൽ പെൻഷന്റെ വിഹിതം 15 മുതൽ 16 ശതമാനംവരെയാണ്. ശമ്പള ചെലവിന്റെ വർദ്ധനയെക്കാൾ ഉയർന്ന നിരക്കിലുള്ള വർദ്ധനയാണ് പെൻഷൻ ചെലവിൽ 2001-2015 കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ളത്.

## ശമ്പള-പെൻഷൻ ചെലവ്

ശമ്പള-പെൻഷൻ ചെലവുകൾ സംസ്ഥാന സർക്കാരിന്റെ ഏറ്റവും പ്രധാന ചെലവിനമാണ്. മാത്രവുമല്ല അഞ്ചു വർഷത്തിലൊരിക്കൽ ശമ്പള പരിഷ്കാര കമ്മിഷന്റെ ശുപാർശകൾ അനുസരിച്ച് പരിഷ്കരിക്കുന്നതു കൊണ്ട് ഈ ഇനത്തിലുള്ള ചെലവിൽ വൻ വർദ്ധനയും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ശമ്പള-പെൻഷൻ ചെലവുകളുടെ വാർഷിക ശരാശരി വർദ്ധനം, ശമ്പള-പെൻഷൻ ചെലവ്, റവന്യൂ വരവ് അനുപാതം, ശമ്പള -പെൻഷൻ ചെലവ് റവന്യൂ ചെലവ് അനുപാതം എന്നീ സൂചികകളുടെ അടിസ്ഥാനത്തിൽ ഈ ഇനങ്ങളിലെ ചെലവിന്റെ വർദ്ധനവും വ്യാപ്തിയും ഇവിടെ പരിശോധിക്കുന്നു. പട്ടിക 5.24ൽ ശമ്പള-പെൻഷൻ ചെലവിന്റെ വാർഷിക ശരാശരി വർദ്ധന നൽകിയിട്ടുണ്ട്. 1980കളുടെ ആദ്യ പകുതിയിൽ ശമ്പള ചെലവിന്റെ വാർഷിക ശരാശരി വർദ്ധനം 16.6 ശതമാനവും രണ്ടാം പകുതിയിൽ 22.2 ശതമാനവുമായിരുന്നു. എന്നാൽ 1990കളുടെ ആദ്യ പകുതിയിൽ ശമ്പള വർദ്ധനം കുറഞ്ഞതായി കാണാം. 2000ലെ ധനകാര്യ തകർച്ചയെ തുടർന്നുള്ള വർഷങ്ങളിലെ കർശനമായ ചെലവു ചുരുക്കൽ നടപടിമൂലം ശമ്പള-പെൻഷൻ വാർഷിക ശരാശരി വർദ്ധനം 5.3 ശതമാനമായി കുറഞ്ഞു. എന്നാൽ 2006നു ശേഷമുള്ള കാലഘട്ടത്തിൽ ശമ്പള ചെലവിന്റെ വാർഷിക ശരാശരി വർദ്ധനം കൂടുന്ന പ്രവണത ഉണ്ടായി.

**പട്ടിക 5.24**
**ശമ്പള പെൻഷൻ വാർഷിക ശരാശരി വർദ്ധനം**

| കാലഘട്ടം | ശമ്പളം (ശതമാനം) | പെൻഷൻ (ശതമാനം) | മൊത്തം (ശതമാനം) |
|---|---|---|---|
| 1980-81 - 1985-86 | 16.6 | 26.6 | 17.7 |
| 1986-87 - 1990-91 | 22.2 | 25.5 | 22.3 |
| 1991-92 - 1995-96 | 7.1 | 19.8 | 9.3 |
| 1996-97 - 2000-01 | 15.6 | 23.2 | 17.5 |
| 2001-02 - 2005-06 | 5.3 | 8.6 | 6.2 |
| 2006-07 - 2010-11 | 14.6 | 16.6 | 14.9 |
| 2011-12 - 2014-15 | 18.8 | 19.5 | 19.1 |

*Source:* Based on Tables 5.18, 5.19, 5.22 & 5.23

1981 മുതൽ 2015വരെയുള്ള കാലഘട്ടത്തിൽ പെൻഷൻ ചെലവിലെ വാർഷിക വർദ്ധന ശമ്പളത്തെക്കാൾ ഉയർന്നതായിരുന്നു. 1980കളിൽ പെൻഷൻ ചെലവുകളുടെ വാർഷിക ശരാശരി വർദ്ധനം ഏതാണ്ട് 26 ശതമാനമായിരുന്നു. പെൻഷൻ ചെലവുകളിൽ ഏറ്റവും കുറഞ്ഞ വർദ്ധനം രേഖപ്പെടുത്തിയിരിക്കുന്നത് 2000ത്തിലെ ധനകാര്യ തകർച്ചയെ തുടർന്നുള്ള വർഷങ്ങളിലാണ്. 2006നുശേഷം പെൻഷൻ ചെലവിൽ വീണ്ടും വർദ്ധനയുണ്ടായി.

ശമ്പള-പെൻഷൻ ചെലവുകളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധന നിരക്ക് ഏതു മാനദണ്ഡമനുസരിച്ച് നോക്കിയാലും വളരെ ഉയർന്നതാണ്. പത്തു ശതമാനംവരെയുള്ള വാർഷിക വർദ്ധനയ്ക്ക് നീതീകരണമുണ്ട്. എന്നാൽ 1990കളുടെ ആദ്യ പകുതിയിലും 21-ാം നൂറ്റാണ്ടിന്റെ ആദ്യ അഞ്ചു വർഷങ്ങളിലും മാത്രമേ വാർഷിക വർദ്ധന നിരക്ക് പത്തു ശതമാനത്തിൽ താഴെയായിരുന്നു. 2006നുശേഷം ഈ ഇനത്തിലുള്ള ചെലവിൽ ഗണ്യമായ വർദ്ധനയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 2011നുശേഷം ശമ്പള പെൻഷൻ ചെലവിലെ വാർഷിക ശരാശരി വർദ്ധനം 19 ശതമാനമാണ്.

അടുത്തതായി ശമ്പള-പെൻഷൻ ചെലവുകൾ സംസ്ഥാന റവന്യൂ വരുമാനത്തിന്റെയും റവന്യൂ ചെലവിന്റെയും എത്ര വിഹിതമാണെന്ന് പരിശോധിക്കാം. 1981ൽ മൊത്തം ശമ്പള-പെൻഷൻ ചെലവുകൾ റവന്യൂ വരവിന്റെ 51 ശതമാനമായിരുന്നു. (പട്ടിക 5.25). അതായത് സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ പകുതിയോളം തുക ശമ്പള-പെൻഷൻ

**പട്ടിക 5.25**
**ശമ്പള-പെൻഷൻ ചെലവുകൾ: സൂചികകൾ**

| വർഷം | ശമ്പള-പെൻഷൻ ചെലവ് (രൂപ കോടി) | ശമ്പള-പെൻഷൻ ചെലവ് റവന്യൂ വരവ് അനുപാതം (ശതമാനം) | ശമ്പള-പെൻഷൻ ചെലവ് റവന്യൂ ചെലവ് അനുപാതം (ശതമാനം) |
|---|---|---|---|
| 1980 - 81 | 328 | 51.3 | 49.1 |
| 1985 - 86 | 738 | 53.8 | 51.1 |
| 1990 - 91 | 1976 | 82.2 | 69.9 |
| 1995 - 96 | 2947 | 54.3 | 50.6 |
| 2000 - 01 | 6380 | 73.1 | 53.7 |

ചെലവായി ഉപയോഗിച്ചിരുന്നു. എന്നാൽ പത്തു വർഷം കഴിഞ്ഞപ്പോൾ ഈ വിഹിതം 82.2 ശതമാനമായി വർദ്ധിച്ചു. അടുത്ത ദശാബ്ദകാലത്ത് ഇതിൽ കുറവുണ്ടായെങ്കിലും 2001ൽ റവന്യൂ വരുമാനത്തിന്റെ 73 ശതമാനമായി.

മൊത്തം റവന്യൂ ചെലവിൽ ശമ്പള പെൻഷൻ ചെലവുകളുടെ വിഹിതം എത്രയാണെന്ന് പരിശോധിക്കാം. 1981ൽ മൊത്തം റവന്യൂ ചെലവിന്റെ പകുതിയോളം (49 ശതമാനം) ശമ്പള-പെൻഷൻ ചെലവായിരുന്നു. എന്നാൽ പത്തു വർഷം കഴിഞ്ഞപ്പോൾ ഇത് 70 ശതമാനമായി വർദ്ധിച്ചു. തുടർന്ന് ഈ ചെലവിന്റെ അനുപാതത്തിൽ കുറവുണ്ടായി. 2001ൽ റവന്യൂ ചെലവിന്റെ 54 ശതമാനത്തോളം ഉപയോഗിച്ചിരുന്നത് ശമ്പള-പെൻഷൻ ചെലവുകൾക്കു വേണ്ടിയായിരുന്നു.

**പട്ടിക 5.26**
**ശമ്പള-പെൻഷൻ ചെലവ്: സൂചികകൾ**

| വർഷം | മൊത്തം ശമ്പള പെൻഷൻ ചെലവ് (രൂപ കോടി) | റവന്യൂ വരവിന്റെ വിഹിതം (ശതമാനം) | റവന്യൂ ചെലവിന്റെ വിഹിതം (ശതമാനം) | മൊത്തം സർക്കാർ ചെലവിന്റെ വിഹിതം (%) |
|---|---|---|---|---|
| 2000–01 | 6380 | 73.1 | 53.7 | 50.1 |
| 2001–02 | 6002 | 66.3 | 51.5 | 48.5 |
| 2002–03 | 6533 | 61.4 | 44.3 | 41.6 |
| 2003–04 | 7529 | 63.7 | 48.6 | 43.2 |
| 2004–05 | 8011 | 59.3 | 46.7 | 44.4 |
| 2005–06 | 8539 | 55.8 | 46.3 | 43.7 |
| 2006–07 | 9933 | 54.6 | 47.7 | 45.0 |
| 2007–08 | 12682 | 60.1 | 50.9 | 46.5 |
| 2008–09 | 13832 | 56.4 | 49.0 | 44.6 |
| 2009–10 | 14600 | 55.9 | 46.9 | 42.9 |
| 2010–11 | 16945 | 54.7 | 48.9 | 43.7 |
| 2011–12 | 24929 | 65.6 | 54.1 | 49.0 |
| 2012–13 | 26372 | 59.8 | 49.3 | 44.5 |
| 2013–14 | 29525 | 60.0 | 48.8 | 44.6 |
| 2014–15 | 32874 | 56.7 | 45.8 | 42.8 |

*Source:* Same as Table 5.1

രണ്ടായിരത്തി ഒന്നിന് ശേഷമുള്ള ശമ്പള-പെൻഷൻ ചെലവുകൾ ചില സൂചികകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കാം. പട്ടിക 5.26ൽ 2001നുശേഷമുള്ള ശമ്പള-പെൻഷൻ ചെലവുകളും സൂചികകളും നൽകിയിട്ടുണ്ട്. 2001നുശേഷം ശമ്പള-പെൻഷൻ ചെലവിന്റെ വ്യാപ്തിയിലും ഘടനയിലും വന്ന മാറ്റങ്ങൾ താഴെ പറയുന്നു. എന്നാൽ 2001നുശേഷമുള്ള മാറ്റങ്ങളുടെ വിശകലനത്തിൽ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. 2001 ഒരു സാധാരണ വർഷമായിരുന്നില്ല. സംസ്ഥാന ചരിത്രത്തിലെ ഏറ്റവും രൂക്ഷമായ ധനകാര്യ തകർച്ച നേരിട്ട വർഷമായിരുന്നു. അതുകൊണ്ട് 2001ലെ ധനസ്ഥിതി മറ്റു വർഷങ്ങളുമായി താരതമ്യപ്പെടുത്തുന്നതിന് ഒട്ടേറെ പരിമിതികളുണ്ട്. ഈ കാരണത്താൽ 2002-03ലെ ധനസ്ഥിതിയുടെ അടിസ്ഥാനത്തിലാണ് മറ്റു വർഷങ്ങളിലെ മാറ്റങ്ങളെ താരതമ്യപ്പെടുത്തിയിരിക്കുന്നത്. പ്രധാനമായി ഉണ്ടായ മാറ്റങ്ങൾ താഴെ പറയുന്നവയാണ്.

ഒന്ന്, മൊത്തം റവന്യൂ വരവിൽ ശമ്പള-പെൻഷൻ ചെലവിന്റെ അനുപാതം കുറഞ്ഞു വരുന്ന പ്രവണത ദൃശ്യമാണ്. 2003ൽ മൊത്തം റവന്യൂ വരുമാനത്തിന്റെ 61 ശതമാനത്തോളം തുക ശമ്പള-പെൻഷൻ ചെലവുകൾക്കുവേണ്ടി ചെലവാക്കിയിരുന്നു. ഇവ 2010-11ൽ 54.7 ശതമാനമായും 2014-15ൽ 56.7 ശതമാനമായും മാറി. രണ്ട്, മൊത്തം റവന്യൂ-ചെലവിൽ ശമ്പള-പെൻഷൻ ചെലവുകളുടെ വിഹിതത്തിൽ വർദ്ധനയുണ്ടായി. 2003ൽ ഈ വിഹിതം 44.3 ശതമാനമായിരുന്നത് 2011ൽ 49 ശതമാനമായും വർദ്ധിച്ചു. ഇത് 2015ൽ 45.8 ശതമാനമായും കുറഞ്ഞു. മൂന്ന്, സർക്കാരിന്റെ മൊത്തം ചെലവിൽ ശമ്പള-പെൻഷൻ ചെലവുകളുടെ വിഹിതം വർദ്ധിക്കുന്ന പ്രവണതയാണ് ഉണ്ടായത്. 2003ൽ മൊത്ത ചെലവിന്റെ 41.6 ശതമാനം ശമ്പള-പെൻഷൻ ചെലവുകൾക്കായി ചെലവാക്കിയിരുന്നു. ഇത് പിൽക്കാലത്ത് 49 ശതമാനംവരെ വർദ്ധിച്ചു (2011-12). 2014-15ൽ ഈ ചെലവിന്റെ വിഹിതം 43 ശതമാനമായിരുന്നു. ചുരുക്കത്തിൽ സംസ്ഥാന സർക്കാരിന്റെ മൊത്തം ചെലവിൽ ശമ്പള-പെൻഷൻ ചെലവിന്റെ വിഹിതം 42 ശതമാനം മുതൽ 49 ശതമാനം വരെയായിരുന്നു.

## 5) സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ടീച്ചിംഗ് ഗ്രാന്റ്

സംസ്ഥാന സർക്കാരിന്റെ രണ്ടാമത്തെ ഏറ്റവും വലിയ ചെലവിനമാണ് സ്വകാര്യ എയ്ഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കു

നൽകുന്ന ശമ്പളവും റിട്ടയർ ചെയ്യുന്നവർക്കു നൽകുന്ന പെൻഷനും. സ്വകാര്യ എയ്ഡഡ് സ്കൂൾ, കോളേജ് അദ്ധ്യാപകരെ സ്വകാര്യ സ്ഥാപനങ്ങളുടേ മാനേജ്മെന്റാണ് നിയമിക്കുന്നതെങ്കിലും അവരുടെ ശമ്പളവും പെൻഷനും നൽകുന്നത് സംസ്ഥാന സർക്കാരാണ്. ഒരു സർക്കാർ സ്കൂളിലോ കോളേജിലോ അദ്ധ്യാപകന് ലഭിക്കുന്ന നിരക്കിൽ ശമ്പളവും മറ്റു ആനുകൂല്യങ്ങളും പെൻഷനും സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ലഭിക്കുന്നു. എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കു സർക്കാർ നിരക്കിൽ ശമ്പളം നൽകാൻ തുടങ്ങിയത് 1953 മുതലാണ്. സ്വകാര്യ ആർട്ട് ആന്റ് സയൻസ് കോളേജിലെ അദ്ധ്യാപകർക്ക് സർക്കാർ കോളേജിലെ അദ്ധ്യാപകരുടെ നിരക്കിൽ ശമ്പളം നൽകാൻ തുടങ്ങിയത് 1973 മുതലാണ്. 1950കളിൽ വിദ്യാഭ്യാസ രംഗത്തും സാമ്പത്തിക വികസനത്തിലും വളരെ പിന്നോക്കം നിന്ന സംസ്ഥാനത്തിന് സ്കൂൾ വിദ്യാഭ്യാസ വികസനത്തിന് ഇത്തരത്തിലുള്ള നയം അനിവാര്യമായിരുന്നു. എന്നാൽ കഴിഞ്ഞ അറുപതു വർഷക്കാലത്ത് വിദ്യാഭ്യാസരംഗത്ത് വിപ്ലവകരമായ മാറ്റം ഉണ്ടായെങ്കിലും സർക്കാർ ശമ്പളം നൽകുന്ന എയ്ഡഡ് സമ്പ്രദായം ഇപ്പോഴും നിലനിൽക്കുന്നു. എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ കുട്ടികളെ കിട്ടാതെ ഒട്ടനവധി സ്കൂളുകൾ അടച്ചുപൂട്ടേണ്ട സ്ഥിതിയിലാണ്. സ്വകാര്യ മേഖലയിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ പുതിയ സ്കൂളുകൾ തുടങ്ങാൻ സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും തയ്യാറാണ്. എങ്കിലും എയ്ഡഡ് മേഖലയിലെ സമ്മർദ്ദ ഗ്രൂപ്പുകളുടെ താൽപര്യത്തിനു വഴങ്ങി ധാരാളം സ്കൂളുകൾ എയ്ഡഡ് മേഖലയിൽ തുടങ്ങി ഖജനാവിന് താങ്ങാനാവാത്ത സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നു. എയ്ഡഡ് മേഖലയിൽ അദ്ധ്യാപക നിയമനത്തിന് വൻ കോഴ വാങ്ങാനുള്ള സാധ്യതയുമുണ്ട്. ഒരു ഹൈസ്കൂൾ, പ്ലസ്ടൂ അദ്ധ്യാപക നിയമനത്തിന് 50 ലക്ഷത്തിലധികം രൂപ കോഴ വാങ്ങുന്നതായി പത്ര റിപ്പോർട്ടുകളുണ്ട്. എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്ക് സർക്കാർ സർവ്വീസിലെ ജീവനക്കാർക്ക് ബാധകമായ സർവ്വീസ് നിയമങ്ങൾ ബാധകമല്ല. തെരഞ്ഞെടുപ്പിൽ മത്സരിക്കാനും രാഷ്ട്രീയ പ്രവർത്തനം നടത്താനും മറ്റു സ്വകാര്യ പ്രവർത്തനങ്ങൾ നടത്താനും സ്വാതന്ത്ര്യമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ കുറെപേർ സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരാണ്. രാഷ്ട്രീയ പ്രവർത്തനം മുഴുവൻ സമയ പ്രവർത്തനമായും അദ്ധ്യാപക ജോലി പാർട്ട് ടൈം പ്രവർത്തനവുമായി കഴിയുന്ന അദ്ധ്യാപകർ ധാരാളമുണ്ട്.

### പട്ടിക 5.27

## സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ: സർക്കാർ, സ്വകാര്യ എയ്ഡഡ് (എണ്ണം) 2014-15.

| | സർക്കാർ | സ്വകാര്യ എയ്ഡഡ് | സ്വകാര്യ അൺ എയ്ഡഡ് | മൊത്തം | സ്വകാര്യ എയ്ഡഡ് (ശതമാനം) |
|---|---|---|---|---|---|
| 1. സ്കൂളുകൾ | | | | | |
| 1) ഹൈസ്കൂൾ | 1161 | 1406 | 397 | 2964 | 47.4 |
| 2) യു.പി. സ്കൂൾ | 857 | 1846 | 205 | 2908 | 63.5 |
| 3) എൽ.പി.സ്കൂൾ | 2601 | 3893 | 249 | 6743 | 57.7 |
| 4) മൊത്തം | 4619 | 7145 | 851 | 12615 | 56.6 |
| 2. ഹയർ സെക്കന്ററി സ്കൂൾ* | 832 | 850 | 389 | 2071 | 41.0 |
| 3. വൊക്കേഷണൽ ഹയർ സെക്കന്ററി | 261 | 128 | - | 389 | 32.9 |
| 4. ആർട്ട് ആന്റ് സയൻസ് കോളേജ് | 58 | 152 | N.A | 210 | 72.4 |
| 5. എഞ്ചിനീയറിംഗ് കോളേജ് | 9 | 3 | 152 | 164 | 1.8 |
| 6. പോളിടെക്നിക് | 43 | 6 | N.A | 49 | 12.2 |
| 7. മെഡിക്കൽ കോളേജ് | 8 | - | N.A | - | - |
| 8. ഹോമിയോ മെഡിക്കൽ കോളേജ് | 2 | 3 | 1 | 6 | 50.0 |
| 9. ആയുർവേദ മെഡിക്കൽ കോളേജ് | 3 | 2 | 11 | 16 | 12.5 |

* 2013 വർഷം N.A ലഭ്യമല്ല.

*Source:* SPB, 2016, Economic Review 2015, Vol. II

സംസ്ഥാനത്ത് മൂന്നു വിഭാഗം സ്കൂളുകളുണ്ട്. സർക്കാർ, സ്വകാര്യ എയ്ഡഡ്, സ്വകാര്യ സ്കൂളുകൾ. സംസ്ഥാനത്തെ 2014–15 ലെ മൊത്തം വിദ്യാഭ്യാസ സ്ഥാപനങ്ങളും അവ മൂന്നു വിഭാഗമായി തിരിച്ച കണക്കുകൾ പട്ടിക 5.27ൽ കൊടുത്തിട്ടുണ്ട്. മൊത്തം സ്കൂളുകളിൽ 57 ശതമാനം സ്വകാര്യ എയ്ഡഡ് സ്കൂളുകളുമാണ്. മൊത്തം ഹൈസ്കൂളിൽ 47 ശതമാനവും, അപ്പർ പ്രൈമറി സ്കൂളുകളിൽ 63 ശതമാനവും, ലോവർ പ്രൈമറി സ്കൂളുകളിൽ 58 ശതമാനവും സ്വകാര്യ എയ്ഡഡ് സ്കൂളുകളാണ്. ഹയർ സെക്കന്ററി സ്കൂളുകളുടെ കാര്യത്തിലും നല്ലൊരു ഭാഗവും സ്വകാര്യ എയ്ഡഡ് സ്കൂളുകളാണ്. മൊത്തം ഹയർ സെക്കന്ററി സ്കൂളുകളിൽ 41 ശതമാനവും, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ 33 ശതമാനവും എയ്ഡഡ് സ്കൂളുകളാണ്. സംസ്ഥാനത്തെ മൊത്തം സർക്കാർ, സ്വകാര്യ എയ്ഡഡ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ 210 ആണ്. ഇവയിൽ 152 എണ്ണവും സ്വകാര്യ എയ്ഡഡ് കോളേജുകളാണ്. എന്നാൽ മൂന്ന് എഞ്ചിനീയറിംഗ് കോളേജുകളും ആറ് പോളിടെക്നിക്കുകളും മാത്രമെ എയ്ഡഡ് മേഖലയിലുള്ളു. ചുരുക്കത്തിൽ സ്കൂളുകൾ, ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവയുടെ സിംഹഭാഗവും സ്വകാര്യ എയ്ഡഡ് മേഖലയിലാണ്.

**പട്ടിക 5.28**

**സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജീവനക്കാരുടെ എണ്ണം**

| വർഷം | സർക്കാർ വകുപ്പുകൾ | സ്വകാര്യ എയ്ഡഡ് | മൊത്തം ജീവനക്കാർ | സ്വകാര്യ എയ്ഡഡ് ജീവനക്കാരുടെ ശതമാനം |
|---|---|---|---|---|
| 2008 | 357143 | 146063 | 503206 | 29.02 |
| 2012 | 361313 | 141362 | 502675 | 28.12 |
| 2013 | 361603 | 140954 | 502557 | 28.04 |
| 2014 | 363992 | 142564 | 506556 | 28.12 |
| 2016 | 368296 | 140512 | 508808 | 27.62 |

*Source:* GOK, Appendix 1, Kerala Budget, Various years

## പട്ടിക 5.29
## സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും എണ്ണം

| വിഭാഗം | മാർച്ച് 2008 | മാർച്ച് 2016 | വർദ്ധനം ശതമാനം |
|---|---|---|---|
| I) അദ്ധ്യാപകർ | | | |
| 1) സ്കൂളുകൾ | 117290 | 112564 | −4.0 |
| 2) ആർട്സ് ആന്റ് സയൻസ് കോളേജുകൾ | 10015 | 10539 | 5.2 |
| 3) എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക് | 912 | 952 | 4.4 |
| 4) ആയുർവേദ കോളേജ് | 98 | 89 | −9.2 |
| 5) ഹോമിയോ കോളേജ് | 90 | 130 | 44.4 |
| മൊത്തം | 128405 | 124274 | −3.2 |
| II) അനദ്ധ്യാപകർ | | | |
| 1) സ്കൂളുകൾ | 10830 | 9441 | −12.8 |
| 2) ആർട്സ് ആന്റ് സയൻസ് കോളേജുകൾ | 6079 | 6075 | −0.1 |
| 3) എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക് | 453 | 432 | −4.6 |
| 4) ആയുർവേദ കോളേജ് | 178 | 181 | 1.7 |
| 5) ഹോമിയോ കോളേജ് | 118 | 109 | −7.6 |
| മൊത്തം | 17658 | 16238 | −8.0 |
| ആകെ മൊത്തം (I + II) | 146063 | 140512 | −3.8 |

*Source:* GOK, Appendix I (Details of Staf), Kerala Budget 2008-09 and 2016-17

സർക്കാർ ഫണ്ട് ഉപയോഗിച്ച് ട്രഷറി വഴി ശമ്പളം നൽകുന്ന സർക്കാർ ജീവനക്കാരും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരുമുൾപ്പെടെ സംസ്ഥാനത്ത് 2016ൽ 508808 ജീവനക്കാരുണ്ട്. പട്ടിക 5.28ൽ 2008നുശേഷമുള്ള സർക്കാർ വകുപ്പുകളിലേക്കും സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെ എണ്ണം നൽകിയിട്ടുണ്ട്. മൊത്തം ജീവനക്കാരിൽ 28 ശതമാനം പേരും സ്വകാര്യ എയ്ഡഡ് വിദ്യാ

ഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരാണ്. 2016ലെ മൊത്തം എയ്ഡഡ് മേഖലയിലെ ജീവനക്കാരിൽ 124274 പേർ അദ്ധ്യാപകരും 16238 പേർ അനധ്യാപകരുമാണ്. പട്ടിക 5.29ൽ അദ്ധ്യാപകരുടെ വിഭാഗം തിരിച്ചുള്ള സ്ഥിതി വിവര കണക്കുകൾ നൽകിയിട്ടുണ്ട്. മൊത്തം എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരിൽ 91 ശതമാനം പേരും സ്കൂൾ അദ്ധ്യാപകരാണ്. സ്കൂളുകൾക്കു പുറമെ ആർട്സ് ആന്റ് സയൻസ് കോളേജുകൾ, എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്, ആയുർവേദ കോളേജ്, ഹോമിയോ കോളേജ് എന്നീ സ്ഥാപനങ്ങളും എയ്ഡഡ് മേഖലയിലുണ്ട്. എയ്ഡഡ് മേഖലയിലെ ആർട്സ് ആന്റ് സയൻസ് കോളേജധ്യാപകർക്കു യു.ജി.സി. നിരക്കിലും എഞ്ചിനീയറിംഗ് കോളേജിലുള്ളവർക്കു എ.ഐ.സി.റ്റി.ഇ നിരക്കിലുള്ള ശമ്പളം നൽകുന്നു.

സംസ്ഥാന സർക്കാരിന്റെ ശമ്പളയിനത്തിലുള്ള ചെലവിൽ ഏതാണ്ട് മൂന്നിൽ ഒന്നും സ്വകാര്യ എയ്ഡഡ് മേഖലയിലെ ശമ്പളത്തിനുവേണ്ടി ചെലവാക്കുന്നു (ടീച്ചിംഗ് ഗ്രാന്റ്). പട്ടിക 5.30ൽ സർക്കാർ ജീവനക്കാർക്കു വേണ്ടി ചെലവാക്കുന്ന മൊത്തം ശമ്പളവും സ്വകാര്യ എയ്ഡഡ് മേഖലയിൽ ജീവനക്കാർക്കു നൽകുന്ന ശമ്പളവും നൽകിയിട്ടുണ്ട്. 2014–15ൽ മൊത്തം ശമ്പള ചെലവിന്റെ 30.6 ശതമാനമാണ് സ്വകാര്യ എയ്ഡഡ് മേഖലയുടെ വിഹിതം.

**പട്ടിക 5.30**

**മൊത്തം ശമ്പള ചെലവിൽ ടീച്ചിംഗ് ഗ്രാന്റിന്റെ വിഹിതം**

| വർഷം | മൊത്തം ശമ്പളം (രൂപ കോടി) | സ്വകാര്യ എയ്ഡഡ് സ്ഥാപനങ്ങൾക്കുള്ള ടീച്ചിംഗ് ഗ്രാന്റ് (രൂപ കോടി) | ടീച്ചിംഗ് ഗ്രാന്റിന്റെ വിഹിതം (ശതമാനം) |
|---|---|---|---|
| 2008 – 09 | 9146 | 3003 | 32.8 |
| 2009 – 10 | 9894 | 3124 | 31.6 |
| 2010 – 11 | 11178 | 3555 | 31.8 |
| 2011 – 12 | 16229 | 5076 | 31.3 |
| 2012 – 13 | 17505 | 5547 | 31.7 |
| 2013 – 14 | 19554 | 6084 | 31.1 |
| 2014 – 15 | 21621 | 6614 | 30.6 |

*Source:* GOK, Budget in brief, various issues

സ്വകാര്യ എയ്ഡഡ് സ്കൂളുകൾ ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം വേണ്ടത്ര കുട്ടികളെ കിട്ടുന്നില്ല എന്നതാണ്. 1950കൾ മുതൽ 1980കൾവരെ ജനസംഖ്യ നിരക്കിൽ വളർച്ചയുണ്ടായിരുന്നതുമൂലം സ്കൂളുകളിൽ ആവശ്യത്തിന് വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. എന്നാൽ പിൽക്കാലത്ത് ജനസംഖ്യ വർദ്ധന നിരക്കിൽ വലിയ കുറവുണ്ടായി. കൂടുതൽ സൗകര്യങ്ങളുള്ള സ്വകാര്യ സ്കൂളുകൾ പ്രത്യേകിച്ച് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സംസ്ഥാനത്തുണ്ടായി. എയ്ഡഡ് സ്കൂളുകൾ വിട്ട് സ്വകാര്യ സ്കൂളുകളിൽ വിദ്യാർത്ഥികൾ ചേരുന്ന പ്രവണത വർദ്ധിച്ചു. തന്മൂലം വേണ്ടത്ര കുട്ടികളില്ലാത്ത അഥവാ അൺ എക്കണോമിക് സ്കൂളുകളുടെ എണ്ണത്തിൽ വലിയ വർദ്ധനയുണ്ടായി. ഒരു സ്കൂളിലെ ഒരു സ്റ്റാൻഡേർഡിൽ 25 കുട്ടികളെങ്കിലും ഇല്ലാത്ത സ്കൂളിനെ അൺ എക്കണോമിക് എന്നു പറയുന്നു. 2011ൽ ഈ നിർവചനത്തിൽ മാറ്റം വരുത്തി 15 കുട്ടികളായി കുറച്ചു.

കഴിഞ്ഞ ഒരു ദശാബ്ദ കാലത്ത് അൺ എക്കണോമിക് സ്കൂളുകളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. പട്ടിക 5.31ൽ അൺ എക്കണോമിക് എയ്ഡഡ് സ്കൂളുകളുടെ എണ്ണം നൽകിയിട്ടുണ്ട്. 2004-05ൽ 1416 അൺ എക്കണോമിക് സ്കൂളുകൾ ഉണ്ടായിരുന്നത് 2013-14ൽ 2882 ആയി വർദ്ധിച്ചു. 2004-05ൽ മൊത്തം എയ്ഡഡ് സ്കൂളുകളിൽ 19.4 ശതമാനം അൺ എക്കണോമിക് ആയിരുന്നത് 2013 -14ൽ 40 ശതമാനമായി വർദ്ധിച്ചു. പട്ടികയനുസരിച്ച് സംസ്ഥാനത്തെ എയ്ഡഡ് ലോവർ പ്രൈമറി സ്കൂളുകളിൽ 60 ശതമാനവും അൺ എക്കണോമിക് ആണ്. എന്നാൽ അൺ എക്കണോമിക് ആയ ഹൈസ്കൂളുകളുടെ എണ്ണം കുറവാണ്. (5.5 ശതമാനം). കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി 2013-ൽ സംസ്ഥാനത്ത് 10ൽ താഴെ കുട്ടികളുള്ള 181 ലോവർ, പ്രൈമറി സ്കൂളുകൾ ഉണ്ടെന്നു കണ്ടെത്തി. ഇവയിൽ 116 സ്കൂളുകളും എയ്ഡഡ് സ്കൂളുകളും 65 എണ്ണം സർക്കാർ സ്കൂളുകളുമാണ് (KPERC, Third Report 2012-13). കെ.പി.ഇ.ആർ.സി സ്വകാര്യ എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിൽ താഴെപ്പറയുന്ന ശുപാർശകളാണ് നൽകിയിട്ടുള്ളത്. (1) സ്വകാര്യ എയ്ഡഡ് മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിക്കരുത്. (2) അൺ എക്കണോമിക് സ്കൂളുകളും, അധിക അദ്ധ്യാപകരെയും കണ്ടെത്താൻ മുമ്പ് നടത്തിയിരുന്നതുപോലെ കുട്ടികളുടെ എണ്ണം നേരിട്ട് വിദ്യാഭ്യാസ വകുപ്പ് പരിശോധിക്കണം. ഇതിനു പുറമെ ആധാർ ഐഡന്റിഫിക്കേഷൻ കാർഡും ഉപയോഗിക്കണം. (3) ഒരു സ്റ്റാൻഡേർഡിൽ 15

കുട്ടികൾ പോലുമില്ലാത്ത അൺ എക്കണോമിക് സ്കൂളുകളിൽ പുതിയ അദ്ധ്യാപകരെ നിയമിക്കാൻ പാടില്ല. അധിക അദ്ധ്യാപകരെ പുനർവിന്യ സിക്കുകയോ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുകയോ വേണം. (4) പത്ത് കുട്ടികളിൽ താഴെ മാത്രം ഉള്ള സ്കൂളുകൾ അടച്ചുപൂട്ടുകയും ഈ സ്കൂളിലെ കുട്ടികൾക്ക് സമീപ സ്കൂളുകളിൽ പഠിക്കാൻ സൗകര്യവും ഏർപ്പെടുത്തണം. ഇത്തരത്തിൽ അനാവശ്യ ചെലവുകൾ ചുരുക്കാനാ യുള്ള നിർദ്ദേശങ്ങൾ കെ.പി.ഇ.ആർ.സി. നൽകിയെങ്കിലും അവ നടപ്പി ലാക്കാൻ സർക്കാർ തയ്യാറായിട്ടില്ല. സ്വകാര്യ, എയ്ഡഡ് മേഖലയിലെ ശക്തരായ സമ്മർദ്ദ ഗ്രൂപ്പുകളുടെ താൽപര്യമനുസരിച്ച് അൺ എക്കണോ മിക് സ്കൂളുകളിലും പുതിയ സ്ഥിരം നിയമനം നടത്താനും പത്തിൽ താഴെ കുട്ടികളുള്ള സ്കൂളുകളെ നിലനിർത്താനും വലിയ ധനബാദ്ധ്യത സൃഷ്ടിക്കുന്ന പുതിയ സ്കൂളുകൾ (പ്ലസ്ടു) അനുവദിക്കുന്ന നയമാണ് സർക്കാരുകൾ  അനുവർത്തിക്കുന്നത്.

**പട്ടിക 5.31**

**അൺ എക്കണോമിക് എയ്ഡഡ് സ്കൂളുകളുടെ എണ്ണം**

| വർഷം | ലോവർ പ്രൈമറി | അപ്പർ പ്രൈമറി | ഹൈസ്കൂൾ | മൊത്തം |
|---|---|---|---|---|
| 2004 – 05 | 1127<br>(28.2) | 266<br>(14.2) | 23<br>(1.6) | 116<br>(19.4) |
| 2009 – 10 | 1708<br>(42.9) | 244<br>(13.0) | 36<br>(2.5) | 1988<br>(27.3) |
| 2013 – 14 | 2324<br>(59.7) | 480<br>(26.0) | 78<br>(5.5) | 2882<br>(40.3) |

ബ്രാക്കറ്റിൽ: മൊത്തം എയ്ഡഡ് സ്കൂളുകളിൽ അൺ എക്കണോമിക് സ്കൂളുകളുടെ ശതമാനം.

Source: KPERC (2014) Report of the KPERC, Third Committee, Third Report.

## 6) വിദ്യാഭ്യാസ ചെലവ്

സംസ്ഥാന സർക്കാരിന്റെ ഒരു പ്രധാന ചെലവാണ് വിദ്യാഭ്യാസ ചെലവ്. സർക്കാർ സ്ഥാപനങ്ങളും സ്വകാര്യ എയ്ഡഡ് സ്ഥാപനങ്ങൾക്ക് ടീച്ചിംഗ് ഗ്രാന്റ് നൽകുന്നതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നാലായി തിരിക്കാം. ഒന്ന്, പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി, ഉന്നത വിദ്യാ

ഭ്യാസം, മുതിർന്ന പൗരന്മാർക്കുള്ള വിദ്യാഭ്യാസം പൊതു സർവ്വകലാശാലകൾ തുടങ്ങിയവ ഉൾപ്പെടുന്ന പൊതു വിദ്യാഭ്യാസം, രണ്ട്, എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്, ടെക്നിക്കൽ സ്കൂളുകൾ, എഞ്ചിനീയറിംഗ് സർവ്വകലാശാല തുടങ്ങിയവ ഉൾപ്പെടുന്ന സാങ്കേതിക വിദ്യാഭ്യാസം. മൂന്ന്, അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ വിഭാഗത്തിൽ പെടുന്ന പ്രൊഫഷണൽ കോളേജുകൾ, മെഡിക്കൽ സർവ്വകലാശാല തുടങ്ങിയ മെഡിക്കൽ വിദ്യാഭ്യാസം. നാല്, കാർഷികം, വെറ്റിനറി, ഫിഷറീസ് എന്നീ വിഭാഗത്തിൽപ്പെടുന്ന കോളേജുകൾ, കാർഷിക, വെറ്റിനറി, ഫിഷറീസ് സർവ്വകലാശാലകളും ഉൾപ്പെടുന്ന കാർഷിക വിദ്യാഭ്യാസം. വിദ്യാഭ്യാസ ചെലവിൽ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള ചെലവ്, ഭരണ വകുപ്പുകളുടെ ചെലവ്, സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നൽകുന്ന ടീച്ചിംഗ് ഗ്രാന്റ്, സർവ്വകലാശാലകൾക്കു നൽകുന്ന ഗ്രാന്റ് എന്നിവ ഉൾപ്പെടുന്നു.

**പട്ടിക 5.32**

**വിദ്യാഭ്യാസ മേഖലയിലെ മൊത്തം ജീവനക്കാർ (മാർച്ച് 2016)**

| | വകുപ്പ് | എണ്ണം | വിഹിതം (ശതമാനം) |
|---|---|---|---|
| 1. | പൊതു വിദ്യാഭ്യാസം | 169691 | 33.35 |
| 2. | ഹയർ സെക്കന്ററി | 29094 | 5.72 |
| 3. | കോളേജ് വിദ്യാഭ്യാസം | 22364 | 4.40 |
| 4. | മെഡിക്കൽ വിദ്യാഭ്യാസം | 13115 | 2.58 |
| 5. | സാങ്കേതിക വിദ്യാഭ്യാസം | 8825 | 1.73 |
| 6. | വൊക്കേഷണൽ എച്ച്.എസ്. | 6409 | 1.26 |
| 7. | ആയുർവേദ വിദ്യാഭ്യാസം | 1279 | 0.25 |
| 8. | എൻട്രൻസ് പരീക്ഷ | 45 | 0.01 |
| 9. | മൊത്തം വിദ്യാഭ്യാസ മേഖല | 250822 | 49.30 |
| 10. | വിദ്യാഭ്യാസ മേഖല അല്ലാത്തവ | 257986 | 50.70 |
| | മൊത്തം സ്റ്റാഫ് | 508808 | 100.00 |

*Source:* GOK, Appendix 1 (Details of staff) Kerala Budget 2016-17

സംസ്ഥാന സർക്കാർ ട്രഷറി വഴി ശമ്പളം നൽകുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും ഉൾപ്പെടുന്ന സർക്കാർ ജീവനക്കാരിൽ പകുതിയോളം പേരും വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. പട്ടിക 5.32ൽ വിവിധ വിദ്യാഭ്യാസ വകുപ്പുകളുടെ കീഴിലുള്ള ഭരണം, അധ്യാപനം, അനധ്യാപനം എന്നിവയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ കണക്ക് നൽകിയിട്ടുണ്ട്. മൊത്തം ജീവനക്കാരിൽ മുന്നിൽ ഒന്നും പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗത്തിൽപ്പെടുന്ന പൊതു വിദ്യാഭ്യാസ മേഖലയിലാണ് പ്രവർത്തിക്കുന്നത്. ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ 6 ശതമാനവും ആർട്സ് ആന്റ് സയൻസ് കോളേജ് വിദ്യാഭ്യാസത്തിന് 4.4 ശതമാനം ജീവനക്കാരുമുണ്ട്. അതായത് മൊത്തം സർക്കാർ ജീവനക്കാരിൽ 49 ശതമാനം. ഇതിൽ സംസ്ഥാനത്തെ 11 സർവ്വകലാശാലകളിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ എണ്ണം ഉൾപ്പെടുത്തിയിട്ടില്ല.

സംസ്ഥാന സർക്കാർ ശമ്പള ചെലവിനായി ചെലവാക്കുന്ന തുകയിൽ ഏതാണ്ട് പകുതിയോളം ചെലവാക്കുന്നത് വിദ്യാഭ്യാസ വകുപ്പുകളിലും സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന ജീവനക്കാരുടെ ശമ്പളത്തിനു വേണ്ടിയാണ്. പട്ടിക 5.33ൽ വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ശമ്പള ചെലവും മൊത്തം ശമ്പള ചെലവും നൽകിയിട്ടുണ്ട്. സർക്കാരിന്റെ മൊത്തം ശമ്പള ചെലവിൽ 49 ശതമാനവും ചെലവാക്കുന്നത് പൊതു വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും വേണ്ടിയാണ്. ഇതിൽ മെഡിക്കൽ, കാർഷിക വിദ്യാഭ്യാസ മേഖലയിൽ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തവർ പകുതിയോളം പേരും വിദ്യാഭ്യാസ വകുപ്പുകളിലെ അധ്യാപകരും മറ്റു ജീവനക്കാരും സ്വകാര്യ എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നുള്ളവരാണ്. ചുരുക്കത്തിൽ സംസ്ഥാന സർക്കാരിന്റെ ശമ്പളം, പെൻഷൻ എന്നീ ചെലവുകളിൽ പകുതിയിലധികം ചെലവാക്കുന്നത് വിദ്യാഭ്യാസ മേഖലയ്ക്കാണ്. 1956 മുതൽ 2011വരെയുള്ള കാലഘട്ടത്തിൽ കുറെ സ്വകാര്യ സ്കൂളുകൾ ഒഴിച്ച് മറ്റെല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാർ സ്വകാര്യ എയ്ഡഡ് മേഖലകളിൽ മതി എന്ന നയം മൂലമാണ് ഈ സ്ഥിതി സംജാതമായത്. വിദ്യാഭ്യാസരംഗത്ത് സ്വകാര്യ നിക്ഷേപം തടഞ്ഞതുമൂലം വിദ്യാഭ്യാസ മേഖലകളിൽ ആരോഗ്യകരമായ മത്സരമുണ്ടാകാനോ ഗുണനിലവാരം മെച്ചമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടില്ല. മാത്രമല്ല കേരളം വിദ്യാഭ്യാസരംഗത്ത് വികസനം നേടിയെന്നു പറയുന്നുവെങ്കിലും മികച്ച നിലവാരമുള്ള ദേശീയരംഗത്ത് ശ്രദ്ധിക്കപ്പെടുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപ

നങ്ങൾ (ആർട്സ് ആന്റ് സയൻസ്, എഞ്ചിനീയറിംഗ്, മെഡിക്കൽ, മറ്റു പ്രൊഫഷണൽ കോളേജുകൾ തുടങ്ങിയവ), സർവ്വകലാശാലകൾ, മികവുറ്റ കേന്ദ്രങ്ങൾ തുടങ്ങിയവ വളർത്തിയെടുക്കുവാനും കഴിഞ്ഞിട്ടില്ല.

**പട്ടിക 5.33**

**2014–15ലെ വിദ്യാഭ്യാസ വകുപ്പുകളുടെ ശമ്പളം ചെലവ് ***

| | ഇനം | രൂപ കോടി | വിഹിതം (ശതമാനം) |
|---|---|---|---|
| 1. | പൊതു വിദ്യാഭ്യാസം | 10155 | 47.4 |
| 2. | സാങ്കേതിക വിദ്യാഭ്യാസം | 445 | 2.1 |
| 3. | മൊത്തം വിദ്യാഭ്യാസം | 10600 | 49.5 |
| 4. | സർക്കാരിന്റെ മൊത്തം | | |
| | ശമ്പള ചെലവ് | 21411 | 100.00 |

* മെഡിക്കൽ, കാർഷിക വിദ്യാഭ്യാസം ഒഴികെ.

*Source:* CAG, Finance Accounts 2014-15, Vol. II

അടുത്തതായി വിദ്യാഭ്യാസത്തിനു വേണ്ടി സംസ്ഥാന സർക്കാർ ചെലവാക്കുന്ന മൊത്തം തുക എത്രയാണെന്നു പരിശോധിക്കാം. പട്ടിക 5.34 റവന്യൂ, മൂലധനം എന്നീ ഇനങ്ങളിൽ വിവിധ വിഭാഗം വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്ന തുക നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ പൊതു, സാങ്കേതിക, മെഡിക്കൽ, കാർഷിക എന്നീ വിഭാഗം വിദ്യാഭ്യാസ സ്ഥാപനത്തിനുവേണ്ടി ചെലവാക്കുന്നത് 13949 കോടി രൂപയാണ്. ഇതിൽ 85 ശതമാനവും ചെലവാക്കുന്നത് പ്രാഥമികം, സെക്കന്ററി, ഉന്നത വിദ്യാഭ്യാസം, മുതിർന്ന പൗരന്മാർക്കുള്ള വിദ്യാഭ്യാസവും മറ്റുള്ളവ എന്നിവ ഉൾപ്പെടുന്ന പൊതു വിദ്യാഭ്യാസത്തിനാണ്. സാങ്കേതിക വിദ്യാഭ്യാസത്തിന് 5.3 ശതമാനവും മെഡിക്കൽ വിദ്യാഭ്യാസത്തിന് 7.1 ശതമാനവും കാർഷിക വിദ്യാഭ്യാസത്തിന് 2.6 ശതമാനവും ചെലവാക്കുന്നു. ജനറൽ വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണനയും സാങ്കേതിക, മെഡിക്കൽ, കാർഷിക എന്നീ വിഭാഗം വിദ്യാഭ്യാസത്തിനു വളരെ കുറഞ്ഞ പരിഗണനയും നൽകിയ നയമാണ് സർക്കാരുകൾ അനുവർത്തിച്ചുവന്നത്. ഇതുമൂലം കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ചുള്ള സാങ്കേതിക അറിവുള്ള പ്രൊഫഷണൽ തൊഴിൽ സേനയെ സൃഷ്ടിക്കുന്നതിൽ സംസ്ഥാനം പരാജയപ്പെട്ടു. വളരെയധികം ജനറൽ ബിരുദധാരികളെ സൃഷ്ടിച്ചതുമൂലം

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമായി. അഭ്യസ്ത വിദ്യരും ബിരുദധാരികളുമായ ചെറുപ്പക്കാർക്ക് സംസ്ഥാന സാമ്പത്തിക മേഖല കളിലും സംസ്ഥാനത്തിനു പുറത്തും വരുമാനമുള്ള തൊഴിൽ ചെയ്യാനും തൊഴിലുകളിൽ ഏർപ്പെടാനുമുള്ള പ്രാപ്തിയും അറിവും പ്രായോഗിക ജ്ഞാനവും സൃഷ്ടിക്കുവാൻ കഴിഞ്ഞില്ല.

**പട്ടിക 5.34**

**2014-15ലെ വിദ്യാഭ്യാസ ചെലവ് (രൂപ കോടി)**

| വിഭാഗം | റവന്യു ചെലവ് | മൂലധന ചെലവ് | മൊത്തം | മൊത്തം (ശതമാനം) |
|---|---|---|---|---|
| I) പൊതു വിദ്യാഭ്യാസം | | | | |
| 1) പ്രാഥമിക വിദ്യാഭ്യാസം | 5031.22 (99.96) | 1.77 (0.04) | 5032.99 (100) | 36.1 |
| 2) സെക്കന്ററി വിദ്യാഭ്യാസം | 4914.20 (99.7) | 13.03 (0.3) | 4927.23 (100) | 35.3 |
| 3) കോളേജ്/ഉന്നത വിദ്യാഭ്യാസം | 1821.63 (99.0) | 17.62 (1.0) | 1839.25 (100) | 13.2 |
| 4) മുതിർന്ന പൗരന്മാർക്കുള്ള വിദ്യാഭ്യാസവും മറ്റുള്ളവയും | 60.46 (94.9) | 3.24 (5.1) | 63.70 (100) | 0.4 |
| ആകെ (I) | 11827.51 (99.7) | 35.66 (0.3) | 11863.17 (100) | 85.0 |
| II) സാങ്കേതിക വിദ്യാഭ്യാസം | 693.45 (93.7) | 46.94 (6.3) | 740.39 (100) | 5.3 |
| III) മെഡിക്കൽ വിദ്യാഭ്യാസം | 867.78 (87.9) | 119.89 (12.1) | 987.67 (100) | 7.1 |
| IV) കാർഷിക വിദ്യാഭ്യാസം | 349.86 (97.6) | 8.63 (2.4) | 358.49 (100) | 2.6 |
| മൊത്തം (I+II+III+IV) | 13738.60 (98.5) | 211.12 (1.5) | 13949.72 (100) | 100.0 |

*Source:* CAG, Finance Accounts 2014-15, Vol. II

ബ്രാക്കറ്റിൽ: റവന്യൂ മൂലധന ചെലവുകളുടെ വിഹിതം

വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്ന തുകയിൽ ഒരു ചെറിയ വിഹിതമൊഴിച്ച് മറ്റെല്ലാം ചെലവാക്കിയിരുന്നത് ശമ്പളം നൽകാനും മറ്റു റവന്യൂ ചെലവുകൾക്കുമാണ് പട്ടിക 5.34ൽ റവന്യൂ/മൂലധന ചെലവ് തിരിച്ചുള്ള 2014-15ലെ വിദ്യഭ്യാസ ചെലവ് നൽകിയിട്ടുണ്ട്. പൊതു വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്ന മൊത്തം തുകയിൽ 99.7 ശതമാനവും ചെലവാക്കുന്നത് റവന്യൂ ചെലവുകൾക്കാണ്. സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്ന മൊത്തം തുകയിൽ റവന്യൂ ചെലവുകൾക്കുവേണ്ടി ഉപയോഗിക്കുന്നത് 94 ശതമാനമാണ്. മെഡിക്കൽ വിദ്യാഭ്യാസത്തിന് താരതമ്യേന കൂടുതൽ മൂലധന ചെലവുണ്ട്. എന്നാൽ മൊത്തം ചെലവിൽ 88 ശതമാനവും ചെലവാക്കുന്നത് റവന്യൂ ചെലവുകൾക്കാണ്. കാർഷിക വിദ്യാഭ്യാസത്തിന്റെ മൂലധന ചെലവ് വളരെ തുച്ഛമാണ് (2.4 ശതമാനം). ആധുനിക പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ഗണ്യമായ മൂലധന നിക്ഷേപം ആവശ്യമാണ്. മൂലധന നിക്ഷേപത്തിന്റെ അപര്യാപ്തതമൂലം വിദ്യാഭ്യാസ നിലവാരം മോശമാകുന്നതിനിടയാക്കിയിട്ടുണ്ട്.

അധ്യാപകരും, വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള ക്ലാസ് മുറികളും മാത്രമുണ്ടായാൽ ഏതുതരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താം എന്നതാണ് നമ്മുടെ സർക്കാരുകളുടെ നിലപാട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവേഷണ വിദ്യാഭ്യാസത്തിനും ആധുനിക ലൈബ്രറി, ലബോറട്ടറികൾ, ഐ.റ്റി. സംവിധാനങ്ങൾ, കുട്ടികൾക്ക് പ്രായോഗിക അറിവ് നേടാനുള്ള പഠന സൗകര്യങ്ങൾ, വിദേശ സർവ്വകലാശാലകളുമായുള്ള സംയുക്ത പഠന പരിപാടികൾ തുടങ്ങിയവ അത്യാവശ്യമാണ്. ഇതിന് വേണ്ടത്ര പണം ചെലവാക്കാതെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതുമൂലം വിദ്യാഭ്യാസ നിലവാരം മോശമാകുന്നു. സർക്കാർ ജോലി ലഭിക്കാനാവശ്യമായ യോഗ്യത സർട്ടിഫിക്കറ്റുകൾ നേടുക എന്നതായി വിദ്യാഭ്യാസം അധഃപതിച്ചുകൊണ്ടിരിക്കുന്നു. ഉന്നത വിദ്യാഭ്യാസത്തിന് ഗുണനിലവാരം വളരെ പ്രധാനമാണ് എന്ന കാഴ്ചപ്പാട് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേധാവികൾക്കും സർക്കാരുകൾക്കും ഇല്ലാത്തത് വേദനാജനകമായ കാര്യമാണ്.

അടുത്തതായി വിദ്യാഭ്യാസ ചെലവ് മൊത്തം റവന്യൂ ചെലവിന്റെയും റവന്യൂ വരുമാനത്തിന്റെയും എത്ര വിഹിതമാണെന്ന് പരിശോധിക്കാം. പട്ടിക 5.35ൽ 2014-15ലെ വിദ്യാഭ്യാസ ചെലവിന്റെ വിഹിതം നൽകിയിട്ടുണ്ട്. പെൻഷൻ ഒഴികെയുള്ള വിദ്യാഭ്യാസ ചെലവ് മൊത്തം റവന്യൂ ചെലവിന്റെ 19.4 ശതമാനമാണ്. എന്നാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന്

റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ ചെലവ് കൂടി ഉൾപ്പെടുത്തിയാൽ ചെലവ് 19576 കോടിയായി ഉയരും. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് റിട്ടയർ ചെയ്തവരുടെ എണ്ണം ലഭ്യമല്ലാത്തതിനാൽ മൊത്തം പെൻഷൻകാരിൽ പകുതിയോളം പേർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് റിട്ടയർ ചെയ്തു എന്ന് അനുമാനിക്കുന്നു. പെൻഷൻ ചെലവുകൂടി ഉൾപ്പെടുത്തിയാൽ റവന്യൂ ചെലവിന്റെ 27 ശതമാനം വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്നു എന്ന് കാണാം. സംസ്ഥാന റവന്യൂ വരുമാനത്തിന്റെ മൂന്നിൽ ഒന്നോളം (33.8 ശതമാനം) ഭാഗം വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്നു. സംസ്ഥാനത്തിന്റെ ധനസ്ഥിതിയും വികസനാവശ്യങ്ങളും പരിഗണിക്കുമ്പോൾ ഇത് ഉയർന്ന തോതിലുള്ള ചെലവാണ്.

അടിസ്ഥാന ഘടക വികസനത്തിന് വേണ്ടത്ര പണമില്ലാത്തതുമൂലം സംസ്ഥാനം പല രംഗത്തും പിന്നോക്കാവസ്ഥയിലാണ്. ഈ സാഹചര്യത്തിൽ വലിയ പണചെലവുള്ള പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ സർക്കാരിന് ധനസ്ഥിതിയില്ല. ഇപ്പോൾ നിലവിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ വൻതോതിലുള്ള നിക്ഷേപം ആവശ്യമാണ്. സംസ്ഥാനം രൂക്ഷമായ ധനപ്രതിസന്ധിയിലായതിനാൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ സ്ഥാപനങ്ങൾ തുടങ്ങാൻ സ്വകാര്യ നിക്ഷേപത്തെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് അഭികാമ്യം. സർക്കാർ പണം മുടക്കി, സർക്കാർ സ്ഥാപനങ്ങൾ സൃഷ്ടിച്ച്, ജീവനക്കാരെ നിയമിച്ച് വിദ്യാഭ്യാസ വികസനം എന്ന കാഴ്ചപ്പാട് കാല

**പട്ടിക 5.35**

**2014-15ലെ റവന്യൂ ചെലവ്, വരവ് എന്നിവയിൽ വിദ്യാഭ്യാസ ചെലവിന്റെ വിഹിതം (ശതമാനം)**

| ഇനം | രൂപ (കോടി) | റവന്യൂ ചെലവിൽ വിദ്യാഭ്യാസ ചെലവിന്റെ വിഹിതം (%) | റവന്യൂ വരവിൽ വിദ്യാഭ്യാസ ചെലവിന്റെ വിഹിതം (%) |
|---|---|---|---|
| 1) വിദ്യാഭ്യാസ ചെലവ് പെൻഷൻ ഒഴികെ | 13950 | 19.4 | 24.1 |
| 2) വിദ്യാഭ്യാസ ചെലവ് പെൻഷൻ ഉൾപ്പെടെ | 19576 | 27.3 | 33.8 |

*Source:* Same as Table 5.34

ഹരണപ്പെട്ട ആശയമാണ്. സ്കൂൾ തലത്തിനു മുകളിൽ ജനറൽ വിദ്യാഭ്യാസത്തിനു മുന്തിയ പരിഗണനയും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വളരെ ചെറിയ പരിഗണനയും നൽകുന്ന വിദ്യാഭ്യാസ സമ്പ്രദായമാണ് ഇപ്പോൾ നിലവിലുള്ളത്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് മുൻഗണന നൽകുന്ന മാറ്റവും ആവശ്യമാണ്.

## 7) പലിശ

പലിശ ചെലവ് സംസ്ഥാന സർക്കാരിന്റെ ഒരു പ്രധാന ചെലവാണ്. സർക്കാരിന് മൂന്നു വിഭാഗത്തിലുള്ള വായ്പകളാണുള്ളത്. ഒന്ന്, കടപത്രമിറക്കി കമ്പോളത്തിൽ നിന്നും ലഭിക്കുന്നവ, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ, നബാർഡ്, നാഷണൽ സ്മാൾ സേവിംഗ് ഫണ്ട് സെക്യൂരിറ്റീസ് എന്നിവയിൽ നിന്നും ലഭിക്കുന്ന വായ്പ. രണ്ട്, കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന വായ്പകളും മുൻകൂറുകളും. മൂന്ന്, പ്രോവിഡന്റ് ഫണ്ട്, പെൻഷൻ ഫണ്ട്, ചെറുകിട സേവിംഗ് തുടങ്ങിയവ ഉൾപ്പെടുന്ന പബ്ലിക് അക്കൗണ്ടുകളിൽ നിന്ന്. ഈ മൂന്നിനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പകൾക്കു നൽകുന്ന പലിശ തുകയാണ് ഈ ചെലവ്. സംസ്ഥാന സർക്കാരിന് പ്രതിവർഷം വായ്പ എടുക്കുന്നതിന് കേന്ദ്ര സർക്കാർ പരിധി നിശ്ചയിച്ചിട്ടുണ്ട്. ഇപ്പോൾ ഈ പരിധി സംസ്ഥാന ജി.എസ്.ഡി.പി.യുടെ മൂന്നു ശതമാനത്തിനു തുല്യമായ തുകയാണ്. സർക്കാരിന്റെ പലിശ ചെലവ് 2000–01ൽ 2258 കോടി രൂപയായിരുന്നത് 2010–11ൽ 5690 കോടിയായും 2014–15ൽ 9770 കോടിയായും വർദ്ധിച്ചു. പട്ടിക 5.36ൽ 2001നുശേഷമുള്ള പലിശ തുക, വാർഷിക വർദ്ധന നിരക്ക്, റവന്യൂ ചെലവിൽ പലിശയുടെ വിഹിതം എന്നിവ നൽകിയിട്ടുണ്ട്. 2002–03ൽ പലിശ ചെലവിന്റെ വാർഷിക വർദ്ധനം 18 ശതമാനമായിരുന്നു. എന്നാൽ പിൽക്കാലത്ത് പലിശ ചെലവിന്റെ വാർഷിക വർദ്ധന നിരക്ക് കുറഞ്ഞുവരുന്ന പ്രവണതയാണ് ദൃശ്യമായത്. എന്നാൽ 2011–12നു ശേഷം പലിശ ചെലവിന്റെ വാർഷിക വർദ്ധന നിരക്ക് ഉയരുന്ന മാറ്റമാണ് ഉണ്ടായത്.

റവന്യൂ ചെലവിൽ പലിശയുടെ വിഹിതം ഈ ഇനത്തിലുള്ള ചെലവിന്റെ ഒരു സൂചികയാണ്. 2001ലെ ധനകാര്യ തകർച്ചയെ തുടർന്നുള്ള വർഷങ്ങളിൽ പലിശ ചെലവ് ഉയർന്നതായിരുന്നു 2001–02ൽ ഇത് 21 ശതമാനമായിരുന്നു. 2002 മുതൽ 2007വരെയുള്ള വർഷങ്ങളിൽ പലിശ ചെലവ് റവന്യൂ ചെലവിന്റെ 20 മുതൽ 21.5 ശതമാനംവരെയായിരുന്നു. ഇത് ഉയർന്ന തോതിലുള്ള പലിശ ചെലവിനെയാണ് കാണിക്കുന്നത്. എന്നാൽ

**പട്ടിക 5.36**
**പലിശ ചെലവ് (രൂപ കോടി)**

| വർഷം | പലിശ | വർദ്ധനം (%) | റവന്യൂ ചെലവിൽ പലിശയുടെ വിഹിതം (ശതമാനം) |
|---|---|---|---|
| 2000-01 | 2258 | - | 19.01 |
| 2001-02 | 2489 | 10.2 | 21.34 |
| 2002-03 | 2947 | 18.4 | 19.97 |
| 2003-04 | 3328 | 12.9 | 21.48 |
| 2004-05 | 3613 | 8.6 | 21.04 |
| 2005-06 | 3799 | 5.1 | 20.62 |
| 2006-07 | 4190 | 10.3 | 20.12 |
| 2007-08 | 4330 | 3.3 | 17.40 |
| 2008-09 | 4660 | 7.6 | 16.51 |
| 2009-10 | 5292 | 13.6 | 17.00 |
| 2010-11 | 5690 | 7.5 | 16.41 |
| 2011-12 | 6294 | 10.6 | 13.67 |
| 2012-13 | 7205 | 14.5 | 13.47 |
| 2013-14 | 8265 | 14.7 | 13.66 |
| 2014-15 | 9770 | 18.2 | 13.62 |

*Source:* Same as Table 5.1

തുടർന്നുള്ള വർഷങ്ങളിൽ പലിശ ചെലവിന്റെ വിഹിതത്തിൽ കുറവുണ്ടാകുന്ന പ്രവണതയാണ് ഉണ്ടായിട്ടുള്ളത്. ഇത് ആരോഗ്യകരമായ മാറ്റമാണ്.

### 8) പ്രാദേശിക സർക്കാരുകൾക്ക് നൽകിയ തുക

സംസ്ഥാന ധനകാര്യ കമ്മിഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന നികുതി വരുമാനത്തിന്റെ ഒരു വിഹിതം പ്രാദേശിക സർക്കാരുകൾക്കു നൽകാറുണ്ട്. മൂന്നിനം ഫണ്ടുകളാണ് പ്രാദേശിക സർക്കാരുകൾക്ക് നൽകുന്നത്. ഒന്ന്, പ്രാദേശിക സർക്കാരുകളുടെ പ്രവർത്തന ചെലവിനും അനിവാര്യ ചുമതലകൾ നിർവഹിക്കാനുമായുള്ള ജനറൽ

പർപ്പസ് ഫണ്ട്. രണ്ട്, പ്രാദേശിക സർക്കാരുകൾക്ക് കൈമാറിയ ആസ്തികൾ (റോഡ്, റോഡിതരം), കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികൾ (ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയവ) എന്നിവയുടെ സംരക്ഷണത്തിനു നൽകുന്ന മെയിന്റിനൻസ് ഫണ്ട്. മൂന്ന്, പ്രാദേശിക വികസന പദ്ധതികൾ (വാർഷിക പദ്ധതി) രൂപീകരിക്കാനും നടപ്പിലാക്കാനുമുള്ള വികസന ഫണ്ട് എന്നിവയാണ്. ഈ ഇനത്തിൽ നൽകുന്ന മൊത്തം ഫണ്ടാണ് സംസ്ഥാന നികുതി വിഹിതമായി പ്രാദേശിക സർക്കാരുകൾക്കു ലഭിക്കുന്നത്. പട്ടിക 5.37ൽ സംസ്ഥാന നികുതി വിഹിതമായി പ്രാദേശിക സർക്കാരുകൾക്കു നൽകിയ തുക കൊടുത്തിട്ടുണ്ട്. ഈ തുകയ്ക്ക് പുറമെ നഗരങ്ങളിലെ പ്രാദേശിക വികസനാവശ്യങ്ങൾക്കായി ഗ്രാന്റുകളും സഹായങ്ങളും നൽകുന്നുണ്ട്. അത്തരത്തിലുള്ള തുക പട്ടികയിലെ തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**പട്ടിക 5.37**

**പ്രാദേശിക സർക്കാരുകൾക്ക് നൽകിയ തുക**

| വർഷം | നൽകിയ തുക (രൂപ കോടി) | വർദ്ധനം (%) | റവന്യു ചെലവിന്റെ വിഹിതം (%) |
|---|---|---|---|
| 2004 – 05 | 1783 | – | 10.4 |
| 2005 – 06 | 1565 | (–)12.2 | 8.5 |
| 2006 – 07 | 1911 | 22.1 | 9.2 |
| 2007 – 08 | 2273 | 18.9 | 9.1 |
| 2008 – 09 | 2432 | 7.0 | 8.6 |
| 2009 – 10 | 2083 | (–)14.3 | 6.7 |
| 2010 – 11 | 2971 | 42.6 | 8.6 |
| 2011 – 12 | 3897 | 31.2 | 8.5 |
| 2012 – 13 | 4739 | 21.6 | 8.9 |
| 2013 – 14 | 5926 | 25.0 | 9.8 |
| 2014 – 15 | 6398 | 8.0 | 8.9 |

*Source:* KPERC, Third Report 2012-13
GOK, 2016 Medium Term Fiscal Policy 2016-17 to 2018-19

പ്രാദേശിക സർക്കാരുകൾക്കു നൽകിയ തുക 2004-05ൽ 1783 കോടി രൂപയായിരുന്നത് 2009-10ൽ 2083 കോടിയായും 2014-15ൽ 6398 കോടിയായും വർദ്ധിച്ചു. രണ്ടു വർഷങ്ങളിൽ പ്രാദേശിക സർക്കാരുകൾക്കു നൽകിയ തുകയിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ടെന്നു കാണാം. എന്നാൽ മറ്റു ചില വർഷങ്ങളിൽ പ്രാദേശിക സർക്കാരുകൾക്കു നൽകിയ തുകയിൽ ഗണ്യമായ വർദ്ധനയും ഉണ്ടായിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്കു നൽകുന്ന തുകയിൽ വർഷംതോറും ഗണ്യമായ ഏറ്റക്കുറച്ചിൽ ഉണ്ടാകുന്ന രീതി ആരോഗ്യകരമല്ല. 2004-05ൽ പ്രാദേശിക സർക്കാരുകൾക്ക് നൽകിയ തുക റവന്യൂ ചെലവിന്റെ 10 ശതമാനത്തിലധികമായിരുന്നു. എന്നാൽ ഈ അനുപാതത്തിൽ പിൽക്കാലത്ത് കുറവുണ്ടായതായി കാണാം. സംസ്ഥാന സർക്കാർ വകുപ്പുകളിലെ ചെലവ് വർദ്ധിക്കുന്നപോലെ പ്രാദേശിക സർക്കാരുകളുടെ ചെലവും വർദ്ധിക്കുന്നു. പ്രാദേശിക സർക്കാരുകളുടെ വർദ്ധിച്ചുവരുന്ന ഭരണ, സേവന, വികസനാവശ്യങ്ങൾക്കനുസരിച്ച് സർക്കാർ ഫണ്ട് നൽകാത്ത അവസ്ഥ നിലനിൽക്കുന്നു. കാലാകാലങ്ങളിൽ വിലക്കയറ്റവും മറ്റു ചെലവുകളുടെ വർദ്ധനവിനുമനുസരിച്ച് ഫണ്ട് നൽകാനുള്ള നയം അനുവർത്തിക്കേണ്ടതാണ്.

## 9) സാമൂഹിക സുരക്ഷ പെൻഷൻ ചെലവ്

സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദരിദ്ര ജനവിഭാഗങ്ങൾ, വൃദ്ധർ, വികലാംഗർ, വിധവകൾ തുടങ്ങിയവർക്ക് സംസ്ഥാന സർക്കാർ സാമൂഹിക സുരക്ഷ പ്രതിമാസ പെൻഷൻ നൽകുന്നു. ദരിദ്ര കുടുംബങ്ങളിലെ തൊഴിലില്ലാത്ത അഭ്യസ്ത വിദ്യർ, നിർദ്ധനരായ സാഹിത്യകാരൻമാർ, കലാകാരന്മാർ, കർഷക തൊഴിലാളികൾ, അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾ, വിധവകൾ, വൃദ്ധർ, വികലാംഗർ തുടങ്ങിയവർക്കാണ് പ്രതിമാസ പെൻഷൻ നൽകുന്നത്. 2014-15ൽ നൽകിയിരുന്ന പ്രതിമാസ പെൻഷൻ നിരക്ക് താഴെ പറയുന്നു. നിർദ്ധനരായ സാഹിത്യകാരന്മാർ, കാർഷിക തൊഴിലാളികൾ, വൃദ്ധർ എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് പ്രതിമാസം 600 രൂപയാണ് പെൻഷൻ നൽകിയിരുന്നത്. വികലാംഗർ, അൻപതു വയസ്സു കഴിഞ്ഞ വിവാഹം കഴിയ്ക്കാത്ത സ്ത്രീകൾ, വിധവകൾ എന്നിവർക്കു പ്രതിമാസം 800 രൂപ പെൻഷൻ നൽകിയിരുന്നു. ഇതിനുപുറമെ മെന്റലി ചലഞ്ചഡ്, ചെറുകിട നാമമാത്ര കർഷകർ തുടങ്ങിയവർക്കും പ്രതിമാസ പെൻഷൻ നൽകുന്നു.

അടുത്തതായി സാമൂഹിക സുരക്ഷ പെൻഷൻ പദ്ധതിയനുസരിച്ച് എത്ര പേർക്കാണ് പെൻഷൻ നൽകുന്നതെന്നും അതിനുവേണ്ടി ചെല

വാക്കുന്ന തുക എത്രയാണെന്നും പരിശോധിക്കാം. 2016 ജനുവരിയിലെ കണക്കനുസരിച്ച് ഏഴിനം പ്രതിമാസ പെൻഷൻ പദ്ധതികളനുസരിച്ച് ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം 37.82 ലക്ഷമാണ്. പട്ടിക 5.38ൽ ഏഴിനം സാമൂഹിക സുരക്ഷ പദ്ധതിയനുസരിച്ച് പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണവും, പ്രതിമാസ പെൻഷൻ തുകയും നൽകിയിട്ടുണ്ട്. ഏറ്റവും കൂടുതൽ പെൻഷൻ ലഭിക്കുന്ന വിഭാഗം വൃദ്ധരാണ് (14.18 ലക്ഷം). രണ്ടാമത്തെ വിഭാഗം വിധവകളാണ് (11.26 ലക്ഷം). പ്രതിമാസ പെൻഷൻ ലഭിക്കുന്ന വൃദ്ധരായ കർഷക തൊഴിലാളികൾ അഞ്ചു ലക്ഷത്തിലധികമാണ്. ചെറുകിട നാമമാത്ര കർഷകർ, വികലാംഗർ, മെന്റലി ചലഞ്ചഡ്, അൻപതു വയസ്സു കഴിഞ്ഞ വിവാഹം കഴിക്കാത്ത സ്ത്രീകൾ തുടങ്ങിയവരാണ് മറ്റു വിഭാഗക്കാർ.

സാമൂഹിക സുരക്ഷ പെൻഷൻ പദ്ധതികൾക്കു വേണ്ടി ചെലവാക്കുന്ന തുകയിൽ ഗണ്യമായ വർദ്ധനയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പട്ടിക 5.39ൽ വിവിധ സാമൂഹിക സുരക്ഷ പെൻഷൻ പദ്ധതികൾക്കു വേണ്ടി ചെലവാക്കുന്ന തുകയിൽ വന്ന വർദ്ധന നൽകിയിരിക്കുന്നു. 2009 –10ൽ എട്ട് സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതികൾക്കു വേണ്ടി ചെലവാക്കിയ തുക 464 കോടിയായിരുന്നു. ഇത് 2014–15ൽ 2192 കോടിയായി വർദ്ധിച്ചു. വർദ്ധനം 372 ശതമാനം. പെൻഷൻ തുകയിൽ ഏറ്റവും വലിയ വർദ്ധനം ഉണ്ടായിട്ടുള്ളത് വൃദ്ധരുടെ പെൻഷനാണ്. വൻ വർദ്ധനയുണ്ടായിട്ടുള്ള മറ്റു പെൻഷൻകാരാണ് വിധവകൾ, വികലാംഗർ, 50 വയസു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾ എന്നിവർ. പല കാരണങ്ങൾ മൂലമാണ് ഈ വർദ്ധനയുണ്ടായിട്ടുള്ളത്. ഒന്ന്, പെൻഷൻ നിരക്കിൽ കാലാകാലങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനം. രണ്ട്, പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനം. മൂന്ന്, പെൻഷൻ അർഹത നേടാനുള്ള മാനദണ്ഡങ്ങൾ ലഘൂകരിച്ചത്. നാല്, പെൻഷൻ അർഹരായവരെ തീരുമാനിക്കാനുള്ള അധികാരം പ്രാദേശിക സർക്കാരുകൾക്കാണ്. പ്രാദേശിക രാഷ്ട്രീയ താൽപര്യങ്ങൾ മൂലം അനർഹർക്ക് ഇളവുകൾ നൽകി പെൻഷന് അർഹരാക്കുന്ന പ്രവണതയുണ്ടെന്ന് വ്യാപകമായ പരാതികളുണ്ട്. പ്രാദേശിക രാഷ്ട്രീയ ഇടപെടലുകളാണ് ഈ സ്ഥിതി സൃഷ്ടിക്കുന്നതിന്റെ പ്രധാന കാരണം.

ഒന്ന്, സാമൂഹ്യസുരക്ഷ പെൻഷൻ പദ്ധതികളിൽ അനർഹരായ ഒട്ടനവധി പേർക്ക് രാഷ്ട്രീയ താൽപര്യം മൂലം പെൻഷൻ നൽകുന്നു. രണ്ട്, ഒരു വിഭാഗംപേർ രണ്ടു സ്രോതസ്സുകളിൽ നിന്നും പെൻഷൻ ലഭിക്കുന്നു. ഉദാഹരണം എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, ക്ഷേമനിധികൾ

എന്നിവയിൽ നിന്നും സംസ്ഥാന സർക്കാരിന്റെ സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതികളിൽ നിന്നും. മൂന്ന്, സാമൂഹ്യ സുരക്ഷ പെൻഷൻ ഒന്നിലധികം വാങ്ങുന്നവരുമുണ്ട്. ഉദാഹരണം വിധവാ പെൻഷനും, വാർദ്ധക്യ പെൻഷനും ഒരാൾ വാങ്ങുന്നു. ഒരു വ്യക്തിക്ക് ഒരു പെൻഷൻ എന്ന മാനദണ്ഡം കൃത്യമായി നടപ്പിലാക്കണം. അതോടൊപ്പം പെൻഷനുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് അനർഹരെ ഒഴിവാക്കണം.

**പട്ടിക 5.38**

**സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ (2016 ജനുവരി)**

| പെൻഷൻ | ഗുണഭോക്താക്കളുടെ എണ്ണം | പ്രതിമാസ തുക (രൂപ) |
|---|---|---|
| 1) കർഷക തൊഴിലാളികൾ | 503284 | 600 |
| 2) വൃദ്ധർ | 1418411 | 600 |
| 3) മെന്റലി ചലഞ്ച്ഡ് | 12553 | 800 |
| 4) വികലാംഗർ | 315247 | 800 |
| 5) 50 വയസ്സു കഴിഞ്ഞ വിവാഹം കഴിക്കാത്ത സ്ത്രീകൾ | 71406 | 800 |
| 6) വിധവ | 1126564 | 800 |
| 7) ചെറുകിട നാമമാത്ര കർഷകർ | 335000 | 600 |
| ആകെ | 3782465 | |

*Source:* Website of Government Departments, Kerala

സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗങ്ങൾക്കാണ് സാമൂഹിക സുരക്ഷ പെൻഷൻ നൽകുന്നത്. പെൻഷൻ തുക തുച്ഛമായതിനാൽ ഗുണഭോക്താക്കളുടെ പ്രധാനാവശ്യങ്ങളായ ആഹാരം, വസ്ത്രം, ചികിത്സ ചെലവ്, മറ്റു നിത്യചെലവുകൾ തുടങ്ങിയവ നിറവേറ്റാൻ ഇത് പര്യാപ്തമല്ല. എങ്കിലും ഈ തുക ദരിദ്ര ജനങ്ങൾക്ക് വലിയ ആശ്വാസമാണ് നൽകുന്നത്. എന്നാൽ സർക്കാർ ജീവനക്കാർക്ക് പ്രതിമാസ ശമ്പളം നൽകുന്നതുപോലെ കൃത്യമായി സാമൂഹിക പെൻഷൻ നൽകാൻ സർക്കാരുകൾ താൽപര്യം കാണിച്ചിട്ടില്ല. ഇത്തരം പെൻഷൻ എപ്പോഴെങ്കിലും കൊടുത്താൽ മതിയെന്നതാണ് സർക്കാരുകളുടെ നിലപാട്. പല വർഷങ്ങളിലും പ്രതിവർഷം ഒന്നോ രണ്ടോ പ്രാവശ്യമാണ് ഈ പെൻഷൻ തുക വിത

രണം ചെയ്യുന്നത്. ഈ പെൻഷൻ ലഭിക്കുന്നവരിൽ ഒരു ചെറിയ വിഭാഗമൊഴിച്ച് മറ്റെല്ലാവരും വൃദ്ധരാണ്. അവർക്ക് പണം മാസം തോറും അത്യാവശ്യമാണ്. ആഹാരം, ചികിത്സ ചെലവ് എന്നിവ നിറവേറ്റുകയാണ് പ്രധാനം.

പെൻഷൻ വിതരണത്തിനുള്ള ഈ ഭരണനടപടികളും പെൻഷൻ കൃത്യമായി വിതരണം ചെയ്യാൻ തടസ്സമാണ്. പെൻഷൻ തുക നൽകേണ്ടത് പല സർക്കാർ വകുപ്പുകളാണ്. വിതരണം നടത്തേണ്ടത് പ്രാദേശിക സർക്കാരുകളായ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയാണ്. മുൻപ് മണിയോർഡർ സംവിധാനം വഴിയാണ് പെൻഷൻ വിതരണം നടത്തിയിരുന്നത്. ഇത് നടത്താൻ പ്രാദേശിക സർക്കാരുകൾക്ക് വലിയ ശ്രമം വേണ്ടി വന്നിരുന്നു. ബാങ്ക് അക്കൗണ്ടുകൾ വഴി വിതരണം നടത്താൻ വേണ്ടത്ര ശ്രമങ്ങൾ നടന്നെങ്കിലും ഇത് വിജയിച്ചില്ല. ഐ.റ്റി. സാങ്കേതിക വിദ്യ ഉപയോഗിച്ച് പോസ്റ്റ് ഓഫീസുവഴി പെൻഷൻ വിതരണ ശ്രമവും വിജയിച്ചില്ല. പെൻഷൻ വിതരണ പ്രശ്നം ഒരു രാഷ്ട്രീയ മുതലെടുപ്പു പ്രശ്നമായി മാറിയതല്ലാതെ ഇതിനു ഫലപ്രദമായ പരിഹാരം കാണാൻ സർക്കാരുകൾക്ക് കഴിഞ്ഞിട്ടില്ല. ബാങ്കുകളോ, പോസ്റ്റാഫീസുകളോ വഴിയുള്ള വിതരണം വിട്ട് പെൻഷൻ വിതരണത്തിന് മറ്റു മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് ഈ രംഗത്ത് അരാജകത്വം സൃഷ്ടിക്കുന്നുമെന്നതിൽ സംശയമില്ല. വിതരണം ഏറ്റെടുക്കുന്ന ഏജൻസികൾ കൃത്രിമം കാട്ടാനും അഴിമതി നടത്താനും വലിയ സാധ്യതകളുണ്ട്. ഗുണഭോക്താക്കളെല്ലാം ബാങ്കുകളിൽ അക്കൗണ്ട് തുടങ്ങുകയും അവിടേക്ക് കൃത്യമായി പണം ട്രാൻസ്ഫർ ചെയ്യുകയുമാണ് പ്രായോഗികമായ മാർഗ്ഗം. കിടപ്പു രോഗികൾ, ബാങ്കുകളിൽ എത്തി പണം എടുക്കാൻ ആരോഗ്യമില്ലാത്തവർ, ആരോഗ്യം നഷ്ടപ്പെട്ട വൃദ്ധർ തുടങ്ങിയവർക്ക് തങ്ങളുടെ അക്കൗണ്ടിലെ തുക പണമായി വീട്ടിലെത്തിക്കാൻ ബാങ്കുകൾ സംവിധാനമുണ്ടാക്കുകയാണ് അഭികാമ്യം. ബാങ്കുകൾ കമ്മിഷൻ എടുത്തുകൊണ്ട് ഈ തുക ഗുണഭോക്താക്കളുടെ വീടുകളിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

## 10) ഓഫീസ്, യാത്ര, വാഹന ചെലവുകൾ

സർക്കാരിന്റെ ഭരണവുമായി ബന്ധപ്പെട്ട ചെലവിനങ്ങളാണ് ഓഫീസ്, യാത്ര, മെയിന്റിനൻസ്, പെട്രോൾ, ഡീസൽ, മോട്ടോർ വാഹനങ്ങൾ, വാടകയും നികുതിയും തുടങ്ങിയവ. ഈ ഇനങ്ങൾക്കു വേണ്ടിയുള്ള 2014-15ലെ ചെലവ് 466 കോടി രൂപയാണ്. പട്ടിക 5.40ൽ 2008-09 ലെയും 2014-15 ലെയും ഓഫീസ്, യാത്ര, വാഹന ചെലവുകളുടെ കണക്ക് നൽകിയിട്ടുണ്ട്.

### പട്ടിക 5.39
### സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ (രൂപ കോടി)

| പദ്ധതിയുടെ പേര് | 2009-10 | 2014-15 | വർദ്ധനം (%) | 2014-15 വിഹിതം (ശതമാനം) |
|---|---|---|---|---|
| 1) തൊഴിലില്ലായ്മ സഹായം | 47.28 | 37.65 | (-)20.4 | 1 .7 |
| 2) നിർദ്ധനരായ സാഹിത്യ, കലാകാരന്മാർക്കുമുള്ള ധനസഹായം | 1.37 | 2.40 | 77.4 | 0.1 |
| 3) കർഷക തൊഴിലാളി പെൻഷൻ | 174.70 | 375.11 | 114.7 | 17.1 |
| 4) 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾ | 12.80 | 56.80 | 343.8 | 2.6 |
| 5) വിധവാ പെൻഷൻ | 130.70 | 848.40 | 549.1 | 38.7 |
| 6) വികലാംഗ പെൻഷൻ | 54.00 | 295.71 | 447.6 | 13.5 |
| 7) വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം | - | 26.73 | - | 1.2 |
| 8) ദേശീയ വാർദ്ധക്യകാല പെൻഷൻ | 42.90 | 449.55 | 1181.0 | 25.1 |
| മൊത്തം | 463.75 | 2192.35 | 372.7 | 100.0 |

*Source:* Explanatory Memorandum on budget for 2016-17 and 2013-14

ഈ ഇനങ്ങളിലെ മൊത്തം ചെലവ് അഞ്ചു വർഷത്തിനുള്ളിൽ 34.5 ശതമാനം വർദ്ധിച്ചു. ഓഫീസ് ചെലവ് 24 ശതമാനം വർദ്ധിച്ചപ്പോൾ വാടകയും നികുതിയിനത്തിലുള്ള ചെലവ് 47 ശതമാനം വർദ്ധിച്ചു. സർക്കാർ വാഹനങ്ങൾക്കും ഇന്ധനത്തിനും വേണ്ടിയുള്ള ചെലവിലാണ് വലിയ വർദ്ധനയുണ്ടായത്. സർക്കാർ വാഹനങ്ങൾക്കുവേണ്ടി 2014-15ൽ 25 കോടിയും പെട്രോൾ, ഡീസൽ തുടങ്ങിയവയ്ക്ക് 78 കോടിയും ചെലവാക്കി. അതായത് സർക്കാർ വാഹനങ്ങൾക്കുള്ള മൊത്തം ചെലവ് 103 കോടി രൂപയാണ്. ഇതിനു പുറമെയുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ യാത്രാ ചെലവും 71 ശതമാനമായി വർദ്ധിച്ചു. സർക്കാർ വകുപ്പുകൾ, സർക്കാർ ഫണ്ടുപയോഗിച്ചു നടത്തുന്ന സ്ഥാപനങ്ങളുടെയും സമിതികളിലേയും

മേധാവികൾ ഔദ്യോഗിക യാത്രയ്ക്ക് ആഡംബര വാഹനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നുണ്ട് (ടയോട്ട ഇനോവ മുതലായവ). ആഡംബര വാഹനങ്ങൾ ഉപയോഗിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങളോ നിയന്ത്രണങ്ങളോ ഇല്ല. സർക്കാർ വാഹനങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന പ്രവണതയും വ്യാപകമാണ്. രാഷ്ട്രീയ സ്വാധീനമുള്ളവർക്ക് ആഡംബരകാർ ഉപയോഗിക്കാമെന്നതാണ് നമ്മുടെ ഭരണരീതി. സർക്കാർ വാഹനം വാങ്ങി ഡ്രൈവറെ നിയമിച്ച് ഓടിക്കുന്നതിനുപകരം വാടകയ്ക്ക് എടുക്കുന്ന രീതിയിലേക്ക് മാറാത്തതും ഈ ചെലവ് വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. സർക്കാർ വാഹന ധൂർത്ത് നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് അധികാരത്തിലിരുന്ന സർക്കാരുകൾ നടപടികൾ സ്വീകരിച്ചിട്ടില്ല.

**പട്ടിക 5.40**

**ഓഫീസ്, യാത്ര, വാഹന ചെലവ് (രൂപ കോടി)**

| ചെലവിനങ്ങൾ | 2008-09 | 2014-15 | വർദ്ധനം (ശതമാനം) |
|---|---|---|---|
| 1) ഓഫീസ് ചെലവ് | 146.23 | 181.52 | 24.1 |
| 2) യാത്രാ ചെലവ് | 69.04 | 118.41 | 71.5 |
| 3) മെയിന്റിനൻസ് ചെലവ് | 57.50 | 31.00 | (-)46.1 |
| 4) പെട്രോൾ, ഡീസൽ തുടങ്ങിയവ | 35.98 | 77.60 | 115.7 |
| 5) മോട്ടോർ വാഹനങ്ങൾ | 15.44 | 24.89 | 61.2 |
| 6) വാടകയും നികുതിയും | 21.92 | 32.17 | 46.8 |
| മൊത്തം | 346.11 | 465.60 | 34.5 |

*Source:* CAG, Finance Accounts 2010-11 and 2014-15 Vol.I

ഔദ്യോഗിക കാറുകളുടെ ദുരുപയോഗവും, ആഡംബരവും അവസാനിപ്പിക്കണം. ഒന്ന്, സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, പൊതുഫണ്ടിന്റെ സഹായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയിലെ മേധാവികളും ഉദ്യോഗസ്ഥരും ഔദ്യോഗിക കാറായി ആഡംബര കാറുകൾ (ടയോട്ട ഇനോവ തുടങ്ങിയവ) ഉപയോഗിക്കുന്നത് വ്യാപകമാണ്. എല്ലാ ഉദ്യോഗസ്ഥരും ഇടത്തരം സാധാരണ കാറുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന മാനദണ്ഡം നടപ്പിലാക്കണം. രണ്ട്, പല വകുപ്പു മേധാവികളും, ഉയർന്ന ഉദ്യോഗസ്ഥരും ഒന്നിലധികം കാർ ഉപയോഗി

ക്കുന്നു. വകുപ്പു മേധാവി എന്ന നിലയിൽ ലഭിക്കുന്ന വാഹനവും, വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ വാഹനങ്ങളും. ഒരു ഉദ്യോഗസ്ഥൻ ഒന്നിലധികം കാറുകൾ ഉപയോഗിക്കുന്നത് കർശനമായി തടയണം. ഈ നിയമം ലംഘിക്കുന്നവരുടെ മേൽ കർശനമായ നടപടികൾ സ്വീകരിക്കുകയും ഫൈൻ ഈടാക്കുകയും വേണം. മൂന്ന്, ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യങ്ങൾക്ക് വ്യാപകമായി ദുരുപയോഗം ചെയ്യുന്നു. ഇത് പരിഹരിക്കാൻ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കണം. ഇതിന് നാല് ഇരട്ടി ഫൈൻ വാങ്ങണം.

## 11) ബ്യൂറോക്രസി വികസനം

സർക്കാർ ഉദ്യോഗസ്ഥനെ ''സിവിൽ സർവന്റ്'' അഥവാ ''ജനങ്ങളുടെ സേവകൻ'' എന്നാണ് സർക്കാർ നിയമാവലികളിൽ പറയുന്നത്. ജനങ്ങൾ നൽകുന്ന നികുതികളും, ഫീസുകളും ഉൾപ്പെടുന്ന സർക്കാർ വരുമാനത്തിൽ നിന്നാണ് ഇവർക്ക് ശമ്പളവും വിരമിച്ചവർക്ക് പെൻഷനും നൽകുന്നത്. ജനങ്ങളുടെ നികുതിയിൽ നിന്ന് ശമ്പളം നൽകുന്നത് ജനങ്ങളെ സേവിക്കാനാണ്. ഇന്ന് സർക്കാർ ഉദ്യോഗസ്ഥരിൽ 'ജനസേവകരെ' കണ്ടെത്താൻ വിഷമമാണ്. കാരണം അവരുടെ എണ്ണം തീരെ കുറവാണ്. ജനങ്ങളുടെമേൽ അധികാരമുള്ള പ്രമാണിമാരായും, മാഫിയ സ്വഭാവത്തിലുള്ള ട്രേഡ് യൂണിയൻ നേതാക്കളായും, സർക്കാർ സർവ്വീസുകൾ നൽകാൻ കോഴ വാങ്ങുന്നവരായും, സർക്കാർ ചെലവിൽ ആഡംബര ജീവിതം നയിക്കുന്നവരുമായി നല്ലൊരു ഭാഗം സർക്കാർ ജീവനക്കാർ മാറിയിരിക്കുന്നു. സർക്കാർ തങ്ങളാണെന്നും സർക്കാരിനു ലഭിക്കുന്ന വിഭവങ്ങളും മറ്റു സംവിധാനങ്ങളും തങ്ങളുടെ ആഡംബര ജീവിതത്തിന് ഉപയോഗിക്കാൻ ഉള്ളതാണെന്നുമുള്ള ഫ്യൂഡൽ കാഴ്ചപ്പാട് ഒരു വിഭാഗം ജീവനക്കാരിൽ വ്യാപകമാകുന്നു. സംസ്ഥാന മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്.എം. വിജയാനന്ദ് കേരളത്തിലെ ബ്യൂറോക്രസിയെപ്പറ്റി പറഞ്ഞ അഭിപ്രായം ഇവിടെ പ്രസക്തമാണ്. ''ചീഫ് സെക്രട്ടറി എന്ന പദവിയില്ലാതെ ഒരു സർക്കാർ ഓഫീസിലേക്ക് കയറിച്ചെല്ലാൻ എനിക്ക് പേടിയാണ്. സർക്കാർ ഓഫീസുകളിലെത്തുന്ന പൊതുജനങ്ങളുടെ മുഖ്യ പരാതി ഉദ്യോഗസ്ഥരുടെ മോശമായ പെരുമാറ്റം സംബന്ധിച്ചതാണ്''. (മാതൃഭൂമി ദിനപത്രം, 2016 ജൂൺ 26). അധികാരവും രാഷ്ട്രീയ സ്വാധീനവും പണവുമില്ലാത്ത സാധാരണക്കാരൻ സർക്കാർ ഓഫീസുകളിൽ പോയാൽ അവന് അഭയാർത്ഥിയുടെയോ ഭിക്ഷാടകന്റെയോ പരിഗണന പോലും പല സർക്കാർ ഓഫീസുകളിലെയും ജീവനക്കാർ നൽകാറില്ല. സോഷ്യ

ലിസ്റ്റ്, കമ്മ്യൂണിസ്റ്റ് സർക്കാരുകൾ കേരളം ഭരിച്ചെങ്കിലും ജന്മി നാടുവാഴികാലത്തെ ബ്യൂറോക്രസി സ്വഭാവത്തിൽ നിന്ന് ജനസേവകന്റെ റോളിലേക്ക് സർക്കാർ ബ്യൂറോക്രസിയെ മാറ്റാൻ കഴിഞ്ഞിട്ടില്ല.

ബ്യൂറോക്രസി വികസനം നടപ്പിലാക്കുന്നത് പല മാർഗ്ഗങ്ങളിലൂടെയാണ്. ഒന്ന്, വികസന പദ്ധതികൾ, പഞ്ചവത്സര പദ്ധതികൾ തുടങ്ങിയവ എല്ലാ വികസന പദ്ധതികൾക്കും ബ്യൂറോക്രസി വികസനം അനിവാര്യമാണെന്ന പ്രചരണം നടത്തുന്നു. വികസനമെന്നു പറഞ്ഞു നടപ്പിലാക്കുന്ന ഏതാണ്ട് എല്ലാ പദ്ധതികളും ബ്യൂറോക്രസി വികസനത്തിൽ അവസാനിക്കുന്നു. രണ്ട്, ഒരു ഫയൽ ഒന്നോ രണ്ടോ മൂന്നോ ഉദ്യോഗസ്ഥർ പരിശോധിച്ച് വകുപ്പ് മേധാവി തലത്തിൽ എത്തിക്കുന്നതിനുപകരം ഒട്ടനവധി തസ്തികയിലുള്ളവർ പരിശോധിക്കുന്നു. അനാവശ്യമായി ഒട്ടനവധി തസ്തികകൾ നിലനിർത്താൻ കുറെ പേർക്ക് ഉയർന്ന നിരക്കിലുള്ള ശമ്പളം കൊടുക്കാനുള്ള പരിപാടിയാണിത്. സാധാരണ ഗതിയിൽ ഒരു ഫയൽ സെക്രട്ടറി/വകുപ്പു മേധാവിവരെ എത്താൻ 8 മുതൽ 10 തലങ്ങൾ വരെയുണ്ട്.

ഓഫീസ് അസിസ്റ്റന്റ് → അസി. സെക്ഷൻ ഓഫീസർ →സെക്ഷൻ ഓഫീസർ →ഓഫീസ് സൂപ്രണ്ട് →അണ്ടർ സെക്രട്ടറി →ഡെപ്യൂട്ടി സെക്രട്ടറി →ജോയിന്റ് സെക്രട്ടറി → അഡിഷണൽ സെക്രട്ടറി →സ്പെഷ്യൽ സെക്രട്ടറി → സെക്രട്ടറി.

മൂന്ന്, സർക്കാർ സർവ്വീസിൽ ചേരുന്ന ഒരു ഉദ്യോഗസ്ഥന് രണ്ടോ മൂന്നോ വർഷം കൂടുമ്പോൾ പ്രൊമോഷൻ നൽകി ഉയർന്ന ശമ്പളമുള്ള തസ്തികകളിൽ നിയമിക്കുന്നു. മുപ്പതു വർഷത്തിനുള്ളിൽ പത്തോ അതിലധികമോ പ്രൊമോഷൻ സാധ്യതകൾ സെക്രട്ടറിയേറ്റിലുണ്ട്. നാല്, സർക്കാർ വകുപ്പുകളെ വിഭജിച്ച് ചെറിയ ചെറിയ പുതിയ വകുപ്പുകൾ സൃഷ്ടിക്കുന്നു. പുതിയ വകുപ്പിന് അധികമായി ഡയറക്ടറും അനുബന്ധ ഉന്നത തസതികകൾ, ഔദ്യോഗിക വാഹനം തുടങ്ങിയവ നൽകുന്നു. പ്രത്യേക വകുപ്പ് കൂടുതൽ പ്രൊമോഷൻ തസ്തികകൾ സൃഷ്ടിക്കുന്നു. അഞ്ച്, ഡെപ്യൂട്ടേഷൻ പരിപാടിയാണ് മറ്റൊന്ന്. സംസ്ഥാന സർക്കാരിന്റെ പ്രധാന വകുപ്പുകളിൽ ജില്ലാ പഞ്ചായത്ത് തുടങ്ങിയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫൈനാൻസ് ഓഫീസർ എന്നിവർ സെക്രട്ടറിയേറ്റിൽ നിന്ന് ഡെപ്യൂട്ടേഷനായി പോകുന്നു. ഇതുമൂലം സെക്രട്ടേറിയേറ്റിൽ ഡെപ്യൂട്ടി സെക്രട്ടറി മുതൽ അഡിഷണൽ സെക്രട്ടറിമാരുടെ തസ്തിക

യിൽ വൻ വർദ്ധനയുണ്ടാക്കുന്നു. ആറ്, തസ്തികകളുടെ പേരു മാറ്റി ഉയർന്ന ശമ്പള സ്കെയിലുകൾ നൽകുന്നു. ഉദാഹരണം - അപ്പർ ഡിവിഷൻ ക്ലാർക്കിനെ അസിസ്റ്റന്റ് സെക്ഷൻ ഓഫീസറാക്കി ഉയർന്ന സ്കെയിൽ നൽകുക, ജൂനിയർ എഞ്ചിനീയറെ അസിസ്റ്റന്റ് എഞ്ചിനീയറാക്കി മാറ്റുക തുടങ്ങിയവ. ഏഴ്, റിട്ടയർ ചെയ്യാൻ ചെറിയ കാലയളവിലുള്ള ഉദ്യോഗസ്ഥനെ ഉയർന്ന പോസ്റ്റിൽ നിയമിച്ച് ഉയർന്ന നിരക്കിലുള്ള പെൻഷൻ ആനുകൂല്യങ്ങൾ നേടാൻ അവസരമുണ്ടാക്കി കൊടുക്കുക. ഇവിടെ അനാവശ്യമായി അധിക ധനബാധ്യതയുണ്ടാക്കുന്നു. എട്ട്, മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുക, സർക്കാർ ജീവനക്കാർക്ക് നൽകുന്നതിനെക്കാൾ വലിയ തോതിലുള്ള ശമ്പളവും പെൻഷൻ ആനുകൂല്യങ്ങൾ നൽകുക. ഒൻപത്, തെരഞ്ഞെടുക്കുന്ന ജനപ്രതിനിധികൾക്ക് പരിധിയില്ലാത്ത യാത്ര, ചികിത്സ, സൗജന്യ താമസം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുക. സാധാരണ ഗതിയിൽ പണം നൽകി ലഭിക്കുന്ന സേവനങ്ങളും മറ്റും സൗജന്യമായി നൽകുക എന്നതാണ് നയം.

## സെക്രട്ടറിയേറ്റ് ബ്യൂറോക്രസി

മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, ചീഫ് സെക്രട്ടറി, മറ്റു സെക്രട്ടറിമാർ, അവരുടെ കീഴിലുള്ള സർക്കാർ വകുപ്പുകൾ, അതിലെ ഉദ്യോഗസ്ഥർ എന്നിവ പ്രവർത്തിക്കുന്ന ഓഫീസ് സമുച്ചയമാണ് തിരുവനന്തപുരത്തെ സെക്രട്ടറിയേറ്റ്. സെക്രട്ടറിയേറ്റിലെ ജീവനക്കാർ ഭരണം, ധനകാര്യം, നിയമം, മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ് തുടങ്ങിയ വിഭാഗത്തിൽപ്പെടുന്നു. 2008ലെ സെക്രട്ടറിയേറ്റിലെ ജീവനക്കാരുടെ എണ്ണം 4784 ആയിരുന്നത് 2016ൽ 5324 ആയി വർദ്ധിച്ചു. വർദ്ധന 11.3 ശതമാനം. സെക്രട്ടറിയേറ്റിൽ കഴിഞ്ഞ കുറെ വർഷങ്ങളായി ഫയൽ സമ്പ്രദായത്തിൽ മാറ്റം വരുത്തുകയാണ്. ഐ.റ്റി. സാങ്കേതിക വിദ്യ, ഇ-ഗവേണൻസ് എന്നിവ സെക്രട്ടറിയേറ്റിൽ എല്ലാ വിഭാഗങ്ങളിലും നടപ്പിൽ വരുത്തിയെന്നു പറയുന്നു. ഈ തരത്തിൽ ഇ-ഗവേണൻസ് നടപ്പിലാക്കിയാൽ ജീവനക്കാരുടെ എണ്ണം കാൽഭാഗമെങ്കിലും കുറയേണ്ടതാണ്. എന്നാൽ ഒരു ഭാഗത്ത് ഇ-ഗവേണൻസ് നടപ്പിലാക്കുകയും മറുഭാഗത്ത് പുതിയ തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരുടെ എണ്ണം തുടർച്ചയായി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

അടുത്തതായി സെക്രട്ടറിയേറ്റിലെ ഒരു പ്രധാന വകുപ്പായ ധനവകുപ്പിലെ ജീവനക്കാരുടെ എണ്ണത്തിലെ വർദ്ധനയും, ഘടനയും പരിശോധിക്കാം. ഫിനാൻസ് വകുപ്പിലെ മൊത്തം ജീവനക്കാരുടെ എണ്ണം 2008ൽ

608 ആയിരുന്നത് 2016ൽ 868 ആയി വർദ്ധിച്ചു. വർദ്ധനം 48 ശതമാനം. പട്ടിക 5.41ൽ ഫിനാൻസ് വകുപ്പിലെ സ്റ്റാഫ് ഘടന നൽകിയിട്ടുണ്ട്. ഇ-ഗവേണൻസ് നടപ്പിലാക്കിയ ഈ വകുപ്പിലെ ജീവനക്കാരുടെ എണ്ണം കുറയുന്നതിനുപകരം വർദ്ധിക്കുകയാണ് ചെയ്തത്. ബ്യൂറോക്രസി വികസനം എങ്ങനെ നടത്താമെന്നതിന്റെ ഒരു ഉദാഹരണമാണ് ധനവകുപ്പ്. ധനവകുപ്പിൽ പുതുതായി ചേരുന്ന ഒരു ക്ലാർക്ക്/അസിസ്റ്റന്റ് സർവീസിൽ ലഭിക്കുന്ന പ്രൊമോഷൻ തസ്തികകൾ താഴെ പറയുന്നു.

**ധനവകുപ്പിലെ പ്രൊമോഷൻ തസ്തികകൾ**

അസിസ്റ്റന്റ് → അസിസ്റ്റന്റ് ഗ്രേഡ് ഒൺ → അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ → സെക്ഷൻ ഓഫീസർ → സെക്ഷൻ ഓഫീസർ ഹയർ ഗ്രേഡ് →അക്കൗണ്ട് ഓഫീസർ → അണ്ടർ സെക്രട്ടറി → ഡെപ്യൂട്ടി സെക്രട്ടറി → ജോയിന്റ് സെക്രട്ടറി → അഡിഷണൽ സെക്രട്ടറി

ഒരു അസിസ്റ്റന്റ് സർവീസിൽ കയറിയാൽ ഏതാണ്ട് 30 വർഷത്തെ സർവീസിനിടെ അയാൾക്ക് 10 സ്ഥാനങ്ങളിലേക്ക് പ്രൊമോഷൻ ലഭിക്കാൻ വേണ്ട പ്രൊമോഷൻ സാധ്യതയാണുള്ളത്. ഓരോ പ്രൊമോഷൻമൂലം ശമ്പള സ്കെയിൽ വർദ്ധനയുണ്ടാകുന്നു.

ധനവകുപ്പിൽ ധനം, സാമ്പത്തികം, കൊമേഴ്സ് എന്നീ വിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ള ഉദ്യോഗസ്ഥരുടെ ആവശ്യമുണ്ട്. ആ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമുള്ളവരെ ജൂനിയർ ഓഫീസർമാരായി നിയമിച്ച് ധനവിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ള ഉദ്യോഗസ്ഥരെ സൃഷ്ടിക്കേണ്ടതാവശ്യമാണ്. കേന്ദ്ര സർക്കാർ സർവീസിൽ ധന, സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക ആൾ ഇന്ത്യ സർവീസ് ഉദ്യോഗസ്ഥന്മാരുണ്ട്. (ഇന്ത്യൻ എക്കണോമിക് സർവീസ്, ഇന്ത്യൻ റവന്യു സർവീസ് തുടങ്ങിയവ) ഇത്തരത്തിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കുന്നത് തടയാൻ സെക്രട്ടറിയേറ്റിലെ ശക്തരായ ട്രേഡ് യൂണിയനുകൾക്ക് ശക്തിയുണ്ട്. സെക്രട്ടറിയേറ്റ് ജീവനക്കാരുടെയും ട്രേഡ് യൂണിയൻ താൽപര്യത്തിനെതിരായി നീങ്ങാൻ മന്ത്രിമാർക്ക് കഴിവില്ല. ധനഭരണം ക്ലറിക്കൽ കേഡറിലുള്ളവർ നടത്തുന്നതുമൂലമാണ് ധനഭരണം ഇത്രയും കുത്തഴിഞ്ഞതാകാനുള്ള ഒരു പ്രധാന കാരണം. രണ്ടോ, മൂന്നോ വർഷത്തിലൊരിക്കൽ ഒരു പ്രൊമോഷൻ നൽകുന്ന രീതി സെക്രട്ടറിയേറ്റിനു പുറത്തുള്ള വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കില്ല.

## പട്ടിക 5.41
## ഫിനാൻസ് വകുപ്പിലെ സ്റ്റാഫ് ഘടന

| കാറ്റഗറി | മാർച്ച് 2008 | മാർച്ച് 2016 | വർദ്ധനം (ശതമാനം) |
|---|---|---|---|
| സെക്രട്ടറിയും അതിന് മുകളിലുള്ളവർ | 3 | 3 | 0.0 |
| സ്പെഷ്യൽ സെക്രട്ടറി | - | 1 | - |
| അഡിഷണൽ സെക്രട്ടറി | 14 | 14 | 0.0 |
| ജോയിന്റ് സെക്രട്ടറി | 12 | 15 | 25.0 |
| ഡെപ്യൂട്ടി സെക്രട്ടറി | 12 | 14 | 16.7 |
| അണ്ടർ സെക്രട്ടറി | 25 | 33 | 32.0 |
| അക്കൗണ്ട് ഓഫീസർ | 7 | 15 | 114.3 |
| സെക്ഷൻ ഓഫീസർ (H.G) | 49 | 45 | (-)8.2 |
| അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ | - | 100 | - |
| ഓഫീസ് അസിസ്റ്റന്റ് | 224 | 228 | (-)1.8 |
| മറ്റുള്ളവർ | 222 | 345 | 55.4 |
| മൊത്തം | 608 | 868 | 42.8 |

*Source:* Appendix I, Kerala Budget 2016-17 (Details of staff)

സെക്രട്ടറിയേറ്റിലെ മറ്റു വകുപ്പുകളിലെ സ്ഥിതിയും വ്യത്യസ്തമല്ല. ക്ലറിക്കൽ സർവീസിൽ കയറുന്നവർക്ക് രണ്ടോ മൂന്നോ വർഷത്തിലൊരിക്കൽ പ്രൊമോഷൻ നൽകി ഉയർന്ന തസ്തികകളിലേക്ക് ഉയർത്തുന്ന രീതിയാണുള്ളത്. സെക്രട്ടറിയേറ്റ് തുടങ്ങിയ കാലം മുതലുള്ള രീതിയാണ് അനുവർത്തിക്കുന്നതെന്നും അത് തുടരുന്നുവെന്നുമാണ് ജീവനക്കാരുടെ സംഘടനകളുടെ നിലപാട്. ഇത്തരത്തിലുള്ള അമിത പ്രൊമോഷൻ സാധ്യതകൾ സെക്രട്ടറിയേറ്റിനു പുറത്തുള്ള ക്ലറിക്കൽ ജീവനക്കാർക്ക് ഇല്ല എന്നതും ശ്രദ്ധേയമാണ്. സെക്രട്ടറിയേറ്റിനു പുറത്തുള്ള വകുപ്പുകളിലെ ജീവനക്കാരെ മൂന്നാംകിട പൗരന്മാരായാണ് സെക്രട്ടറിയേറ്റ് ബ്യൂറോക്രസി പരിഗണിക്കുന്നത്. തങ്ങളാണ് സർക്കാരെന്നും ബാക്കിയുള്ളവർ മൂന്നാംകിട സർക്കാർ ജീവനക്കാർ എന്നുള്ളതാണ് നിലപാട്. സെക്രട്ടറിയേറ്റിലെ ഒരു ക്ലാർക്ക് മറ്റു വകുപ്പികളിലെ ക്ലാർക്കും തമ്മിൽ ശമ്പളസ്കെയിലിൽ വലിയ അന്തരമുണ്ട്. ആദ്യത്തെയാൾ ഒന്നാംകിട ഉദ്യോഗസ്ഥനും

രണ്ടാമത്തെയാൾ മൂന്നാംകിടക്കാരനുമായി പരിഗണിക്കപ്പെടുന്നു. സെക്രട്ടറിയേറ്റിലെ ക്ലാർക്കിന് പ്രൊമോഷൻ വഴി അഡിഷണൽ സെക്രട്ടറിവരെയായി ഉയരാം. ഇതര വകുപ്പുകളിലെ ക്ലാർക്ക് ഒരു ഓഫീസ് സൂപ്രണ്ടായോ ആദ്യ ഗ്രേഡ് ഗസറ്റഡ് ഓഫീസറായോ വിരമിക്കും. സെക്രട്ടറിയേറ്റ്, മറ്റു വകുപ്പുകൾ എന്നീ വ്യത്യാസമില്ലാതെ ഓരേ യോഗ്യതയുടെ അടിസ്ഥാനത്തിൽ ക്ലാർക്ക്മാരെ റിക്രൂട്ട് ചെയ്യുന്ന രീതിയുണ്ടാവണം. ഇവർക്ക് ഒരേ ശമ്പള സ്കെയിൽ നൽകണം. സെക്രട്ടറിയേറ്റിലെ ക്ലാർക്ക് ഫ്യൂഡൽ പ്രമാണിയും മറ്റു സർക്കാർ വകുപ്പുകളിലെ ക്ലാർക്ക് അടിയാനുമെന്ന ഫ്യൂഡൽ ബ്യൂറോക്രസി രീതി ഒരു ജനാധിപത്യ സർക്കാരിന് ഭൂഷണമല്ല.

### 12) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്

മന്ത്രിമാർക്ക് തങ്ങളുടെ ഓഫീസിലും വീട്ടിലും പ്രവർത്തിക്കാൻ പേഴ്സണൽ സ്റ്റാഫിനെ നിയമിക്കാവുന്നതാണ്. പ്രൈവറ്റ് സെക്രട്ടറി, ക്ലറിക്കൽ സ്റ്റാഫ്, അറ്റൻഡർ, കുക്ക്, ഡ്രൈവർ തുടങ്ങിയവരാണ് പേഴ്സണൻ സ്റ്റാഫിൽ ഉൾപ്പെടുന്നത്. 2008ൽ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം 509 ആയിരുന്നത് 2016ൽ 640 ആയി വർദ്ധിച്ചു. പട്ടിക 5.42ൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം നൽകിയിട്ടുണ്ട്. എട്ടു വർഷത്തിനുള്ളിൽ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണത്തിൽ 26 ശതമാനം വർദ്ധനയുണ്ട്. 2008ൽ ഒരു മന്ത്രിക്ക് ശരാശരി 27 പേർ ഉണ്ടായിരുന്നത് 2016ൽ 32 ആയി വർദ്ധിച്ചു. കേന്ദ്ര സർക്കാരിലെ ഒരു മന്ത്രിയ്ക്ക് 15 പേഴ്സണൽ സ്റ്റാഫ് മാത്രമെ ഉള്ളു. ആ നിലയ്ക്ക് നോക്കുമ്പോൾ സംസ്ഥാനത്തെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം വളരെ കൂടുതലാണ്. തന്മൂലം ഈ ഇനത്തിൽ അനാവശ്യമായി വൻ തുക ചെലവാക്കുന്നു.

മന്ത്രിമാരുടെ സ്റ്റാഫ് രണ്ടു വിഭാഗത്തിൽപ്പെടുന്നു. സംസ്ഥാന സർവീസിലുള്ളവരും അല്ലാതെ നിയമിക്കുന്നവരും. സംസ്ഥാന സർവ്വീസിലുള്ളവർക്ക് സർവീസിലുള്ളപ്പോൾ കിട്ടുന്ന ശമ്പളവും മറ്റു അലവൻസുകളും ലഭിക്കുന്നു. എന്നാൽ അല്ലാതെ നിയമിക്കുന്നവർക്ക് രണ്ടു വർഷം ജോലിചെയ്താൽ മിനിമം പെൻഷന് അർഹതയുണ്ട്. ഈ പെൻഷൻ ആനുകൂല്യം നേടാൻ വേണ്ടി ചില മന്ത്രിമാർ രണ്ടു വർഷം തികയുമ്പോൾ നിലവിലുള്ളവരെ പിരിച്ചുവിട്ട് പുതിയ ആളുകളെ നിയമിക്കാറുണ്ട്. സർക്കാർ സർവ്വീസിൽ പത്തു വർഷം സർവീസു പൂർത്തിയായവർക്കേ മിനിമം പെൻഷന് അർഹതയുള്ളു. രണ്ടു വർഷം ജോലി ചെയ്തവർക്ക് പെൻഷൻ നൽകുന്നതിന് നീതീകരണമില്ല. തെരഞ്ഞെടുപ്പിൽ കൂടി അധി

**പട്ടിക 5.42**

**മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം**

| സ്റ്റാഫ് വിഭാഗം | മാർച്ച് 2008 | മാർച്ച് 2016 | വർദ്ധനം (ശതമാനം) |
|---|---|---|---|
| 1) അസിസ്റ്റന്റ് സെക്രട്ടറിയും അതിനു മുകളിലും | 139 | 192 | 38.1 |
| 2) ക്ലറിക്കൽ സ്റ്റാഫ് | 229 | 226 | (–)1.3 |
| 3) അറ്റൻഡർ, കുക്ക്, ലാസ്റ്റ് ഗ്രേഡ് | 141 | 222 | 57.4 |
| 4) മൊത്തം സ്റ്റാഫ് | 509 | 640 | 25.7 |
| 5) ഒരു മന്ത്രിയുടെ ഓഫീസിലുള്ള ശരാശരി ജീവനക്കാർ | 27 | 32 | 18.5 |

*Source:* GOK, 2016, Appendix I, Kerala Budget 2016-17 (Details of staff)

കാരത്തിൽ വരുന്ന ഒരു സർക്കാരിന് അഞ്ചു വർഷ കാലാവധിയുണ്ട്. അഞ്ചു വർഷമെങ്കിലും മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫായി നിയമിക്കുന്നവർക്കു പെൻഷൻ നൽകുന്നതിന് കുറച്ചെങ്കിലും നീതികരണമുണ്ട്. എന്നാൽ ഭാവി സാമ്പത്തിക ബാധ്യകളൊന്നും പരിഗണിക്കാതെ രണ്ടു വർഷം സർവ്വീസിലുള്ളവർക്കും പെൻഷൻ നൽകുന്നത് ശുദ്ധ ധൂർത്താണ്. ഈ ധന ധൂർത്ത് നടത്തി നികുതി പണം ധൂർത്തടിക്കുന്നതിൽ ഭരണ–പ്രതിപക്ഷ ഭേദമെന്യെ രാഷ്ട്രീയ പാർട്ടികൾ മത്സരിക്കുന്നു. ഇത് സർവ്വ സാധാരണമായ നാട്ടു നടപ്പാണെന്നാണ് നമ്മുടെ രാഷ്ട്രീയ നേതാക്കളുടെ നിലപാട്. ഈ ധനധൂർത്ത് നടത്തുന്നത് ജനങ്ങളുടെ നികുതി പണമുപയോഗിച്ചാണെന്ന് അവർ മറന്നുപോകുന്നു.

## 13) വകുപ്പ് വിഭജന ധൂർത്ത്

കേരളം പോലെ 14 ജില്ലകൾ മാത്രമുള്ള ഒരു കൊച്ചു സംസ്ഥാനത്തിന് ഭരണ നടത്തിപ്പിന് നൂറിലധികം വകുപ്പുകളുടെ ആവശ്യമില്ല. ബ്യൂറോക്രസി വികസനത്തിനുവേണ്ടി ജീവനക്കാരുടെ സംഘടനകളും മറ്റു സ്ഥാപിത താൽപര്യക്കാരും ഉപയോഗിക്കുന്ന ഒരു മാർഗ്ഗം വകുപ്പുകളെ വിഭജിച്ചു ചെറിയ വകുപ്പുകളാക്കുക എന്നതാണ്. വികസനത്തിന് വകുപ്പ് വിഭജനം അനിവാര്യമാണെന്ന പ്രത്യയശാസ്ത്രമാണ് സ്ഥാപിത താൽപര്യക്കാർ ഇതിനു വേണ്ടി ഉപയോഗിക്കുന്നത്. വകുപ്പു വിഭജിച്ചു ചെറിയ വകുപ്പുകളാക്കുന്നതുമൂലം പുതിയ ഡയറക്ടർ തസ്തികയും മറ്റു ഉന്നത

തസ്തികകളും സൃഷ്ടിക്കാൻ കഴിയുന്നു. കൂടുതൽ ഉന്നത തസ്തികകൾ, ജീവനക്കാർ, വാഹനങ്ങൾ, മറ്റു സൗകര്യങ്ങൾ എന്നിവ പുതിയ വകുപ്പിനു ലഭിക്കുന്നു. 2016-17ലെ ബജറ്റ് അനുസരിച്ച് സംസ്ഥാനത്ത് 114 വകുപ്പുകളുണ്ട്. ഒൻപത് വകുപ്പുകളിലെ ജീവനക്കാരുടെ എണ്ണം 30ൽ താഴെയാണ്. ഒരു ഉപവകുപ്പെന്ന സ്ഥാനം നൽകുന്നതിനുപകരം സ്വതന്ത്ര വകുപ്പായി ഇവയെ പരിഗണിക്കുന്നു.

ഒരേ സ്വഭാവത്തിലുള്ള മേഖലയ്ക്ക് ഒന്നിൽ അധികം വകുപ്പുകൾ ഉണ്ട്. ഉദാഹരണമായി ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, വൊക്കേഷണൽ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ വകുപ്പുകൾ, വ്യവസായത്തിന് വ്യവസായ വകുപ്പിന് പുറമെ ഹാൻഡ്‌ലൂമിനും കയറിനും പ്രത്യേക വകുപ്പുകളുണ്ട്. 13 ജീവനക്കാരുള്ള സാംസ്കാരിക വകുപ്പും 18 ജീവനക്കാരുള്ള സാംസ്കാരിക ഡയറക്ടറേറ്റുമുണ്ട്. പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി വകുപ്പിനെ വിഭജിച്ച് രണ്ടാക്കി മാറ്റി.  പട്ടികജാതി, പട്ടിക വർഗ്ഗത്തിനു പ്രത്യേക വകുപ്പുകളുണ്ട്. നഗരകാര്യങ്ങൾക്ക് ഠൗൺ ആന്റ് കൺട്രി പ്ലാനിങ്ങ്, അർബൻ അഫയേഴ്സ് എന്നീ രണ്ടു വകുപ്പുകളുണ്ട്. തുറമുഖ കാര്യങ്ങൾക്ക്  പോർട്ട് വകുപ്പും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുണ്ട്. ലൈബ്രറി നടത്തിപ്പിനും മ്യൂസിയം, മൃഗശാല നടത്തിപ്പിനും പ്രത്യേക വകുപ്പുകളുണ്ട്.  ഈ വകുപ്പ് സൃഷ്ടിക്കൽ - വിപ്ലവത്തിന്റെ മുഖ്യ ലക്ഷ്യം അനാവശ്യമായ ഡയറക്ടർ മറ്റു ഉന്നത തസ്തികകൾ സൃഷ്ടിച്ച് ധനധൂർത്ത് നടത്തുകയാണ്. ഒരേ മേഖലയിൽ ഒന്നിലധികം വകുപ്പുകൾ സൃഷ്ടിച്ച് ഭരണം നടത്തുന്നതുമൂലം പല പ്രശ്നങ്ങളുമുണ്ടാകുന്നു. ഒന്ന്, ഒരു വിഷയത്തിൽ രണ്ട് വകുപ്പുകൾ രണ്ടു സമീപനങ്ങളും നയങ്ങളും സ്വീകരിക്കുന്ന അവസ്ഥയുണ്ടാകുന്നു. രണ്ട്, ഒരു വിഷയത്തെ സമഗ്രമായി കണ്ട് നയങ്ങൾ രൂപീകരിക്കാൻ കഴിയാതെ വരുന്നു. മൂന്ന്, വകുപ്പു മേധാവികളും ഈഗോകളും വ്യക്തി താൽപര്യങ്ങളും മൂലം വകുപ്പുകൾ തമ്മിൽ തല്ലാനുള്ള പ്രവണതയുണ്ടാകുന്നു. നാല്, പുതിയ വകുപ്പുകൾ തുടങ്ങുന്നതിനും നടത്തുന്നതിനും വൻതോതിലുള്ള ധനബാധ്യത സൃഷ്ടിക്കുന്നു.

ഭരണം കാര്യക്ഷമമാക്കാനും മൊത്തത്തിലുള്ള വികസനത്തിനും ധനധൂർത്ത് അവസാനിപ്പിക്കുന്നതിനും ഒരേ മേഖലയിലുള്ള വകുപ്പുകളെ സംയോജിപ്പിക്കേണ്ടതാവശ്യമാണ്. പുതിയ വകുപ്പ് സൃഷ്ടിക്കലിന് എന്തൊക്കെ നേട്ടങ്ങൾ പറഞ്ഞാലും ഫലത്തിൽ അധിക ഉദ്യോഗസ്ഥ തസ്തികകൾ സൃഷ്ടിക്കുന്ന, ധനചെലവ് വർദ്ധിപ്പിക്കുന്ന ധനധൂർത്തിനിടയാക്കുന്ന ബ്യൂറോക്രസി വികസനത്തിലെ എത്തിച്ചേരുകയുള്ളു.

## 14) പബ്ലിക് സർവ്വീസ് കമ്മിഷൻ

സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മിഷൻ സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ, സ്വയംഭരണ സ്ഥാപനങ്ങൾ, പ്രാദേശിക സർക്കാർ തുടങ്ങിയവയിലെ ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കേണ്ട സ്ഥാപനമാണ്. മറ്റു സംസ്ഥാനങ്ങളെക്കാൾ പൊതുമേഖലാ ജോലികൾക്കു വേണ്ടി അഭ്യസ്തവിദ്യർ അപേക്ഷകരായുള്ള സംസ്ഥാനമാണ് കേരളം. പബ്ലിക് സർവീസ് കമ്മിഷന് 1640 ജീവനക്കാരുള്ള വലിയ ഭരണ സംവിധാനമുണ്ട്. എന്നാൽ, കമ്മിഷന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ചെയർമാനും അംഗങ്ങളും ഉൾപ്പെടുന്ന കമ്മിഷനാണ്. വിവിധ തസ്തികകളിൽ ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേക പ്രാഗത്ഭ്യവും ആ മേഖലയുടെ പ്രവർത്തനത്തെക്കുറിച്ച് അറിവും ആവശ്യമാണ്. എന്നാൽ സംസ്ഥാന പബ്ലിക് സർവീസ് കമ്മിഷന്റെ അംഗങ്ങളാകുന്നവർക്ക് പ്രത്യേക യോഗ്യത ആവശ്യമില്ല. സാക്ഷരതയുള്ള ആർക്കും കമ്മിഷൻ അംഗമാകണമെന്നതാണ് നമ്മുടെ നാട്ടുനടപ്പ്. രാഷ്ട്രീയ പരിഗണന വച്ച് രാഷ്ട്രീയ നേതാക്കളെയും മറ്റും കമ്മിഷൻ അംഗമായി നിയമിക്കുന്നു. ഇവിടെ രാഷ്ട്രീയ താൽപര്യങ്ങൾക്കു വേണ്ടിമാത്രം പ്രവർത്തിച്ചവർക്ക് നിഷ്പക്ഷമായി ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കാൻ കഴിയുമോയെന്നത് വലിയൊരു ചോദ്യമാണ്. രാഷ്ട്രീയ നേതാക്കൾക്ക് മന്ത്രിയാകാമെങ്കിൽ എന്തുകൊണ്ട് കമ്മിഷൻ അംഗമായിക്കൂടാ എന്നതാണ് ഇതിനുള്ള മറുപടി. രണ്ടാമത്തെ പ്രശ്നം കമ്മിഷന്റെ വലിപ്പമാണ്. 2016ൽ കമ്മിഷന്റെ മുഴുവൻ അംഗങ്ങളുടെ എണ്ണം 21 ആണ്. ഒരു മുഴുവൻ സമയ അംഗത്തിന് ശമ്പളം, മറ്റു ആനുകൂല്യങ്ങൾ, ഔദ്യോഗിക വാഹനം, താമസിക്കാൻ വീട് തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാണ്. മാത്രമല്ല, കമ്മിഷൻ കാലാവധി കഴിഞ്ഞാൽ ജീവിതകാലം മുഴുവൻ പെൻഷനും ലഭിക്കുന്നു. ഓരോ അംഗത്തിനും വേണ്ടി വൻ തുക സർക്കാർ ചെലവാക്കുന്നു. ഇത്രയും വലിപ്പമുള്ള ഒരു കമ്മിഷന്റെ ആവശ്യം കേരളത്തിനുണ്ടോ എന്നതാണ് പ്രസക്തമായ ചോദ്യം. മദ്ധ്യപ്രദേശ് പി.എസ്.സിക്ക് ചെയർമാൻ ഉൾപ്പെടെ മൂന്നു അംഗങ്ങൾ മാത്രമേയുള്ളു. മഹാരാഷ്ട്രയിൽ അഞ്ചു പേർ മാത്രം. ആസ്സാം, ബീഹാർ, ഒഡിഷ, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ ചെയർമാൻ അടക്കം ആറ് പേരേയുള്ളു. കേന്ദ്ര സർക്കാരിന്റെ മുഴുവൻ ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്ന യൂണിയൻ പബ്ലിക് സർവ്വീസ് കമ്മിഷന് ചെയർമാനടക്കം പതിനൊന്ന് അംഗങ്ങളെയുള്ളു. ഇതിൽ നിന്ന് സംസ്ഥാനത്തിന് ഇത്രയും വലിപ്പമുള്ള പബ്ലിക് സർവ്വീസ് കമ്മിഷന്റെ

ആവശ്യമില്ലയെന്ന് വ്യക്തമാണ്. സർക്കാരിന് താൽപര്യമുള്ള കുറെ പേർക്ക് ജനങ്ങളുടെ നികുതി പണമുപയോഗിച്ച് ആഡംബര ജീവിതം നടത്താൻ സൗകര്യമൊരുക്കുന്ന ധനധൂർത്തായി മാത്രമേ ഇതിനെ കാണാനാകൂ. നിലവിലെ അംഗങ്ങളുടെ എണ്ണം മൂന്നിൽ ഒന്നായി കുറയ്ക്കേണ്ടതാണ് അഭികാമ്യം.

### 15) ജനപ്രതിനിധികൾക്ക് പരിധിയില്ലാത്ത ആനുകൂല്യങ്ങൾ

ജനപ്രതിനിധികൾ പരിധിയില്ലാത്ത പല ആനുകൂല്യങ്ങൾക്ക് അർഹരാണ്. അതിൽ ഒന്നാണ് ചികിത്സാ ആനുകൂല്യം. എം.എൽ.എമാർക്കും, മുൻ എം.എൽ.എമാർക്കും അവരുടെ കുടുംബങ്ങൾക്കും പരിധിയില്ലാത്ത ചികിത്സാ ചെലവ് നടത്താം. ഇത്തരത്തിലുള്ള ചെലവ് സർക്കാരാണ് വഹിക്കുന്നത്. ഈ പഴുതുപയോഗിച്ച് 1.9 കോടിയോളം രൂപ ചികിത്സയ്ക്ക് വേണ്ടി ചെലവഴിച്ച ജനപ്രതിനിധിയും നമ്മുടെ നാട്ടിലുണ്ട്. ഇത്തരത്തിൽ നമ്മുടെ ഇപ്പോഴുള്ള ജനപ്രതിനിധികളും മുൻ ജനപ്രതിനിധികളും ചെലവു നടത്തിയാൽ സർക്കാർ കുത്തുപാളയെടുക്കുമെന്നതിൽ സംശയമില്ല. ഇതിനെ ജനങ്ങളുടെ നികുതി പണം കൊള്ളയടിക്കുന്ന ഒരു പകൽ കൊള്ളയായി മാത്രമെ കാണാൻ കഴിയൂ. ജനപ്രതിനിധികൾക്കോ, മുൻ ജനപ്രതിനിധികൾക്കോ, മന്ത്രിമാർക്കോ ഇത്തരത്തിൽ പരിധിയില്ലാത്ത ആനുകൂല്യം നൽകുന്നത് ശരിയായ നടപടിയല്ല. നൽകുന്ന ഏത് ആനുകൂല്യത്തിനും പരിധി നിശ്ചയിക്കണം. ഇത്തരത്തിലുള്ള ധനധൂർത്തിന് ഒരു ന്യായീകരണവുമില്ല.

### 16) മോശമായ വികസന പ്രോജക്ടുകളുടെ നടത്തിപ്പ്

വിവിധ സമ്മർദ്ദ ഗ്രൂപ്പുകൾക്കും സ്ഥാപിത താൽപര്യക്കാർക്കും വേണ്ടി ധനധൂർത്ത് നടത്തുവാൻ സർക്കാരുകൾക്ക് വലിയ ആവേശമാണ്. എന്നാൽ നാട്ടിലെ വികസനത്തിന് വേണ്ടിയുള്ള പ്രോജക്ടുകൾ നടപ്പിലാക്കാൻ ഒരാവേശവുമില്ല. സംസ്ഥാന അസംബ്ലി തെരഞ്ഞെടുപ്പുകളിൽ ഏതാണ്ട് എല്ലാ സ്ഥാനാർത്ഥികളും ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്ന മുദ്രാവാക്യം താഴെ പറയുന്നതാണ്. "മണ്ഡലത്തിന്റെ വികസനത്തിനുവേണ്ടി എന്നെ വിജയിപ്പിക്കുക". രാഷ്ട്രീയ മുന്നണികൾ തെരഞ്ഞെടുപ്പുകളിൽ തങ്ങളുടെ പ്രകടന പത്രികകളിൽ വികസനമാണ് മുഖ്യ അജണ്ടയെന്ന് പ്രഖ്യാപിക്കുന്നു. എന്നാൽ ഇത്തരം പ്രഖ്യാപനങ്ങൾക്ക് തെരഞ്ഞെടുപ്പിൽ വിജയിക്കാനുള്ള പരസ്യമെന്നതിൽ കവിഞ്ഞ് വലിയ പ്രാധാന്യം പ്രഖ്യാപിക്കുന്നവർ നൽകുന്നില്ല.

ഈ പ്രഖ്യാപനങ്ങളുടെ ഒരംശംപോലും വാർഷിക പദ്ധതികളുടെ നടത്തിപ്പിൽ നമുക്ക് കാണാൻ കഴിയില്ല. തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ജനപ്രതിനിധികളും മന്ത്രിമാരും രാഷ്ട്രീയ പാർട്ടികളും തങ്ങളുടെ വികസന പ്രഖ്യാപനങ്ങൾ മറന്നുപോകുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ മൂന്നു വർഷക്കാലം വാർഷിക പദ്ധതിയിൽ നടത്തിയ ഏറ്റവും വലിയ അൻപതു വികസന പ്രോജക്ടുകളുടെ പദ്ധതി ചെലവ് പരിശോധിക്കാം. പട്ടിക 5.43ൽ ഏറ്റവും വലിയ 50 പ്രോജക്ടുകളുടെ മൊത്തം ബജറ്റ് അലോക്കഷനും ചെലവും നൽകിയിട്ടുണ്ട്. 2012-13ൽ ഈ പ്രോജക്ടുകൾക്കുവേണ്ടി കൊടുത്ത തുകയുടെ 70 ശതമാനം മാത്രമേ ചെലവാക്കിയുള്ളു. എന്നാൽ 2013-14ൽ ഈ പ്രോജക്ടുകൾക്കുവേണ്ടി ചെലവാക്കിയത് 59 ശതമാനം മാത്രമാണ്. അതായത് 41 ശതമാനം തുകയും ചെലവാക്കാൻ പ്രോജക്ടുകൾ നടപ്പിലാക്കുന്ന സർക്കാർ വകുപ്പുകൾക്ക് കഴിഞ്ഞില്ല. 2014-15ൽ ഈ പ്രോജക്ടുകൾക്കു വേണ്ടി ചെലവാക്കിയത് പദ്ധതി തുകയുടെ 69.8 ശതമാനമാണ്. ഈ സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രോജക്ടുകളിൽ 28 എണ്ണത്തിന് പദ്ധതി തുക മുഴുവൻ ചെലവാക്കാൻ കഴിഞ്ഞില്ല. സംസ്ഥാനത്തിലെ ഏറ്റവും വലിയ പ്രോജക്ടുകൾക്ക് ഈ സ്ഥിതിയാണെങ്കിൽ മറ്റു ചെറുകിട പ്രോജക്ടുകളുടെ നടത്തിപ്പിന്റെ നിലവാരം ഊഹിക്കാവുന്നതേയുള്ളു. വൻകിട പ്രോജക്ടുകൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കാൻ സർക്കാർ വകുപ്പുകളും, മന്ത്രിമാരും, ജനപ്രതിനിധികളും പരാജയപ്പെട്ടതിനെയാണ് ഇത് സൂചിപ്പിക്കുന്നത്.

**പട്ടിക 5.43**

**സംസ്ഥാനത്തെ ഏറ്റവും വലിയ 50 പ്രോജക്ടുകളുടെ പദ്ധതി ചെലവ് * (രൂപ കോടി)**

| വർഷം | ബജറ്റ് അലോക്കേഷൻ | ചെലവ് | ചെലവ് (ശതമാനം) |
|---|---|---|---|
| 2012-13 | 3269.88 | 2301.11 | 70.4 |
| 2013-14 | 5168.48 | 3055.53 | 59.1 |
| 2014-15 | 7030.80 | 4905.21 | 69.8 |

* ബജറ്റ് അലോക്കേഷനും ചെലവും ഉള്ള ഇനങ്ങൾ മാത്രം.

*Source:* CAG, Finance Accounts 2014-15, Vol.II

## സമയബന്ധിതമായി നടപ്പാക്കാൻ കഴിയാത്ത പ്രോജക്ടുകൾ

2014–15ലെ സി.എ.ജിയുടെ റിപ്പോർട്ടിൽ ഒരു കോടിയിലധികം തുകയുള്ള പൂർത്തിയാകാനാവാത്ത പ്രോജക്ടുകളുടെ പട്ടിക നൽകിയിട്ടുണ്ട്. (CAG, Finance, Accounts 2014-15, Vol.II) പ്രോജക്ടുകൾ നടപ്പിലാക്കി തുടങ്ങിയ വർഷവും, പൂർത്തിയാക്കാൻ നിശ്ചയിച്ച കാലവും ഇപ്പോഴത്തെ അവസ്ഥയും ഈ പട്ടികയിൽ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സംഗ്രഹം പട്ടിക 5.44ൽ നൽകിയിട്ടുണ്ട്. എട്ട് ഇനങ്ങളിലായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ നടത്തിപ്പിന്റെ വിവരങ്ങൾ ലഭ്യമാണ്.

### പട്ടിക 5.44
### ഒരു കോടിക്കുമേൽ തുകയുള്ള പൂർത്തീകരിക്കാത്ത പ്രോജക്ടുകളുടെ എണ്ണം

| ഇനങ്ങൾ | പ്രോജക്ട് തുടങ്ങിയ വർഷം | പ്രോജക്ടുകളുടെ എണ്ണം | പൂർത്തിയാക്കാൻ നിശ്ചയിച്ചകാലം (വർഷം) | 2015ലും പൂർത്തിയാക്കാത്തവയുടെ എണ്ണം |
|---|---|---|---|---|
| 1. മത്സ്യബന്ധന തുറമുഖം | 1994<br>2000<br>2006–12 | 1<br>1<br>4 | 12<br>2<br>1 | 1<br>1<br>4 |
| 2. കനാൽ | 2010 | 1 | 2 | 1 |
| 3. കടൽ ആക്രമണം തടയൽ | 2010–12 | 10 | (1–2) | 10 |
| 4. ജലസേചന പദ്ധതി | 1991<br>2008–12 | 1<br>3 | 1<br>1 | 1<br>3 |
| 5. കെട്ടിടങ്ങൾ | 1999<br>2006–13<br>2007–13 | 2<br>60<br>7 | (3–7)<br>(1–2)<br>(3–5) | 2<br>60<br>7 |
| 6. പാലങ്ങൾ | 2009–13 | 51 | (1–3) | 51 |
| 7. റോഡുകൾ | 2009–14 | 94 | (1–3) | 94 |
| 8. ദേശീയ പാതകൾ | 2012 | 1 | 1 | 1 |
| മൊത്തം | – | 236 | – | 236 |

ബ്രാക്കറ്റിൽ: പൂർത്തിയാക്കാൻ നിശ്ചയിച്ച വർഷങ്ങൾ.

*Source:* CAG, Finance Accounts 2014-15, Vol.II

മത്സ്യബന്ധന തുറമുഖങ്ങളുടെ ആറു പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. 1994ൽ തുടങ്ങിയ അഴീക്കൽ കാർഗോ തുറമുഖ പദ്ധതി 15.75 കോടി രൂപയുടെ എസ്റ്റിമേറ്റനുസരിച്ച് പന്ത്രണ്ടു വർഷംകൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്നു. എന്നാൽ 21 വർഷംകൊണ്ട് 23.64 കോടി രൂപ ചെലവഴിച്ചിട്ടും പ്രോജക്ട് പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. 2000ൽ രണ്ടു വർഷംകൊണ്ട് പൂർത്തീകരിക്കാൻ തുടങ്ങിയ മറ്റു മത്സ്യബന്ധന, തുറമുഖ പ്രോജക്ട് 15 വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ചില്ല. ഒരു വർഷംകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിച്ച മറ്റു നാലു മത്സ്യബന്ധന തുറമുഖങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. കടലാക്രമണം തടയാൻ വേണ്ടി കുട്ടനാട്ടിൽ നടപ്പിലാക്കിയ 10 പദ്ധതികളുടെയും സ്ഥിതിയും വ്യത്യസ്തമല്ല. 1991ൽ തുടങ്ങിയ മറ്റൊരു സ്പിൽവേ പ്രോജക്ട് 24 വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ഒന്നോ രണ്ടോ വർഷങ്ങൾകൊണ്ട് പണി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടു തുടങ്ങിയ 60 കെട്ടിട പ്രോജക്ടുകളും പൂർത്തീകരിച്ചില്ല. ഒന്നു മുതൽ മൂന്നു വർഷം കൊണ്ട് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടു തുടങ്ങിയ 51 പാലങ്ങളുടെയും 94 റോഡുകളുടെയും പണിയും പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ചുരുക്കത്തിൽ ഒരു കോടിയിലധികം തുകയുള്ള 236 പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ചയുണ്ടായി.

വികസന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലെ അനാസ്ഥയും കെടുകാര്യസ്ഥതയും അലംഭാവത്തെയുമാണ് ഇത് സൂചിപ്പിക്കുന്നത്. പ്രോജക്ടുകളുടെ നടത്തിപ്പ് സർക്കാർ കാര്യം മുറപോലെ എന്ന നിലപാടാണ് ബന്ധപ്പെട്ടവർക്ക്. പ്രോജക്ട് നടത്താൻ ഉത്തരവാദപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ, വകുപ്പ് മേധാവികൾ, വകുപ്പ് മന്ത്രി എന്നിവർക്ക് ഇതിൽ ഉത്തരവാദിത്വമില്ലാത്ത സ്ഥിതിയാണുള്ളത്. ഈ കുത്തഴിഞ്ഞ സ്ഥിതിക്കെതിരെ ശബ്ദിക്കാൻ വികസനത്തിനുവേണ്ടി വോട്ടു ചോദിച്ചു ജയിച്ച ജനപ്രതിനിധികളെയും കാണാനില്ല. ഈ പരിതാപകരമായ അവസ്ഥയ്ക്കു മാറ്റം വരാതെ സംസ്ഥാനത്തിന് വികസന രംഗത്ത് മുന്നേറാൻ കഴിയില്ല എന്നത് നിസ്തർക്കമായ കാര്യമാണ്. വികസന പദ്ധതികൾ തെരഞ്ഞെടുപ്പിൽ വിജയിക്കാനും മറ്റു രാഷ്ട്രീയ നേട്ടങ്ങൾ ഉണ്ടാക്കാനുള്ള പ്രചരണ പരിപാടിയോ പരസ്യങ്ങളോ അല്ലെന്നു നാടിന്റെ വികസനത്തിനുവേണ്ടി ഗൗരവമായി നടപ്പിലാക്കേണ്ട കാര്യങ്ങളാണെന്നുമുള്ള കാഴ്ചപ്പാട് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, മന്ത്രിമാർ എന്നിവർക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു.

അടുത്തതായി വാർഷിക പദ്ധതി നടത്തിപ്പ് മോശമാകാനുള്ള കാരണങ്ങൾ പരിശോധിക്കാം. കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി 2012ൽ 13 വകുപ്പുകളിലെ പദ്ധതി നടത്തിപ്പ് പരിശോധിക്കുകയുണ്ടായി. പദ്ധതി നടത്തിപ്പ് മോശമാകാനുള്ള കാരണങ്ങൾ കമ്മിറ്റി കണ്ടെത്തിയത് താഴെ പറയുന്നവയാണ്. ഒന്ന്, സർക്കാർ വകുപ്പുകൾക്ക് സാങ്കേതിക മേൻമയുള്ളതും വേണ്ടത്ര നിലവാരമുള്ളതും പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നതുമായ പ്രോജക്ടുകൾ ഉണ്ടാക്കാനുള്ള കഴിവില്ലായ്മ. രണ്ട്, വിശദമായ പ്രോജക്ടുകൾ ഉണ്ടാക്കുന്നത് മിക്കപ്പോഴും പദ്ധതി നടപ്പിലാക്കുന്ന ഘട്ടത്തിൽ മാത്രം. മൂന്ന്, പ്രോജക്ട് പ്രൊപ്പോസലുകൾ ഭരണാനുമതിക്ക് വേണ്ടി അയയ്ക്കാൻ ഇ-മെയിൽ സംവിധാനമില്ലാത്തത്. നാല്, ഒരു പ്രോജക്ട് നടത്താനാവശ്യമായ വേണ്ടത്ര തുക അനുവദിക്കാത്തതുമൂലം. അഞ്ച്, പ്രോജക്ട് രൂപീകരണം, ഭരണാനുമതി വാങ്ങൽ, നടത്തിപ്പ് എന്നിവയ്ക്ക് വകുപ്പിൽ ആർക്കും ഉത്തരവാദിത്വമില്ലാത്ത അവസ്ഥ. ആറ്, ബഡ്ജറ്റിൽ പ്രോജക്ടുകളുടെ പട്ടിക ഹെഡ് വെയ്സായാണ് നൽകിയിട്ടുള്ളത് അല്ലാതെ വകുപ്പനുസരിച്ചല്ല എന്നത് ചിന്താകുഴപ്പമുണ്ടാക്കുന്നു. ഏഴ്, സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുമ്പ് ബജറ്റ് പാസാക്കുന്നില്ല. വകുപ്പുകൾ ബജറ്റ് പാസ്സാക്കുന്നതുവരെ കാത്തിരിക്കുന്നു. എട്ട്, പ്രോജക്ടുകളുടെ നടത്തിപ്പിനുള്ള ടെൻഡർ നടപടികൾ വൈകുക, കാലാനുസരണം സാധാനസാമഗ്രികളുടെ നിരക്ക് വർദ്ധിപ്പിക്കാതിരിക്കുക, വേണ്ടത്ര ഉപകരണങ്ങളും കാര്യശേഷിയുള്ള കോൺട്രാക്ടർമാരുടെ അഭാവം എന്നിവ പദ്ധതി നടത്തിപ്പ് മോശമാക്കുന്നു. ഒൻപത്, ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം, റോഡ് വീതികൂട്ടൽ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാനുള്ള പൊതുജനങ്ങളുടെ എതിർപ്പ്, വകുപ്പുകളുടെ ഏകോപനമില്ലായ്മ എന്നിവ പദ്ധതി നടത്തിപ്പ് മോശമാക്കുന്നു. പത്ത്, കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ട മാച്ചിംഗ് ഗ്രാന്റ് സംസ്ഥാന സർക്കാർ നൽകാത്തതും പൂർത്തിയാക്കിയ പ്രോജക്ടുകൾക്ക് യഥാസമയം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്തതും പ്രോജക്ട് പ്രൊപ്പോസൽ യഥാസമയം നൽകാത്തതും പദ്ധതി നടത്തിപ്പ് മോശമാക്കിയിട്ടുണ്ട്.

പ്രോജക്ടുകൾ തയ്യാറാക്കുകയും ഭരണ-സാങ്കേതിക അനുമതികൾ എന്നിവ നൽകുക, ആവശ്യമായ പണം അനുവദിക്കുക, നടത്തിപ്പ് മോണിറ്റർ ചെയ്യുക എന്നതിന്റെ ഉത്തരവാദിത്വം വകുപ്പ് മേധാവികൾക്കാണ്. എന്നാൽ പദ്ധതി രൂപീകരണവും നടത്തിപ്പും ഗൗരവകരമായി കാണാനും

സമയബന്ധിതമായി നടപടികൾ സ്വീകരിക്കാനും വകുപ്പ് മേധാവികൾ പൊതുവിൽ പരാജയപ്പെടുന്നു. ഇത് പദ്ധതി നടത്തിപ്പ് മോശമാക്കുന്ന തിന്റെ മൂലകാരണമാണ്. ഓരോ വർഷവും നടപ്പിലാക്കുന്ന വാർഷിക പദ്ധതിയവലോകനം ചെയ്യുകയും 80 ശതമാനം പദ്ധതി തുകയെങ്കിലും ചെലവാക്കാൻ കഴിയാത്ത വകുപ്പുകളെ പദ്ധതി മോശമായി നടത്തിയ വകുപ്പുകളായി പ്രഖ്യാപിക്കണം. പദ്ധതി നടത്തിപ്പിന്റെ ഉത്തരവാദിത്വം വകുപ്പു സെക്രട്ടറിയും മന്ത്രിയും ഏറ്റെടുക്കണം. തൃപ്തികരമല്ലാത്ത നില യിൽ പദ്ധതികൾ നടപ്പിലാക്കാത്ത വകുപ്പ് സെക്രട്ടറിയുടെ പേരിൽ അച്ച ടക്ക നടപടികൾ സ്വീകരിക്കണം. നാടിന്റെ വികസന പദ്ധതികൾ നടപ്പി ലാക്കാൻ പരാജയപ്പെട്ട വകുപ്പു മന്ത്രി സ്വയം രാജിവയ്ക്കണം. ഇത്തര ത്തിൽ പദ്ധതി നടത്തിപ്പിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ടവർ ഏറ്റെടു ക്കാതെ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാൻ കഴിയില്ല.

**ഉപസംഹാരം**

മുകളിൽ നടത്തിയ ചെലവിനെക്കുറിച്ചുള്ള വിശകലനം ഉപസംഹ രിക്കാം. (1) സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര റവന്യൂ ചെലവു കൾ അഥവാ നിത്യനിദാന ചെലവുകൾ കുതിച്ചുയരുന്നു. ഇത് നിറവേ റ്റാൻ വേണ്ടി കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി കടമെടുത്ത തുകയാണ് വിനിയോഗിക്കുന്നത്. (2) നിത്യനിദാന ചെലവുകൾക്ക് പണം കണ്ടെത്താൻ വേണ്ടി മൂലധന ചെലവ് വെട്ടിക്കുറയ്ക്കുന്നു. (3) 1980കൾ മുതൽ ഉണ്ടായ ധനപ്രതിസന്ധി പരിശോധിച്ചാൽ അഞ്ച് വർഷത്തിലൊരിക്കൽ നടപ്പിലാ ക്കുന്ന ശമ്പള-പെൻഷൻ പരിഷ്കാരങ്ങളും വർഷത്തിൽ ശരാശരി നൽകുന്ന രണ്ട് ഡി.എ വർദ്ധനകളുമാണ് ധനപ്രതിസന്ധിയുടെ മൂലകാ രണമെന്ന് കാണാം. (4) 1983നുശേഷം സംസ്ഥാന സർക്കാർ ഏഴ് ശമ്പള -പരിഷ്കാരങ്ങൾ നടപ്പിലാക്കി. 1983ൽ ഏറ്റവും ഉയർന്ന സ്കെയിലിലെ അടിസ്ഥാന മിനിമം ശമ്പളം 3700 രൂപയായിരുന്നത് 2014ൽ 93000 രൂപയായി വർദ്ധിച്ചു. ഓരോ ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന അധിക ധന ബാധ്യത റവന്യൂ കമ്മി നിരക്ക് അതാത് വർഷങ്ങളിൽ വർദ്ധിപ്പിക്കുന്നു. (5) രണ്ടാമത്തെ ഏറ്റവും വലിയ ചെലവിനമായ സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്ന ടീച്ചിംഗ് ഗ്രാന്റും റിട്ടയർ ചെയ്ത വർക്ക് നൽകുന്ന പെൻഷനും വൻ ധനബാധ്യത സൃഷ്ടിക്കുന്നു. വേണ്ടത്ര വിദ്യാർത്ഥികൾ ഇല്ലാത്ത സ്ഥാപനങ്ങൾ നിലനിർത്തുക, ജോലിയില്ലാത്ത ആയിരക്കണക്കിന് അദ്ധ്യാപകർക്ക് ശമ്പളം നൽകുക, പ്ലസ്ടു മേഖല യിൽ ഒട്ടനവധി സ്ഥാപനങ്ങൾ അനുവദിക്കുക തുടങ്ങിയവ സർക്കാരിന്

വൻ ബാധ്യത സൃഷ്ടിക്കുന്നു. (6) സർക്കാർ സ്ഥാപനങ്ങളും എയ്ഡഡ് സ്ഥാപനങ്ങൾ ഉൾപ്പെടുന്ന മൊത്തം വിദ്യാഭ്യാസ മേഖലയ്ക്കു ചെലവ് ഭീമമാണ്. സർക്കാർ റവന്യു വരുമാനത്തിന്റെ മൂന്നിൽ ഒന്നോളം ഇതിനു വേണ്ടി ചെലവാക്കുന്നു. ഈ ചെലവ് നിയന്ത്രിക്കുന്നതിൽ സർക്കാർ താൽപര്യം കാണിക്കുന്നില്ല. (7) പൊതു കടം തുടർച്ചയായി വർദ്ധിക്കുന്ന തുമൂലം പലിശ ചെലവും ഗണ്യമായി വർദ്ധിക്കുന്നു. 2011-12നുശേഷം റവന്യു ചെലവിന്റെ 14 ശതമാനം പലിശയിനത്തിൽ ചെലവഴിക്കുന്നു (8) ഭരണം, ആസൂത്രണം എന്നീ രംഗങ്ങളിലെ വികേന്ദ്രീകരണവും, പ്രാദേ ശിക സർക്കാരുകളെ ശക്തിപ്പെടുന്നതും സംസ്ഥാന സർക്കാരിന്റെ ഒരു പ്രധാന ലക്ഷ്യമാണ്. എന്നാൽ ധനപ്രതിസന്ധി കാരണം പ്രാദേശിക സർക്കാരുകൾക്ക് അർഹതപ്പെട്ട സംസ്ഥാന നികുതി വിഹിതം നൽകു ന്നില്ല. (9) സാമൂഹിക സുരക്ഷാ പെൻഷൻ പദ്ധതികളിലെ ഗുണഭോക്താ ക്കളുടെ എണ്ണത്തിലും പെൻഷൻ നിരക്കിലും വർദ്ധനവുണ്ടാകുന്നതു മൂലം ഈ ഇനത്തിലെ ചെലവ് തുടർച്ചയായി വർദ്ധിക്കുന്നു. അനർഹ രായ ഒട്ടനവധി പേർക്ക് പ്രാദേശിക രാഷ്ട്രീയ താൽപര്യം മൂലം പെൻഷൻ നൽകുന്നു. (10) സർക്കാർ ഓഫീസുകളുടെ നടത്തിപ്പ്, സർക്കാർ വാഹന ങ്ങൾക്കുള്ള ചെലവ്, ഉദ്യോഗസ്ഥരുടെ യാത്രാചെലവ് തുടങ്ങിയവയിൽ വൻ വർദ്ധനയുണ്ടായിക്കൊണ്ടിരിക്കുന്നു. സർക്കാർ വാഹനങ്ങൾക്കു വേണ്ടി മാത്രം പ്രതിവർഷം നൂറു കോടിയിലധികം തുക ചെലവാക്കുന്നു. (11) സർക്കാർ ജീവനക്കാരുടെ താൽപര്യങ്ങൾക്കുവേണ്ടി നടത്തുന്ന ബ്യൂറോക്രസി വികസനം വൻ ധന ബാധ്യത സൃഷ്ടിക്കുന്നു. അനാവ ശ്യമായ ഒട്ടേറെ പ്രൊമോഷൻ തസ്തികകൾ സൃഷ്ടിക്കുക, വകുപ്പുകളെ വിഭജിച്ച് പുതിയ വകുപ്പ് സൃഷ്ടിക്കുക, അധിക തസ്തികകൾ സൃഷ്ടി ക്കാൻ വേണ്ടി ഡെപ്യൂട്ടേഷൻ ഉദാരമാക്കുക, തസ്തികകളുടെ പേര് മാറ്റി കൂടുതൽ ശമ്പളം നൽകുക, മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുക, പബ്ലിക് സർവ്വീസ് കമ്മിഷൻ അംഗങ്ങളുടെ എണ്ണം വർദ്ധി പ്പിക്കുക തുടങ്ങിയവ ബ്യൂറോക്രസി വികസനത്തിന്റെ ചില ഉദാഹരണ ങ്ങളാണ്. (12) ഇ-ഗവേണൻസ് നടപ്പിലാക്കിയതുമൂലം സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥരുടെ എണ്ണം കുറയേണ്ടതാണ്. എന്നാൽ ഇ-ഗവേണൻസ് ഒരു വശത്തും ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ തുടർച്ചയായ വർദ്ധനവും മറുവശത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നു. (13) മുകളിൽ വിവരിച്ച ഇനങ്ങ ളിലുള്ള ചെലവ് നിയന്ത്രിച്ച് ധനധൂർത്ത് തടയാൻ കാലാകാലങ്ങളിൽ സംസ്ഥാനത്ത് അധികാരത്തിൽ വന്ന സർക്കാരുകൾക്ക് താൽപര്യമില്ല.

സമ്മർദ്ദ ഗ്രൂപ്പുകളുടെയും സ്ഥാപിത താൽപര്യക്കാരുടെയും താൽപര്യ ങ്ങൾക്ക് എതിരായി നടപടികൾ സ്വീകരിക്കാൻ സർക്കാരുകൾക്ക് താൽപ ര്യമില്ല. (14) നാടിന്റെ വികസനത്തിനും ജനക്ഷേമത്തിനും അനിവാര്യ മായ വാർഷിക പദ്ധതികളുടെയും മറ്റു പ്രധാന വികസന പദ്ധതികളു ടെയും നടത്തിപ്പ് സമയബന്ധിതമായ നടപ്പിലാക്കാൻ സർക്കാരുകൾക്ക് കഴിയുന്നില്ല. ഒരു കോടിയിലധികം തുകയുള്ള 236 പ്രധാന വികസന പ്രോജക്ടുകൾ കാര്യക്ഷമായി നടത്താനോ സമയബന്ധിതമായി പൂർത്തീ കരിക്കാനോ കഴിഞ്ഞിട്ടില്ലെന്ന് സി.എ.ജി. 2014-15ലെ റിപ്പോർട്ടിൽ ചൂണ്ടി ക്കാണിക്കുന്നു. (15) കേരള സംസ്ഥാനം രൂപീകരിച്ചിട്ട് ആറ് ദശാബ്ദം കഴിഞ്ഞിട്ടും ഇത്രയും കാലത്തെ പദ്ധതി നടത്തിപ്പ് അനുഭവ പരിചയമു ണ്ടായിട്ടും സംസ്ഥാന സർക്കാർ വകുപ്പുകൾക്ക് കാര്യക്ഷമമായും സമ യബന്ധിതമായും ഒരു വൻകിട വികസന പ്രോജക്ട് രൂപീകരിക്കാനോ നടപ്പിലാക്കാനോ ഉള്ള കാര്യപ്രാപ്തി ഇതുവരെ ആർജിക്കാൻ കഴിഞ്ഞി ട്ടില്ല. പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകേണ്ട വകുപ്പു മേധാവികളും വകുപ്പു മന്ത്രിയും കാഴ്ചക്കാരായി നോക്കി നിൽക്കുന്നു.

## അദ്ധ്യായം ആറ്

# പൊതുകടം

ഈ അധ്യായത്തിൽ പൊതുകടത്തിലെ വർദ്ധനം, ആഭ്യന്തര വായ്പകൾ, കേന്ദ്ര സർക്കാർ വായ്പകളും മുൻകൂറുകളും, ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട്, പൊതുകട സൂചികകൾ, കടം വായ്പയായി നൽകുന്നതിൽ നിന്നും കിട്ടുന്ന പലിശ തുടങ്ങിയവ ചർച്ച ചെയ്യുന്നു. പൊതുകടം എന്നതിൽ ഉൾപ്പെടുന്നത് മൂന്നിനങ്ങളാണ്. (1) ആഭ്യന്തര വായ്പകൾ, (2) കേന്ദ്ര സർക്കാർ വായ്പകളും മുൻകൂറുകളും, (3) ലഘു സമ്പാദ്യവും പ്രോവിഡന്റ് ഫണ്ടും. എന്നാൽ സർക്കാരിന്റെ മൊത്തം കടബാധ്യത അഥവാ ''ഫിസ്കൽ ലയബിലിറ്റി''യിൽ പൊതുകടത്തിനു പുറമെ റിസർവ് ഫണ്ട്, ഡെപ്പോസിറ്റുകളും അഡ്വാൻസുകളും കൂടി ഉൾപ്പെടുന്നു. റിസർവ് ഫണ്ട്, സിങ്കിംഗ് ഫണ്ട്, ഡവലപ്മെന്റ് വെൽഫയർ ഫണ്ടുകൾ എന്നിവയിലെ ബാധ്യതകളും ഉൾപ്പെടുന്നതാണ് റിസർവ് ഫണ്ട്. ലോക്കൽ ഫണ്ട്, സിവിൾ ഡെപ്പോസിറ്റ്, മറ്റു ഡെപ്പോസിറ്റുകൾ എന്നിവയിലെ ധനവരവും ബാധ്യതകളും ഉൾപ്പെടുന്നതാണ് ഡെപ്പോസിറ്റുകളും മുൻകൂറുകളും.

### 1) പൊതുകടം: പ്രധാനയിനങ്ങൾ

സംസ്ഥാന സർക്കാരിന്റെ പൊതുകടം 2001ൽ 23, 919 കോടി രൂപയായിരുന്നത് 2011ൽ 78, 673 കോടിയായും 2015ൽ 135, 440 കോടിയായും വർധിച്ചു. പട്ടിക 6.1ൽ 2011നുശേഷമുള്ള മൊത്തം പൊതുകടവും അതിന്റെ ഘടകങ്ങളായ ആഭ്യന്തര വായ്പകൾ, കേന്ദ്ര സർക്കാർ വായ്പകളും, മുൻകൂറുകളും, ചെറുകിട സമ്പാദ്യവും, പ്രോവിഡന്റ് ഫണ്ട് എന്നിവ നൽകിയിട്ടുണ്ട്.

## പട്ടിക 6.1
## കേരളത്തിന്റെ പൊതുകടം (രൂപ കോടി)

| വർഷം | ആഭ്യന്തര കടം | കേന്ദ്രസർക്കാർ വായ്പകളും മുൻകൂറുകളും | ലഘു സമ്പാദ്യവും പ്രോവിഡന്റ് ഫണ്ടും | മൊത്തം കടം |
|---|---|---|---|---|
| 2001 | 7627 | 6102 | 10190 | 23919 |
| 2002 | 9342 | 6346 | 11262 | 26950 |
| 2003 | 11747 | 6535 | 12778 | 31060 |
| 2004 | 17421 | 5628 | 14403 | 37452 |
| 2005 | 21676 | 5411 | 14791 | 41878 |
| 2006 | 25671 | 5417 | 14841 | 45929 |
| 2007 | 29969 | 5372 | 14534 | 49875 |
| 2008 | 34019 | 5533 | 15858 | 55410 |
| 2009 | 38814 | 6009 | 18477 | 63300 |
| 2010 | 43368 | 6305 | 21296 | 70969 |
| 2011 | 48528 | 6359 | 23786 | 78673 |
| 2012 | 55397 | 6396 | 27625 | 89418 |
| 2013 | 65628 | 6622 | 31311 | 103561 |
| 2014 | 76804 | 6662 | 35543 | 119009 |
| 2015 | 89068 | 7065 | 39307 | 135440 |

*Source:* GOK (2016): Budget in brief 2015-16

### അഭ്യന്തരകടം

ഒന്നാമതായി ആഭ്യന്തര കടത്തിന്റെ വർദ്ധനയിലും ഘടനയിലും വന്ന മാറ്റങ്ങൾ പരിശോധിക്കാം. കമ്പോളം, എൽ.ഐ.സി, ജനറൽ ഇൻഷുറൻസ് കോർപ്പറേഷൻ, നബാർഡ്, നാഷണൽ കോപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ, മറ്റു സ്ഥാപനങ്ങൾ എന്നിവയിൽ നിന്നെടുക്കുന്ന വായ്പകളാണ് ആഭ്യന്തരകടം. 2001ലെ ധനകാര്യ തകർച്ചയെ തുടർന്നുള്ള നാലു വർഷങ്ങളിൽ ആഭ്യന്തരകടത്തിൽ ഗണ്യമായ വർദ്ധനയുണ്ടായി. കടത്തിലെ പ്രതിവർഷ വർദ്ധനം 22.5 മുതൽ 48.3 ശതമാനം വരെയായിരുന്നു (പട്ടിക 6.2). 2004ലാണ് ഏറ്റവും വലിയ വർദ്ധനയുണ്ടാ

യത് (48.3 ശതമാനം). എന്നാൽ 21-ാം നൂറ്റാണ്ടിന്റെ ആദ്യ ദശാബ്ദ കാലത്തെ രണ്ടാം പകുതിയിൽ ആഭ്യന്തര കടത്തിന്റെ പ്രതിവർഷ വർദ്ധന നിരക്കിൽ കുറവുണ്ടായി. എന്നാൽ 2012നുശേഷം വീണ്ടും ആഭ്യന്തര കടത്തിന്റെ വാർഷിക വളർച്ചാ നിരക്ക് വർദ്ധിച്ചു. ആഭ്യന്തര കടത്തിന്റെ ഘടനയിലും 2001നുശേഷം വലിയ മാറ്റമാണ് ഉണ്ടായിട്ടുള്ളത്. 2001ൽ മൊത്തം പൊതുകടത്തിൽ ആഭ്യന്തരകടത്തിന്റെ വിഹിതം 32 ശതമാനമായിരുന്നു. എന്നാൽ 2010ൽ 61 ശതമാനമായും 2015ൽ 66 ശതമാനമായും വർദ്ധിച്ചു (പട്ടിക 6.3). ആഭ്യന്തര വായ്പയിനങ്ങളിൽ കമ്പോള വായ്പ കൂടുതൽ എടുക്കാൻ തുടങ്ങിയതുമൂലമാണ് ഈ മാറ്റം ഉണ്ടായത്.

**പട്ടിക 6.2**

**പൊതുകടത്തിന്റെ വർദ്ധനം (ശതമാനം)**

| വർഷം | ആഭ്യന്തര കടം | കേന്ദ്രസർക്കാർ വായ്പകളും മുൻകൂറുകളും | ലഘു സമ്പാദ്യവും പ്രോവിഡന്റ് ഫണ്ടും | മൊത്തം കടം |
|---|---|---|---|---|
| 2001 | - | - | - | - |
| 2002 | 22.5 | 4.0 | 10.5 | 12.7 |
| 2003 | 25.7 | 3.0 | 13.5 | 15.3 |
| 2004 | 48.3 | -13.9 | 12.7 | 20.6 |
| 2005 | 24.4 | -3.9 | 2.7 | 11.8 |
| 2006 | 18.4 | 0.1 | 0.3 | 9.7 |
| 2007 | 16.7 | - 0.8 | -2.1 | 8.6 |
| 2008 | 13.5 | 3.0 | 9.1 | 11.1 |
| 2009 | 14.1 | 8.6 | 16.5 | 14.2 |
| 2010 | 11.7 | 4.9 | 15.3 | 12.1 |
| 2011 | 11.9 | 0.9 | 11.7 | 10.9 |
| 2012 | 14.2 | 0.6 | 16.1 | 13.7 |
| 2013 | 18.5 | 3.5 | 13.3 | 15.8 |
| 2014 | 17.0 | 0.6 | 13.5 | 14.9 |
| 2015 | 16.0 | 6.0 | 10.6 | 13.8 |

*Source:* Based on Table 6.1

**പട്ടിക 6.3**
**പൊതുകടത്തിന്റെ ഘടന (ശതമാനം)**

| വർഷം | ആഭ്യന്തര കടം | കേന്ദ്രസർക്കാർ വായ്പകളും മുൻകൂറുകളും | ലഘു സമ്പാദ്യവും പ്രോവിഡന്റ് ഫണ്ടും | മൊത്തം കടം |
|---|---|---|---|---|
| 2001 | 31.9 | 25.5 | 42.6 | 100.0 |
| 2002 | 34.7 | 23.5 | 41.8 | 100.0 |
| 2003 | 37.8 | 21.0 | 41.1 | 100.0 |
| 2004 | 46.5 | 15.0 | 38.5 | 100.0 |
| 2005 | 51.8 | 12.9 | 35.3 | 100.0 |
| 2006 | 55.9 | 11.8 | 32.3 | 100.0 |
| 2007 | 60.1 | 10.8 | 29.1 | 100.0 |
| 2008 | 61.4 | 10.0 | 28.6 | 100.0 |
| 2009 | 61.3 | 9.5 | 29.2 | 100.0 |
| 2010 | 61.1 | 8.9 | 30.0 | 100.0 |
| 2011 | 61.7 | 8.1 | 30.2 | 100.0 |
| 2012 | 62.0 | 7.2 | 30.9 | 100.0 |
| 2013 | 63.4 | 6.4 | 30.2 | 100.0 |
| 2014 | 64.5 | 5.6 | 29.9 | 100.0 |
| 2015 | 65.8 | 5.2 | 29.0 | 100.0 |

*Source:* Based on Table 6.1

മൊത്തം ആഭ്യന്തര വായ്പയിൽ 81 ശതമാനവും കമ്പോള വായ്പകളാണ്. 2015 മാർച്ചിൽ വിവിധയിനങ്ങളിൽ എടുത്ത ആഭ്യന്തര വായ്പയുടെ വിവരങ്ങൾ പട്ടിക 6.4ൽ നൽകിയിട്ടുണ്ട്. നാഷണൽ സ്മോൾ സേവിംഗ് ഫണ്ടിലേക്കുള്ള പ്രത്യേക സെക്യൂരിറ്റിയാണ് രണ്ടാമത്തെ പ്രധാന വായ്പയിനം. മൊത്തം ആഭ്യന്തര വായ്പകളുടെ 13 ശതമാനമാണ് ഈ ഇനത്തിൽ എടുത്തിട്ടുള്ളത്. എൽ.ഐ.സി, നബാർഡ് എന്നിവയിൽ നിന്ന് ഏതാണ്ട് അഞ്ചു ശതമാനം വായ്പ എടുത്തിട്ടുണ്ട്. മറ്റിനങ്ങളിൽ നിന്ന് ഏതാണ്ട് ഒരു ശതമാനത്തോളം വായ്പയാണ് വാങ്ങിയിട്ടുള്ളത്. വായ്പ ഘടനയിൽ മറ്റിനം വായ്പകളിൽ നിന്ന് കമ്പോള വായ്പ

യിലേക്കു മാറുന്ന മാറ്റം സംസ്ഥാനത്തിന്റെ ധനകാര്യ താൽപര്യങ്ങൾക്ക് നല്ലതാണ്. കാരണം മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ, പ്രോവിഡന്റ് ഫണ്ട് എന്നിവയെക്കാൾ കമ്പോള വായ്പകളുടെ പലിശ നിരക്ക് കുറവാണ്.

## കേന്ദ്ര സർക്കാർ വായ്പകളും മുൻകൂറുകളും

പൊതുകടത്തിൽ രണ്ടാമത്തെയിനം കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളുമാണ്. പോലീസ് മോഡണൈസേഷൻ, മറ്റു നോൺപ്ലാൻ വായ്പ, ബ്ലോക്ക് വായ്പ, സംസ്ഥാന പദ്ധതി വായ്പ, നാഷണൽ ലോൺ സ്കോളർഷിപ്പ് എന്നീയിനങ്ങളിലുള്ള വായ്പയാണ് കേന്ദ്ര സർക്കാർ വായ്പകളും മുൻകൂറുകളിലും ഉൾപ്പെടുന്നത്. ഈ ഇനത്തിലുള്ള വായ്പ 2001ൽ 6102 കോടിയായിരുന്നത് 2011ൽ 6359 ആയും 2015ൽ 7065 ആയും വർദ്ധിച്ചു. ഈ ഇനത്തിലുള്ള വായ്പയിൽ കാര്യമായ വാർഷിക വർദ്ധനം 2001നു ശേഷം ഉണ്ടായിട്ടില്ല (പട്ടിക 6.2). പല വർഷങ്ങളിലും ഈ ഇനത്തിലുള്ള വായ്പകളിൽ വർദ്ധനയ്ക്കുപകരം ഇടിവ് ഉണ്ടായതായി കാണാം. മൊത്തം പൊതുകടത്തിൽ ഈ ഇനത്തിലുള്ളവയുടെ വിഹിതത്തിൽ വലിയ കുറവുണ്ടായതായും കാണാം. 2001ൽ മൊത്തം പൊതുകടത്തിൽ കേന്ദ്ര സർക്കാർ വായ്പ കളുടെയും മുൻകൂറുകളുടെ വിഹിതം 25 ശതമാനമായിരുന്നു. ഇത് 2006ൽ 12 ശതമാനമായും 2015ൽ 5 ശതമാനമായും കുറഞ്ഞു (പട്ടിക 6.3). ചുരുക്കത്തിൽ കേന്ദ്ര സർക്കാർ വായ്പകളുടെ വിഹിതത്തിൽ വലിയ കുറവുണ്ടാകുന്ന ഒരു മാറ്റമാണ് ഉണ്ടായിട്ടുള്ളത്.

അടുത്തതായി കേന്ദ്ര സർക്കാർ വായ്പകളും മുൻകൂറുകളും ഏതെല്ലാം ഇനങ്ങളാണെന്നു പരിശോധിക്കാം. കേന്ദ്ര സർക്കാർ വായ്പകളുടെയും മുൻകൂറുകളുടെയും ഇനം തിരിച്ചുള്ള 2015ലെ കണക്ക് പട്ടിക 6.5ൽ നൽകിയിട്ടുണ്ട്. ഇതിൽ 70 ശതമാനവും ബ്ലോക്ക് വായ്പകളിൽ ബാക്കി നിൽക്കുന്ന തുകയാണ്. 2006നുശേഷം ബ്ലോക്ക് വായ്പകൾ കേന്ദ്ര സർക്കാർ നൽകുന്നില്ല. മറ്റൊരു 29 ശതമാനം സംസ്ഥാന പദ്ധതിക്കു വേണ്ടിയുള്ള വായ്പകളാണ്. മറ്റിനങ്ങൾക്കുള്ള വായ്പ - പോലീസ് മോഡണൈസേഷൻ, മറ്റു നോൺ പ്ലാൻ വായ്പകൾ, നാഷണൽ ലോൺ സ്കോളർഷിപ്പ് വായ്പ - എന്നിവയുടെ വിഹിതം ഒരു ശതമാനത്തിൽ താഴെയാണ്. മറ്റിനം വായ്പകളുടെ പലിശ നിരക്കിനെക്കാൾ കുറഞ്ഞ പലിശയാണ് കേന്ദ്ര സർക്കാർ വായ്പകൾക്കു നൽകേണ്ടത്. എന്നാൽ ഈ ഇനത്തിലുള്ള വായ്പകൾ ആവശ്യാനുസരണം സംസ്ഥാനത്തിനു ലഭിക്കുന്നില്ല.

## പട്ടിക 6.4
## ആഭ്യന്തര വായ്പ (മാർച്ച് 2015)

| | ഇനങ്ങൾ | വായ്പ തുക (രൂപ കോടി) | ശതമാനം |
|---|---|---|---|
| 1. | കമ്പോള വായ്പകൾ | 71960 | 80.8 |
| 2. | എൽ.ഐ.സി | 2228 | 2.5 |
| 3. | ജനറൽ ഇൻഷുറൻസ് കോർപ്പറേഷൻ | 253 | 0.3 |
| 4. | നബാർഡ് (NABARD) | 2254 | 2.5 |
| 5. | ബോണ്ടുകൾ | 117 | 0.1 |
| 6. | നാഷണൽ കോപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ | 333 | 0.4 |
| 7. | മറ്റു സ്ഥാപനങ്ങൾ | 117 | 0.1 |
| 8. | പ്രത്യേക സെക്യൂരിറ്റീസ് (NSSF) | 11806 | 13.2 |
| | മൊത്തം | 89068 | 100.0 |

*Source:* CAG, Finance Accounts 2014-15, Vol. II

## പട്ടിക 6.5
## കേന്ദ്ര സർക്കാർ വായ്പകളും മുൻകൂറുകളും (മാർച്ച് 2015)

| | ഇനങ്ങൾ | വായ്പ തുക | ശതമാനം (രൂപ കോടി) |
|---|---|---|---|
| 1. | നോൺപ്ലാൻ വായ്പ (പോലീസ് മോഡണൈസേഷൻ) | 22 | 0.3 |
| 2. | ബ്ലോക്ക് വായ്പ | 4964 | 70.3 |
| 3. | സംസ്ഥാന പദ്ധതി വായ്പ | 2077 | 29.4 |
| 4. | നാഷണൽ ലോൺ സ്കോളർഷിപ്പും മറ്റുള്ളവയും | 2 | 0.0 |
| | മൊത്തം | 7065 | 100.0 |

*Source:* Same as Table 6.4

## ലഘുസമ്പാദ്യങ്ങളും, പ്രോവിഡന്റ് ഫണ്ടും

പൊതുകടത്തിന്റെ മൂന്നാമത്തെയിനം ലഘു സമ്പാദ്യം, പ്രോവിഡന്റ് ഫണ്ട് എന്നിവയാണ്. ഇത് സഞ്ചിത നിധിക്കു പുറത്തുള്ള പബ്ലിക് അക്കൗണ്ട് വിഭാഗത്തിൽ വരുന്നതാണ്. ഈ ഇനത്തിലുള്ള കടം 2001ൽ 10190 കോടി രൂപയായിരുന്നത് 2011ൽ 23786 കോടിയായും 2015ൽ 39307 കോടിയായും വർദ്ധിച്ചു. 2005 മുതൽ 2007വരെയുള്ള വർഷങ്ങളൊഴിച്ചാൽ ഈ ഇനത്തിലുള്ള വായ്പയിൽ തുടർച്ചയായ വർദ്ധനവുണ്ടായെന്ന് കാണാം (പട്ടിക 6.2). മൊത്തം പൊതു കടത്തിൽ ഈ ഇനത്തിലുള്ള വായ്പയുടെ വിഹിതം കുറയുന്ന മാറ്റമാണ് 2001നുശേഷം ഉണ്ടായിട്ടുള്ളത്. 2001 മുതൽ 2003വരെ മൊത്തം പൊതുകടത്തിൽ ലഘു സമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ വിഹിതം 40 ശതമാനത്തിന് മുകളിലായിരുന്നു (പട്ടിക 6.3). എന്നാൽ ഈ വിഹിതം 2011ൽ 30 ശതമാനവും 2015ൽ 29 ശതമാനവുമായി കുറഞ്ഞു.

ലഘുസമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ട്, ഇൻഷുറൻസ്, പെൻഷൻ ഫണ്ടുകൾ തുടങ്ങിയ ഇനങ്ങളിൽ നിന്നു ലഭിച്ച വായ്പ തുക പട്ടിക 6.6ൽ നൽകിയിട്ടുണ്ട്. ഈ ഇനത്തിലുള്ള വായ്പകളിൽ പകുതിയോളം ലഭിക്കുന്നത് പ്രോവിഡന്റ് ഫണ്ടിൽ നിന്നാണ് (49 ശതമാനം). സർക്കാർ ഉദ്യോഗസ്ഥർ തങ്ങളുടെ പ്രതിമാസ ശമ്പളത്തിൽ നിന്ന് ഒരു ചെറിയ വിഹിതം പ്രോവിഡന്റ് ഫണ്ടായി നൽകേണ്ടതുണ്ട്. ജീവനക്കാർ പ്രോവിഡന്റ് ഫണ്ടിലേക്ക് നിക്ഷേപിച്ച തുകയിൽ നിന്ന് അവർക്ക് ഗഡുക്കളായി വായ്പ എടുക്കാൻ സ്വാതന്ത്ര്യമുണ്ട്. പ്രോവിഡന്റ് ഫണ്ടിലേക്കു നിക്ഷേപിച്ച തുകയ്ക്ക് പലിശയും ലഭിക്കുന്നു. ട്രഷറികളിലെ ലഘു സമ്പാദ്യ പദ്ധതിയിൽ നിക്ഷേപിച്ച ഡെപ്പോസിറ്റാണ് മറ്റൊരിനം. മൊത്തം പബ്ലിക് അക്കൗണ്ടിലെ വായ്പ തുകയിൽ 40 ശതമാനവും ഈ വിഭാഗത്തിൽ വരുന്നു. മൂന്നാമത്തെ ഇനം ഇൻഷുറൻസ്, പെൻഷൻ ഫണ്ടുകളാണ്. ഈ ഇനത്തിലുള്ള വായ്പ തുക മൊത്തം തുകയുടെ പത്തു ശതമാനത്തോളമാണ്. കമ്പോള വായ്പകൾ, കേന്ദ്ര സർക്കാർ വായ്പകൾ എന്നിവയെക്കാൾ ഉയർന്ന പലിശ നിരക്കാണ് പ്രോവിഡന്റ് ഫണ്ടിനും ലഘു സമ്പാദ്യങ്ങൾക്കും നൽകേണ്ടത്.

### പട്ടിക 6.6
### ലഘുസമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയവ

| | ഇനങ്ങൾ | തുക (രൂപ കോടി) | ശതമാനം |
|---|---|---|---|
| 1. | സംസ്ഥാന പ്രോവിഡന്റ് ഫണ്ട് | 19378 | 49.3 |
| 2. | ഇൻഷുറൻസ്, പെൻഷൻ ഫണ്ടുകൾ | 4030 | 10.3 |
| 3. | സേവിംഗ് ഡെപ്പോസിറ്റ് | 15899 | 40.4 |
| 4. | മറ്റിനം | 0.0 | 0.0 |
| | മൊത്തം | 39307 | 100.0 |

*Source:* Same as Table 6.4

## 2) പലിശനിരക്ക്

സർക്കാർ എടുക്കുന്ന വായ്പകൾക്ക് പല നിരക്കിലുള്ള പലിശയാണ് നൽകേണ്ടത്. കമ്പോള വായ്പകൾക്കും കേന്ദ്ര സർക്കാരിൽ നിന്നും നബാർഡിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് താരതമ്യേന കുറഞ്ഞ നിരക്കിലുള്ള പലിശയാണ് നൽകേണ്ടത്. പട്ടിക 6.7ൽ വിവിധ വായ്പ കൾക്കു നൽകിയ പലിശനിരക്ക് നൽകിയിട്ടുണ്ട്. കമ്പോള വായ്പകൾക്ക് 2004-2005ൽ നൽകിയിരുന്ന പലിശ നിരക്ക് 6.4 ശതമാനമായിരുന്നത് 2011 -12ൽ 7.2 ശതമാനമായി വർദ്ധിച്ചു. കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കുന്ന മറ്റൊരു സ്ഥാപനം നബാർഡാണ്. ഏറ്റവും കുറഞ്ഞ നിരക്കിൽ വായ്പ ലഭിക്കുന്നത് കേന്ദ്രസർക്കാരിൽ നിന്നാണ്. 2011-12ലെ പലിശ നിരക്ക് 6.6 ശതമാനമാണ്. എന്നാൽ എൽ.ഐ.സി, ജി.ഐ.സി, എൻ.എ സ്.എസ്.എഫ്ന്റെ പ്രത്യേക സെക്യൂരിറ്റികൾ, പ്രോവിഡന്റ് ഫണ്ട് എന്നി വയിൽ നിന്നെടുക്കുന്ന വായ്പകളുടെ പലിശനിരക്ക് ഉയർന്നതാണ്. ഇത്തരം സ്ഥാപനങ്ങൾ ബാങ്കിംഗ്യിതര ധനകാര്യ സ്ഥാപനങ്ങളുടെ സ്വഭാവത്തിലുള്ളതാണ്. ഏറ്റവും ഉയർന്ന പലിശ നിരക്ക് നാഷണൽ കോപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ വായ്പയാണ്. 2001നു ശേഷം കമ്പോളയിതര ഇനങ്ങളിൽ നിന്ന് കമ്പോള വായ്പയിലേക്ക് മാറുന്ന ഒരു മാറ്റം ഉണ്ടായിട്ടുണ്ട്. 2015ലെ മൊത്തം കടത്തിൽ 53 ശതമാ നവും കുറഞ്ഞ പലിശ നിരക്കിലുള്ള കമ്പോള വായ്പകളാണ്. ഇത് പലി ശയിനത്തിലുള്ള ധനബാദ്ധ്യത കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്.

## 3) വായ്പ തിരിച്ചടവ്

സംസ്ഥാന സർക്കാർ വിവിധ സ്രോതസ്സുകളിൽ നിന്ന് എടുത്ത വായ്പയുടെ തിരിച്ചടവ് കാലാവധി പരിശോധിക്കാം. പട്ടിക 6.8ൽ അടുത്ത ഓരോ വർഷവും തിരിച്ചടയ്ക്കേണ്ട കടബാദ്ധ്യതയെക്കുറിച്ചുള്ള സ്ഥിതി വിവരക്കണക്ക് നൽകിയിട്ടുണ്ട്. 2014–15ലെ കണക്കനുസരിച്ച് മൊത്തം കടബാദ്ധ്യതയുടെ 3.4 ശതമാനം ഒരു വർഷംകൊണ്ടാണ് തിരിച്ചടയ്ക്കേണ്ടത്. എന്നാൽ ഏതാണ്ട് 10 ശതമാനം വായ്പ തുക ഒന്നു മുതൽ മൂന്നു വർഷംകൊണ്ട് തിരിച്ചടയ്ക്കണം. മൂന്നു മുതൽ അഞ്ചു വർഷം കൊണ്ട് തിരിച്ചടയ്ക്കേണ്ടത് ഏതാണ്ട് 14 ശതമാനം വായ്പയാണ്. അതായത് അടുത്ത അഞ്ചു വർഷംകൊണ്ട് തിരിച്ചടയ്ക്കേണ്ട വായ്പ 28 ശതമാനമാണ്. അഞ്ചു വർഷം മുതൽ ഏഴു വർഷംവരെയുള്ള കാലയളവിൽ 17 ശതമാനം വായ്പ തിരിച്ചടയ്ക്കണം. എന്നാൽ മൊത്തം വായ്പയുടെ 51 ശതമാനവും തിരിച്ചടയ്ക്കേണ്ടത് ഏഴു വർഷങ്ങൾക്കു ശേഷമാണ്.

വായ്പയുടെ തിരിച്ചടവ് കാലത്തെ ഘടന പരിശോധിച്ചാൽ 2014–15ലെ നിലയും 2010–11ലെ നിലയും തമ്മിൽ കാര്യമായ വ്യത്യാസമില്ലെന്നു പറയാം. മൊത്തം കടത്തിൽ ഭൂരിഭാഗവും ഏഴു വർഷം കഴിഞ്ഞാണ് തിരിച്ചടയ്ക്കേണ്ടത്.

**പട്ടിക 6.7**

**വായ്പ പലിശ നിരക്ക്**

| | വിവിധ വായ്പകൾ | 2004–05 | 2011–12 |
|---|---|---|---|
| 1. | കമ്പോള വായ്പ | 6.4 | 7.2 |
| 2. | എൽ.ഐ.സി | 8.5 | 8.4 |
| 3. | ജി.ഐ.സി | 9 | 9.4 |
| 4. | എൻ.സി.ഡി.സി. | 8.5 | 10.3 |
| 5. | നബാർഡ് (NABARD) | 6.5 | 6.8 |
| 6. | കേന്ദ്ര സർക്കാർ | 9 | 6.6 |
| 7. | എൻ.എസ്.എസ്.എഫ് | 9.5 | 9.7 |
| 8. | പ്രോവിഡന്റ് ഫണ്ട് | 8.5 | 8.7 |
| 9. | ശരാശരി പലിശ നിരക്ക് | 8.2 | 8.4 |

*Source:* KPERC, Third Committee, First Report (2010-11): Second report (2011-12)

### പട്ടിക 6.8
### വായ്പ തിരിച്ചടവ് കാലാവധി

| | കാലാവധി (വർഷം) | 2010-11 തുക (രൂപ കോടി) | ശതമാനം | 2014-15 തുക (രൂപകോടി) | ശതമാനം |
|---|---|---|---|---|---|
| 1. | ഒരു വർഷം | 2567 | 4.7 | 3289 | 3.4 |
| 2. | ഒന്നു മുതൽ മൂന്നു വർഷം | 5205 | 9.5 | 9140 | 9.5 |
| 3. | മൂന്നു മുതൽ അഞ്ചു വർഷം | 6260 | 11.4 | 13265 | 13.8 |
| 4. | അഞ്ചു മുതൽ ഏഴു വർഷം | 9315 | 17.0 | 16668 | 17.4 |
| 5. | ഏഴു വർഷവും അതിനു മുകളിലും | 28162 | 51.3 | 48959 | 50.9 |
| 6. | വിവരം ലഭ്യമല്ലാത്തത് | 3378 | 6.1 | 4812 | 5.0 |
| 7. | മൊത്തം | 54887 | 100.0 | 96133 | 100.0 |

*Source:* CAG, Report on State Finances, 2011 and 2015.

## 4) വായ്പ ബാധ്യതകൾ

അടുത്തതായി സംസ്ഥാന സർക്കാരിന് പ്രതിവർഷം എടുക്കാവുന്ന വായ്പ, വായ്പ തിരിച്ചടവ്, പലിശ, ബാധ്യത എന്നിവ കഴിഞ്ഞുള്ള മിച്ചം തുക എത്രയാണെന്ന് പരിശോധിക്കാം. കടബാധ്യതയുടെ ഒരു സൂചിക യാണ് പ്രതിവർഷം കടമെടുക്കുന്ന തുകയിൽ കടബാധ്യതയ്ക്കും പലി ശയ്ക്കും ചെലവിടുന്ന തുക. ഓരോ വർഷവും സംസ്ഥാന സർക്കാരിന് എടുക്കാവുന്ന വായ്പ തുകയ്ക്ക് കേന്ദ്ര സർക്കാർ പരിധി നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാന ജി.ഡി.പിയുടെ മൂന്നു ശതമാനത്തോളം വരുന്ന തുകയാണ് പ്രതിവർഷം കടമെടുക്കാവുന്നത്. 2010-11ൽ സംസ്ഥാന സർക്കാർ എടുത്ത വായ്പ 7189 കോടി രൂപയാണ്. ഇത് 2014-15ൽ 18509 കോടി രൂപയായി വർദ്ധിച്ചു. പട്ടിക 6.9ൽ പ്രതിവർഷം എടുത്ത വായ്പ, വായ്പ തിരിച്ചടവ്, പലിശ, മിച്ചം തുക എന്നിവയെ കുറിച്ചുള്ള സ്ഥിതിവിവര കണക്കുകൾ നൽകിയിട്ടുണ്ട്.

## പട്ടിക 6.9
## സഞ്ചിതനിധിയിലുള്ള വായ്പ വരവും മിച്ചവും (രൂപ കോടി)

| വർഷം | വായ്പ വരവ് | വായ്പ തിരിച്ചടവ് | പലിശ അടവ് | മിച്ചം തുക | മിച്ചം തുക വായ്പ വരവ് അനുപാതം (%) |
|---|---|---|---|---|---|
| 2010–11 | 7189 | 1975 | 2707 | 2507 | 34.9 |
| 2011–12 | 9799 | 2893 | 2480 | 4426 | 45.2 |
| 2012–13 | 13261 | 2804 | 5253 | 5204 | 39.2 |
| 2013–14 | 14461 | 3245 | 6151 | 5065 | 35.0 |
| 2014–15 | 18509 | 5843 | 7301 | 5365 | 29.0 |

*Source:* CAG Report on State Finances, 2012-2015.

മുൻപ് എടുത്തിരുന്ന വായ്പ തുകയുടെ തിരിച്ചടവിന് 2010–11ൽ വേണ്ടിവന്നത് 1975 കോടി രൂപയാണ്. പലിശയായി 2707 കോടി രൂപ അടയ്ക്കേണ്ടിവന്നു. ഈ ബാധ്യതകളെല്ലാം കഴിഞ്ഞ് മിച്ചമുണ്ടായിരുന്ന തുക2507 കോടി രൂപയാണ്. അതായത് ആ വർഷം എടുത്ത വായ്പ തുകയുടെ 35 ശതമാനം മാത്രം. 2011–12ൽ എടുത്ത കടത്തിൽ ബാധ്യത കൾ കഴിഞ്ഞ് മിച്ചം കിട്ടിയത് 45 ശതമാനത്തോളമായിരുന്നു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ ബാധ്യതകൾ കഴിഞ്ഞ് മിച്ചം തുകയായി ലഭി ക്കുന്ന നിരക്കിൽ തുടർച്ചയായി കുറവാണ് ഉണ്ടായിട്ടുള്ളത്. 2014–15ൽ എടുത്ത വായ്പയിൽ 71 ശതമാനവും വായ്പ ബാധ്യതകൾക്കുവേണ്ടി ചെലവാക്കേണ്ടിവന്നു. മിച്ചം കിട്ടിയത് 29 ശതമാനം മാത്രമാണ്.

ലഘുസമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ പബ്ലിക് അക്കൗ ണ്ടിൽ വരുന്ന വായ്പകൾ പരിശോധിക്കാം. ലഘുസമ്പാദ്യങ്ങളിൽ നിന്നു ശേഖരിക്കുന്ന നിക്ഷേപവും കാലാവധി കഴിയുമ്പോൾ പലിശസഹിതം തിരിച്ചു നൽകേണ്ടതാണ്. സർക്കാർ ജീവനക്കാരുടെ ശമ്പളത്തിന്റെ ഒരു വിഹിതം പ്രോവിഡന്റ് ഫണ്ടിൽ മാസംതോറും നിക്ഷേപിക്കാറുണ്ട്. ഈ തുകയ്ക്കും പലിശ നൽകേണ്ടതുണ്ട്. പ്രോവിഡന്റ് ഫണ്ടിൽ നിക്ഷേപി ക്കുന്ന തുക ഒരു നിശ്ചിതകാലം കഴിയുമ്പോൾ വായ്പയായും അല്ലാ തെയും പിൻവലിക്കാൻ നിക്ഷേപകന് സ്വാതന്ത്ര്യമുണ്ട്. ചുരുക്കത്തിൽ ഇവ ബാങ്ക് നിക്ഷേപങ്ങളുടെ സ്വഭാവത്തിലുള്ള നിക്ഷേപങ്ങളും ഇവ പലിശ സഹിതം മടക്കി നൽകാൻ സർക്കാർ ബാധ്യസ്ഥവുമാണ്. പട്ടിക 6.10ൽ പബ്ലിക് അക്കൗണ്ടിൽ വരുന്ന വരവ്, മടക്കികൊടുക്കേണ്ട തുക,

പലിശ നൽകേണ്ട തുക, മിച്ചം തുക എന്നിവ നൽകിയിട്ടുണ്ട്. 2012-13ൽ പബ്ലിക് അക്കൗണ്ടിലെ തുകയുടെ മടക്കിനൽകൽ, പലിശ ചെലവ് ഇവ കഴിച്ചാൽ മിച്ചമുള്ള തുക 2950 കോടി രൂപ മാത്രമാണ്. അതായത് മൊത്തം പബ്ലിക് അക്കൗണ്ട് വരുമാനത്തിന്റെ 9 ശതമാനം. തുടർന്നുള്ള വർഷങ്ങളിൽ ഈ നിരക്കിൽ കുറവുണ്ടായി.

**പട്ടിക 6.10**

**പബ്ലിക് അക്കൗണ്ടിലെ വായ്പ വരവും മിച്ചവും (രൂപ കോടി)**

| വർഷം | വായ്പ വരവ് | വായ്പ തിരിച്ചടവ് | പലിശ അടവ് | മിച്ചം തുക | മിച്ചം തുക വായ്പ വരവ് അനുപാതം (%) |
|---|---|---|---|---|---|
| 2012-13 | 32853 | 27966 | 1937 | 2950 | 9.0 |
| 2013-14 | 39832 | 35445 | 2102 | 2285 | 5.7 |
| 2014-15 | 46979 | 41780 | 2454 | 2745 | 5.8 |

*Source:* CAG, Finance Accounts, 2012-13 to 2014-15, Vol. I

മുകളിൽ വിവരിച്ചതിൽ നിന്ന് സംസ്ഥാന സർക്കാരിന് സഞ്ചിതനിധിയിൽ നിന്നും പബ്ലിക് അക്കൗണ്ട് ഇനത്തിൽ നിന്നും പ്രതിവർഷം എടുക്കാവുന്ന വായ്പയുടെ ഒരു ചെറിയ ഭാഗം മാത്രമെ കടബാധ്യതകൾ കഴിഞ്ഞ് മിച്ചമായി ലഭിക്കുന്നുള്ളു. ഇതിന്റെ അർത്ഥം കടം വാങ്ങുന്ന തുകയുടെ ഒരു ചെറിയ ശതമാനം മാത്രമെ വികസനത്തിനുവേണ്ടി (വാർഷിക പദ്ധതികൾ, മൂലധന നിക്ഷേപം) ചെലവാക്കാൻ ലഭ്യമാകൂ എന്നാണ്. വായ്പ ബാധ്യതകളിലെ ഈ വർദ്ധനം ധനപ്രതിസന്ധിയുടെ രൂക്ഷതയെയാണ് സൂചിപ്പിക്കുന്നത്. റവന്യുകമ്മി കുറച്ചുകൊണ്ട് വന്നാൽ മാത്രമേ ഈ സ്ഥിതിക്ക് ഒരു മാറ്റമുണ്ടാകാൻ സാധ്യതയുള്ളു. അല്ലാത്തപക്ഷം സർക്കാർ അതിരൂക്ഷമായ ധനപ്രതിസന്ധിയിലേക്ക് സമീപഭാവിയിൽ നീങ്ങാൻ സാദ്ധ്യതയുണ്ട്. ഈ സാഹചര്യത്തിൽ സർക്കാരിന്റെ തനത് വരുമാനങ്ങൾ വർദ്ധിപ്പിക്കുകയും റവന്യു ചെലവ് നിയന്ത്രിച്ച് ധനസ്ഥിതി മെച്ചമാക്കുന്ന നടപടികൾ അനിവാര്യമാണ്.

കടത്തിനു നൽകേണ്ട പലിശ ഇനത്തിലുള്ള ചെലവ് കുറയ്ക്കാൻ വായ്പ വാങ്ങൽ പുനഃക്രമീകരണം ആവശ്യമാണ്. പബ്ലിക് അക്കൗണ്ട് വിഭാഗത്തിലും മറ്റും ഉയർന്ന പലിശ നിരക്കിലുള്ള വായ്പകൾ കുറച്ച് കുറഞ്ഞ പലിശനിരക്കുകളിലുള്ള കമ്പോള വായ്പകളിലേക്ക് മാറേണ്ടതാണ്. പലിശനിരക്ക് വളരെ കുറവുള്ള വിദേശ വായ്പകളും കൂടുത

ലായി എടുക്കണം. വെൽഫെയർ ഫണ്ടുകളിൽ നിന്ന് എടുക്കുന്ന വായ്പകളുടെ പലിശ നിരക്ക് വളരെ ഉയർന്നതാണ്. ഈ ഫണ്ടുകൾ ബാങ്കുകളിൽ ഉയർന്ന പലിശ നിരക്കിൽ സ്ഥിര നിക്ഷേപമായി ഇട്ടിരിക്കുന്ന തുക പിൻവലിച്ചാണ് സർക്കാരിന് വായ്പയായി നൽകുന്നത്. ഇതിന് ഉയർന്ന പലിശ നിരക്കും, സ്ഥിരനിക്ഷേപം പിൻവലിച്ചതുമൂലം ഉണ്ടാകുന്ന പലിശ നഷ്ടവും കണക്കാക്കുന്നു. ഇത്തരം ഉയർന്ന പലിശ നിരക്കിലുള്ള വായ്പകൾ ഒഴിവാക്കണം.

### 5) പൊതുമേഖലാ സ്ഥാപനങ്ങൾക്കു നൽകിയ വായ്പകൾ

സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ ആവശ്യമായ ഒരു കാര്യം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യങ്ങളിൽ അവയെ സ്വയം പര്യാപ്തമാക്കുകയുമാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നത് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, ജോയിന്റ് സ്റ്റോക്ക് കമ്പനികൾ, സഹകരണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ എന്നിവയാണ്. ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് പ്രവർത്തിക്കുന്നതിനുപകരം സംസ്ഥാന സർക്കാരിനെ വളരെ കൂടുതൽ ആശ്രയിച്ചു കഴിയുന്ന പ്രവണതയാണ് നിലവിലുള്ളത്. തന്മൂലം പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം, പലിശ ചെലവ് തുടങ്ങിയതിന്റെ ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ടിവരുന്നു. സംസ്ഥാന പൊതു മേഖലാ സ്ഥാപനങ്ങളിലെ മുതൽ മുടക്കിൽ നിന്ന് വളരെ തുച്ഛമായ ആദായമേ (return) ലഭിക്കുന്നുള്ളു.

പട്ടിക 6.11ൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപം, ആദായം, സർക്കാർ വായ്പകളുടെ പലിശ നിരക്ക് എന്നിവ നൽകിയിട്ടുണ്ട്. 2014-15ലെ പൊതു മേഖലാ സ്ഥാപനങ്ങളിലെ മുതൽ മുടക്ക് 6085 കോടി രൂപയാണെങ്കിലും ആദായം 74 കോടി രൂപ മാത്രമാണ്. അതായത് മുതൽ മുടക്കിന്റെ 1.2 ശതമാനം. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വായ്പയായും, മൂലധന നിക്ഷേപവുമായി നൽകിയ തുക സർക്കാർ വായ്പയെടുക്കുന്നത് 7.3 ശതമാനം പലിശനിരക്കിനാണ്. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപത്തിൽ നിന്നു ലഭിക്കുന്ന ആദായ നിരക്ക് വെറും 1.2 ശതമാനം മാത്രം. ചുരുക്കത്തിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ വായ്പയെടുത്തു നൽകുന്ന നിക്ഷേപത്തിൽ നിന്നു ലഭിക്കുന്ന തുക തുച്ഛമാണ്.

## പട്ടിക 6.11
## പൊതുമേഖലാ സ്ഥാപനങ്ങളിലെ സർക്കാർ നിക്ഷേപവും ആദായവും

| വർഷം | നിക്ഷേപം വർഷാവസാനം (രൂപ കോടി) | ആദായം (Return) (രൂപ കോടി) | ആദായം (ശതമാനം) | സർക്കാർ എടുത്ത വായ്പയുടെ ശരാശരി പലിശ (%) |
|---|---|---|---|---|
| 2006-07 | 2392 | 30 | 1.3 | 8.4 |
| 2007-08 | 2484 | 29 | 1.2 | 7.9 |
| 2008-09 | 3153 | 34 | 1.1 | 7.5 |
| 2009-10 | 3328 | 27 | 0.8 | 7.5 |
| 2010-11 | 3808 | 75 | 2.0 | 7.3 |
| 2011-12 | 4206 | 67 | 1.6 | 7.2 |
| 2012-13 | 4511 | 48 | 1.1 | 7.1 |
| 2013-14 | 5624 | 101 | 1.8 | 7.1 |
| 2014-15 | 6085 | 74 | 1.2 | 7.3 |

*Source:* CAG, Report on State Finances, 2011 and 2015 Vol.I

നിക്ഷേപത്തിനു പുറമെ വായ്പകളും മുൻകൂറുകളും പൊതുമേഖലാ സ്ഥാപനങ്ങൾക്കു സർക്കാർ നൽകുന്നു. മിക്ക പൊതു മേഖലാ സ്ഥാപനങ്ങളും വർഷംതോറും വായ്പയും മുൻകൂറുകളും സർക്കാരിൽ നിന്ന് കൈപ്പറ്റുന്നു. പട്ടിക 6.12ൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ വായ്പയും ലഭിച്ച പലിശയും നൽകിയിട്ടുണ്ട്. 2014-15വരെ നൽകിയ വായ്പതുക (ക്ലോസിംഗ് ബാലൻസ്) 12332 കോടി രൂപയാണ്. 2014-15ൽ പുതുതായി നൽകിയ വായ്പ 619 കോടി രൂപയാണ്. വായ്പ ലഭിച്ച പ്രധാന പൊതുമേഖലാ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്. കെ.എസ്.ആർ.റ്റി.സി (2663 കോടി രൂപ), കേരള വാട്ടർ അതോറിറ്റി (53 കോടി രൂപ) കേരള അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (25 കോടി രൂപ).

പൊതുമേഖലാ സ്ഥാപനങ്ങൾ തങ്ങൾക്ക് ലഭിച്ച വായ്പയുടെ പലിശയായി സർക്കാരിനു നൽകുന്ന തുക തുച്ഛമാണ്. 2012-13ൽ 19 കോടി രൂപയും, 2013-14ൽ 21 കോടി രൂപയും, 2014-15ൽ 27 കോടി രൂപയുമാണ്

പലിശയായി സർക്കാരിനു നൽകിയത്. പലിശയായി ലഭിച്ച തുക മൊത്തം വായ്പ തുകയുടെ 0.2 ശതമാനം മാത്രമേയുള്ളു.

പൊതുമേഖലാ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും സംസ്ഥാന സർക്കാരിനു നൽകേണ്ട മൂലധനമോ പലിശയോ യഥാസമയം നൽകുന്നില്ല. തന്മൂലം വൻതുക ആ ഇനത്തിൽ കുടിശ്ശികയായി സർക്കാരിനു ലഭിക്കാനുണ്ട്. പട്ടിക 6.13ൽ വായ്പ തിരിച്ചടവ്, പലിശ എന്നീ ഇനങ്ങളിൽ കുടിശ്ശിക വരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണവും കുടിശ്ശിക തുകയും നൽകിയിട്ടുണ്ട്. 2013ൽ വായ്പ തിരിച്ചടവ്, പലിശ എന്നിവയിൽ കുടിശ്ശിക വരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ 68 എണ്ണമാണ്. ഈ സ്ഥാപനങ്ങൾ വരുത്തിയ മൊത്തം കുടിശ്ശിക 6383 കോടി രൂപയാണ്. 2015ൽ കുടിശ്ശിക വരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം 71 ആയി വർദ്ധിച്ചു. ആ സ്ഥാപനങ്ങൾ വരുത്തിയ മൊത്തം കുടിശ്ശിക 8795 കോടി രൂപയാണ്. 2015ലെ മൊത്തം കുടിശ്ശിക തുകയിൽ 86 ശതമാനം കുടിശ്ശിക വരുത്തിയത് അഞ്ചു പൊതുമേഖലാ സ്ഥാപനങ്ങളാണ്. കേരള വാട്ടർ അതോറിറ്റി (3613 കോടി രൂപ) കെ.എസ്.ഇ.ബി (1747 കോടി) കെ. എസ്.ആർ.റ്റിസി (925 കോടി) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് (915 കോടി), കേരള സ്റ്റേറ്റ് കശുവണ്ടി വികസന കോർപ്പറേഷൻ (367 കോടി). പൊതുമേഖലാ സ്ഥാപനങ്ങൾ കാര്യക്ഷമമായും ലാഭകരമായും നടത്താൻ ശക്തമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞ ആറു ദശാബ്ദ കാലത്ത് കേരളത്തിൽ അധികാരത്തിലിരുന്ന സർക്കാരുകൾ താൽപര്യം കാണിച്ചിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളെ രാഷ്ട്രീയ, ട്രേഡ് യൂണിയൻ താൽപര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ട ഉപകരണങ്ങളായാണ് സർക്കാരുകൾ കണ്ടുവരുന്നത്. എത്ര നഷ്ടം വന്നാലും സർക്കാർ സംരക്ഷിച്ചുകൊള്ളുമെന്ന ചിന്താഗതിയാണ് പൊതുമേഖലാ സ്ഥാപനത്തിലെ ജീവനക്കാർ, ട്രേഡ് യൂണിയനുകൾ, മാനേജ്മെന്റ് തുടങ്ങിയവർക്കുള്ളത്. അതുകൊണ്ട് സ്ഥാപനം കാര്യക്ഷമമായും ലാഭകരമായും നടത്താൻ കാര്യമായ ശ്രമവും അവരുടെ ഭാഗത്തുനിന്ന് ഉണ്ടാകാറില്ല. സർക്കാരിൽ നിന്നു ലഭിക്കുന്ന വായ്പകൾ യഥാസമയം തിരിച്ചടയ്ക്കേണ്ടതാണെന്ന് പൊതുമേഖലാ സ്ഥാപനങ്ങളോ, കിട്ടേണ്ട കുടിശ്ശിക കൃത്യമായി വാങ്ങണമെന്ന് സർക്കാരോ കരുതുന്നില്ല. കാര്യക്ഷമമായ പ്രവർത്തനം വഴി ലാഭം നേടി സാമ്പത്തിക സ്വയം പര്യാപ്തത നേടുന്നതിനുപകരം സർക്കാരിൽ നിന്ന് കടം വാങ്ങിയും ധനസഹായവും നേടിയും നിലനിൽക്കാം എന്നു കരുതുന്നത് സമ്പൂർണ്ണ തകർച്ചയിലേക്കു നീങ്ങുന്നതിന്റെ മുൻപുള്ള ഘട്ടമാണെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു.

### പട്ടിക 6.12
### പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റും നൽകിയ വായ്പയും ലഭിച്ച പലിശയും (രൂപ കോടി)

| വർഷം | നൽകിയ മൊത്തം വായ്പ (ക്ലോസിംഗ് ബാലൻസ്) | പുതുതായി നൽകിയ തുക | ലഭിച്ച പലിശ | ലഭിച്ച പലിശ മൊത്തം വായ്പ അനുപാതം (ശതമാനം) |
|---|---|---|---|---|
| 2006-07 | 5714 | 283 | 28 | 0.5 |
| 2007-08 | 6410 | 848 | 51 | 0.9 |
| 2008-09 | 7228 | 948 | 48 | 0.7 |
| 2009-10 | 7749 | 839 | 46 | 0.6 |
| 2010-11 | 8467 | 718 | 54 | 0.7 |
| 2011-12 | 9404 | 943 | 23 | 0.2 |
| 2012-13 | 10456 | 1062 | 19 | 0.2 |
| 2013-14 | 11721 | 1361 | 21 | 0.2 |
| 2014-15 | 12332 | 619 | 27 | 0.2 |

*Source:* CAG, Report on State Finances, 2011 and 2015 Vol.I

### പട്ടിക 6.13
### വായ്പ തിരിച്ചടവ് മുടക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ (രൂപ കോടി)

| വർഷം | തിരിച്ചടവ് മുടക്കിയ സ്ഥാപനങ്ങളുടെ എണ്ണം | വായ്പ കുടിശ്ശിക | പലിശ കുടിശ്ശിക | മൊത്തം കുടിശ്ശിക |
|---|---|---|---|---|
| 2012 | NA | 2429 | 1627 | 4056 |
| 2013 | 68 | 3746 | 2637 | 6383 |
| 2014 | 72 | 4649 | 3009 | 7658 |
| 2015 | 71 | 5277 | 3518 | 8795 |

*Source:* CAG, Report on State Finances, 2012 to 2015, Vol.I

## 6) പൊതുവായ്പ സൂചികകൾ

സർക്കാരിന്റെ മൊത്തം കടബാധ്യത (Debt stock)യെ വിലയിരുത്താനുപയോഗിക്കുന്ന സൂചിക പൊതുകടം ജി.എസ്.ഡി.പി. അനുപാതമാണ്. ഇത് സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന് സമമായ തുകയിൽ കടബാധ്യതയുടെ വിഹിതമാണ്. കേരള ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് 2003 (കെ.എഫ്.ആർ.ആക്ട്) അനുസരിച്ച് സംസ്ഥാന സർക്കാരിന്റെ ധനസ്ഥിതി സുസ്ഥിരമാക്കാൻ കടബാധ്യതയിൽ നിയന്ത്രണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 13-ാം കേന്ദ്ര ധനകാര്യ കമ്മിഷന്റെ ശുപാർശകൾ അനുസരിച്ച് ധനകാര്യ സുസ്ഥിരതയ്ക്കു വേണ്ടി സംസ്ഥാനത്തിന്റെ മൊത്തം കടബാധ്യതയ്ക്ക് ചില പരിധികൾ നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ കടബാധ്യത ഈ പരിധികൾക്കുള്ളിലാണോ എന്നു നോക്കാം.

പട്ടിക 6.14ൽ പൊതുകടം, ജി.എസ്.ഡി.പി അനുപാതം, കെ.എഫ്.ആർ ആക്ട് അനുസരിച്ചുള്ള കടമെടുപ്പ് പരിധി എന്നിവ നൽകിയിട്ടുണ്ട്. 2000-01ൽ സംസ്ഥാനത്തിന്റെ പൊതുകടം ജി.എസ്.ഡി.പി. അനുപാതം 32.9 ശതമാനമായിരുന്നു. ഇത് മൊത്തം ആഭ്യന്തര വരുമാനത്തിന്റെ മൂന്നിലൊന്നോളം വരുന്ന തുകയാണ്. 2005-06ലും ഈ സൂചിക ഉയർന്നതായിരുന്നു. എന്നാൽ 2010-11നുശേഷം ഈ സൂചികയിൽ കുറവുണ്ടായതായി കാണാം. 2010-11നുശേഷം ഒരു വർഷമൊഴിച്ച് മറ്റെല്ലാ വർഷവും ആ സൂചിക 31 ശതമാനത്തിനു മുകളിലായിരുന്നു. സംസ്ഥാനത്തിന്റെ കടബാധ്യത 2011-12 മുതൽ 2014-15വരെയുള്ള കാലത്ത് ഒരു വർഷമൊഴിച്ച് മറ്റെല്ലാ വർഷവും കെ.എഫ്.ആർ. ആക്ടിന്റെ പരിധിക്കുള്ളിലായിരുന്നു. 2012-13ൽ മാത്രമെ സൂചിക പരിധി കവിഞ്ഞുള്ളു. ഇത് സൂചിപ്പിക്കുന്നത് സംസ്ഥാനത്തിന്റെ കടബാധ്യത ധനമാനദണ്ഡങ്ങളുടെ പരിധിയിലായിരുന്നുവെന്നാണ്.

## ഉപസംഹാരം

മുകളിൽ നടത്തിയ വിശകലനം ഉപസംഹരിക്കാം. (1) സംസ്ഥാന സർക്കാരിന്റെ മൊത്തം കടബാധ്യത കഴിഞ്ഞ അഞ്ചു വർഷക്കാലം പ്രതിവർഷം ശരാശരി 14 ശതമാനം വർദ്ധിച്ചു. (2) കമ്പോളവായ്പ, എൽ.ഐ.സി. തുടങ്ങിയവ ഉൾപ്പെടുന്ന ആഭ്യന്തര വായ്പയുടെ വിഹിതത്തിൽ ഗണ്യ

**പട്ടിക 6.14**
**പൊതുകടം: സൂചികകൾ**

| വർഷം | പൊതുകടം ജി.എസ്.ഡി.പി അനുപാതം (%) | കെ.എഫ്.ആർ.ആക്ട്* അനുസരിച്ചുള്ള അനുപാതം (%) |
|---|---|---|
| 2000 – 01 | 32.9 | – |
| 2005 – 06 | 33.5 | – |
| 2010 – 11 | 31.2 | – |
| 2011 – 12 | 29.8 | 32.3 |
| 2012 – 13 | 31.2 | 31.7 |
| 2013 – 14 | 31.3 | 30.7 |
| 2014 – 15 | 31.4 | 29.8 |

* കേരള ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ട്
*Source:* CAG, Report on State Finances 2015.

മായ വർദ്ധനയും കേന്ദ്ര സർക്കാർ വായ്പ, ലഘു സമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ വിഹിതത്തിന്റെ കുറവുണ്ടായിക്കൊണ്ടിരിക്കുന്നതുമായ വായ്പ ഘടന മാറ്റമാണ് ഉണ്ടായിട്ടുള്ളത്. (3) ഈ ഘടനാ മാറ്റം പലിശനിരക്ക് കുറയാനും പലിശ ബാധ്യതയിൽ കുറവുണ്ടാകാനും ഇടയാക്കിയിട്ടുണ്ട്. (4) മൊത്തം വായ്പ തുകയുടെ പകുതിയോളം തിരിച്ചടയ്ക്കേണ്ടത് ഏഴു വർഷങ്ങൾക്കുശേഷമാണ്.  ഇത് വായ്പ തിരിച്ചടവിന് കുറെ സാവകാശം നൽകുന്നു. (5) കടമെടുപ്പ് സൂചികകളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ സംസ്ഥാനത്തിന്റെ കടബാധ്യത പരിധിക്കുള്ളിലാണ്. (6) എന്നാൽ ഓരോ വർഷവും എടുക്കാവുന്ന വായ്പയ്ക്ക് പരിധി നിശ്ചയിച്ചിരിക്കുന്നതുമൂലവും, പ്രതിവർഷം എടുക്കുന്ന വായ്പ തുകയിൽ മൂന്നിൽ രണ്ടിലധികം ഭാഗം തിരിച്ചടവിനും പലിശയ്ക്കും ചെലവാക്കുന്നതുമൂലവും, കാര്യമായ മിച്ചം ലഭ്യമല്ലാത്ത സ്ഥിതിയുണ്ട്. (7) സഞ്ചിതനിധി, പബ്ലിക് അക്കൗണ്ട് എന്നീ ഇനങ്ങളിൽ പ്രതിവർഷം എടുക്കാവുന്ന വായ്പയുടെ ഒരു ചെറിയ ഭാഗം മാത്രമെ കടബാധ്യതകൾ കഴിഞ്ഞ് മിച്ചമായി ലഭിക്കുന്നുള്ളു. (8) പ്രതിവർഷം എടുക്കുന്ന വായ്പ തുക മുഴുവനും കടബാധ്യത തീർക്കാൻവേണ്ടി ചെലവാക്കേണ്ട സ്ഥിതി

യിലേക്കു സംസ്ഥാന സർക്കാർ നീങ്ങുന്നു. (9) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രതിവർഷം വലിയ തുക സർക്കാർ വായ്പയായി നൽകുന്നുവെങ്കിലും ഭൂരിഭാഗം സ്ഥാപനങ്ങളും സർക്കാരിനു തിരിച്ചു നൽകേണ്ട മൂലധനമോ പലിശയോ യഥാസമയം നൽകുന്നില്ല. (10) കെടുകാര്യസ്ഥതമൂലം നഷ്ടത്തിൽ നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്താൻ സംസ്ഥാന സർക്കാർ 7.3 ശതമാനം നിരക്കിൽ വായ്പ വാങ്ങി നൽകുന്നു. (11) പൊതുമേഖലാ സ്ഥാപനങ്ങളിലെ സർക്കാർ നിക്ഷേപത്തിനു തുച്ഛമായ ആദായം (return) മാത്രമാണ് സർക്കാരിന് ലഭിക്കുന്നത് (1.2 ശതമാനം).

### അദ്ധ്യായം ഏഴ്

# ധനസ്ഥിതി: മറ്റു സംസ്ഥാനങ്ങളുമായുള്ള താരതമ്യം

ഈ അദ്ധ്യായത്തിൽ കേരള സംസ്ഥാനത്തിന്റെ ധനസ്ഥിതി ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ ധനസ്ഥിതിയുമായി താരതമ്യം ചെയ്യുന്നു. ഈ താരതമ്യത്തിന് ഉപയോഗിച്ചിരിക്കുന്നത് റിസർവ്വ് ബാങ്കിന്റെ വാർഷിക പ്രസിദ്ധീകരണമായ സംസ്ഥാന ധനകാര്യ സ്ഥിതിയെ കുറിച്ചുള്ള പ്രസിദ്ധീകരണത്തിലെ സ്ഥിതിവിവര കണക്കുകളാണ് (Reserve Bank of India, State Finances: A study of Budgets). ഇന്ത്യയിലെ സംസ്ഥാനങ്ങളെ രണ്ടു വിഭാഗങ്ങളായാണ് ഈ പഠനത്തിൽ തരംതിരിച്ചിട്ടുള്ളത്: പ്രത്യേക വിഭാഗം, അല്ലാത്ത വിഭാഗം അഥവാ സാധാരണ വിഭാഗം. താഴെ പറയുന്ന സവിശേഷതകളുള്ള സംസ്ഥാനങ്ങൾ പ്രത്യേക വിഭാഗത്തിൽപ്പെടുന്നു. (1) കേന്ദ്ര സർക്കാരിൽ നിന്ന് ഉയർന്ന തോതിലുള്ള ഗ്രാന്റുകൾ ലഭ്യമാണെങ്കിലും വായ്പ ജി.എസ്.ഡി.പി. അനുപാതം സാധാരണ സംസ്ഥാനങ്ങളെക്കാൾ ഉയർന്നവ (2) ഇവയുടെ പലിശ ചെലവ് റവന്യൂ അനുപാതം ഉയർന്നതാണ് (3) ഈ സംസ്ഥാനങ്ങളുടെ ഭൂപ്രദേശ പ്രത്യേകതകൾ കൊണ്ട് തനതു വരുമാനം കാര്യമായി വർദ്ധിപ്പിക്കാൻ സാധ്യതയില്ലാത്തതും, സർക്കാർ ചെലവ് ഉയർന്ന തോതിലുള്ളതുമാണ്. സാധാരണ വിഭാഗം സംസ്ഥാനങ്ങളുടെ പ്രത്യേകതകൾ താഴെ പറയുന്നു. (1) വായ്പ ജി.എസ്.ഡി.പി അനുപാതം പ്രത്യേക വിഭാഗം

സംസ്ഥാനങ്ങളെക്കാൾ കുറഞ്ഞതാണ്. (2) പലിശ ചെലവ് റവന്യു വരുമാന അനുപാതം താരതമ്യേന കുറവാണ്. (3) ഭൂപ്രദേശത്തിന്റെ പ്രത്യേക പരിമിതികൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ കാര്യമായ സ്വാധീനം ചെലുത്താത്തത്. കേരളം സാധാരണ വിഭാഗത്തിൽ വരുന്നതുകൊണ്ട് ധനസ്ഥിതി താരതമ്യപ്പെടുത്തുന്നത് ഈ വിഭാഗം സംസ്ഥാനങ്ങളുമായാണ്. റവന്യു കമ്മി, ധനകമ്മി, റവന്യൂ വരവ്, റവന്യു ചെലവ്, പ്രധാന ചെലവിനങ്ങൾ, മൂലധന ചെലവ്, വായ്പകൾ, വികസന ചെലവ് എന്നിവയിൽ കേരളത്തിന്റെ ധനസ്ഥിതി മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുന്നു.

## സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളുടെ അടിസ്ഥാന വിവരങ്ങൾ

സാധാരണ വിഭാഗത്തിൽപ്പെടുന്ന 17 സംസ്ഥാനങ്ങളുടെ 2011ലെ ജനസംഖ്യ, ജനസംഖ്യയുടെ വിഹിതം, നഗരജനസംഖ്യയുടെ വിഹിതം, ശരാശരി സാമ്പത്തിക വളർച്ചാനിരക്ക്, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ, 2013-14ലെ ബജറ്റിലെ മൊത്തം ചെലവ് എന്നിവ പട്ടിക 7.1ൽ നൽകിയിട്ടുണ്ട്.

സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളിൽ ഗോവ മാത്രമേ ഒരു ചെറിയ സംസ്ഥാനമായുള്ളു. ജനസംഖ്യ വിഹിതം, ബജറ്റിലെ മൊത്തം ചെലവ്, മറ്റു സൂചികകൾ എന്നിവ എടുത്താൽ മറ്റെല്ലാ സംസ്ഥാനങ്ങളും വലിപ്പമുള്ളവയാണ്. നഗരവൽക്കരണത്തിന്റെ കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ വലിയ അന്തരമുണ്ട്. ബീഹാർ, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ കാര്യമായ നഗരവൽക്കരണം നടന്നിട്ടില്ലെന്നു കാണാം. സാമ്പത്തിക വളർച്ചാനിരക്കിലും സംസ്ഥാനങ്ങൾ തമ്മിൽ ഏറ്റകുറച്ചിലുകളുണ്ട്. ദരിദ്രർ അഥവാ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങളുടെ കാര്യത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ വലിയ അന്തരമുണ്ട്. ബീഹാർ, മദ്ധ്യപ്രദേശ്, ഒഡീഷ എന്നീ സംസ്ഥാനങ്ങളിൽ ഏതാണ്ട് മൂന്നിലൊന്നു ഭാഗം ജനങ്ങളും ദരിദ്രരാണ്. ബജറ്റിലെ മൊത്തം ചെലവ് സംസ്ഥാന സർക്കാരുകളുടെ ധനസ്ഥിതിയിലുള്ള വലിപ്പത്തെ കാണിക്കുന്നു.

## പട്ടിക 7.1
## സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളുടെ അടിസ്ഥാന വിവരങ്ങൾ

| സംസ്ഥാനം | 2011ലെ മൊത്തം ജന സംഖ്യ (ലക്ഷം) | ജനസംഖ്യ വിഹിതം (%) | നഗര ജന സംഖ്യയുടെ വിഹിതം (%) | ശരാശരി സാമ്പത്തിക വളർച്ചാ നിരക്ക് (2009-10 മുതൽ 2013-14വരെ) (%) | ദാരിദ്ര്യ രേഖയ്ക്കു താഴെയു ള്ളവർ (%) | 2013-14ലെ ബജറ്റിലെ മൊത്തം ചെലവ് (രൂപ ബില്യൺ) |
|---|---|---|---|---|---|---|
| 1. ആന്ധ്രാ പ്രദേശ് | 845.81 | 6.99 | 33.5 | 6.30 | 9.2 | 1291.3 |
| 2. ബീഹാർ | 1040.99 | 8.60 | 11.3 | 10.10 | 33.7 | 772.8 |
| 3. ഛത്തീസ് ഗാർഹ് | 255.45 | 2.11 | 23.2 | NA | NA | 377.8 |
| 4. ഗോവ | 14.58 | 0.12 | 62.1 | NA | NA | 78.1 |
| 5. ഗുജറാത്ത് | 604.39 | 4.99 | 42.6 | 8.57 | 16.6 | 982.1 |
| 6. ഹരിയാന | 253.51 | 2.09 | 34.8 | 7.93 | 11.2 | 464.6 |
| 7. ജാർഖണ്ഡ് | 329.88 | 2.72 | 24.1 | NA | NA | 283.9 |
| 8. കർണ്ണാടക | 610.95 | 5.05 | 38.6 | 5.68 | 20.9 | 1018.1 |
| 9. കേരളം | 334.06 | 2.76 | 47.7 | 6.83 | 7.1 | 612.7 |
| 10. മദ്ധ്യപ്രദേശ് | 726.27 | 6.00 | 27.6 | 8.52 | 31.7 | 812.2 |
| 11. മഹാരാഷ്ട്ര | 1123.74 | 9.28 | 45.2 | 8.03 | 17.4 | 1745.2 |
| 12. ഒഡീഷാ | 419.74 | 3.47 | 16.7 | 4.42 | 32.6 | 529.4 |
| 13. പഞ്ചാബ് | 277.43 | 2.29 | 37.5 | 5.94 | 8.3 | 434.8 |
| 14. രാജസ്ഥാൻ | 685.48 | 5.66 | 24.9 | 8.13 | 14.7 | 897.3 |
| 15. തമിഴ്നാട് | 721.47 | 5.96 | 48.4 | 8.41 | 11.3 | 1200.6 |
| 16. ഉത്തർ പ്രദേശ് | 1998.12 | 16.50 | 22.3 | 6.15 | 29.4 | 1827.9 |
| 17. പശ്ചിമ ബംഗാൾ | 912.76 | 7.54 | 31.9 | 6.59 | 19.9 | 987.7 |
| 18. മൊത്തം ഇന്ത്യ | 12107.27 | 100.00 | 31.2 | 6.68 | 21.9 | 15810.0 |

*N.A:* Not available

*Source:*1. GOI (2014), India 2014.
2. EPW Researach Foundation, India, a pocket book on Data series 2013.
3. GOI (2016), Economic Survey 2015-16, Vol.II
4. RBI, State Finances, A study of Budgets of 2015-16

## റവന്യു കമ്മിയും ധനകമ്മിയും

ധനസ്ഥിതിയുടെ ഒരു പ്രധാന സൂചികയാണ് റവന്യുകമ്മി അഥവാ റവന്യു വരവിനെക്കാൾ കൂടിയ റവന്യു ചെലവ്. റവന്യു കമ്മിയുടെ സൂചികയാണ് റവന്യു കമ്മി, ജി.എസ്.ഡി.പി. അനുപാതം. ഈ സൂചികയനുസരിച്ച് സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സൂചിക വളരെ ഉയർന്നതാണ്. പട്ടിക 7.2ൽ സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളുടെ റവന്യുകമ്മി, ജി.എസ്.ഡി.പി. അനുപാതം എന്നിവ നൽകിയിട്ടുണ്ട്. 2004-08 കാലഘട്ടത്തെ ഈ സൂചികയുടെ ശരാശരി നിരക്ക് പരിശോധിച്ചാൽ താഴെ പറയുന്ന നിഗമനങ്ങളിൽ എത്താം. മൊത്തം 17 സംസ്ഥാനങ്ങളിൽ 9 എണ്ണത്തിലും റവന്യു മിച്ചമായിരുന്നു. അതായത് റവന്യു ചെലവിനെക്കാൾ കൂടുതൽ വരുമാനം ഉണ്ടായിരുന്ന മെച്ചപ്പെട്ട ധനസ്ഥിതിയുണ്ടായിരുന്നു. റവന്യു കമ്മിയുണ്ടായിരുന്ന സംസ്ഥാനങ്ങൾ 4 എണ്ണത്തിന്റെ റവന്യുകമ്മി നാമമാത്രമായിരുന്നു (0.2 ശതമാനം). രണ്ടു ശതമാനത്തിനു മുകളിൽ റവന്യു കമ്മിയുണ്ടായിരുന്നത് നാല് സംസ്ഥാനങ്ങൾ മാത്രം: പശ്ചിമ ബംഗാൾ, കേരളം, പഞ്ചാബ്, ജാർഖണ്ഡ്. ഈ കാലഘട്ടത്ത് സാധാരണ വിഭാഗത്തിൽപ്പെടുന്നതും പ്രത്യേക വിഭാഗത്തിൽപ്പെടുന്നതുമായ 28 സംസ്ഥാനങ്ങളിൽ പശ്ചിമബംഗാൾ കഴിഞ്ഞാൽ ഉയർന്ന റവന്യു കമ്മിയുണ്ടായിരുന്നത് കേരളത്തിലാണ്. എന്നാൽ കേരളത്തിന്റെ റവന്യു കമ്മിയിൽ 2010-11 ആയപ്പോൾ ചെറിയ മാറ്റം വന്നുവെങ്കിലും പിൽക്കാലത്ത് കൂടുതൽ മോശമായി. 2013-14 ആയപ്പോൾ സാധാരണ വിഭാഗവും പ്രത്യേക വിഭാഗവും ഉൾപ്പെടുന്ന ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന റവന്യു കമ്മിയുള്ള സംസ്ഥാനമായി കേരളം മാറി. ചുരുക്കത്തിൽ റവന്യുകമ്മി സൂചികയുടെ അടിസ്ഥാനത്തിൽ വിലയിരുത്തിയാൽ ഇന്ത്യയിൽ ഏറ്റവും മോശമായ ധനസ്ഥിതിയുള്ള സംസ്ഥാനമായി കേരളം മാറി.

അടുത്തതായി കേരളത്തിന്റെ ധനകമ്മി പരിശോധിക്കാം. നിത്യനിദാന ചെലവുകളായ റവന്യു ചെലവും മൂലധന നിക്ഷേപത്തിന് ചെലവാക്കുന്ന മൂലധന ചെലവും ചേരുന്നതാണ് മൊത്തം ചെലവ്. ഈ തുകയും കടം വാങ്ങിയതൊഴിച്ചുള്ള വരുമാനവും തമ്മിലുള്ള വ്യത്യാസമാണ് ധനകമ്മി. ധനകമ്മി വിലയിരുത്തുന്ന സൂചികയാണ് ധനകമ്മി ജി.എസ്.ഡി.പി. അനുപാതം. പട്ടിക 7.3ൽ സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളിലെ ധനകമ്മി ജി.എസ്.ഡി.പി. അനുപാതം നൽകിയിട്ടുണ്ട്. 2004-08 കാലഘട്ടത്തിൽ കേരളത്തിന്റെ ഈ സൂചികയുടെ ശതമാനം 3.2 ശത

**പട്ടിക 7.2**

**സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളുടെ റവന്യുകമ്മി: റവന്യുകമ്മി ജി.എസ്.ഡി.പി. അനുപാതം (ശതമാനം)**

| | സംസ്ഥാനം | 2004-08 (ശരാശരി) | 2010-11 | 2013-14 |
|---|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 0.0 | -0.4 | 0.0 |
| 2. | ബീഹാർ | -2.0 | -3.0 | -1.9 |
| 3. | ഛത്തീസ്ഗാർഹ് | -2.7 | -2.9 | 0.4 |
| 4. | ഗോവ | -0.1 | -2.0 | 0.7 |
| 5. | ഗുജറാത്ത് | 0.2 | 1.0 | -0.6 |
| 6. | ഹരിയാന | -0.9 | 1.0 | 1.0 |
| 7. | ജാർഖണ്ഡ് | 2.0 | 0.1 | -1.6 |
| 8. | കർണ്ണാടക | -1.3 | -1.1 | -0.1 |
| 9. | കേരളം | 2.3 | 1.3 | 2.9 |
| 10. | മദ്ധ്യപ്രദേശ് | -1.8 | -2.5 | -1.4 |
| 11. | മഹാരാഷ്ട്ര | 0.2 | 0.1 | 0.3 |
| 12. | ഒഡീഷ | -1.4 | -2.0 | -1.2 |
| 13. | പഞ്ചാബ് | 2.1 | 2.4 | 2.1 |
| 14. | രാജസ്ഥാൻ | 0.2 | -0.3 | 0.2 |
| 15. | തമിഴ്നാട് | -0.6 | 0.5 | 0.2 |
| 16. | ഉത്തർപ്രദേശ് | 0.2 | -0.6 | -1.2 |
| 17. | പശ്ചിമ ബംഗാൾ | 3.3 | 3.6 | 2.7 |
| 18. | മൊത്തം സാധാരണ വിഭാഗം | 0.2 | 0.1 | 0.2 |
| 19. | മൊത്തം ഇന്ത്യ | 0.0 | -0.0 | 0.1 |

(-) അടയാളം സൂചിപ്പിക്കുന്നത് മിച്ചം

*Source:* RBI (2013): State Finances, A Study of Budgets of 2012-13
RBI (2016): State Finances, A Study of Budgets of 2015-16

മാനമായിരുന്നു. അതായത് സാധാരണ വിഭാഗത്തിൽപ്പെടുന്ന 17 സംസ്ഥാനങ്ങളിൽ കേരളം ഏഴാം സ്ഥാനത്ത്. കേരളത്തെക്കാൾ ഉയർന്ന ധനകമ്മിയുണ്ടായിരുന്ന സംസ്ഥാനങ്ങളാണ് ജാർഖണ്ഡ്, പശ്ചിമബംഗാൾ,

ഉത്തർപ്രദേശ്, ഗോവ, മദ്ധ്യപ്രദേശ്, പഞ്ചാബ് എന്നിവ. എന്നാൽ 2013-14 ആയപ്പോൾ കേരളത്തിന്റെ ധനകമ്മി കൂടുതൽ രൂക്ഷമാവുകയുണ്ടായി. ധനകമ്മിയുടെ കാര്യത്തിൽ കേരളം സാധാരണ വിഭാഗത്തിൽപ്പെട്ട 17 സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന സ്ഥാനത്തെത്തി. ഈ പതിനേഴു സംസ്ഥാനങ്ങളിൽ 15 എണ്ണത്തിന്റെയും ധനകമ്മി 3 ശതമാനത്തിൽ താഴെ യായിരുന്നു. എന്നാൽ കേരളത്തിന്റെ ധനകമ്മി 4.3 ശതമാനമായിരുന്നു.

**പട്ടിക 7.3**
**ധനകമ്മി: ധനകമ്മി ജി.എസ്.ഡി.പി. അനുപാതം (ശതമാനം)**

| | സംസ്ഥാനം | 2004-08 (ശരാശരി) | 2010-11 | 2013-14 |
|---|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 2.8 | 2.0 | 2.1 |
| 2. | ബീഹാർ | 2.6 | 1.9 | 2.4 |
| 3. | ഛത്തീസ്ഗാർഹ് | 0.9 | -0.3 | 2.7 |
| 4. | ഗോവ | 3.6 | 1.7 | 2.8 |
| 5. | ഗുജറാത്ത് | 2.6 | 2.9 | 2.4 |
| 6. | ഹരിയാന | 0.4 | 2.7 | 2.1 |
| 7. | ജാർഖണ്ഡ് | 7.4 | 4.4 | 1.3 |
| 8. | കർണ്ണാടക | 2.0 | 2.8 | 2.8 |
| 9. | കേരളം | 3.2 | 2.8 | 4.3 |
| 10. | മദ്ധ്യപ്രദേശ് | 3.3 | 1.9 | 2.3 |
| 11. | മഹാരാഷ്ട്ര | 2.4 | 1.8 | 1.7 |
| 12. | ഒഡീഷ | 0.1 | 0.3 | 1.7 |
| 13. | പഞ്ചാബ് | 3.3 | 3.2 | 2.8 |
| 14. | രാജസ്ഥാൻ | 3.1 | 1.3 | 2.9 |
| 15. | തമിഴ്നാട് | 1.4 | 3.2 | 2.4 |
| 16. | ഉത്തർപ്രദേശ് | 3.7 | 3.0 | 2.7 |
| 17. | പശ്ചിമ ബംഗാൾ | 4.4 | 4.1 | 3.6 |
| 18. | മൊത്തം സാധാരണ വിഭാഗം | 2.7 | 2.5 | 2.4 |
| 19. | മൊത്തം ഇന്ത്യ | 2.3 | 2.1 | 2.2 |

(-) അടയാളം സൂചിപ്പിക്കുന്നത് മിച്ചം

*Source:* Same as Table 7.2

മുകളിൽ നടത്തിയ വിശകലനം ഉപസംഹരിക്കാം. 2004നുശേഷമുള്ള കാലഘട്ടത്തിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ ധനപ്രതിസന്ധി രൂക്ഷമായിരുന്നു. റവന്യു കമ്മിയും ധനകമ്മിയും വർദ്ധിച്ചു. 2013-14ൽ ഇന്ത്യയിൽ ഏറ്റവും ഉയർന്ന റവന്യു കമ്മിയുള്ള സംസ്ഥാനമായി കേരളം മാറി. സാധാരണ വിഭാഗത്തിലും പ്രത്യേക വിഭാഗത്തിലും ഉൾപ്പെടുന്ന 29 സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന റവന്യു കമ്മിയുള്ള സംസ്ഥാനം കേരളമായിരുന്നു. ധനകമ്മിയുടെ കാര്യത്തിലും കേരളത്തിന്റെ നില മോശമാണ്. ധനകമ്മിയുടെ കാര്യത്തിൽ കേരളം സാധാരണ വിഭാഗത്തിൽപ്പെട്ട സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനത്താണ്. ധനപ്രതിസന്ധി പരിഹരിക്കുന്നതിന് മറ്റു സംസ്ഥാനങ്ങൾ കാര്യമായ നടപടികൾ സ്വീകരിച്ച് ധനസ്ഥിതി മെച്ചമാക്കുന്നു. എന്നാൽ കേരളത്തിന്റെ കെടുകാര്യസ്ഥതമൂലം ധനസ്ഥിതി കൂടുതൽ രൂക്ഷമാക്കുന്നു. ഈ നിലയിലുള്ള മുന്നോട്ടുപോക്ക് കേരളത്തിന്റെ ധനസ്ഥിതിയെ സമ്പൂർണ്ണ തകർച്ചയിലേക്ക് നയിക്കുമെന്നതിൽ തർക്കമില്ല.

## റവന്യു വരവ്

സംസ്ഥാന സർക്കാരുകളുടെ റവന്യുവരവ് പ്രധാനമായും നാല് ഇനങ്ങളിലാണ്. തനത് നികുതി, നികുതിയേതരയിനങ്ങൾ, കേന്ദ്ര നികുതി വിഹിതം, ഗ്രാന്റുകൾ. സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളുടെ റവന്യു വരവ് ജി.എസ്.ഡി.പി. അനുപാതം പട്ടിക 7.4ൽ കൊടുത്തിട്ടുണ്ട്. 2004-08വരെയുള്ള കാലഘട്ടത്തിൽ റവന്യുവരവ് ജി.എസ്.ഡി.പി അനുപാതം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കുറവായിരുന്നു. പട്ടികയിലെ 17 സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ 13 സംസ്ഥാനങ്ങളിലും റവന്യു ജി.എസ്.ഡി.പി. അനുപാതം കേരളത്തെക്കാൾ ഉയർന്നതാണെന്നു കാണാം. ഗുജറാത്ത്, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ എന്നീ മൂന്നു സംസ്ഥാനങ്ങൾ മാത്രമെ കേരളത്തെക്കാൾ കുറഞ്ഞ അനുപാതം ഉണ്ടായിരുന്നുള്ളു. 2013-14 ആയപ്പോൾ കേരളത്തിന്റെ റവന്യു വരവ് ജി.എസ്.ഡി.പി. അനുപാതത്തിൽ ചെറിയ വർദ്ധനം ഉണ്ടായെങ്കിലും കേരളം മറ്റു സംസ്ഥാനങ്ങളെക്കാൾ വളരെ പിന്നിലാണ്. പതിനൊന്ന് സംസ്ഥാനങ്ങളിലെയും റവന്യു വരവ് ജി.എസ്.ഡി.പി. അനുപാതം കേരളത്തെക്കാൾ ഉയർന്നതാണ്.

തനത് നികുതി വരുമാനമാണ് സംസ്ഥാനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട വരവ്. തനത് നികുതി ജി.എസ്.ഡി.പി. അനുപാതത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ സ്ഥിതി കുറെ മെച്ചമാണ്. പട്ടിക 7.5ൽ

**പട്ടിക 7.4**

**റവന്യൂവരവ്: റവന്യൂ വരവ് ജി.എസ്.ഡി.പി. അനുപാതം (ശതമാനം)**

| | സംസ്ഥാനം | 2004-08 (ശരാശരി) | 2010-11 | 2013-14 |
|---|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 14.0 | 13.8 | 1.29 |
| 2. | ബീഹാർ | 21.9 | 20.9 | 20.1 |
| 3. | ഛത്തീസ്ഗാർഹ് | 16.5 | 19.3 | 17.3 |
| 4. | ഗോവ | 15.1 | 16.7 | 13.2 |
| 5. | ഗുജറാത്ത് | 10.5 | 10.2 | 10.4 |
| 6. | ഹരിയാന | 12.8 | 9.7 | 9.8 |
| 7. | ജാർഖണ്ഡ് | 13.7 | 18.1 | 15.1 |
| 8. | കർണ്ണാടക | 15.8 | 15.3 | 14.6 |
| 9. | കേരളം | 11.6 | 11.2 | 12.4 |
| 10. | മദ്ധ്യപ്രദേശ് | 17.7 | 19.1 | 17.4 |
| 11. | മഹാരാഷ്ട്ര | 10.6 | 9.9 | 9.9 |
| 12. | ഒഡീഷ | 16.9 | 17.1 | 17.9 |
| 13. | പഞ്ചാബ് | 13.9 | 12.3 | 11.1 |
| 14. | രാജസ്ഥാൻ | 14.8 | 14.2 | 14.4 |
| 15. | തമിഴ്നാട് | 13.2 | 13.5 | 12.6 |
| 16. | ഉത്തർപ്രദേശ് | 16.5 | 19.4 | 19.5 |
| 17. | പശ്ചിമ ബംഗാൾ | 9.9 | 10.0 | 10.3 |
| 18. | മൊത്തം സാധാരണ വിഭാഗം | 13.5 | 13.6 | 12.8 |
| 19. | മൊത്തം ഇന്ത്യ | 11.9 | 12.2 | 12.1 |

*Source:* Same as Table 7.2

സാധാരണ വിഭാഗത്തിൽപ്പെട്ട സംസ്ഥാനങ്ങളുടെ തനത് നികുതി വരവ് ജി.എസ്.ഡി.പി. അനുപാതം നൽകിയിട്ടുണ്ട്. 2004-08 കാലഘട്ടത്തിൽ ഈ അനുപാതത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ സ്ഥാനം അഞ്ചാമതാണ്. 2013-14 ആയപ്പോൾ കേരളത്തിന്റെ തനത് നികുതി അനുപാതത്തിൽ ചെറിയ വർദ്ധനം ഉണ്ടായിട്ടുണ്ട്. എന്നാൽ നികുതിയേതര വരു

മാനങ്ങളുടെ കാര്യത്തിൽ കേരളം പിന്നോക്കം നിൽക്കുന്നു. പട്ടിക 7.6ൽ സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളുടെ തനത് നികുതിയേതര വരവ് ജി.എസ്.ഡി.പി. അനുപാതം നൽകിയിട്ടുണ്ട്. 2004-08 കാലഘട്ടത്തിൽ മൊത്തം 17 സംസ്ഥാനങ്ങളിൽ 15ലും തനത് നികുതിയേതര ജി.എസ്.ഡി.പി. അനുപാതം കേരളത്തെക്കാൾ ഉയർന്നതാണ്. 2013-14ൽ ഈ സ്ഥിതിയിൽ ചെറിയ മാറ്റമുണ്ടായെങ്കിലും കേരളത്തിന്റെ അനുപാതം മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ പൊതുവിൽ കുറവാണെന്ന് കാണാം. ഭൂരിഭാഗം സംസ്ഥാനങ്ങളിലെയും അനുപാതം കേരളത്തെക്കാൾ ഉയർന്നതായിരുന്നു. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ തനത് നികുതിയേതര വരുമാനത്തിൽ കാര്യമായ വർദ്ധനം വരുത്താൻ സാധ്യതയുണ്ട്.

കേന്ദ്ര നികുതി വിഹിതവും കേന്ദ്ര ഗ്രാന്റുകളും ഉൾപ്പെടുന്ന വരവ് സംസ്ഥാനങ്ങളുടെ പ്രധാന റവന്യൂ വരുമാനങ്ങളാണ്. പട്ടിക 7.7ൽ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന വരവ് ജി.എസ്.ഡി.പി. അനുപാതം നൽകിയിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ അനുപാതം കേരളത്തിൽ കുറവാണെന്നു കാണാം. 2004-08 കാലഘട്ടത്തിൽ കേന്ദ്ര വരവ് ജി.എസ്.ഡി.പി. അനുപാതം 11 സംസ്ഥാനങ്ങളിലും കേരളത്തെക്കാൾ കൂടുതലായിരുന്നു. കേന്ദ്ര ധനകാര്യ കമ്മിഷൻ നികുതി വിഭജനത്തിന് ഉപയോഗിക്കുന്ന മാനദണ്ഡങ്ങൾ കേരളത്തിന് പൊതുവിൽ അനുകൂലമല്ലാത്തതുമൂലമാണ് ഈ ഇനത്തിലുള്ള വരുമാനം കുറയാൻ ഇടയാക്കിയിട്ടുള്ളത്. 2013-14 ആയപ്പോൾ ഈ അനുപാതത്തിൽ വീണ്ടും കുറവുണ്ടായതായി കാണാം. സാധാരണ വിഭാഗത്തിൽപ്പെടുന്ന 17 സംസ്ഥാനങ്ങളിൽ ഒൻപതിലും ഈ അനുപാതം കേരളത്തെക്കാൾ കൂടുതലായിരുന്നു. മുകളിൽ വിവരിച്ചതിൽ നിന്ന് തനത് നികുതി വരവിന്റെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ സ്ഥിതി കുറച്ചു മെച്ചമാണ്. എന്നാൽ നികുതിയേതര വരുമാനം, കേന്ദ്ര നികുതി വിഹിതം, കേന്ദ്ര ഗ്രാന്റുകൾ എന്നിവയിൽ കേരളത്തിന്റെ സ്ഥിതി മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പിന്നോക്കമാണ്. തന്മൂലം മൊത്തം റവന്യൂ വരുമാനത്തിന്റെ കാര്യത്തിൽ കേരളം പിന്നോക്കം നിൽക്കുന്നു.

## പട്ടിക 7.5
## തനത് നികുതിവരവ്: തനത് നികുതി വരവ് ജി.എസ്.ഡി.പി. അനുപാതം (ശതമാനം)

| | സംസ്ഥാനം | 2004-08 (ശരാശരി) | 2010-11 | 2013-14 |
|---|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 7.6 | 7.7 | 7.5 |
| 2. | ബീഹാർ | 4.2 | 4.6 | 5.8 |
| 3. | ഛത്തീസ്ഗാർഹ് | 7.2 | 7.7 | 7.7 |
| 4. | ഗോവ | 7.3 | 6.6 | 7.3 |
| 5. | ഗുജറാത്ത് | 6.5 | 7.1 | 7.4 |
| 6. | ഹരിയാന | 8.0 | 6.4 | 6.6 |
| 7. | ജാർഖണ്ഡ് | 4.4 | 5.4 | 5.4 |
| 8. | കർണ്ണാടക | 9.8 | 10.1 | 10.2 |
| 9. | കേരളം | 7.6 | 7.8 | 8.1 |
| 10. | മദ്ധ്യപ്രദേശ് | 7.2 | 7.9 | 7.7 |
| 11. | മഹാരാഷ്ട്ര | 7.1 | 7.0 | 7.2 |
| 12. | ഒഡീഷ | 5.7 | 5.7 | 6.2 |
| 13. | പഞ്ചാബ് | 7.3 | 7.5 | 7.6 |
| 14. | രാജസ്ഥാൻ | 6.8 | 6.4 | 6.5 |
| 15. | തമിഴ്നാട് | 8.8 | 9.2 | 8.6 |
| 16. | ഉത്തർപ്രദേശ് | 6.5 | 7.2 | 7.7 |
| 17. | പശ്ചിമ ബംഗാൾ | 4.5 | 4.5 | 5.1 |
| 18. | മൊത്തം സാധാരണ വിഭാഗം | 7.0 | 7.2 | 7.1 |
| 19. | മൊത്തം ഇന്ത്യ | 5.7 | 6.0 | 6.3 |

*Source:* Same as Table 7.2

## പട്ടിക 7.6
## തനത് നികുതിയേതര വരവ്: തനത് നകുതിയേതര വരവ് ജി. എസ്.ഡി.പി. അനുപാതം (ശതമാനം)

| | സംസ്ഥാനം | 2004–08 (ശരാശരി) | 2010–11 | 2013–14 |
|---|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 1.9 | 1.8 | 1.8 |
| 2. | ബീഹാർ | 0.5 | 0.5 | 0.4 |
| 3. | ഛത്തീസ്ഗാർഹ് | 2.4 | 3.3 | 2.7 |
| 4. | ഗോവ | 5.5 | 7.0 | 3.4 |
| 5. | ഗുജറാത്ത് | 1.5 | 1.0 | 0.9 |
| 6. | ഹരിയാന | 2.9 | 1.3 | 1.3 |
| 7. | ജാർഖണ്ഡ് | 2.1 | 2.8 | 2.2 |
| 8. | കർണ്ണാടക | 1.9 | 0.9 | 0.7 |
| 9. | കേരളം | 0.7 | 0.7 | 1.4 |
| 10. | മദ്ധ്യപ്രദേശ് | 2.3 | 2.1 | 1.8 |
| 11. | മഹാരാഷ്ട്ര | 1.5 | 0.8 | 0.8 |
| 12. | ഒഡീഷ | 2.1 | 2.5 | 3.1 |
| 13. | പഞ്ചാബ് | 4.1 | 2.4 | 1.0 |
| 14. | രാജസ്ഥാൻ | 1.9 | 1.9 | 2.6 |
| 15. | തമിഴ്നാട് | 1.0 | 0.9 | 1.1 |
| 16. | ഉത്തർപ്രദേശ് | 1.4 | 1.9 | 1.9 |
| 17. | പശ്ചിമ ബംഗാൾ | 0.5 | 0.5 | 0.3 |
| 18. | മൊത്തം സാധാരണ വിഭാഗം | 1.6 | 1.4 | 1.3 |
| 19. | മൊത്തം ഇന്ത്യ | 1.4 | 1.2 | 1.2 |

*Source:* Same as Table 7.2

**പട്ടിക 7.7**
**കേന്ദ്ര നികുതി വിഹിതവും ഗ്രാന്റുകളും: കേന്ദ്രവരവ് ജി.എസ്.ഡി.പി. അനുപാതം (ശതമാനം)**

| | സംസ്ഥാനം | 2004-08 (ശരാശരി) | 2010-11 | 2013-14 |
|---|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 4.4 | 4.3 | 3.6 |
| 2. | ബീഹാർ | 17.2 | 15.8 | 13.8 |
| 3. | ഛത്തീസ്ഗാർഹ് | 6.9 | 8.4 | 6.8 |
| 4. | ഗോവ | 2.3 | 3.2 | 2.5 |
| 5. | ഗുജറാത്ത് | 2.5 | 2.2 | 2.2 |
| 6. | ഹരിയാന | 1.8 | 2.0 | 1.9 |
| 7. | ജാർഖണ്ഡ് | 7.2 | 9.9 | 7.5 |
| 8. | കർണ്ണാടക | 4.1 | 4.3 | 3.7 |
| 9. | കേരളം | 3.4 | 2.6 | 2.9 |
| 10. | മദ്ധ്യപ്രദേശ് | 8.2 | 9.1 | 7.9 |
| 11. | മഹാരാഷ്ട്ര | 2.0 | 2.1 | 2.0 |
| 12. | ഒഡീഷ | 9.1 | 8.9 | 8.7 |
| 13. | പഞ്ചാബ് | 2.6 | 2.4 | 2.5 |
| 14. | രാജസ്ഥാൻ | 6.1 | 5.8 | 5.3 |
| 15. | തമിഴ്നാട് | 3.4 | 3.4 | 2.9 |
| 16. | ഉത്തർപ്രദേശ് | 8.6 | 10.2 | 9.9 |
| 17. | പശ്ചിമ ബംഗാൾ | 4.9 | 5.0 | 5.0 |
| 18. | മൊത്തം സാധാരണ വിഭാഗം | 4.9 | 5.0 | 4.5 |
| 19. | മൊത്തം ഇന്ത്യ | 4.7 | 5.0 | 4.6 |

*Source:* Same as Table 7.2

## റവന്യൂ ചെലവ്

സർക്കാരിന്റെ നിത്യനിദാന ചെലവുകൾക്കുവേണ്ടി ചെലവാക്കുന്നതാണ് റവന്യൂ ചെലവ്. ഇതിൽ ഒരു ഭാഗം പ്ലാൻ അഥവാ വാർഷിക പദ്ധതിയുടെ ഭാഗമായി ചെലവാക്കുന്നു. പട്ടിക 7.8ൽ സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളുടെ റവന്യൂ ചെലവ് ജി.എസ്.ഡി.പി. അനു

**പട്ടിക 7.8**
**റവന്യുചെലവ്: റവന്യു ചെലവ് ജി.എസ്.ഡി.പി. അനുപാതം (ശതമാനം)**

| | സംസ്ഥാനം | 2004-08 (ശരാശരി) | 2010-11 | 2013-14 |
|---|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 14.0 | 13.3 | 12.9 |
| 2. | ബീഹാർ | 20.0 | 17.9 | 18.2 |
| 3. | ഛത്തീസ്ഗാർഹ് | 13.9 | 16.5 | 17.7 |
| 4. | ഗോവ | 14.9 | 14.7 | 13.9 |
| 5. | ഗുജറാത്ത് | 10.7 | 11.2 | 9.8 |
| 6. | ഹരിയാന | 11.9 | 10.7 | 10.8 |
| 7. | ജാർഖണ്ഡ് | 15.6 | 18.3 | 13.6 |
| 8. | കർണ്ണാടക | 14.5 | 14.2 | 14.5 |
| 9. | കേരളം | 13.9 | 12.5 | 15.3 |
| 10. | മദ്ധ്യപ്രദേശ് | 16.0 | 16.6 | 16.1 |
| 11. | മഹാരാഷ്ട്ര | 10.8 | 10.0 | 10.3 |
| 12. | ഒഢീഷ | 15.5 | 15.1 | 16.7 |
| 13. | പഞ്ചാബ് | 16.1 | 14.6 | 13.1 |
| 14. | രാജസ്ഥാൻ | 15.1 | 13.9 | 14.6 |
| 15. | തമിഴ്നാട് | 12.6 | 14.1 | 12.9 |
| 16. | ഉത്തർപ്രദേശ് | 16.7 | 18.8 | 18.3 |
| 17. | പശ്ചിമ ബംഗാൾ | 13.2 | 13.6 | 13.0 |
| 18. | മൊത്തം സാധാരണ വിഭാഗം | 13.7 | 13.7 | 13.0 |
| 19. | മൊത്തം ഇന്ത്യ | 11.9 | 12.1 | 12.2 |

*Source:* Same as Table 7.2

പാതം നൽകിയിട്ടുണ്ട്. 2004-08 കാലഘട്ടത്തിൽ കേരളത്തിന്റെ റവന്യൂ ചെലവ് ജി.എസ്.ഡി.പി. അനുപാതം പട്ടികയിലെ ഭൂരിഭാഗം സംസ്ഥാന ങ്ങളെക്കാൾ കുറവായിരുന്നു. ഇത് താരതമ്യേന മെച്ചമായ ധനസ്ഥിതി യെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ പിൽക്കാലത്ത് റവന്യു ചെലവിൽ വർദ്ധനയുണ്ടായി. 2013-14 ആയപ്പോൾ കേരളത്തിന്റെ റവന്യു ചെലവ്

## പട്ടിക 7.9
## പലിശ ചെലവ്: പലിശ ചെലവ് ജി.എസ്.ഡി.പി. അനുപാതം (ശതമാനം)

| | സംസ്ഥാനം | 2004-08 (ശരാശരി) | 2010-11 | 2013-14 |
|---|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 2.6 | 1.6 | 1.5 |
| 2. | ബീഹാർ | 3.8 | 2.0 | 1.6 |
| 3. | ഛത്തീസ്ഗാർഹ് | 1.8 | 1.0 | 0.7 |
| 4. | ഗോവ | 2.6 | 2.0 | 1.8 |
| 5. | ഗുജറാത്ത് | 2.6 | 1.9 | 1.7 |
| 6. | ഹരിയാന | 1.9 | 1.3 | 1.5 |
| 7. | ജാർഖണ്ഡ് | 1.5 | 2.0 | 1.5 |
| 8. | കർണ്ണാടക | 1.9 | 1.5 | 1.3 |
| 9. | കേരളം | 2.8 | 2.1 | 2.1 |
| 10. | മദ്ധ്യപ്രദേശ് | 2.8 | 1.9 | 1.5 |
| 11. | മഹാരാഷ്ട്ര | 2.0 | 1.5 | 1.4 |
| 12. | ഒഡീഷ | 3.6 | 1.6 | 1.1 |
| 13. | പഞ്ചാബ് | 3.4 | 2.5 | 2.5 |
| 14. | രാജസ്ഥാൻ | 3.5 | 2.3 | 1.8 |
| 15. | തമിഴ്നാട് | 1.9 | 1.5 | 1.5 |
| 16. | ഉത്തർപ്രദേശ് | 3.4 | 2.5 | 2.0 |
| 17. | പശ്ചിമ ബംഗാൾ | 4.2 | 2.9 | 2.9 |
| 18. | മൊത്തം സാധാരണ വിഭാഗം | 2.7 | 1.9 | 1.6 |
| 19. | മൊത്തം ഇന്ത്യ | 2.3 | 1.6 | 1.5 |

*Source:* Same as Table 7.2

അനുപാതം 12 സംസ്ഥാനങ്ങളെക്കാൾ ഉയർന്നു. ശമ്പളം, പെൻഷൻ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നൽകുന്ന ടീച്ചിംഗ് ഗ്രാന്റ്, ഭരണചെലവുകൾ തുടങ്ങിയവയിൽ വന്ന തുടർച്ചയായ വർദ്ധനവാണ് ഇതിനിടയാക്കിയത്. കുതിച്ചുയരുന്ന റവന്യു ചെലവാണ് കേരളത്തിന്റെ ധനപ്രതിസന്ധിയുടെ പ്രധാന കാരണം.

അടുത്തതായി കേരളത്തിലെ പലിശ ചെലവ് മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യാം. പട്ടിക 7.9ൽ സാധാരണ വിഭാഗത്തിൽപ്പെട്ട സംസ്ഥാനങ്ങളുടെ പലിശ ചെലവ് ജി.എസ്.ഡി.പി. അനുപാതം നൽകിയിട്ടുണ്ട്. 2004-08 കാലഘട്ടത്തിൽ സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളുടെ ശരാശരിയെക്കാൾ കേരളത്തിന്റെ പലിശ അനുപാതം ഉയർന്നതായിരുന്നു. ഭൂരിഭാഗം സംസ്ഥാനങ്ങളെക്കാൾ കേരളത്തിന്റെ നിരക്ക് ഉയർന്നതായിരുന്നു. 2003നു ശേഷം സംസ്ഥാനങ്ങൾ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് പാസ്സാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പൊതുകടം നിയന്ത്രിക്കാൻ നടപടികൾ സ്വീകരിച്ചു. തന്മൂലം പലിശചെലവിൽ പൊതുവിൽ കുറവുണ്ടായി. എന്നാൽ കേരളത്തിന്റെ പലിശ അനുപാതത്തിൽ കാര്യമായ കുറവുണ്ടായില്ല. 2013-14ൽ സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളുടെ ശരാശരി പലിശ ജി.എസ്.ഡി.പി. അനുപാതം 1.6 ശതമാനമായിരുന്നപ്പോൾ കേരളത്തിന്റേത് 2.1 ശതമാനമായിരുന്നു. പട്ടികയിലെ 13 സംസ്ഥാനങ്ങളെക്കാൾ കേരളത്തിന്റെ പലിശ അനുപാതം ഉയർന്നതായിരുന്നു. മറ്റു സംസ്ഥാനങ്ങളെക്കാൾ ഉയർന്ന തോതിലുള്ള പലിശ ബാധ്യതയെയാണ് ഇത് സൂചിപ്പിക്കുന്നത്.

## ശമ്പളചെലവ്

ഈ ഭാഗത്തിൽ കേരളത്തിലെ മൊത്തം ശമ്പള ചെലവും, ഈ ചെലവിനത്തിലെ വർദ്ധനയും മറ്റു സംസ്ഥാനങ്ങളിലെ ശമ്പള ചെലവുമായി താരതമ്യം ചെയ്യുന്നു. പട്ടിക 7.10ൽ സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളുടെ 2001-02, 2012-13 വർഷങ്ങളിലെ മൊത്തം ശമ്പളചെലവും അവയുടെ വർദ്ധനവും നൽകിയിട്ടുണ്ട്. ശമ്പളചെലവ് തുക നൽകിയിരിക്കുന്നത് ബില്യനിലാണ് (ഒരു ബില്യൻ 100 കോടിയാണ്). 2001-02 മുതൽ 2012-13വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനങ്ങളുടെ ശമ്പളചെലവിൽ പൊതുവിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. രണ്ടു സംസ്ഥാനങ്ങളൊഴിച്ച് മറ്റെല്ലാത്തിലെയും ശമ്പള വർദ്ധനം 200 ശതമാനത്തിലധികമായിരുന്നു. എന്നാൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വലിയ വർദ്ധനയാണ് കേരളത്തിൽ ഉണ്ടായിട്ടുള്ളത്. ഗുജറാത്ത്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾ കഴിഞ്ഞാൽ 2001-02 മുതൽ 2012-13വരെയുള്ള കാലത്ത് ഏറ്റവും വലിയ വർദ്ധനം ശമ്പളത്തിൽ ഉണ്ടായിട്ടുള്ളത് കേരളത്തിലാണ്. മറ്റു സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരിന്റെ രീതിയിൽ പത്തു വർഷത്തിലൊരിക്കൽ ശമ്പള പരിഷ്കാരം നടത്തുമ്പോൾ കേരളത്തിൽ അഞ്ചു വർഷത്തിലൊരിക്കൽ പരിഷ്കാരം നടത്തുന്നു. മാത്രമല്ല വർഷത്തിൽ ശരാശരി രണ്ടു ഡി.എ. വർദ്ധനവും നടത്തുന്നു.

2001–02ൽ പല വലിയ സംസ്ഥാനങ്ങളിലെയും മൊത്തം ശമ്പളചെലവ് കേരളത്തേക്കാൾ കൂടുതലായിരുന്നു. എന്നാൽ പതിനൊന്നു വർഷം കഴിഞ്ഞപ്പോൾ സ്ഥിതി ഗതിയിൽ വലിയ മാറ്റമുണ്ടായി. ചെറിയ സംസ്ഥാനമായ കേരളത്തിന്റെ മൊത്തം ശമ്പളചെലവ് വലിയ സംസ്ഥാനങ്ങളെക്കാൾ കൂടുതലായി. ഇത് വിശദീകരിക്കാൻ ചില ഉദാഹരണങ്ങൾ താഴെ നൽകുന്നു. (1) കേരളത്തിന്റെ മൂന്നിരട്ടി ജനസംഖ്യയുള്ള സംസ്ഥാനമാണ്

**പട്ടിക 7.10**

**സംസ്ഥാനങ്ങളുടെ മൊത്തം ശമ്പള ചെലവ് (രൂപ ബില്യൺ)***

| | സംസ്ഥാനം | 2001–02 | 2012–13 | വർദ്ധനം (ശതമാനം) |
|---|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 81.7 | 257.7 | 215 |
| 2. | ബീഹാർ | 52.8 | 139.8 | 165 |
| 3. | ഛത്തീസ്ഗാർഹ് | 19.2 | 76.9 | 300 |
| 4. | ഗുജറാത്ത് | 23.1 | 186.4 | 707 |
| 5. | ഹരിയാന | 29.2 | 106.2 | 264 |
| 6. | ജാർഖണ്ഡ് | NA | 64.5 | – |
| 7. | കർണ്ണാടക | 49.7 | 160.8 | 223 |
| 8. | കേരളം | 42.6 | 175.6 | 312 |
| 9 | മദ്ധ്യപ്രദേശ് | 49.3 | 162.2 | 229 |
| 10. | മഹാരാഷ്ട്ര | 184.8 | 537.1 | 191 |
| 11. | ഒഡീഷ | 37.4 | 116.7 | 212 |
| 12. | പഞ്ചാബ് | NA | 169.8 | – |
| 13. | രാജസ്ഥാൻ | 53.0 | 176.0 | 232 |
| 14. | തമിഴ്നാട് | 82.6 | 276.0 | 234 |
| 15. | ഉത്തർപ്രദേശ് | 69.6 | 291.5 | 319 |
| 16. | പശ്ചിമ ബംഗാൾ | 93.0 | 283.4 | 205 |

* ഒരു ബില്യൺ 100 കോടി

NA: Not Available

*Source:* RBI (2016): State Finances, A Study of Budgets of 2015-16

ബീഹാർ (പട്ടിക 7.1). 2001-02ൽ ബീഹാറിലെ ശമ്പളചെലവ് 52.8 ബില്യൻ രൂപയായിരുന്നപ്പോൾ കേരളത്തിന്റേത് 42.6 ബില്യൻ രൂപയായിരുന്നു. പതിനൊന്നു വർഷം കഴിഞ്ഞപ്പോൾ ബീഹാറിന്റെ ശമ്പളചെലവ് 165 ശതമാനം വർദ്ധിച്ചപ്പോൾ കേരളത്തിലെ വർദ്ധനം 312 ശതമാനമായിരുന്നു. 2012-13 ആയപ്പോൾ ബീഹാറിനെക്കാൾ ശമ്പള ചെലവുള്ള സംസ്ഥാനമായി കേരളം മാറി. (പട്ടിക7.10).

2) കേരളത്തിന്റെയും കർണ്ണാടകയുടെയും കാര്യത്തിൽ ഇതേ മാറ്റം തന്നെ സംഭവിച്ചു. കേരളത്തിന്റെ ജനസംഖ്യയെക്കാൾ 83 ശതമാനം അധികം ജനസംഖ്യയുള്ള സംസ്ഥാനമാണ് കർണ്ണാടക. 2001-02ൽ കർണ്ണാടകയുടെ ശമ്പളചെലവ് 49.7 ബില്യൻ രൂപയായിരുന്നപ്പോൾ കേരളത്തിന്റേത് 42.6 ബില്യൻ രൂപയായിരുന്നു. പതിനൊന്നുവർഷം കഴിഞ്ഞപ്പോൾ കർണ്ണാടകയുടെ ശമ്പളചെലവ് 223 ശതമാനം വർദ്ധിച്ചപ്പോൾ കേരളത്തിലെ വർദ്ധനം 312 ശതമാനമായിരുന്നു. 2012-13 ആയപ്പോൾ കർണ്ണാടകയെക്കാൾ ശമ്പളചെലവുള്ള സംസ്ഥാനമായി കേരളം മാറി. 3) കേരളത്തിന്റെ ജനസംഖ്യയുടെ ഇരട്ടിയിലധികം ജനസംഖ്യയുള്ള സംസ്ഥാനമാണ് മധ്യപ്രദേശ്. 2001-02ൽ മധ്യപ്രദേശിലെ ശമ്പളചെലവ് 49.3 ബില്യൻ രൂപയായിരുന്നപ്പോൾ കേരളത്തിന്റേത് 42.6 ബില്യൻ രൂപയായിരുന്നു. പതിനൊന്നു വർഷം കഴിഞ്ഞപ്പോൾ മധ്യപ്രദേശിന്റെ ശമ്പളചെലവ് 229 ശതമാനം വർദ്ധിച്ചപ്പോൾ കേരളത്തിലെ വർദ്ധനം 312 ശതമാനമായിരുന്നു. 2012-13ൽ മധ്യപ്രദേശിനെക്കാൾ ശമ്പള ചെലവുള്ള സംസ്ഥാനമായി കേരളം മാറി. (4) രാജസ്ഥാന്റെ കാര്യത്തിലും ഏതാണ്ട് ഇതിനു സമാനമായ മാറ്റമാണ് ഉണ്ടായത്. 2012-13ൽ രാജസ്ഥാന്റെയും കേരളത്തിന്റെയും ശമ്പളചെലവ് ഏതാണ്ട് ഒരേ തുകയായി മാറി. ചുരുക്കത്തിൽ കേരളത്തിൽ അഞ്ചു വർഷത്തിലൊരിക്കൽ നടത്തുന്ന ശമ്പള പരിഷ്കരണവും വർഷത്തിൽ ശരാശരി രണ്ടു തവണ നടത്തുന്ന ഡി.എ വർദ്ധനവും കേരളത്തിലെ ശമ്പളചെലവ് കുതിച്ചുയരുന്നതിന് ഇടയാക്കിയിട്ടുണ്ട്.

സാധാരണ വിഭാഗത്തിൽപ്പെട്ട സംസ്ഥാനങ്ങളുടെ വാർഷിക ശരാശരി ശമ്പളചെലവും പരിശോധിക്കുകയുണ്ടായി. 2001-02 മുതൽ 2011-13 വരെയുള്ള കാലഘട്ടത്തെ മൂന്നായി തിരിച്ചാണ് ശമ്പള ചെലവിലെ വർദ്ധനം പരിശോധിച്ചത്. പട്ടിക 7.11ൽ ഈ കാലഘട്ടത്തെ വാർഷിക ശരാശരി ശമ്പള വർദ്ധനച്ചലവ് നൽകിയിട്ടുണ്ട്. 2001-02 മുതൽ 2005-06 വരെയുള്ള കാലഘട്ടത്തിൽ സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാ

നങ്ങളിൽ ശമ്പളചെലവിൽ ഏറ്റവും ഉയർന്ന വാർഷിക വർദ്ധനയുണ്ടായിട്ടുള്ളത് കേരളത്തിലാണ്. എന്നാൽ 2006-07 മുതൽ 2009-10വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനങ്ങളിൽ ശമ്പള പരിഷ്കാരം നടത്തിയതുമൂലം പല സംസ്ഥാനങ്ങളുടെയും വാർഷിക ശരാശരി ശമ്പള ചെലവ് കേരളത്തെക്കാൾ ഉയർന്നതായിരുന്നു. എന്നാൽ 2010-11 മുതൽ 2012-13വരെയുള്ള കാലത്ത് ഗുജറാത്ത് കഴിഞ്ഞാൽ ശമ്പള ചെലവിൽ ഏറ്റവും ഉയർന്ന വാർഷിക ശരാശരി വർദ്ധനവുണ്ടായത് കേരളത്തിലാണ്.

**പട്ടിക 7.11**

**വാർഷിക ശരാശരി ശമ്പളചെലവ് വർദ്ധനം (ശതമാനം)**

| | സംസ്ഥാനം | 2001-02-2005-06 | 2006-07-2009-10 | 2010-11-2012-13 |
|---|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 6.1 | 14.2 | 15.0 |
| 2. | ബീഹാർ | NA | NA | NA |
| 3. | ഛത്തീസ്ഗാർഹ് | 4.5 | 63.8 | -7.7 |
| 4. | ഗുജറാത്ത് | 4.1 | 54.6 | 23.9 |
| 5. | ഹരിയാന | 6.5 | 22.9 | 8.7 |
| 6. | ജാർഖണ്ഡ് | NA | NA | NA |
| 7. | കർണ്ണാടക | 4.5 | 15.3 | 17.0 |
| 8. | കേരളം | 7.5 | 15.1 | 22.0 |
| 9 | മദ്ധ്യപ്രദേശ് | 5.8 | 15.4 | 15.4 |
| 10. | മഹാരാഷ്ട്ര | 5.5 | 16.3 | 9.3 |
| 11. | ഒഡീഷ | 3.9 | 21.5 | 8.1 |
| 12. | പഞ്ചാബ് | NA | NA | NA |
| 13. | രാജസ്ഥാൻ | 6.6 | 20.7 | 7.9 |
| 14. | തമിഴ്നാട് | 2.2 | 21.5 | 12.6 |
| 15. | ഉത്തർപ്രദേശ് | 6.8 | 43.8 | - |
| 16. | പശ്ചിമ ബംഗാൾ | 2.3 | 21.7 | 10.1 |

*NA:* Not Available

*Source:* Based on Statement 29 of RBI (2016): State Finance, A Study of Budgets of 2015-16

## പെൻഷൻ ചെലവ്

പെൻഷൻ ചെലവ് താരതമ്യപ്പെടുത്തുന്നതിന് ഉപയോഗിച്ചിരിക്കുന്ന സൂചിക പെൻഷൻ ജി.എസ്.ഡി.പി. അനുപാതമാണ്. പട്ടിക 7.12ൽ സാധാരണ വിഭാഗത്തിൽപ്പെട്ട സംസ്ഥാനങ്ങളുടെ പെൻഷൻ ജി.എസ്.ഡി.പി.

**പട്ടിക 7.12**

**പെൻഷൻ ചെലവ്: പെൻഷൻ ചെലവ് ജി.എസ്.ഡി.പി. അനുപാതം (ശതമാനം)**

| | സംസ്ഥാനം | 2004–08 (ശരാശരി) | 2010–11 | 2013–14 |
|---|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 1.3 | 1.6 | 1.6 |
| 2. | ബീഹാർ | 2.7 | 2.9 | 2.8 |
| 3. | ഛത്തീസ്ഗാർഹ് | 0.9 | 1.5 | 1.5 |
| 4. | ഗോവ | 1.0 | 1.1 | 1.2 |
| 5. | ഗുജറാത്ത് | 0.9 | 1.1 | 1.1 |
| 6. | ഹരിയാന | 0.9 | 1.2 | 1.1 |
| 7. | ജാർഖണ്ഡ് | 1.2 | 1.7 | 2.0 |
| 8. | കർണ്ണാടക | 1.2 | 1.1 | 1.5 |
| 9. | കേരളം | 2.3 | 2.1 | 2.5 |
| 10. | മദ്ധ്യപ്രദേശ് | 1.2 | 1.4 | 1.4 |
| 11. | മഹാരാഷ്ട്ര | 0.7 | 0.8 | 0.9 |
| 12. | ഒഡീഷ | 1.5 | 2.1 | 2.2 |
| 13. | പഞ്ചാബ് | 1.5 | 2.4 | 2.0 |
| 14. | രാജസ്ഥാൻ | 1.2 | 1.6 | 1.5 |
| 15. | തമിഴ്നാട് | 1.7 | 2.3 | 1.7 |
| 16. | ഉത്തർപ്രദേശ് | 1.4 | 2.2 | 2.3 |
| 17. | പശ്ചിമ ബംഗാൾ | 1.5 | 1.7 | 1.6 |
| 18. | മൊത്തം സാധാരണ വിഭാഗം | 1.3 | 1.6 | 1.5 |
| 19. | മൊത്തം ഇന്ത്യ | 1.1 | 1.7 | 1.6 |

*Source:* RBI (2013): State Finances, A Study of Budgets of 2012-13;
RBI (2016): State Finances, A Study of Budgets of 2015-16

അനുപാതം നൽകിയിട്ടുണ്ട്. 2004-08 കാലഘട്ടത്തിൽ കേരളത്തിന്റെ പെൻഷൻ അനുപാതം ബിഹാർ കഴിഞ്ഞാൽ ഏറ്റവും ഉയർന്നതായിരുന്നു. മറ്റു സംസ്ഥാനങ്ങളിൽ നിലവിലുള്ളതിനെക്കാൾ ഉദാരമായ പെൻഷൻ സമ്പ്രദായമാണ് കേരളത്തിലുള്ളത്. കേരളത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കു പുറമെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച അധ്യാപകർക്കും ജീവനക്കാർക്കും പെൻഷൻ നൽകുന്നു. ഇതിനു പുറമെ അഞ്ചു വർഷത്തിലൊരിക്കൽ നടത്തുന്ന പെൻഷൻ പരിഷ്കാരവും വലിയ തോതിലുള്ള ധനബാധ്യത സൃഷ്ടിക്കുന്നു. 2013-14 ആയപ്പോൾ കേരളത്തിലെ പെൻഷൻ അനുപാതത്തിൽ വർദ്ധനയുണ്ടായി. ബിഹാർ കഴിഞ്ഞാൽ പെൻഷൻ ജി.എസ്.ഡി.പി. അനുപാതം ഏറ്റവും കൂടുതലായ സംസ്ഥാനമാണ് കേരളം. ഉയർന്ന തോതിലുള്ള ശമ്പള പെൻഷൻ ബാധ്യതകൾ കേരളത്തിന്റെ തുടർച്ചയായുള്ള ധനപ്രതിസന്ധിയുടെ അടിസ്ഥാന കാരണമാണ്.

**പൊതു കടബാദ്ധ്യത**

കടബാദ്ധ്യത വിലയിരുത്തുന്നതിന് ഉപയോഗിക്കുന്ന സൂചിക മൊത്തം പൊതുകടം ജി.എസ്.ഡി.പി. അനുപാതമാണ്. പട്ടിക 7.13ൽ സാധാരണ വിഭാഗത്തിൽപ്പെട്ട സംസ്ഥാനങ്ങളുടെ പൊതുകടം ജി.എസ്. ഡി.പി. അനുപാതം നൽകിയിട്ടുണ്ട്. 2000ൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു കേരളത്തിലെ പൊതുകടം ജി.എസ്.ഡി.പി. അനുപാതം കുറവായിരുന്നു. എന്നാൽ 2005 ആയപ്പോൾ കടബാദ്ധ്യത അനുപാതത്തിൽ ഗണ്യമായ വർദ്ധനയുണ്ടായി. എന്നാൽ 2003നുശേഷം സംസ്ഥാനങ്ങൾ ഫിസ്ക്കൽ റസ്പോൺസിബിലിറ്റി ആക്ട് നിയമം നടപ്പിലാക്കി കടബാദ്ധ്യത കുറയ്ക്കാൻ നടപടികൾ സ്വീകരിച്ചു. തന്മൂലം സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളുടെ കടബാദ്ധ്യതയിൽ തുടർച്ചയായി കുറവുണ്ടായി. 2014 ആയപ്പോൾ സംസ്ഥാനങ്ങൾ ഫിസ്ക്കൽ റസ്പോൺസിബിലിറ്റി ആക്ടിന്റെ പരിധിയിലേക്കു കടബാദ്ധ്യത കുറച്ചു. എന്നാൽ മറ്റു സംസ്ഥാനങ്ങളിൽ വന്ന കുറവനുസരിച്ച് കേരളത്തിന്റെ കടബാദ്ധ്യതയിൽ കുറവുണ്ടായില്ല. 2014ൽ കേരളത്തിന്റെ പൊതു കടം ജി.എസ്.ഡി.പി. അനുപാതം 31.7 ശതമാന മാണ്. പശ്ചിമ ബംഗാളും, പഞ്ചാബും കഴിഞ്ഞാൽ ഏറ്റവും ഉയർന്ന കടബാദ്ധ്യത കേരളത്തിലാണ്. ചുരുക്കത്തിൽ സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളിൽ ഉയർന്ന നിരക്കിലുള്ള കടബാദ്ധ്യതയുള്ള സംസ്ഥാനമായി കേരളം നിൽക്കുന്നു.

**പട്ടിക 7.13**
**മൊത്തം പൊതുകടം: പൊതുകടം ജി.എസ്.ഡി.പി. അനുപാതം (ശതമാനം)**

| | സംസ്ഥാനം | 2000 | 2005 | 2010 | 2014 |
|---|---|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 25.5 | 33.6 | 25.9 | 22.9 |
| 2. | ബീഹാർ | 62.0 | 55.5 | 36.5 | 25.8 |
| 3. | ഛത്തീസ്ഗാർഹ് | – | 25.4 | 16.4 | 14.0 |
| 4. | ഗോവ | 35.8 | 34.7 | 28.9 | 27.2 |
| 5. | ഗുജറാത്ത് | 28.9 | 35.1 | 28.6 | 24.6 |
| 6. | ഹരിയാന | 26.3 | 26.0 | 18.3 | 20.5 |
| 7. | ജാർഖണ്ഡ് | – | 21.9 | 26.8 | 21.9 |
| 8. | കർണ്ണാടക | 19.5 | 26.6 | 25.0 | 22.6 |
| 9. | കേരളം | 29.7 | 36.6 | 32.5 | 31.7 |
| 10. | മദ്ധ്യപ്രദേശ് | 30.6 | 39.5 | 29.8 | 22.2 |
| 11. | മഹാരാഷ്ട്ര | 22.1 | 30.0 | 23.8 | 20.5 |
| 12. | ഒഡീഷ | 44.2 | 47.6 | 28.1 | 18.5 |
| 13. | പഞ്ചാബ് | 39.5 | 48.6 | 34.3 | 32.2 |
| 14. | രാജസ്ഥാൻ | 35.2 | 46.9 | 34.5 | 24.8 |
| 15. | തമിഴ്നാട് | 20.4 | 25.6 | 21.2 | 21.0 |
| 16. | ഉത്തർപ്രദേശ് | 42.4 | 52.2 | 39.4 | 30.9 |
| 17. | പശ്ചിമബംഗാൾ | 32.7 | 46.7 | 44.0 | 36.7 |
| 18. | മൊത്തം ഇന്ത്യ | 25.2 | 31.3 | 25.5 | 21.9 |

*Source:* RBI (2016): State Finances, A Study of Budgets of 2015-16;

## വികസനചെലവ്

റവന്യൂ, മൂലധനം, വായ്പകളും മുൻകൂറുകളും ഉൾപ്പെടെയുള്ള എല്ലാ ചെലവുകളെയും മൂന്നിനം സർവീസുകളായി തരംതിരിക്കാം. സോഷ്യൽ, ഇക്കണോമിക്, ജനറൽ. ഇതിൽ സോഷ്യൽ, ഇക്കണോമിക് സർവീസുകളെ വികസനചെലവായും, ജനറൽ സർവീസിനെ വികസനേതര ചെലവായും തരംതിരിച്ചിരിക്കുന്നു. വികസനചെലവ് വിലയിരുത്താൻ മൂന്നു സൂചികകളാണ് ഉപയോഗിക്കുന്നത്. (1) വികസന ചെലവ് ജി.എസ്.ഡി.പി

അനുപാതം (2) സാമൂഹ്യ മേഖലാ ചെലവ് ജി.എസ്.ഡി.പി. അനുപാതം (3) മൂലധന ചെലവ് ജി.എസ്.ഡി.പി. അനുപാതം.

ആദ്യമായി വികസനചെലവ് ജി.എസ്.ഡി.പി. അനുപാതം ഉപയോഗിച്ച് വികസന ചെലവ് വിലയിരുത്താം. പട്ടിക 7.14ൽ സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളുടെ വികസന ചെലവ് ജി.എസ്.ഡി.പി. അനു

**പട്ടിക 7.14**

**വികസന ചെലവ്: വികസന ചെലവ് ജി.എസ്.ഡി.പി. അനുപാതം (ശതമാനം)**

| | സംസ്ഥാനം | 2004–08 (ശരാശരി) | 2010–11 | 2013–14 |
|---|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 12.2 | 11.2 | 10.7 |
| 2. | ബീഹാർ | 15.3 | 15.4 | 15.7 |
| 3. | ഛത്തീസ്ഗാർഹ് | 12.7 | 14.3 | 16.0 |
| 4. | ഗോവ | 13.3 | 13.3 | 11.3 |
| 5. | ഗുജറാത്ത് | 8.8 | 9.3 | 9.2 |
| 6. | ഹരിയാന | 9.3 | 8.8 | 8.3 |
| 7. | ജാർഖണ്ഡ് | 15.5 | 16.1 | 10.6 |
| 8. | കർണ്ണാടക | 12.2 | 13.6 | 12.4 |
| 9. | കേരളം | 7.6 | 7.4 | 8.7 |
| 10. | മദ്ധ്യപ്രദേശ് | 14.5 | 14.6 | 13.9 |
| 11. | മഹാരാഷ്ട്ര | 8.5 | 8.0 | 7.9 |
| 12. | ഒഡീഷ | 9.5 | 12.0 | 14.2 |
| 13. | പഞ്ചാബ് | 8.2 | 7.1 | 7.2 |
| 14. | രാജസ്ഥാൻ | 12.0 | 10.3 | 12.8 |
| 15. | തമിഴ്നാട് | 9.1 | 10.6 | 9.8 |
| 16. | ഉത്തർപ്രദേശ് | 11.9 | 13.2 | 13.6 |
| 17. | പശ്ചിമ ബംഗാൾ | 7.4 | 8.0 | 8.2 |
| 18. | മൊത്തം സാധാരണ വിഭാഗം | 10.3 | 10.5 | 10.2 |
| 19. | മൊത്തം ഇന്ത്യ | 9.1 | 9.4 | 9.5 |

*Source:* RBI (2013): State Finances, A Study of Budgets of 2012-13; RBI (2016): State Finances, A Study of Budgets of 2015-16

പാതം നൽകിയിട്ടുണ്ട്. വികസനചെലവിന്റെ കാര്യത്തിൽ കേരളത്തിന്റെ സ്ഥിതി വളരെ മോശമാണ്. 2004-08 കാലഘട്ടത്തിൽ ബീഹാർ, ജാർ ഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലെ വികസന ചെലവ് ജി.എസ്.ഡി.പി. അനുപാതം 15നു മുകളിലായിരുന്നപ്പോൾ കേരളത്തിന്റേത് 7.6 ശതമാന മായിരുന്നു. പശ്ചിമബംഗാൾ കഴിഞ്ഞാൽ ഏറ്റവും കുറഞ്ഞ വികസന ചെലവ് അനുപാതമുള്ള സംസ്ഥാനമായിരുന്നു കേരളം. 2010-11 ആയപ്പോഴും കേര ളത്തിന്റെ സ്ഥിതിയിൽ മാറ്റമുണ്ടായില്ല. എന്നാൽ 2013-14ൽകേരളത്തിന്റെ സ്ഥിതിയിൽ ചെറിയ പുരോഗതി ഉണ്ടായി. എങ്കിലും വികസന ചെലവ് അനുപാതത്തിൽ കേരളം വളരെ പിന്നോക്കമാണ് (13-ാംസ്ഥാനം).

വികസന ചെലവ് വിലയിരുത്താൻ ഉപയോഗിക്കുന്ന മറ്റൊരു സുചി കയാണ് സാമൂഹ്യ മേഖല ചെലവ് ജി.എസ്.ഡി.പി. അനുപാതം. പൊതു വിദ്യാഭ്യാസം, പൊതുജനാരോഗ്യം, കുടിവെള്ള വിതരണം, ഭവനനിർ മ്മാണം, ഗ്രാമ വികസനം തുടങ്ങിയ ചെലവുകളാണ് ഇതിൽ ഉൾപ്പെടു ന്നത്. പട്ടിക 7.15ൽ സാധാരണ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനങ്ങളുടെ സാമൂഹ്യമേഖലാ ചെലവ് ജി.എസ്.ഡി.പി. അനുപാതം നൽകിയിട്ടുണ്ട്. 2004-08 കാലഘട്ടത്തിൽ ഉയർന്ന സാമൂഹ്യ മേഖലാ ചെലവ് അനുപാത ത്തിൽ കേരളത്തിന്റെ സ്ഥാനം 12 ആയിരുന്നു. 2013-14 ആയപ്പോൾ കേര ളത്തിന്റെ സാമൂഹ്യ മേഖലാ ചെലവിൽ കാര്യമായ മാറ്റം ഉണ്ടായില്ല. ഈ ചെലവ് അനുപാതത്തിന്റെ കാര്യത്തിൽ കേരളത്തിന്റെ സ്ഥാനം 13 ആണ്. ഇത് കാണിക്കുന്നത് സാമൂഹ്യക്ഷേമ ചെലവിൽ കേരളം മറ്റു സംസ്ഥാ നങ്ങളെക്കാൾ വളരെ പിന്നിലാണെന്നാണ്.

മൂലധന ചെലവ് ജി.എസ്.ഡി.പി. അനുപാതമാണ് വികസന ചെലവ് വിലയിരുത്താനുപയോഗിക്കുന്ന മറ്റൊരു സൂചിക. സാമ്പത്തിക മേഖല കളുടെ അടിത്തറ സൃഷ്ടിക്കുന്നത് മൂലധന ചെലവുകൾ മൂലമാണ്. അടി സ്ഥാന ഘടകങ്ങളുടെ വികസനവും നടക്കുന്നത് മൂലധന ചെലവിനെ ആശ്രയിച്ചാണ്. പട്ടിക 7.16ൽ സാധാരണ വിഭാഗത്തിൽപ്പെട്ട സംസ്ഥാന ങ്ങളുടെ മൂലധന ചെലവ് ജി.എസ്.ഡി.പി. അനുപാതം നൽകിയിട്ടുണ്ട്. 2004-08 കാലഘട്ടത്തിൽ മൂലധന ചെലവ് ജി.എസ്.ഡി.പി. അനുപാതം സാധാരണ വിഭാഗത്തിൽപ്പെടുന്ന 17 സംസ്ഥാനങ്ങളിൽ ഏറ്റവും കുറവ് കേരളത്തിലായിരുന്നു (0.6 ശതമാനം). 2013-14 ആയപ്പോഴും ഈ സ്ഥിതി യിൽ കാര്യമായ മാറ്റം ഉണ്ടായില്ല. പഞ്ചാബ്, പശ്ചിമ ബംഗാൾ, ഹരി

യാന എന്നീ സംസ്ഥാനങ്ങൾ കഴിഞ്ഞാൽ ഏറ്റവും കുറഞ്ഞ മൂലധന ചെലവ് അനുപാതമുള്ള സംസ്ഥാനമായി കേരളം നിൽക്കുന്നു. തുടർച്ച യായ ധനപ്രതിസന്ധിമൂലം മൂലധന ചെലവ് വെട്ടിക്കുറച്ചതുമൂലമാണ് കേരളം ഈ നിലയിലെത്തിയത്.

**പട്ടിക 7.15**

**സാമൂഹ്യമേഖല ചെലവ്: സാമൂഹ്യ മേഖല ചെലവ് ജി.എസ്.ഡി.പി. അനുപാതം (ശതമാനം)**

| | സംസ്ഥാനം | 2004–08 (ശരാശരി) | 2010–11 | 2013–14 |
|---|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 6.2 | 6.6 | 6.3 |
| 2. | ബീഹാർ | 10.2 | 9.1 | 10.2 |
| 3. | ഛത്തീസ്ഗാർഹ് | 8.2 | 10.1 | 11.3 |
| 4. | ഗോവ | 6.1 | 6.4 | 6.0 |
| 5. | ഗുജറാത്ത് | 4.7 | 5.6 | 5.5 |
| 6. | ഹരിയാന | 4.3 | 5.2 | 4.7 |
| 7. | ജാർഖണ്ഡ് | 9.8 | 11.1 | 6.8 |
| 8. | കർണ്ണാടക | 6.2 | 7.5 | 6.8 |
| 9. | കേരളം | 5.4 | 4.9 | 6.0 |
| 10. | മദ്ധ്യപ്രദേശ് | 7.3 | 8.6 | 8.2 |
| 11. | മഹാരാഷ്ട്ര | 4.8 | 5.0 | 5.2 |
| 12. | ഒഡീഷ | 6.2 | 7.8 | 9.1 |
| 13. | പഞ്ചാബ് | 3.6 | 3.7 | 4.1 |
| 14. | രാജസ്ഥാൻ | 7.6 | 7.0 | 8.1 |
| 15. | തമിഴ്നാട് | 5.7 | 7.0 | 6.5 |
| 16. | ഉത്തർപ്രദേശ് | 7.1 | 8.8 | 8.9 |
| 17. | പശ്ചിമ ബംഗാൾ | 5.0 | 6.4 | 6.5 |
| 18. | മൊത്തം സാധാരണ വിഭാഗം | 5.9 | 6.7 | 6.4 |
| 19. | മൊത്തം ഇന്ത്യ | 5.2 | 5.9 | 6.0 |

*Source:* Same as Table 7.14

**പട്ടിക 7.16**
**മൂലധന ചെലവ്: മൂലധന ചെലവ് ജി.എസ്.ഡി.പി. അനുപാതം (ശതമാനം)**

| | സംസ്ഥാനം | 2004-08 (ശരാശരി) | 2010-11 | 2013-14 |
|---|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 3.0 | 1.9 | 1.8 |
| 2. | ബീഹാർ | 3.6 | 4.3 | 4.1 |
| 3. | ഛത്തീസ്ഗാർഹ് | 3.2 | 2.5 | 2.5 |
| 4. | ഗോവ | 3.7 | 3.8 | 2.1 |
| 5. | ഗുജറാത്ത് | 2.4 | 1.9 | 3.0 |
| 6. | ഹരിയാന | 1.6 | 1.5 | 1.0 |
| 7. | ജാർഖണ്ഡ് | 3.9 | 3.9 | 2.7 |
| 8. | കർണ്ണാടക | 3.2 | 3.5 | 2.8 |
| 9. | കേരളം | 0.6 | 1.2 | 1.1 |
| 10. | മദ്ധ്യപ്രദേശ് | 4.4 | 3.2 | 2.5 |
| 11. | മഹാരാഷ്ട്ര | 1.9 | 1.7 | 1.3 |
| 12. | ഒഡീഷ | 1.6 | 2.2 | 2.8 |
| 13. | പഞ്ചാബ് | 1.4 | 1.1 | 0.7 |
| 14. | രാജസ്ഥാൻ | 3.0 | 1.6 | 2.6 |
| 15. | തമിഴ്നാട് | 1.9 | 2.4 | 2.0 |
| 16. | ഉത്തർപ്രദേശ് | 3.4 | 3.5 | 3.8 |
| 17. | പശ്ചിമ ബംഗാൾ | 0.8 | 0.5 | 1.0 |
| 18. | മൊത്തം സാധാരണ വിഭാഗം | 2.4 | 2.2 | 2.1 |
| 19. | മൊത്തം ഇന്ത്യ | 2.2 | 2.0 | 1.9 |

*Source:* Same as Table 7.14

## അടിസ്ഥാന ഘടകങ്ങൾക്കുള്ള ചെലവ്

ഒരു നാടിന്റെ സാമ്പത്തിക വികസനം നിർണ്ണയിക്കുന്നതിന്റെ പ്രധാന ഘടകം അടിസ്ഥാന ഘടകവികസനത്തിനുവേണ്ടി ചെലവാക്കുന്ന തുകയും ആ മേഖലയിൽ നേടിയ നേട്ടവുമാണ്. പട്ടിക 7.17 ൽ സാധാരണ വിഭാഗ

ത്തിൽപ്പെടുന്ന സംസ്ഥാനങ്ങളുടെ അടിസ്ഥാന ഘടക ചെലവ് മൊത്തം ചെലവ് അനുപാതം എന്നിവ നൽകിയിട്ടുണ്ട്. ആദ്യമായി റോഡുകളുടെയും പാലങ്ങളുടെയും മൂലധനചെലവ് പരിശോധിക്കാം. മൊത്തം ചെലവിന്റെ 4.6 ശതമാനമാണ് റോഡുകൾക്കും പാലങ്ങൾക്കും വേണ്ടി കേരളം 2013–14ൽ ചെലവഴിച്ചത്. സാധാരണ വിഭാഗത്തിൽപ്പെടുന്ന 17 സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം 12 ആണ്. ബീഹാർ, ഛത്തീസ് ഗാർഹ്, ജാർഖണ്ഡ്, ഒഡീഷ എന്നീ സംസ്ഥാനങ്ങൾ മൊത്തം ചെലവിന്റെ ഏഴിലധികം ശതമാനം തുക റോഡ്, പാലങ്ങൾ എന്നിവയ്ക്കുവേണ്ടി ചെലവാക്കി. പട്ടികയിലെ പകുതിയോളം സംസ്ഥാനങ്ങളും ഈ ഇനത്തിനുവേണ്ടി ചെലവാക്കുന്നത് 5.6 ശതമാനം മുതൽ 7.2 ശതമാനംവരെയാണ്.

മൊത്തം ചെലവിൽ അടിസ്ഥാന ഘടകമായ ഇന്ധനത്തിനുവേണ്ടി ചെലവാക്കുന്ന തുക മറ്റൊരു സൂചികയാണ്. ഈ സൂചികയുടെ അടിസ്ഥാനത്തിൽ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തിയാൽ കേരളത്തിന്റെ സ്ഥിതി പരിതാപകരമാണ്. കേരളം ഇതിനുവേണ്ടി 2013–14ൽ ചെലവാക്കിയത് മൊത്തം ചെലവിന്റെ 0.3 ശതമാനമാണ്. 17 സംസ്ഥാനങ്ങളിൽ ഏറ്റവും കുറവ് അടിസ്ഥാനഘടക ചെലവുള്ള സംസ്ഥാനം കേരളമാണ്. ഗോവ, ഹരിയാന, പഞ്ചാബ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ മൊത്തം ചെലവിന്റെ 11 മുതൽ 16.9 ശതമാനം ഇന്ധന വികസനത്തിനുവേണ്ടി ചെലവഴിക്കുന്നു എന്ന് ഓർക്കണം. നിത്യനിദാന ചെലവുകളിൽ വന്ന വർദ്ധനം മൂലമാണ് ഈ ദുഃസ്ഥിതി കേരളത്തിനുണ്ടായത്. വികസനത്തിനും മൂലധന നിക്ഷേപത്തിനും അടിസ്ഥാന ഘടക നിക്ഷേപത്തിനുമുള്ള ചെലവ് വെട്ടിക്കുറച്ച് നിത്യനിദാന ചെലവുകൾക്ക് പണം കണ്ടെത്തേണ്ട പരിതാപകരമായ നിലയിൽ കേരളം എത്തിനിൽക്കുന്നു. വലിയ വിഭാഗം ജനങ്ങൾ ദരിദ്രരായുള്ള സംസ്ഥാനങ്ങളായ ബീഹാർ, മദ്ധ്യപ്രദേശ്, ഒഡീഷ, ഉത്തർപ്രദേശ് എന്നിവപോലും അടിസ്ഥാന ഘടക വികസനത്തിന് വലിയ പ്രാധാന്യം നൽകുമ്പോഴാണ് കേരളത്തിന്റെ ഈ ദുർഗതി.

**പട്ടിക 7.17**
**2013-14ലെ അടിസ്ഥാന ഘടക ചെലവ്: മൊത്തം ചെലവിന്റെ വിഹിതം (ശതമാനം)**

| | സംസ്ഥാനം | റോഡുകളും പാലങ്ങളും | ഇന്ധനം (എനർജി) |
|---|---|---|---|
| 1. | ആന്ധ്രാപ്രദേശ് | 3.4 | 5.9 |
| 2. | ബീഹാർ | 7.1 | 7.6 |
| 3. | ഛത്തീസ്ഗാർഹ് | 7.2 | 1.3 |
| 4. | ഗോവ | 4.7 | 16.9 |
| 5. | ഗുജറാത്ത് | 5.8 | 5.8 |
| 6. | ഹരിയാന | 5.6 | 12.0 |
| 7. | ജാർഖണ്ഡ് | 7.4 | 6.0 |
| 8. | കർണ്ണാടക | 6.6 | 6.0 |
| 9. | കേരളം | 4.6 | 0.3 |
| 10. | മദ്ധ്യപ്രദേശ് | 4.3 | 9.7 |
| 11. | മഹാരാഷ്ട്ര | 4.8 | 4.8 |
| 12. | ഒഡീഷാ | 7.0 | 2.1 |
| 13. | പഞ്ചാബ് | 1.7 | 11.0 |
| 14. | രാജസ്ഥാൻ | 4.1 | 12.4 |
| 15. | തമിഴ്നാട് | 4.2 | 3.9 |
| 16. | ഉത്തർപ്രദേശ് | 6.8 | 6.2 |
| 17. | പശ്ചിമ ബംഗാൾ | 2.1 | 2.0 |
| 18. | മൊത്തം ഇന്ത്യ | 5.1 | 6.7 |

*Source:* RBI (2016): State Finances, A Study of Budgets of 2015-16

## ഉപസംഹാരം

സാധാരണ വിഭാഗത്തിൽപ്പെടുന്ന 17 സംസ്ഥാനങ്ങളുമായി കേരളത്തിന്റെ ധനസ്ഥിതി താരതമ്യപ്പെടുത്തിയതിൽ നിന്ന് താഴെ പറയുന്ന നിഗമനങ്ങളിൽ എത്താം. (1) സാധാരണ വിഭാഗത്തിൽപ്പെട്ട 17 സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന റവന്യൂ കമ്മിയുള്ള സംസ്ഥാനം കേരളമാണ്. മാത്രവുമല്ല പ്രത്യേക വിഭാഗത്തിൽപ്പെട്ട 11 സംസ്ഥാനങ്ങളിലും കേരള

ത്തിന്റെ സ്ഥാനം ഒന്നാമതാണ്. ചുരുക്കത്തിൽ ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന റവന്യൂ കമ്മിയുള്ള സംസ്ഥാനം കേരളമാണ്. അതായത് ഇന്ത്യയിൽ ഏറ്റവും രൂക്ഷമായ ധനപ്രതിസന്ധിയുള്ള സംസ്ഥാനമാണ് കേരളം. (2) ധനകമ്മിയുടെ കാര്യത്തിൽ സാധാരണ വിഭാഗത്തിൽപ്പെട്ട 17 സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന ധനകമ്മിയുള്ള സംസ്ഥാനമാണ് കേരളം. (3) ഉയർന്ന റവന്യൂ വരവ് ജി.എസ്.ഡി.പി അനുപാതത്തിന്റെ കാര്യത്തിൽ 17 സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം 12 ആണ്. (4) ഉയർന്ന റവന്യൂ ചെലവ് ജി.എസ്.ഡി.പി. അനുപാതത്തിന്റെ കാര്യത്തിൽ 17 സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം 6 ആണ്. (5) ഉയർന്ന പലിശ ചെലവ് ജി.എസ്.ഡി.പി. അനുപാതത്തിന്റെ കാര്യത്തിൽ 17 സംസ്ഥാനങ്ങളിൽ കേരളം മൂന്നാം സ്ഥാനത്താണ്. (6) കേരളത്തെക്കാൾ വലിയ സംസ്ഥാനങ്ങളായ ബീഹാർ, കർണ്ണാടക, മദ്ധ്യപ്രദേശ് എന്നിവയെക്കാൾ കേരളത്തിന്റെ മൊത്തം ശമ്പളചെലവ് കൂടുതലാണ്. (7) വാർഷിക ശരാശരി ശമ്പള ചെലവിന്റെ കാര്യത്തിൽ ഗുജറാത്ത് കഴിഞ്ഞാൽ ഏറ്റവും ഉയർന്ന നിരക്കുള്ളത് കേരളത്തിലാണ്. (8) പെൻഷൻ ചെലവ് ജി.എസ്.ഡി.പി. അനുപാതത്തിന്റെ കാര്യത്തിൽ ബിഹാർ കഴിഞ്ഞാൽ ഏറ്റവും ഉയർന്ന നിരക്കുള്ളത് കേരളത്തിലാണ്. (9) പൊതുകടം ജി.എസ്.ഡി.പി അനുപാതത്തിന്റെ കാര്യത്തിൽ പശ്ചിമബംഗാളും പഞ്ചാബും കഴിഞ്ഞാൽ ഏറ്റവും ഉയർന്ന അനുപാതമുള്ളത് കേരളത്തിലാണ്. (10) ഉയർന്ന വികസനചെലവ് ജി.എസ്.ഡി.പി. അനുപാതത്തിന്റെ കാര്യത്തിൽ 17 സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം 13 ആണ്. (11) ഉയർന്ന സാമൂഹ്യ മേഖല ചെലവ് ജി.എസ്.ഡി.പി. അനുപാതത്തിന്റെ കാര്യത്തിൽ 17 സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം 13 ആണ്. (12) ഉയർന്ന മൂലധന ചെലവ് ജി.എസ്.ഡി.പി. അനുപാതത്തിന്റെ കാര്യത്തിൽ 17 സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം 14 ആണ്. (13) മൊത്തം ചെലവിൽ റോഡ്, പാലങ്ങൾക്കുള്ള അടിസ്ഥാന ഘടകചെലവ് വിഹിതത്തിൽ കേരളത്തിന്റെ സ്ഥാനം 11 ആണ്. (14) ഭൂരിഭാഗം സംസ്ഥാനങ്ങളും തങ്ങളുടെ മൊത്തം ചെലവിന്റെ 6 മുതൽ 17 ശതമാനംവരെ ഇന്ധന അടിസ്ഥാന ഘടകത്തിനുവേണ്ടി ചെലവാക്കിയപ്പോൾ കേരളം ചെലവാക്കിയത് 0.3 ശതമാനമാണ്. 17 സംസ്ഥാനങ്ങളിൽ ഏറ്റവും കുറവ് ചെലവാണിത്. (15) റവന്യു വരവ് വർദ്ധിപ്പിച്ചും റവന്യു ചെലവ് കുറച്ചും മറ്റു

സംസ്ഥാനങ്ങൾ ധനസ്ഥിതി മെച്ചപ്പെടുത്തുമ്പോൾ കേരളം ഈ രംഗങ്ങളിൽ പിന്നോട്ടുപോയി ധനസ്ഥിതി മോശമാക്കുന്നു. (16) മൂലധനം, വികസനം, അടിസ്ഥാനഘടകം എന്നിവയ്ക്കു മറ്റു സംസ്ഥാനങ്ങൾ കൂടുതൽ പണം കണ്ടെത്തുമ്പോൾ കേരളം ഈ ഇനത്തിലുള്ള വിഹിതം വെട്ടിക്കുറച്ച് നിത്യനിദാന ചെലവുകൾ നിറവേറ്റുന്നു. (17) ചുരുക്കത്തിൽ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിലും വിഭവങ്ങൾ വികസനത്തിന് ഉപയോഗിക്കുന്നതിലും പരാജയപ്പെട്ട പരിതാപകരമായ ചിത്രമാണ് ഈ താരതമ്യ പഠനം നൽകുന്നത്.

## അദ്ധ്യായം എട്ട്

# സംഗ്രഹവും നിർദ്ദേശങ്ങളും

### I. സംഗ്രഹം

കേരള സർക്കാരിന്റെ ധനപ്രതിസന്ധി ഒരു താൽക്കാലിക പ്രശ്നമോ ഒരു സർക്കാരിന്റെ കാലത്തോ ഉണ്ടായതോ അല്ല. പ്രതിസന്ധിയിൽ ഏറ്റക്കുറച്ചിലുണ്ടായിരുന്നുവെങ്കിലും സർക്കാർ കഴിഞ്ഞ മൂന്നു ദശാബ്ദക്കാലത്ത് തുടർച്ചയായി ധനപ്രതിസന്ധിയിലായിരുന്നു. ഇപ്പോൾ ഈ പ്രശ്നം അതിരൂക്ഷവും സർക്കാരിന് പരിഹരിക്കാൻ കഴിയാത്ത പ്രതിസന്ധിയായി മാറിയിരിക്കുന്നു. മുഴുവൻ റവന്യു വരവും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള പരിധിയിലുള്ള മുഴുവൻ വായ്പയും എടുത്താലും നിത്യനിദാന ചെലവുകൾ നിറവേറ്റാൻ മാത്രമേ തികയൂ എന്ന പരിതാപകരമായ നിലയിലേക്ക് ധനസ്ഥിതി എത്തിനിൽക്കുന്നു. ഈ നിലയ്ക്കാണ് മുന്നോട്ടു പോകുന്നതെങ്കിൽ 2017–18ൽ സംസ്ഥാനം സമ്പൂർണ്ണ ധനകാര്യ തകർച്ചയിലേക്കും അരാജകത്വത്തിലേക്കും നീങ്ങാൻ സാധ്യതയുണ്ടെന്ന് 2016ലെ ധവളപത്രം പറയുന്നു. ഈ ദുഃസ്ഥിതിയിൽ എത്തിയതിന്റെ അടിസ്ഥാന കാരണം സംസ്ഥാനത്ത് അധികാരത്തിലിരുന്ന മുന്നണി സർക്കാരുകൾ അനുവർത്തിച്ച ധനധൂർത്ത്രാഷ്ട്രീയമാണ്.

### പ്രതിപാദിക്കുന്ന വിഷയങ്ങൾ

1. സംസ്ഥാന സർക്കാരുകൾ അനുവർത്തിച്ചുവരുന്ന ധനധൂർത്ത്രാഷ്ട്രീയവും ധനനയങ്ങളും
2. ധനപ്രതിസന്ധിയുടെ സ്വഭാവം, വ്യാപ്തി, കാരണങ്ങൾ.

3. സർക്കാരിന്റെ വിവിധ വരവ് ഇനങ്ങളെക്കുറിച്ചുള്ള വിശകലനം
4. സർക്കാരിന്റെ വിവിധ ചെലവ് ഇനങ്ങളെക്കുറിച്ചുള്ള വിശകലനം
5. പൊതുകടം
6. ധനസ്ഥിതി: മറ്റു സംസ്ഥാനങ്ങളുമായുള്ള താരതമ്യം.
7. പഠനത്തിന്റെ സംഗ്രഹവും നിർദ്ദേശങ്ങളും

## ധനധൂർത്ത് രാഷ്ട്രീയം

1) ഒരു സർക്കാർ ജനങ്ങളിൽ നിന്ന് നികുതിയായും മറ്റിനങ്ങളിലും പിരിക്കുന്ന തുകയും മറ്റു വരുമാനങ്ങളും കടമെടുക്കുന്ന തുകയും ഭരണം മെച്ചപ്പെടുത്തുന്നതിനും ജനങ്ങളുടെ ക്ഷേമത്തിനും നാടിന്റെ വികസന ത്തിനും ചെലവാക്കുന്നതിനുപകരം രാഷ്ട്രീയ അധികാരം നിലനിർത്താനും രാഷ്ട്രീയ നേട്ടങ്ങൾ നേടാനും, ബ്യൂറോക്രസി, സമ്മർദ്ദ ഗ്രൂപ്പുകൾ, രാഷ്ട്രീയ മുന്നണികൾ എന്നിവയുടെ നിക്ഷിപ്ത താൽപര്യങ്ങൾ സംര ക്ഷിക്കാനും ഭരണവർഗ്ഗത്തിന്റെ ആഡംബരത്തിനും ധൂർത്തിനും ചെലവാ ക്കുന്നതിനെ ധനധൂർത്ത് എന്നു പറയാം. 2) ജനക്ഷേമത്തിനും നാടിന്റെ വികസനത്തിനും ചെലവാക്കേണ്ട വിഭവങ്ങളിൽ നല്ലൊരു പങ്കും ബ്യൂറോ ക്രസി വികസനത്തിലൂടെ സർക്കാർ ജീവനക്കാരും മറ്റു സമ്മർദ്ദ ഗ്രൂപ്പു കളും തട്ടിയെടുക്കുന്നു. 3) ഒരു വശത്ത് വോട്ടർ പ്രീണന ധനരാഷ്ട്രീയം സർക്കാരിന്റെ വരുമാനസ്രോതസ്സുകൾ (നികുതികളും, നികുതിയേതര യിനങ്ങളും) വർദ്ധിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നു. എന്നാൽ മറു വശത്ത് ആനുകൂല്യ വിതരണ പരിപാടികളും, ധനധൂർത്തും, നിത്യനിദാ നചെലവുകളും അനിയന്ത്രിതമായി വർദ്ധിപ്പിച്ച് അവസാനിക്കാത്ത ധന പ്രതിസന്ധി സൃഷ്ടിക്കുന്നു. 4) സംസ്ഥാനത്ത് അധികാരത്തിലിരുന്ന സർക്കാരുകൾ സമ്മർദ്ദഗ്രൂപ്പുകൾക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ സഹായകരവും സർക്കാരിന് ധനനഷ്ടം സൃഷ്ടിക്കുന്ന നടപടികളാണ് പൊതുവിൽ സ്വീകരിക്കുന്നത്. സർക്കാർ, അർദ്ധസർക്കാർ, പൊതുമേ ഖലാ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെ സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, നികുതി നൽകുന്ന വിഭാഗക്കാർ, വ്യാപാരി വ്യവസായി സംഘടനകൾ, ജാതി, മത, സാമൂഹ്യ സംഘടനകൾ, സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നവർ, സർക്കാർ ഭൂമിയും വനഭൂമിയും പാട്ടത്തിനെടുക്കുന്നവർ, മണൽ, മണ്ണ്, പാറ തുടങ്ങിയവ ഖനനം ചെയ്യുന്നവർ തുടങ്ങിയവർ സമ്മർദ്ദ ഗ്രൂപ്പുകളിൽ ഉൾപ്പെടുന്നു. 5) സർക്കാർ വകുപ്പുകൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, പൊതുമേ

ഖലാ സ്ഥാപനങ്ങൾ, സർക്കാർ ഫണ്ടുകൊണ്ടു പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവയിലെ ഉദ്യോഗസ്ഥർ, മേധാവികൾ തുടങ്ങിയവർ പൊതു പണം ധൂർത്തടിച്ചു ചെലവാക്കുന്ന പ്രവണത വ്യാപകമാണ്. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ അമിത വലിപ്പം, വൻ വലിപ്പമുള്ള പബ്ലിക് സർവീസ് കമ്മിഷൻ, സർവ്വകലാശാല സിൻഡിക്കേറ്റുകൾ, മറ്റു സർക്കാർ സമിതികൾ, ഔദ്യോഗിക ആഡംബര കാറുകൾ, സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം, ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നൽകുന്ന പരിധിയില്ലാത്ത ആനുകൂല്യങ്ങൾ, വസൂലാക്കുന്ന തുച്ഛമായ യൂസർ ചാർജ്ജുകൾ തുടങ്ങിയവ ഇതിനുള്ള ചില ഉദാഹരണങ്ങളാണ്. 6) കേന്ദ്ര സർക്കാർ പത്തു വർഷത്തിലൊരിക്കൽ ശമ്പളവും പെൻഷനും പരിഷ്കരിക്കുമ്പോൾ രാഷ്ട്രീയ പാർട്ടികളുടെ ഘടകങ്ങളായുള്ള സംസ്ഥാന ജീവനക്കാരുടെ ട്രേഡ് യൂണിയനുകളെ തൃപ്തിപ്പെടുത്താൻ സംസ്ഥാനത്ത് അഞ്ചു വർഷത്തിലൊരിക്കൽ പരിഷ്കരിക്കുന്നു. ഇതിനുപുറമെ പ്രതിവർഷം ശരാശരി രണ്ട് ഡി.എ വർദ്ധനവും നടപ്പിലാക്കുന്നു. 7) സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒരു ധനപരിധിയും നോക്കാതെ സർക്കാർ പുതിയ ബാച്ചുകൾ, സ്ഥാപനങ്ങൾ തുടങ്ങിയവ അനുവദിക്കുന്നു. 8) ലോകത്തെമ്പാടുമുള്ള രാഷ്ട്രീയ പാർട്ടികൾ ദരിദ്രനെ സമ്പത്തുള്ളവനാക്കാനുള്ള രാഷ്ട്രീയ പ്രവർത്തനമാണ് നടത്തുന്നത്. എന്നാൽ കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെ പ്രധാന പ്രവർത്തനം ജനങ്ങളെ ദരിദ്രനാക്കി (ബി.പി.എൽ) സർക്കാർ ധനസഹായ വിതരണമാണ്. 9) കാര്യക്ഷമവും ലാഭകരമായും നടത്തേണ്ട സ്ഥാപനങ്ങളാണ് പൊതു മേഖലാ സ്ഥാപനങ്ങളെന്ന് രാഷ്ട്രീയ പാർട്ടികളോ, ട്രേഡ് യൂണിയനുകളോ, സർക്കാരോ കാണുന്നില്ല. അധികാരത്തിലിരിക്കുന്ന പാർട്ടിയുടെ രാഷ്ട്രീയ താൽപര്യങ്ങളും സ്ഥാപനത്തിന്റെ തലപ്പത്തിരിക്കുന്നവരുടെ വ്യക്തി താൽപര്യങ്ങളും നേടാനുള്ള ഉപകരണമായാണ് ഇവയെ കാണുന്നത്. 10) സംസ്ഥാനത്തെ വാർഷിക പദ്ധതിയും മറ്റു വികസന പദ്ധതികളും കാര്യക്ഷമമായും സമയബന്ധിതമായും നടപ്പിലാക്കേണ്ടതാണെന്ന് ഇതിന് ഉത്തരവാദപ്പെട്ടവർ (വകുപ്പിലെ ഉദ്യോഗസ്ഥർ, വകുപ്പു മേധാവി, വകുപ്പു മന്ത്രി) കാണുന്നില്ല. തെരഞ്ഞെടുപ്പു കാലത്തും ബജറ്റ് അവതരണ സമയത്തും പ്രചരണത്തിനോ പരസ്യത്തിനോ വേണ്ടി പറയാനുള്ള ഒരു വിഷയമായാണ് സർക്കാർ, രാഷ്ട്രീയ പാർട്ടികൾ, മന്ത്രിമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ വാർഷിക പദ്ധതികളെ കാണുന്നത്.

## ധനപ്രതിസന്ധി: സ്വഭാവം, വ്യാപ്തി

1) സംസ്ഥാന സർക്കാർ അതിരൂക്ഷമായ ധനപ്രതിസന്ധിയിലാണ്. മുഴുവൻ റവന്യു വരവും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള പരിധിയിലുള്ള മുഴുവൻ വായ്പയും എടുത്താലും നിത്യനിദാന ചെലവുകൾ നിറവേറ്റാൻ മാത്രമേ തികയൂ. ഈ നിലയ്ക്കാണ് മുന്നോട്ടു പോകുന്നതെങ്കിൽ 2017-18ൽ സംസ്ഥാനം സമ്പൂർണ്ണ ധനകാര്യ തകർച്ചയിലേക്കും അരാജകത്വത്തിലേക്കും നീങ്ങാൻ സാധ്യതയുണ്ടെന്ന് 2016ലെ ധവളപത്രം പറയുന്നു. (2) ധനപ്രതിസന്ധി ഒരു താൽക്കാലിക പ്രശ്നമോ ഒരു സർക്കാരിന്റെ കാലത്തോ ഉണ്ടായതല്ല. പ്രതിസന്ധിയിൽ ഏറ്റക്കുറച്ചിൽ ഉണ്ടായിട്ടുണ്ടെങ്കിലും സർക്കാർ കഴിഞ്ഞ മൂന്നു ദശാബ്ദകാലത്ത് തുടർച്ചയായി ധനപ്രതിസന്ധിയിലായിരുന്നു. (3) ഈ നിത്യ ധനപ്രതിസന്ധിക്കു കാരണം സംസ്ഥാനത്ത് അധികാരത്തിലിരുന്ന സർക്കാരുകൾ അനുവർത്തിച്ച ധനധൂർത്ത്രാഷ്ട്രീയവും ധനനയങ്ങളുമാണ്. (4) ധനപ്രതിസന്ധിമൂലം നിത്യനിദാന ചെലവുകൾക്ക് പണം കണ്ടെത്താൻ വാർഷികപദ്ധതി, മൂലധന നിക്ഷേപം എന്നിവയിലെ ചെലവ് വെട്ടിക്കുറച്ചിരുന്നു. ഇതുമൂലം ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ പൊതു സർവീസുകൾ, അടിസ്ഥാന ഘടകങ്ങളായ റോഡ്, പാലങ്ങൾ, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ രംഗങ്ങളിൽ കേരളം പിന്നോട്ടു പോയി. (5) അന്ധമായ ധനധൂർത്ത് രാഷ്ട്രീയം അനുവർത്തിക്കുന്നതുമൂലം വിലക്കയറ്റത്തിനും സാമ്പത്തിക മാറ്റങ്ങൾക്കുമനുസരിച്ച് കാലാകാലങ്ങളിൽ തനത് നികുതി, നികുതിയേതര ഇനങ്ങൾ എന്നിവയുടെ നിരക്കിൽ വർദ്ധനം വരുത്തുന്നില്ല. ഇതുമൂലം ദീർഘകാലം നിരക്കുകൾ മാറ്റമില്ലാതെ നിലനിന്നു. (6) മോശമായ നികുതി പിരിവ്, അഴിമതി, സർക്കാർ സ്റ്റേകൾ, കുടിശ്ശിക പിരിച്ചെടുക്കുന്നതിലെ അനാസ്ഥ, നികുതി പിരിവിന് ഐ.റ്റി. സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിൽ വന്ന പരാജയം തുടങ്ങിയവ നികുതി വരുമാന വളർച്ച മുരടിപ്പിച്ചു. (7) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ഉയർന്ന നിരക്കിലാകുമ്പോൾ തനതു വരുമാനം വർദ്ധിക്കുകയും മാന്ദ്യകാലത്ത് വളർച്ച കുറയുമ്പോൾ വരുമാനം കുറയുന്ന പ്രവണത പൊതുവിൽ ദൃശ്യമായിരുന്നു. (8) ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളും തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നതുമൂലം സർക്കാരിനു ലഭിക്കേണ്ട ലാഭവിഹിതം, പലിശ തിരിച്ചടവ്, നികുതികൾ എന്നിവ ലഭിക്കാത്ത അവസ്ഥയിലായിരുന്നു. സർക്കാർ കടമെടുത്ത് നൽകിയിരുന്ന വായ്പകളും തിരിച്ചടയ്ക്കാറില്ല. (9) ധനലഭ്യത കണക്കിലെടുക്കാതെ രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി നിശ്ചയിക്കുന്ന

ഉയർന്ന തുകയ്ക്കുള്ള പദ്ധതിയും അതു സൃഷ്ടിക്കുന്ന അരാജകത്വവും ബജറ്റിൽ പണം കണ്ടുകൊണ്ടു തുടങ്ങുന്ന പ്രോജക്ടുകൾ പണമില്ലാതെ പകുതി വഴിയിൽ നിൽക്കുന്നു. (10) ഒരു ഭാഗത്ത് റവന്യു വരുമാനം മന്ദ ഗതിയിൽ വർദ്ധിക്കുമ്പോൾ മറുഭാഗത്ത് റവന്യു ചെലവ് ഒരു നിയന്ത്രണ വുമില്ലാതെ കുതിച്ചുയരുന്നു. റവന്യു ചെലവുകളായ ശമ്പളം, പെൻഷൻ, പലിശ, സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ടീച്ചിംഗ് ഗ്രാന്റ്, സബ്സിഡികൾ, ഗ്രാന്റുകൾ, ഭരണചെലവുകൾ, നഷ്ടത്തിൽ നട ക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള സഹായം, സാമൂഹ്യ സുര ക്ഷാപെൻഷൻ തുടങ്ങിയവയിൽ തുടർച്ചയായി വൻതോതിൽ വർദ്ധന യുണ്ടാകുന്നു. (11) രാഷ്ട്രീയ പാർട്ടികളുടെയും ശക്തരായ സമ്മർദ്ദ ഗ്രൂപ്പു കളുടേയും താൽപര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി പല റവന്യു ചെല വുകളിലും നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാരുകൾ തയ്യാറായിട്ടില്ല. തന്മൂലം പദ്ധതിയേതര നിത്യനിദാന ചെലവുകൾ ഒരു നിയന്ത്രണവുമി ല്ലതെ കുതിച്ചുയർന്നു. (12) കഴിഞ്ഞ മൂന്നു ദശാബ്ദകാലത്തെ ധനപ്രതി സന്ധിയുടെ കാരണങ്ങൾ പരിശോധിച്ചാൽ അഞ്ചു വർഷത്തിലൊരിക്കൽ നടത്തുന്ന ശമ്പള, പെൻഷൻ പരിഷ്കാരവും വർഷത്തിൽ ശരാശരി നട ത്തുന്ന രണ്ടു ഡി.എ. വർദ്ധനവും മൂലം സൃഷ്ടിക്കുന്ന വൻ ധനബാദ്ധ്യ തയാണ് പ്രതിസന്ധിയുടെ അടിസ്ഥാന കാരണമെന്നു കാണാം. (13) സർക്കാരിന്റെ ധനസ്ഥിതി പരിഗണിക്കാതെ സ്വകാര്യ എയ്ഡഡ് വിദ്യാ ഭ്യാസ സ്ഥാപനങ്ങൾക്ക് ധനബാദ്ധ്യതയുണ്ടാക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നു. അനാവശ്യമായി പുതിയ സ്ഥാപനങ്ങൾ, ബാച്ചുകൾ അനു വദിക്കുക, ജോലിയില്ലാത്ത അദ്ധ്യാപകർക്ക് ശമ്പളം നൽകുക, കുട്ടികൾ ഇല്ലാത്ത സ്കൂളുകൾ നിലനിർത്തുക, പുതിയ നിയമനങ്ങൾ നടത്താൻ അനുവാദം നൽകുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നു. (14) വിഭവങ്ങ ളുടെ പിൻബലമില്ലാതെ പ്രചരണത്തിനുവേണ്ടി വലിയ വാർഷിക പദ്ധ തികൾ പ്രഖ്യാപിക്കുക, നഷ്ടത്തിൽ നടക്കുന്ന പൊതുമേഖലാ സ്ഥാപ നങ്ങൾക്ക് ധനസഹായവും വായ്പയും നൽകുക, അംഗീകരിച്ച ബജ റ്റിനു പുറത്ത് ചെലവേറിയ പ്രോജക്ടുകൾ പ്രഖ്യാപിക്കുക തുടങ്ങിയ നടപടികളും ധനപ്രതിസന്ധിയ്ക്കുള്ള കാരണങ്ങളാണ്. (15) സർക്കാരിന്റെ ധനസ്ഥിതിക്കു താങ്ങാൻ കഴിയാത്ത വിദ്യാഭ്യാസ ചെലവാണ് മറ്റൊന്ന്. 2001വരെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർക്കാർ മേഖലയിലും സ്വകാര്യ എയ്ഡഡ് മേഖലയിലും മാത്രം മതി എന്ന നയമാണ് അനുവർത്തിച്ചുവ ന്നത്. (16) കടബാദ്ധ്യതയുടെ ഗണ്യമായ വർദ്ധനവും തന്മൂലമുള്ള വായ്പ

തിരിച്ചടവ്, പലിശ ബാധ്യതയിലെ വർദ്ധനം എന്നിവയും ധനപ്രതിസന്ധിക്കുള്ള ഒരു കാരണമാണ്. (17) ധനകാര്യങ്ങളിൽ തീരുമാനങ്ങളെടുക്കുന്ന മന്ത്രിമാർ, എം.എൽ.എമാർ, രാഷ്ട്രീയ നേതാക്കൾ, ട്രേഡ് യൂണിയൻ നേതാക്കൾ, പ്രാദേശിക സർക്കാരുകളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ ധനരാഷ്ട്രീയവും ധനകാര്യങ്ങളിലുള്ള അജ്ഞതയും ധനസ്ഥിതി മെച്ചമാക്കാൻ തടസ്സമായി നിന്നിരുന്നു.

## സംസ്ഥാന സർക്കാരിന്റെ വരവ്

(1) സംസ്ഥാന സർക്കാരുകൾ അനുവർത്തിച്ച് വരുന്ന ധനനയത്തിൽ തനതുനികുതികൾ, നികുതിയേതര ഇനങ്ങൾ എന്നിവയുടെ നിരക്കുകൾ കാലാനുസരണം മാറ്റാനോ നികുതി പിരിവ് സമ്പ്രദായവും സംവിധാനങ്ങളും കാര്യക്ഷമമാക്കാനോ, കുടിശ്ശിക യഥാസമയം പിരിച്ചെടുക്കാനോ കാര്യമായ പരിഗണനയുണ്ടായിരുന്നില്ല. (2) സംസ്ഥാന സർക്കാരിനെ നിത്യധനകാര്യ പ്രതിസന്ധിയിലാക്കിയ ഒരു പ്രധാന കാരണം തനത് നികുതി-നികുതിയേതര ഇനങ്ങളിൽ കാര്യമായ വർദ്ധനം വരാത്തതാണ്. നികുതി നിരക്കുകൾ കാലാകാലം വർദ്ധിപ്പിക്കാത്തത്, മോശമായ നികുതി പിരിവ്, നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അലംഭാവം, നികുതി പിരിവ് തടസ്സപ്പെടുത്തുന്ന 'സ്റ്റേ'കൾ, ചില നികുതിയിനങ്ങൾക്ക് നൽകിയിരിക്കുന്ന പ്രത്യേക ആനുകൂല്യങ്ങൾ തുടങ്ങിയവ നികുതിവരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. (3) സംസ്ഥാന സർക്കാരിന്റെ പ്രധാന നികുതി വരുമാനങ്ങൾ പരോക്ഷനികുതികളായതുകൊണ്ട് സംസ്ഥാന സാമ്പത്തികരംഗത്തെ ഉയർച്ച താഴ്ചകൾ അനുസരിച്ച് നികുതി വരുമാന വളർച്ചയിൽ വലിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. (4) നികുതിയേതര വരുമാനത്തിന്റെ കാര്യത്തിൽ സർക്കാർ ഭാഗ്യക്കുറിയൊഴിച്ച് മറ്റിനങ്ങളുടെ വരുമാനം ഒട്ടും തൃപ്തികരമല്ല. ഇപ്പോൾ വിവിധ സർക്കാർ വകുപ്പുകൾ പിരിക്കുന്ന ഭൂരിഭാഗം ഫീസുകളും, യൂസർ ചാർജുകളും വളരെ കുറഞ്ഞ നിരക്കിലുള്ളതാണ്. പലയിനം ഫീസുകളും യൂസർ ചാർജുകളുടെയും നിരക്ക് ദശാബ്ദങ്ങളായി കാര്യമായ മാറ്റമില്ലാതെ തുടരുന്നു. (5) നഷ്ടത്തിലും കെടുകാര്യസ്ഥതയിലും പ്രവർത്തിക്കുകയും സർക്കാരിന് തുടർച്ചയായി സാമ്പത്തിക ബാധ്യത സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതുമായ പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനോ അവ നിർത്തലാക്കാനോ സർക്കാരുകൾ താൽപര്യം കാണിച്ചിട്ടില്ല. (6) നികുതി, നികുതിയേതര കുടിശ്ശികകൾ പിരിച്ചെടുക്കാനായിട്ടുള്ള അനാസ്ഥ, അനാവശ്യമായ സർക്കാർ സ്റ്റേകൾ, കോടതികളും അപ്പലേറ്റ് ബോഡി

കളും നൽകിയ 'സ്റ്റേ'കൾ മാറ്റുന്നതിനും മറ്റും നിയമ നടപടികൾ സ്വീകരിക്കുന്നതിൽ വന്ന വീഴ്ചയും, സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും നൽകേണ്ട തുകകൾ യഥാസമയം നൽകാതിരിക്കുന്നതും കുടിശ്ശിക വർദ്ധിപ്പിക്കുന്നു. (7) കേന്ദ്ര ധനകാര്യ കമ്മിഷനുകൾ അനുവർത്തിച്ച് വന്നിരിക്കുന്ന നികുതി വിഭജന മാനദണ്ഡങ്ങൾ പൊതുവിൽ കേരളത്തിന് അനുകൂലമല്ല. എന്നാൽ പതിനാലാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ മൂലം കേരളത്തിന് മെച്ചമായ അവാർഡാണ് ലഭിക്കുക. കേന്ദ്ര നികുതി വിഹിതത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം 42 ശതമാനമായി വർദ്ധിപ്പിച്ചത്, കേരളത്തിന്റെ നികുതി വിഹിതത്തിൽ വന്ന ചെറിയ വർദ്ധനം, റവന്യു കമ്മി നികത്താനായി 3 വർഷം നൽകുന്ന പ്രത്യേക ഗ്രാന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഗ്രാന്റിലെ വർദ്ധനം എന്നിവ സംസ്ഥാനത്തിന് ലഭിച്ച വിഹിതത്തിലും തുകയിലും വർദ്ധനവുണ്ടാക്കും.

## സംസ്ഥാന സർക്കാരിന്റെ ചെലവ്

(1) സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര റവന്യൂ ചെലവുകൾ അഥവാ നിത്യനിദാന ചെലവുകൾ കുതിച്ചുയരുന്നു. ഇത് നിറവേറ്റാൻ വേണ്ടി കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി കടം എടുത്ത തുകയാണ് വിനിയോഗിക്കുന്നത്. (2) നിത്യനിദാന ചെലവുകൾക്ക് പണം കണ്ടെത്താൻ വേണ്ടി മൂലധന ചെലവ് വെട്ടിക്കുറയ്ക്കുന്നു. (3) 1980കൾ മുതൽ ഉണ്ടായ ധനപ്രതിസന്ധി പരിശോധിച്ചാൽ അഞ്ച് വർഷത്തിലൊരിക്കൽ നടപ്പിലാക്കുന്ന ശമ്പള-പെൻഷൻ പരിഷ്കാരങ്ങളും വർഷത്തിൽ ശരാശരി നൽകുന്ന രണ്ട് ഡി.എ വർദ്ധനകളുമാണ് ധനപ്രതിസന്ധിയുടെ മൂലകാരണമെന്ന് കാണാം. (4) 1983നുശേഷം സംസ്ഥാന സർക്കാർ ഏഴ് ശമ്പള-പരിഷ്കാരങ്ങൾ നടപ്പിലാക്കി. 1983ൽ ഏറ്റവും ഉയർന്ന സ്കെയിലിലെ അടിസ്ഥാന മിനിമം ശമ്പളം 3700 രൂപയായിരുന്നത് 2014ൽ 93000 രൂപയായി വർദ്ധിച്ചു. ഓരോ ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന അധിക ധനബാധ്യത റവന്യൂ കമ്മി നിരക്ക് അതാത് വർഷങ്ങളിൽ വർദ്ധിപ്പിക്കുന്നു. (5) രണ്ടാമത്തെ ഏറ്റവും വലിയ ചെലവിനമായ സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്ന ടീച്ചിംഗ് ഗ്രാന്റും റിട്ടയർ ചെയ്തവർക്ക് നൽകുന്ന പെൻഷനും വൻ ധനബാധ്യത സൃഷ്ടിക്കുന്നു. വേണ്ടത്ര വിദ്യാർത്ഥികൾ ഇല്ലാത്ത സ്ഥാപനങ്ങൾ നിലനിർത്തുക, ജോലിയില്ലാത്ത ആയിരക്കണക്കിന് അദ്ധ്യാപകർക്ക് ശമ്പളം നൽകുക, പ്ലസ്ടു മേഖലയിൽ ഒട്ടനവധി സ്ഥാപനങ്ങൾ അനുവദിക്കുക തുടങ്ങിയവ സർക്കാരിന് വൻ

ബാധ്യത സൃഷ്ടിക്കുന്നു. (6) സർക്കാർ സ്ഥാപനങ്ങളും എയ്ഡഡ് സ്ഥാപനങ്ങൾ ഉൾപ്പെടുന്ന മൊത്തം വിദ്യാഭ്യാസ മേഖലയുടെ ചെലവ് ഭീമമാണ്. സർക്കാർ റവന്യു വരുമാനത്തിന്റെ മൂന്നിൽ ഒന്നോളം ഇതിനു വേണ്ടി ചെലവാക്കുന്നു. ഈ ചെലവ് നിയന്ത്രിക്കുന്നതിൽ സർക്കാർ താൽപര്യം കാണിക്കുന്നില്ല. (7) പൊതു കടം തുടർച്ചയായി വർദ്ധിക്കുന്നതുമൂലം പലിശ ചെലവും ഗണ്യമായി വർദ്ധിക്കുന്നു. 2011-12നുശേഷം റവന്യു ചെലവിന്റെ 14 ശതമാനം പലിശയിനത്തിൽ ചെലവഴിക്കുന്നു (8) ഭരണം, ആസൂത്രണം എന്നീ രംഗങ്ങളിലെ വികേന്ദ്രീകരണവും, പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തുന്നതും സംസ്ഥാന സർക്കാരിന്റെ ഒരു പ്രധാന ലക്ഷ്യമാണ്. എന്നാൽ ധനപ്രതിസന്ധി കാരണം പ്രാദേശിക സർക്കാരുകൾക്ക് അർഹതപ്പെട്ട സംസ്ഥാന നികുതി വിഹിതം നൽകുന്നില്ല. (9) സാമൂഹിക സുരക്ഷാ പെൻഷൻ പദ്ധതികളിലെ ഗുണഭോക്താക്കളുടെ എണ്ണത്തിലും പെൻഷൻ നിരക്കിലും വർദ്ധനവുണ്ടാകുന്നതുമൂലം ഈ ഇനത്തിലെ ചെലവ് തുടർച്ചയായി വർദ്ധിക്കുന്നു. അനർഹരായ ഒട്ടനവധി പേർക്ക് പ്രാദേശിക രാഷ്ട്രീയ തൽപര്യം മൂലം പെൻഷൻ നൽകുന്നു. (10) സർക്കാർ ഓഫീസുകളുടെ നടത്തിപ്പ്, സർക്കാർ വാഹനങ്ങൾക്കുള്ള ചെലവ്, ഉദ്യോഗസ്ഥരുടെ യാത്രാചെലവ് തുടങ്ങിയവയിൽ വൻ വർദ്ധനയുണ്ടായിക്കൊണ്ടിരിക്കുന്നു. സർക്കാർ വാഹനങ്ങൾക്കു വേണ്ടി മാത്രം പ്രതിവർഷം നൂറു കോടിയിലധികം തുക ചെലവാക്കുന്നു. (11) സർക്കാർ ജീവനക്കാരുടെ താൽപര്യങ്ങൾക്കുവേണ്ടി നടത്തുന്ന ബ്യൂറോക്രസി വികസനം വൻ ധന ബാധ്യത സൃഷ്ടിക്കുന്നു. അനാവശ്യമായ ഒട്ടേറെ പ്രൊമോഷൻ തസ്തികകൾ സൃഷ്ടിക്കുക, വകുപ്പുകളെ വിഭജിച്ച് പുതിയ വകുപ്പ് സൃഷ്ടിക്കുക, അധിക തസ്തികകൾ സൃഷ്ടിക്കാൻ വേണ്ടി ഡെപ്യൂട്ടേഷൻ ഉദാരമാക്കുക, തസ്തികകളുടെ പേര് മാറ്റി കൂടുതൽ ശമ്പളം നൽകുക, മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുക, പബ്ലിക് സർവ്വീസ് കമ്മിഷൻ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക തുടങ്ങിയവ ബ്യൂറോക്രസി വികസനത്തിന്റെ ചില ഉദാഹരണങ്ങളാണ്. (12) ഇ-ഗവേണൻസ് നടപ്പിലാക്കിയതുമൂലം സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥരുടെ എണ്ണം കുറയേണ്ടതാണ്. എന്നാൽ ഇ-ഗവേണൻസ് ഒരു വശത്തും, ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ തുടർച്ചയായ വർദ്ധനം മറുവശത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നു. (13) മുകളിൽ വിവരിച്ച ഇനങ്ങളിലുള്ള ചെലവ് നിയന്ത്രിച്ച് ധനധൂർത്ത് തടയാൻ കാലാകാലങ്ങളിൽ സംസ്ഥാനത്ത് അധികാരത്തിൽ വന്ന

സർക്കാരുകൾക്ക് താൽപര്യമില്ല. സമ്മർദ്ദ ഗ്രൂപ്പുകളുടെയും സ്ഥാപിത താൽപര്യക്കാരുടെയും താൽപര്യങ്ങൾക്ക് എതിരായി നടപടികൾ സ്വീകരിക്കാൻ സർക്കാരുകൾക്ക് താൽപര്യമില്ല. (14) നാടിന്റെ വികസനത്തിനും ജനക്ഷേമത്തിനും അനിവാര്യമായ വാർഷിക പദ്ധതികളുടെയും മറ്റു പ്രധാന വികസന പദ്ധതികളുടെയും നടത്തിപ്പ് സമയബന്ധിതമായി നടപ്പിലാക്കാൻ സർക്കാരുകൾക്ക് കഴിയുന്നില്ല. ഒരു കോടിയിലധികം തുകയുള്ള 236 പ്രധാന വികസന പ്രോജക്ടുകൾ കാര്യക്ഷമായി നടത്താനോ സമയബന്ധിതമായി പൂർത്തീകരിക്കാനോ കഴിഞ്ഞിട്ടില്ലെന്ന് സി.എ.ജി. 2014-15ലെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. (15) കേരള സംസ്ഥാനം രൂപീകരിച്ചിട്ട് ആറ് ദശാബ്ദം കഴിഞ്ഞിട്ടും ഇത്രയും കാലത്തെ പദ്ധതി നടത്തിപ്പ് അനുഭവ പരിചയമുണ്ടായിട്ടും സംസ്ഥാന സർക്കാർ വകുപ്പുകൾക്ക് കാര്യക്ഷമമായും സമയബന്ധിതമായും ഒരു വൻകിട വികസന പ്രോജക്ട് രൂപീകരിക്കാനോ നടപ്പിലാക്കാനോ ഉള്ള കാര്യപ്രാപ്തി ഇതുവരെ ആർജിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകേണ്ട വകുപ്പു മേധാവികളും വകുപ്പു മന്ത്രിയും കാഴ്ചക്കാരായി നോക്കി നിൽക്കുന്നു.

**പൊതുകടം**

(1) സംസ്ഥാന സർക്കാരിന്റെ മൊത്തം കടബാധ്യത കഴിഞ്ഞ അഞ്ചു വർഷക്കാലം പ്രതിവർഷം ശരാശരി 14 ശതമാനം വർദ്ധിച്ചു. (2) കമ്പോളവായ്പ, എൽ.ഐ.സി. തുടങ്ങിയവ ഉൾപ്പെടുന്ന ആഭ്യന്തര വായ്പയുടെ വിഹിതത്തിൽ ഗണ്യമായ വർദ്ധനയും കേന്ദ്ര സർക്കാർ വായ്പ, ലഘു സമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ട് എന്നിവയുടെ വിഹിതത്തിന്റെ കുറവുണ്ടായിക്കൊണ്ടിരിക്കുന്ന വായ്പ ഘടന മാറ്റമാണ് ഉണ്ടായിട്ടുള്ളത്. (3) ഈ ഘടനാമാറ്റം പലിശനിരക്ക് കുറയാനും പലിശ ബാധ്യതയിൽ കുറവുണ്ടാകാനും ഇടയാക്കിയിട്ടുണ്ട്. (4) മൊത്തം വായ്പ തുകയുടെ പകുതിയോളം തിരിച്ചടയ്ക്കേണ്ടത് ഏഴു വർഷങ്ങൾക്കുശേഷമാണ്. (5) കടമെടുപ്പ് സൂചികകളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ സംസ്ഥാനത്തിന്റെ കടബാധ്യത പരിധിക്കുള്ളിലാണ്. (6) എന്നാൽ ഓരോ വർഷവും എടുക്കാവുന്ന വായ്പയ്ക്ക് പരിധി നിശ്ചയിച്ചിരിക്കുന്നതുമൂലവും, പ്രതിവർഷം എടുക്കുന്ന വായ്പ തുകയിൽ മൂന്നിൽ രണ്ടിലധികം ഭാഗം തിരിച്ചടവിനും പലിശയ്ക്കും ചെലവാക്കുന്നതുമൂലവും, കാര്യമായ മിച്ചം ലഭ്യമല്ലാത്ത സ്ഥിതിയുണ്ട്. (7) സഞ്ചിതനിധി, പബ്ലിക് അക്കൗണ്ട് എന്നീ ഇനങ്ങളിൽ പ്രതിവർഷം എടുക്കാവുന്ന വായ്പയുടെ ഒരു ചെറിയ ഭാഗം

മാത്രമെ കടബാധ്യതകൾ കഴിഞ്ഞ് മിച്ചമായി ലഭിക്കുന്നുള്ളു. (8) പ്രതിവർഷം എടുക്കുന്ന വായ്പതുക മുഴുവനും കടബാധ്യത തീർക്കാൻവേണ്ടി ചെലവാക്കേണ്ട സ്ഥിതിയിലേക്കു സംസ്ഥാന സർക്കാർ നീങ്ങുന്നു. (9) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രതിവർഷം വലിയ തുക സർക്കാർ വായ്പയായി നൽകുന്നുവെങ്കിലും ഭൂരിഭാഗം സ്ഥാപനങ്ങളും സർക്കാരിനു തിരിച്ചു നൽകേണ്ട മൂലധനമോ പലിശയോ യഥാസമയം നൽകുന്നില്ല. (10) കെടുകാര്യസ്ഥതമൂലം നഷ്ടത്തിൽ നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്താൻ സംസ്ഥാന സർക്കാർ 7.3 ശതമാനം നിരക്കിൽ വായ്പ വാങ്ങിനൽകുന്നു. (11) പൊതുമേഖലാ സ്ഥാപനങ്ങളിലെ സർക്കാർ നിക്ഷേപത്തിനു തുച്ഛമായ ആദായം (return) മാത്രമാണ് സർക്കാരിനു ലഭിക്കുന്നത് (1.2 ശതമാനം).

## ധനസ്ഥിതി: മറ്റു സംസ്ഥാനങ്ങളുമായുള്ള താരതമ്യം

ഇന്ത്യയിലെ പ്രധാന (സാധാരണ വിഭാഗത്തിൽപ്പെടുന്ന) 17 സംസ്ഥാനങ്ങളുമായി കേരളത്തിന്റെ ധനസ്ഥിതി താരതമ്യപ്പെടുത്തിയതിൽ നിന്ന് താഴെ പറയുന്ന നിഗമനങ്ങളിൽ എത്താം. (1) സാധാരണ വിഭാഗത്തിൽപ്പെട്ട 17 സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന റവന്യൂ കമ്മിയുള്ള സംസ്ഥാനം കേരളമാണ്. മാത്രവുമല്ല പ്രത്യേക വിഭാഗത്തിൽപ്പെട്ട 11 സംസ്ഥാനങ്ങളിലും കേരളത്തിന്റെ സ്ഥാനം ഒന്നാമതാണ്. ചുരുക്കത്തിൽ ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന റവന്യൂ കമ്മിയുള്ള സംസ്ഥാനം കേരളമാണ്. അതായത് ഇന്ത്യയിൽ ഏറ്റവും രൂക്ഷമായ ധനപ്രതിസന്ധിയുള്ള സംസ്ഥാനമാണ് കേരളം. (2) ധനകമ്മിയുടെ കാര്യത്തിൽ സാധാരണ വിഭാഗത്തിൽപ്പെട്ട 17 സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന ധനകമ്മിയുള്ള സംസ്ഥാനമാണ് കേരളം. (3) ഉയർന്ന റവന്യൂ വരവ് ജി.എസ്.ഡി.പി അനുപാതത്തിന്റെ കാര്യത്തിൽ 17 സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം 12 ആണ്. (4) ഉയർന്ന റവന്യൂ ചെലവ് ജി.എസ്.ഡി.പി. അനുപാതത്തിന്റെ കാര്യത്തിൽ 17 സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം 6 ആണ്. (5) ഉയർന്ന പലിശ ചെലവ് ജി.എസ്.ഡി.പി. അനുപാതത്തിന്റെ കാര്യത്തിൽ 17 സംസ്ഥാനങ്ങളിൽ കേരളം മൂന്നാം സ്ഥാനത്താണ്. (6) കേരളത്തെക്കാൾ വലിയ സംസ്ഥാനങ്ങളായ ബീഹാർ, കർണ്ണാടക, മദ്ധ്യപ്രദേശ് എന്നിവയെക്കാൾ കേരളത്തിന്റെ മൊത്തം ശമ്പളചെലവ് കൂടുതലാണ്. (7) വാർഷിക ശരാശരി ശമ്പള ചെലവിന്റെ കാര്യത്തിൽ ഗുജറാത്ത് കഴിഞ്ഞാൽ ഏറ്റവും ഉയർന്ന നിരക്കുള്ളത് കേരളത്തിലാണ്. (8) പെൻഷൻ ചെലവ് ജി.എസ്.ഡി.പി. അനുപാതത്തിന്റെ

കാര്യത്തിൽ ബിഹാർ കഴിഞ്ഞാൽ ഏറ്റവും ഉയർന്ന നിരക്കുള്ളത് കേരളത്തിലാണ്. (9) പൊതുകടം ജി.എസ്.ഡി.പി അനുപാതത്തിന്റെ കാര്യത്തിൽ പശ്ചിമബംഗാളും പഞ്ചാബും കഴിഞ്ഞാൽ ഏറ്റവും ഉയർന്ന അനുപാതമുള്ളത് കേരളത്തിലാണ്. (10) ഉയർന്ന വികസനചെലവ് ജി.എസ്. ഡി.പി. അനുപാതത്തിന്റെ കാര്യത്തിൽ 17 സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം 13 ആണ്. (11) ഉയർന്ന സാമൂഹ്യ മേഖല ചെലവ് ജി.എസ്.ഡി.പി. അനുപാതത്തിന്റെ കാര്യത്തിൽ 17 സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം 13 ആണ്. (12) ഉയർന്ന മൂലധന ചെലവ് ജി.എസ്.ഡി.പി. അനുപാതത്തിന്റെ കാര്യത്തിൽ 17 സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം 14 ആണ്. (13) മൊത്തം ചെലവിൽ റോഡ്, പാലങ്ങൾക്കുള്ള അടിസ്ഥാന ഘടകചെലവ് വിഹിതത്തിൽ കേരളത്തിന്റെ സ്ഥാനം 11 ആണ്. (14) ഭൂരിഭാഗം സംസ്ഥാനങ്ങളും തങ്ങളുടെ മൊത്തം ചെലവിന്റെ 6 മുതൽ 17 ശതമാനംവരെ ഇന്ധന അടിസ്ഥാന ഘടകത്തിനുവേണ്ടി ചെലവാക്കിയപ്പോൾ കേരളം ചെലവാക്കിയത് 0.3 ശതമാനമാണ്. 17 സംസ്ഥാനങ്ങളിൽ ഏറ്റവും കുറവ് ചെലവാണിത്. (15) റവന്യൂ വരവ് വർദ്ധിപ്പിച്ചും റവന്യൂ ചെലവ് കുറച്ചും മറ്റു സംസ്ഥാനങ്ങൾ ധനസ്ഥിതി മെച്ചപ്പെടുത്തുമ്പോൾ കേരളം ഈ രംഗങ്ങളിൽ പിന്നോട്ടുപോയി ധനസ്ഥിതി മോശമാക്കുന്നു. (16) മൂലധനം, വികസനം, അടിസ്ഥാനഘടകം എന്നിവയ്ക്കു മറ്റു സംസ്ഥാനങ്ങൾ കൂടുതൽ പണം കണ്ടെത്തുമ്പോൾ കേരളം ഈ ഇനത്തിലുള്ള വിഹിതം വെട്ടിക്കുറച്ച് നിത്യനിദാന ചെലവുകൾ നിറവേറ്റുന്നു. (17) ചുരുക്കത്തിൽ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിലും വിഭവങ്ങൾ വികസനത്തിന് ഉപയോഗിക്കുന്നതിലും പരാജയപ്പെട്ട പരിതാപകരമായ ചിത്രമാണ് ഈ താരതമ്യ പഠനം നൽകുന്നത്.

## II. നിർദ്ദേശങ്ങൾ

### ധനധൂർത്ത്രാഷ്ട്രീയം അവസാനിപ്പിക്കുക:

1. സംസ്ഥാനത്ത് അധികാരത്തിലിരുന്ന മുന്നണി സർക്കാരുകൾ അനുവർത്തിച്ചുവരുന്ന ധനധൂർത്ത്രാഷ്ട്രീയം മൂലം സൃഷ്ടിയ്ക്കപ്പെട്ട രൂക്ഷമായ ധനപ്രതിസന്ധിയുടെ പരിഹാരം ഈ വഴിപിഴച്ച രാഷ്ട്രീയത്തിന് അറുതിവരുത്തുക എന്നതാണ്. ഈ പ്രതിസന്ധി പരിഹരിക്കാൻ മറ്റു കുറുക്കുവഴികളില്ല.

2. നികുതി, നികുതിയേതര ഇനങ്ങളുടെ നിരക്കുകൾ കാലാകാലം വർദ്ധിപ്പിക്കേണ്ടതില്ല എന്ന ധനരാഷ്ട്രീയം ധനപ്രതിസന്ധി രൂക്ഷമാ

ക്കാനേ ഇടയാക്കൂ. വിലക്കയറ്റത്തിന്റെ നിരക്കിന്റേയോ മറ്റു സാമ്പത്തിക സൂചികകളുടെയോ അടിസ്ഥാനത്തിൽ നിരക്കുകൾ മൂന്നു വർഷത്തിലൊരിക്കലെങ്കിലും വർദ്ധിപ്പിക്കണം.

3. ബ്യൂറോക്രസി വികസനം വർഷംതോറും ഖജനാവിനു താങ്ങാൻ കഴിയാത്ത വൻ അധിക ബാദ്ധ്യത സൃഷ്ടിക്കുകയും വികസനത്തിനു വേണ്ട പൊതുപണം കവർന്നെടുക്കുകയും ചെയ്യുന്നു. ബ്യൂറോക്രസി വികസനം കർശനമായി നിയന്ത്രിക്കണം. ഇ-ഗവേണൻസ്, ഭരണ നവീകരണ പരിപാടികൾ, ചെറു വകുപ്പുകളുടെ സംയോജനം, ചില പ്രവർത്തനങ്ങൾ പുറം കരാർ നൽകുക തുടങ്ങിയ നടപടികൾ മൂലം ജീവനക്കാരുടെ എണ്ണം ഗണ്യമായി കുറയ്ക്കണം.

4. സമ്മർദ്ദ ഗ്രൂപ്പുകൾ ആവശ്യപ്പെടുന്ന ധനബാധ്യത സൃഷ്ടിക്കുന്ന അതിരുവിട്ട ആവശ്യങ്ങൾ അംഗീകരിക്കാതിരിക്കുക. സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, നികുതി നൽകേണ്ട ചില വിഭാഗക്കാർ, വ്യാപാരി വ്യവസായി സംഘടനകൾ, ജാതി, മത, സാമൂഹ്യ സംഘടനകൾ, സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നവർ, സർക്കാർ ഭൂമിയും വനഭൂമിയും പാട്ടത്തിനെടുത്തവർ തുടങ്ങിയവർക്കു നൽകുന്ന ധനസഹായവും ഇളവുകളും കർശനമായി നിയന്ത്രിക്കുക.

5. പല രംഗങ്ങളിലും ഇപ്പോൾ നിലവിലുള്ള ധനധൂർത്ത് അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കണം. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ അമിത വലിപ്പം, വൻ വലിപ്പമുള്ള പബ്ലിക് സർവ്വീസ് കമ്മിഷൻ, സർവ്വകലാശാലാ സിൻഡിക്കേറ്റ്, സർക്കാർ സമിതികൾ, ഔദ്യോഗിക ആഡംബര കാറുകൾ, സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം, ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും നൽകുന്ന പരിധിയില്ലാത്ത ആനുകൂല്യങ്ങൾ തുടങ്ങിയവ.

6. ബി.പി.എൽ ആനുകൂല്യങ്ങൾ രാഷ്ട്രീയ താൽപര്യങ്ങൾക്കുവേണ്ടി, അനർഹർക്കു നൽകുന്ന പ്രവണത വ്യാപകമാണ്. ബി.പി.എൽ മാനദണ്ഡങ്ങൾ അനുസരിച്ച് യോഗ്യതയുള്ളവർക്കു മാത്രം ആനുകൂല്യങ്ങൾ നൽകണം. അനർഹരെ ബി.പി.എൽ പട്ടികയിൽ നിന്നും ഒഴിവാക്കണം.

7. കെടുകാര്യസ്ഥത മൂലം തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഖജനാവിൽ നിന്ന് ധനസഹായവും,

സർക്കാർ കടം വാങ്ങി വായ്പ നൽകിയും സംരക്ഷിക്കുന്നു. രാഷ്ട്രീയ പാർട്ടികളുടെയും ട്രേഡ് യൂണിയൻ താൽപര്യങ്ങൾക്കും സ്ഥാപനം നടത്തുന്നവരുടെ സ്വകാര്യ ലാഭത്തിനുംവേണ്ടി നിലനിർത്തിയിരിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന ധനസഹായവും വായ്പകളും നിർത്തലാക്കുക.

8. കുതിച്ചുയരുന്ന നിത്യനിദാന ചെലവുകൾ നിറവേറ്റാൻ വേണ്ടി വാർഷിക പദ്ധതിയും മറ്റു വികസന പദ്ധതികളും വെട്ടിക്കുറയ്ക്കുന്ന ധനരാഷ്ട്രീയമാണ് ഇപ്പോൾ അനുവർത്തിക്കുന്നത്. ഇതിനു പകരം വാർഷിക പദ്ധതികൾക്കും മറ്റു വികസന പദ്ധതികൾക്കും മുന്തിയ പരിഗണന നൽകി വിഭവങ്ങൾ നൽകുകയും നിത്യനിദാന ചെലവുകളും അനാവശ്യ ചെലവുകളും വെട്ടിക്കുറയ്ക്കുകയും വേണം.

9. വാർഷിക പദ്ധതികളും മറ്റു വികസന പദ്ധതികളും പ്രചരണത്തിനോ പരസ്യത്തിനോ വേണ്ടിയുള്ളതാണെന്നാണ് ഇത് നടപ്പിലാക്കാൻ ഉത്തരവാദപ്പെട്ട സർക്കാർ വകുപ്പുകളും മന്ത്രിമാരും കരുതുന്നത്. വാർഷിക പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി പൂർത്തീകരിക്കാൻ കഴിയാത്ത വകുപ്പു മേധാവികൾ, വകുപ്പു മന്ത്രിമാർ എന്നിവർ ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കണം. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കണം. വകുപ്പു മന്ത്രി ഉത്തരവാദിത്വം ഏറ്റെടുത്ത് രാജിവയ്ക്കണം.

## റവന്യൂ കമ്മിയും ധനകമ്മിയും കുറയ്ക്കുക:

10. ഇന്ത്യയിൽ ഏറ്റവും ഉയർന്ന നിരക്കിലുള്ള റവന്യൂ കമ്മിയുള്ള സംസ്ഥാനമായി റിസർവ് ബാങ്ക് 2013-2014ൽ കണ്ടെത്തിയ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനം നോൺപ്ലാൻ റവന്യൂ ചെലവിന് പോലും തികയാത്ത അവസ്ഥയാണ്. ഈ സാഹചര്യത്തിൽ ഒരു ഇടക്കാല ധന പുനക്രമീകരണ പദ്ധതി നടപ്പിലാക്കണം. അടുത്ത മൂന്നു വർഷംകൊണ്ട് പൂജ്യം റവന്യൂ കമ്മി നേടാൻ ലക്ഷ്യമിട്ടുള്ള ധനനയങ്ങൾ അനുവർത്തിക്കണം. തനത് നികുതി-നികുതിയേതര വരുമാനങ്ങൾ ഗണ്യമായി വർദ്ധിപ്പിച്ചും നോൺപ്ലാൻ റവന്യൂ ചെലവ് പടിപടിയായി വെട്ടിക്കുറച്ചും ഈ ലക്ഷ്യം നേടണം.

11. സാധാരണ വിഭാഗത്തിൽപ്പെട്ട 17 സംസ്ഥാനങ്ങളിൽ 2013-14ൽ ഏറ്റവും ഉയർന്ന ധനകമ്മിയുള്ള സംസ്ഥാനമാണ് കേരളം. ധനക

മ്മിയും അടുത്ത മൂന്നു വർഷങ്ങൾക്കുള്ളിൽ കേന്ദ്ര സർക്കാർ നിശ്ച യിച്ച പരിധിയിൽ നിർത്തുന്നത് പലിശ ചെലവ് കുറയ്ക്കാൻ സഹാ യിക്കും. അതോടൊപ്പം വായ്പ എടുക്കുന്ന തുക മുഴുവനും മൂലധന നിക്ഷേപത്തിനും വാർഷിക പദ്ധതി നടത്തിപ്പിനും വേണ്ടി നീക്കി വയ്ക്കണം.

## തനത് വരവ് വർദ്ധിപ്പിക്കുക:

12. സംസ്ഥാന സർക്കാർ നേരിട്ടു പിരിക്കുന്ന തനത് നികുതി നികുതി യേതരയിനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കാൻ ഊന്നൽ നൽകുന്ന ധനനയം അനുവർത്തിക്കുക.

13. സംസ്ഥാന ഭരണത്തിൽ ഏറ്റവും മുന്തിയ പരിഗണന നൽകേണ്ടത് തനത് വരവ് വർദ്ധിപ്പിക്കാനും നികുതി പിരിവ് കാര്യക്ഷമമാക്കാ നുമായിരിക്കണം.

14. നികുതി, നികുതിയേതരയിനങ്ങളിലെ നിരക്കുകൾ കാലാകാലങ്ങ ളിൽ വർദ്ധിപ്പിക്കുക, നികുതിഭരണം കാര്യക്ഷമമാക്കുക, കുടിശ്ശിക കൃത്യമായി പിരിക്കുക, നികുതി തർക്കങ്ങളും കേസുകളും എളുപ്പം തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കുക, നികുതി സ്റ്റേകൾ ഒഴിവാ ക്കുക, അഴിമതി നടത്തുന്ന ഉദ്യോഗസ്ഥർക്ക് കടുത്ത ശിക്ഷ നൽകുക, ഇ-ഗവേണൻസ് നടപ്പിലാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുക.

15. ഏറ്റവും പ്രധാനപ്പെട്ട നാല് നികുതി ഇനങ്ങളുടെ പിരിവിന് പ്രത്യേക പരിഗണന നൽകുക. മൊത്തം നികുതി വരുമാനത്തിന്റെ 98 ശത മാനവും ലഭിക്കുന്നത് നാല് ഇനങ്ങളിലാണ് (1) വിൽപ്പന നികുതി, വാറ്റ് (78.2%) (2) മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും (7.6%) (3) വാഹന നികുതി (7.1%) (4) സംസ്ഥാന എക്സൈസ് (5.2%).

16. വിൽപ്പന നികുതി, വാറ്റ് എന്നിവയുടെ പിരിവ് മെച്ചപ്പെടുത്താൻ താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്. (1) രജിസ്ട്രേ ഷൻ എടുക്കാത്ത വലിയ വിഭാഗം കച്ചവടക്കാരെ നികുതി രജി സ്ട്രേഷൻ സംവിധാനത്തിൽ കൊണ്ടുവരിക (2) വ്യാപാരികൾ നൽ കുന്ന വാർഷിക കണക്കുകൾ പരിശോധന നടത്തുക (3) നികുതി അസസ്മെന്റ് മെച്ചമാക്കുക (4) കടകളിൽ സാമ്പിൾ അടിസ്ഥാന ത്തിൽ സ്റ്റോക്ക് പരിശോധന നടത്തുക (5) ചെക്ക് പോസ്റ്റുകൾ ആധുനികവൽക്കരിക്കുക, ചെക്ക് പോസ്റ്റുകൾ വെട്ടിച്ച് ഇടറോഡു കൾ വഴിയുള്ള ചരക്കു ഗതാഗതം തടയുക, ചെക്ക് പോസ്റ്റുകളിലെ

അഴിമതി അവസാനിപ്പിക്കുക (6) നികുതി പിരിവ് തടസ്സപ്പെടുത്തുന്ന സ്റ്റേകൾ നൽകാതിരിക്കുക (7) കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലെ കുടിശ്ശിക യഥാസമയം പിരിച്ചെടുക്കുക.

17. കാര്യക്ഷമമായ നികുതി പിരിവ് നടത്താത്ത രണ്ടു നികുതികളാണ് ആഡംബര ഹോട്ടലുകളിലും ലോഡ്ജുകളിലും ചുമത്തിയിരിക്കുന്ന ലക്ഷ്വറി ടാക്സും, പുതുതായി പണിയുന്ന കെട്ടിടങ്ങൾക്ക് റവന്യു വകുപ്പ് ഒറ്റത്തവണ പിരിക്കുന്ന വസ്തു നികുതിയും. കാര്യക്ഷമ മാക്കാൻ നടപടികൾ സ്വീകരിക്കണം.

18. സർക്കാരിന്റെ നികുതിയേതര ഇനങ്ങളായ സർക്കാർ നൽകിയ വായ്പകളിലെ പലിശ വരവ്, പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭവിഹിതം, വനം വകുപ്പിൽ നിന്നുള്ള വരുമാനം, ഫീസുകൾ തുട ങ്ങിയവയിൽ നിന്നുള്ള വരുമാനം, താരതമ്യേന ചെറിയ തുകയാണ്. ഈ ഇനങ്ങളിലെ വരവ് വർദ്ധിപ്പിക്കാൻ വലിയ സാധ്യതയുണ്ട്.

19. സർക്കാർ ഫീസുകൾ, വിദ്യാഭ്യാസ ആരോഗ്യ സർവീസുകൾക്കുള്ള ഫീസുകൾ, യൂസർ ചാർജ്ജുകൾ, സർക്കാർ വകുപ്പുകൾ വിൽക്കുന്ന സാധനങ്ങളുടെ വില, വാടക തുടങ്ങിയവയുടെ നിരക്കുകളിൽ കാലാ കാലം വർദ്ധനം വരുത്തുന്ന രീതി നിലവിലില്ല. വിലക്കയറ്റത്തിനും ഇത്തരം സേവനങ്ങൾ നൽകാനുള്ള ചെലവുകളിൽ വന്ന വർദ്ധനവി ന്റെയും അടിസ്ഥാനത്തിൽ മൂന്നു വർഷത്തിലൊരിക്കൽ നിരക്കുകൾ വർദ്ധിപ്പിക്കേണ്ടതാണ്.

20. താഴെ പറയുന്ന ഫീസ് ഇനങ്ങൾക്ക് ഇപ്പോൾ ഈടാക്കുന്ന നിരക്ക് വളരെ കുറവാണ്. ഇതിൽ ഗണ്യമായ വർദ്ധനം വരുത്തേണ്ടതാണ്. (1) പബ്ലിക് സർവീസ് കമ്മിഷന്റെ പരീക്ഷാ ഫീസും മറ്റു ഫീസുകളും. (2) പൊതുമരാമത്തു വകുപ്പ് കെട്ടിടങ്ങളുടേയും ഉപകരണങ്ങളു ടേയും റസ്റ്റ് ഹൗസുകളുടേയും വാടക (3) സർക്കാർ ആശുപത്രിക ളിലെ സേവനങ്ങൾക്കു ഈടാക്കുന്ന ചാർജുകൾ (4) ആർട്സ് ആന്റ് സയൻസ് കോളേജ്, പ്രൊഫഷണൽ കോളേജുകൾ, മറ്റു ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ട്യൂഷൻ ഫീസും മറ്റു ഫീസുകളും (5) മൃഗശാല, കാഴ്ചബംഗ്ലാവ് തുടങ്ങിയവയുടെ പ്രവേശന ഫീസ് (6) സർക്കാർ ക്വാർട്ടേഴ്സിന് ജീവനക്കാർ നൽകുന്ന വാടക (7) വൻകിട, ഇടത്തരം ജലപദ്ധതികളിലെ വെള്ളം ഉപയോഗിക്കുന്നതി നുള്ള സെസ്, വെള്ളം വിൽപ്പന തുടങ്ങിയവ (8) വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള വരുമാനം.

21. ഓരോ സർക്കാർ വകുപ്പും, പൊതുമേഖലാ സ്ഥാപനവും, തദ്ദേശ സ്വയംഭരണ സ്ഥാപനവും മറ്റു വകുപ്പുകൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും നൽകേണ്ട ഫീസുകൾ, യൂസർ ചാർജ്ജുകൾ, നികുതി, വാടക, ഭൂമികരം തുടങ്ങിയവ യഥാസമയം നൽകാതെ കുടിശ്ശിക വരുത്തുന്നു. ഇതുമൂലം വാണിജ്യ സ്വഭാവത്തിൽ പ്രവർത്തിക്കുന്ന വകുപ്പുകൾ മറ്റു സർക്കാർ സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവ ധനപ്രതിസന്ധിയിലാകുന്നു. മറ്റു വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും നൽകേണ്ട കുടിശ്ശിക തുക യഥാസമയം അടച്ചു തീർക്കണമെന്ന് നിബന്ധന കൊണ്ടുവരികയും കർശനമായി നടപ്പിലാക്കുകയും വേണം.

**നോൺപ്ലാൻ റവന്യു ചെലവ് കുറയ്ക്കുക**

22. നോൺപ്ലാൻ റവന്യു ചെലവ് (എൻ.പി.ആർ.ഇ) അഥവാ നിത്യനിദാന ചെലവ് റവന്യു വരവിനെക്കാൾ കൂടുതലായതുമൂലം ഇത് നിറവേറ്റാൻ കടം വാങ്ങുന്നു. ഈ ചെലവ് കുറയ്ക്കുകയും നിയന്ത്രണവിധേയമാക്കിയാൽ മാത്രമേ ധനപ്രതിസന്ധിയിൽ നിന്ന് കരകയറാൻ കഴിയൂ. ധനനയത്തിന്റെ ലക്ഷ്യം ഈ ചെലവ് കുറയ്ക്കുന്നതായിരിക്കണം.

23. എൻ.പി.ആർ.ഇക്ക് പണം കണ്ടെത്താൻവേണ്ടി വാർഷിക പദ്ധതി ചെലവ്, മൂലധന ചെലവ് എന്നിവ വെട്ടിക്കുറയ്ക്കുന്ന ധനനയമാണ് ഇപ്പോൾ അനുവർത്തിക്കുന്നത്. ഇതിൽ മാറ്റമുണ്ടാകണം. ഇതിനു പകരം എൻ.പി.ആർ.ഇ ചെലവുകൾ വെട്ടിക്കുറയ്ക്കുന്ന ധനനയം നടപ്പിലാക്കണം. ധനപ്രതിസന്ധി പരിഹരിക്കാൻ വാർഷിക പദ്ധതി ചെലവ് ഒരു സാഹചര്യത്തിലും വെട്ടിക്കുറയ്ക്കരുത്.

**ശമ്പളം, ഡി.എ, മെഡിക്കൽ ആനുകൂല്യങ്ങൾ**

24. 1983നുശേഷം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഏഴു ശമ്പള പരിഷ്കാരങ്ങളും പ്രതിവർഷം ശരാശരി രണ്ടു ഡി.എ വർദ്ധനവും നടപ്പിലാക്കി. ഇതുമൂലം സൃഷ്ടിച്ച അധിക ധനബാധ്യതയാണ് കഴിഞ്ഞ മൂന്നു ദശാബ്ദകാലത്ത് സർക്കാരിനെ നിത്യധന പ്രതിസന്ധിയിലാക്കിയത്. ഈ സാഹചര്യത്തിൽ ശമ്പള പരിഷ്കരണം അഞ്ചു വർഷത്തിൽ ഒരിക്കലിൽ നിന്ന് പത്തു വർഷത്തിൽ ഒരിക്കൽ നടത്തുക (കേന്ദ്ര സർക്കാർ 10 വർഷത്തിലൊരിക്കലാണ് ശമ്പള പരിഷ്കാരം നടത്തുന്നത്).

25. കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന ഡി.എ വർദ്ധന നിരക്കിന്റെ പകുതി നിരക്കിൽ മാത്രം സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഡി.എ.യിൽ വർദ്ധനം നടപ്പിലാക്കുക. ഇപ്പോൾ കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന ഡി.എ. നിരക്കിനനുസരിച്ച് വർദ്ധനം പ്രഖ്യാപിക്കുന്നതിന് ഒരു നീതീകരണവുമില്ല. പത്തു വർഷത്തിലൊരിക്കൽ കേന്ദ്രത്തിൽ നടത്തുന്ന ശമ്പള പരിഷ്കരണത്തിലൂടെ തിട്ടപ്പെടുത്തുന്ന അടിസ്ഥാന ശമ്പളത്തിനാണ് കേന്ദ്ര സർക്കാർ ഡി.എ നൽകുന്നത്. എന്നാൽ ഇത് കേരളത്തിൽ അഞ്ചു വർഷത്തിലൊരിക്കൽ തിട്ടപ്പെടുത്തുന്ന അടിസ്ഥാന ശമ്പളത്തിനാണ് നൽകുന്നത്. അതുകൊണ്ട് പത്തു വർഷത്തിലൊരിക്കൽ മാത്രം ശമ്പള പരിഷ്കരണം നടത്തുന്നവർക്ക് മാത്രം അർഹതപ്പെട്ട ഡി.എ വർദ്ധനം അതിനു അർഹതയില്ലാത്ത സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്നു.

26. സർക്കാർ സേവനം നടത്തിയതിനു പ്രതിഫലമായി പെൻഷൻകാർക്ക് ലഭിക്കുന്ന മെഡിക്കൽ ആനുകൂല്യങ്ങൾ സർക്കാർ ജീവനക്കാർ, മുൻ എം.എൽ.എമാർ, മുൻ പി.എസ്.സി അംഗങ്ങൾ, മുൻ ഹൈക്കോടതി ജഡ്ജിമാർ തുടങ്ങിയവർക്ക് ഒരേ മാനദണ്ഡം അനുസരിച്ച് നൽകുക. ഇതിലെ കടുത്ത വിവേചനവും ധനധൂർത്തും അവസാനിപ്പിക്കുക. ഇപ്പോൾ സർക്കാർ ജീവനക്കാരൊഴിച്ച് മുകളിൽ പറഞ്ഞ വിഭാഗക്കാർക്കും, അവരുടെ കുടുംബാംഗങ്ങൾക്കും മെഡിക്കൽ ചെലവ് പൂർണ്ണമായും സർക്കാർ നൽകുന്ന സമ്പ്രദായം നിലനിൽക്കുന്നു. ചില വിഭാഗങ്ങൾ പരിധിയില്ലാത്ത മെഡിക്കൽ ആനുകൂല്യങ്ങൾക്ക് അർഹരാണ്. ഫ്യൂഡൽ ഭരണക്രമം നിലനിൽക്കുന്ന രാജ്യങ്ങളിൽ നിലവിലുള്ളതുപോലെയുള്ള ഇത്തരം ആനുകൂല്യങ്ങൾ അവസാനിപ്പിക്കണം.

## സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ടീച്ചിംഗ് ഗ്രാന്റ്

27. സർക്കാരിന്റെ രണ്ടാമത്തെ പ്രധാന ചെലവ് സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സർക്കാർ നിരക്കിൽ ശമ്പളവും പെൻഷനും നൽകുന്നതാണ്. ഈ ചെലവ് നിയന്ത്രിക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിക്കാം. (1) സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ പുതിയ സ്ഥാപനങ്ങളും കോഴ്സുകളും അനുവദിക്കാതിരിക്കുക. (2) നിലവിലുള്ള സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകൾ അൺ എയ്ഡഡ് സമ്പ്രദായത്തിൽ മാത്രം തുടങ്ങുക. (3) കുട്ടികൾ ഇല്ലാത്തതുമൂലം ജോലിയില്ലാത്ത അദ്ധ്യാപകർക്ക്

ശമ്പളം നൽകുന്ന പരിപാടി അവസാനിപ്പിക്കുക. (4) പത്തോ അതിൽ താഴെയോ കുട്ടികൾ ഉള്ള സ്കൂളുകൾ നിർത്തലാക്കുക. (5) പുതിയ സ്ഥിര അദ്ധ്യാപകരുടെ നിയമനം മരവിപ്പിക്കുക. കോൺട്രാക്റ്റ് വ്യവസ്ഥയിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുക.

## അനാവശ്യ ബ്യൂറോക്രസി വികസനം തടയുക

28. അനാവശ്യ ധനബാദ്ധ്യത സൃഷ്ടിക്കുന്ന ബ്യൂറോക്രസി വികസനം അവസാനിപ്പിക്കുക. (1) വികസനത്തിന്റെയും ഭരണ നടപടിക്രമത്തിന്റെയും പേരിൽ സ്ഥിരം തസ്തികകൾ സൃഷ്ടിക്കാതിരിക്കുക. (2) പ്രോജക്ടുകൾ പൂർത്തിയാക്കുമ്പോൾ അവയിലെ തസ്തികകൾ നിർത്തലാക്കുക. (3) സാമ്പത്തിക ആനുകൂല്യം നൽകാൻ വേണ്ടി രണ്ടും മൂന്നും വർഷത്തിലൊരിക്കൽ ഉയർന്ന തസ്തികകൾ നൽകുന്ന ഗ്രേഡുകൾ അവസാനിപ്പിക്കുക. (4) ഒരു തസ്തികയിൽ പുതിയതായി സർവ്വീസിൽ കയറുന്ന വ്യക്തിക്ക് ലഭിക്കാവുന്ന ഉയർന്ന ഗ്രേഡുകൾ, പ്രൊമോഷനുകൾ, തസ്തികകൾ എന്നിവയുടെ എണ്ണം പരിമിതപ്പെടുത്തുക. (5) ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെയും, ക്ലറിക്കൽ വിഭാഗത്തിൽപ്പെടുന്നവരേയും പ്രൊമോഷൻ അടിസ്ഥാനത്തിൽ ഓഫീസർ പദവിയിലേക്ക് നിയമിക്കുന്ന നിലവിലെ രീതി അവസാനിപ്പിക്കുക. ഈ നടപടി ഭരണ കാര്യക്ഷമത ഇല്ലാതാക്കിയിട്ടുണ്ട്. ഓഫീസർ തസ്തികകളിൽ നേരിട്ട് നിയമനം നടത്തണം. (6) മരിച്ചുപോയ ജീവനക്കാരുടെ ആശ്രിതർക്ക് നൽകുന്ന നിയമനം ദുരിതാശ്വാസമായതിനാൽ അവരെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ തസ്തികകളിൽ മാത്രമേ നിയമിക്കാവൂ. (7) വകുപ്പുകളെ വിഭജിച്ച് പ്രത്യേകം വകുപ്പുകളാക്കി അനാവശ്യ തസ്തികകൾ സൃഷ്ടിക്കുന്ന പ്രവണത അവസാനിപ്പിക്കുക, ചെറിയ വകുപ്പുകളെ കൂട്ടിച്ചേർത്ത് വകുപ്പുകളുടെ എണ്ണം കുറയ്ക്കുക. (8) തസ്തികകളുടെ പേരു മാറ്റി ഉയർന്ന ശമ്പള സ്കെയിൽ നൽകുക, ഡെപ്യൂട്ടേഷൻ വഴി പുതിയ തസ്തികകൾ സൃഷ്ടിക്കുക, ലീവ് എടുപ്പിച്ച് വിരമിക്കലിനു ദിവസങ്ങൾക്കു മുമ്പ് പ്രൊമോഷൻ നൽകുക തുടങ്ങിയ നടപടികൾ അവസാനിപ്പിക്കുക.

## മറ്റു ചെലവുചുരുക്കൽ നടപടികൾ

29. സർക്കാർ, പ്രാദേശിക സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ചില പ്രവർത്തനങ്ങൾ സ്ഥിര ജീവനക്കാരെ

നിയമിച്ചു നടത്തുന്നതിനു പകരം പുറം കരാർ നൽകുക. (1) ക്ലീനിംഗ്, സെക്യൂരിറ്റി, പൂന്തോട്ട പരിപാലനം, യൂസർ ചാർജ്ജുകളുടെ പിരിവ്, അപേക്ഷാ ഫാറങ്ങളുടെ വിതരണം, ടൈപ്പിംഗ് തുടങ്ങിയവ. (2) സർക്കാർ മോട്ടോർ വാഹനം വാങ്ങി, ഡ്രൈവറെ നിയമിച്ച്, ഇന്ധന ചെലവ്, റിപ്പയർ ചെലവ് തുടങ്ങിയവ വഹിച്ച് ഔദ്യോഗിക ആവ ശ്യങ്ങൾക്ക് ഓടിക്കുന്നതിനുപകരം കേന്ദ്ര സർക്കാർ മാതൃകയിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുക. (3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ ശേഖരണം, റോഡ്, പൊതുസ്ഥലങ്ങൾ തുടങ്ങിയവ വൃത്തിയാക്കൽ, കുടിവെള്ള വിതരണം, സർക്കാർ സഹായങ്ങൾ വിതരണം ചെയ്യൽ തുടങ്ങിയവ പുറംകരാർ വഴി നട പ്പാക്കാവുന്നതാണ്.

30. ഭരണ നവീകരണ നടപടികളും ഇ ഗവേണൻസും വഴി സർക്കാർ ഓഫീസുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കാര്യ ക്ഷമത വർദ്ധിപ്പിക്കുകയും, ജീവനക്കാരുടെ എണ്ണം കുറയ്ക്കുകയും ചെയ്യുക. ഈ നടപടി സെക്രട്ടേറിയേറ്റിൽ നടപ്പിലാക്കി മറ്റു വകു പ്പുകൾക്ക് മാതൃകയാകണം.

31. സംസ്ഥാന ട്രഷറിയിൽ നിന്ന് ശമ്പളം നൽകുന്ന ജീവനക്കാരിൽ പകു തിയും ശമ്പളയിനത്തിൽ ചെലവാക്കുന്ന തുകയുടെ പകുതിയും വിദ്യാഭ്യാസത്തിനുവേണ്ടിയാണ്. ഈ സാഹചര്യത്തിൽ സർക്കാർ പുതുതായി സ്ഥാപനങ്ങളും സർവ്വകലാശാലകളും തുടങ്ങുന്നത് ഉചി തമല്ല. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താ നുള്ള അടിസ്ഥാന ഘടകങ്ങൾക്കുവേണ്ടി പണം ചെവഴിക്കണം.

32. ഗതാഗതം, വൈദ്യുതി, കുടിവെള്ളം, ഭക്ഷ്യവിതരണം എന്നിവ യൊഴിച്ച് തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്നതും ഖജനാ വിന് ധനബാദ്ധ്യത സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതുമായ പൊതുമേ ഖലാ സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകി അടച്ചുപൂട്ടണം. അവയുടെ ഭൂമിയല്ലാത്ത ആസ്തികൾ വിൽക്കേണ്ട താണ്. ഈ സ്ഥാപനങ്ങളുടെ ഭൂമി മറ്റു വികസന പ്രോജക്ടുകൾക്കു വേണ്ടി ഉപയോഗിക്കണം.

33. സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതികളിൽ അനർഹരായ ഒട്ടന വധി പേർക്ക് രാഷ്ട്രീയ താൽപര്യംമൂലം പെൻഷൻ നൽകുന്നു. ഇത് അവസാനിപ്പിക്കണം. പെൻഷൻ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് അനർഹരെ ഒഴിവാക്കണം. മാത്രവുമല്ല ഒരു വ്യക്തിക്ക് ഒരു

പെൻഷൻ എന്ന മാനദണ്ഡം കൃത്യമായി നടപ്പിലാക്കണം. ഇപ്പോൾ ഒരു വിഭാഗം പേർ രണ്ടു സ്രോതസ്സുകളിൽ നിന്നും പെൻഷൻ വാങ്ങുന്നു. ഉദാഹരണം എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ട്, ക്ഷേമ നിധികൾ, സാമൂഹ്യ സുരക്ഷ പെൻഷൻ പദ്ധതികൾ തുടങ്ങിയവ. ഇതിനു പുറമെ ഒന്നിലധികം സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടുന്ന വരുമുണ്ട്.

## ധനധൂർത്ത് അവസാനിപ്പിക്കുക

34. സർക്കാർ പല രംഗങ്ങളിലും ധനധൂർത്ത്‌രാഷ്ട്രീയം അനുവർത്തിക്കുന്നതുമൂലം അനാവശ്യമായി പൊതുപണം ചെലവഴിക്കുന്നു. ഈ അനാവശ്യ ചെലവ് നിയന്ത്രിക്കണം. (1) മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം മുപ്പതിൽ നിന്ന് പകുതിയായി കുറയ്ക്കുക. (2) മുഴുവൻ സമയ പബ്ലിക് സർവീസ് കമ്മിഷൻ അംഗങ്ങളുടെ എണ്ണം 21ൽ നിന്ന് മൂന്നിലൊന്നായി കുറയ്ക്കുക. (മദ്ധ്യപ്രദേശ് പബ്ലിക് സർവീസ് കമ്മിഷനിൽ ചെയർമാൻ ഉൾപ്പെടെ മൂന്നു അംഗങ്ങൾ മാത്രമാണ് ഉള്ളത്). (3) സർവ്വകലാശാലകളുടെ സിൻഡിക്കേറ്റ് അംഗങ്ങളുടെ എണ്ണം 23ൽ നിന്ന് പകുതിയായി കുറയ്ക്കുക. (4) എം.എൽ.എ, മുൻ എം.എൽ.എമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പരിധിയില്ലാത്ത ചികിത്സയ്ക്ക് പണം ചെലവാക്കാമെന്ന പഴുതുപയോഗിച്ച് 1.9 കോടിയോളം രൂപ ചെലവഴിച്ച ജനപ്രതിനിധിയും നമ്മുടെ നാട്ടിലുണ്ട്. പരിധിയില്ലാത്ത ആനുകൂല്യങ്ങൾ നൽകുന്ന പരിപാടി അവസാനിപ്പിക്കണം. ഇതിന് മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം.

35. ആഡംബര കാറുകളുടെ ഉപയോഗം നിർത്തുകയും, ഔദ്യോഗിക കാറുകളുടെ ദുരുപയോഗം അവസാനിപ്പിക്കുകയും ചെയ്യുക. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, പൊതുഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയിലെ മേധാവികളും ഉദ്യോഗസ്ഥരും ഔദ്യോഗിക കാറായി ആഡംബരകാറുകൾ (ടയോട്ട ഇനോവ തുടങ്ങിയവ) വ്യാപകമായി ഉപയോഗിക്കുന്നു. ഈ ധൂർത്ത് അവസാനിപ്പിക്കണം. എല്ലാ ഉദ്യോഗസ്ഥരും ഇടത്തരം സാധാരണ കാറുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന നിബന്ധന കർശനമായി നടപ്പിലാക്കണം. പല ഉന്നത ഉദ്യോഗസ്ഥരും ഒന്നിലധികം ഔദ്യോഗിക കാർ ഉപയോഗിക്കുന്നു. വകുപ്പു മേധാവി എന്ന നിലയിൽ ലഭിക്കുന്ന വാഹനവും, വകുപ്പിന് കീഴിലുള്ള വാഹന

ങ്ങളും ഒരേ സമയം ഉപയോഗിക്കുന്നു. ഇതിന് പുറമെ ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യങ്ങൾക്ക് വ്യാപകമായി ദുരുപയോഗം ചെയ്യുന്നു. ഇത്തരത്തിലുള്ള വാഹന ദുരുപയോഗം നിർത്തലാക്കാൻ കർശന നടപടികൾ സ്വീകരിക്കണം. സർക്കാർ വാഹനം വാങ്ങി ഡ്രൈവറെ നിയമിച്ച് ഓടിക്കുന്നതിന് പകരം വാടകയ്ക്ക് എടുക്കുന്ന രീതിയിലേക്ക് മാറണം. കേന്ദ്ര സർക്കാർ ഈ രീതിയാണ് ഇപ്പോൾ അനുവർത്തിക്കുന്നത്.

## വായ്പ വികസനത്തിന്

36. വാർഷിക വികസന പദ്ധതികൾക്കുവേണ്ടി പൊതുകടം എടുത്തിരുന്ന സ്ഥാനത്ത് നിത്യനിദാന ചെലവുകൾക്കുവേണ്ടി (എൻ.പി.ആർ.ഇ) വായ്പ തുക ഉപയോഗിക്കുന്ന പരിതാപകരമായ സ്ഥിതിയാണ്. ഇത് വിത്തിനു വച്ചിരിക്കുന്ന നെല്ല് കുത്തി ഭക്ഷിക്കുന്നതിന് തുല്യമാണ്. പ്രതിവർഷം എടുക്കുന്ന വായ്പ തുക മുഴുവനും വാർഷിക പദ്ധതിക്കും മൂലധന ചെലവുകൾക്കുമായി നീക്കിവയ്ക്കണം. ഈ ലക്ഷ്യം നേടാൻ ഒരു ഇടക്കാല വായ്പ പുനക്രമീകരണ പദ്ധതി തയ്യാറാക്കി മൂന്നു വർഷംകൊണ്ട് നടപ്പിലാക്കണം.

37. സഞ്ചിതനിധി, പബ്ലിക് അക്കൗണ്ട് എന്നിവയിൽ നിന്നും എടുക്കുന്ന വായ്പയുടെ ഒരു ചെറിയ ഭാഗം മാത്രമേ കടബാദ്ധ്യതകൾ കഴിച്ച് മിച്ചമായി ലഭിക്കുന്നുള്ളു. പ്രതിവർഷം എടുക്കുന്ന വായ്പ തുക മുഴുവനും കടബാദ്ധ്യതകൾ തീർക്കാൻ വേണ്ടി ചെലവാക്കേണ്ട സ്ഥിതിയിലേക്കു സംസ്ഥാനം നീങ്ങുന്നു. ഇതിനു പരിഹാരം റവന്യു കമ്മി പൂജ്യത്തിലേക്ക് എത്തിക്കുകയോ റവന്യു മിച്ചം നേടുകയോയാണ്.

38. കടത്തിനു നൽകേണ്ട പലിശ ഇനത്തിലുള്ള ചെലവ് കുറയ്ക്കാൻ വായ്പ വാങ്ങൽ പുനഃക്രമീകരണം ആവശ്യമാണ്. പബ്ലിക് അക്കൗണ്ട് വിഭാഗത്തിലും മറ്റും ഉയർന്ന പലിശ നിരക്കിലുള്ള വായ്പകൾ കുറച്ച് കുറഞ്ഞ പലിശ നിരക്കുകളിലുള്ള കമ്പോള വായ്പകളിലേക്ക് മാറേണ്ടതാണ്. പലിശ നിരക്ക് വളരെ കുറവുള്ള വിദേശ വായ്പകളും കൂടുതലായി എടുക്കണം.

39. വെൽഫെയർ ഫണ്ടുകളിൽ നിന്ന് എടുക്കുന്ന വായ്പകളുടെ പലിശ നിരക്ക് വളരെ ഉയർന്നതാണ്. ഈ ഫണ്ടുകൾ ബാങ്കുകളിൽ ഉയർന്ന പലിശ നിരക്കിൽ സ്ഥിര നിക്ഷേപമായി ഇട്ടിരിക്കുന്ന തുക പിൻവലി

ച്ചാണ് സർക്കാരിന് വായ്പയായി നൽകുന്നത്. ഇതിന് ഉയർന്ന പലിശ നിരക്കും, സ്ഥിര നിക്ഷേപം പിൻവലിച്ചതുമൂലം ഉണ്ടാകുന്ന പലിശ നഷ്ടവും കണക്കാക്കുന്നു. ഇത്തരം ഉയർന്ന പലിശ നിരക്കിലുള്ള വായ്പകൾ ഒഴിവാക്കണം.

40. ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരിനു നൽകേണ്ട വായ്പ തിരിച്ചടയ്ക്കുകയോ, പലിശ നൽകാതെ കുടിശ്ശിക ഇടുകയോ ചെയ്യുന്നു. വായ്പ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കണം. വായ്പ കുടിശ്ശിക മൂലധന നിക്ഷേപമായി മാറ്റുന്ന 'ബുക്ക് അഡ്ജസ്റ്റുമെന്റ്' നടപടി അവസാനിപ്പിക്കണം.

41. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വായ്പയായും മൂലധന നിക്ഷേപമായും നൽകിയ തുക സർക്കാർ വായ്പ എടുത്തത് 7.3 ശതമാനം പലിശ നിരക്കിലാണ്. എന്നാൽ നിക്ഷേപത്തിലെ ശരാശരി ആദായം 1.2 ശതമാനമാണ്. ഇത്തരത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന വായ്പകളും സഹായങ്ങളും നിർത്തണം. പൊതുമേഖലാ സ്ഥാപനങ്ങളെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തമാക്കുന്ന ധനനയം അനുവർത്തിക്കണം.

## അനുബന്ധം ഒന്ന്

# Abbreviations

| | |
|---|---|
| AG | Accountant General |
| APL | Above Poverty Line |
| BPL | Below Poverty Line |
| CAG | Comptroller and Auditor General of India |
| CSO | Central Statistical Office |
| CSS | Centrally Sponsored Schemes |
| DA | Dearness Allowance |
| DES | Department of Economics and Statistics |
| EPW | Economic and Political Weekly |
| GDP | Gross Domestic Product |
| GFD | Gross Fiscal Deficit |
| GIC | General Insurance Corporation |
| GOI | Government of India |
| GOK | Government of Kerala |
| GSDP | Gross State Domestic Product |
| IT | Information Technology |
| KFRACT | Kerala Fiscal Responsibility Act |
| KPERC | Kerala Public Expenditure Review Committee |
| KSRTC | Kerala State Road Transport Corporation |

| | |
|---|---|
| LDF | Left Domocratic Front |
| LG | Local Government |
| LIC | Life Insurance Corporation |
| NABARD | National Bank for Agricultural and Rural Development |
| NCDC | National Co-operative Development Corporation |
| NPRE | Non Plan Revenue Expenditure |
| NSSF | National Small Savings Fund |
| OECD | Organisation of Economic Co-operation and Development |
| PSC | Public Service Commission |
| PWD | Public Works Department |
| RBI | Reserve Bank of India |
| RE | Revenue Expenditure |
| SPB | State Planning Board |
| UDF | United Democratic Front |
| VAT | Value Added Tax |

## അനുബന്ധം രണ്ട്

# നിഘണ്ടു (Glossary)

### ധനകാര്യപഠനം: ചില നിർവ്വചനങ്ങൾ

**റവന്യൂ കമ്മി:** റവന്യൂ കമ്മി = റവന്യൂ വരവ് - റവന്യൂ ചെലവ്. റവന്യൂ വരവ് പ്രധാനമായും നാലിനങ്ങളാണ്. തനത് നികുതി, നികുതിയേതര യിനങ്ങൾ, കേന്ദ്ര നികുതിവിഹിതം, ഗ്രാന്റുകൾ. സർക്കാരിന്റെ നിത്യനിദാന ചെലവുകൾക്കായി പ്രധാനമായും ചെലവാക്കുന്നതാണ് റവന്യൂ ചെലവ്. ഇതിൽ ഒരു ചെറിയ ഭാഗം വാർഷിക പദ്ധതിക്ക് വേണ്ടിയും ചെലവാക്കുന്നു.

**ധനകമ്മി:** ധനകമ്മി = സഞ്ചിത നിധിയിൽ വരുന്ന മൊത്തം ചെലവ് (റവന്യൂ + മൂലധനം) - മൊത്തം വരവ് (കടം വാങ്ങിയതൊഴിച്ച്).

**ജി.എസ്.ഡി.പി. (സംസ്ഥാന ആഭ്യന്തര മൊത്ത വരുമാനം):** ഒരു സംസ്ഥാന സമ്പദ് ഘടനയിൽ ഒരു വർഷക്കാലം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെയും സർവ്വീസുകളുടെയും മൊത്തം മൂല്യം നിലവിലുള്ള വിലനിലവാരത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന തുകയാണിത്. ദേശീയ വരുമാനത്തെ ജി.ഡി.പി. എന്നും സംസ്ഥാന വരുമാനത്തെ ജി.എസ്.ഡി.പി. എന്നും പറയുന്നു. ഇത് നിലവിലെ വില നിലവാരത്തിലും, നിശ്ചിത വില നിലവാരത്തിലും (മുൻപുള്ള ഏതെങ്കിലും ഒരു വർഷത്തെ) കണക്കാക്കുന്നു.

**വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് (ബഡ്ജറ്റ്):** സംസ്ഥാനത്തെ വരവു ചെലവുകളുടെ എസ്റ്റിമേറ്റുകൾ സംബന്ധിച്ച് നിയമസഭയുടെ മുമ്പാകെ

വയ്ക്കുന്ന സ്റ്റേറ്റുമെന്റിനെയാണ് വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് അല്ലെങ്കിൽ ബഡ്ജറ്റ് എന്നുപറയുന്നത്. മുൻവർഷത്തിലും നടപ്പു വർഷത്തിലും വരാൻ പോകുന്ന വർഷത്തിലും ഉള്ള സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ ഇടപാടുകളും ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നു.

**ധനനയം:** നികുതി, നികുതിയേതര വരുമാനങ്ങൾ, സർക്കാർ ചെലവ് എന്നിവയിൽ സ്വീകരിക്കുന്ന നടപടികൾ മൂലം സാമ്പത്തിക രംഗങ്ങളിൽ സ്വാധീനം ചെലുത്തുന്ന നയങ്ങളെ ധനനയമെന്ന് പറയുന്നു. നികുതി നിരക്കുകൾ, ചെലവ് ഇനങ്ങൾ എന്നിവയിൽ വരുത്തുന്ന മാറ്റങ്ങൾ, ഉൽപ്പാദനത്തെയും ഉപഭോഗത്തെയും തൊഴിൽ അവസരങ്ങളെയും സ്വാധീനം ചെലുത്തി സാമ്പത്തിക മാറ്റങ്ങൾ ഉണ്ടാക്കുന്നു.

**ധനകാര്യ കണക്കുകൾ:** ഭരണഘടനയനുസരിച്ച് സർക്കാരിന്റെ വരവ് ചെലവ് കണക്കുകളെ മൂന്നു വിഭാഗമായി തിരിക്കാം.

1) സഞ്ചിതനിധി (Cosolidated fund) (2) കണ്ടിജൻസി ഫണ്ട് (3) പബ്ലിക് അക്കൗണ്ട്

**സഞ്ചിതനിധി:** സഞ്ചിതനിധിയിൽ റവന്യു, മൂലധനം, കടം എന്നിവ സംബന്ധിച്ച എല്ലാ സർക്കാർ ഇടപാടുകളും ഉൾപ്പെടുന്നു. റവന്യു വിഭാഗത്തിൽ നികുതിയിനത്തിലുള്ള വരവിനെയും റവന്യു വിഭാഗത്തിൽപ്പെടുന്ന മറ്റു വരവുകളെയും അതിൽനിന്നുള്ള ചെലവുകളെയും കുറിച്ച് പ്രസ്താവിക്കുന്നു. ആയതിന്റെ പരിണിതഫലം തന്നാണ്ടത്തെ റവന്യു അക്കൗണ്ട് മിച്ചമാണോ കമ്മിയാണോ എന്ന് കാണിക്കുന്നു. മൂലധന വിഭാഗത്തിൽ സ്ഥായിയായ സ്വഭാവമുള്ള സ്പഷ്ടമായ ആസ്തികൾ വർദ്ധിപ്പിക്കുകയോ ആവർത്തന ബാധ്യതകൾ കുറയ്ക്കുകയോ ചെയ്യുന്ന വരവ്-ചെലവ് കണക്കുകളെപ്പറ്റി പറയുന്നു. മൂന്നാമത്തെ വിഭാഗമായ കടത്തിൽ, മാർക്കറ്റ് വായ്പകളും, കേന്ദ്ര സർക്കാർ വായ്പകളും, മുൻകൂറുകളും, സംസ്ഥാന സർക്കാർ നൽകുന്ന വായ്പകളും മുൻകൂറുകളുടെയും ഇടപാടുകൾ പ്രസ്താവിക്കുന്നു.

**കണ്ടിജൻസി ഫണ്ട്**: സർക്കാരിന്റെ എല്ലാ ചെലവുകൾക്കും നിയമസഭയുടെ അംഗീകാരം വേണം. എന്നാൽ നീട്ടിവയ്ക്കാൻ കഴിയാത്തതും അടിയന്തിര സ്വഭാവത്തോടുകൂടിയതുമായ ആകസ്മിക ചെലവ് നേരിടാനായി നിയമം മൂലം 'മുൻപണം' എന്ന നിലയിൽ ഒരു കണ്ടിജൻസി ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. നൂറുകോടി രൂപയോളം ഉള്ള ഈ ഫണ്ട് സംസ്ഥാന

ഗവർണറുടെ അധീനതയിലാണ്. ഈ ഫണ്ടിൽനിന്ന് ചെലവാക്കുന്ന ഏതൊരു തുകയും നിയമസഭയുടെ അംഗീകാരത്തോടുകൂടി കിട്ടുന്ന ഉപധനാഭ്യർത്ഥനകൊണ്ട് നികത്തേണ്ടതാണ്.

**പബ്ലിക് അക്കൗണ്ട്:** സർക്കാർ ഒരു ബാങ്കർ എന്ന നിലയിൽ പ്രവർത്തിക്കുകയും, വാങ്ങിയ പണം മടക്കിക്കൊടുക്കാനുള്ള ബാധ്യത വഹിക്കുകയും, കൊടുത്ത പണം വസൂലാക്കാൻ അവകാശമുണ്ടായിരിക്കുകയും ചെയ്യുന്ന ഇടപാടുകൾ 'പബ്ലിക് അക്കൗണ്ട്' എന്നതിൽപ്പെടുന്നു. പബ്ലിക് അക്കൗണ്ടിൽ താഴെപ്പറയുന്ന വിഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. 1) ലഘുസമ്പാദ്യങ്ങൾ, പ്രോവിഡന്റ് ഫണ്ട് മുതലായവ. (2) റിസർവ് ഫണ്ടുകൾ (3) നിക്ഷേപങ്ങളും മുൻകൂറുകളും (4) സസ്പെൻസും പലവകയും (5) പണമടയ്ക്കൽ.

**ധനധൂർത്ത്രാഷ്ട്രീയം:** ഒരു സർക്കാർ ജനങ്ങളിൽ നിന്ന് നികുതിയായും, മറ്റിനങ്ങളിലും പിരിക്കുന്ന തുകയും, മറ്റു വരുമാനങ്ങളും, കടം എടുക്കുന്ന തുകയും, ഭരണം മെച്ചപ്പെടുത്തുന്നതിനും, ജനങ്ങളുടെ ക്ഷേമത്തിനും, നാടിന്റെ വികസനത്തിനും ചെലവാക്കുന്നതിനുപകരം രാഷ്ട്രീയ അധികാരം നിലനിർത്താനും രാഷ്ട്രീയ നേട്ടങ്ങൾ നേടാനും ബ്യൂറോക്രസി, സമ്മർദ്ദഗ്രൂപ്പുകൾ, രാഷ്ട്രീയ മുന്നണികൾ എന്നിവയുടെ നിക്ഷിപ്ത താൽപര്യങ്ങൾ സംരക്ഷിക്കാനും ഭരണവർഗ്ഗത്തിന്റെ ആഡംബരത്തിനും ധൂർത്തിനും ചെലവാക്കുന്നതിനെ ധനധൂർത്ത് എന്നുപറയാം.

**ബ്യൂറോക്രസി വികസനം:** സർക്കാർ ജീവനക്കാരുടെ എണ്ണം കൂട്ടുക, പ്രൊമോഷൻ സാധ്യതകൾ വർദ്ധിപ്പിക്കുക, ഉയർന്ന തസ്തികകൾ സൃഷ്ടിക്കുക, മറ്റു പ്രൊമോഷൻ, റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുക എന്നീ ലക്ഷ്യത്തോടെ അനാവശ്യമായി ഒട്ടനവധി തസ്തികകളും, എസ്റ്റാബ്ലിഷ്മെന്റുകളും, ആഫീസുകളും സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യുക. ഭരണം മെച്ചപ്പെടുത്താനും വികസന പദ്ധതികൾ നടപ്പിലാക്കാനും ഇത്തരം ബ്യൂറോക്രസി വികസനം ആവശ്യമാണെന്ന പ്രചരണം നടത്തുകയും, ഭരണ നവീകരണ, ഇ-ഗവേണൻസ് തുടങ്ങിയ നടപടികളെ അട്ടിമറിക്കുകയും ചെയ്യുക.

## വരവ്

**മൊത്തം വരവ്:** സർക്കാരിന്റെ മൊത്തം വരവിനെ മൂലധനം, റവന്യു എന്ന് രണ്ട് വിഭാഗങ്ങളായി തരംതിരിക്കാം.

**റവന്യു വരവ്:** റവന്യു വരവ് പ്രധാനമായും നാല് ഇനങ്ങളാണ്. തനത് നികുതി, നികുതിയേതരയിനങ്ങൾ, കേന്ദ്ര നികുതിവിഹിതം, ഗ്രാന്റുകൾ എന്നിവയാണ്.

**മൂലധന വരവ്:** മൂലധന വിഭാഗത്തിൽ വരുന്നത് വിവിധ സ്രോതസ്സുകളിൽ നിന്ന് കടം എടുത്ത തുകയും, സർക്കാർ നൽകിയ വായ്പകളുടെ തിരിച്ചടവും മറ്റു മൂലധന വരവുകളുമാണ്.

**തനത് നികുതിവരവ്:** സർക്കാരിന്റെ പ്രധാന തനത് നികുതി വരുമാനങ്ങൾ, ഒന്ന്: വിൽപ്പന മൂല്യവർദ്ധിത നികുതി, രണ്ട്: മുദ്രപത്രങ്ങളും, രജിസ്ട്രേഷൻ ഫീസും, മൂന്ന്: സംസ്ഥാന എക്സൈസ്, നാല്: വാഹന നികുതി. മറ്റു നികുതികൾ: കാർഷിക ആദായ നികുതി, ഭൂനികുതി, ആഡംബര നികുതി, വിദ്യുച്ഛക്തിയിൻമേലുള്ള നികുതി, സ്ഥാവര വസ്തുവിൻമേലുള്ള നികുതി എന്നിവയാണ്.

**വിൽപ്പന, മൂല്യവർദ്ധിത നികുതി:** ഇവ പ്രധാനമായും നാല് ഇനങ്ങളിൽനിന്നുള്ള വരുമാനമാണ്. ഒന്ന്: കേന്ദ്ര വിൽപ്പന നികുതിയിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനന്തര വ്യാപാരത്തിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി. രണ്ട്: ജനറൽ സെയിൽടാസ്ക് ആക്ട് പ്രകാരമുള്ള സംസ്ഥാന വിൽപ്പന നികുതി. മൂന്ന്: 2005 ഏപ്രിൽ ഒന്നാം തീയതി മുതൽ നടപ്പിലാക്കിയ മൂല്യവർദ്ധിത നികുതി (വാറ്റ്), നാല്: കേരള പേപ്പർ ലോട്ടറി നികുതിയിൻമേലുള്ള വരവ് തുടങ്ങിയവ.

**മുദ്രപത്രങ്ങളും രജിസ്ട്രേഷൻ ഫീസും:** ഇതിൽ ഉൾപ്പെടുന്നത് പ്രധാനമായും മൂന്ന് വിഭാഗങ്ങളാണ്. ഒന്ന്: മുദ്രപത്രങ്ങൾ - കോടതി സംബന്ധിച്ചുള്ളത്, രണ്ട്: മുദ്രപത്രങ്ങൾ - കോടതി സംബന്ധിച്ചിട്ടുള്ളതല്ലാത്തത്, മൂന്ന്: രജിസ്ട്രേഷൻ ഫീസ്.

**സംസ്ഥാന എക്സൈസ്:** ഈ നികുതി പ്രധാനമായും അഞ്ചു വിഭാഗങ്ങളിൽ നിന്നുമാണ് പിരിച്ചെടുക്കുന്നത്. ഒന്ന്: വിദേശ മദ്യങ്ങളും, ചാരായവും, രണ്ട്: പുളിപ്പിച്ച നാടൻ മദ്യം, മൂന്ന്: യവ മദ്യങ്ങൾ, നാല്: പിഴകളും കണ്ടുകെട്ടലും, അഞ്ച്: മറ്റു വരവുകൾ.

**വാഹന നികുതി:** മൂന്ന് വിഭാഗങ്ങളിൽ നിന്നുമാണ് ഇത് പിരിച്ചെടുക്കുന്നത്. ഒന്ന്: സംസ്ഥാന മോട്ടോർ വാഹന ആക്ട് പ്രകാരമുള്ള വരവുകൾ, രണ്ട്: ഇന്ത്യൻ മോട്ടോർ വാഹന ആക്ട് പ്രകാരമുള്ള വരവുകൾ (രജിസ്ട്രേഷൻ ഫീസ്, ഡ്രൈവിംഗ് ഫീസ്, പെർമിറ്റ് ഫീസ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഫീസ് തുടങ്ങിയവ). മൂന്ന്: മറ്റു വരവിനങ്ങൾ.

**ഭൂനികുതി:** ഭൂ ഉടമയുടെ കൈവശമുള്ള മൊത്തം ഭൂമിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഭൂമികരം, പ്ലാന്റേഷൻ ഫീ, തരിശു ഭൂമി വിറ്റുകിട്ടുന്ന വരവ്, മറ്റു വരവിനങ്ങൾ എന്നിവ.

**ആഡംബര നികുതി:** ആഡംബര ഹോട്ടലുകളിലും, ലോഡ്ജുകളിലും ചുമത്തിയിരിക്കുന്ന നികുതി.

**വിദ്യുച്ഛക്തി നികുതി:** വിദ്യുച്ഛക്തി ഉപയോഗിക്കുന്നതിൻമേലും വിൽപ്പനയിൻമേലും ഉള്ള നികുതികൾ – ഇന്ത്യൻ ഇലക്ട്രിസിറ്റി നിയമപ്രകാരമുള്ള ഫീസ്, മീറ്റർ പരിശോധന ഫീസ് തുടങ്ങിയവ.

**സ്ഥാവര വസ്തുവിന്മേലുള്ള നികുതി:** കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിൻമേലുള്ള നികുതി. പുതുതായി പണിയുന്ന കെട്ടിടങ്ങൾക്കും, വീടുകൾക്കും റവന്യു വകുപ്പ് ഒറ്റത്തവണ പിരിക്കുന്ന നികുതി.

**നികുതിയേതര വരവ്:** പലിശ വരവിനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ലാഭവിഹിതം, സർക്കാർ ലോട്ടറികളിൽ നിന്നുള്ള വരവ്, വനം വകുപ്പിൽ നിന്നുള്ള വരവ് തുടങ്ങിയവ.

**ഫീസുകളും, യൂസർ ചാർജ്ജും:** സർക്കാർ ഭരണ വകുപ്പുകൾ പിരിക്കുന്ന ഫീസുകൾ, വിദ്യാഭ്യാസ ആരോഗ്യ സർവ്വീസുകൾക്കുവേണ്ടിയുള്ള ഫീസുകൾ, യൂസർ ചാർജുകൾ, സർക്കാർ വകുപ്പുകളിൽ നിന്നു വാങ്ങുന്ന സാധനങ്ങളുടെ വില, വാടക തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

**കുടിശ്ശികകൾ:** നികുതി, നികുതിയേതര ഇനങ്ങളിൽ നിന്ന് സർക്കാരിന് ഓരോ സാമ്പത്തിക വർഷവും ലഭിക്കേണ്ട വരവ് മുഴുവനും അതേ വർഷം തന്നെ പിരിച്ചെടുക്കാൻ കഴിയാതെ കുടിശ്ശിക വരുന്ന തുകയാണിത്.

**കേന്ദ്രനികുതി വിഹിതവും, ഗ്രാന്റുകളും:** കേന്ദ്ര സർക്കാരിൽ നിന്നും മൂന്ന് തരത്തിലുള്ള വരവ് സംസ്ഥാനത്തിന് ലഭിക്കുന്നു. ഒന്ന്: കേന്ദ്ര ധനകാര്യ കമ്മിഷൻ ശുപാർശകൾ അനുസരിച്ചുള്ള കേന്ദ്ര നികുതി വിഹിതവും മറ്റു ഗ്രാന്റുകളും, രണ്ട്: വാർഷിക പദ്ധതികൾക്ക് വേണ്ടിയുള്ള പ്ലാൻ

ഗ്രാന്റ്, മൂന്ന്: നോൺപ്ലാൻ ഇനത്തിലുള്ള മറ്റു ഗ്രാന്റുകളും സഹായങ്ങളും.

**കേന്ദ്ര ധനകാര്യ കമ്മീഷൻ:** ഇന്ത്യൻ ഭരണഘടന അനുസരിച്ച് കേന്ദ്ര നികുതിയുടെ കേന്ദ്ര സർക്കാരിന്റെ വിഹിതവും സംസ്ഥാന സർക്കാരുകളുടെ വിഹിതവും, ഗ്രാന്റുകളും വീതിച്ചു നൽകുന്നത് ഓരോ അഞ്ചു വർഷവും കൂടുമ്പോൾ നിയമിക്കുന്ന കേന്ദ്ര ധനകാര്യ കമ്മീഷൻ ആണ്. സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട നികുതി വിഹിതം തീരുമാനിക്കുന്നത് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്.

## ചെലവ്

**മൊത്തം ചെലവ്:** മൊത്തം ചെലവിനെ മൂന്ന് ഇനങ്ങളായി തിരിക്കാം. ഒന്ന്: റവന്യു, രണ്ട്: മൂലധനം, മൂന്ന്: വായ്പകളും മുൻകൂറുകളും.

**റവന്യു ചെലവ്**: സർക്കാരിന്റെ നിത്യനിദാന ചെലവുകൾക്കായി പ്രധാനമായും ചെലവാക്കുന്നതാണ് റവന്യു ചെലവ്. റവന്യു ചെലവിന്റെ ഒരു ചെറിയ ഭാഗം വാർഷിക പദ്ധതി ക്കുവേണ്ടിയും ചെലവാക്കുന്നു (പ്ലാൻ).

**മൂലധന ചെലവ്:** സ്ഥിരമായ ആസ്തികൾ സൃഷ്ടിക്കാനും, നിലവിലുള്ള ആസ്തികൾ അറ്റകുറ്റപണി നടത്തുകയോ പുതുക്കുകയോ ചെയ്യുന്നതിനും, ബാധ്യതകൾ തീർക്കാനുമുള്ളതാണ് മൂലധന ചെലവ്. മൂലധന ചെലവിനെ പ്ലാൻ, നോൺപ്ലാൻ എന്നീ ഇനങ്ങളിലായി ചെലവാക്കുന്നു.

**ജനറൽ സർവ്വീസ് ചെലവ്:** ഭരണ സ്ഥാപനങ്ങളുടെ നികുതികളും മറ്റു വരുമാനങ്ങളുടെയും പിരിവ്, പൊതുഭരണം, നിയമ പരിപാലനം, പോലീസ്, ജയിൽ, പെൻഷൻ, മറ്റു പൊതു സർവീസുകൾ തുടങ്ങിയവയുടെ ചെലവാണ് ജനറൽ സർവ്വീസ്.

**സോഷ്യൽ സർവ്വീസ് ചെലവ്:** വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, ഭവന നിർമ്മാണം, നഗര വികസനം, എസ്.സി., എസ്.ടി, പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമം, തൊഴിൽ, സാമൂഹ്യ സുരക്ഷാ പദ്ധതികൾ, മറ്റു സാമൂഹ്യ സേവനങ്ങൾ എന്നിവയുടെ ചെലവാണ്.

**സാമ്പത്തിക സർവ്വീസുകളുടെ ചെലവ്:** കൃഷിയും അനുബന്ധ മേഖലകളും, ഗ്രാമവികസനം, ജലസേചനം, വൈദ്യുതി, ഊർജ്ജം, വ്യവസായം, ഗതാഗതം, സയൻസ് ആന്റ് ടെക്നോളജി തുടങ്ങിയവയുടെ ചെലവുകൾ ഇതിൽ ഉൾപ്പെടുന്നു.

**നോൺപ്ലാൻ റവന്യൂ ചെലവ്:** മൊത്തം റവന്യൂ ചെലവിൽ പദ്ധതി ചെലവ് അഥവാ പ്ലാൻ ചെലവ് കഴിച്ചുള്ള തുകയാണിത്.

**പെൻഷൻ ചെലവ്:** സംസ്ഥാന സർക്കാർ സർവീസിൽനിന്നും സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നൽകുന്ന റിട്ടയർമെന്റ് ആനുകൂല്യങ്ങളും, പ്രതിമാസ പെൻഷനും, മരിച്ചു പോയവരുടെ ആശ്രിതർക്ക് നൽകുന്ന ഫാമിലി പെൻഷനും, മറ്റു ചില വിഭാഗക്കാർക്ക് നൽകുന്ന (മുൻ എം.എൽ.എമാർ, സ്വാതന്ത്ര്യസമര സേനാനികൾ, കലാസാഹിത്യ രംഗങ്ങളിൽ പ്രവർത്തിച്ചവർ) പെൻഷനും ഇതിൽ ഉൾപ്പെടുന്നു.

**ശമ്പളചെലവ്:** യാത്രാപ്പടി ഒഴികെ ഉദ്യോഗസ്ഥൻമാർക്കും ജീവനക്കാർക്കുമുള്ള ശമ്പളവും അലവൻസുകളും (അവധി യാത്രാ സൗജന്യമുൾപ്പെടെ) ഇതിലുൾപ്പെടുന്നു. സംസ്ഥാന സർക്കാരിലെ ജീവനക്കാർക്കും, സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുമാണ് സർക്കാർ നേരിട്ട് ശമ്പളം നൽകുന്നത്.

**ടീച്ചിംഗ് ഗ്രാന്റ്:** സ്വകാര്യ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർക്കും മറ്റു ജീവനക്കാർക്കും നൽകുന്ന ശമ്പളവും വിരമിച്ചവർക്ക് നൽകുന്ന പെൻഷനും ഇതിലുൾപ്പെടുന്നു. സർക്കാർ വിദ്യാഭ്യാസ സ്ഥാപനത്തിലെ അദ്ധ്യാപകർക്കും മറ്റു ജീവനക്കാർക്കും നൽകുന്ന നിരക്കിലുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പെൻഷനും എയ്ഡഡ് മേഖലയിലെ ജീവനക്കാർക്കും നൽകുന്നു.

**വികസന ചെലവ്:** റവന്യൂ, മൂലധനം, വായ്പകളും, മുൻകൂറുകളും ഉൾപ്പെടെയുള്ള എല്ലാ ചെലവുകളെയും മൂന്നിനം സർവ്വീസുകളായി തരംതിരിക്കാം സോഷ്യൽ, ഇക്കണോമിക്, ജനറൽ. ഇതിൽ സോഷ്യൽ, ഇക്കണോമിക് സർവ്വീസുകളെ വികസന ചെലവായും ജനറൽ സർവീസിനെ വികസനേതര ചെലവായും തരംതിരിച്ചിരിക്കുന്നു.

**യാത്രാചെലവുകൾ:** കൺവയൻസ് അലവൻസും നിശ്ചിത യാത്രാപ്പടിയുമടക്കം ജോലി സമയത്തുള്ള എല്ലാ യാത്രാ ചെലവുകളും ഇതിലുൾപ്പെടും. എന്നാൽ അവധി യാത്രാ സൗജന്യം ഇതിൽപ്പെടുകയില്ല.

**ആഫീസ് ചെലവുകൾ**: തപാൽ, ആഫീസാവശ്യങ്ങൾക്കുള്ള യന്ത്രോപകരണങ്ങൾ വാങ്ങൽ, ശീതോഷ്ണ കാലാവസ്ഥ ചെലവുകൾ, ടെലിഫോൺ,

വെള്ളം, വൈദ്യുതി ചെലവുകൾ, സ്റ്റേഷനറി, ഫോറങ്ങളുടെ അച്ചടി എന്നി വയ്ക്കുള്ള ചെലവിനങ്ങൾ ഇതിൽപ്പെടും.

**സംസ്ഥാന ധനകാര്യ കമ്മിഷൻ:** ഇന്ത്യൻ ഭരണഘടന അനുസരിച്ച് സംസ്ഥാന സർക്കാരുകളുടെ നികുതിയുടെ സംസ്ഥാന സർക്കാരിന്റെ വിഹിതവും, പ്രാദേശിക സർക്കാരിന്റെ വിഹിതവും, ഗ്രാന്റുകളും വീതിച്ചു നൽകുന്നത് ഓരോ അഞ്ചു വർഷം കൂടുമ്പോൾ നിയമിക്കുന്ന സംസ്ഥാന ധനകാര്യ കമ്മിഷൻ ആണ്. പ്രാദേശിക സർക്കാരുകളുടെ പ്രവർത്തന ചെലവ്, കൈമാറി കിട്ടിയ ആസ്തികൾ, കൈമാറി കിട്ടിയ സ്ഥാപനങ്ങ ളുടെ ആസ്തികൾ എന്നിവയുടെ മെയിന്റനൻസ്, വികസന പദ്ധതികൾക്ക് വേണ്ടിയുള്ള ഡെവലപ്മെന്റ് ഫണ്ട് തുടങ്ങിയവ കമ്മിഷന്റെ ശുപാർശ കളുടെ അടിസ്ഥാനത്തിൽ നൽകുന്നു.

## പൊതുകടം

**പൊതുകടം:** പൊതുകടം എന്നതിൽ ഉൾപ്പെടുന്നത് മൂന്നിനങ്ങളാണ്. ഒന്ന്: ആഭ്യന്തര വായ്പകൾ, രണ്ട്: കേന്ദ്രസർക്കാർ വായ്പകളും മുൻകൂ റുകളും, മൂന്ന്: ലഘു സമ്പാദ്യങ്ങളും, പ്രോവിഡന്റ് ഫണ്ടും.

**ആഭ്യന്തര വായ്പ:** ഇതിൽ ഉൾപ്പെടുന്നത് കമ്പോളം, എൽ.ഐ.സി, ജന റൽ ഇൻഷുറൻസ് കോർപ്പറേഷൻ, നബാർഡ്, നാഷണൽ കോപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ, മറ്റു സ്ഥാപനങ്ങളിൽ നിന്നെടുക്കുന്ന വായ്പകൾ എന്നിവയാണ്.

**കേന്ദ്ര സർക്കാർ വായ്പകളും മുൻകൂറുകളും:** പോലീസ് മോഡണൈ സേഷൻ, മറ്റു നോൺ പ്ലാൻ വായ്പകൾ, ബ്ലോക്ക് വായ്പ, സംസ്ഥാന പദ്ധതി വായ്പ, നാഷണൽ ലോൺ സ്കോളർഷിപ്പ്, എന്നീയിനങ്ങളുടെ വായ്പകളാണ് ഇതിൽ ഉൾപ്പെടുന്നത്.

**ലഘുസമ്പാദ്യവും പ്രോവിഡന്റ് ഫണ്ടും:** ഈ ഇനത്തിലുള്ള വായ്പ സഞ്ചിത നിധിക്ക് പുറത്തുള്ള പബ്ലിക് അക്കൗണ്ട് വിഭാഗത്തിൽ വരുന്ന താണ്. ലഘുസമ്പാദ്യങ്ങൾ സംസ്ഥാന പ്രോവിഡന്റ് ഫണ്ട്, ഇൻഷു റൻസ്, പെൻഷൻ ഫണ്ടുകൾ തുടങ്ങിയവ ഈ ഇനത്തിൽ പെടുന്നു.

**പൊതു വായ്പ സൂചിക:** സർക്കാരിന്റെ മൊത്തം കടബാധ്യത വിലയിരു ത്താൻ ഉപയോഗിക്കുന്ന സൂചിക പൊതുകടം ജി.എസ്.ടി.പി. അനുപാതം ആണ്.

# അനുബന്ധം മൂന്ന്

# ചാർട്ടുകൾ

## ചാർട്ട് 1

## 2015-16 ലെ സർക്കാരിന്റെ വരവ് (93058 കോടി): വിഹിതം (%)



## ചാർട്ട് 2

## 2015-16 നികുതി വരവ് ഘടന (%)



## ചാർട്ട് 3

## 2015-16 ലെ നികുതിയേതര വരവ് ഘടന (%)



## ചാർട്ട് 4

## 2015-16 ലെ സർക്കാരിന്റെ മൊത്തം ചെലവ് (93093 കോടി): വിഹിതം (%)



## ചാർട്ട് 5

## 2015-16 ലെ മൊത്തം ചെലവ്: റവന്യൂ, മൂലധനം, വായ്പകൾ (%)



## ചാർട്ട് 6

### 2015–16 ലെ മൊത്തം ചെലവ്: വിവിധ സർവ്വീസുകൾ (%)



## ചാർട്ട് 7

## ശമ്പളം, പെൻഷൻ ഇനങ്ങളിലെ ചെലവ് (രൂപ കോടി)



**ചാർട്ട് 8**

**സംസ്ഥാനസർക്കാരിന്റെ പൊതുകടം (രൂപ കോടി)**
**(C A G റിപ്പോർട്ട് 2016)**



# Bibliography


Abraham K.M (2004): "Kerala: The Fiscal Crisis and its Aftermath" in B.A Prakash (ed.), Kerala's Economic Development: Performance and Problems in the Post-Liberlisation Period (New Delhi: Sage Publications).

Comptroller and Auditor General (CAG): Report of the CAG on State finances for the year ended March (reports from 2011-15)(Trivandrum: Government of Kerala).

CAG: Report of the CAG on revenue sector for the year ended March (reports from 2011-15), (Trivandrum: Government of Kerala).

CAG (2016): Report of the CAG on Public Sector Undertakings for the year ended 31 March 2015, Report - 3(Trivandrum: Government of Kerala).

CAG: Finance Accounts for the years 2010-11 to 2014-15, Vol. I & II (Trivandrum: Government of Kerala).

David N. Hyman(2011): Public Finance: A Contemporary Application of Theory to Policy (New Delhi: Cengage Learning India Private Limited).

Department of Economics and Statistics (DES) (2010): Gross State Domestic Product of Kerala from 1970-71 to 2008-09 (Base Year 1999-2000) (Trivandrum: Government of Kerala).

Edagar K. Browning and Jacquelene M. Browning(1994): Public Finance and the Price System (New Delhi: Pearson Education).

EPW Research Foundation (2013): India, A Pocket Book Of Data Series 2013 (New Delhi: Academic Foundation).

George K.K (1990): Kerala Fiscal Crisis: A Diagnosis, Economic and Political weekly. Vol. Page No.2097-2015

George K.K (1993): Limits to Kerala Model of Development: An analysis of fiscal crisis and its implications (Trivandrum: Centre for Development Studies).

George K.K (1994): "Trends in Kerala State Finances" in B.A Prakash (ed.), Kerala's Economy: Performance Problems Prospects (New Delhi: Sage publications).

George K.K, K.K. Krishnakumar (2003): "Fiscal Management in Kerala: Constraint and policy options", Working Paper No. 9 (Kochi: Centre for Socio-economic and Environmental Studies).

George K.K, K.K. Krishnakumar (2012): "Trends in Kerala State Finaces-1991-92 to 2012-13: A Study in the Backdrop of Economic Reforms in India", Working Paper 28

Government of Kerala (GoK) (2001): White Paper on State Finances (Trivandrum: Government of Kerala)

GoK (2011): White Paper on State Finances (Trivandrum: Government of Kerala).

GoK (2011): Report of the Fourth State Finance Commission, Part I & II (Trivandrum: Government of Kerala).

GoK (2016): White Paper on State Finances (Trivandrum: Government of Kerala).

GoK (2016): Revised Budget 2016-17 At A Glance (Trivandrum: Government of Kerala).

GoK (2016): Medium term fiscal policy and strategy statement with medium term fiscal plan for Kerala (Trivandrum:Government of Kerala).

GoI (2016): Economic Survey 2015-16 Vol I & II (New Delhi: Government of India).

GoI (2016): India 2014 (New Delhi Publication Division Government of India).

GoK: Appendix I Details of Staff, various issues of Kerala budget (Trivandrum: Government of Kerala) .

GoK: Budget in Brief various years (Trivandrum: Government of Kerala).

GoK: Budget Speeches for various years (Trivandrum: Government of Kerala).

GoK: Explanatory Memorandum on the Budget, various years (Trivandrum: Government of Kerala).

GoK(2013): Memorandum presented to 14th Finance commission (Trivandrum: Government of Kerala).

Government of India (2009): Report of the Thirteenth Finance Commission 2010-2015 (New Delhi: Government of India).

Government of India (2014): Report of the Fourteenth Finance Commission 2015-2020 (New Delhi: Government of India).

Jerry Alwin (2014): Recent Trends in Kerala State Finances (New Delhi: Serials Publications).

Joseph K.P (1999): "Poor Management of State Finances in Kerala" in B.A. Prakash (ed.), Kerala's Economic Development: Issues and problems (New Delhi: Sage Publications).

Kerala Public Expenditure Review Committee (KPERC) (First Committee): Reports- First Report on May 2006, Second Report on November 2006, Third Report onNovember 2007 (Trivandrum: Government of Kerala).

KPERC (Second Committee): Reports- First Report (2007-08), Second Report (2008-09), Third Report (2009-10)(Trivandrum: Government of Kerala).

KPERC (Third Committee): Reports- First Report (2010-11), Second Report (2011-12), Third Report (2012-13), Fourth Report (2013-14) (Trivandrum: Government of Kerala).

Kurian N.J (1999): "State Government Finances: A Survey of Recent Trends", Economic and Political Weekly Vol.34, No.19 -Page No.1115-1125.

Kurian N.J, Joseph Abraham (1999): "The Financial Crisis: An Analysis" in B.A. Prakash (ed.), Kerala's Economic Development: Issues and problems (New Delhi: Sage Publications).

Nair R.P (2008): "Emerging Trends in Revenue and Expenditure of Kerala" in B.A. Prakash and V.R. Prabhakaran Nair (ed.), Kerala's

Development Issues In the New Millennium (New Delhi: Serials Publications).

Rajesh K. Jha (2012): Public Finance (New Delhi: Pearson).

Rakhe P.B (2003): “Estimation of Tax Leakage and its Impact on Fiscal Health in Kerala”, Working Paper 347 (Trivandrum: Centre for Development Studies).

Ramaligom Aiyer.R, K.N. Kurup (1992): “State Finances in Kerala” in Ameresh Babchi et al (ed.) State Finances in India (New Delhi: National Institute of Public Finance and Policy).

Reserve Bank of India: State Finance a study of Budgets (from 2012-13 to 2015-16) (Mumbai: Reserve Bank of India).

Richard A. Musgrave and Peggy B. Musgrave (1989): Public Finance In Theory And Practice (New York: McGRAW-HILL BOOK COMPANY).

State Planning Board: Economic Review for various years (Trivandrum: State Planning Board).

Tapas K.Sen (2012): “Recent Development in Kerala State Finances”, Working Paper Series 449 (Trivandrum: Centre for Development Studies).

Thomas Issac, T.M. and R. Mohan (2016): “Sustainable Fiscal Consolidation: Suggesting the Way Ahead for Kerala”, Working Paper Series 469, (Trivandrum: Centre for Development Studies).